2. ഇന്ത്യൻ ഭരണഘടനയുടെ ഉറവിടങ്ങളെക്കുറിച്ച് വിശദമാക്കുക.
3. ഇന്ത്യൻ ഭരണഘടനയുടെ സവിശേഷതകളെക്കുറിച്ച് വിശദമാക്കുക.

പരാമർശ പുസ്തകങ്ങൾ

- P.M. Bakshi, (2014), The Constitution of India, Universal Las Publishing Co., New Delhi.
- Durga Das Basu, (2018), Introduction to the Constitution of India, Wadhwa and Company Las Publishers, New Delhi.
- G.N. Joshi, (1983), The Constitution of India, MacMillan India Limited, New Delhi.
- Rajeev Bhargava, (2008), Politics and Ethics of the Indian Constitution, Oxford University Press, New Delhi.
- Subash C. Kashyap, (2001), Our Constitution: An Introduction to India's Constitution and Constitutional Law, National Book Trust, New Delhi.
- Subash C. Kashyap, (2004), Our Parliament, National Book Trust, New Delhi.
- Arthur Berriedale Keith, (1936), A Constitutional history of India 1600-1935, Low Price Publications, New Delhi.
- H. V. Hande, (2002), Our Constitution: Distortions Done During the Emergency and the need for a review, Chengacherial Printers and Publishers, Chennai.

ഐ.സി.ടി.കോർണർ

ഇൻഡ്യൻ ഭരണഘടന

ഈ ആപ്ലിക്കേഷനിലൂടെ നിങ്ങൾക്ക് ഇന്ത്യൻ ഭരണഘടന യെക്കുറിച്ച് കൂടുതലറിയാം



നടപടിക്രമം:

ഘട്ടം - 1 ഓപ്പൺ പ്ലേ സ്റ്റോർ ടൈപ്പ് ചെയ്യുക CONSTITUTION OF INDIA (or) Scan the QR Code.

ഘട്ടം - 2 നിങ്ങൾക്ക് ലഭിക്കുന്ന ഏതു വിഷയത്തെക്കുറിച്ചും ക്ലിക്ക് ചെയ്യുക (ഉദാ.ഭാഗങ്ങൾ

Step - 3 ലേഖനങ്ങളുടെ വിശദാംശങ്ങൾ നിങ്ങൾക്ക് ലഭിക്കുന്ന ഏതെങ്കിലും ലേഖനത്തിൽ ക്ലിക്ക് ചെയ്യുക (ആർട്ടിക്കിൾ 001)

URL:

https://play.google.com/store/apps/details?id=com.boostdevice.coi

*Pictures are indicative

M8KEY

12th_Mal_Political Science_Unit_1.indd 16 2/28/2023 1:03:41 PM

യൂണിറ്റ് 2

നിയമ നിർമ്മാണസഭ



പഠന ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികൾക്ക് ജനാധിപത്യത്തിന്റെ പ്രാധാന്യവും അതിന്റെ പ്രവർത്തനങ്ങളും മനസ്സിലാക്കാൻ സാധിക്കുന്നു.
- ദൈനംദിന രാഷ്ട്രീയത്തിലും, സമൂഹത്തിലും നിയമ നിർമ്മാണ സഭയുടെ പങ്കിനെപ്പറ്റി പഠിക്കാൻ സഹായിക്കുന്നു.
- രാഷ്ട്രത്തിന്റെ രാഷ്ട്രീയ ഘടനയെക്കുറിച്ചും ഭരണഘടനാ മൂല്യങ്ങളെപ്പറ്റിയും വിദ്യാർത്ഥികൾക്ക് വിശകലനം നടത്താൻ സഹായിക്കുന്നു.
- വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുപ്പിനെപ്പറ്റിയും അതിന്റെ നടപടികളെ കുറിച്ചും രാഷ്ട്രീയ സ്ഥാപനങ്ങളെ കുറിച്ചും പഠിക്കാൻ സഹായിക്കുന്നു.
- നിയമവാഴ്ചയെപ്പറ്റിയും അതിന്റെ പ്രവർത്തങ്ങളെപ്പറ്റിയും വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്നു.
- കേന്ദ്ര നിയമനിർമ്മാണ സഭയും സംസ്ഥാന നിയമ നിർമ്മാണ സഭയും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാനും സഹായിക്കുന്നു.

ആമുഖം

പ്രാതിനിധ്യ ജനാധിപത്യത്തിന്റെ പ്രവർത്തനത്തിനുള്ള ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് നിയമനിർമ്മാണസഭ. രാജ്യത്തെ ജനങ്ങളുടെ താല്പര്യത്തിന് ഉത്തരവാദികളായ അതിന്റെ പ്രതിനിധികളെ ഉത്തരവാദിത്വത്തോടെ നിലനിർത്തുക എന്നതാണ് നിയമസഭയുടെ അടിസ്ഥാന ലക്ഷ്യം. രാജ്യത്തെ നിയമങ്ങൾ നിർമ്മിക്കുന്നതിനോ മാറ്റുന്നതിനോ സംസ്ഥാനത്തെ എല്ലാ ഘടകങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രാതിനിധ്യം ഉള്ള ഏറ്റവും ഉയർന്ന നിയമനിർമ്മാണ സമിതി എന്നാണ് നിയമസഭയെ പൊതുവായി വിളിക്കുന്നത്. ഇന്ത്യയിൽ കേന്ദ്രത്തിലെ നിയമസഭയെ പാർലമെന്റ് അഥവാ ദേശീയ നിയമസഭ എന്നു വിളിക്കുന്നു. സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും നിയമനിർമ്മാണ സഭയെ ലെജിസ്ലേറ്റീവ് അസംബ്ലി എന്നു പറയുന്നു.

പാർലമെന്റിൽ ഇരുസഭകൾ കാണുന്നു. ജനകീയസഭയും (ലോകസഭ - അധോമണ്ഡലം) സംസ്ഥാനങ്ങളുടെസഭയായരാജ്യസഭയും (ഉപരിമണ്ഡലം). ഈ സമ്പ്രദായത്തെ ദ്വിമണ്ഡലസഭ എന്നറിയപ്പെടുന്നു. ബ്രട്ടീഷ് പാർലമെന്ററി സംവിധാനത്തിൽ നിന്നും അമേരിക്കൻ ദ്വിമണ്ഡല സംവിധാനത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടാണ് ഇന്ത്യൻ ഭരണഘടനയിൽ ദ്വിമണ്ഡല വ്യവസ്ഥ ചേർക്കപ്പെട്ടത്. അതുപോലെ സംസ്ഥാനങ്ങൾക്ക് ലെജിസ്ലേറ്റീവ് അസംബ്ലിയും ലെജിസ്ലേറ്റീവ് കൗൺസിലും ഉണ്ട്. എന്നാൽ ഇന്ത്യയിലെ ഭൂരിപക്ഷ സംസ്ഥാനങ്ങളിലും ഏകമണ്ഡല സഭയായ ലെജിസ്ലേറ്റീവ് അസംബ്ലിയാണ് കാണുന്നത്. ഇന്ത്യയിൽ, പാർലമെന്റ് അതിന്റെ നിയമനിർമ്മാണ പ്രവർത്തനവും നടപ്പാക്കലിന്റെ ഉത്തരവാദിത്വങ്ങളും ഇരുപത്തിയെട്ട് സംസ്ഥാനങ്ങളുമായും ഒമ്പത് കേന്ദ്ര ഭരണ പ്രദേശങ്ങളുമായും പങ്കിടുന്നു. കേന്ദ്ര ഭരണപ്രദേശങ്ങൾ നേരിട്ട് ഭരിക്കുന്നത് കേന്ദ്രസർക്കാരാണ്.

12th_mal_Political Science_Unit_2.indd 17 4/20/2022 12:39:40 PM

2.1. കേന്ദ്ര നിയമ നിർമ്മാണം പാർലമെന്റ്

പാർലമെന്റിനെ കേന്ദ്ര നിയമനിർമ്മാണ സഭയെന്നോ ദേശീയ നിയമനിർമ്മാണ സഭയെന്നോ അറിയപ്പെടുന്നു. ജനാധിപത്യഭരണത്തിന്റെ അടയാളവും രാഷ്ട്രത്തിലെ പരമമായ നിയമ തീരുമാനവും എടുക്കുന്ന സഭ പാർലമെന്റാണ്. രാജ്യത്തിന്റെയും ജനങ്ങളുടെയും ക്ഷേമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ചർച്ച ചെയ്യാനും നിയമങ്ങൾ നടപ്പാക്കാനും ഭരണഘടനയിൽ മാറ്റങ്ങൾ വരുത്താനുമുള്ള ഉത്തരവാദിത്വമുള്ള ഏറ്റവും ശക്തമായ വേദിയാണ് പാർലമെന്റ്.

വിവിധ അജണ്ട ചർച്ചചെയ്യുന്നതിനും ബില്ലുകൾ അംഗീകരിക്കുന്നതിനുമായി പാർലമെന്റ് യോഗം ചേരുമ്പോൾ, ഒരു ഷെഡ്യൂൾഡ് മീറ്റിംഗുമായുള്ള പ്രമേയങ്ങളെ സെഷൻ എന്ന് വിളിക്കുന്നു. പാർലമെന്റ് ഒരു വർഷത്തിൽ മൂന്ന് സെഷനുകൾ നടത്തുന്നു.

1. ബജറ്റ് സെഷൻ (ഫെബ്രുവരി - മേയ്)
2. മൺസൂൺ സെഷൻ (ജൂലൈ - ആഗസ്റ്റ്)
3. വിന്റർ സെഷൻ (നവംബർ - ഡിസംബർ)

പ്രവർത്തനം - ഈ കാർട്ടൂണിന്റെ വ്യാഖ്യാനം

രാജ്യസഭയിലെ വനിതാ പ്രതിനിധികൾ ലോകസഭയിൽ വനിതാ സംവരണ ബിൽ പാസാക്കുന്നത് ഉറപ്പാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടു. പാർലമെന്റിലും നിയമസഭകളിലും വനിതകൾക്ക് 33% സംവരണം നിർദ്ദേശിക്കുന്ന ബിൽ 2010 ൽ രാജ്യസഭ പാസാക്കി എങ്കിലും ഒൻപതു വർഷമായിട്ടും ലോകസഭ ഇത് പാസാക്കിയിട്ടില്ല.

വനിതാ സംവരണ ബിൽ എന്നറിയപ്പെടുന്ന ഭരണഘടനാ ബിൽ (108-ാം ഭേദഗതി) നിയമാകുന്നതിന് ലോകസഭ അംഗീകരിക്കേണ്ടതുണ്ട്.



കാർട്ടൂൺ കടപ്പാട് : ഹിന്ദു ദിനപത്രം, 13.03.2010..

ഈ വിഷയത്തിനെക്കുറിച്ച് നിങ്ങൾ എന്തു മനസ്സിലാക്കിയെന്ന് ക്ലാസ്സിൽ ചർച്ച ചെയ്യുക.:

a. വനിതാ സംരക്ഷണ ബിൽ

b. 33% സംവരണം

c. ലോകസഭ അംഗീകരിക്കുന്നതിന്.

12th_mal_Political Science_Unit_2.indd 18 4/20/2022 12:39:43 PM

ഇതിന് രണ്ട് പ്രധാന അധികാരങ്ങളും പ്രവർത്തങ്ങളും ഉണ്ട്. അവ നിയമനിർമ്മാണം, സാമ്പത്തികം എന്നിവയാണ്. നിയമനിർമ്മാണ അധികാരങ്ങൾ നിയമ നിർമ്മാണത്തിന് ഉള്ളതാണ്. സാമ്പത്തിക അധികാരങ്ങൾ ബജറ്റ് എന്ന് വിളിക്കുന്ന മണിബിൽ തയ്യാറാക്കാനാണ്. രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട് പാർലമെന്റിന് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളുണ്ട്.

രാഷ്ട്രപതി, ഉപരാഷ്ട്രപതി, സുപ്രീംകോടതി, ഹൈക്കോടതി ജഡ്ജിമാരെ നീക്കം ചെയ്യാനുള്ള നിർദ്ദേശങ്ങളുടെ കാര്യത്തിലും, നീക്കം ചെയ്യുന്നതിനും പാർലമെന്റിന് അധികാരമുണ്ട്. ഇപ്രകാരം പദവി നീക്കം ചെയ്യുന്ന പ്രക്രിയയെ ഇംപീച്ച്മെന്റ് എന്ന് വിളിക്കുന്നു. പാർലമെന്റിനെ വിളിച്ചുകൂട്ടാനുള്ള കടമ പ്രസിഡന്റിനാണ്. വർഷത്തിൽ രണ്ടു സമ്മേളനമെങ്കിലും വിളിച്ചുകൂട്ടണം. എല്ലാ വർഷവും പാർലമെന്റിന്റെ ആദ്യ സമ്മേളനത്തിന്റെ തുടക്കത്തിൽ രാഷ്ട്രപതി തന്റെ പ്രസംഗം നടത്തുന്നു. ഇത് സർക്കാരിന്റെ പുതിയ നയങ്ങൾ, പരിപാടികൾ, സംരംഭങ്ങൾ എന്നിവയ്ക്ക് ചട്ടക്കൂട് നൽകുന്നതിനായി പാർലമെന്റിന്റെ ഭാവി നടപടികളായിരിക്കും. നിയമനിർമ്മാണം, ഭരണ മേൽനോട്ടം, ബഡ്ജറ്റ് പാസാക്കൽ, പൊതുപരാതികളെ പരിഹരിക്കൽ ഇവയ്ക്കു പുറമേ ദേശീയ നയങ്ങളും പ്രശ്നങ്ങളും പാർലമെന്റിൽ ചർച്ച ചെയ്യുന്നു. മന്ത്രി സഭ വ്യക്തിപരമായും കൂട്ടായും ലോകസഭയോട് ഉത്തരവാദിത്വമുള്ളതും നീക്കം ചെയ്യാവുന്നതുമാണ്.

ജനകീയ സഭയുടെ പ്രവർത്തനങ്ങൾ. (ലോകസഭ)

പാർലമെന്റിന് ഇരു സഭകളുണ്ട്, ധനകാര്യ ബില്ലുകൾ പാസാക്കുന്നത് ഒഴിച്ച് ഇരുസഭകൾക്കും തുല്യഅധികാരവും ഉത്തരവാദിത്വവും ഉണ്ട്. ഇതിൽ ആദ്യത്തേത് ലോകസഭയാണ്. (അധോമണ്ഡലം അഥവാ ജനകീയസഭ). രാജ്യത്തൊട്ടാകെയുള്ള 543 പാർലമെന്റ് നിയോജക മണ്ഡലങ്ങളിൽ നിന്ന് 543 അംഗങ്ങളെ 18 വയസ്സും അതിൽ കൂടുതലുമുള്ള വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ള വ്യക്തികൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. ആംഗ്ലോ-ഇന്ത്യൻ സമൂഹത്തിൽ നിന്ന് നാമനിർദ്ദേശം ചെയ്യപ്പെട്ട രണ്ട് അംഗങ്ങൾ ലോകസഭയിലുണ്ട്.

സഭയുടെ കോറം: ലോകസഭ അല്ലെങ്കിൽ രാജ്യസഭയിലെ മൊത്തം അംഗങ്ങളുടെ പത്തിലൊന്നാണ് സഭയുടെ സമ്മേളത്തിനുള്ള കോറം.



12th_mal_Political Science_Unit_2.indd 19 4/20/2022 12:39:43 PM

ലോകസഭയിലെ ആകെ അംഗങ്ങളുടെ എണ്ണം 545 ആണ്. എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾക്ക് സഭയുടെ ഭൂരിപക്ഷം തെളിയിക്കുമ്പോൾ സർക്കാരിനെ തീരുമനിക്കാൻ കഴിയില്ല. ജനങ്ങളുടെ സാമൂഹിക സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ചർച്ച, പൊതു പ്രശ്നങ്ങൾ, താല്പര്യം, നയങ്ങൾ സംബന്ധിച്ച സംവാദം എന്നിവയ്ക്കുള്ള ഏറ്റവും ഉയർന്ന വേദിയാണ് ലോകസഭ.

ഇരു സഭകളിലെയും അംഗങ്ങളെ പൊതു ജനങ്ങൾ പാർലമെന്റ് അംഗങ്ങൾ എന്ന് വിളിക്കുന്നു. ആറ് നിയമസഭാ മണ്ഡലങ്ങൾ അടങ്ങുന്ന സംസ്ഥാനത്തെ പാർലമെന്റ് നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന വ്യക്തിയാണ് ലോകസഭയിലെ അംഗം. ഈ അംഗത്തെ തെരഞ്ഞെടുപ്പിലൂടെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. ലോകസഭയുടെ കാലാവധി അഞ്ച് വർഷമാണ്.

സ്പീക്കറുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും

ജനകീയസഭയായ ലോകസഭയുടെ തലവനാണ് സ്പീക്കർ. ലോകസഭയിലെ അംഗങ്ങളാണ് സ്പീക്കറെ തെരഞ്ഞെടുക്കുന്നത്. സംവാദങ്ങളും ചർച്ചകളും സുഗമമാക്കുക, ചോദ്യങ്ങൾക്കുള്ള ഉത്തരം, സഭാംഗങ്ങളുടെ പെരുമാറ്റം നിയന്ത്രിക്കുക, അവരുടെ ആനുകൂല്യങ്ങളും അവകാശങ്ങളും പരിപാലിക്കുക എന്നിവയാണ് സ്പീക്കറുടെ ചുമതലകൾ. ലോകസഭാ സ്പീക്കർ പാർലമെന്ററി ഭരണാധികാരിയാണ്.

ലോകസഭാ അംഗങ്ങൾ ഉചിതമായ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും, ചോദ്യം ഉന്നയിക്കാൻ അംഗങ്ങളെ അനുവദിക്കുക, സംസാരിക്കാൻ സമയം അനുവദിക്കുക, ആക്ഷേപകരമായ പരാമർശങ്ങൾ രേഖയിൽ നിന്ന് പിൻവലിക്കുക, രാഷ്ട്രപതിയുടെ പ്രസംഗത്തിന് നന്ദിപ്രമേയം രേഖപ്പെടുത്താതിരിക്കുക എന്നിവയും സ്പീക്കർ ഉറപ്പാക്കുന്നു. അംഗങ്ങൾ സഭയുടെ മാനദണ്ഡങ്ങളും ചട്ടങ്ങളും ലംഘിക്കുകയാണെങ്കിൽ അവരെ പുറത്താക്കാൻ സ്പീക്കറിന് അധികാരമുണ്ട്.

ബില്ലിനെ ഭേദഗതി ചെയ്യാൻ സ്പീക്കറിന്റെ അനുവാദം ആവശ്യമാണ്. ബിൽ നീക്കണോ, വേണ്ടയോ എന്നു തീരുമാനിക്കുന്നത് സ്പീക്കറാണ്. സഭയുടെ ആനുകൂല്യങ്ങളുടെയും അവകാശസങ്ങളുടെയും കൺസൾട്ടേറ്റീവ്, സെലക്ട, അഡ്വൈസറി കമ്മിറ്റികളുടെയും അവയിലെ അംഗങ്ങളുടെയും രക്ഷാധികാരി സ്പീക്കറാണ്. പരിശോധിക്കുന്നതിനും അന്വേഷിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനുമുള്ള പ്രത്യേകാവകാശ സമിതിയിലേക്ക് പ്രത്യേകവകാശത്തിന്റെ ഏത് ചോദ്യവും പരാമർശിക്കുക എന്നതാണ് സ്പീക്കറുടെ പ്രധാന അധികാരം. അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങളും ഉത്തരങ്ങളും വിശദീകരണങ്ങളും റിപ്പോർട്ടുകളും സ്പീക്കറെ അഭിസംബോധന ചെയ്യുന്നു.


ജവഹർലാൽ നെഹ്റു

ഇന്ത്യയിലെ മുഖ്യ ശില്പികളിലൊരാളും ഭരണഘടനയുടെ ജനാധിപത്യത്തിന്റെ പ്രേരകശക്തിയുമായ ജവഹർലാൽ നെഹ്റു സ്പീക്കറുടെ പദവി ഒരു ശരിയായ സന്ദർഭത്തിൽ ഇപ്രകാരം നിർവചിച്ചു. "സ്പീക്കർ സഭയെ പ്രതിനിധീകരിക്കുന്നു. സ്പീക്കർ പ്രതിനിധീകരിക്കുന്ന സഭയുടെ അന്തസ്സ്, സഭയുടെ സ്വാതന്ത്ര്യം, സഭ രാഷ്ട്രത്തെ പ്രതിനിധീകരിക്കുന്നതിനാൽ ഒരു പ്രത്യേക രീതിയിൽ സ്പീക്കർ രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മാറുന്നു. അതിനാൽ അത് ഒരു ബഹുമാന്യ പദവിയും സ്വതന്ത്ര സ്ഥാനവും ഉള്ളതായിരിക്കണം. ഈ പദവി എല്ലായ്പ്പോഴും മികച്ച കഴിവും നിഷ്പക്ഷതയുമുള്ള വ്യക്തിയായിരിക്കണം വഹിക്കേണ്ടത്."

സ്പീക്കർ സഭയുടെ അച്ചടക്ക പ്രശ്നങ്ങളെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് അന്തിമ തീരുമാനമെടുക്കുന്നു. ഭരണഘടന പ്രകാരം സ്പീക്കർ പ്രത്യേക ആനുകൂല്യങ്ങൾ ആസ്വദിക്കുകയും മണിബില്ലുകൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ഒരു പ്രത്യേക അവസരത്തിലോ അല്ലെങ്കിൽ നിയമ നിർമ്മാണ സഭയിൽ ഇരു സഭകളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാലോ പാർലമെന്റിന്റെ സംയുക്ത സെഷനു

12th_mal_Political Science_Unit_2.indd 20 4/20/2022 12:39:43 PM

കളിൽ സ്പീക്കർ അദ്ധ്യക്ഷത വഹിക്കുന്നു. ഒരു ബിൽ ഒരുമണി ബില്ലാണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അന്തിമ അധികാരം സ്പീക്കർക്കാണ്. ലോകസഭയിൽ പ്രതിപക്ഷ നേതാവിന്റെ പദവിക്ക് അംഗീകാരം നൽകുന്നത് സ്പീക്കറാണ്. 52-ാമത് ഭരണഘടനാ ഭേദഗതി പ്രകാരം സ്പീക്കറിന് സഭയിലെ ഏതെങ്കിലും ഒരംഗം കൂറുമാറ്റം നടത്തിയാൽ ആ അംഗത്തെ അയോഗ്യനാക്കാനുള്ള അച്ചടക്ക അധികാരമുണ്ട്. സ്പീക്കർ ലോകസഭയിലെ അംഗവും നിഷ്പക്ഷത പുലർത്തുന്ന വ്യക്തിയാണെങ്കിലും ഒരു തീരുമാനത്തിന്റെ അവസാനം സമനിലയുള്ള അപൂർവ്വ സന്ദർഭങ്ങളിലൊഴികെ സഭയിൽ വോട്ടു ചെയ്യുന്നില്ല.

സംസ്ഥാനങ്ങളുടെ സഭ (രാജ്യസഭ)



രാജ്യസഭയെ അല്ലെങ്കിൽ സംസ്ഥാനങ്ങളുടെ സഭയെ ഉപരിമണ്ഡലം എന്നു പറയുന്നു. രാജ്യസഭയിൽ സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള 238 പേരും രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത 12 അംഗങ്ങളും ഉൾപ്പെടെ 250 അംഗങ്ങളുണ്ട്. പാർലമെന്റിന്റെ രണ്ടാം ചേംബറായി രാജയസഭയെ വിളിക്കുന്നു. യു എസ് എ യിലെ സംസ്ഥാനങ്ങളുടെ അവകാശങ്ങളും താല്പര്യങ്ങളും സംരക്ഷിക്കുന്ന സഭയായ സെനറ്റിന് തുല്യമാണ് ഇന്ത്യയിലെ രാജ്യസഭ. 1952 ഏപ്രിൽ 3 നാണ് ഇത് രൂപീകരിച്ചത്. .

രാജ്യസഭയിലെ അംഗങ്ങളെ അതാത് സംസ്ഥാന നിയമസഭാംഗങ്ങൾ (എം എൽ എ) തെരഞ്ഞെടുക്കുന്നു. സംസ്ഥാന അംഗങ്ങളെ കൂടാതെ 12 വിശിഷ്ട അംഗങ്ങളെ സാഹിത്യം, ശാസ്ത്രം, കല, സാമൂഹിക സേവനം എന്നീ മേഖലകളിൽ നിന്ന് ഇന്ത്യൻ രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു. രാജ്യസഭയെ ലോകസഭയെപ്പോലെ പിരിച്ചു വിടാൻ സാധിക്കില്ല, എന്നാൽ അതിലെ മൂന്നിലൊന്ന് അംഗങ്ങൾ ഓരോ രണ്ടാം വർഷവും വിരമിക്കുന്നു. ഒരു അംഗത്തിന്റെ കാലാവധി ആറ് വർഷമാണ്. കൈമാറ്റം ചെയ്യാവുന്ന ഒറ്റ വോട്ടിലൂടെ ആനുപാതിക പ്രാതിനിധ്യ സമ്പ്രദായത്തിന് അനുസൃതമായി രാജ്യസഭയിലെ അംഗങ്ങളെ അതാത് സംസ്ഥാന നിയമസഭകൾ തെരഞ്ഞെടുക്കുന്നു.

രാജ്യസഭയുടെ പ്രവർത്തനം

രാജ്യസഭയുടെ അദ്ധ്യക്ഷൻ (ചെയർമാൻ) ഉപരാഷ്ട്രപതി ആകുന്നു. ചെയർമാൻ രാജ്യസഭയുടെ അദ്ധ്യക്ഷത

12th_mal_Political Science_Unit_2.indd 21 4/20/2022 12:39:44 PM

വഹിക്കുകയും സഭയെ നിയന്ത്രിക്കുകയും ചെയ്യുന്നു. ധനകാര്യ ബില്ലുകൾ ഒഴികെയുള്ള മറ്റെല്ലാ ബില്ലുകളും ചർച്ചകൾക്കും ചോദ്യങ്ങൾക്കും ചലനങ്ങൾക്കും കൂടാതെ പ്രമേയങ്ങൾക്കുമായുള്ള നടപടിക്രമങ്ങൾ നിയമാനുസൃതമായി രാജ്യസഭയിൽ നടക്കുന്നതാണ്. രാജ്യസഭയുടെ പ്രവർത്തനങ്ങളെ ലെജിസ്ലേറ്റീവ്, ഫിനാൻഷ്യൽ, ഡെലിബറേറ്റീവ്, ഫെഡറൽ എന്നിങ്ങനെ വിശാലമായി തരംതിരിക്കാം. പാർലമെന്റിനെ സംബന്ധിച്ചിടത്തോളം രാജ്യസഭയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം നിയമനിർമ്മാണമാകുന്നു. ഈ മേഖലയിലും രാജ്യസഭയ്ക്ക് ലോകസഭയുമായി ഏതാണ്ട് തുല്യ അധികാരങ്ങൾ ഉണ്ട്. യു എസ് എയിൽ സംസ്ഥാന കൗൺസിലിലെ പ്രതിനിധികളെ സെനറ്റ് അംഗങ്ങൾ എന്നു വിളിക്കുന്നു. അവിടെ സംസ്ഥാനങ്ങളുടെ വലിപ്പവും ജനസംഖ്യയും പരിഗണിക്കാതെ ഓരോ സംസ്ഥാനത്തിനും തുല്യ പ്രാതിനിധ്യം ഉണ്ട്. എന്നാൽ ഇന്ത്യയിൽ രാജ്യസഭയിലെ പ്രാതിനിധ്യം അതിന്റെ ജനസംഖ്യയെ അടിസ്ഥാനമാക്കിയുള്ളതാണ്.

ഉദാഹരണത്തിന്, ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഉത്തർപ്രദേശ് 31 അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. അതേസമയം ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള സംസ്ഥാനമായ സിക്കിം രാജ്യസഭയിലേക്ക് ഒരു അംഗത്തെ മാത്രമേ തെരഞ്ഞെടുക്കുന്നുള്ളു. തമിഴ്നാട് രാജ്യസഭയിലേക്ക് 18 അംഗങ്ങളെ തെരഞ്ഞെടുക്കുന്നു. ഓരോ സംസ്ഥാനത്തു നിന്നും തെരഞ്ഞെടുക്കേണ്ട അംഗങ്ങളുടെ എണ്ണം ഭരണഘടനയുടെ നാലാമത്തെ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. രാജ്യസഭാംഗങ്ങളുടെ പദവിക്കാലം 6 വർഷമാണ്. തുടർന്ന് അവരെ വീണ്ടും തെരഞ്ഞെടുക്കാം. ഒരിക്കലും പൂർണ്ണമായും പിരിച്ചുവിടാത്ത പാർലമെന്റിന്റെ സ്ഥിരം സഭ എന്നാണ് രാജ്യസഭ അറിയപ്പെടുന്നത്. പ്രധാനപ്പെട്ട ചില പ്രത്യേകാവകാശങ്ങളും ആനുകൂല്യങ്ങളും രാജ്യസഭയിലെ അംഗങ്ങൾക്ക് ഇനിപ്പറയുന്ന രീതിയിൽ നൽകുന്നു.

ആർക്കാണ് രാജ്യസഭാംഗമാകാൻ കഴിയുക?

- ഇന്ത്യൻ പൗരനായിരിക്കണം.
- 30 വയസ്സിൽ കുറയാൻ പാടില്ല.
- 1951 ലെ ജനപ്രാതിനിധ്യ നിയമപ്രകാരം ഒരാൾ സംസ്ഥാനത്തെ ഒരു പാർലമെന്ററി നിയോജക മണ്ഡലത്തിൽ ഒരു വോട്ടറായിരിക്കണം. അവിടെനിന്ന് രാജ്യസഭയിലേക്ക് തെരഞ്ഞെടുപ്പ് തേടാം.
- 1951 ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 3 ഭേദഗതി ചെയ്ത് ജനങ്ങളുടെ പ്രാതിനിധ്യം (ഭേദഗതി) നിയമം 2003 അനുസരിച്ച് രാജ്യസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ഒരു വ്യക്തി സംസ്ഥാന അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്ത് താമസിക്കുന്ന ആളായിരിക്കണമെന്ന നിബന്ധന ഇല്ലാതാക്കി ഇന്ത്യയിൽ എവിടെയായിരുന്നാലും ആ വ്യക്തി ഒരു പാർലമെന്ററി നിയോജക മണ്ഡലത്തിലെ ഒരു വോട്ടറായിരിക്കണം.

പ്രവർത്തനം

ചിന്തിക്കുക - യോജിപ്പിക്കുക - പങ്കിടുക

വിഷയം : ഏതു സഭയ്ക്കാണ് കൂടുതൽ അധികാരമുള്ളത്? ലോകസഭയ്ക്കോ? രാജ്യസഭയ്ക്കോ?

ടാസ്ക് : വിദ്യാർത്ഥികൾ കുറച്ച് സമയം വ്യക്തിഗതമായി ചിന്തിക്കണം. തുടർന്ന് ഒരു പങ്കാളിയുമായി അവരുടെ പ്രതികരണങ്ങൾ ചർച്ചചെയ്യുകയും താരതമ്യം ചെയ്യുകയും വേണം. അതിനുശേഷം ക്ലാസ്സിൽ ചർച്ച ചെയ്യണം.

മുഴുവൻ ക്ലാസ്സും പൂർണ്ണമായും ഫലപ്രദമായും ചർച്ചകളിൽ പങ്കെടുക്കുന്ന വിധത്തിൽ വിദ്യാർത്ഥികളെ തയ്യാറാക്കുക.

12th_mal_Political Science_Unit_2.indd 22 4/20/2022 12:39:44 PM

പാർലമെന്റ് അംഗങ്ങളുടെ അധികാരങ്ങളും പ്രത്യേക ആനുകൂല്യങ്ങളും

1. പാർലമെന്റിൽ സംസാരിക്കാനുള്ള സ്വാതന്ത്ര്യവും പാർലമെന്റിലോ അല്ലെങ്കിൽ ഏതെങ്കിലും കമ്മിറ്റിയിലോ അദ്ദേഹം പറഞ്ഞ അഭിപ്രായങ്ങൾ അല്ലെങ്കിൽ ചെയ്ത വോട്ടുകളെ സംബന്ധിച്ച് ഏതെങ്കിലും കോടതിയിൽ നിന്നുള്ള നിയമനടപടികൾക്ക് എതിരായ സംരക്ഷണം.
2. ഇരുസഭകളിലുമിരുന്ന് അധികാരപൂർവ്വമായി പ്രസിദ്ധീകരിക്കുന്ന ഏതെങ്കിലും റിപ്പോർട്ട്, പ്രമേയം, വോട്ടുകൾ അല്ലെങ്കിൽ നടപടികളുമായി ബന്ധപ്പെട്ട് ഏതെങ്കിലും കോടതിയിൽ നിന്നുള്ള നടപടികൾക്ക് എതിരായ സംരക്ഷണം.
3. പാർലമെന്റിന്റെ നടപടികൾ അന്വേഷിക്കാൻ കോടതിക്ക് വിലക്ക് ഏർപ്പെടുത്തിയിരിക്കുന്നു.
4. ഇരുസഭകളിലും ഏതൊരു പാർലമെന്റ് സഭയുടെയും ഏതെങ്കിലും കാര്യമായ യഥാർത്ഥ റിപ്പോർട്ട് ന്യൂസ്പേപ്പറിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള അവകാശം. പ്രസിദ്ധീകരണം ദുരുപയോഗം ചെയ്തതാണെന്ന് തെളിയിക്കപ്പെടുന്നില്ലെങ്കിൽ അതിനെതിരായ കോടതി നിയമനടപടിക്ക് എതിരായ സംരക്ഷണം.
5. പാർലമെന്റ് സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോഴും സമ്മേളനം ആരംഭിക്കുന്നതിന് 40 ദിവസവും അതിന്റെ സമാപനം കഴിഞ്ഞ് 40 ദിവസവും സിവിൽ കേസുകളിൽ അംഗങ്ങളെ അറസ്റ്റ് ചെയ്യുന്നതിൽ നിന്നുള്ള സ്വാതന്ത്ര്യം.
6. പാർലമെന്റ് പരിധിക്കുള്ളിൽ ഒരു അംഗത്തിന് നിയമനടപടി പ്രക്രിയ അല്ലെങ്കിൽ അറസ്റ്റ് എന്നിവയിൽ നിന്ന് ഒഴിവാക്കുക.

ഉറവിടം: https://www.india.gov.in/sites/upload_files/npi/files/coi_part_full.pdf

2.2 പാർലമെന്റ്: ലോകസഭ, രാജ്യസഭ



ലോകസഭയുടെ അധികാരങ്ങൾ

1. രാജ്യത്തെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്ന ഏറ്റവും ഉയർന്ന ഉത്തരവാദിത്വമുള്ള ഫലത്തിൽ മുഴുവൻ ജനങ്ങളെയും പ്രതിനിധീകരിക്കുന്ന ഏറ്റവും ശക്തമായ സ്ഥാപനമാണ് ലോകസഭ. .
2. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾപ്പെടുത്തിയാണ് ലോകസഭ രൂപീകരിക്കുന്നത്. ഈ അംഗങ്ങൾ ജനങ്ങളുടെ വിവിധ താൽപര്യങ്ങളെ പ്രതിനിധീകരിക്കുന്നു. അങ്ങനെ അത് പരമോന്നത ജനാധിപത്യ സ്ഥാപനമായി മാറുന്നു. രാജ്യത്തിന്റെ നയങ്ങളും പരിപാടികളും നിയമങ്ങളും ഇവിടെയാണ് രൂപീകരിക്കുന്നത്.
3. ലോകസഭ യു എൻ ലിസ്റ്റ്, കൺകറന്റ് ലിസ്റ്റ് എന്നീ വിഷയങ്ങളിൽ നിയമങ്ങൾ നിർമ്മിക്കുന്നു. ഇതിന് പുതിയ നിയമങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള നിയമം റദ്ദാക്കാനും അല്ലെങ്കിൽ ഭേദഗതി ചെയ്യാനും കഴിയും. മണിബില്ലുകളിൽ ഇതിന് പ്രത്യേക അധികാരമുണ്ട്.
4. ലോകസഭയുടെ പ്രത്യേക അധികാരം ഉപയോഗിച്ച് ബഡ്ജറ്റ് അല്ലെങ്കിൽ പണവുമായി ബന്ധപ്പെട്ട ബില്ല് പാസ്സാക്കിയാൽ രാജ്യസഭക്ക് അത് നിരസിക്കാൻ കഴിയില്ല, എന്നാൽ രാജ്യസഭക്ക് ആ ബില്ലിനെ 14 ദിവസത്തേക്ക് കാലതാമസം വരുത്താൻ കഴിയും. ബില്ലുമായി ബന്ധപ്പെട്ട് ഏതെങ്കിലും മാറ്റങ്ങൾ രാജ്യസഭ നിർദ്ദേശിക്കുകയാണെങ്കിൽ അത് സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യുന്നത് ലോകസഭയാണ്.
5. രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ജനങ്ങളുടെ നിയന്ത്രണം വ്യക്തമായ പ്രകടിപ്പിക്കുന്ന വിധത്തിൽ ബഡ്ജറ്റും സാമ്പത്തിക

12th_mal_Political Science_Unit_2.indd 23 4/20/2022 12:39:44 PM

പ്രസ്താവനയും തയ്യാറാക്കി അവതരിപ്പിക്കുക എന്നത് ലോകസഭയുടെ പ്രത്യേക അവകാശങ്ങളിലൊന്നാണ്.

6. ചോദ്യങ്ങൾ, അനുബന്ധ ചോദ്യങ്ങൾ, പാസാക്കുന്ന പ്രമേയങ്ങൾ, ചലനങ്ങൾ, അവിശ്വാസ പ്രമേയം എന്നിവയിലൂടെ ലോകസഭ എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുന്നു.

7. ഭരണഘടന ഭേദഗതി ചെയ്യാനും അടിയന്തര പ്രഖ്യാപനം അംഗീകരിക്കാനും ലോകസഭക്ക് അധികാരമുണ്ട്.

8. രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നതിൽ ലോകസഭ പ്രധാന പങ്ക് വഹിക്കുന്നു.

9. പുതിയ കമ്മിറ്റികളും കമ്മീഷനുകളും സ്ഥാപിക്കാനും അവരുടെ റിപ്പോർട്ടുകൾ സംവാദത്തിനും ചർച്ചയ്ക്കും സമർപ്പിക്കാനും നടപ്പാക്കാനുള്ള കൂടുതൽ പരിഗണനയ്ക്കും ലോകസഭക്ക് അധികാരമുണ്ട്.

10. മന്ത്രിസഭയെ ലോകസഭ നിയന്ത്രിക്കുകയും അതിന്റെ ഭൂരിപക്ഷ പിന്തുണ നേടുകയും ചെയ്യുന്നു. പ്രധാനമന്ത്രിക്ക് ലോകസഭയുടെ വിശ്വാസം നഷ്ടപ്പെട്ടാൽ മുഴുവൻ സർക്കാരും രാജിവച്ച് തെരഞ്ഞെടുപ്പിനെ നേരിടേണ്ടിവരും.

രാജ്യസഭയുടെ അധികാരങ്ങൾ

രാജ്യസഭയുടെ സ്ഥാനം

രാജ്യസഭയുടെ ഭരണഘടനാപരമായ സ്ഥാനം (ലോകസഭയുമായി താരതമ്യപ്പെടുത്തുമ്പോൾ) മൂന്ന് കോണുകളിൽ നിന്ന് പഠിക്കാം:

1. രാജ്യസഭ ലോകസഭക്ക് തുല്യമായിരിക്കുന്നത് എവിടെ?

2. രാജ്യസഭ ലോകസഭക്ക് തുല്യമല്ലാത്തത് എവിടെ?

3. ലോകസഭയുമായി പങ്കിടാത്ത രാജ്യസഭയുടെ പ്രത്യേക അധികാരങ്ങൾ.

ലോകസഭയുമായുള്ള തുല്യപദവി

താഴെപ്പറയുന്ന കാര്യങ്ങളിൽ രാജ്യസഭയുടെ അധികാരങ്ങളും പദവിയും ലോകസഭക്ക് തുല്യമാണ്.:

1. സാധാരണ ബില്ലുകളുടെ അവതരണവും പാസ്സാക്കലും

2. ഭരണഘടനാ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കലും പാസ്സാക്കലും

3. ഇന്ത്യയുടെ ഏകീകൃത ഫണ്ടിൽ നിന്നുള്ള ചെലവുകൾ ഉൾപ്പെടുന്ന സാമ്പത്തിക ബില്ലുകളുടെ അവതരണവും പാസ്സാക്കലും

4. രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പും ഇംപീച്ച് മെന്റും.

5. ഉപരാഷ്ട്രപതിയുടെതെരഞ്ഞെടുപ്പുംനീക്കം ചെയ്യലും. എന്നിരുന്നാലും ഉപരാഷ്ട്രപതിയെ നീക്കം ചെയ്യാൻ രാജ്യസഭക്ക് മാത്രമേ കഴിയൂ. ഒരു പ്രത്യേക ഭൂരിപക്ഷം മൂലം രാജ്യസഭക്ക് ഉപരാഷ്ട്രപതിയെ പദവി നീക്കം ചെയ്യാൻ കഴിയും. അതിനെ ലളിതമായ ഭൂരിപക്ഷംമൂലം ലോകസഭ അംഗീകരിക്കുന്നു.

6. ചീഫ് ജസ്റ്റീസ്, സുപ്രീം കോടതി ഹൈക്കോടതികളിലെ ജഡ്ജിമാർ, ചീഫ് ഇലക്ഷൻ കമ്മീഷണർ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ എന്നിവരെ നീക്കം ചെയ്യാൻ രാഷ്ട്രപതിക്ക് ശുപാർശ നൽകൽ.

7. രാഷ്ട്രപതി പുറപ്പെടുവിച്ച ഓർഡിനൻസുകൾക്ക് അംഗീകാരം നൽകൽ

8. രാഷ്ട്രപതിയുടെ മൂന്ന് തരത്തിലുള്ള അടിയന്തരാവസ്ഥകൾ പ്രഖ്യാപിക്കുന്നതിനുള്ള അംഗീകാരം നൽകൽ.

9. പ്രധാനമന്ത്രി ഉൾപ്പെടുന്ന മന്ത്രിമാരെ തെരഞ്ഞെടുക്കൽ. ഭരണഘടന പ്രകാരം പ്രധാനമന്ത്രി ഉൾപ്പെടുന്ന മന്ത്രിമാർക്ക് ഇരുസഭകളിലും അംഗങ്ങളാകാം, എന്നിരുന്നാലും അവരുടെ അംഗത്വം പരിഗണിക്കാതെ അവർ ലോകസഭക്ക് മാത്രമാണ് ഉത്തരവാദികൾ.

12th_mal_Political Science_Unit_2.indd 24 4/20/2022 12:39:44 PM

10. ധനകാര്യ കമ്മീഷൻ, യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ തുടങ്ങിയ ഭരണഘടനാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ പരിഗണിക്കുക.

11. സുപ്രീം കോടതിയുടെയും യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷന്റെയും അധികാരപരിധി വിപുലീകരിക്കുക

ലോകസഭക്ക് തുല്യമല്ലാത്ത പദവി

താഴെപ്പറയുന്ന കാര്യങ്ങളിൽ രാജ്യസഭയുടെ അധികാരങ്ങളും പദവിയും ലോകസഭക്ക് തുല്യമല്ല.:

1. ഒരു ധനബിൽ അവതരിപ്പിക്കാൻ കഴിയുന്നത് ലോകസഭയിൽ മാത്രമാണ്, രാജ്യസഭയിൽ അല്ല.

2. ധനബിൽ ഭേദഗതി വരുത്താനോ നിരസിക്കാനോ രാജ്യസഭക്ക് കഴിയില്ല. ഇത് 14 ദിവസത്തിനുള്ളിൽ ശുപാർശകളോ ശുപാർശകളില്ലാതെയോ ലോകസഭയിലേയ്ക്ക് തിരികെ നൽകണം.

3. ലോകസഭക്ക് രാജ്യസഭയുടെ എല്ലാ ശുപാർശകളും സ്വീകരിക്കാനോ നിരസിക്കാനോ കഴിയും. ഈ രണ്ട് കേസുകളിലും ധനബിൽ ഇരുസഭകളിലും പാസ്സാക്കിയതായി കണക്കാക്കപ്പെടുന്നു.

4. ആർട്ടിക്കിൾ 110 ന്റെ കാര്യങ്ങൾ മാത്രം ഉൾക്കൊള്ളാത്ത ഒരു സാമ്പത്തിക ബിൽ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. എന്നാൽ രാജ്യസഭയിൽ അവതരിപ്പിക്കാൻ കഴിയില്ല. പക്ഷേ അതിന്റെ ഭാഗവുമായയി ബന്ധപ്പെട്ട് ഇരു സഭകൾക്കും തുല്യ അധികാരമുണ്ട്.

5. ഒരു പ്രത്യേക ബിൽ മണിബിൽ ആണോ അല്ലയോ എന്ന് തീരുമാനിക്കാനുള്ള അന്തിമ അധികാരം ലോകസഭാ സ്പീക്കറിൽ നിക്ഷിപ്തമാണ്.

6. ഇരു സഭകളുടെയും സംയുക്ത സമ്മേളനത്തിൽ ലോകസഭാ സ്പീക്കർ അദ്ധ്യക്ഷത വഹിക്കുന്നു.

7. ഇരുസഭകളിലും ഭരണകക്ഷിയുടെ സംയുക്ത അംഗങ്ങളുടെ എണ്ണം പ്രതിപക്ഷ പാർട്ടികളെക്കാൾ കുറവാണെങ്കിൽ ഒഴികെ കൂടുതൽ അംഗങ്ങളുള്ള ലോകസഭ സംയുക്ത സമ്മേളനത്തിൽ വിജയിക്കുന്നു.

8. രാജ്യസഭക്ക് ബഡ്ജറ്റ് ചർച്ചചെയ്യാൻ മാത്രമേ കഴിയൂ. പക്ഷേ ഗ്രാന്റുകളുടെ ആവശ്യങ്ങളിൽ വോട്ടു ചെയ്യാൻ കഴിയില്ല. (ഇത് ലോകസഭയുടെ പ്രത്യേക പദവിയാണ്).

9. ദേശീയ അടിയന്തരാവസ്ഥ നിർത്തലാക്കുന്നതിനുള്ള പ്രമേയം ലോകസഭക്ക് മാത്രമേ പാസ്സാക്കാൻ കഴിയൂ. രാജ്യസ്രഭയ്ക്ക് അല്ല.

10. അവിശ്വാസ പ്രമേയം പാസ്സാക്കി രാജ്യസഭയ്ക്ക് മന്ത്രിസഭയെ നീക്കം ചെയ്യാൻ കഴിയില്ല. മന്ത്രിസഭ ലോകസഭക്ക് മാത്രമേ ഉത്തരവാദിത്വമുള്ളൂ. പക്ഷേ, രാജ്യസഭയ്ക്ക് സർക്കാരിന്റെ നയങ്ങളും പ്രവർത്തനങ്ങളും ചർച്ചചെയ്യാനും വിമർശിക്കാനും കഴിയും.

രാജ്യസഭയുടെ പ്രത്യേക അധികാരങ്ങൾ

ഫെഡറൽ സ്വഭാവം കാരണം ലോകസഭയ്ക്ക് ഇല്ലാത്ത രണ്ട് പ്രത്യേക അധികാരങ്ങൾ രാജ്യസഭയ്ക്ക് നൽകിയിട്ടുണ്ട്.:

1. സംസ്ഥാന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു വിഷയത്തിൽ നിയമം ഉണ്ടാക്കാൻ പാർലമെന്റിനെ അധികാരപ്പെടുത്താൻ ഇതിന് കഴിയും. (ആർട്ടിക്കിൾ 249)

2. കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും പൊതുവായി പുതിയ അഖിലേന്ത്യാ സേവനം സൃഷ്ടിക്കാൻ പാർലമെന്റിനെ അധികാരപ്പെടുത്താൻ ഇതിന് കഴിയും. (ആർട്ടിക്കിൾ 312)

മേൽപ്പറഞ്ഞ കാര്യങ്ങളുടെ വിശകലനം വ്യക്തമാക്കുന്നത് നമ്മുടെ ഭരണഘടനാ സമ്പ്രദായത്തിൽ രാജ്യസഭയുടെ സ്ഥാനം ബ്രിട്ടീഷ് ഭരണഘടനാ സമ്പ്രദായത്തിലെ പ്രഭു സഭയുടെ നിലപാടിനെപ്പോലെ ദുർബലമല്ലെന്നും അമേരിക്കൻ ഭരണഘടനാ വ്യവസ്ഥയിലെ സെനറ്റിന്റെ അത്ര ശക്തമല്ലെന്നും വ്യക്തമാണ്. സാമ്പത്തികകാര്യങ്ങളിലും മന്ത്രിസഭയുടെ നിയന്ത്രണത്തിലുമൊഴികെ

12th_mal_Political Science_Unit_2.indd 25 4/20/2022 12:39:44 PM

മറ്റെല്ലാ മേഖലകളിലും രാജ്യസഭയുടെ അധികാരങ്ങളും പദവിയും ലോകസഭയുമായി ഏകോപിപ്പിക്കുന്നതുമാണ്. ലോകസഭയുമായി താരതമ്യപ്പെടുത്തുമ്പോൾ രാജ്യസഭയ്ക്ക് കുറഞ്ഞ അധികാരങ്ങൾ ആണ് നൽകിയിട്ടുള്ളതെങ്കിലും താഴെപ്പറയുന്ന കാരണങ്ങളാൽ അതിന്റെ ഉപയോഗം ആവശ്യമായതാണ്.

1. പുനരവലോകനവും ചിന്തയും നൽകികൊണ്ട് ലോകസഭ തയ്യാറാക്കിയ തിടുക്കത്തിലുള്ളതും, വികലമായതും, അശ്രദ്ധമായതും മോശമായി പരിഗണിക്കപ്പെടുന്നതുമായ നിയമനിർമ്മാണം രാജ്യസഭ പരിശോധിക്കുന്നു.

2. നേരിട്ടുള്ള തെരഞ്ഞെടുപ്പിനെ നേരിടാൻ കഴിയാത്ത പ്രഗല്ഭരായ പ്രൊഫഷണലുകൾക്കും വിദഗ്ദ്ധർക്കും പ്രാധിനിത്യം നൽകാൻ ഇത് സഹായിക്കുന്നു. ഇത്തരത്തിലുള്ള 12 പേരെ രാജ്യസഭയിലേയ്ക്ക് രാഷ്ട്രപതി നാമനിർദ്ദേശം ചെയ്യുന്നു.

3. കേന്ദ്രത്തിന്റെ അനാവശ്യ ഇടപെടലിൽ നിന്ന് സംസ്ഥാനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിലൂടെ ഇത് ഫെഡറൽ സന്തുലിതാവസ്ഥ നിലനിർത്തുന്നു.

ആർട്ടിക്കിൾ 120

നിങ്ങൾക്ക് അറിയാമോ?

പാർലമെന്റിൽ ഹിന്ദിയും ഇംഗ്ലീഷും അവതരണ ഭാഷയായി ഭരണഘടന പ്രഖ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഹിന്ദിയിലും ഇംഗ്ലീഷിലും പ്രാവിണ്യമില്ലാത്ത ഏതൊരംഗത്തെയും മാതൃഭാഷയിൽ സഭയെ അഭിസംബോധന ചെയ്യാൻ സഭാനായകന് (പ്രിസൈഡിംഗ് ഓഫീസർ) അനുവദിക്കാം.

2.3 നിയമ നിർമ്മാണ പ്രക്രിയ

ഇന്ത്യൻ പാർലമെന്റിലെ നിയമ നിർമ്മാണ പ്രക്രിയ അതിന്റെ ജനാധിപത്യത്തിന്റെ തെളിവാണ്. നിയമനിർമ്മാണ പ്രക്രിയയിൽ ജനാധിപത്യഭരണം കാര്യക്ഷമമാക്കുന്നതിന് ബില്ലിന്റെ പ്രസക്തിയും അതിന്റെ സന്ദർഭവും പ്രതിഫലിപ്പിക്കുന്നതിന് പ്രതിപക്ഷ പാർട്ടികളുടെ പങ്ക് കൂടുതൽ പ്രാധാന്യം അർഹിക്കുന്നു.

സംസ്ഥാനത്തിവെ ജനങ്ങളുടെ ക്ഷേമത്തിനായി, സമൂഹത്തെയും, രാഷ്ട്രീയത്തെയും നിയന്ത്രിക്കുന്നതിനുള്ള ഒരു മാർഗ്ഗ നിർദ്ദേശമാണ് നിയമം. നിയമ നിർമ്മാണ സഭയുടെ പരിഗണനയ്ക്കായി നിർദ്ദിഷ്ട നിയമ നിർമ്മാണമായി ഈ നിയമം പ്രാഥമികമായി പാർലമെന്റിൽ ബിൽ രൂപത്തിൽ അവതരിപ്പിക്കപ്പെടുന്നു. ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ ധാരണയുണ്ടാക്കാൻ പാർലമെന്റിൽ സമഗ്ര ചർച്ചയ്ക്ക് ബിൽ എടുക്കും.

നിയമസഭ പാസ്സാക്കി രാഷ്ട്രപതി അംഗീകരിച്ചു കഴിഞ്ഞാൽ ബിൽ നിയമമാകും. രാഷ്ട്രപതിയുടെ സമ്മതം വാങ്ങിയ ശേഷമാണ് നിയമം ഒരു ആക്ട് ആയി മാറുന്നത്. ഭരണഘടനാ നടപടികൾക്കനുസൃതമായി, പുതിയ നിയമങ്ങൾ സൃഷ്ടിക്കുകയും നിലവിലുള്ള നിയമങ്ങൾ മാറ്റങ്ങൾ വരുത്തുകയും ചെയ്യുക എന്നതാണ് പാർലമെന്റിന്റെ പ്രാഥമിക പ്രവർത്തനം. ഇന്ത്യൻ പാർലമെന്റ് രണ്ടു തരത്തിലുള്ള ബില്ലുകൾ പാസ്സാക്കുന്നു.

1. സാമ്പത്തിക ബിൽ (മണിബിൽ)
2. സാമ്പത്തികേതര ബിൽ (നോൺ മണിബിൽ). (അല്ലെങ്കിൽ) സാധാരണ ബിൽ (അല്ലെങ്കിൽ) പൊതുബില്ലുകൾ

ഒരു സാധാരണ ബിൽ ഒരു ആക്ട് ആകുന്നതിനു മുമ്പ് വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നു പോകണം. ബില്ലുകൾ പാസ്സാക്കുന്നതിന് ഭരണഘടനയിൽ നിർദ്ദേശിച്ചിട്ടുള്ള നടപടിക്രമങ്ങൾക്ക് രണ്ട് വ്യത്യസ്ത വിഭാഗങ്ങൾ



12th_mal_Political Science_Unit_2.indd 26 4/20/2022 12:39:44 PM

ഉണ്ട്. ഇവ താഴെപ്പറയുന്നവയാണ്. പരിഗണനയിലുള്ള ഒരു സാധാരണ ബിൽ ഇനിപ്പറയുന്ന ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. ചർച്ചകൾ, നിർദ്ദേശങ്ങൾ, അംഗീകാരങ്ങൾ എന്നിവയുമായി ഇരു സഭകളിലൂടെയും കടന്നു പോകണം. പാർലമെന്റിന്റെ ഏതെങ്കിലും സഭയിൽ ഒരു സാധാരണ ബിൽ അവതരിപ്പിക്കാം.

1. ബില്ലിന്റെ ആദ്യഘട്ടം രണ്ട് സഭകളിലും ബിൽ അവതരിപ്പിരിപ്പിക്കുന്നത് ബിൽ റീഡിംഗ് എന്നതുമായി ബന്ധപ്പെട്ടതാണ്. മിക്ക ബില്ലുകളും ബന്ധപ്പെട്ട മന്ത്രിമാരാണ് അവതരിപ്പിക്കുന്നത്. ആ പ്രത്യേക മേഖലയിലെ സാങ്കേതിക വിദഗ്ധരാണ് ബിൽ തയ്യാറാക്കുന്നത്. തുടർന്ന് മന്ത്രിമാരുടെ കൗൺസിൽ ബില്ലിന് അംഗീകാരം നൽകുന്നു. സാധാരണ പാർലമെന്റ് അംഗത്തിന് പ്രൈവറ്റ് മെമ്പർ ബിൽ എന്നു വിളിക്കുന്ന ഒരു ബിൽ അവതരിപ്പിക്കാനും കഴിയും. ബിൽ അവതരിപ്പിക്കുന്നതിന് ലോകസഭാ സ്പീക്കറെ അല്ലെങ്കിൽ രാജ്യസഭാ ചെയർമാനെ ഒരു മാസം മുമ്പേ അറിയിക്കണം. സ്വകാര്യ അംഗ ബില്ലിനുള്ള അവതരണ തിയതി നിശ്ചയിക്കുകയും ബില്ലിനെ സഭയുടെ മുന്നിൽ എത്തിക്കാൻ അനുവദിക്കുകയും ചെയ്യും. സാധാരണയായി ഔപചാരിക വ്യവഹാരം മാത്രമുള്ള ഈ വായനാഘട്ടത്തിൽ നിർദ്ദിഷ്ട ബില്ലിനെക്കുറിച്ച് ഒരു ചർച്ചയും ഉണ്ടാകില്ല.

2. ബിൽ അവതരിപ്പിച്ച ശേഷം അത് ഗസറ്റ് ഓഫ് ഇന്ത്യയിൽ പ്രസിദ്ധീകരിക്കും. ആദ്യ വായനയ്ക്ക് മുമ്പുതന്നെ ചില ബില്ലുകൾ ഗസറ്റിൽ പ്രസിദ്ധീകരിക്കാൻ സ്പീക്കറോ ചെയർമാനോ അനുവദിച്ചേക്കാം. അങ്ങനെയാണെങ്കിൽ ബിൽ അവതരിപ്പിക്കുന്നതിന് ഒരു തീരുമാനവും ആവശ്യമില്ല.

3. ആദ്യത്തെ വായന കഴിഞ്ഞ് രണ്ട് ദിവസത്തെ ഇടവേളയ്ക്ക് ശേഷമാണ് സാധാരണയായി ബില്ലിന്റെ രണ്ടാമത്തെ വായന നടക്കുന്നത്. ഈ ഘട്ടത്തിൽ താഴെ കാണുന്ന നാല് മാർഗ്ഗങ്ങളിൽ ഏതെങ്കിലും സ്വീകരിക്കുന്നു.

- ❖ ബിൽ ഒറ്റയടിക്ക് സഭയടെ പരിഗണനയ്ക്ക് എടുക്കാം.
- ❖ ഇത് സഭയുടെ ഒരു സെലക്ട് കമ്മിറ്റിക്ക് അയച്ചേക്കാം.
- ❖ ഇരു സഭകളുടെയും സംയുക്ത സെലക്ട് കമ്മിറ്റിക്ക് അയച്ചേക്കാം അല്ലെങ്കിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഇത് പ്രചരിപ്പിക്കാം. വളരെ അപൂർവ്വമായി മാത്രമേ ബില്ലുകൾ പരിഗണനയ്ക്കായി എടുക്കുകയുള്ളു..

പ്രചരണത്തിനായി ബിൽ അംഗീകരിക്കുമ്പോൾ (അതായത് നാലാമത്തെ മാർഗ്ഗം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, അംഗീകൃത സംഘടനകളിൽ നിന്നും അഭിപ്രായങ്ങൾ ക്ഷണിച്ച് സംസ്ഥാന ഗസറ്റുകളിൽ ബിൽ പ്രസിദ്ധീകരിക്കാൻ ബന്ധപ്പെട്ട സഭയുടെ സെക്രട്ടേറിയറ്റ് സംസ്ഥാന സർക്കാരുകളോട് അഭ്യർത്ഥിക്കുന്നു. അത്തരം അഭിപ്രായങ്ങൾ സഭാംഗങ്ങൾക്കിടയിൽ അറിയിക്കുന്നു.

പ്രവർത്തനം- ഫ്ളോചാർട്ട്

ഓരോ ബില്ലും ഇനിപ്പറയുന്ന ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്.



12th_mal_Political Science_Unit_2.indd 27 4/20/2022 12:39:45 PM

കമ്മിറ്റി സ്റ്റേജ്

ബിൽഒരു സെലക്ട്കമ്മിറ്റിയിലേക്ക്റഫർ ചെയ്യുകയാണെങ്കിൽ, സ്പീക്കർ അല്ലെങ്കിൽ സഭാ ചെയർമാൻ ആ കമ്മിറ്റിയിലെ ഒരു അംഗത്തെയും കമ്മിറ്റി ചെയർമാനെയും നിയമിക്കുന്നു. സമിതി ബില്ലിനെക്കുറിച്ച് പഠിക്കുകയും സഭയിലേക്ക് റിപ്പോർട്ടു ചെയ്യുകയും ചെയ്യും

റിപ്പോർട്ട് ഘട്ടം (റിപ്പോർട്ട് സ്റ്റേജ്)

ഒരു ബിൽ നിയമ പ്രകാരം ചർച്ച ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് റിപ്പോർട്ട് ഘട്ടം. ഈ ഘട്ടത്തിൽ ഒറിജിനൽ ബില്ലും സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ടും സഹിതം റിപ്പോർട്ട് അവതരിപ്പിക്കും. ബില്ലിന് അന്തിമ രൂപം നൽകുന്നതാണ് റിപ്പോർട്ട് ഘട്ടം. മൂന്നാമത്തെ വായനക്കായി ബിൽ സമർപ്പിക്കുമ്പോൾ അതിൽ ഭൂരിപക്ഷം വോട്ടുകളുമായി ബിൽ പാസ്സാക്കണം. മൂന്നാമത്തെ വായന പാർലമെന്റിന്റെ ഔദ്യോഗിക അംഗീകാരത്തിനുള്ളതാണ്.

ഏതെങ്കിലും സഭയുടെ മൂന്നാം വായനയിൽ ബിൽ അവതരിപ്പിച്ച ശേഷം അത് മറ്റ് സഭകളിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നു, അവിടെ അത് എല്ലാ ഘട്ടങ്ങളിലൂടെയും കടന്നു പോകുന്നു. മറ്റെ സഭ ഈ ബിൽ അതേപടി സ്വീകരിക്കാം. എല്ലാ ഘട്ടങ്ങളും കടന്നുകഴിഞ്ഞാൽ അത് രാഷ്ട്രപതിയുടെ അനുമതിക്കായി അയക്കുന്നു.

ഒരു ബിൽ അതിന്റെ ഉത്ഭവ സഭയിൽ പാസ്സായി കഴിഞ്ഞാൽ അത് മറ്റേ സഭയിൽ നിരസിക്കപ്പെടാം. അല്ലാത്തപക്ഷം ഇത് യഥാർത്ഥ സഭയ്ക്ക് സ്വീകാര്യമല്ലാത്ത ഭേദഗതികൾ അവതരിപ്പിച്ചേയ്ക്കാം. അല്ലെങ്കിൽ ആറ് മാസത്തിനുള്ളിൽ ബിൽ തിരികെ അയക്കില്ല. ഈ രണ്ടു കേസ്സുകൾക്കിടയിൽ ഒരു ഭരണഘടനാപരമായ പ്രതിബന്ധം വികസിക്കുന്നു. രാഷ്ട്രപതിക്ക് ഇരുസഭകളുടെയും സംയുക്ത സമ്മേളനം വിളിച്ച് പ്രതിസന്ധി പരിഹരിക്കാം. സ്പീക്കർ അല്ലെങ്കിൽ അദ്ദേഹത്തിന്റെ അഭാവത്തിൽ ഡെപ്യൂട്ടി സ്പീക്കർ അത്തരം സംയുക്ത സെഷനുകളിൽ അദ്ധ്യക്ഷനാകും. ഭൂരിപക്ഷ വോട്ടുകൾമൂലം ഈ പ്രതിബന്ധത്തിന് പരിഹാരം കാണാം..

അവസാനമായി ബിൽ ഇരുസഭകളും പാസ്സാക്കുകയും രാഷ്ട്രപതിയുടെ അനുമതി (സമ്മതം) ക്കായി അയക്കുകയും ചെയ്യുന്നു. രാഷ്ട്രപതി ബില്ലിന് സമ്മതിച്ചാൽ അത് ഒരു നിയമമായി മാറുന്നു. എന്നാൽ പുനരാലോചനയ്ക്കായി രാഷ്ട്രപതിക്ക് ബിൽ തിരികെ നൽകാം, ഭേദഗതികളോടെയോ അല്ലെങ്കിൽ ഭേദഗതി ഇല്ലാതെയോ ബിൽ രാഷ്ട്രപതിക്ക് തിരിച്ചയച്ചാൽ രാഷ്ട്രപതിക്ക് അദ്ദേഹത്തിന്റെ സമ്മതം തടഞ്ഞുവയ്ക്കാനാവില്ല. തിടുക്കത്തിലുള്ള നിയമനിർമ്മാണം തടയുന്നതിന് അത്തരം സങ്കീർണ്ണവും സമയമെടുക്കുന്നതുമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നു.

സ്വകാര്യ അംഗ ബില്ലുകൾ (പ്രൈവറ്റ് മെമ്പർ ബില്ലുകൾ)

ഒരു മന്ത്രി ഒഴികെയുള്ള ഏതെങ്കിലും അംഗം ഒരു ബിൽ അവതരിപ്പിക്കുകയാണെങ്കിൽ അതിനെ ഒരു സ്വകാര്യ അംഗബിൽ എന്നു വിളിക്കുന്നു. ഭരണകക്ഷിക്കും പ്രതിപക്ഷ പാർട്ടി എം പി മാർക്കും ബിൽ അവതരിപ്പിക്കാം കാബിനറ്റ് അംഗവും എക്സിക്യൂട്ടീവ് അല്ലാത്ത ഒരംഗവും നിർദ്ദേശിക്കുന്ന ബില്ലാണ് സ്വകാര്യ അംഗബിൽ. സ്വകാര്യ അംഗബില്ലിനായുള്ള സെഷൻ ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ ഉച്ചയ്ക്ക് രണ്ട് മുതൽ ആറ് വരെ നടക്കും.

ഈ ബില്ലിന് ഒരു മാസത്തെ മുന്നറിയിപ്പ് ആവശ്യമാണ്. സ്വകാര്യ അംഗബിൽ നിരസിച്ചാലും ഇത് സർക്കാരിന്റെ പ്രവർത്തനങ്ങളെ ബാധിക്കില്ല. ഇതുവരെ 14 സ്വകാര്യ അംഗബില്ലുകൾ പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. 1970 ലാണ് അവസാനമായി സ്വകാര്യ അംഗബിൽ പാസ്സാക്കിയത്. ഇങ്ങനെ കൊണ്ടുവരുന്ന സ്വകാര്യ അംഗബില്ലുകളിൽ ഭൂരിഭാഗവും വായിക്കുകയോ ചർച്ചചെയ്യുകയോ നിരസിക്കുകയോ ചെയ്യുന്നില്ല. സ്വകാര്യ അംഗങ്ങളുടെ ബില്ലുകളിൽ ഭരണഘടനാ ഭേദഗതി ബില്ലുകളാണ് അംഗീകരിച്ചിട്ടുള്ളത്. പക്ഷേ അവ മണി ബില്ലുകളല്ല.

12th_mal_Political Science_Unit_2.indd 28 4/20/2022 12:39:45 PM

പാർലമെന്റിൽ പാസ്സാക്കിയ സ്വകാര്യ അംഗബില്ലുകൾ

	ശീർഷകം	എം.പി മാരുടെ പേരുകൾ	സഭ	നടപ്പിലാക്കിയ ദിവസം
1	മുസ്ലീം വഖഫ്സ് ബിൽ	സയ്യിദ് മുഹമ്മദ് അഹമ്മദ് കാസ്മൽ	ലോകസഭ	21.05.1954
2	ഇന്ത്യൻ രജിസ്ട്രേഷൻ (ഭേദഗതി) ബിൽ, 1952.	എസ് സി സമന്ത	ലോകസഭ	06.04.1956
3	പാർലമെന്ററി നടപടികൾ (പ്രസിദ്ധീകരണത്തിന്റെ പരിരക്ഷ) ബിൽ, 1956	ഫിറോസ് ഗാന്ധി	ലോകസഭ	26.05.1956
4	ക്രിമിനൽ നടപടക്രമങ്ങളുടെ കോഡ് (ഭേദഗതി) ബിൽ, 1953.	രഘുനാഥ് സിംഗ്	ലോകസഭ	01.09.1956
5	വനിത-കുട്ടികൾ ഉൾക്കൊണ്ട സ്ഥാപന (ലൈസൻസിംഗ്) ബിൽ, 1954.	കാലേഡു മതിഷാ	ലോകസഭ	30.12.1956
6	കോഡ് ഓഫ് ക്രിമിനൽ പ്രൊസീജിയർ (ഭേദഗതി) ബിൽ, 1964.	സുഭ്രേ ജോഷി	ലോകസഭ	26.12.1960
7	പാർലമെന്റ് അംഗങ്ങളുടെ ശബളവും അലവൻസും (ഭേദഗതി) ബിൽ, 1957.	രഘുനാഥ് സിംഗ്	ലോകസഭ	29.09.1964
8	ഹിന്ദു വിവാഹ (ഭേദഗതി) ബിൽ, 1968.	ദിവാൻ ചന്ദ് ശർമ്മ	ലോകസഭ	20.12.1964
9	സുപ്രീം കോടതി (ക്രിമിനൽ അപ്പീൽ അധികാരപരിധി വിപുലീകരണം) ബിൽ, 1968.	ആനന്ദ് നരിയാൻ മുല്ല	ലോകസഭ	09.08.1970
10	പുരാതന, ചരിത്രസ്മാകങ്ങൾ, ആർക്കിയോളജിക്കൽ സൈറ്റുകളും അവശിഷ്ടങ്ങളും (ദേശീയ പ്രാധാന്യ പ്രഖ്യാപനം) ബിൽ, 1954.	ഡോ. രഘുനീർ സിംഗ്	രാജ്യസഭ	15.12.1956
11	ഹിന്ദു വിവാഹ (ഭേദഗതി) ബിൽ, 1956.	ഡോ. സീതാ പരമാനന്ദ്	രാജ്യസഭ	20.12.1956
12	അനാഥാലയങ്ങളും മറ്റ് ചാരിറ്റബിൾ ഹോമുകളും (മേൽനോട്ടവും നിയന്ത്രണവും) ബിൽ, 1960.	കൗലാഷ് ബിഹാരി ലാൽ	രാജ്യസഭ	09.04.1960
13	മറൈൻ ഇൻഷുറൻസ് ബിൽ, 1960.	എം പി ഭാർഗ്ഗവ	രാജ്യസഭ	18.04.1963
14	ഇന്ത്യൻ പീനൽകോഡ് (ഭേദഗതി) ബിൽ, 1963.	ദിവാൻ ചാമാഇ ലാൽ	രാജ്യസഭ	07.09.1969

അവസാന 3 എൽ എസ്സിൽ അവതരിപ്പിച്ചതും ചർച്ച ചെയ്തതുമായ സ്വകാര്യ അംഗങ്ങളുടെ ബില്ലുകൾ

	അവതരിപ്പിച്ചത്	ചർച്ച ചെയ്തത്
13-ാമത് എൽ എസ്	343	17
14-ാമത് എൽ എസ്	328	14
15-ാമത് എൽ എസ്	372	14

16-ാമത് എൽ എസ് നായി ഇതുവരെ 206 സ്വകാര്യ അംഗങ്ങളുടെ ബില്ലുകൾ അവതരിപ്പിച്ചു. അതിൽ 6 എണ്ണം മാത്രമേ ചർച്ച ചെയ്തിട്ടുള്ളൂ. (ഇന്നത്തേത് ഉൾപ്പെടുത്തിയിട്ടില്ല).



ട്രാൻസ് ജന്റർ വ്യക്തികളുടെ അവകാശ ബിൽ, 2014

നിങ്ങൾക്ക് അറിയാമോ?

- ലോകസഭയിൽ എല്ലാ വെള്ളിയാഴ്ചയും സിറ്റിംഗിന്റെ അവസാനത്തെ രണ്ടര മണിക്കൂർ രാജ്യ സഭയിൽ രണ്ടര മണിക്കൂർ അതായത് ഉച്ചയ്ക്ക് 2.30 മുതൽ വൈകുന്നേരം 5.00 വരെ ഒന്നിടവിട്ട വെള്ളിയാഴ്ചകളിൽ സ്വകാര്യ അംഗങ്ങളുടെ ബില്ലുകൾ, സ്വകാര്യ അംഗങ്ങളുടെ പ്രമേയങ്ങൾ എന്നിവയുടെ ഇടപാടിനായി അനുവദിച്ചിരിക്കുന്നു.
- സ്വകാര്യ അംഗബിൽ അവസാനമായി പാസ്സാക്കിയത് 1970 ലാണ്.
- ഇതുവരെ 14 സ്വകാര്യ അംഗബില്ലുകൾ മാത്രമാണ് പാർലമെന്റ് പാസ്സാക്കിയത്.

- **ട്രാൻസ്ജന്റർ വ്യക്തികളുടെ അവകാശബിൽ, 2014:** 2014-ൽ തമിഴ്നാട്ടിലെ ട്രിച്ചി ശിവ എം പി അവതരിപ്പിച്ച ഒരു സ്വകാര്യ അംഗബില്ലാണ് ട്രാൻസ്ജന്റർ വ്യക്തികളുടെ അവകാശബിൽ, 2014. ഇന്ത്യയിലെ ട്രാൻസ്ജന്റർമാർ നേരിടുന്ന വിവേചനം അവസാനിപ്പിക്കാൻ ശ്രമിക്കുന്ന തമിഴ്നാടിന്റെ ബിൽ 2015 ഏപ്രിൽ 24-ന് രാജ്യസഭ പാസ്സാക്കി. ഇത് ലോകസഭയിൽ 2016 ഫെബ്രുവരി 26-ന് അവതരിപ്പിച്ചു. 36 വർഷത്തിനുള്ളിൽ ഏതൊരു സഭയും 46 വർഷത്തിനുള്ളിൽ രാജ്യസഭയും പാസ്സാക്കിയ ആദ്യത്തെ സ്വകാര്യ അംഗത്തിന്റെ ബിൽ എന്ന നിലയിൽ ഈ ബിൽ ചരിത്രപരമാണ്.

12th_mal_Political Science_Unit_2.indd 29 4/20/2022 12:39:45 PM

2.4 നിയമസഭയുടെ അധികാരങ്ങളുടെ വിതരണം

ഇന്ത്യൻ ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂളിൽ യൂണിയന്റെയും സംസ്ഥാനങ്ങളുടെയും നിയമ നിർമ്മാണം നടത്താൻ കഴിയുന്ന അധികാരങ്ങൾ വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഭരണഘടനയുടെ ഏഴാമത്തെ ഷെഡ്യൂൾ ഒഴിവാക്കുന്നതിനായി അധികാര വിഭജനത്തിനായി പ്രത്യേക അധികാരമുള്ള കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വചിക്കാൻ നിയമനിർമ്മാണം നടത്താവുന്ന വിഷയങ്ങളെ ഭരണഘടന തരം തിരിക്കുന്നു.

1. യൂണിയൻ പട്ടിക
2. സംസ്ഥാന പട്ടിക
3. കൺകറന്റ് പട്ടിക

നിയമങ്ങൾ നിർമ്മിക്കാനും നിലവിലുള്ള നിയമങ്ങൾ മാറ്റാനും പാർലമെന്റിന് പ്രത്യേക അധികാരമുള്ള വിഷയങ്ങൾ യൂണിയൻ പട്ടികയിൽ ഉൾപ്പെടുന്നു. സംസ്ഥാന പട്ടികയിൽ പരാമർശിക്കുന്ന വിഷയങ്ങളിൽ സംസ്ഥാന നിയമസഭയ്ക്ക് പ്രത്യേക അധികാരമുണ്ട്. കൺകറന്റ് ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ യൂണിയനും സംസ്ഥാനങ്ങൾക്കും നിയമനിർമ്മാണം നടത്താം. യൂണിയനും സംസ്ഥാനങ്ങളും തമ്മിൽ വൈരുദ്ധ്യമുണ്ടായാൽ യൂണിയന്റെ അധികാരം നിലനിൽക്കും. ശേഷിക്കുന്ന അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്.

സാധാരണ ബില്ലും മണി ബില്ലും തമ്മിലുള്ള വ്യത്യാസങ്ങൾ

S.No.	സാധാരണ ബിൽ	മണി ബിൽ
1	ഇത് ലോകസഭയിലോ രാജ്യസഭയിലോ അവതരിപ്പിക്കാം	ഇതിൽ ലോകസഭയിൽ മാത്രമേ അവതരിപ്പിക്കാൻ കഴിയൂ. രാജ്യസഭയിൽ കഴിയില്ല.
2	ഒരു മന്ത്രിക്കോ അല്ലെങ്കിൽ ഒരു സ്വകാര്യ അംഗത്തിനോ ഇത് അവതരിപ്പിക്കാം.	ഒരു മന്ത്രിക്ക് മാത്രമേ ഇത് അവതരിപ്പിക്കാൻ കഴിയൂ.
3	രാഷ്ട്രപതിയുടെ ശുപാർശയില്ലാതെ ഇത് അവതരിപ്പിക്കപ്പെടുന്നു.	രാഷ്ട്രപതിയുടെ ശുപാർശയിൽ മാത്രമേ ഇത് അവതരിപ്പിക്കാൻ കഴിയൂ.
4	രാജ്യസഭയ്ക്ക് ഇത് ഭേദഗതി ചെയ്യാനോ നിരസിക്കാനോ കഴിയും	രാജ്യസഭയ്ക്ക് ഇത് തിരുത്തുവാനോ നിരസിക്കുവാനോ കഴിയില്ല. എന്നാൽ രാജ്യസഭ അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്ന ശുപാർശകളോടെയോ അല്ലാതെയോ ലോകസഭയ്ക്ക് ബിൽ മടക്കി നൽകണം.
5	രാജ്യസഭയ്ക്ക് ഇത് പരമാവധി 6 മാസത്തേക്ക് തടഞ്ഞുവയ്ക്കാം.	ഇത് പരമാവധി 14 ദിവസത്തേക്ക് മാത്രമേ രാജ്യസഭയ്ക്ക് തടഞ്ഞുവയ്ക്കാൻ കഴിയൂ.
6	രാജ്യസഭയിലേയ്ക്ക് അയക്കുമ്പോൾ സ്പീക്കറുടെ അംഗീകാരം ഇതിന് ആവശ്യമില്ല. (ലോകസഭയിൽ നിന്നാണ് ഉത്ഭവിച്ചതെങ്കിൽ).	രാജ്യസഭയിലേയ്ക്ക് അയക്കുമ്പോൾ സ്പീക്കറുടെ അംഗീകാരം ഇതിന് ആവശ്യമാണ്.
7	ഇരു സഭകളും ഇത് അംഗീകരിച്ചതിനു ശേഷം രാഷ്ട്രപതിയുടെ അനുമതിക്കായി അയക്കുന്നു. ഈ ബിൽനിറവേറ്റുന്നതിൽ ഇരു സഭകളിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ അതിനെ തുടർന്നുള്ള പ്രതിബന്ധത്തെ തരണം ചെയ്യാൻ ഇരു സഭകളുടെയു സംയുക്ത സമ്മേളനം രാഷ്ട്രപതി വിളിച്ചു വരുത്തുന്നു.	ഇത് ലോകസഭ അംഗീകരിച്ചാലും രാഷ്ട്രപതിയുടെ അനുമതിക്കായി അയക്കപ്പെടുന്നു. ഇരു സഭകളും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടാകാൻ സാധ്യതയില്ലാത്തതിനാൽ ഈ ബില്ലിന് തടസ്സമുണ്ടാകില്ല. കൂടാതെ സംയുക്ത സമ്മേളനത്തിനും സാധ്യതയില്ല.

12th_mal_Political Science_Unit_2.indd 30 4/20/2022 12:39:45 PM

8	ലോകസഭയിൽ ഈ ബിൽ പരാജയപ്പെട്ടാൽ സർക്കാരിന്റെ രാജിയിലേയ്ക്ക് നയിച്ചേക്കാം (ബിൽ ഒരു മന്ത്രി അവതരിപ്പിച്ചാൽ).	ലോകസഭയിൽ ഈ ബിൽ പരാജയപ്പെട്ടാൽ സർക്കാരിന്റെ രാജിയിലേയ്ക്ക് നയിക്കുന്നു.
9	രാഷ്ട്രപതിക്ക് ഈ ബിൽ പുനർവിചിന്തനത്തിനായി നിരസിക്കുകയോ അംഗീകരിക്കുകയോ തിരികെ നൽകുകയോ ചെയ്യാം.	ഇത് നിരസിക്കാനോ അംഗീകരിക്കാനോ കഴിയുമെങ്കിലും രാഷ്ട്രപതിയുടെ പുനർ വിചിന്തനത്തിനായി തിരികെ നൽകാനാകില്ല.

അധികാരങ്ങളുടെ പട്ടിക

യൂണിയൻ		സംസ്ഥാനം		കൺകറന്റ്	
1.	പ്രതിരോധം	1.	കൃഷി	1.	വിദ്യാഭ്യാസം
2.	അറ്റോമിക് എനർജി	2.	പോലീസ്	2.	കൃഷി ഒഴികെയുള്ള സ്വത്തു കൈമാറ്റം
3.	വിദേശ കാര്യങ്ങൾ	3.	ജയിൽ	3.	വനങ്ങൾ
4.	യുദ്ധവും സമാധാനവും	4.	തദ്ദേശ ഭരണ സ്ഥാപനം	4.	ട്രേഡ് യൂണിയനുകൾ
5.	ബാങ്കിംഗ്	5.	പൊതുജന ആരോഗ്യം	5.	മായം ചേർക്കൽ
6.	റെയിൽവേ	6.	ഭൂമി	6.	ദത്തെടുക്കലും പിൻതുടർച്ചയും
7.	തപാലും ടെലിഗ്രാഫും	7.	മദ്യം		
8.	എയർവേസ്	8.	വ്യാപാരവും വാണിജ്യവും		
9.	തുറമുഖങ്ങൾ	9.	കന്നുകാലികളും മൃഗസംരക്ഷണവും		
10.	വിദേശ വ്യാപാരം	10.	സംസ്ഥാന പൊതുസേവനങ്ങൾ		
11.	കറൻസിയും നാണയങ്ങളും				

പ്രവർത്തനം-ക്രിട്ടിക്കൽ ഡിബേറ്റ്

എം പി മാർക്ക് മികച്ച പ്രതിഫലം നൽകുന്നു. എന്നാൽ അവരുടെ പ്രവർത്തന ക്ഷമത കുറവായിട്ടാണ് കാണിക്കുന്നത്: പൗരന്മാരുടെ റിപ്പോർട്ട്.



- ലോകസഭയിൽ 2010-12-ാം ആണ്ടിൽ 227 സിറ്റിംഗുകളിൽ 852 മണിക്കൂറുകൾ മാത്രമേ ഓഫീസ് ജോലികൾ നടന്നുള്ളൂ. അതായത് ഒരു ദിവസം 4 മണിക്കൂറിനു താഴെയാണ്.
- ലോകത്തുവച്ച് ഏറ്റവും മികച്ച പ്രതിഫലം വാങ്ങുന്നവരാണ് ഇന്ത്യയിലെ പാർലമെന്റ് അംഗങ്ങൾ. എന്നാൽ നിയമ നിർമ്മാണ പ്രക്രിയയിൽ അവർ പിന്നിലാണെന്ന് നാഷണൽ സോഷ്യൽ വാച്ചിന്റെ ഭരണവും വികസനവും സംബന്ധിച്ച പൗരന്മാരുടെ റിപ്പോർട്ട് 2013-ൽ പറയുന്നു.
- സിംഗപ്പൂർ, ജപ്പാൻ, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ പാർലമെന്റ് അംഗങ്ങൾക്ക് ലഭിക്കുന്ന പ്രതിഫലവും മറ്റു ആനുകൂല്യങ്ങളേക്കാളും കൂടുതലാണ് ഇന്ത്യയിലെ എം പി മാർക്ക് ലഭിക്കുന്നത്. ഇത് പാകിസ്ഥാൻ പാർലമെന്റ് അംഗങ്ങൾക്ക് നൽകുന്ന പ്രതിഫലത്തെക്കാൾ നാലര മടങ്ങ് അധികമാണ്.
- പാർലമെന്റ് അംഗങ്ങളുടെ കുറഞ്ഞ ഉൽപ്പാദനക്ഷമത ഉയർത്തിക്കാട്ടുന്ന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത് 2010-12 ലെ 227 സിറ്റിംഗുകളിൽ ഒരു ദിവസം ശരാശരി 4 മണിക്കൂറിൽ താഴെ ജോലി ചെയ്യുന്നു. ആകെ 852 മണിക്കൂർ സിറ്റിംഗിൽ ഇത് പ്രതിദിനം 6 മണിക്കൂറിന്റെ മൂന്നിൽ രണ്ട് ഭാഗത്തിൽ കുറവാണ്. ഈ പ്രക്രിയയിൽ 577 മണിക്കൂറോളം തടസ്സങ്ങളാലും നിർബന്ധിത മാറ്റിവയ്ക്കലുകളാലും നഷ്ടപ്പെടുന്നു.

12th_mal_Political Science_Unit_2.indd 31 4/20/2022 12:39:45 PM

കടപ്പാട്: ദി ഹിന്ദു ദിനപത്രം 23.12.2013
നിപുണതാ പരിശോധന: എം പി യുടെ പ്രകടനം വിലയിരുത്തുന്ന ഘടകങ്ങൾ (പാരാമീറ്ററുകൾ) കുറിക്കുക.

2.5. ഭേദഗതി പ്രക്രിയയും നടപടി ക്രമവും

അടിസ്ഥാന ഘടനയിൽ മാറ്റം വരുത്താതെ തന്നെ മാറുന്ന അവസ്ഥകൾക്കും ആവശ്യങ്ങൾക്കും ഭരണഘടനയെ പ്രസക്ത മാക്കുന്നതിന് ഇന്ത്യൻ ഭരണഘടനക്ക് സവശേഷമായ ഒരു വ്യവസ്ഥയുണ്ട്. ആർട്ടിക്കിൾ 368 ഭരണഘടനയുടെ ഭേദഗതിയെക്കുറിച്ച് പ്രതിപാദിക്കുന്നു ഈ ആർട്ടിക്കിൾ അനുസരിച്ച് ഭേദഗതി പ്രക്രിയക്ക് തുടക്കം കുറിക്കാൻ പാർലമെന്റിന് പരമോന്നത അധികാരമുണ്ട്. ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ ഇപ്രകാരമാണ്.

1. ഈ ആർട്ടിക്കിളിൽ പറഞ്ഞിരിക്കുന്ന നടപടി ക്രമങ്ങൾക്കനുസൃതമായി പാർലമെന്റിന് ഭരണഘടനയിൽ ഏതെങ്കിലും വ്യവസ്ഥകൾ കൂട്ടിചേർക്കൽ, വ്യതിയാനം അല്ലെങ്കിൽ റദ്ദാക്കൽ എന്നിവയിലൂടെ ഭരണഘടന ഭേദഗതി ചെയ്യാം.

2. പാർലമെന്റിന്റെ ഏതെങ്കിലും സഭയിൽ ഒരു ബിൽ അവതരിപ്പിക്കുന്നതിലൂടെ ഭരണഘടനയുടെ ഭേദഗതി ആരംഭിക്കാം. കൂടാതെ ഓരോ സഭയിലും ബിൽ പാസ്സാകുമ്പോൾ ആ സഭയുടെ മൊത്തം അംഗത്തിന്റെ ഭൂരിപക്ഷവും ആ സഭയിലെ മൂന്നിൽ രണ്ട് അംഗങ്ങളും ഹാജരാവുകയും വോട്ടു ചെയ്യുകയും ചെയ്താൽ അത് രാഷ്ട്രപതിയുടെ അനുമതിക്കായി സമർപ്പിക്കും.

3. ഓരോ സഭയിലും പ്രത്യേക ഭൂരിപക്ഷത്തോടെ ബിൽ പാസ്സാക്കണം. അതായത് സഭയുടെ മൊത്തം അംഗത്തിന്റെ ഭൂരിപക്ഷവും ആ സഭയിലെ മൂന്നിൽ രണ്ട് അംഗങ്ങളും ഹാജരാവുകയും വോട്ട് ചെയ്യുകയും ചെയ്യുന്നു. ഓരോ സഭയും വെവ്വേറെ ബിൽ പാസ്സാക്കണം. രണ്ടു സഭകളും തമ്മിൽ ഭേദഗതിയെ സംബന്ധിച്ച വിഷയങ്ങളിൽ അഭിപ്രായ വ്യത്യാസം ഉണ്ടായാൽ ഇരുസഭകളുടെയും സംയുക്ത സമ്മേളനം നടത്താൻ വ്യവസ്ഥയില്ല. ഭരണഘടനയുടെ സംയുക്ത വ്യവസ്ഥകൾ (ഫെഡറൽ വ്യവസ്ഥകൾ) ഭേദഗതി ചെയ്യാൻ ബിൽ ആഗ്രഹിക്കുന്നുവെങ്കിൽ അത് പകുതി സംസ്ഥാനങ്ങളിലെ നിയമസഭകളും ലളിതമായ ഭൂരിപക്ഷത്തോടെ അംഗീകരിക്കണം. അതായത് ഭൂരിപക്ഷ അംഗങ്ങളും അത്തരം നിയമസഭകളിൽ ഹാജരാവുകയും വോട്ട് ചെയ്യുകയും വേണം.

4. പാർലമെന്റിന്റെ ഇരു സഭകളും യഥാസമയം പാസ്സാക്കുകയും ആവശ്യമായ ഇടങ്ങളിൽ സംസ്ഥാന നിയമസഭകൾ അംഗീകരിക്കുകയും ചെയ്ത ശേഷം ബിൽ രാഷ്ട്രപതിക്ക് അംഗീകാരത്തിനായി കൈമാറുന്നു. ബില്ലിന് രാഷ്ട്രപതി തന്റെ അംഗീകാരം നൽകണം. ബില്ലിനോടുള്ള തന്റെ സമ്മതം തടഞ്ഞുവയ്ക്കാനോ, പാർലമെന്റ് പുനപരിശോധിക്കാൻ ബിൽ തിരികെ നൽകാനോ അദ്ദേഹത്തിന് കഴിയില്ല. രാഷ്ട്രപതിയുടെ അംഗീകാരത്തിന് ശേഷം ബിൽ ഒരു നിയമമായിമാറുന്നു. (അതായത് ഒരു ഭരണഘടനാ ഭേദഗതി നിയമം). ഈ നിയമത്തിന്റെ നിബന്ധനകൾക്ക് അനുസൃതമായി ഭരണഘടന ഭേദഗതി ചെയ്യുന്നു.

ഭേദഗതിയുടെ തരങ്ങൾ

ഭരണഘടന മൂന്ന് വിധത്തിൽ ഭേദഗതി ചെയ്യാവുന്നതാണ് :

1. പാർലമെന്റിന്റെ ലളിതമായ ഭൂരിപക്ഷം
2. പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം
3. പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും സംസ്ഥാന നിയമസഭകളുടെ പകുതിയും അംഗീകരിക്കുക.

1. പാർലമെന്റിന്റെ ലളിതമായ ഭൂരിപക്ഷം:

ആർട്ടിക്കിൾ 368 അനുസരിച്ച് പാർലമെന്റിന്റെ ഇരുസഭകളിൽ ലളിതമായ ഭൂരിപക്ഷത്തിന് ഭരണഘടനയിലെ നിരവധി വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ കഴിയും. ഈ വ്യവസ്ഥകളിൽ ഉൾപ്പെടുന്നവ

12th_mal_Political Science_Unit_2.indd 32 4/20/2022 12:39:45 PM

- പുതിയ സംസ്ഥാനങ്ങൾ അനുവദിക്കലും രൂപീകരിക്കലും. കൂടാതെ നിലവിലുള്ള സംസ്ഥാനങ്ങളുടെ അതിർത്തികൾ, പേരുകൾ എന്നിവ മാറ്റുക.
- ലജിസ്ലേറ്റീവ് കൗൺസിലുകൾ നിർത്തലാക്കൽ അല്ലെങ്കിൽ സൃഷ്ടിക്കൽ.
- രാഷ്ട്രപതി, ഗവർണ്ണർമാർ, സ്പീക്കർമാർ, ജഡ്ജിമാർ എന്നിവർക്ക് ഭരണഘടന രണ്ടാം ഷെഡ്യൂളിൽ സൂചിപ്പിച്ചിരിക്കുന്ന ശബളവും അലവൻസും പ്രത്യേക അവകാശങ്ങളും നിർണ്ണയിക്കൽ.
- പാർലമെന്റിലെ കോറം
- പാർലമെന്റിലെ നടപടിക്രമ നിയമങ്ങൾ
- പാർലമെന്റിന്റേയും, പാർലമെന്റ് കമ്മിറ്റികളുടെയും അംഗങ്ങളുടെയും പ്രത്യേക അവകാശങ്ങൾ.
- പാർലമെന്റിൽ ഇംഗ്ലീഷ് ഭാഷയുടെ ഉപയോഗം.
- സുപ്രീം കോടതിയിൽ ജഡ്ജിമാരുടെ എണ്ണം.
- ഔദ്യോഗിക ഭാഷയുടെ ഉപയോഗം.
- പൗരത്വം നൽകലും നിരോധിക്കലും.
- പാർലമെന്റിലേയ്ക്കും സംസ്ഥാന നിയമ സഭകളിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ്.
- നിയോജക മണ്ഡലങ്ങളുടെ പരിധി.
- കേന്ദ്ര ഭരണ പ്രദേശങ്ങൾ.
- അഞ്ചാം ഷെഡ്യൂൾ - പട്ടികജാതി പട്ടിക വർഗ്ഗ മേഖലകളിലെ ഭരണം
- ആറാം ഷെഡ്യൂൾ - ആദിവാസി മേഖലകളിലെ ഭരണം

പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം

ഭരണഘടനയിലെ ഭൂരിപക്ഷ വ്യവസ്ഥകളും പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം മൂലം ഭേദഗതി ചെയ്യേണ്ടതുണ്ട്. അതായത് ഓരോ സഭയുടെയും മൊത്തം അംഗത്തിന്റെ ഭൂരിപക്ഷവും (അതായത് 50 ശതമാനത്തിൽ കൂടുതൽ) ഓരോ സഭയിലെയും മൂന്നിൽ രണ്ട് അംഗങ്ങളും ഹാജരായി വോട്ടു ചെയ്യുന്നു. സഭയുടെ മൊത്തം അംഗങ്ങൾ എന്ന് സൂചിപ്പിക്കുന്നത് സഭയിൽ ഉള്ള മൊത്തം സീറ്റുകളുടെ എണ്ണമാണ്. ബില്ലിന്റെ മൂന്നാം വായന ഘട്ടത്തിൽ വോട്ടു ചെയ്യാൻ മാത്രമേ പ്രത്യേക ഭൂരിപക്ഷം ആവശ്യമുള്ളു. ഈ രീതിയിൽ ഭേദഗതി ചെയ്യാൻ കഴിയുന്ന ഭരണഘടനയുടെ ഉപവാക്യങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

(i) മൗലികാവകാശങ്ങൾ (ii) സംസ്ഥാന നയത്തിന്റെ നിർദ്ദേശ തത്വങ്ങൾ (iii) ഒന്നും രണ്ടും വിഭാഗങ്ങളിൽ ഉൾപ്പെടാത്ത മറ്റെല്ലാ വ്യവസ്ഥകളും.

പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും സംസ്ഥാനങ്ങളുടെ അംഗികാരവും മുഖേനയുള്ള ഭേദഗതികൾ

ഭരണ സംവിധാനത്തിന്റെ സംയുക്ത (ഫെഡറൽ) ഘടനയുമായി ബന്ധപ്പെട്ട ഭരണ ഘടനയുടെ അടിസ്ഥാന ഘടനകൾ പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷത്തിനും കൂടാതെ സംസ്ഥാന നിയമസഭകളിൽ പകുതിയും ലളിതമായ ഭൂരിപക്ഷത്തോടെയും ഭേദഗതി വരുത്താം. ബില്ലിന് സംസ്ഥാനങ്ങൾ അംഗീകാരം നൽകേണ്ട ഏതൊരു സമയപരിധിയുമില്ല. താഴെപ്പറയുന്ന വ്യവസ്ഥകൾ ഈ രീതിയിൽ ഭേദഗതി ചെയ്യാൻ കഴിയും.:

- രാഷ്ട്രപതി തെരഞ്ഞെടുപ്പും അതിന്റെ രീതികളും.
- കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും എക്സിക്യൂട്ടീവ് അധികാരത്തന്റെ വ്യാപ്തി.
- സുപ്രീം കോടതിയും ഹൈക്കോടതികളും.
- കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നിയമനിർമ്മാണ അധികാരങ്ങളുടെ വിതരണം.
- ഏഴാമത്തെ ഷെഡ്യൂളിലെ ഏതെങ്കിലും പട്ടിക.
- പാർലമെന്റിൽ സംസ്ഥാനങ്ങളുടെ പ്രാതിനിധ്യം.
- ഭരണഘടനയും അതിന്റെ നടപടിക്രമങ്ങളും ഭേദഗതി ചെയ്യാൻ പാർലമെന്റിന്റെ അധികാരം (ആർട്ടിക്കിൾ 368).

12th_mal_Political Science_Unit_2.indd 33 4/20/2022 12:39:45 PM

2.6. സംസ്ഥാന നിയമസഭ - ഘടന, അധികാരങ്ങൾ, പ്രവർത്തനങ്ങൾ.



സംസ്ഥാന നിയമസഭയുടെ ഘടന

ഭരണഘടനയുടെ സംയുക്ത ഘടനയിൽ രണ്ടാമത്തെ തലമാണ് സംസ്ഥാനം. ജമ്മു കാശ്മീർ സംസ്ഥാനങ്ങൾക്ക് തനിഭരണഘടന ഉള്ളതിനാൽ ജമ്മു കാശ്മീർ ഒഴികെയുള്ള എല്ലാ സംസ്ഥാനങ്ങളുടെയും ഭരണത്തിനായുള്ള വ്യവസ്ഥകൾ ഭരണഘടനയുടെ ആറാം ഭാഗത്തിലാണ് കൈകാര്യം ചെയ്യുന്നത്. 152 മുതൽ 237 വരെയുള്ള ആർട്ടിക്കിളുകൾ സംസ്ഥാന നിയമസഭയിലെ വിഷയങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നു. ജനകീയസഭ എന്ന നിലയിൽ ഒരു സഭ മാത്രമുള്ള സംസ്ഥാന നിയമസഭയെ ഏകമണ്ഡലസഭ എന്നു പറയുന്നു. കേന്ദ്ര നിയമസഭയെപ്പോലെ മിക്ക അധികാരങ്ങളും പ്രവർത്തനങ്ങളും സംസ്ഥാന നിയമസഭ പങ്കിടുന്നു. നിയമസഭയുടെ ദ്വമണ്ഡല വ്യവസ്ഥയിൽ ലെജിസ്ലേറ്റീവ് അസംബ്ലിയും ലെജിസ്ലേറ്റീവ് കൺസിലും ഉൾപ്പെടുന്നതാണ് സംസ്ഥാന നിയമസഭ.

ഗവർണർ

സംസ്ഥാന നിർവ്വാഹസഭയുടെ (എക്സിക്യൂട്ടീവിന്റെ) ഭരണഘടനാ തലവൻ ഗവർണറായിരിക്കും. സംസ്ഥാനത്തിന്റെ കാര്യനിർവ്വഹണ അധികാരം ഗവർണറിൽ നിക്ഷിപ്തമാണ്. സംസ്ഥാനത്തിന്റെ എല്ലാ കാര്യനിർവ്വഹണ നടപടികളും ഗവർണറുടെ പേരിലാണ് നടപ്പാക്കുന്നത്. രാഷ്ട്രപതിയാണ് ഗവർണറെ നിയമിക്കുന്നത്. ഗവർണറുടെ ഔദ്യോഗിക കാലാവധി അഞ്ചുവർഷമാണ്. അല്ലെങ്കിൽ രാഷ്ട്രപതി ആഗ്രഹിക്കുന്ന തുവരെ അദ്ദേഹത്തിന് പദവിയിൽ തുടരാവുന്നതാണ്. അല്ലെങ്കിൽ മറ്റൊരാൾ ആ സ്ഥാനത്തേക്ക് വരുന്നതുവരെ അദ്ദേഹത്തിന് പദവിയിൽ തുടരാവുന്നതാണ്. ഗവർണറുടെ നിയമത്തിനുള്ള യോഗ്യത പ്രധാനമായും ഇന്ത്യൻ പൗരനായിരിക്കണം, ലാഭം കിട്ടുന്ന മറ്റേതൊരുതൊഴിലുംചെയ്യാൻപാടില്ല,കൂടാതെ മുപ്പത്തിയഞ്ച് വയസ്സ് പൂർത്തിയായിരിക്കണം. ഗവർണറെ ഒന്നിലധികം തവണ നിയമിക്കാൻ കഴിയും. അടിയന്തര ഘട്ടത്തിൽ അല്ലെങ്കിൽ താൽക്കാലിക ക്രമീകരണത്തിനായി ഗവർണറെ ഒന്നിലധികം സംസ്ഥാനങ്ങളിലെ ഗവർണറായി നിയമിക്കാം.

2.7 മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭ

മുഖയമന്ത്രിയുടെ സ്ഥാനം

മുഖ്യമന്ത്രിയാണ് കാബിനറ്റിന്റെയും മന്ത്രിസഭയുടെയും തലവൻ. പ്രായോഗികമായി അദ്ദേഹമാണ് സംസ്ഥാനത്തിന്റെയഥാർത്ഥ കാര്യനിർവ്വഹണ (എക്സിക്യൂട്ടീവ്) തലവൻ. ആർട്ടിക്കിൾ 164 (1) അനുസരിച്ച് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയെ സംസ്ഥാന ഗവർണർ നിയമിക്കും.

മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

സംസ്ഥാനത്തിന്റെ യഥാർത്ഥ കാര്യനിർവ്വഹണ തലവൻ എന്ന നിലയിൽ മുഖ്യമന്ത്രി വിശാലമായ അധികാരങ്ങൾ കൈകാര്യം ചെയ്യുകയും നിരവധി പ്രവർത്തനങ്ങൾ നിർവ്വഹിക്കുകയും ചെയ്യുന്നു.:

i) മന്ത്രിസഭയുടെ തലവൻ എന്ന നിലയിൽ മന്ത്രാലയ നിർമ്മാണത്തിൽ മുഖ്യമന്ത്രിക്ക് കൂടുതൽ അധികാരങ്ങൾ ഉണ്ട്. അവരെ ക്യാബിനറ്റ് മന്ത്രിമാരായി അല്ലെങ്കിൽ സംസ്ഥാന മന്ത്രിമാരായി അല്ലെങ്കിൽ ഉപമന്ത്രിമാരായി നിയമിക്കാൻ അദ്ദേഹത്തിന് ശുപാർശ ചെയ്യാൻ കഴിയും. മന്ത്രിമാരുടെ വകുപ്പുകൾ മാറ്റാൻ അദ്ദേഹത്തിന് കഴിയും. മന്ത്രിമാരെ നീക്കം ചെയ്യാൻ പോലും അദ്ദേഹത്തിന് ശുപാർശ ചെയ്യാൻ കഴിയും

12th_mal_Political Science_Unit_2.indd 34 4/20/2022 12:39:45 PM

ii) മുഖയമന്ത്രി മന്ത്രിസഭയുടെ യോഗങ്ങളിൽ അദ്ധ്യക്ഷനാവുകയും സർക്കാരിന്റെ പ്രധാന നയപരമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നു.

iii) മന്ത്രിസഭയും ഗവർണറും തമ്മിലുള്ള ആശയവിനിമയത്തിന്റെ ഏകഘടകമായി അദ്ദേഹം പ്രവർത്തിക്കുന്നു. ഭരണനിർവ്വഹണവും നിയമനിർമ്മാണവും ആയി ബന്ധപ്പെട്ട മന്ത്രിസഭയുടെ എല്ലാ തീരുമാനങ്ങളും അദ്ദേഹം ഗവർണറുമായി ആശയവിനിയം നടത്തുന്നു.

iv) നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ട രേഖകൾ, ബില്ലുകൾ, പ്രമേയങ്ങൾ തുടങ്ങിയവ എല്ലാം അദ്ദേഹം പരിശോധിക്കുന്നു.

v) എല്ലാ പ്രധാന നിയമനങ്ങളും ഗവർണർ ആണ് നടത്തുന്നതെങ്കിലും പ്രായോഗികമായി അത്തരം നിയമനങ്ങൾ എല്ലാം മുഖയമന്ത്രിയുടെ ഉപദേശ പ്രകാരമാണ് നടത്തുന്നത്.

സംസ്ഥാന മന്ത്രിസഭ

ആമുഖം

ആർട്ടിക്കിൾ 163(1) അനുസരിച്ച് ഭരണഘടനയുടെ ആവശ്യാനുസരണം അടിയന്തര സാഹചര്യങ്ങളിൽ ഗവർണറുടെ വിവേചനാധികാരം ഒഴിച്ച് ഗവർണറുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ സഹായിക്കാനും ഉപദേശിക്കാനും മുഖ്യമന്ത്രിയുടെ നേതത്വത്തിലുള്ള ഒരു കൗൺസിൽ ഉണ്ടായിരിക്കും.

കേന്ദ്രമന്ത്രിമാരുടെ കൗൺസിൽ രൂപീകരിക്കുന്ന അതേ രീതിയിലാണ് സംസ്ഥാന മന്ത്രിമാരുടെ കൗൺസിൽ രൂപീകരിക്കുന്നത്. നിയമസഭയിലെ ഭൂരിപക്ഷ പാർട്ടിയുടെ തലവനയോ അല്ലെങ്കിൽ പാർട്ടികളുടെ സഖ്യത്തിന്റെ തലവനയോ ആണ് ഗവർണർ മുഖ്യമന്ത്രിയായി നിയമിക്കുന്നത്. മന്ത്രിസഭയിലെ മറ്റു മന്ത്രിമാരെ മുഖയമന്ത്രിയുടെ ഉപദേശപ്രകാരം ഗവർണർ നിയമിക്കുന്നു..

പ്രവർത്തനം

- തമിഴ്നാട് മുഖ്യമന്ത്രിമാരുടെ പട്ടിക തയ്യാറാക്കുക.
- അവർ അവതരിപ്പിച്ച ക്ഷേമ പദ്ധതികൾ വിവരിക്കുക.
- നിങ്ങളുടെ പ്രിയപ്പെട്ട മുഖ്യമന്ത്രിയുടെ പ്രധാനപ്പെട്ട കുറച്ച് വാചകങ്ങൾ എഴുതുക.
- നിങ്ങളുടെ സംസ്ഥാനത്തെ സ്ത്രീകൾക്കായി അവതരിപ്പിച്ച ക്ഷേമപദ്ധതികളെക്കുറിച്ച് വിവരിക്കുക.

മന്ത്രിസഭയുടെ ഔദ്യോഗിക കാലാവധി

ഭരണഘടന അനുസരിച്ച് ഗവർണറുടെ ആഗ്രഹപ്രകാരം മന്ത്രിസഭ അധികാരമേറ്റു. എന്നാൽ വാസ്തവത്തിൽ മുഖ്യമന്ത്രിയുടെ ആഗ്രഹപ്രകാരം മന്ത്രിമാരുടെ സമിതി അധികാരമേൽക്കുന്നു. കാരണം ഗവർണർ മുഖ്യമന്ത്രിയുടെ ഉപദേശപ്രകാരം പ്രവർത്തിക്കുന്നു. മന്ത്രിസഭ മുഖ്യമന്ത്രിയുടെ വ്യക്തിഗത ഉത്തരവാദിത്വമാണ്. മന്ത്രിസഭ സംസ്ഥാന നിയമസഭയുടെ കൂട്ടുത്തരവാദിത്വമാണ്. അതായത്, മന്ത്രിമാരുടെ സമിതിക്ക് ഒരേ സ്വരമായിരിക്കും.

സംസ്ഥാന മന്ത്രിസഭ

കാബിനറ്റ് മന്ത്രിമാർ, സംസ്ഥാന മന്ത്രിമാർ,ഉപമന്ത്രിമാർഎന്നിവരടങ്ങുന്നതാണ് മന്ത്രിസഭ. സംസ്ഥാനമന്ത്രിസഭയിലെകാബിനറ്റ്മന്ത്രിമാർ പൊതുവേ മന്ത്രിസഭയിലെ പ്രമുഖ മന്ത്രിമാരാണ്. മുഖ്യമന്ത്രിയാണ് ഇതിന് നേതൃത്വം നൽകുന്നത്. മന്ത്രിസഭയ്ക്ക് വേണ്ടി കാബിനറ്റ് തീരുമാനങ്ങൾ എടുക്കുന്നു. അതിനാൽ എല്ലാ മന്ത്രിമാരും കാബിനറ്റിന്റെ തീരുമാനങ്ങൾക്ക് വിധേയമാണ്.

12th_mal_Political Science_Unit_2.indd 35 4/20/2022 12:39:45 PM

2.7 സംസ്ഥാന നിയമസഭയിലെ ഉദ്യോഗസ്ഥരും കമ്മിറ്റികളും

സംസ്ഥാന നിയമസഭയിലെ സ്പീക്കർ:

സ്പീക്കറെ നിയമസഭയിലെ അംഗങ്ങൾ തന്നെ തെരഞ്ഞെടുക്കുന്നു. സ്പീക്കർ നിയമസഭയുടെ പ്രിസൈഡിംഗ് ഓഫീസറാണ് (അദ്ധ്യക്ഷൻ). നിയമസഭയുടെ നടപടികൾ ചിട്ടയായ രീതിയിൽ നടത്തുക, അംഗങ്ങളെ ചോദ്യം ചെയ്യാൻ അനുവദിക്കുക, പ്രാധാന്യം, ബഡ്ജറ്റ്, ഗ്രാന്റുകൾ എന്നിവയിൽ സംസാരിക്കാൻ അതിന്റെ നടപടിക്രമങ്ങൾ നിയന്ത്രിക്കുക എന്നീ അധികാരങ്ങൾ സ്പീക്കറിന് ഉണ്ട്. ഭരണഘടനയിലെ വ്യവസ്ഥകൾ, നിയമസഭാ നടപടികളിലെ നടപടിക്രമങ്ങൾ, നിയനിർമ്മാണ മുൻഗണനകൾ എന്നിവയുടെ നിയമസഭയുടെ വ്യാഖ്യാതാവാണ് സ്പീക്കർ. നിയമസഭയുടെ നിയമങ്ങളും നടപടിക്രമങ്ങളും ചട്ടങ്ങളും ലംഘിക്കുമ്പോൾ സെഷനുകൾ മാറ്റിവയ്ക്കാനും താൽക്കാലികമായി നിർത്താനും പുനരാരംഭിക്കാനും സെഷനിൽ പങ്കെടുക്കുന്നതിൽ നിന്ന് അംഗങ്ങളെ സസ്പെൻഡ് ചെയ്യാനും സ്പീക്കറിന് അധികാരമുണ്ട്.

നിയമസഭാ സമ്മേളനം നടത്തുമ്പോൾ സ്പീക്കർ പൊതുവെ നിഷ്പക്ഷതയും നീതിപൂർവ്വകമായ നിലപാട് പാലിക്കേണ്ടതുണ്ട്. ബിൽ പാസ്സാക്കൽ, പ്രമേയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിഷയത്തിൽ സമനില ഉണ്ടാകുമ്പോൾ സ്പീക്കറുടെ വോട്ട് കൂടുതൽ പ്രാധാന്യം അർഹിക്കുന്നു. അംഗങ്ങളുടെ പെരുമാറ്റം ക്രമീകരിക്കുന്നതിനും നടപടിക്രമങ്ങളിൽ അല്ലെങ്കിൽ സഭയിൽ ക്രമം പാലിക്കുന്നതിലും സ്പീക്കറുടെ തീരുമാനം അന്തിമമാണ്. അത്തരം കാര്യങ്ങളിൽ സ്പീക്കർ ജുഡീഷ്യൽ ഇടപെടലിന് വിധേയമാകുകയില്ല. സ്പീക്കർ എല്ലാ കമ്മിറ്റികളുടെയും ചെയർമാൻമാരെ നിയമിക്കുകയും അവരുടെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നു.

ഡെപ്യൂട്ടി സ്പീക്കർ

ഡെപ്യൂട്ടി സ്പീക്കറെയും നിയമസഭാംഗങ്ങൾ തെരഞ്ഞെടുക്കുന്നു. സ്പീക്കറുടെ അഭാവത്തിൽ നിയമസഭയിൽ അദ്ധ്യക്ഷത വഹിക്കുകയും സ്പീക്കറുടെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വഹിക്കുകയും ചെയ്യുന്നു. ഡെപ്യൂട്ടി സ്പീക്കറിന് സഭയ്ക്കുള്ളിൽ സ്പീക്കറിന് തുല്യമായ അവകാശങ്ങൾ ഉണ്ട്. ഒരു പാനലിൽ നിലവിലുള്ള ഏതൊരു അംഗത്തിനും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അഭാവത്തിൽ സഭയുടെ അദ്ധ്യക്ഷത വഹിക്കാൻ കഴിയും.

പാർലമെന്റ് കമ്മിറ്റികൾ

പാർലമെന്റ് കമ്മിറ്റികൾ രണ്ട് തരത്തിലുണ്ട്. അവ സ്റ്റാൻഡിംഗ് കമ്മിറ്റിയും അഡ്ഹോക് കമ്മിറ്റിയുമാണ്. ആദ്യത്തേത് ശാശ്വതമാണ് (എല്ലാ വർഷവും അല്ലെങ്കിൽ ആനുകാലികമായി രൂപീകരിക്കപ്പെട്ടവ). കൂടാതെ തുടർച്ചയായ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. രണ്ടാമത്തേത് താൽക്കാലികവും, അവർക്കു നൽകിയിട്ടുള്ള ചുമതല പൂർത്തിയാക്കുമ്പോൾ ആ കമ്മറ്റി പിരിച്ചു വിടുകയും ചെയ്യുന്നു.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ

സ്റ്റാൻഡിംഗ് കമ്മിറ്റികൾ നിർവ്വഹിക്കുന്ന പ്രവർത്തനങ്ങളുടെ സ്വഭാവത്തെ അടിസ്ഥാനമാക്കി സ്റ്റാൻഡിംഗ് കമ്മിറ്റികളെ താഴെപ്പറയുന്ന ആറ് വിഭാഗങ്ങളായി തരംതിരിക്കാം:

1. ധനകാര്യ സമിതികൾ

a) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി.

b) എസ്റ്റിമേറ്റ് കമ്മിറ്റി.

c) പൊതു സ്ഥാപനങ്ങൾക്കായുള്ള സമിതി.

2. വകുപ്പുതല സ്റ്റാൻഡിംഗ് കമ്മിറ്റികൾ (24)

3. അന്വേഷിക്കാനുള്ള സമിതികൾ

a) നിവേദനങ്ങൾക്കുള്ള സമിതി.

b) പ്രിവിലേജ് കമ്മിറ്റി.

c) എത്തിക്സ് കമ്മിറ്റി.

12th_mal_Political Science_Unit_2.indd 36 4/20/2022 12:39:45 PM

4. സൂഷ്മ പരിശോധനയ്ക്കും നിയന്ത്രണത്തിനുമുള്ള സമിതികൾ

a) സർക്കാർ ഉറപ്പ് സംബന്ധിച്ച സമിതികൾ.

b) സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

c) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള രേഖകളുടെ സമിതി.

d) പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സമിതി.

e) വനിതാ ശാക്തീകരണ സമിതി.

f) ആദായം തരുന്ന ആഫീസുകളുടെ സംയുക്ത സമിതി.

5. സഭയുടെ ദൈനദിന പ്രവർത്തനവുമായി ബന്ധപ്പെട്ട കമ്മിറ്റികൾ

a) പ്രവർത്തക ഉപദേശക സമിതി

b) സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി.

c) റൂൾസ് കമ്മിറ്റി.

d) സഭയുടെ സിറ്റിംഗുകളിൽ വരാത്ത അംഗങ്ങളുടെ സമിതി.

6. സഭാസേവന സമിതികൾ (അതായത് അംഗങ്ങൾക്ക് സൗകര്യങ്ങളും സേവനങ്ങളും നൽകുന്നതുമായി ബന്ധപ്പെട്ട സമിതി :

a) പൊതു ആവശ്യത്തിനുള്ള സമിതി.

b) സഭാ കമ്മിറ്റി.

c) ലൈബ്രറി കമ്മിറ്റി.

d) അംഗങ്ങളുടെ ശമ്പളവും അലവൻസും സംയുക്ത സമിതി.

അഡ്ഹോക് കമ്മിറ്റി

അഡ്ഹോക് സമിതികളെ രണ്ടായി തിരിക്കാം. അതായത് അന്വേഷണ സമിതികൾ, ഉപദേശക സമിതികൾ.

എസ്റ്റിമേറ്റ് കമ്മിറ്റി : പരീക്ഷകൾക്കും പരിശോധനകൾക്കും കാര്യങ്ങൾ നിർദ്ദേശിക്കുക. കൂടാതെ സാമ്പത്തിക അനുബന്ധ നയപ്രശ്നങ്ങൾ, ബദൽ നയങ്ങൾ, ഭരണപരിഷ്കരണം, ടൂറുകൾ ഏറ്റെടുക്കൽ, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സന്ദർശനങ്ങൾ എന്നിവ നടപ്പിലാക്കാനുള്ള ശുപാർശ കാര്യങ്ങൾ നിർദ്ദേശിക്കുക എന്നതാണ് സമിതിയുടെ പ്രധാന ഉത്തരവാദിത്വം.

പബ്ലിക് അക്കൗണ്ടുകൾക്കായുള്ള കമ്മിറ്റി: സംസ്ഥാനത്തിന്റെ, അപ്രോപ്രിയേഷൻ അക്കൗണ്ടുകളും കംട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ (സിവിൽ) റിപ്പോർട്ടുകളും പരിശോധിക്കുക എന്നതാണ് ഈ സമിതിയുടെ പ്രധാന പ്രവർത്തനങ്ങൾ. കൂടാതെ റവന്യൂ രസീതുകളും അവ പ്രയോഗിക്കുകയും ചാർജ് ചെയ്യുകയും ചെയ്ത സേവനങ്ങൾക്കും ഉദ്ദേശ്യങ്ങൾക്കും ബാധകമായ അക്കൗണ്ടുകളിൽ കാണിച്ചിരിക്കുന്ന പണം വിതരണം ചെയ്യുന്നതും പരിശോധിക്കുന്നു.

   a. ഇന്ത്യയുടെ യഥാർത്ഥ ഭരണാധികാരിയാണ്
   b. ഭരണഘടനാ തലവൻ
   c. സംസ്ഥാന തലവൻ
   d. ഗവൺമെന്റ് രൂപീകരിക്കുന്ന ഭൂരിപക്ഷ പാർട്ടിയുടെ നേതാവ്

2. രാഷ്ട്രപതിയുടെ കാലാവധി അവസാനിക്കുന്നതിനു മുമ്പ് അദ്ദേഹത്തെ സ്ഥാനത്തു നിന്നും നീക്കം ചെയ്യാം.
   a. ചീഫ് ജസ്റ്റീസ്
   b. പാർലമെന്റും സംസ്ഥാന നിയമസഭകളും സംയുക്തമായി
   c. പാർലമെന്റിന്റെ രണ്ടു സഭകളും
   d. സുപ്രീം കോടതി

3. രാഷ്ട്രപതിയുടെ മരണത്തെ തുടർന്ന് ഉപരാഷ്ട്രപതിയെ പ്രസിഡന്റായി നിയമിക്കുന്നു.
   a. കാലഹരണപ്പെടാത്ത കാലാവധി
   b. പരമാവധി ഒരു മാസം
   c. പരമാവധി ഒരു വർഷം
   d. പരമാവധി ആറ് വർഷം

4. ഉപരാഷ്ട്രപതിയെ തെരഞ്ഞെടുക്കപ്പെടുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ ആരാണ് തീരുമാനിക്കുന്നത്?
   a. ചീഫ് ജസ്റ്റിസ് b. പാർലമെന്റ്
   c. ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാർ d. സുപ്രീം കോടതി

5. മന്ത്രിമാരുടെ ഇനി പറയുന്ന വിഭാഗങ്ങളിൽ ഏതാണ് മന്ത്രിസഭയിലെ അംഗങ്ങൾ?
   a. ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാർ b. സംസ്ഥാന മന്ത്രിമാർ
   c. ഉപമന്ത്രിമാർ d. മുകളിൽ പറഞ്ഞിട്ടുള്ള വിഭാഗത്തിലെ എല്ലാ മന്ത്രിമാരും.

6. രാഷ്ട്രപതിയും മന്ത്രിസഭയും തമ്മിലുള്ള ആശയ വിനിമയത്തിനുള്ള ഏക മാർഗ്ഗം
   a. പ്രധാനമന്ത്രി b. ഉപരാഷ്ട്രപതി
   c. ലോകസഭാ സ്പീക്കർ d. പ്രതിപക്ഷ നേതാവ്

7. റിസർവ്വ് ചെയ്ത നിയോജകമണ്ഡലങ്ങൾ ഇല്ലാത്ത രാജ്യത്ത്
   a) ആനുപാതിക പ്രാധിനിത്യം ആവശ്യമില്ല
   b) ഒരു ദ്വികക്ഷി സമ്പ്രദായം വികസിപ്പിച്ചെടുത്തിട്ടുണ്ട്
   c) ആദ്യ പോസ്റ്റ് - പോസറ്റ് സമ്പ്രദായം നിലനിൽക്കുന്നു
   d) രാഷ്ട്രപതി പാർലമെന്ററി രൂപങ്ങളുടെ സംയോജനമുണ്ട്.

8. പ്രതിരോധ സേനയുടെ കമാന്റൻ ഇൻ ചീഫ്
   a. പ്രതിരോധമന്ത്രിയാണ് b. പ്രധാനമന്ത്രി
   c. ഇന്ത്യൻ പ്രസിഡന്റ് d. ഇവയിൽ ഒന്നുമല്ല.

9. രാജ്യസഭയുടെ പ്രിസൈഡിംഗ് ഓഫീസർ
   a. സ്പീക്കർ b. പ്രസിഡന്റ്
   c. വൈസ് പ്രസിഡന്റ് d. പ്രിസൈഡിംഗ് ഓഫീസർ

10. രാജ്യസഭയുടെ പരമാവധി ശക്തി
    a. 200 അംഗങ്ങൾ
    b. 250 അംഗങ്ങൾ
    c. 280 അംഗങ്ങൾ
    d. 300 അംഗങ്ങൾ

11. ഇന്ത്യൻ ഭരണഘടന പ്രകാരം ലോകസഭ
    a. ഒരു താഴ്ന്നസ്ഥാനം
    b. രാജ്യസഭയുമായി തുല്യമായ സ്ഥാനം
    c. ഉയർന്ന സ്ഥാനം
    d. ഇവയിൽ ഒന്നുമല്ല

12. ഇനി പറയുന്നവയിൽ ഏത് അടിയന്തരാവസ്ഥയാണ് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ലാത്തത്.?
    a. ദേശീയ അടിയന്തരാവസ്ഥ
    b. ഭരണഘടന പ്രവർത്തനങ്ങളുടെ തകർച്ചമൂലം അടിയന്തരാവസ്ഥ
    c. സാമ്പത്തിക അടിയന്തരാവസ്ഥ
    d. എല്ലാ മൂന്നു തുല്യസന്ദർഭങ്ങളിലും

13. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത വ്യക്തികളിൽ നിന്ന് രാജ്യസഭാംഗങ്ങളെ രാഷ്ട്രപതി നാമനിർദ്ദേശംചെയ്യുന്നു.
    a. സജ്ജീവ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചവർ
    b. രാജ്യത്തിന് മഹത്തായ സേവനം നൽകിയിട്ടുള്ളവർ
    c. ഫൈൻ ആർട്ട്സ്, സാഹിത്യം, സാമൂഹ്യ സേവനം തുടങ്ങിയവയിൽ സ്വയം വ്യത്യസ്തരായവർ,
    d. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ളവർ.

14. പ്രധാനമന്ത്രി തലവനാണ്
    a. സംസ്ഥാനം
    b. ഗവൺമെന്റ്
    c. സംസ്ഥാനത്തിന്റെയും ഗവൺമെന്റിന്റെയും
    d. സംസ്ഥാനത്തിന്റെയോ ഗവൺമെന്റിന്റേയോ രണ്ടുമല്ല

15. മന്ത്രിസഭയിലെ അംഗങ്ങൾക്ക് കൂട്ടായ ഉത്തരവാദിത്തമുണ്ട്
    a. ലോകസഭ
    b. രാജ്യസഭ
    c. രാജ്യസഭയിലും ലോകസഭയിലും
    d. ലോകസഭ, രാജ്യസഭ, പ്രസിഡന്റ്.

II. ഇനി പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം എഴുതുക:

1. എക്സിക്യൂട്ടീവിനെ നിർവ്വചിക്കുകയും കേന്ദ്രസർക്കാരിന്റെ രണ്ട് പ്രധാന ഘടകങ്ങളും.
2. രെഞ്ഞെടുപ്പ് കമ്മീഷൻ എങ്ങനെ കണക്കാക്കുന്നു?
3. സംസ്ഥാന മന്ത്രിസഭയെക്കുറിച്ച് കുറിപ്പെഴുതുക.
4. രാഷ്ട്രപതി ഭരണം കൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
5. ലോകസഭയും രാജ്യസഭയും തമ്മിലുള്ള വ്യത്യാസം.
6. ഇന്ത്യൻ ഉപരാഷ്ട്രപതിയായി തെരഞ്ഞെടുക്കുമ്പോൾ വേണ്ട ആവശ്യ യോഗ്യതകൾ എന്തൊക്കെയാണ്?
7. ഔദ്യോഗിക പദവിയിൽ പ്രവേശിക്കുമ്പോൾ രാഷ്ട്രപതി സത്യപ്രതിജ്ഞ ചെയ്യുന്നത് എന്താണ്?

III. ഇനി പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം എഴുതുക:

1. രാഷ്ട്രപതിയുടെ ഓഫീസിലെ വ്യവസ്ഥകൾ, ആനുകൂല്യങ്ങൾ, അലവൻസുകൾ എന്നിവ എന്താണ്?
2. ഉപരാഷ്ട്രപതിയുടെ പ്രവർത്തനങ്ങളും ചുമതലകളും വ്യക്തമാക്കുക.
3. രാഷ്ട്രപതിയെ എങ്ങനെ തെരഞ്ഞെടുക്കുന്നു? ഇലക്ട്രൽ കമ്മീഷനെ കുറിച്ച് എഴുതുക.
4. മന്ത്രിസഭയുടെ കൂട്ടായ വ്യക്തിഗത ഉത്തരവാദിത്തത്തെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.

5. മുഖ്യമന്ത്രിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും എന്തൊക്കെയാണ്?

6. ഗവർണറുടെ നിയമനം, കാലാവധി, സ്ഥാനം എന്നിവയെക്കുറിച്ച് കുറിപ്പെഴുതുക.

IV. ഇനി പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക:

1. രാഷ്ട്രപതിയുടെ പ്രവർത്തനങ്ങളും അധികാരങ്ങളും എന്തൊക്കെയാണ്?
2. പ്രധാനമന്ത്രിയുടെ പ്രവർത്തനങ്ങളും നിലപാടുകളും വിശദമായി വിവരിക്കുക.
3. പ്രധാനമന്ത്രിയുടെ ഓഫീസിലെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?
4. ഗവർണറുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വിശദീകരിക്കുക.
5. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 356 വിമർശനാത്മകമായി വിശകലനം ചെയ്യുക.

പരാമർശ ഗ്രന്ഥങ്ങൾ

- Gyanender Singh(2008), Indian Constitution and government, Omega Publications, New Delhi.
- J.C. Johari (2013), The Constitution of India: A Politico-Legal Study, Sterling Publishers Pvt. Ltd.,New Delhi.
- M. Laxmikanth(2008), Indian Polity, Tata Mcgraw-Hill Publishing company Ltd, New Delhi.
- B.S. Raman (2011), Constitution of India, United Publishers, Mangalore.
- Durga Das Basu (1997), Introduction to the Constitution of India, Prentice –Hall of India Pvt, Ltd.,New Delhi.
- J.C. Johari (2004), Indian Polity, Lotus Press, New Delhi.

ഐ.സി.ടി കോർണർ

എക്സിക്യൂട്ടീവ്

ഈ പ്രവർത്തനങ്ങളിലൂടെ മറ്റ് സംസ്ഥാനങ്ങളിലെ മുഖ്യ മന്ത്രിയുടെ പേര് നിങ്ങൾ പഠിക്കും



നടപടിക്രമം:

ഘട്ടം - 1 ഗൂഗിൾ തുറന്ന് ഇന്ത്യയിലെ മുഖ്യ മന്ത്രിമാരെ ടൈപ്പ് ചെയ്യുക. ക്വിസ് അഥവാ ക്യൂ.ആർ.കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 ക്ലിക് പ്ലേക്വിസ്

ഘട്ടം - 3 മുഖ്യമന്ത്രിയുടെ ശരിയായ പേര് ക്ലിക്ക് ചെയ്യുക (ഉദാ: തമിഴ്നാട്)

URL:

https://www.sporcle.com/games/staarmaan/chief-ministers-of-india

*ചിത്രങ്ങൾ സൂചിപ്പിക്കുന്നത്

യൂണിറ്റ് 4

ഇന്ത്യൻ നീതി ന്യായ വ്യവസ്ഥ



പഠന ലക്ഷ്യങ്ങൾ

LTQ84

- ഇന്ത്യൻ നീതിന്യായ വ്യവസ്ഥ (ജുഡീഷ്യറി) യുടെ സ്വഭാവവും പ്രാധാന്യവും ചർച്ചചെയ്യുന്നതിന്
- ഇന്ത്യൻ നീതിന്യായവകുപ്പിനെ വിലയിരുത്തുന്നതിന്.
- ഇന്ത്യൻ നീതിന്യായവകുപ്പിന്റെ സവിശേഷതകൾ പരിശോധിക്കുന്നതിന്.
- ഭരണഘടനയുടെ വ്യാഖ്യാതാവ് എന്ന നിലയിൽ നീതിന്യായ വകുപ്പിന്റെ പങ്ക് വിലയിരുത്തുന്നതിന്.
- നീതിന്യായ വകുപ്പിന്റെ സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിന്.
- നീതി ന്യയ അവലോകനം, പൊതു താല്പര്യവ്യവഹാരം നീതി ന്യായആക്ടീവിസം എന്നിവയുടെ സ്വഭാവവും പ്രാധാന്യവും വിശദീകരിക്കൽ.
- ഭരണഘടനാ നിയമം , ഭരണ നിർവ്വഹണ നിയമം, ഇന്ത്യൻ പീനൽകോഡ് എന്നിവയുടെ സ്വാഭാവത്തെക്കുറിച്ച് അറിയുന്നതിന്.
- ഇന്ത്യൻ സുപ്രീംകോടതിയുടെ രൂപീകരണം, അധികാരം, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കുന്നതിന്.
- ഇന്ത്യൻ ഹൈകോടതികളുടെ രൂപീകരണം, അധികാരം, പ്രവർത്തനങ്ങൾ എന്നിവ വിശദീകരിക്കുന്നതിന്.



നീതിന്യായവകുപ്പ് കൃത്യമായി എന്താണ് ചെയ്യുന്നത്.? നിയമസഭയെക്കാളും എക്സിക്യൂട്ടീവിനെക്കാളും ആളുകൾ നീതിന്യായവ്യവസ്ഥയെ വിശ്വസിക്കുന്നതായി ഞാൻ കാണുന്നു. അവരുടെ അവകാശങ്ങൾ ലംഘിക്കപ്പെടുമ്പോഴെല്ലാം , അവർ അവരുടെ അവകാശങ്ങളെയും ആനുകൂല്യങ്ങളേയും സംരക്ഷിക്കുന്നതിനായി നിയമവകുപ്പിനെ സമീപിക്കുന്നു.

ഇന്ത്യൻ സുപ്രീംകോടതി

ഉദ്ധരണി

അഖിലേന്ത്യ കോടതിയായ സുപ്രീം കോടതി പാർട്ടിരാഷ്ട്രീയത്തിനും രാഷ്ട്രീയ സിദ്ധാന്തങ്ങൾക്കും അധീതമായി നിലകൊള്ളുന്നു. സർക്കാരിലെ മാറ്റങ്ങളുമായി യോജിക്കുന്നില്ല. കോടതി നിയമം പ്രാപബല്യത്തിൽ വരുന്ന കോഡിനെ പ്രതിനിതീകരിക്കുന്നു. സദ്മനോഭാവവും സഹതാപവും ഉണ്ട്. പക്ഷേ ആരുമായി സഖ്യമില്ല. ബഹുമാനപ്പെട്ട ശ്രീ ഹരിലാൽ ജെ. കാനിയ (ഇന്ത്യയുടെ ആദ്യ ചീഫ് ജസ്റ്റിസ്)

സർക്കാരിന്റെ മൂന്ന് ഘടകങ്ങളിൽ ഒന്നാണ് നീതിന്യായ വകുപ്പ്, നിയമനിർമ്മാണ സഭയും കാര്യനിർവ്വഹണ സമിതിയുമാണ് മറ്റ് രണ്ട് ഘടകങ്ങൾ. നീതിന്യായ വകുപ്പ് നിയമ വ്യാഖ്യാനത്തിൽ ഏർപ്പെടുകയും ഭരണഘടനയുടെ സംരംക്ഷണത്തിനായി പ്രവർത്തിക്കുകയും ചെയ്യുന്നു. അത് നീതിയുടെ ഭരണം ഉറപ്പാക്കുന്നു. അതോടൊപ്പം സർക്കാരിൽ നിന്നും മറ്റു വ്യക്തികളിൽ നിന്നും ഉണ്ടാകുന്ന അനീതിയും മനുഷ്യാവകാശലംഘനവുമായ നടപടികളിൽ നിന്നും വ്യക്തികളെ സംരക്ഷിക്കുന്നു. സ്വതന്ത്രവും നിഷ്പക്ഷവുമായ ഒരു നീതിന്യായവകുപ്പ് സ്ഥാപിക്കുന്നത് ഒരു പരിഷ്കൃത രാഷ്ട്രത്തിന്റെ പ്രവർത്തനത്തിനുള്ള മുൻ വ്യവസ്ഥയാണ്. ഇന്ത്യയെ പോലെ സംയുക്ത

1. ജാമ്യത്തിനു വേണ്ടി തിരുക്കുറൾ മന:പാഠമാക്കൽ

അക്രമത്തിൽ ഏർപ്പെട്ട മൂന്ന് കോളേജ് വിദ്യാർത്ഥികൾക്ക്, ജാമ്യത്തിനുവേണ്ടി. മഹാകവി തിരുവള്ളുവരുടെ തിരുക്കുറളിലെ 10 ശ്ലോകങ്ങൾ തുടർച്ചയായി പത്തുദിവസം കൊണ്ട് ആകെ 100 ശ്ലോകങ്ങൾ ചൊല്ലികേൾപ്പിക്കണമെന്ന നിബന്ധനയോടെ 2019-ഫെബ്രുവരിയിൽ തമിഴ്നാട് കോടതി ഉത്തരവിട്ടു.

ഒരു വ്യക്തിയെ ആക്രമിച്ചതിനായി മൂന്ന് കോളേജ് വിദ്യാർത്ഥികളെ മേട്ടുപാളയം കോടതിയിൽ ഹാജരാക്കി. അവർക്കുവേണ്ടി ജാമ്യാപേക്ഷ നൽകിയപ്പോൾ, ജാമ്യത്തിന് നിബന്ധനയായി മൂന്നു പേരും ആപ്രദേശത്തെ ഗവൺമെന്റ് ബോയ്സ്ഹൈസ്കൂളിലെ തമിഴ് അദ്ധ്യാപകന് മുന്നിലെത്തി ദിവസും തിരുക്കുറളിലെ 10 ശ്ലോകങ്ങൾ ചൊല്ലികേൾപ്പിക്കണമെന്ന് ന്യായാധുപൻ ഉത്തരവിട്ടു.

ഇപ്രകാരം 10 ദിവസം തിരുക്കുറൾ ചൊല്ലികേൾപ്പിച്ചശേഷം അവസാനദിവസം ആ വിദ്യർത്ഥികൾക്ക് സർട്ടിഫിക്കറ്റ് നൽകണമെന്നും ന്യായാധിപൻ നിർദേശിച്ചു.

2. തിരുക്കുറൾ വിശദമായി പഠിക്കാൻ വഴിയൊരുക്കിയ മധുര ഹൈകോടതി ശാഖ.



ചെന്നൈ ഹൈകോടതിയുടെ മധുര ശാഖ നൽകിയ വളരെ ഗൗരവയുക്തമായ സംഭാവനയാണ്, തമിഴ്നാട് സ്കൂളുകളിൽ തിരുക്കുറൾ വിശദമായി പഠിക്കാൻ വഴിയൊരുക്കിയ ഉത്തരവ്. 2017-മാണ്ട് മധുര ഹൈകോടതിയുടെ ശാഖ. സ്കൂൾ പാഠ്യപദ്ധതിയിൽ തിരുക്കുറളിലെ 133 അദ്ധ്യായങ്ങളിൽ 108 അദ്ധ്യായങ്ങൾ ഉൾപ്പെടുത്തണമെന്ന് സ്കൂൾ വിദ്യാഭ്യാസ വകുപ്പിന് ഉത്തരവിട്ടു. അതിൻ പ്രകാരം 2017-18 അദ്ധ്യയന വർഷം മുതൽ വിദ്യാർത്ഥികൾ തിരുക്കുറളിലെ 1330 ഈരടികൾ (ശ്ലോകങ്ങൾ) പഠിക്കണമെന്ന് തമിഴ്നാട് സർക്കാർ ഉത്തരവിടുന്നതിന് ഈ കോടതി ഉത്തരവ് വഴിയോരുക്കി. 6 മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥകൾ മേൽ പറഞ്ഞ തിരുക്കുറൾ ഈരടികൾ (ശ്ലോകങ്ങൾ) വിശദമായി പഠിക്കുന്നതോടൊപ്പം അവയുടെ അർത്ഥം പൂർണ്ണമായും വ്യക്തമായും മനസ്സിലാക്കിയിരിക്കണമെന്ന ഉത്തരവാദം ഉറപ്പിക്കണമെന്നും നിർദ്ദേശിച്ചു.

ഒരു പക്ഷേ ലോകമെമ്പാടുമുള്ള 60 ഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ട ഏക മതേതര ഗ്രന്ഥം ഇന്ത്യയിൽ നിന്നുള്ള തിരുക്കുറൾ ആയിരിക്കും.

ഭരണവ്യവസ്ഥയുള്ള രാജ്യങ്ങളിൽ സംയുക്ത ഭരണത്തിന്റെ സംരക്ഷകനായും കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുണ്ടാകുന്ന അധികാര പരിധികൾ , അഭിപ്രായ വ്യത്യാസങ്ങൾ എന്നിവയ്ക്ക് പരിഹാരംകാണുന്നതിനാലും നീതിന്യായ വകുപ്പ് പ്രാധാന്യമർഹിക്കുന്നു.

സംഘ പ്രവർത്തനം

നിങ്ങൾ എന്താണ് ചിന്തിക്കുന്നത്.?

ഈ പാഠ്യഭാഗത്ത് കൊടുത്തിട്ടുള്ള മൂന്ന് വ്യവഹാര പഠനങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ച ശേഷം ഒരു നല്ല ന്യായാധിപനുവേണ്ട യോഗ്യതയെക്കുറിച്ച് ചർച്ച ചെയ്യുക..

എപ്രകാരമുള്ള വ്യക്തിക്കാണ് ഒരു നല്ല ന്യായാധിപൻ ആകാൻ കഴിയുക. ഒരു ന്യായാധിപനെ നിയമിക്കുന്നതിന് മുമ്പ് അയാൾ എപ്രകാരമുള്ള വ്യക്തി ആയിരിക്കണമെന്നതിനെക്കുറിച്ച് അഞ്ച് അംഗങ്ങൾ വീതമുള്ള സംഘങ്ങൾ രൂപീകരിച്ച് ചർച്ച ചെയ്യുക. അതിന്റെ അടിസ്ഥാനത്തിൽ 250 വാക്കുകളിൽ കവിയാതെ അവയെ ക്ലാസ്സ് മുറിയിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുക.

4.1 ഇന്ത്യൻ നീതിന്യായ വകുപ്പിന്റെ പരിണാമം

പുരാതന ഇന്ത്യയുടെ നീതിന്യായ വ്യവസ്ഥ

വിവിധ വംശങ്ങൾ സംസ്ക്കാരങ്ങൾ, ഭാഷകൾ, രാഷ്ട്രീയ സാമൂഹിക വ്യവസ്ഥകൾ എന്നിവ നിലനിൽക്കുന്ന ഒരു ഉപഭൂഖണ്ഡമാണ് ഇന്ത്യ. പ്രാചീന കാലത്തും മദ്ധ്യകാലത്തും ഇന്ത്യൻ സർക്കാർ,ഏതൊരു ഭരണവകുപ്പുകളിൽനിന്നും നീതിന്യായവകുപ്പിനെ വേർപ്പെടുത്തിയിരുന്നില്ല. വേദകാലത്ത് (കുലപാ അല്ലെങ്കിൽ കുലപാറ്റോ) കുടുംബനാഥന്റെ അധികാരത്തെ രാജകീയഇടപെടലുകളിൽനിന്നും വേർപ്പെടുത്തിയിരുന്നു.അതുപോലെതന്നെ ഗ്രാമം,ഗോപ, വിഷയ, ജന, ഗണ തുടങ്ങിയ ഗോത്രവർഗ്ഗക്കാരും സ്വയം ഭരണാധികാരങ്ങൾ നേടിയിരുന്നു. പുരാതന ഇന്ത്യൻ രാജവാഴ്ചയിൽ മഹാരാജാവിനെ പരമോന്നത നീതിന്യായ അധിപനായി കണക്കാക്കിയിരുന്നു. രാജാവിന്റെ താല്പര്യം തന്നെ നിയമമായതിനാൽ ,അദ്ദേഹത്തിന്റെ വാക്കുകൾ തന്നെ പരമോന്നതവും സമ്പൂർണ്ണവുമായ വിധിയായിരുന്നു.

എങ്കിലും പ്രദേശിക തലത്തിലുള്ള മിക്ക തർക്കങ്ങളേയും ജാതിസംഘങ്ങൾ മുഖേനയോ പ്രദേശിക ഭരണസംഘങ്ങൾ മുഖേനയോ പരിഹരിച്ചിരുന്നു. രാജ്യദ്രോഹം പോലുള്ള കഠിനമായ കുറ്റങ്ങൾ രാജാവിന്റെ കോടതിയിൽ വിചാരണ ചെയ്യപ്പെട്ടു. അവിടെ നിയമാനുസൃതമായ നീതിന്യായവ്യവസ്ഥയോനടപടികളോഉണ്ടായിരുന്നില്ല. കുറ്റം ആരോപിക്കപ്പെട്ടയാൾ താൻ നിരപരാധിയാണെന്ന് നിരൂപിക്കാൻ തെളിവുകളും സാക്ഷികളും ഉണ്ടായിരിക്കണം അല്ലെങ്കിൽ അഗ്നിപ്രവേശം, ജലത്തിൽ മുക്കുക, വിഷം കഴിപ്പിക്കൽ തുടങ്ങിയ വിവിധ കഠിന പരീക്ഷണങ്ങൾക്ക് വിധേയരായി തങ്ങളുടെ നിരപരാധിത്വം തെളിയിക്കണം.

ശിക്ഷകൾ അധി കഠിനവും പ്രാകൃതവുമായിരുന്നു. പിഴയായി പണം അടയ്ക്കുന്ന രീതിയുമുണ്ടായിരുന്നു (നഷ്ടപരിഹാരത്തിന് പകരമായി) ചമ്മട്ടിയടി (ചാട്ടവാറടി) പിരമ്പടി കൈകാലുകൾ ഛേദിക്കൽ ,ശൂലത്തിൽ തറയ്ക്കൽ, അടിമയാക്കൽ, നാടു കടത്തൽ, സ്വത്തു കണ്ടു കെട്ടൽ, ശിരഛേദം ,ആനയെകൊണ്ട് തലയിൽ ചവുട്ടിക്കൽ, തുടങ്ങിയവയാണ് കുറ്റവാളികൾക്ക് നൽകിയിരുന്ന ശിക്ഷകളിൽ ചിലത്. ബ്രാഹ്മണിക സ്വാധീനത്തിൻ കീഴിലുള്ള രാജ്യങ്ങളിൽ, സ്മൃതികളുടെ അടിസ്ഥാനത്തിൽ വിചാരണചെയ്ത് ശിക്ഷകൾ വിധിച്ചിരുന്നു.

അക്കാലത്ത് മനുസ്മൃതി ,നാരദ സ്മൃതി, യാജ്ഞവാല്ക്യ സ്മൃതി തുടങ്ങിയ നിരവധി സ്മൃതികൾ ഉണ്ടയിരുന്നു. ഇവയിൽ മനുസ്മൃതിയെ കേന്ദ്രസ്മൃതിയായി കണക്കാക്കിയിരുന്നു. മറ്റ് ഇന്ത്യൻ സ്മൃതികൾക്ക് ചിലവൈവിധ്യങ്ങളുണ്ട്. പൊതുവേ സ്മൃതികൾ, വർണ്ണ-ജാതീയസാമൂഹിക ക്രമത്തെ ഉയർത്തിപ്പിടിച്ചിരുന്നു നിയമത്തിനുമുന്നിൽ എല്ലാപേർക്കും തുല്യത കല്പ്പിച്ചിരുന്നില്ല. പതിവ് നടപടി ക്രമങ്ങളിൽ നിന്നും ശിക്ഷകളിൽ നിന്നും ബ്രാഹ്മണരെ കൂടുതലായി സംരക്ഷിച്ചിരുന്നു. ഏതു വിധത്തിലും ബ്രാഹ്മണരെ, അവർ ഏറ്റവും ക്രൂരമായ കുറ്റകൃത്യങ്ങൾ ചെയ്തിരുന്നാലും അവരെ ശാരീരിക പീഡനം ,അവയവങ്ങൾ ഛേദിക്കൽ , വധശിക്ഷ തുടങ്ങിയ ശിക്ഷകളിൽ നിന്നും ഒഴിവാക്കിയിരുന്നു. മറുഭാഗത്ത് അധ:കൃത വർഗ്ഗത്തിൽപ്പെട്ടപരെ

കഠിനമായ യാതനകൾക്കും ശിക്ഷകൾക്കും വിധേയരാക്കിയിരുന്നു. ജാതി വ്യവസ്ഥയുടെ അടിസ്ഥാനത്തിലുള്ള തൊഴിലുകൾ മാറ്റുന്നതിനെ ഗുരുതരമായ കുറ്റകൃത്യമായി കരുതിയിരുന്നു.

അർത്ഥശാസ്ത്രം, കുറ്റകൃത്യങ്ങളെ നിയന്ത്രിക്കുന്നതിന് ക്രമാധീതമായ ശിക്ഷാരീതികൾ നിർദേശിച്ചിരുന്നു. കുറ്റവാളികളുടെമേൽ ചുമത്തുന്ന പിഴകളും സ്വത്തു കണ്ടുകെട്ടലും രാജകീയവരുമാനത്തിന്റെ ഉറവിടങ്ങളായിരുന്നു. സ്മൃതികൾ സ്ത്രീകളെ മേന്മകുറഞ്ഞവരായിട്ടാണ് പരിഗണിച്ചിരുന്നത്. അനന്തരാവകാശ വിഷയങ്ങളിൽ സ്ത്രീകൾക്കെതിരായി പക്ഷാഭേദപരമായ മുൻവിധിയാണ് നിർണ്ണയിച്ചിരുന്നത്. ശൂദ്രരെയും പഞ്ചമ (അവർണ്ണർ) രെയും, ന്യായമായ വിചാരണയ്ക്കും ശിക്ഷകൾക്കും യോഗ്യരല്ലാത്തവരായി കണ്ടിരുന്നു. വ്യാപാരതർക്കങ്ങൾ മിക്കവാറും വാണിജ്യ സംഘങ്ങൾ മുഖേന പരിഹരിച്ചിരുന്നു. അതുപോലെ തൊഴിലാളികൾക്കിടയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ അവരുടെ സംഘങ്ങളെത്തന്നെ നിയോഗിച്ചിരുന്നു. പല്ലവ പാണ്ഡ്യ, ചോഴ സാമ്രാജ്യങ്ങളിലെ മഹാസഭകൾ, ബ്രഹ്മണരെ പതിവ് നീതിന്യായവ്യവസ്ഥകളിൽ നിന്നും മാറ്റി നിർത്തിയിരുന്നു. മഹാ സഭകളുടെ വാര്യം (ധർമ്മവാരിയം, ന്യായവാര്യം) മഹാസഭകൾക്കുള്ളിലെ പ്രശ്നങ്ങളെ പരിഹരിച്ചിരുന്നു. പ്രദേശിക സഭകളായ ഊർ ഊരാർ, നാട്, നാട്ടാർ നഗരത്താർ തുടങ്ങിയവ അവരവരുടെ തനതായ നീതിന്യായവ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു.

ബുദ്ധമത സാമ്രാജ്യങ്ങൾ (അശോകനെപ്പോലെ) മിക്കവാറും സ്മൃതികളെ അവഗണിച്ചിരുന്നു. വ്യത്യസ്ത സാമൂഹ്യ വിഭാഗങ്ങൾക്കിടയിലെ നീതിന്യായവ്യവഹാരങ്ങളിൽ ഒരു പരിധിവരെ തുല്യ സമീപനം പാലിച്ചിരുന്നു. അശോകചക്രവർത്തി ക്രൂരമായ ശിക്ഷാനടപടികളെ നിരോധിക്കുകയും, തടവുകാരോട് വളരെ സഹാനുഭൂതിയോടുള്ള സമീപനം പാലിക്കാൻ അധികാരികൾക്ക് ഔദ്യോഗിക നിർദേശം നൽകുകയും ചെയ്തിരുന്നു. ചിലപ്പതികാരത്തിലെ കോവലന്റെ വധ ശിക്ഷ നീതിന്യായ വ്യവസ്ഥയിലെ അപാകത വെളിപ്പെടുത്തുന്നു..

കഠിന പരീക്ഷണങ്ങൾ

തുലാസ് കൊണ്ടുള്ള പരീക്ഷണം: തുലാസിന്റെ ഒരു തട്ടിൽ (വശത്ത്) ഒരു പനയോല കെട്ട് വച്ചതിനുശേഷം മറ്റേ തട്ടിൽ(വശത്ത്) കുറ്റമാരോപിക്കപ്പെട്ടയാളെ ഇരുത്തിയിട്ട് തുലാസ് സമമായി വരാൻ വേണ്ടി പ്രാർത്ഥിക്കാൻ പറയുന്നു, അതിനു ശേഷവും ആളിരിക്കുന്ന തട്ട് (വശം) താഴുകയാണെങ്കിൽ അയാൾ കുറ്റവാളിയാണെന്ന് പ്രഖ്യാപിക്കപ്പെടുന്നു.

അഗ്നി പരീക്ഷണം: കുറ്റം ചുമത്തപ്പെട്ടയാളെ അഗ്നികുണ്ടത്തിലൂടെ നടത്തിക്കുന്നു. അപ്പോൾ അയാൾക്ക് യാതൊരു വിധ പൊള്ളലും ഏറ്റിട്ടില്ലായെങ്കിൽ മാത്രം അയാൾ നിരപരാധിയെന്ന് കരുതപ്പെടുന്നു.

ജല പരീക്ഷണം : വിഗ്രഹം ശുദ്ധീകരിക്കാനുപയോഗിച്ച ജലത്തെ കുറ്റം ആരോപിക്കപ്പെട്ടയാളെ കൊണ്ട് കുടിപ്പിക്കുന്നു. അടുത്ത 14 ദിവസങ്ങൾക്കുള്ളിൽ അയാൾക്ക് യാതൊരുവിധത്തിലുള്ള ഹാനിയും സംഭവിക്കുന്നില്ലായെങ്കിൽ അയാളെ നിരപരാധിയെന്ന് കരുതപ്പെടുന്നു.

വിഷം കൊണ്ടുള്ള പരീക്ഷണം : കുറ്റം ചുമത്തപ്പെട്ടയാളെ കൊണ്ട് വിഷം കുടിപ്പിക്കുന്നു. അപ്പോൾ അയാൾക്ക് യാതൊരു ദോഷഫലവും ഉണ്ടാകുന്നില്ലായെങ്കിൽ അയാൾ നിരപരാധിയാണെന്ന് കരുതപ്പെടുന്നു.

നറുക്കെടുപ്പ് പരീക്ഷണം : കുറ്റം ആരോപിക്കപ്പെട്ടയാളെ കൊണ്ട് ചീട്ടുക (കുറിപ്പ്) ളിൽ നിന്നും നറുക്കെടുപ്പിക്കുന്നു .അതിൽ അയാൾ ധർമ്മങ്ങൾ തെരെഞ്ഞെടുക്കുകയാണെങ്കിൽ അയാളെ നിരപരാധിയായി കണക്കാക്കിയിരുന്നു.

നെല്ല് കൊണ്ടുള്ള പരീക്ഷണം : കുറ്റം ചുമത്തപ്പെട്ടയാളെ കൊണ്ട് നെല്ല് തീറ്റിക്കുന്നു. അപ്പോൾ അയാളുടെ വായിൽ രക്തക്കറഉണ്ടാകുകയാണെങ്കിൽ അയാളെ കുറ്റവാളിയെന്ന് പ്രഖ്യാപിക്കുന്നു.

നീരുറവ പരീക്ഷണം : കുറ്റം ആരോപിക്കപ്പെട്ടയാളെക്കൊണ്ട് നീരുറവയിലെ വിഷമാത്രയുള്ള ജലം കുടിപ്പിക്കുന്നു.തുടർന്ന് അയാൾ ഉന്മാദവസ്ഥയിൽ (പിച്ചും പേയും പറയുക) ആവുകയാണെങ്കിൽ അയാൾ കുറ്റസമ്മതം നടത്തിയതായി കരുതപ്പെടുന്നു.

ന്യായാധിപൻമാരുടെ ഉന്നതമായ ധാർമ്മിക നിലവാരം സാഹിത്യത്തിൽ നിർബന്ധിക്കപ്പെട്ടിരുന്നുവെങ്കിലും നീതിന്യായവിചാരണകളിൽ ഇളവുകളോ ശിക്ഷകളോ നൽകുന്നതിൽ പരിധി ലംഘിച്ചിട്ടുള്ളതായി കാണാൻ കഴിയും. പുരാതന ഇന്ത്യയിൽ ഭരണാധികാരികളുടേതായ നിയമ നപടികളല്ലാതെ മറ്റ് അംഗീകൃതനിയമ വാഴ്ചയില്ലായിരുന്നു.

മദ്ധ്യകാല ഇന്ത്യയിലെ മുസ്ലീം ഭരണാധികാരികൾ ഒരു പ്രത്യേക സാഹചര്യത്തെ അഭിമുഖീകരിച്ചിരുന്നു. അവിടെ അവരുടെ പ്രജകളിൽ ഭൂരിഭാഗവും അമുസ്ലീംങ്ങളായിരുന്നു. മുസ്ലീങ്ങളും മുസ്ലീം താല്പര്യങ്ങളും ഉൾപ്പെട്ട തർക്കങ്ങളിൽ ഇസ്ലാമിക നിയമം പ്രയോഗിക്കുകയും അമുസ്ലീംങ്ങളുടെ സാമൂഹിക മതരപമായ കാര്യങ്ങളിൽ ഇടപ്പെടാത്ത നയമാണ് അവർ സ്വീകരിച്ചിരുന്നത് .പകരം ഗ്രാമീണ മേഖലയിലെ പരമ്പരാഗത നീതി ന്യായ വ്യവസ്ഥ അനുവദിച്ചിരുന്നു. മുസ്ലീം ഭരണാധികാരികൾ, സിവിൽ, ക്രമിനൽ തർക്കങ്ങൾക്ക് തമ്മിൽ വ്യക്തമായ വ്യത്യാസം വേർതിരിച്ച് കാണിക്കുകയും ഓരോന്നിനും വ്യത്യസ്ത സംവിധാനങ്ങൾ കൈകൊള്ളുകയും ചെയ്തിരുന്നു. എന്നിരുന്നാലും ദൈവനിന്ദാ വ്യവഹാരങ്ങളിൽ പ്രതികൾക്ക് കഠിന ശിക്ഷ വിധിച്ചിരുന്നു.

4.2 മദ്ധ്യകാല ഇന്ത്യയിലെ നീതി ന്യായ വ്യവസ്ഥ

മദ്ധ്യകാല ഇന്ത്യൻ സാമ്രാജ്യത്തെ നയിച്ചിരുന്ന സുൽത്താൻ / സുൽത്താനയ്ക്കാണ് നീതി ന്യായം നടപ്പാക്കുന്ന പരമോന്നത അധികാരം അവർ താഴെ പറയുന്ന രീതിയിലുള്ള നിയമങ്ങൾ നടപ്പാക്കിയിരുന്നു. അവയുടെ പേരുകൾ ദിവാൻ-ഇ-ഖാസ (മദ്ധ്യസ്ഥൻ) ദിവാൻ - ഇ- മസാലിം(ഭരമണമേധാവി) ദിവാൻ -ഇ- റിയാസത്ത് (സേനാപതി) മദ്ധ്യകാല ഇന്ത്യയിൽ കോടതികളുടെ ചിട്ടയായ വർഗ്ഗീകരണവും സംവിധാനങ്ങളും നിലവിലുണ്ടായിരുന്നു. ഭരണ സംവിധാന രീതികൾ തന്നെയാണ് നീതിന്യായവകുപ്പിന്റെയും അടിസ്ഥാനം തലസ്ഥാനം, പ്രവിശ്യകൾ, ജില്ലകൾ, പർഗാനകൾ, ഗ്രാമങ്ങൾ എന്നിവിടങ്ങളിലെ കോടതികളുടെ അധികാര പരിധികൾ വ്യക്തമായി നിർണ്ണയിച്ചിട്ടുണ്ടായിരുന്നു. സാധാരണയായി സുൽത്താനത്തിന്റെ തല സ്ഥാനത്ത് താഴെ കൊടുത്തിട്ടുള്ള കോടതികൾ സ്ഥാപിച്ചിരുന്നു.

- രാജകീയ കോടതി
- ദിവാൻ അൻ —മസാലിം
- ദിവാൻ ഇ - റിയാലത്ത്
- സാദ്രെ ജഹാന്റെ കോടതി
- ചീഫ് ജസ്റ്റിസ് കോടതി
- ദിവാൻ -ഇ - റിയാസത്ത്

രാജകീയ കോടതിയുടെ അദ്ധ്യക്ഷത വഹിച്ചിരുന്നത് സുൽത്താനായിരുന്നു. ഈ കോടതിക്ക് മൗലീകതയും അപ്പീൽ അധികാര പരിധിയും ഉണ്ടായിരുന്നു. നീതി ന്യാനിർവഹണത്തെ സംബന്ധിച്ച് ഇത് പരമോന്നത അപ്പീൽ കോടതിയായിരുന്നു. നീതി നിർവ്വഹണത്തിൽ ,മുഫ്തിസ് (നിയമ വിദഗ്ദൻ) സുൽത്താനെ സഹായിച്ചിരുന്നു. സിവിൽ ക്രിമിനൽ വ്യാവഹാരങ്ങളിൽ യഥാക്രമം അപ്പീൽ നൽകുന്ന കോടതികളാണ് ദിവാൻ -അൽ-മസാലിം, ദിവാൻ ഇ- റിസാലത്ത് എന്നിവ . ഈ കോടതികളിൽ ഔദ്യോഗികമായി സുൽത്താനാണ് അദ്ധ്യക്ഷനാകേണ്ടതെങ്കിലും, മിക്കവാറും അദ്ദേഹം കോടതി യോഗങ്ങളിൽ പങ്കെടുക്കാറില്ലായിരുന്നു. സുൽത്താന്റെ അഭാവത്തിൽ കോടതി അദ്ധ്യക്ഷത വഹിച്ചത് സംസ്ഥാനത്തെ പരമോന്നത നീതി ന്യായ വകുപ്പ് ഉദ്യോഗസ്ഥനായ ഖാസി- ഉൽ-ക് സാത്ത് ആയിരുന്നു. എന്നാൽ പിന്നീട് സാദ്രെ -ജഹാൻ എന്ന പദവി സൃഷ്ടിക്കപ്പെട്ടു. അദ്ദേഹത്തെ നീതിന്യായവകുപ്പിന്റെ യഥാർത്ഥ അദ്ധ്യക്ഷനായി നിയോഗിച്ചു. ഈ സാദ്രെ ജഹാൻ കോടതിയേയും ചീഫ് ജസ്റ്റിസ് കോടതിയേയും പിൽക്കാലത്ത് അലാവുദീൻ ഖിൽജി സംയോജിക്കുന്നതു വരെ സ്വതന്ത്ര്യമായി പ്രവർത്തിച്ചു. ചീഫ് ജസ്റ്റിസ് കോടതി സിവിൽ ക്രിമിനൽ വ്യാഹാരങ്ങൾ കൈകാര്യം ചെയ്തു. ചീഫ് ജസ്റ്റിസിന്റെ കീഴിൽ അദ്ദേഹത്തിന്റെ സഹായത്തിനായി കഴിവും സത്യസന്ധതയുമുള്ള ബഹുമാന്യരായ ന്യായാധിപൻമാരെ നിയമിച്ചിരുന്നു. പണ്ഡിറ്റ്, മുഫ്തി, മൊഹതാസിബ് (പ്രോസിക്യൂഷൻ ചുമതലയുള്ളവർ), ദാദ്ബാക്ക്, (അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ), എന്നിവരാണ് ചീഫ് ജസ്റ്റിസ് കോടതിയിലെ ഉദ്യോഗസ്ഥർ പ്രധാനമായും രാജ്യദ്രോഹക്കുറ്റം കൈകാര്യം ചെയ്യുന്ന കോടതിയായിരുന്നു ദിവാൻ ഈ- സിയാസത്ത്.

4.3 ആധുനിക ഇന്ത്യയിലെ നീതിന്യായവ്യവസ്ഥ

1600 -ൽ ഒന്നാം എലിസബത്ത് രാജ്ഞിയുടെ കരാറ് മുഖേന ഈസ്റ്റിന്ത്യാകമ്പനി സംയോജിപ്പിക്കപ്പെട്ടു. ഈ കരാറ്, കമ്പനിക്ക് വ്യാപാരം നിയന്ത്രിക്കാനുള്ള അംഗീകാരവും അവകാശവും എളുപ്പത്തിൽ സാധ്യമാക്കി. മദ്രാസിലെ ഭരണത്തെ സംബന്ധിച്ച് ഓരോ ഗവർണറെയും അവർക്ക്

ഓരോ കൗൺസിലിനേയും നിയമിക്കാൻ വ്യവസ്ഥ ചെയ്തു. ഇതോടെ കമ്പനി ഒരു പ്രവിശ്യാ ശക്തിയായി മാറിക്കഴിഞ്ഞു. പ്രത്യേകിച്ചും മദ്രാസിൽ .അത് അനൗപചാരികമായ ഒരു ഭരണ സംവിധാനം ഏർപ്പെടുത്തി. അതിൻ പ്രകാരം അവിടെ നിലവിലുണ്ടായിരുന്ന ഭരണ സംവിധാനങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിൽ സ്ഥലവാസികളുടെ പ്രശ്നങ്ങളിൽ ഇടപെടാത്ത നയമാണ് കമ്പനി സ്വീകരിച്ചത്. ഇംഗ്ലണ്ടിലെ നിയമ പ്രകാരം സിവിൽ ക്രിമിനൽ വ്യവഹാരങ്ങൾ തീരുമാനിക്കാൻ ഗവർണർക്കും കൗൺസിലിനും അധികാരം നൽകിയിരുന്നു. എങ്കിലും സ്ഥലവാസികളുടെ കാര്യത്തിൽ പ്രാദേശിക പാരമ്പര്യ സമ്പ്രദായങ്ങൾ തന്നെ തുടർന്നു. ഫോക്സ് ക്രോഫ്റ്റിന്റെ ഗവർണറായിരുന്ന ശ്രീമതി അസെൻഷ്യ ദവാസ്- ന്റെ കേസിൽ മദ്രാസ് ജൂറി നടത്തിയ ആദ്യ വിചാരണയ്ക്ക് സ്വദേശികൾ ഉൾപ്പെടെ സാക്ഷ്യം വഹിച്ചതിനാൽ 1665-ാം വർഷം വളരെ പ്രാധാന്യം അർഹിക്കുന്നു. 1678-ൽ സ്ട്രൈൻ ഷാം മാസ്റ്ററെ ഗവർണറായി നിയമിച്ചതോടെ മദ്രാസിലെ നീതി ന്യായ വാവസ്ഥ പുന.സംഘടിപ്പിക്കപ്പെട്ടു. ഗവർണറുടെയും കൗൺസിലിന്റെയും കോടതിയെ ഹൈക്കോടതിയായും ഇംഗ്ലീഷിനെ കോടതി ഭാഷയായും പ്രഖ്യാപിച്ചു. 1683 -ലെ കരാർ വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന കടൽ വാണിജ്യക്കാരെ വിചാരണ ചെയ്യുന്നതിനായുള്ള നാവിക സൈന്യ കോടതി സ്ഥാപിച്ചു. 1687-ലെ കരാർ മദ്രാസ് കോർപ്പറേഷൻ രൂപീകരിക്കുന്നതിനുള്ള അധികാരം കമ്പനിക്ക് നല്കി. മേയർ കോടതിയും അതിനോടൊപ്പം ബന്ധിപ്പിച്ചു. ഈ കോടതി തന്നെ, മദ്രാസ് നഗരത്തിന്റെ കോടതിയായി പ്രവർത്തിച്ചു.



പ്രവർത്തനം

ശ്രീമതി അസെൻഷ്യ ദവാസിന്റെ കേസിൽ, മദ്രാസിലെ ജൂറി നടത്തിയ ആദ്യത്തെ വിചാരണയെ കുറിച്ച് കൂടുതൽ വായിക്കുക.

1668-ലെ കരാർ ബോംബേയിലെ നീതിന്യായ നിർവ്വഹണത്തെ സംബന്ധിച്ചുള്ള അധികാരവും അംഗീകാരവും കമ്പനിക്ക് നൽകി 1672-ലെ പ്രഖ്യാപനം ബോംബേയിലെ നീതിന്യായ വകുപ്പിലും ഇംഗ്ലീഷ് (ബ്രിട്ടീഷ്) നിയമം പ്രയോഗത്തിൽ വരുത്തുകയും ഒപ്പം പുതിയ കേന്ദ്രകോടതി സ്ഥാപിക്കുകയും ചെയ്തു. ഇംഗ്ലീഷ് (ബ്രിട്ടീഷ്) നിയമപ്രയോഗം യൂറോപ്യരും യൂറോപ്യൻ താല്പര്യങ്ങളും ഉൾപ്പെടുന്ന വ്യവഹാരങ്ങൽക്ക് മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. മാത്രമല്ല ക്രിമിനൽ നിയമം നടപ്പാക്കുന്നതിന് ക്രമസമാധാന ന്യായാധിപൻമാരെ നിയമിക്കുകയും ചെയ്തു. സാക്ഷി വിസ്താരത്തനും പ്രാഥമിക അന്വേഷണത്തിന് ശേഷവുമാണ് വ്യവഹാരങ്ങൾ കോടതിയിലേക്ക് മാറ്റിയിരുന്നത്. എന്നിരുന്നാലും മുഗൾ നാവിക സൈന്യാധിപനായ സിദി യാക്കൂബിന്റെ ആക്രമണം 1690-ൽ ബോംബയിലെ കോടതികൾ പിരിച്ചുവിടാൻ കാരണമായി. 12 വർഷങ്ങൾക്കു ശേഷം 1702 ൽ നീതി ന്യായ കോടതി പുന: ജീവിപ്പിച്ചു. സിവിൽ ക്രിമിനൽ വ്യവഹാരങ്ങളിൽ ഈ കോതടിക്ക് അധികാരപരിധിയുണ്ടായുരുന്നു. ഈ കോടതി ആഴ്ചയിൽ ഒരു തവണ മാത്രമേ യോഗം ചേർത്തിരുന്നുവെങ്കിലും ,അതി വേഗ വിചാരണകളാലും നിഷ്പക്ഷ തീരുമാനങ്ങളാലും വളരെ അധികം ആദരിക്കപ്പെട്ടിരുന്നു.

കൽക്കട്ടാ പ്രസിഡൻസിയെ സംബന്ധിച്ചടത്തോളം ഗവർണ്ണർക്കും കൗൺസിലിനും നീതി ന്യായ വകുപ്പിൽ പ്രത്യേക അധികാരങ്ങൾ നൽകിയിരുന്നു. സിവിൽ ,ക്രിമിനൽ വ്യവഹാരങ്ങളിൽ കമ്പനി നിലവിലുണ്ടായിരുന്ന മുഗൾ നീതി ന്യായ ഭരണവ്യവസ്ഥപിൻതുടർന്നു. ഇംഗ്ലീഷ്(ബ്രിട്ടീഷ്) കളക്ടർ അദ്ധ്യക്ഷത വഹിച്ചിരുന്ന ദൗജ് ദാരി കോടതി, സിവിൽ ക്രിമിനൽ വ്യവഹാരങ്ങളിൽ തീരുമാനം എടുക്കുകയും കളക്ടർ അവയിൽ മദ്ധ്യസ്ഥത വഹിക്കുകയും ചെയ്തിരുന്നു. കൽക്കട്ടയുടെ നീതിന്യായ നിർവ്വഹണത്തിൽ കളക്ടർ മുഖ്യ പങ്ക് വഹിക്കുകയും അദ്ദേഹത്തിന്റെ ഓഫീസ് (കാര്യലയം) സിവിൽ ക്രിമിനൽ, നികുതി വ്യാവഹാരങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്തിരുന്നു.

1687-ലെ കരാർ (ഉടമ്പടി) മദ്രാസിന് മാത്രമേ ബാധകമാകുകയുള്ളൂ. 1726-ൽ മൂന്ന് പ്രസിഡൻസികളിൽ ഓരോന്നിനും ഓരേ മേയർ കോടതി രൂപീകരിച്ചു. 1753 ലെ കരാർ(ഉടമ്പടി) 17 26 -ലെ ചില നീതിന്യായവ്യവസ്ഥകളെ കൂടുതലായി പരി

ഷ്ക്കരിച്ചു.ഇതനുസരിച്ച് അപേക്ഷാ കോടതി മേയർ കോടതി, രാഷ്ട്രപതിയുടെ കോടതികൾ കൗൺസിൽരാജകീയകൗൺസിൽഎന്നീഅഞ്ചു കോടതികൾരൂപീകരിക്കപ്പെട്ടുഇന്ത്യൻനീതിന്യാ വ്യവസ്ഥയിലെ പരിണാമത്തിലെ മറ്റൊരു നാഴിക കല്ലാണ് 1772-ലെ വാറൻ ഹേസ്റ്റിംഗിന്റെ പദ്ധതി. ഇത് നീതി ന്യായ ഭരണസംവിധാനത്തെ ക്രമീ കരിക്കുന്ന വിധത്തിലുള്ളതായിരുന്നു. 1780- ൽ അദ്ദേഹം പ്രദേശിക സിവിൽ കോടതി (അദാല ത്ത്) കളും പുന:സംഘടിപ്പിച്ചു

അധിനിവേശ(കോളനി) കാലത്ത് തദ്ദേശ നിയമങ്ങളെ ക്രോഡീകരിച്ചത് നീതി ന്യായ രംഗ ത്തെ ഒരു പ്രധാനപ്പെട്ട പുരോഗതിയായിരുന്നു.



വാറൻ ഹേസ്റ്റിംഗ്സ്



കോൺവാലിസ്

ആദ്യത്തെ ഗവർണർ ജനറൽ വാറൻഹേ സ്റ്റിംഗ്സ്, ഹിന്ദു നിയമങ്ങളുടെ ക്രോഡീകരണ ത്തിന് കാരണക്കാരനായി. കോൺവാലീസിന്റെ നിയമ സംഹിത മറ്റൊരു പ്രധാന സംഭാവനയാ ണ്. അതിപോലെ ഇസ്ലാമിക നിയമവും ക്രോഡീ കരിക്കുകയും അത് കോടതികളിൽ അംഗീകരി ക്കപ്പെടുകയും ചെയ്തു.

1773-ലെ റെഗുലേറ്റിംഗ് ആക്ട് കൽക്കട്ട യിൽ നീതിന്യായ സുപ്രീം കോടതി സ്ഥാപിക്കാൻ കീരീടാവകാശിയെ അധികാരപ്പെടുത്തി. 1774- ലെ കരാർ(ഉടമ്പടി) കോടതിയ്ക്ക് അധികാരപരി ധികൾ വിപുലീകരിച്ചു. എങ്കിലും അതേ കാല യളവിൽ ബോംബയിലും മദ്രാസിലും സുപ്രീം കോടതികൾ സ്ഥാപിച്ചിട്ടില്ലായിരുന്നു 1801, 1824- വർഷങ്ങളിൽ യഥാക്രമം മദ്രാസിലും ബോംബ യിലും സുപ്രീം കോടതികൾ സ്ഥാപിക്കപ്പെട്ടു. 1793-ൽ കോൺവാലീസ് പ്രഭു കോൺവാലീസ് നിയമാവലി എന്നറിയപ്പെടുന്ന പ്രസിദ്ധമായ ഒരു നിയമ ക്രമീകരണ സഹിതം തയ്യാറാക്കി. ഇത് സിവിൽ, ക്രിമിനൽ നീതി വിചാരണകൾ കൈ കാര്യം ചെയ്യുന്നവയായിരുന്നു. അദ്ദേഹം സിവിൽ കോതടികളെ പുന:സംഘടിപ്പിച്ചു. കോടതി ഫീസ് നിർത്തലാക്കി. ക്രിമിനൽ കോടതികളെ പരിഷ് ക്കരിച്ചു. 1807 -ൽ മിന്റോ പ്രഭു ബംഗാൾ ഗവർണർ ജനറലായി നിയമിതനായ ശേഷം വിവിധ കോട തികളുടെ അധികാരവും അധികാര പരിധിയും വർദ്ധിപ്പിച്ചു. 1813-ൽ ഗവർണർ ജനറൽ ഹേസ്റ്റിം ഗ്സ് പ്രഭു രാജ്യത്തെ സിവിൽ, ക്രിമിനൽ നീതി ന്യായ വകുപ്പിൽ നിരവധി പരിഷ്ക്കാരങ്ങൾ പ്രയോഗ ത്തിൽ വരുത്തി. നീതിന്യായ നിർവ്വഹണത്തിലെ കാല താമസം (ചുവപ്പുനാട സമ്പ്രദായം) തട യാനുള്ളശ്രമങ്ങൾനടത്തി.അദ്ദേഹത്തിനുശേഷം അധികാരമേറ്റ ബന്റിംഗ് പ്രഭു., ഇന്ത്യൻ നീതിന്യാ യസംവിധാനത്തെ പൂർണ്ണമായും പുന:സംഘടി പ്പിക്കുകയും ഏകീകരിക്കുകയും ചെയ്തു. അദ്ദേ ഹം പ്രവിശ്യ അപ്പീൽ കോടതികളെ നിരോധി ക്കുകയും അവയുടെ പ്രവർത്തനങ്ങളെ ജില്ലാ



കൊൽക്കത്ത ഹൈകോർട്ട്



മുംബൈ ഹൈകോർട്ട്



ചെന്നൈ ഹൈകോർട്ട്

ദിവാനി അദാലത്ത്കളിലേക്ക് മാറ്റുകയും ചെയ്തു. 1834-നും 1861 നും ഇടയ്ക്ക് രാജകീയ കോടതിയും കമ്പനി കോടതിയും പ്രത്യേക അധികാര പരിധിയുള്ള കോടതികളുടെ ഇരട്ട സംവിധാനം രൂപീകരിച്ചു. 1861-ലെ ഇന്ത്യൻ ഹൈക്കോടതി നിയമം കൽക്കട്ട മദ്രാസ് ബോംബേ എന്നിവിടങ്ങളിൽ ഹൈക്കോടതികൾ സ്ഥാപിക്കാൻ രാജാവിനെ (കീരീടവകാശിയെ) അധികാരപ്പെടുത്തി. ഇത് സുപ്രീം കോടതികൾ നിർത്തലാക്കാനും കാരണമായി. ഇതിനെ ഇന്ത്യൻ ബൈക്കോടതികളുടെ വികാസത്തിന്റെ നാഴികക്കല്ലായി കണക്കാക്കപ്പെടുന്നു. പിന്നീട് 1935-ലെ ഇന്ത്യൻ ഗവൺമെന്റ് നിയമം ഹൈക്കോടതികളുടെ സ്വഭാവത്തിലും അധികാരപരിധിയിലും ഗണ്യമായ മാറ്റങ്ങൾ വരുത്തി. സ്വതന്ത്ര്യത്തിനും ഭരണഘടന നടപ്പിലാക്കുന്നതിനുമിടയിൽ പഞ്ചാബ്, ആസാം, ഒറീസ, രാജസ്ഥാൻ തിരുവിതാംകൂർ, മൈസൂർ ജന്മുകാശ്മീർ എന്നീവിടങ്ങളുലായി ഏഴ് കോടതികൾ സ്ഥാപിച്ചു. മറ്റ് ഹൈക്കോടതികൾ പിന്നീട് സ്ഥാപിക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടന നടപ്പിലാക്കിയ ശേഷം നിലവിലുള്ള എല്ലാ ബൈകോടതികളെയും അംഗീകരിച്ചു. മാത്രമല്ല എല്ലാ സംസ്ഥാനങ്ങളിലും ഹൈക്കോടതികൾ സ്ഥാപിക്കുന്നതിനും രണ്ടോ അധിലധികമോ സംസ്ഥാനങ്ങൾക്കും കേന്ദ്ര ഭരണപ്രദേശങ്ങൾക്കുമായി ഹൈക്കോടതികൾസംയോജിപ്പിക്കുന്നതിനുമായി പാർലമെന്റിനെ അധികാരപ്പെടുത്തി. 1976-ലെ 42-ാം മത് ഭരണഘടനാ ഭേദഗതി നിയമം ഹൈക്കോടതികളുടെ അധികാരപരിധിയിൽ വലിയ മാറ്റങ്ങൾ വരുത്തി.

ഇപ്രകാരം ആരംഭത്തിൽ കൽക്കട്ട, മദ്രാസ്, ബോംബേ എന്നീ മൂന്ന് ഹൈകോടതികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സ്വതന്ത്ര്യത്തിനു മുമ്പുള്ള നിയമങ്ങളും വ്യവസ്ഥകളും അവരുടെ നിയമ സംവിധാനത്തിലും അധികാര പരിധിയിലും ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തി. അതിലൂടെ അവരുടെ സ്വതന്ത്രതയും നിഷ്പക്ഷതയും ഉറപ്പിക്കുകയും ചെയ്തു. ഭരണഘടന നടപ്പിലാക്കിയ ശേഷം, അവരുടെ നിലപാടുകൾ ശക്തിപ്പെടുത്തുകയും സിവിൽ, ക്രിമിനൽ, വ്യവഹാരങ്ങളിലെ മൗലികമായ അപ്പീൽ അധികാര പരിധിക്കു പുറമേ ഭരണഘടനയുടെ സംരക്ഷകനായും വ്യാഖ്യാതാവുമായി പ്രവർത്തിക്കുകയും ചെയ്തു.

ഉറവിടം: സുമീത് മാലിക് വി.ഡി കുൽശ്രേഷ്ഠയുടെ, ഇന്ത്യൻ നിയമ ഭരണഘടന ചരിത്രത്തിന്റെ നാഴികകല്ലുകൾ ലാന്റ് മാർക്ക്സ് ഇന്ത്യൻ ലീഗൽ ആന്റ് കോൺസ്റ്റിറ്റ്യൂഷണൽ ഹിസ്റ്ററി പബ്ലിഷിംഗ് പ്രൈവറ്റ് ലിമിറ്റഡ്. ലക്നൗ 2017

ഇന്ത്യൻ സുപ്രീം കോടതി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 1935-ൽ ഇന്ത്യൻ സർക്കാരിന്റെ നിയമം; നിയമ നിർമ്മാണത്തിലെ ഒരു നാഴികകല്ലാണ്. ഈ നിയമം ഇന്ത്യൻ സർക്കാരിന്റെ ഘടനയിൽ മാറ്റം വരുത്താൻ ശ്രമിച്ചു. ഏകാധിപത്യത്തിൽ നിന്നും സംയുക്തസർക്കരിലേക്ക് മാറി കൊണ്ടിരുന്ന സാഹചര്യമായതിനാൽ ഒരു സംയുക്ത കോടതിയുടെ ആവശ്യകത ഏർപ്പെട്ടു. ഇക്കാര്യത്തിൽ പ്രത്യേക വ്യവസ്ഥകൾ ഏർപ്പെടുത്തുകയും 1937-ൽ സംയുക്ത കോടതീ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇതിൽ ഒരു ചീഫ് ജസ്റ്റിസും ആറ് ജഡ്ജിമാരും ഉൾപ്പെട്ടിരുന്നു. 1950-ൽ ഈ കോടതി ഇന്ത്യൻ സുപ്രീം കോടതിയായി. ഇടയ്ക്കുള്ള 12-വർഷത്തെ ഹ്രസ്വ കാലയളവിൽ ഈ സംയുക്ത കോടതി ഇന്ത്യയുടെ നിയമ ചരിത്രത്തിൽ മായാത്ത സ്വാധീനം ചെലുത്തി. ഇത് ദേശീയ അധികാര പരിധിയുള്ള ആദ്യത്തെ കോടതി ആയിരുന്നു. ഈ സംയുക്ത കോടതിയിൽ നിന്നാണ് അതിന്റെ പിൻഗാമികൾ സ്വതന്ത്ര്യം, സമഗ്രത , നിഷ്പക്ഷത എന്നിവ പാരമ്പര്യമായി നേടിയത്. മാത്രമല്ല 1726-നും 1833 -നും ഇടയിൽ പ്രിവി കൗൺസിൽ (രാജാവിന്റെ ഉപദേശക സമിതീ) വഹിച്ച പങ്ക് പ്രത്യേക പരാമർശം അർഹിക്കുന്നതാണ്. ഇത് ഇന്നും ഇന്ത്യൻ കോടതികൾക്ക് ഒരു ദീപസ്തംഭമായി വർത്തിക്കുന്ന, ഇന്ത്യൻ നിയമത്തിന്റെ അടിസ്ഥാന തത്വങ്ങൾ പ്രതി പാദിച്ചുകൊണ്ട് ഇന്ത്യയിലെ നീതിന്യായവ്യവസ്ഥയെ വളരെയധികം സഹായിക്കുന്നു.

1947-ലെ ഇന്ത്യൻ സ്വതന്ത്ര്യനിയമം രാഷ്ട്രീയ അധികാരം കൈമാറുന്നതിന് ഇടയാക്കി. ഇത് പ്രത്യേകവും സ്വതന്ത്രവുമായ ഒരു നീതിന്യായ സഭ (ജുഡീഷ്യൽ ബോഡി) സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഏർപ്പെടുത്തി. ഈ ലക്ഷ്യത്തോടെ സംയുക്ത കോടതി (ഫെഡറൽ കോർട്ട്) യുടെ അധികാരപരിധിയായി വിപുലീകരിക്കുകയും രാജാവിന്റെ ഉപദേശകസമിതിയുടെ (പ്രിവി

കൗൺസിൽ) നിയമം നിർത്തലാക്കുകയും ചെയ്തു. 1949-ൽ ഇന്ത്യൻ സംയുക്ത കോടതിയെ (ഫെഡറൽ ജൂഡീഷറി) രാജ്യത്തെ പരമോന്നത നീതിന്യായസഭ (ജുഡീഷ്യൽ ബോഡി) യാക്കി മാറ്റി. 1950-ജനുവരി 26-ന് ഭരണഘടന നടപ്പാക്കിയതോടെ 124-ാം വകുപ്പ് ആർട്ടിക്കിൾ സുപ്രീം കോടതി സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്തു. അങ്ങനെ ഇന്ത്യൻ നീതിന്യായവ്യവസ്ഥയുടെ സംവിധാനത്തിലുള്ള പരിണാമം സംഭവിച്ചു. അത് കാലത്തിനനുസരിച്ച് മികച്ചതും ബുദ്ധിപരമായതുമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

പ്രവർത്തനം

ഒരു സുപ്രധാന വിധി

ഛത്തീഷ്കർ സംസ്ഥാനത്തിൽ മാവോയിസ്റ്റ് കലാപത്തിനെതിരായ പോരാട്ടത്തിൽ കോയകമോൻ ഡോകളെയും സാൽവാജുദും അല്ലെങ്കിൽ മറ്റു സൈന്യങ്ങളുടെ പേരിൽ ഗോത്ര വർഗ്ഗ യുവാക്കളെയും പ്രത്യേക പോലീസ് ഓഫീസർ മാരായി വിന്യസിക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് സുപ്രീംകോടതി പ്രഖ്യാപിക്കുകയും അവരുടെ നിരായുധീകരണത്തിന് ഉത്തരവിടുകയും ചെയ്തു. ഈ വിധി ഛത്തീസ്കർ സർക്കാരിനും കേന്ദ്രസർക്കാരിനും തിരിച്ചടിയായി. അഞ്ചാം ക്ലാസ്സ് പാസ്സായ യുവാക്കളെ ആയുധധാരണം ചെയ്യുന്നതിലും അവർക്ക് പോലീസിന്റെ അധികാരം നൽകുന്നതിലും ഭരണഘടന നിയമങ്ങൾ ലംഘിച്ചതിന്, സാമൂഹികനരവംശ ശാസ്ത്രജ്ഞനായ പ്രൊഫ .നന്ദിനിസുന്ദറും മറ്റുള്ളവരും സമർപ്പിച്ച റിട്ട് ഹർജിയിൽ ജസ്റ്റിസ് ബി.സുദർശൻ റെഡ്ഡിയും ജസ്റ്റിസ് എസ്. എസ്. നിജ്ജറും വിധികൽപ്പിച്ചു.





കടപ്പാട്: ദിഹിന്ദു ദിനപത്രം

ജസ്റ്റിസ്റെഡ്ഡി ഛത്തീസ്കർ സംസ്ഥാനത്തിന് നൽകിയ ഉത്തരവിൽ മാവോയിസ്റ്റ്, നക്സൈറ്റ് പ്രവർത്തനങ്ങളെ നിയന്ത്രിക്കുക, പ്രതിരോധിക്കുക, ലഘൂകരിക്കുക അല്ലെങ്കിൽ ഇല്ലാതാക്കുക. എന്നിവ ലക്ഷ്യമിട്ട് പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും രൂപത്തിലോ രീതിയിലോ പ്രത്യേക പോലീസ് ഓഫീസർമാരെ (സ്പോസ്) ഉപയോഗിക്കുന്നത് ഉടൻ അവസാനിപ്പിക്കണമെന്ന് ഉത്തരവിട്ടു. സാൽവാജുദും കോയ കമാൻഡോകളും ഉൾപ്പെടെയുള്ള ഏതൊരു ന്ഭാഗത്തിന്റെ പ്രവർത്തനം തടയാൻ ഛത്തീഷ്കർ സംസ്ഥാനം ഉചിതമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നും ബെഞ്ച് വ്യക്തമാക്കി. അതുപോലെ ഭരണഘടനാ വിരുദ്ധമായും മൗലീകാവകാശങ്ങൾ ലംഘിക്കുന്ന വിധത്തിലും നിയമം സ്വകാര്യ കൈകളിൽ എത്തിച്ചേരാൻ പാടില്ലാ എന്നു അനുശാസിച്ചു. ഭരണഘടനാഉത്തരവാദിത്തത്തിന്റെ നാലു കോണുകളിൽ പ്രവർത്തിക്കേണ്ടത് സംസ്ഥാനത്തിന്റെ ഓരോ വിഭാഗങ്ങളുടേയും ഉത്തരവാദിത്വമാണെന്നതാണ് പ്രധമിക മൂല്യം .അതാണ് നിയമത്തിന്റെ ആത്യന്തിക ഭരണം എന്ന് ബെഞ്ച് പറയുന്നു

കടപ്പാട് ദി ഹിന്ദു. 3-8-2011.

ചർച്ച

സുപ്രീം കോടത്യുടെ സുപ്രധാന വിന്യാസത്തെ ക്കുറിച്ച് ടീച്ചർക്ക് സംഘ ചർച്ച സംഘടിപ്പിക്കാൻ കഴിയും അനുവദിച്ചിട്ടുള്ള സമയം 20 മിനിറ്റ്

പ്രവർത്തനം

പ്രിവികൗൺസിലിനെക്കുറിച്ച് കൂടുതൽ വായിക്കുക. ഇന്ത്യയിലെ നീതിന്യായ വ്യവസ്ഥയുടെ പരിണാമത്തിൽ, അതിന്റെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സിൽ ചർച്ച നടത്തുക.

സർ ഹരിസിംഗ്ഗൗർ



1921 പ്രിവി കൗൺസിലിന് പകരമായി ഒരു അഖിലേന്ത്യാ അന്തിമ അപ്പീൽ കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കിയ ഇന്ത്യൻ നിയമ ചരിത്രത്തിലെ ആദ്യത്തെ വ്യക്തിയായിരുന്നു സർ. സിംഗ് ഗൗർ

4.4 ഇന്ത്യൻ സുപ്രീം കോടതി

അതുല്യത നിയമത്തിന്റെ ഉറവിടങ്ങൾ

അധികാരപരിധിയും അധികാരങ്ങളും -സംഘടന: മൂന്നു തലത്തിലുള്ള നീതിന്യായ സംവിധാനത്തിന് ഇന്ത്യൻ ഭരണഘടന വ്യവസ്ഥ ചെയ്യുന്നു

(1). ഇന്ത്യൻ സുപ്രീം കോടതി

(2). സംസ്ഥാനങ്ങളിലെ ഹൈകോടതികൾ

(3). എല്ലാ സംസ്ഥാനങ്ങളിലേയും ജുഡീഷ്യൽ ജില്ലകളിലെ ജില്ലാ സെക്ഷൻസ് കോടതികൾ



ഭരണഘടന ഒരു സ്വതന്ത്രജൂഡീഷറിയും നൽകുന്നു. അതായത് എക്സിക്യൂട്ടീവിന്റെയും നിയമനിർമ്മാണ സഭയുടേയും സ്വതന്ത്ര്യം .ഇന്ത്യയെപോലുള്ള ഒരു ജനാധിപത്യ സംയുക്ത (ഫെഡറൽ) രാഷ്ട്രത്തിൽ സുപ്രീം കോടതിയാണ് ഭരണഘടനയുടെ രക്ഷാധികാരി. സംസ്ഥാനങ്ങളും കേന്ദ്രസർക്കാരും തമ്മിലുള്ള തർക്കങ്ങളിലും സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളിലും ഒരു മദ്ധ്യസ്ഥനെന്ന നിലയിലും, എല്ലാ സിവിൽ ക്രിമിനലുകളിലേയും പരമോന്നത അപ്പീൽ കോടതിയായും സിപ്രീം കോടതി പ്രവർത്തിക്കുന്നു. ഇന്ത്യയിലെ എല്ലാപൗരന്മാരുടേയും മൗലീകാവകാശങ്ങളും സ്വാതന്ത്യങ്ങളും സംരക്ഷിക്കപ്പെടുകയും നടപ്പാക്കുകയും ചെയ്യുന്നതിനുള്ള കഠിനമായ ഉത്തരവാദിത്വമാണ് ഇതിന് നൽകിയിരിക്കുന്നത് .എന്നിരുന്നാലും യു.എസ്.എ.യിലെ ഫഡറൽ സംവിധാനത്തെപ്പോലെ(ഒന്ന് ഫെഡറൽ മറ്റൊന്ന് സംസ്ഥാനങ്ങൾക്ക്) ഇരട്ട സംവിധാനം ഇന്ത്യൻ ഭരണഘടന ജുഡീഷ്യറിക്ക് നൽകുന്നില്ല ഇന്ത്യക്ക് ഏകീകൃത നീതി ന്യായ വ്യവസ്ഥ മാത്രമേയുള്ളൂ. സുപ്രീം കോടതി പരമോന്നത കോടതി എന്ന നിലയിൽ ഇന്ത്യയിലെ മറ്റെല്ലാ കോടതികളുടേയും മേൽ അധികാരം ചെലുത്തുന്നു.

പ്രവർത്തനം

വ്യത്യാന്ത പത്രത്തെ പിൻതുടർന്നുള്ള പ്രവർത്തനം

ഒരു മാസത്തേക്ക് വ്യത്യാന്തപത്രം പിന്തുടരുക, ജില്ലാസെക്ഷൻ കോടതികൾ, ഹൈക്കോടതി, സുപ്രീം കോടതി എന്നീവിടങ്ങളിലെ സിവിൽ കേസുകളുമായി ബന്ധപ്പെട്ടവാർത്തകൾ ശേഖരിക്കുക. വാർത്തകളുടെ തലക്കെട്ടുകൾ ചാർട്ടിൽ എഴുതുക. അത് അറിയിപ്പ് ബോർഡിൽ പ്രദർശിപ്പിക്കുക. അല്ലെങ്കിൽ നിങ്ങളുടെ ശേഖരം ക്ലാസ്സ് മുറിയിൽ അവതരിപ്പിക്കുക.

നിയമത്തിന്റെ ഉറവിടങ്ങൾ : ഭരണഘടനയാണ് ഇന്ത്യൻ നിയമത്തിന്റെ പ്രധാന ഉറവിടം. യൂണിയൻ സംസ്ഥാന കേന്ദ്ര ഭരണപ്രദേശങ്ങളിലെ നിയമ നിർമ്മാണ സഭകൾ നടപ്പിലാക്കുന്ന നിയമങ്ങൾ ഭരണഘടനയുടെ അടിസ്ഥാന കാര്യങ്ങൾക്ക് അനുസൃതമായിരുക്കുന്നിടത്തോളം കാലം നിയമത്തിന്റെ മറ്റൊരു ഉറവിടമായി മാറുന്നു. നിയമങ്ങൾ വ്യവസ്ഥകൾ, ഏതെങ്കിലും ഭരണസമിതി (അഡ്മിനിസ്ട്രേറ്റീവ് ബോഡി)യുടെ കീഴിലുള്ള നിയമനിർമ്മാണങ്ങൾ എന്നിവ ജുഡീഷ്യറി നിരസിക്കുന്നതുവരെ നിയമത്തിന്റെ മൂന്നാമത്തെ ഉറവിടമാണ്.

സംയോജിത നീതി ന്യായവ്യവസ്ഥ

നിങ്ങൾക്ക് അറിയാമോ?

ഇന്ത്യൻ സംയുക്ത ഭരണത്തിന് ഇരട്ട ഭരണ സമ്പ്രദായമാണെങ്കിലും ഇരട്ട നീതി ന്യായവ്യവസ്ഥയില്ല. ഹൈക്കോടതികളും സുപ്രീംകോടതിയും ഭരണഘടനാ നിയമപ്രകാരം സിവിൽ ക്രിമിനൽ കേസുകൾ തുടങ്ങിയ എല്ലാ കേസുകളിലും അധികാര പരിധിയുള്ളതും പരിഹാരങ്ങൾ നൽകുന്നതുമായ ഒരൊറ്റ സംയോജിത നീതിന്യായ വ്യവസ്ഥയാണ് . പരിഹാര നടപടി ക്രമത്തിലെ എല്ലാ വൈവിധ്യങ്ങളേയും ഇല്ലാതാക്കുകയാണ് ഇത് ചെയ്യുന്നത്.

-ഡോ.ബി.ആർ അംബേദ്കർ.

സുപ്രീം കോടതിയുടെ അധികാര പരിധിയും അധികാരങ്ങളും: സുപ്രീം കോടതിക്ക് യഥാർത്ഥ, അപ്പീൽ ,ഉപദേശക അധികാരപരിധിയുണ്ട്. സുപ്രീം കോടതിയിൽ ഉദ്ഭവിച്ചേക്കാവുന്ന എല്ലാ കേസുകളിലേക്കും സുപ്രീംകോടതിയുടെയഥാർത്ഥ അധികാര പരിധി വ്യാപിക്കുന്നു. ഇന്ത്യൻ സർക്കാരോ ഓന്നോ അതിലധികമോ സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളോ ഇതിൽ ഉൾപ്പെടുന്നു. മൗലിക അവകാശങ്ങൾ സംബന്ധിച്ചു തർക്കങ്ങളിൽ സുപ്രീം കോടതിക്ക് യാഥാർത്ഥ്യവും അപ്പീൽ അധികാര പരിധിയുമുണ്ട്. ഇതിന് റിട്ട്സ് ഓഫ് ഹേബ്യസ് കോർപ്ഡ് റിട്ട് ഓഫ് മണ്ടാമസ് റിട്ട് ഓഫ് പ്രൊഹിബിഷൻ റിട്ട് ഓഫ് സെർട്ടിയോരാരി റിട്ട് ഓഫ് ക്വാവാറന്റേ എന്നീ ഉത്തരവുകൾ നൽകുന്നു.

ഹൈകോടതിയുടെ ന്യായവിധികൾക്കെതിരെ അപ്പീൽ നൽകാൻ കഴിയുന്ന ഇന്ത്യയിലെ പരമോന്നത അപ്പീൽ കോടതിയാണ് സുപ്രീം കോടതി. (സിവിൽ ക്രിമിനൽ കേസുകളിൽ)

സുപ്രീം കോടതിക്ക് ചില ഉപദേശക അധികാരങ്ങൾ നൽകിയിട്ടുണ്ട്. ഏത് നിയമ നിർമ്മാണ നടപടികളിലും രാഷ്ട്രപതിക്ക് സുപ്രീം കോടതിയുടെ ഉപദേശം തേടാം. എന്നിരുന്നാലും സുപ്രീം കോടതിയുടെ ഉപദശം രാഷ്ട്രപതി അംഗീകരിക്കണമെന്നില്ല. (ആർട്ടിക്കിൾ 143)

ഭരണഘടനയുടെ രക്ഷാധികാരിയായി സുപ്രീം കോടതി പ്രവർത്തിക്കുന്നു. ഭരണഘടനാ നിയമങ്ങളെ വ്യഖ്യാനിക്കാനുള്ള അന്തിമ അധികാരമാണത് കൂടാതെ ഏതെങ്കിലും നിയമമോ നിർ

സംവാദം

വിഷയം നീതിവൈകുന്നത് നീതി നിക്ഷേധിക്കലാണ്.

കീഴ് കോടതികളുടെ സാവധാന നീതി നിർവ്വഹണത്താൽ 2.91.കോടി കേസുകൾ അവശേഷിക്കുന്നു.

- ജില്ലാ ,കീഴ് കോടതികളിലായി 8 ലക്ഷത്തിലധികം കേസുകളിൽ തീർപ്പു കല്പിക്കപ്പെടാത്ത എറ്റവും കൂടുതൽ പഴക്കമുള്ള കോടതി കേസുകളുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ ഉത്തർപ്രദേശ് ആണ് ഒന്നാം സ്ഥാനത്തുള്ളത്.
- ദേശീയ നീതിന്യായ സ്ഥിതി വിവരവിനിമയം അനുസരിച്ച്, ജില്ലാ കീഴ് കോടതികളിലെ 2.91 കോടി കേസുകൾക്ക് തീർപ്പു കല്പിക്കപ്പെട്ടിട്ടില്ല. ഇവയിൽ 21.90 ലക്ഷം കേസുകൾ 10 വർഷത്തിലേറെയായി തീർപ്പുകല്പിക്കപ്പെടാതെ അവശേഷിക്കുന്നവയാണ്.
- ഉത്തർപ്രദേശിനെ തുടർന്ന് ബീഹാറിൽ മൂന്ന് ലക്ഷത്തിൽ അധികം കേസുകളും മഹാരാട്രയിൽ 2. ലക്ഷത്തിലധികം കേസുകളും ശേഷിക്കുന്നു. സിക്കിം, ആൻഡമാൻ, നിക്കോബാർ എന്നീവിടങ്ങളിൽ യഥാക്രമം 2 കേസുകളേ അല്ലെങ്കിൽ ഒന്നും ശേഷിക്കുന്നില്ലാ എന്ന സ്ഥിതിയിലാണ്.
- നീതി വൈകുന്നത് നീതി നിഷേധിക്കലാണ് എന്ന വിഷയത്തിൽ അദ്ധ്യാപകന് ഒരു വിമർശനാത്മക സംവാദം സംഘടിപ്പിക്കാൻ കഴിയും. പഠിതാക്കളെ രണ്ടു വിഭാഗങ്ങളായി തിരിക്കാം. ഒരു വിഭാഗം വിഷയത്തെ അനുകൂലിച്ചും മറ്റൊരു വീഭാഗം പ്രതികൂലിച്ചും സംവാദം നടത്താം.

വഹണ നടപടികളോ കീഴ് കോടതിയുടെ വിധി വിന്യാസങ്ങളോ ഭരണഘടനയുടെ ലക്ഷ്യത്തിനും ആത്മാവുനും എതിരാണെന്ന് കണ്ടെത്തിയാൽ അവയെഅസാധുവായി പ്രഖ്യാപിക്കാനുള്ള അധികാരം സുപ്രീം കോടതിക്കുണ്ട്. ഭരണഘടനയിൽ പറഞ്ഞിട്ടുള്ള മൗലീകാവകാശങ്ങൾ സംരക്ഷിക്കുന്ന പരമോന്നത അധികാരവും സുപ്രീം കോടതിക്കാണ്.

സുപ്രീം കോടതിയുടെ സംവിധാനം

ഇന്ത്യൻ ഭരണഘടനയുടെ 5 ാം ഭാഗം 4 ാം അദ്ധ്യായമനുസരിച്ചാണ് സുപ്രീംകോടതിസ്ഥാപി

ച്ചിട്ടുള്ളത്. ഭരണഘടനയുടെ 124 മുതൽ 147 വരെയുള്ള ആർട്ടിക്കിളുകൾ സുപ്രീം കോടതിയുടെ ഘടനയും അധികാര പരിധിയും വ്യക്തമാക്കുന്നു. യഥാർത്ഥത്തിൽ ഭരണഘടനാ ചീഫ് ജസ്റ്റിസിനെയും അതിനു താഴെ ഏഴ് ജഡ്ജിമാരെയും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള അധികാരം ഭരണഘടന പാർലമെന്റിന് നൽകിയിട്ടുണ്ട്. 2008- ആയപ്പോഴേക്കും ജഡ്ജിമാരുടെ എണ്ണം എട്ടിൽ നിന്നും 30-ആയി വർദ്ധിപ്പിച്ചു. അത് 2019 ആയപ്പോൾ ചീഫ് ജസ്റ്റിസ് ഉൾപ്പെടെ 34 ജഡ്ജിമാരായി.

സുപ്രീം കോടതി ജഡ്ജിമാരുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ചീഫ് ജസ്റ്റിസ്, സുപ്രീം കോടതിയിലെ നാല് ജഡ്ജിമാരുടെ ഒരു കൊളീജിയ വുമായി പര്യാലോചിച്ച് തീരുമാനം എടുക്കുന്നു. കൊളീജിയത്തിന്റെ തീരുമാനം സമവായത്തോടുകൂടിയതായിരിക്കണം മന്ത്രിസഭയുമായും സുപ്രീം കോടതി ജഡ്ജിമാരുമായും കൂടിയാലോചിച്ചശേഷമാണ് സുപ്രീം കോടതിയിലെ ഓരോ ജഡ്ജിമാരെയും രാഷ്ട്രപതി നിയമിക്കുന്നത്. അപ്രകാരം നിയമിക്കപ്പെടുന്ന ജഡ്ജിമാർക്ക് 65 വയസ്സുവരെ പദവി വഹിക്കാം. ഏതെങ്കിലും ജഡ്ജിമാർ സ്ഥാനമൊഴിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒപ്പിട്ട രാജിക്കത്ത് രാഷ്ട്രപതിക്ക് സമർപ്പിച്ച് സ്ഥാനമൊഴിയാം. പാർലമെന്റിന് ഒരു ജഡ്ജിയെ ഇംപീച്ച് മെന്റിലൂടെ നീക്കാൻ കഴിയും. ജഡ്ജിയുടെ പദവിയിലേയ്ക്ക് ഒരാളെ പരിഗണിക്കുന്നതിന് അയാൾ ഇന്ത്യൻ പൗരൻ ആയിരിക്കണം. പാർലമെന്റ് കല്പിച്ചിട്ടുള്ള യോഗ്യതകൾ ഉണ്ടായിരിക്കണം. അതോടൊപ്പം ഹൈകോടതിജഡ്ജിയായി അഞ്ച് വർഷക്കാലം പദവി പഹിക്കുകയോ അല്ലെങ്കിൽ രണ്ടോ അതിലധികമോഹൈക്കോടതികളിൽ അഭിഭാഷകനായി 10 വർഷത്തെ തുടർച്ചയായ അനുഭവമോ ഉണ്ടായിരിക്കണം അല്ലെങ്കിൽ തീർച്ചയായും ആ വ്യക്തിക്ക് വിശിഷ്ട നിയമജ്ഞനെന്ന രാഷ്ട്രപതിയുടെ അംഗീകാരം ഉണ്ടായിരിക്കണം.

സീനീയോരിറ്റിയുടെ അടിസ്ഥാനത്തിലാണ് നിയമങ്ങൾ നടത്തുന്നത്.



2007 -ൽ കെ.ജി. ബാലകൃഷ്ണൻ സുപ്രീംകോടതി ചീഫ്ജസ്റ്റിസായി നിയമിക്കപ്പെട്ടു. ഇദ്ദേഹം പട്ടിക ജാതിയിൽപ്പെട്ട ആദ്യത്തെ ചീഫ് ജസ്റ്റിസാണ്

നിലവിലുള്ള ഭരണഘടന പ്രകാരം സുപ്രീം കോടതി 1950 ജനുവരി 28-ന് പ്രവർത്തനമാരംഭിച്ചു. ഇത് പാർലമെന്റിലെ ചേംബർ ഓഫ് പ്രിൻസസിൽ സ്ഥാപിച്ചു. പിന്നീട് 1958- ൽ നിലവിലെ കെട്ടിടത്തിലേക്ക് മാറ്റി.



സുപ്രീം കോടതിയിലെ ആദ്യത്തെ ചീഫ് ജസ്റ്റിസ് ആയിരുന്നു ഹരിലാൽ ജെ. ജഡ്ജിമാരായ സയ്യദ് ഫേസ് അലി ,എം പ തഞ്ജലി ശാസ്ത്രി ,മെഹർചന്ദ് മഹാജൻ,ബിജാൻ കുമാർ, മുഖർജിയാ എസ്. ആർ ദാസ്. എന്നിവരും അദ്ദേഹത്തോടൊപ്പം അധികാരമേറ്റു.

ഇംപീച്ച്മെന്റ്

സുപ്രീം കോടതിയിലെ ഒരു ജഡ്ജിയെ രാഷ്ട്രപതിയുടെ ഉത്തരവ് പ്രകാരം പാർലമെന്റിന്റെ ഓരോ സഭയും അഭിസംബോധന ചെയ്ത ശേഷം ആ സഭയുടെ മൊത്തം അംഗത്വത്തിന്റെ ഭൂരി പക്ഷവും ഒരേ വിഭാഗത്തിൽ ഹാജരാകുകയും വോട്ടു ചെയ്യുകയും ചെയ്യുന്ന സഭയുടെ മൂന്നിൽ രണ്ട് അംഗങ്ങളുടെ ഭൂരി പക്ഷവും പിന്തുണയ്ക്കണം.

ഹൈകോടതികൾ

ഒരു സംസ്ഥാനത്തിലെ നീതിന്യായഭരണ സംവിധാനത്തിന്റെ അദ്ധ്യക്ഷനാണ് ഹൈക്കോടതി. ഭരണസംവിധാനമനുസരിച്ച് ഓരോ സംസ്ഥാനത്തിനും ഓരോ ഹൈക്കോടതിയുണ്ടാകണമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും നിലവിൽ നാല് ഹൈക്കോടതികൾക്ക് ഒന്നിലധികം സംസ്ഥാനങ്ങ

ളുടെ അധികാര പരിധിയുണ്ട്. മറ്റ് ആറ് യൂണിയൻ പ്രദേശങ്ങളും സമീപ സംസ്ഥാന ഹൈകോടതികളുടെ അധികാരപരിധിയിൽപ്പെടുത്തിയിരുന്നു. ഒരോ ഹൈകോടതിയിലും ഓരോ ചീഫ് ജസ്റ്റിസും കാലകാലങ്ങളിൽ രാഷ്ട്രപതി നിയമിക്കുന്ന മറ്റ് ജഡ്ജിമാരും ഉൾപ്പെടുന്നു. ഇന്ത്യൻ ചീഫ് ജസ്റ്റിസുമായും സംസ്ഥാന ഗവർണറുമായും കൂടിയാലോചിച്ചാണ് രാഷ്ട്രപതി ഹൈകോടതി ചീഫ് ജസ്റ്റിസിനെ നിയമിക്കുന്നത്. മറ്റ് ജഡ്ജിമാരെ നിയമിക്കുമ്പോൾ അതാത് ഹൈകോടതി ചീഫ് ജസ്റ്റിസ്മാരോടും കൂടി ആലോചിക്കുന്നു. ഹൈകോടതികളിലെ ജഡ്ജിമാർ 62 വയസ്സുവരെ പദവി വഹിക്കുന്നു. അവരുടെ പദവി നീക്കത്തിന് സുപ്രീം കോടതി ജഡ്ജിമാരുടെ രീതി തന്നെ പിൻ പറ്റുന്നു. ഹൈക്കോടതിജഡ്ജിയായി നിയമിക്കപ്പെടുന്നതിന് അയാൾ ഇന്ത്യൻ പൗരൻ ആയിരിക്കണം. 10 വർഷം നീതിന്യായവകുപ്പിൽ പദവി വഹിച്ചിരിക്കണം അല്ലെങ്കിൽ 10 വർഷം ഹൈകോടതിയിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തിരിക്കണം.

സംസ്ഥാനത്തിനുള്ളിലുള്ള പ്രാദേശിക വ്യവഹാരങ്ങളിൽ ഹൈക്കോടതികൾക്ക് യഥാർത്ഥവും അപ്പീൽ അധികാര പരിധിയുമുണ്ട്. ഓരോ ഹൈക്കോടതിക്കും അതിന്റെ അധികാര പരിധിയിലുള്ള എല്ലാ കോടതികളുടെമേലും വിശിഷ്ഠ അധികാരമുണ്ട്. ഹൈക്കോടതികൾ ഏകവും സംയോജിതവുമായ നീതിന്യായവ്യവസ്ഥയുടെ വിഭാഗമായിരുന്നാലും അവ പൂർണ്ണമായും സ്വന്ത്രമായ നീതിന്യായ സ്ഥാപനങ്ങളാണ്. സുപ്രീം കോടതിക്ക് അവരുടെ മേൽ നേരിട്ട് ഭരണപരമായ നിയന്ത്രണമില്ല. അവ ഒരു തരത്തിലും അതായത് നിയമനിർമ്മാണ സഭയാലോ അല്ലെങ്കിൽ സംസ്ഥാന ഭരണസംവിധാനത്താലോ നിയന്ത്രക്കപ്പെടുന്നില്ല. എന്നാൽ ചീഫ് ജസ്റ്റിസുമായുള്ള കൂടിയാലോചനയിലൂടെ രാഷ്ട്രപതിക്ക് ജഡ്ജിയെ ഒരു ഹൈകോടതിയിൽ നിന്നും മറ്റൊരു ഹൈകോടതിയിലേക്ക് മാറ്റാം.

മൗലീകവകാശങ്ങൾ ഉൾപ്പെട്ട കേസുകളിൽ റിട്ട് പുറപ്പെടുവിക്കാൻ ഹൈക്കോടതിക്കും അധികാരമുണ്ട്.

മൗലീകവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമപരമായ പരിഹാരങ്ങൾ

അവകാശങ്ങൾ ലംഘിക്കപ്പെട്ട വ്യക്തികൾക്ക് പെട്ടെന്നുള്ള നീതിയും പെട്ടെന്നുള്ള ആശ്വസവും ഉറപ്പാക്കുന്നതിനുള്ള ഒരു കാഴ്ചപ്പാടോടുകൂടി ,റിട്ട് പറപ്പെടുവിക്കാനുള്ള അധികാരം സുപ്രീം കോടതിക്കും ഹൈക്കോടതിക്കും ഉണ്ട്. അത്തരം അഞ്ച് റിട്ടുകൾ

1. **ഹേബിയസ് കോർപസ്:** ഒരു വ്യക്തിയെ ജീവനോടെ ഹാജരാക്കുക എന്നതാണ് അക്ഷരാർത്ഥത്തിൽഈറിട്ടുകൊണ്ട്ഉദ്ദേശിക്കുന്നത്. ഒരു വ്യക്തിയെ നിയമവിരുദ്ധമായി തടങ്കലിൽ വച്ചതായി ആരോപിക്കപ്പെടുന്ന കേസുകളിൽ ഇത് ബാധകമാണ്. ഈ റിട്ട് വ്യക്തിപരമയ സ്വതന്ത്രത്തെ സംരക്ഷിക്കുന്നു.

2. **മണ്ടാമസ്:** നിയമം പൂർണ്ണമായുംനടപ്പാക്കുന്നതിനും നിയമ വിരുദ്ധമായ നടപടിയെ ചെറുത്തു നിൽക്കാനുമുള്ള ഒരു കൽപ്പനയാണിത്. നിയമപരമായ കടമ നിർവഹിക്കാൻ ഏതെങ്കിലുംഅധികാരത്തെനേരിട്ട്നയിക്കുകഎന്നാണിതിനർത്ഥം. ഒരു പൊതു കടമ നിർവഹിക്കുന്നതിനും നിയമപരമായബാദ്ധ്യതനിറവേറ്റുന്നതിനും ഏതെങ്കിലും അധികാരികൾക്കോഉദ്യോഗസ്ഥർക്കോ,സർക്കാരിനോ,നീതിന്യായവകുപ്പിനോ എതിരായി മണ്ടാമസ് പുറപ്പെടുവിക്കാം.

3. **പ്രോഹിബിഷൻ:** അധികാരപരിധിലംഘിക്കുന്നതിന് ഹൈക്കോടതിക്കോ കീഴ്കോടതിക്കോ ട്രൈബ്യൂണലിലേക്കോ വിലക്ക് കൽപ്പിക്കുന്ന റിട്ടാണിത്. ഒരു ജുഡീഷ്യൽ അല്ലെങ്കിൽ അർദ്ധ ജുഡീഷ്യൽ വിഭാഗത്തിനെതിരെ മാത്രമാണ് റിട്ട് ഓഫ് നിരോധനം പുറപ്പെടുവിക്കുന്നത്.

4. **സെർട്ടിയോരാരി:** ജുഡീഷ്യൽ അഥവാ അർദ്ധ ജുഡീഷ്യൽ അധികാരികൾക്കെതിരായി പുറപ്പെടുവിക്കുന്നതാണിത്. ജുഡീഷ്യൽ അഥവാ അർദ്ധ ജുഡീഷ്യൽ ഉത്തരവുകൾ റദ്ദാക്കാനാണ് സർട്ടിയോരാരി റിട്ട് പുറപ്പെടുവിക്കുന്നത്.

5. **ക്വോ-വോറന്റോ:** ക്വോ-വോറന്റോ എന്നത് ഏതൊരു അധികാരമോ വോറന്റോ ഉപയോഗിച്ച് ചോദിക്കുന്ന ചോദ്യമാണ്. ഒരു പൊതു സ്ഥാനം വഹിക്കുന്ന വ്യക്തിയുടെ അവകാശവാദവുമായി ബന്ധപ്പെട്ട നിയമപരമായ നിലകണ്ടെത്തുക എന്നതാണ് ഇത് കൊണ്ട് അർത്ഥമാക്കുന്നത്.

ഈറിട്ട്, ആർട്ടിക്കിൾ 226 പ്രകാരം ഹൈകോടതി ,ജനങ്ങൾക്ക് നീതി ലഭിക്കുന്നതിനായുള്ള നിർദ്ദേശങ്ങളും ഉത്തരവുകളും പുറപ്പെടുവിച്ചേക്കാം.

4.5 ജുഡീഷ്യൽ അവലോകനം പൊതു താല്പര്യ ഹർജി ജുഡീഷ്യൽ ആക്ടിവിസം

ജുഡീഷ്യൽ അവലോകനം

നീതിന്യായ അവലോകനത്തിന്റെ അധികാരം ഇന്ത്യയിലെ സുപ്രീം കോടതിക്കും ഹൈക്കോടതികൾക്കും നൽകിയിട്ടുണ്ട്. ഇത് നിയമനിർമ്മാണത്തിന്റെ ഭരണഘടനയെയും ഭരണനടപടിയുടെ നിയമസാധുതയെയും വിഭജിക്കുന്നു.

ഭരണഘടനാ വിരുദ്ധമായ പാർലമെന്ററി സംസ്ഥാന നിയമ നിർമ്മാണങ്ങളെ നിർമ്മാണങ്ങളെ ജുഡീഷ്യറി നിരോധിക്കുന്നു

ഭരണഘടനയുടെ അടിസ്ഥാന സിദ്ധാന്തം ആവിഷ്കരിക്കുന്നതിലൂടെ ഭരണഘടനാ ഭേദഗതികളുടെ അവലോകന ശേഷി നിയമപരമായ അവലോകനം വഴി വിപുലീകരിച്ചിട്ടുണ്ട്. അതനുസരിച്ച് ഭരണഘടനയുടെ പ്രധാന സവിശേഷതയെ നിഷേധിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്ന ഒരു ഭരണഘടനാ ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്. ഉദാഹരണത്തിന് മതേതരത്വം ,ജനാധിപത്യം,ഫെഡറലിസം എന്നിവ.

പൊതു താല്പര്യ വ്യവഹാരം

ഇന്ത്യയിലെ ഏതൊരു പൗരനും (എ) സുപ്രീം കോടതിയുടെ 32-ാം വകുപ്പ് (ആർട്ടിക്കിൾ) (ബി)ഹൈക്കോടതിയുടെ226-ാം വകുപ്പ് (ആർട്ടിക്കിൾ) (സി) മജിസ്ട്രേറ്റ് കോടതിയിലെ സി.ആർ.പി.സി ഇനിപറയുന്ന വിഭാഗങ്ങളിൽ പൊതു താല്പര്യ ഹർജികൾ ഫയൽ ചെയ്യാമെന്ന് മാർഗ്ഗ നിർദേശം നൽകുന്നു. 1 കരാറടിസ്ഥാന തൊഴിൽ വ്യവഹാരങ്ങൾ, 2 ഉപേക്ഷിക്കപ്പെട്ട (അനാഥ) കുട്ടികൾ 3. കുറഞ്ഞപക്ഷ വേതനം നൽകാതിരിക്കൽ 4. ജയിലുകളിൽ നിന്നുള്ള ഉപദ്രവം ,ജയിൽ മരണം വേഗവിചാരണ,മൗലിക അവകാശം, മുതലായവ. 5. പരാതി രജിസ്റ്റർ, ചെയ്യാൻ വിസമ്മതിക്കുന്ന പോലീസിനെതിരായ അപേക്ഷകൾ വധുവിനെ ഉപദ്രവിക്കൽ, (സ്ത്രീധന പീഡനം) വധുവിനെതിരായി കഠിനമായ കത്തിക്കൽ, ലൈംഗീക പീഡനം, തട്ടിക്കൊണ്ട് പോകൽ കൊലപാതകം, തുടങ്ങിയവ. 6. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരെ ഉപദ്രവിക്കുകയോ, പീഡിപ്പിക്കുകയോ ചെയ്യുന്ന പരാതികൾ. 7. പരിസ്ഥിതി മലിനീകരണവുമായി ബന്ധപ്പെട്ട പരാതികൾ

ഭരണഘടനയുടെ32-ാംആർട്ടിക്കിൽ(വകുപ്പ്) പ്രകാരം ഇതിന്റെ അധികാര പരിധി വിപുലീകരിക്കുന്നതാണ് സുപ്രീം കോടതി തയ്യാറാക്കിയ പൊതു താല്പര്യ വ്യവഹാര പരിധി. പൊതു താല്പര്യ വ്യവഹാരം എതിരാളികളുടെ വ്യവഹാരത്തിന്റെ സ്വാഭാവത്തിലല്ല മറിച്ച് മനുഷ്യവകാശങ്ങൾ പോലുള്ള പ്രശ്നങ്ങൾ സമൂഹത്തിലെ നിരാലംബരും ദുർബലരുമായ ജനവിഭാഗങ്ങൾക്ക് അർത്ഥവത്താക്കാനും, അവർക്ക് സാമൂഹി സാമ്പത്തിക ഉറപ്പ് നൽകാനും ഉദ്യോഗസ്ഥർക്കും സർക്കാരിനും ഒരു വെല്ലു വിളിയും അവസരവുമാണ് ഭരണഘടനയിൽ ക്രമീകരിച്ചുട്ടുള്ള നീതി. ഇതനുസരിച്ച് സംസ്ഥാന കേന്ദ്ര സർക്കാരുകൾ , മുനിസിപ്പൽ അതോരിറ്റി എന്നിവയ്ക്കെതിരെ പൊതു താൽപര്യ ഹർജി ഫയൽ ചെയ്യാൻ കഴിയും. എന്നാൽ ഏതെങ്കിലും സ്വകാര്യ കക്ഷിക്കെതിരായിട്ടല്ല.

അടുത്ത കാലത്തായി ഇന്ത്യയിൽ പൊതു താല്പര്യ വ്യവഹാര മേഖലയിൽ നിന്നും നിരവധി കേസുകൾ കോടതിയിൽ സമർപ്പിച്ചിട്ടുള്ള ചിത്രങ്ങൾ കടന്നു വന്നിട്ടുണ്ട്. 2005-ൽ കോമൺ കോസ് സൊസൈറ്റി, യൂണിയൻ ഓഫ് ഇന്ത്യക്കെതിരായി സമർപ്പിച്ച പൊതു താൽപര്യ ഹർജിയുടെ പേരിൽ ഒരു സുപ്രീം കോടതി വിധി വന്നു. നിരവധി റോഡപകടങ്ങൾ കണക്കിലെടുത്ത് റോഡ് സുരക്ഷാ നിയമം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് അപേക്ഷകൻ പൊതു താല്പര്യ ഹർജിനൽകിയത്. രണ്ടാമതായിസംഗമ്മാൽപാണ്ഡേ, യു.പി സംസ്ഥാനത്തിനെതിരായി സമർപ്പിച്ച പൊതു താല്പര്യ ഹർജിയുടെ അടിസ്ഥാനത്തിൽ ഹൈകോടതിയുടെ ലക്നൗ ബഞ്ച് ,കാൻഷിറാം സ്മാരകത്തിനു സമീപമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഒരു നിശ്ചിത തിയതി വരെ സ്റ്റേ ചെയ്തു.

ജനാധിപത്യ അവകാശങ്ങൾക്കായുള്ള പൊതു താല്പര്യ ഹർജിക്ക് സുപ്രീം കോടതി അനുമതി നൽകി. സാമൂഹ്യമായോ ,സാമ്പത്തികമായോ പിന്നോക്കം നിൽക്കുന്ന, തങ്ങളുടെ ദുരി

താശ്വസത്തിനായി കോടതികളെ സമീപിക്കാൻ കഴിയാത്ത ഏതൊരു വ്യക്തിയുടേയോ വ്യക്തികളുടെയോ ഭരണഘടനാപരവും നിയമപരവുമായ അവകാശങ്ങൾ നടപ്പിലാക്കുന്നതിനായി പൊതു താല്പര്യമുള്ള പൗരൻമാരുടെ ഹർജിക്കാണ് സുപ്രീം കോടതി അനുമതി നൽകിയത്. നീതി ന്യായ വകുപ്പിന്റെ പടി വാതിൽക്കൽ ഉദാരമായ സ്വീകരണം ഉള്ളതും നീതി പങ്കാളിത്തവും സിവിൽ വ്യപാരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നതായ പ്രക്രിയകൾ പൊതു താൻപര്യ വ്യവഹാരത്തിനുണ്ട്.


പരമാനന്ദ കതാര

പൊതു താൽപര്യത്തിനായി പോരാടുന്ന മനുഷ്യവകാശ പ്രവർത്തകനായ പരമാനന്ദ കതാര യൂണിയൻ ഓഫ് ഇന്ത്യക്കെതിരായി സുപ്രീം കോടതിയിൽ ഒരു പൊതു താല്പര്യ ഹർജി സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പരിക്കേറ്റ ഓരോ പൗരനും നടപടി ക്രമപരമായ ഔപചാരികതകൾക്കായി കാത്തിരിക്കാതെ എത്രയും വേഗം വൈദ്യ സഹായം നൽകേണ്ടത് ചികിത്സാ രംഗത്തെ ഓരോ അംഗങ്ങളുടേയും പരമമായ ബാദ്ധ്യതയാണെന്ന് സുപ്രീം കോടതി വിധി പ്രഖ്യാപിച്ചു

കോടതികളുടെ ജുഡീഷ്യൽ ആക്ടിവിസത്തിലൂടെ നിയമ നിർമ്മാണം പുതിയ മാനങ്ങൾ സ്വീകരിച്ചു. സാമൂഹ്യ ജുഡീഷ്യൽ ആക്ടി വിസത്തിൽ നിയമത്തെ വ്യാഖാനിക്കുന്ന ആരോഗ്യകരമായ പ്രവണതയാണ് ജുഡീഷ്യറി സ്വീകരിച്ചിരിക്കുന്നത്. ജുഡീഷ്യൽ ആക്ടിവിസം നിലവിലുള്ള നിയമത്തെക്കാൾ വ്യക്തിപരമോ രാഷ്ട്രീയമോ ആയ പരിഗണനകളെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് സംശയിക്കുന്ന ജുഡീഷ്യൽ വിധികളെ വിവരിക്കുന്നു. ജൂഡീഷ്യൽ ആക്ടിവിസത്തിന്റെ ചോദ്യങ്ങൾക്ക് ഭരണഘടനാ വ്യാഖ്യാനം, നിയമ നിർമ്മാണങ്ങൾ, അധികാര വിഭജനം എന്നിവയുമായി അടുത്ത ബന്ധമുണ്ട്.

പ്രവർത്തനം

ഒരു ഇന്ത്യൻ പൗരൻ എന്ന നിലയിൽ നിങ്ങൾക്ക് ജുഡീഷ്യൽ അഭിപ്രായത്തോട് വിയോജിക്കാനുള്ള അവകാശമുണ്ടോ.? നിങ്ങളുടെ അഭിപ്രായം എപ്രകാരം പ്രകടിപ്പിക്കും.

ക്ലാസ്സ് ചർച്ചക്കായി,മൂന്ന് വിഭാഗങ്ങളായിട്ട് ചർച്ച ചെയ്യുകയും അഭിപ്രായപ്പെടുകയും ചെയ്യുക.

a. കോടതിയുടെ വിധി ന്യായത്തെ വിമർശിക്കുന്നു.

b. വിമർശനത്തിന്റെ പരിണിത ഫലങ്ങൾ

ഭരണഘടനയിലെ ആധുനിക തത്ത്വങ്ങളും ആശയങ്ങളും കോടതികളിൽ നടപ്പിലാക്കുന്നതിലൂടെ ഇന്ത്യൻ സമൂഹത്തെ ഒരു ആധുനിക സമൂഹമാക്കി മാറ്റാൻ ശ്രമുക്കുന്നതിൽ ഇന്ത്യൻ ജുഡീഷ്യറി,ഭരണസംവിധാനത്തിന്റെ ഒരു വിഭാഗമെന്ന നിലയിൽ, അതിന്റെ അമേരിക്കൻ എതിരാളി (ജുഡാഷ്യറി) യെക്കാൾ കൂടുതൽ പ്രവർത്തനം പഹിച്ചുട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൽ 21.സുപ്രീം കോടതിയിൽ ഇടയ്ക്കിടെ പ്രയോഗിക്കാറുണ്ട്. ഈ ആർട്ടക്കിളിലെ വിധിന്യായങ്ങൾ ജുഡീഷ്യൽ ആക്ടിവിസത്തിന്റെ പ്രവണതകളെ സൂചിപ്പിക്കുന്നു.

എ.കെ. ഗോപാലൻ മദ്രാസ് സംസ്ഥാനത്തിനെതിരായി സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയുടെ ജീവിതമോ സ്വാതന്ത്രമോ കവർന്നെടുക്കണമെന്ന വാദം നീതി ന്യായ

ജുഡീഷ്യൽ ആക്ടിവിസം

മാറുന്ന സമൂഹത്തിൽ ജുഡീഷ്യൽ കാഴ്ചപ്പാടിന്റെ ചലനാത്മക പ്രക്രിയയാണ് ജുഡീഷ്യൽ ആക്ടിവിസം എന്നു പറയുന്നത്. ആർതർഷലിഞ്ചർ ജൂനിയർ 1947- ൽ അമേരിക്കയിൽ സുപ്രീം കോടതി 1947 എന്ന ലേഖനത്തിൽ ജുഡീഷ്യൽ ആക്ടിവിസം എന്ന പദം അവതരിപ്പിച്ചു. ബ്ലാക്ക് നിയമ നിഘണ്ടു പ്രകാരം ജുഡീഷ്യൽ ആക്ടിവിസം ഒരുജുഡീഷ്യൽ തത്ത്വചിന്തയാണ്.ഇത് പുതിയ പുരോഗമന സാമൂഹിക നയങ്ങൾക്ക് അനുകൂലമായി പരമ്പരാഗത മുൻഗണനകളിൽ നിന്ന് പിൻമാറാൻ ജഡ്ജിമാരെ പ്രേരിപ്പിക്കുന്നു





എ.കെ. ഗോപാലൻ

അടിസ്ഥാനത്തിൽ സുപ്രീം കോടതി നിരസിക്കുന്നു. അങ്ങനെ ചെയ്യാൻ നിയമം അനുശാസിക്കുന്നില്ല. എന്നിരുന്നാലും പിന്നീട് മേനകാഗാന്ധി യൂണിയൻ ഓഫ് ഇന്ത്യാക്കെതിരായി നൽകിയ ഹർജി പ്രകാരം ഈ ആവശ്യകതയെ അടിസ്ഥാനമാക്കി ജുഡീഷ്യൽ വ്യാഖ്യാനത്തിലൂടെആർട്ടിക്കിൾ 21 -അവതരിപ്പിച്ചു. അങ്ങനെ ഭരണഘടനാ നിർമ്മാതാക്കൾ ഒഴിവാക്കിയ ഈ അനുയോജിത നിയമവകുപ്പിന്റെ പ്രവർത്തനം സുപ്രീം കോടതിയുടെ ജുഡീഷ്യൽ ആക്ടിവിസമാണ് അവതരിപ്പിച്ചത്.

തുടർന്നുള്ള തീരുമാനങ്ങളിലും സുപ്രീം കോടതി വധ ശിക്ഷ ശരി വച്ചിട്ടുണ്ട്.ഉദാഹരണമായി ഒരു സ്ത്രീയെയും പുരുഷനെയും ജാതി മാറി വിവാഹിതരായതിന് അവരെ കൊല ചെയ്ത് ഭഗവാൻ ദാസിന്റെ ഡൽഹി സംസ്ഥാനത്തിനെതിരായകേസിൽ അയാൾക്ക് വധ ശിക്ഷ സുപ്രീം കോടതി ശരി വച്ചു.

ഓസ്ട്രേലിയൻ കോടതികൾ

നിങ്ങൾക്ക് അറിയാമോ?

ഓസ്ട്രേലിയയിൽ, പരമോന്നത കോടതിയായ ഓസ്ട്രേലിയ ഹൈകോടതിയെന്നും സംസ്ഥാന കോടതികൾ സുപ്രീം കോടതിയെന്നും അറിയപ്പെട്ടു.

4.6 ഭരണഘടനാ നിയമം

ഭരണനിയമവും ഇന്ത്യൻ ശിക്ഷാ നിയമവും

ഭരണഘടനാ നിയമം അടിസ്ഥാനപരമായി പരമോന്നതനിയമമാണ്. മറ്റെല്ലാ നിയമങ്ങളും ഭരണഘടനാ നിയമത്തിന് അനുസൃതമായിരിക്കും. ഭരണഘടനാ നിയമത്തിൽ സർക്കാരിനെയും അവിടത്തെ ജനങ്ങളെയും സംബന്ധിച്ച നിയമങ്ങൾ അടങ്ങിയിരിക്കുന്നു. സർക്കാരിന്റെ വിവിധ ഭരണ സംവിധാനങ്ങളുടെ പങ്ക്, അധികാരങ്ങൾ, ഘടനകൾ, അതായത് നിയമനിർമ്മാണ സഭ ഭരണ വകുപ്പുകൾ, നീതിന്യായവ്യവസ്ഥ, പൗരൻമാരുടെ അടിസ്ഥാന അവകാശങ്ങളും കടമകളും കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും തമ്മിലുള്ള ബന്ധങ്ങൾ എന്നിവയെല്ലാം ഭരണഘടനാ നിയമത്തിൽ ഉൾപ്പെടുന്നു.

ഭരണഘടനാ നിയമം സംയോജിത നിയമങ്ങളാണ്. അത് അടിച്ചേൽപ്പിക്കുകയോ നിർദ്ദേശിക്കുകയോ ചെയ്യാം. രാജ്യത്തെ പൗരൻമാർ പാലിക്കേണ്ട ഒരു കൂട്ടം നിയമങ്ങൾ മുന്നോട്ട് വച്ചു കൊണ്ട് രാഷ്ട്രത്തെ നിയന്ത്രിക്കാനുള്ള ഒരു മാർഗ്ഗം ഇത് നൽകുന്നതോടൊപ്പം രാഷ്ട്രത്തെ ശരിയായ ദിശയിലേക്ക് നയിക്കുകയും ചെയ്യുന്നു. വിവിധ മൗലീകവകാശങ്ങൾ അടിസ്ഥാന കടമകൾ, നിർദ്ദേശ തത്ത്വങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു. രാജ്യത്ത് നില നിൽക്കുന്ന വ്യവസ്ഥിതികളെ നിയന്ത്രിക്കുന്നതിനും ഭരണഘടനാനിയമങ്ങൾ ആവശ്യമായി വരുന്നു. അവിടെ അവരുടെ മൗലീകാവകാശങ്ങൾ ലംഘിക്കാൻ കഴിയില്ല.ഭരണഘടനാ നിയമം രാഷ്ട്രത്തെ മുഴുവൻ ഒരേ സമയം നിരീക്ഷിക്കുന്നതിന് അത്യാവശ്യമാണ്..

പ്രവർത്തനം

ചിന്തിക്കുക - കൂട്ടുചേരുക - പങ്കിടുക

ഭരണഘടന ജനങ്ങളുടെ പ്രതീക്ഷകളെയും ലക്ഷ്യങ്ങളേയും പ്രതിനിധീകരിക്കുന്നു. ഒരു തെരെഞ്ഞെടുക്കപ്പെട്ട സംവിധാനമെന്ന നിലയ്ക്ക് നിയമ നിർമ്മാണ സഭ ജനങ്ങളെ പ്രതിനിധീകരിക്കുന്നു. നിങ്ങളുടെ പങ്കാളിയോടൊപ്പം, ഇനി പറയുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുക

a. ആർക്കാണ് കൂടുതൽ അധികാരം ഉണ്ടായിരിക്കേണ്ടത്.?

b. നിങ്ങളുടെ ഉത്തരത്തിന് ഉദാഹരണങ്ങൾ ഉപയോഗിച്ച് കാരണങ്ങൾ നൽകുക.

നിയമ വാഴ്ച

കോളനിയൻ ഭരണകൂടെ നിയമ വാഴ്ച എന്ന ഇംഗ്ലീഷ് ആശയം ഇന്ത്യയിൽ അവതരിപ്പിച്ചു. നിയമ വാഴ്ചയുടെ മൂന്ന് പ്രധാന സവിശേഷതകൾ.

1. നിയമത്തിനു മുന്നിൽ എല്ലാവരും തുല്യരാണ്.
2. ആരു തന്നെ നിയമത്തിന് മീതെ അല്ല.
3. ഒരേ നിയമം എല്ലാവർക്കും ബാധകമാണ്.

നിയമവാഴ്ച,നീതിന്യായപ്രക്രിയയിൽഎല്ലാ പൗരൻമാരുടെയുംതുല്യതഉറപ്പാക്കുന്നു.സ്വജനപ ക്ഷപാതം, പക്ഷാഭേദം ഏകപക്ഷീയത, നീതി ന്യായപ്രക്രിയയിലെ അനാരോഗ്യകരമായ അധി കാര ഇടപെടലുകൾ എന്നിവയെ കുറയ്ക്കുകയും ചെയ്യുന്നു. ഉദ്യോഗസ്ഥരും ഭരണാധികാരികളും അധികാരം ദുരുപയോഗിക്കുന്നതിനെ നിയമ വാഴ്ച ഫല പ്രദമായി പരിശോധിക്കുന്നു. ഭരണ ഘടനാപരമായി ഉറപ്പു നൽകുന്ന മൗലീകാവകാ ശങ്ങളും നടപടി ക്രമങ്ങളും നടപ്പാക്കുന്നതിന് നിയമവാഴ്ച ഉറപ്പു നൽകുന്നു.

ഭരണനിർവ്വഹണ നിയമം

പൊതു നിയമത്തിന്റെ ഒരു ശാഖയാണ് ഭര ണനിയമം. ഇത് സർക്കാരും വ്യക്തികളും തമ്മിലു ള്ള ബന്ധത്തെ പ്രതിപാദിക്കുന്നു. ഭരണാധികാരി കളുടെയും അർദ്ധനീതിന്യായ അധികാരികളുടെ യും അധികാരഘടനയും ഇത് നിർവഹിക്കുന്നു. ഇത് പ്രഥമികമായി ഔദ്യോഗികനടപടികളോടും, നടപടിക്രമങ്ങളോടുംബന്ധപ്പെട്ടതാണ്,കൂടാതെ ഭരണപ്രതിനിധികളുടെ പരിധിക്കുള്ളിൽ തുടരുന്ന ഒരു നിയന്ത്രണ സംവിധാനം ഏർപ്പടുത്തുന്നു. ഭരണനിയമം ഇന്ത്യയിൽ വികസിപ്പിക്കുന്നതിന് ചില കാരണങ്ങൾ ഉണ്ട്.

ഒന്നാമതായിഇന്ത്യാഒരുക്ഷേമരാഷ്ട്രമാണ്. സർക്കാർ പ്രവർത്തനങ്ങൾ വർദ്ധിപ്പിച്ചതിനാൽ ഇത്നിയന്ത്രിക്കേണ്ടതിന്റെആവശ്യകതഏർപ്പെട്ടു. അതിനാൽ റിട്ട് നിയമത്തിന്റെ ഈ ശാഖ വികസി പ്പിച്ചെടുത്തു. രണ്ടാമതായി നിയമ സഭയുടെ അപര്യ പ്തതയുണ്ട്. സമൂഹത്തിന്റെമാറികൊണ്ടിരിക്കുന്ന ആവശ്യങ്ങൾക്കായിനിയമനിർമ്മാണസഭകൾക്ക് നിയമ നിർമ്മാണത്തിന് സമയമില്ല. അങ്ങനെയാ ണെങ്കിൽപ്പോലും നിയമനിർമ്മാണ നടപടി ക്രമ ങ്ങൾ ദൈർഘ്യമേറിയതും സമയമെടുക്കുന്നതു മായനിയമത്തെനിയമവിധേയമാക്കും.അതിനാൽ നിയമം നടപ്പാക്കുമ്പോഴും ആവശ്യങ്ങൾ മാറുമാ യിരുന്നു.

മൂന്നാമതായി ഇന്ത്യൻ നീതി ന്യായ വകു പ്പിൽ കാലതാമസമുണ്ട്. കാര്യങ്ങൾ തീരുമാനി ക്കുന്നതിനുള്ള നീതിന്യായ നടപടി ക്രമങ്ങൾ വളരെ മന്ദഗതിയിലുള്ളതും ചെലവേറിയതും ഔപചാരികമായതുമാണ്. കൂടാതെ സ്യൂട്ടു കൾ വേഗത്തിൽ നീക്കം ചെയ്യുന്നത്. സാധ്യമല്ലാ ത്ത നിരവധി കേസുകൾ ഇതിനകം അണിനിര ന്നിട്ടുണ്ട്. അതിനാൽ ഭരണപരമായ ന്യായാധിപ സംഘത്തിന്റെ(ട്രൈബ്യൂണലുകളുടെ)ആവശ്യം ഉയർന്നു. നാലാമതായി ഭരണ നിയമം ഒരു ക്രോഡീകൃത നിയമമല്ലാത്തതിനാൽ സംസ്ഥാന യന്ത്ര സാമഗ്രഹികളുടെ ആവശ്യത അനുസ രിച്ച് ഇത് പരിഷ്ക്കരിക്കപ്പെടാനുള്ള സാധ്യത യുണ്ട്. അതിനാൽ ഇത് കൂടുതൽ വഴക്കമുള്ള താണ്. കർശനമായ നിയമ നിർമ്മാണ നടപടി ക്രമങ്ങൾ വീണ്ടും വീണ്ടും പിൻതുടരേണ്ടതില്ല.

ഭരണഘടനാ നിയമവും ഭരണനിർവ്വഹണ നിയമവും തമ്മിലുള്ള വ്യത്യാസം

ഭരണഘടനാ നിയമവും, ഭരണനിയമവും തമ്മിൽഅടിസ്ഥാനവ്യത്യാസമുണ്ട്.രാജ്യത്തിന്റെ പരമോന്നത നിയമമാണ് ഭരണഘടനാ നിയമം. ഒരു നിയമവും ഭരണഘടനാ നിയമങ്ങൾക്ക അധീതമല്ല. അതിനാൽ അതിന്റെ വ്യവസ്ഥകൾ പാലിക്കണം. അത് ലംഘിക്കരുത്. ഭരണപരമായ നിയമം രാഷ്ട്രത്തിന്റെയും അതിന്റെ വിവിധ സംവിധാനങ്ങളുടേയും ഘടനയുമായി ബന്ധപ്പെ ട്ടതാണ്. ഭരണ നിയമങ്ങൾ ഭരണവുമായി മാത്രം ഇടപ്പെടും. ഭരണാധികാരികൾ ഭരണഘടനാനി യമങ്ങൾ പാലിക്കുന്നതോടൊപ്പം ഭരണനിയമ പ്രകാരം പ്രവർത്തിക്കുകയും വേണം.

പ്രവർത്തനം

ജുഡീഷ്യറിയുടെ സവിശേഷത കളെക്കുറിച്ച് എഴുതുക



ഇന്ത്യൻ ശിക്ഷാ നിയമം


തോമസ് ബാബിംങ് ടൺ മെക്കാളെ

ഇന്ത്യൻ ശിക്ഷാ നിയമം ഇന്ത്യയിലെ ക്രിമിനൽ നിയമമാണ്. ക്രമിനൽ നിയമത്തിന്റെ എല്ലാ സുപ്രധാന വശങ്ങളും ഉൾക്കൊള്ളാൻ ഉദ്ദേശിച്ചിട്ടുള്ള ഒരു സമഗ്ര നിയമമാണ് ഇത്. 1834-ൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ നിയമ കമ്മീഷന്റെ ശുപാർശ പ്രകാരമാണ് ഈ നിയമം 1860-ൽ തയ്യാറാക്കിയത്. 1862-ലെ ബ്രീട്ടീഷ് സാമ്രാജ്യ കാലഘട്ടത്തിൽ ഇത് ബ്രിട്ടീഷ് ഇന്ത്യയിൽ പ്രബല്യത്തിൽ വന്നു. ഈ നിയമത്തിന്റെ ഉദ്ദ്യേശം ഇന്ത്യയ്ക്ക് ഒരു പൊതു ശിക്ഷാ നിയമം നൽകുക എന്നതാണ്.

ഇന്ത്യൻ ശിക്ഷാ നിയമത്തിന് ഒരു അടിസ്ഥാന രൂപമുണ്ട്. ഏതെങ്കിലും കുറ്റവാളികൾക്കെതിരെ കുറ്റം ചുമത്തിയിട്ടുള്ള എല്ലാ കേസുകളും ശിക്ഷകളും പട്ടികപ്പെടുത്തിയിട്ടുള്ള രേഖയാണിത്. ഇന്ത്യൻ പൗരത്വമുള്ള ഏതൊരു വ്യക്തിയെയും ഇതിൽ ഉൾകൊള്ളിക്കുന്നു. സൈനികരേയും, മറ്റ് സായുധ സേനകളേയും ഇന്ത്യൻ നിയമമനുസരിച്ച് കുറ്റം ചുമത്താൻ കഴിയില്ല. ഇന്ത്യൻ നിയമത്തിനു കീഴിൽ അവർക്ക് വ്യത്യസ്തമായ നിയമങ്ങളുണ്ട്. വർഷങ്ങളോളം നന്നായി പരീക്ഷിച്ച ശേഷം തടവും ശിക്ഷയും നൽകുന്ന സുസ്ഥിരവും നീതിയുക്തവുമായ സംവിധാനമായി പരിണമിച്ച ഒന്നാണ് ഇന്ത്യൻ നീതി ന്യായ വ്യവസ്ഥ

ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സവിശേഷ പ്രമാണം വിധിന്യായങ്ങളുടെ നിഷ്പക്ഷ സ്വഭാവമാണ്. നിയമം സർക്കാർ ജീവനക്കാർക്കും സാധാരണക്കാർക്കും ജുഡീഷ്യൽ ഓഫീസർമാർക്കുമായി ഒരു പോലെ നിലകൊള്ളുന്നു. അധികാരത്തിലിരിക്കുന്നവരുടെ ഏതെങ്കിലും തരത്തിലുള്ള അഴിമതിയെയോ ദുരുപയോഗതയെയോ ഇത് തടയുന്നു.

ലോക് അദാലത്ത്

ലോക് അദാലത്തിനെ ജനങ്ങളുടെ കോടതി എന്നാണ് വിളിക്കപ്പെടുന്നത്. ലോക് എന്നത് ജനങ്ങളെ സൂചിപ്പിക്കുന്നു. അദാലത്ത് കോടതിയുമാണ്. നിയമസേവന അതോറിറ്റി ആക്ടിന്റെ വരവ് 1987 ൽ ലോക് അദാലത്തിന് നിയമപരമായ പദവി നൽകി കക്ഷികൾ തമ്മിലുള്ള പരസ്പരകരാറിലൂടെയാണ് തർക്കങ്ങൾ പരിഹരിക്കപ്പെടുന്നത്. ഇതിനെ തർക്കങ്ങളുടെ വേഗത്തിലുള്ള പരിഹാരം എന്നു വിളിക്കുന്നു..

വിവരണം



- **ഭരണഘടന:** ഇത് അടിസ്ഥാന തത്വങ്ങളോ ,സ്ഥാപിത താല്പര്യങ്ങളോ ആണ്. അതനുസരിച്ച് ഒരു രാഷ്ട്രമോ മറ്റ് സംവിധാനങ്ങളോ ഭരിക്കപ്പെടുന്നതായി അംഗീകരിക്കപ്പെടുന്നു.
- **ജുഡീഷ്യറി:** രാഷട്രത്തിന്റെ പേരിൽ ,നിയമത്തെ വ്യാഖാനിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന കോടതി സംവിധാനമാണിത്.
- **മൗലീകാവകാശങ്ങൾ:** സർക്കാർ കയ്യേറ്റങ്ങളിൽ നിന്ന് ഉയർന്ന സംരക്ഷണം ആവശ്യമാണെന്ന് സുപ്രീം കോടതി അംഗീകരിച്ച ഒരു കൂട്ടം അവകാശങ്ങളാണിവ. ഈ അവകാശങ്ങൾ ഭരണഘടനയിൽ പ്രത്യേകമായി തിരിച്ചറിഞ്ഞവയാണ്.
- **വിചാരണ:** ഇത് ഒരു നിയമ കോടതിയിലെ ഔപചാരികമായ സമ്മേളനമാണ്. അതിൽ ഒരു ജഡ്ജിയും ജൂറിയും തെളിവുകൾ ശ്രദ്ധിക്കുകയും, ഒരു വ്യക്തി കുറ്റവാളിയാണോ എന്ന് തീരുമാനിക്കുകയും ചെയ്യുന്നു.
- **ജൂറിയുടെ വിചാരണ:** ഇത് നിയമപരമായ ഒരു നടപടിയാണ്, അതിൽ ഒരു ജൂറി തീരുമാനമോ വസ്തുത കണ്ടെത്തലോ നടത്തുന്നു. ഒരു ബെഞ്ച് വിചാരണയിൽ നിന്ന് ഇത് വേർതിരിക്കപ്പെടുന്നു. ഇതിൽ ഒരു ജഡ്ജിയോ ജഡ്ജിമാരുടെ പാനലോ തീരുമാനങ്ങളെടുക്കുന്നു.
- **ജുഡീഷ്യൽ അവലോകനം:** ഭരണ സംവിധാനം അല്ലെങ്കിൽ നിയമ നിർമ്മാണ പ്രവർത്തനങ്ങൾ ജുഡീഷ്യറിയുടെ അവലോകനത്തിന് വിധേയമാകുന്ന ഒരു പ്രക്രിയയാണിത്.
- **ജുഡീഷ്യൽ നിയന്ത്രണം:** ജുഡീഷ്യൽ വ്യാഖ്യാനത്തിന്റെ ഒരു സിദ്ധാന്തമാണിത്. സ്വന്തം അധികാരങ്ങളെ പരിമിതപ്പെടുത്താൻ ജഡ്ജിമാരെ പ്രോത്സാഹിപ്പിക്കുന്നു.

- **ജുഡീഷ്യൽ ആക്ടിവിസം:** ഇത് ജുഡീഷ്യൽ തീരുമാനമെടുക്കുന്ന ഒരു തത്ത്വശാസ്ത്രമാണ്. അതിലൂടെ പൊതു നയത്തെ കുറിച്ചുള്ള വ്യക്തിപരമായ കാഴ്ചപ്പാടുകൾ ,മറ്റ് ഘടകങ്ങൾ എന്നിവയ്ക്കൊപ്പം അവരുടെ തീരുമാനങ്ങളെ ന്യായീകരിക്കാൻ ജഡ്ജിമാർ അനുവദിക്കുന്നു.
- **പൊതു താൽപര്യ വ്യവഹാരം:** പൊതു താല്പര്യ സംരക്ഷണത്തിനായുള്ള വ്യവഹാരമാണിത്.ഇത് ഒരു കോടതിയിൽ അവതരിപ്പിച്ച വ്യവഹാരമാണ്. ദുരിതമനുഭവിക്കുന്ന കക്ഷിയല്ല, മറിച്ച് കോടതി അല്ലെങ്കിൽ മറ്റേതെങ്കിലും ധനകാര്യ കക്ഷിയാണ്.
- **യഥാർത്ഥ അധികാര പരിധി:** ആദ്യമായി ഒരു കേസ് കേൾക്കാനുള്ള കോടതിയുടെ അധികാരമാണിത്
- **അപ്പീൽ അധികാരപരിധി:** ഒരു വിചാരണ കോടതിയുടെ മറ്റ് ലോവർ ട്രൈബ്യൂണലിന്റെയോതീരുമാനങ്ങൾഅവലോകനംചെയ്യാനും ഭേതഗതി വരുത്താനും അസാധുവാക്കാനുമുള്ള ഒരു അപ്പീൽ കോടതിയുടെ അധികാരമാണിത്
- **ഉപദേശക അധികാരപരിധി:** ഒരുകീഴ്കോടതിയോ ഏതെങ്കിലുംഭരണസമിതിയോനിയമത്തിന്റെ കാര്യത്തിൽ സുപ്രീം കോടതിയോട് ഉപദേശം തേടുന്നത്.
- **അഡ്മിനിസ്ട്രേറ്റീവ് കോടതികൾ:** ഭരണപരമായ നിയമത്തിന്റെ പ്രത്യേകതയുള്ള ഒരു കോടതിയാണിത്.പ്രത്യേകിച്ചുംപൊതുഅധികാരംപ്രയോഗിക്കുന്നതുമായിബന്ധപ്പെട്ടതർക്കങ്ങളിൽ.
- **പൊതു നിയമം:** വ്യക്തികളും സർക്കാരും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കുന്നതിനും സമൂഹത്തിൽ നേരിട്ട് പരിഗണന ലഭിക്കുന്ന വ്യക്തികൾ തമ്മിൽ ഉള്ള ബന്ധത്തെ നിയന്ത്രക്കുന്നതും നിയമത്തിന്റെ ഭാഗമാണ്.

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരെഞ്ഞെടുക്കുക:

1. താഴെ പറയുന്നവയിൽ ഏതാണ് സർക്കാരിന്റെ ഭാഗമല്ലാത്തത്. ?

   (a) നിയമ നിർമ്മാണ സഭ (b) ഉദ്യോഗസ്ഥ ഭരണം
   (c) കാര്യനിർവ്വഹണ സമിതി (d) നീതി ന്യായ വ്യവസ്ഥ

2. താഴെ പറയുന്നവയിൽ ഏതാണ് സംയുക്ത ഭരണത്തിന്റെ രക്ഷകൻ എന്നു വിവരിക്കപ്പെടുന്നത്?

   (a) നിയമ നിർമ്മാണ സഭ (b) കാര്യനിർവ്വഹണ സമിതി
   (c) നീതി ന്യായ വ്യവസ്ഥ (d) മന്ത്രി സഭ

3. താഴെ പറയുന്നവയിൽ ആരെയാണ് പുരാതന ഇന്ത്യയിലെ നീതിയുടെ ഉറവ എന്ന് പരിഗണിക്കപ്പെടുന്നത് ?

   (a) രാജാവ് (b) സേനാപതി
   (c) മുഖ്യ മന്ത്രി (d) ചീഫ് ജസ്റ്റിസ്

4. താഴെ പറയുന്നവരിൽ ആരാണ് മദ്ധ്യകാല ഇന്ത്യയിലെ നീതി ന്യായ വ്യവസ്ഥയുടെ പരമാധികാരി ?

   (a) സുൽത്താൻ (b) ക്വാസി -ഉൽ -ക്വസാത്ത്
   (c) ചീഫ് ജസ്റ്റിസ് (d) മുഫ്തി

5. .താഴെ കൊടുത്തിട്ടുള്ളവയിൽ ഏത് കരാറാണ് (ഉടമ്പടി) ബോംബയിൽ നാതിന്യായ അധികാരം പ്രയോഗിക്കാൻ ഈസ്റ്റിന്ത്യാ കമ്പനിയെ അധികാരപ്പെടുത്തിയത്.?

   (a) 1661-ലെ കരാറ് (ഉടമ്പടി) (b) 1813-ലെ കരാറ് (ഉടമ്പടി)
   (c) 1668-ലെ കരാറ് (ഉടമ്പടി) (d) 1853-ലെ കരാറ് (ഉടമ്പടി)

6. താഴെ പറയുന്നവയിൽ ഏതാണ് കൽക്കട്ടയിൽ പരമോന്നത നീതി ന്യായ കോടതി സ്ഥാപിക്കാൻ രാജാവിന് അധികരം നൽകിയത്. ?

   (a) 1687-ലെ കരാറ് (b) 1726-ലെ കരാറ്
   (c) 1813-ലെ കരാറ് (d) 1661-ലെ കരാറ്

7. താഴെ പറയുന്നവയിൽ ഏതാണ് കൽക്കട്ടയിൽ പരമോന്നത നീതിന്യായ കോടതി സ്ഥാപിക്കാൻ രാജാവിന് അധികാരം നൽകിയത്?

(a) 1774-ലെ കരാറ് (b) 1773 ലെ റെഗുലേറ്റിംഗ് ആക്ടീവ്
(c) കോൺവേലിഡ് കോഡ് (നിയമം (d) 1726 -ലെ കരാറ്

8. സംയുക്ത കോടതി ഏത് വർഷമാണ് ആരംഭിച്ചത്. ?

(a) 1937 (b) 1936
(c) 1935 (d) 1932

9. താഴെ പറയുന്നവയിൽ ഏതാണ് നിയമത്തിന്റെ ആത്മാവും കാലവും കണക്കിലെടുക്കുന്ന ന്യായവിധി സിദ്ധാന്തത്തെ സൂചിപ്പിക്കുന്നത്?

(a)നീതിന്യായ അവലോകനം (b) നീതിന്യായ പ്രവർത്തനം
(c)നീതി ന്യായ സംയമനം (d) ഇതൊന്നുമല്ല

10. താഴെ പറയുന്നവയിൽ ഇന്ത്യയിലെ ഒരു ബദൽ തർക്കപരിഹാര സംവിധാനം ഏത്?

(a) സുപ്രീം കോടതി (b) ഹൈക്കോടതി
(c) ജില്ലാ കോടതി (d) ലോക്അദാലത്

11. താഴെ പറയുന്നവയിൽ റിട്ട് പുറപ്പെടുവിക്കാൻ ഹൈക്കോടതികളെ അധികാരപ്പെടുത്തുന്ന ആർട്ടിക്കിൾ ഏത്??

(a) ആർട്ടിക്കിൾ 226 (b) ആർട്ടിക്കിൾe 227
(c) ആർട്ടിക്കിൾ 228 (d) ആർട്ടിക്കിൾ 229

II.താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വളരെ ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. സുൽത്താന്റെ തലസ്ഥാനത്തിലെ ആറ് കോടതികൾ ഏതെല്ലാം?
2. രാജാവിന്റെ ഉപദേശകസമിതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ എന്തെല്ലാം?
3. നീതിന്യായ അവലോകനം നിർവചിക്കുക.
4. നീതിന്യായ പ്രവർത്തനം(ജുഡീഷ്യൽ ആക്ടിവിസം) നിർവചിക്കുക.
5. ഭരണ നിർവ്വഹണ നിയമം എന്താണ്?
6. ഭരണ നയനാ നിയമം എന്താണ്.?
7. ഇന്ത്യൻ പീനൽ കോഡ് എന്താണ്?

III. താഴെ കൊടുത്തുട്ടുള്ള ചോദ്യങ്ങൾക്ക് ചുരുക്കത്തിൽ ഉത്തരമെഴുതുക:

1. നീതിന്യായ വകുപ്പിന്റെ സ്വതന്ത്ര്യത്തെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളെ കുറിച്ച് ചർച്ച ചെയ്യുക.
2. പൊതു താൽപര്യ വ്യവഹാരങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് ചർച്ച ചെയ്യുക.
3. ഭരണ നിർവ്വഹണ നിയമത്തിന്റെ സ്വഭാവത്തേയും പ്രാധാന്യത്തെക്കുറിച്ചും ഒരു ലഘു വിവരണം തയ്യാറാക്കുക.
4. ലോക് അദാലത്തിനെ കുറിച്ച് ഒരു ചെറു കുറിപ്പ് എഴുതുക.

IV. താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക:

1. ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ പരിണാമം വിവരിക്കുക.
2. .ഇന്ത്യൻ നീതിന്യായ വ്യവസ്ഥയുടെ സവിശേഷതകൾ പരിശോധിക്കുക.
3. സുപ്രീം കോടതിയുടെ സംവിധാനം, അധികാരങ്ങൾ, പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുക.
4. ഹൈക്കോടതികളുടെ സംവിധാനം, അധികാരങ്ങൾ പ്രവർത്തനങ്ങൾ എന്നിവ ചർച്ച ചെയ്യുക.

പരാമർശ ഗ്രന്ഥങ്ങൾ

- Justice M. Rama Jois, Legal And Constitutional History Of India: Ancient Legal, Judicial And Constitutional System, Universal Law Publishing Co Ltd, 2010.
- M.V. Pylee, Constitutional History of India, S.Chand & Co, 2011.
- Sumeet Malik, Landmarks in Indian Legal and Constitutional History, 11th Edition, New Delhi, 2016.
- Dr. Subhash C. Kashyap, Constitution of India: Review and Reassessment, Universal Law Publishing Co Pvt Ltd, New Delhi, 2010.

വെബ് ലിങ്കുകൾ

- Supreme Court of India, https://www.sci.gov.in/
- High Courts of India, http://www.indiancourts.nic.in/
- Madras High Court, http://www.hcmadras.tn.nic.in/
- Ministry of Law and Justice, Government of India, http://lawmin.gov.in/
- Law Commission of India, http://lawcommissionofindia.nic.in/

ഐ.സി.റ്റി കോർണർ

ഇന്ത്യൻ ജുഡീഷ്യറി ഐ പി സി

ഈ ആപ്ലിക്കേഷനിലൂടെ നിങ്ങൾക്ക് ഇന്ത്യൻ പീനൽ കോഡിനെ കുറിച്ച് പഠിക്കാം



നടപടിക്രമം:

ഘട്ടം - 1 പ്ലേസ്റ്റോർ തുറന്ന് ഇന്ത്യൻ പീനൽകോഡ് ക്വിസ് ടൈപ് ചെയ്യുക (അല്ലെങ്കിൽ) ക്യൂ.ആർ. കോഡ് സ്കാൻ ചെയ്യുക.

ഘട്ടം - 2 ക്വിസ് തുറക്കാൻ സ്റ്റാർട്ട് ബട്ടൺ ക്ലിക്കു ചെയ്യുക

ഘട്ടം - 3 ശരിയായ ഉത്തരം ക്ലിക്കു ചെയ്യുക അപ്പോൾ നിങ്ങളുടെ സ്റ്റോർ കണ്ടെത്താനാകും.

URL:

https://play.google.com/store/apps/details?id=com.IPC.IPC

3LBUA

*ചിത്രങ്ങൾ സൂചിപ്പിക്കുന്നത്

യൂണിറ്റ് 5

ഇന്ത്യയിലെ സംയുക്ത ഭരണ വ്യവസ്ഥിതി



പഠന ലക്ഷ്യങ്ങൾ

- സംയുക്ത വ്യവസ്ഥിതിയുടെ ആശയം, പരിണാമം, അർത്ഥം എന്നിവ മനസ്സിലാക്കൽ
- ഇന്ത്യൻ ഭരണഘടനയുടെ സംയുക്ത ഏകീകൃത സവിശേഷതകൾ വിലയിരുത്തുന്നതിനും നമ്മുടെ ഭരണഘടന സംയുക്ത ഭരണ വ്യവസ്ഥയെ എത്രത്തോളം പ്രദാനം ചെയ്യുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു എന്നും മനസ്സിലാക്കൽ
- ഇന്ത്യൻ രാഷ്ട്രീയത്തിലെ നിയമ നിർമ്മാണം, ഭരണ നിർവ്വഹണം, ധനകാര്യം എന്നീ മേഖലകളിൽ കേന്ദ്ര സംസ്ഥാന അധികാരങ്ങളുടെ വിതരണം പരിശോധിക്കുന്നതിന്.
- ഭരണഘടനയിൽ നൽകിയിട്ടുള്ള സഹകരണ സംയുക്ത ഭരണ വ്യവസ്ഥയെ അറിയുന്നതിനും വിലയിരുത്തുന്നതിനും
- നമ്മുടെ രാഷ്ട്രീയ വ്യവസ്ഥയിൽ കാണപ്പെടുന്ന കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലെ പ്രധാന പ്രശ്നങ്ങളെയും ആവശ്യങ്ങളെയും കുറിച്ച് പഠിക്കാൻ
- വഇന്ത്യയിലെ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെക്കുറിച്ചുള്ള വിവിധ കമ്മീഷനുകളുടെ ശുപാർശകൾ വായിക്കാനും ചർച്ച ചെയ്യാനും
- നമ്മുടെ രാഷ്ട്രീയ വ്യവസ്ഥയിൽ നൽകിയിട്ടുള്ള അന്തർ സംസ്ഥാന നദീജല തർക്ക പരിഹാര സംവിധാനം പരിശോധിക്കാനും വിലയിരുത്താനും

5.1 സംയുക്ത ഭരണ വ്യവസ്ഥയുടെ അർത്ഥം

ഒരു കേന്ദ്രസർക്കാരിനും, സംസ്ഥാന സർക്കാരുകൾക്കുമിടയിൽ ഭരണഘടനപരമായി നൽകിയിട്ടുള്ള അധികാരങ്ങൾ വിതരണം ചെയ്യുന്നതിന് ഉറപ്പു നൽകുന്ന രാഷ്ട്രീയ വ്യവസ്ഥയെ സംയുക്ത ഭരണ വ്യവസ്ഥ എന്നു പറയുന്നു. ഒരു സംയുക്ത ഭരണഘടനയുടെ അടിസ്ഥാന ഗുണം എന്നത്; ഭരണഘടനാപരമായി സൃഷ്ടിക്കപ്പെട്ടതും സംരക്ഷിതവുമായ കേന്ദ്ര സംസ്ഥാന സർക്കാരുകളാണ്. ഒരു രാഷ്ട്രത്തിലെ പ്രദേശങ്ങൾ, വംശീയത, ഭാഷ, മതം മുതലായവ വ്യത്യസ്തമാണെങ്കിൽ ആ രാഷ്ട്രത്തിന് സംയുക്ത ഭരണ സംവിധാനമായിരിക്കും അനുയോജ്യമായിട്ടുള്ളത്. നാനാത്വത്തിൽ ഏകത്വം ഉറപ്പാക്കാനുള്ള ഏറ്റവും നല്ല ഉപാധിയാണ് ജനാധിപത്യ സംയുക്ത ഭരണ വ്യവസ്ഥ. സംയുക്ത രാഷ്ട്രത്തിന്റെ ഐക്യത്തിന് വിട്ടുവീഴ്ച കൂടാതെ സംസ്ഥാന ഘടകങ്ങൾ അവരുടെ വ്യത്യസ്ത ഭാഷാപരവും മതപരവുമായ സാംസ്കാരികത്വം നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നു. കേന്ദ്രസർക്കാരും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വിതരണത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. സംയുക്ത ഭരണ സംവിധാനം. ഭരണഘടന ഒരു വ്യക്തമായ രേഖാമൂലം ഈ വിതരണം നിർണ്ണയിക്കുന്നു. അതിനാൽ ഏത് സംയുക്ത സംവിധാനത്തിലും ഭരണഘടന പരമോന്നത അധികാരമായി മാറുന്നു.

സംയുക്ത ഭരണ വ്യവസ്ഥയുടെ അർത്ഥം



സംയുക്ത ഭരണ വ്യവസ്ഥയുടെ പരിണാമം

ആധുനിക ലോകത്ത് അമേരിക്കൻ ഐക്യ നാടുകളാണ് ആദ്യമായി സംയുക്ത ഭരണസംവി ധാനമായി രൂപമെടുത്തത്. അതിനുശേഷം ആസ് ട്രേലിയ, കാനഡ എന്നീ രാജ്യങ്ങളിലെ ബ്രിട്ടീഷ് കോളനികൾക്ക് സ്വയം ഭരണം അനുവദിക്കുകയും അവർ സംയുക്ത ഭരണ സംവിധാനം സ്വീകരിക്കു കയുംചെയ്തു.ത്രിഭാഷാപദ്ധതിപിൻതുടരുന്നസ്വിറ്റ് സർലാന്റും സംയുക്ത ഭരണ സംവിധാനം സ്വീക രിച്ചു. യൂറോപ്യൻ യൂണിയൻ ഇന്ന്, സ്വമേധയാ സംയുക്ത രൂപീകരണത്തിന്റെ മറ്റൊരുദാഹരണ മാണ്.

ഇന്ത്യൻ സംയുക്ത ഭരണ സംവിധാനത്തിന്റെ ആരംഭം

ആധുനിക ഇന്ത്യയിൽ 1773 ലെ നിയന്ത്രണ നിയമം (റെഗുലേറ്റിംഗ് ആക്ട്) സംയുക്ത ഭരണ സംവിധാനത്തിന് തുടക്കം കുറിച്ചു. ഇത് ഇന്ത്യ യിലെ മൂന്നു പ്രദേശങ്ങളെ (മദ്രാസ്, കൊൽക്കത്ത, ബോംബേ) ഈസ്റ്റിന്ത്യാ കമ്പനിയുടെ അധികാര ത്തിന്റെ അധീനതയിൽ കൊണ്ടുവന്നു. ഇന്ത്യൻ ദേശീയ പ്രസ്ഥാനം കോളനി ആധിപത്യത്തിന്റെ ബഹുമുഖ സ്വഭാവം അംഗീകരിച്ചു. 1919 ലെ ഇന്ത്യൻ സർക്കാർ നിയമം പ്രസിഡൻസികളിൽ ഭാഗിക സ്വയംഭരണം (രാജഭരണം) അവതരിപ്പിച്ചു. അതേസമയം 1935 ലെ ഇന്ത്യൻ സർക്കാർ നിയമം പ്രസിഡൻസികൾക്ക് പ്രവിശ്യാ സ്വയം ഭരണാവ കാശം നൽകുകയും കേന്ദ്രത്തിൽ ഒരു ഭരണകൂടം നിർദ്ദേശിക്കുകയും ചെയ്തു. 1928 ലെ നെഹ്റു കമ്മിറ്റി റിപ്പോർട്ടും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിന്റെ ഭരണഘടനാ അനുസരണമായ ആദ്യ നിർ ദ്ദേശങ്ങളും വീക്ഷണങ്ങളും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളുള്ള ഒരു സംയുക്ത സംവിധാനത്തെ അനുകൂലിച്ചു. ഭരണഘടനയുടെ ഏഴാമത്തെ പട്ടികയിൽ കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള അധികാര വിതരണവുമായി ബന്ധ പ്പെട്ട മൂന്നു തരത്തിലുള്ള പട്ടികകൾ അടങ്ങിയി രിക്കുന്നു.

ഇന്ത്യൻ ഭരണഘടനയിൽ സംയുക്ത വ്യവസ്ഥയുടെ സവിശേഷതകൾ

ഇന്ത്യൻ ഭരണഘടനയിൽ നിരവധി സംയുക്ത സവിശേഷതകൾ ഉണ്ട്.

1. എഴുതപ്പെട്ട ഭരണഘടന

സംയുക്ത ഭരണ സംവിധാനത്തിന് എഴുത പ്പെട്ട ഭരണഘടന അനിവാര്യമാണ്. സംയുക്ത സംവിധാനത്തിലുള്ള സർക്കാരുകൾ ധാരാളമുണ്ട് അവയുടെ സുഗമവും,ഊർജ്ജസ്വലവുമായ പ്രവർ ത്തനത്തിന് അവയുടെ അധികാരങ്ങൾ വ്യക്ത മായി പ്രസ്താവിക്കണം. ഇന്ത്യൻ സംയുക്തഭരണ സംവിധാനത്തിൽ; നിലവിൽ ഇരുപത്തിയെട്ട് സംസ്ഥാന സർക്കാരുകളും ഒരു കേന്ദ്ര സർക്കാ രും പ്രവർത്തിക്കുന്നുണ്ട്, അതിനാൽ അവയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും വ്യക്തമായി നിർവചിക്കേണ്ടതുണ്ട്.

2. ഭരണഘടനയുടെ മേധാവിത്വം

രാജ്യത്തിന്റെ പരമോന്നത നിയമസംഹിത യായിരിക്കണംഭരണഘടന. എല്ലാസർക്കാരുകളും ഭരണഘടനയിൽ അധിഷ്ഠിതമായ നിബന്ധന കൾക്കും, വ്യവസ്ഥകൾക്കും വിധേയമായിരിക്കേ താണ് ഭരണഘടനയെ ലംഘിച്ചുകൊണ്ടുള്ള അധി കാരങ്ങൾ അവകാശപ്പെടാൻ ഒരു സർക്കാരിനും കഴിയില്ല.

3. അധികാര വികേന്ദ്രീകരണം

കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള അധികാര വികേന്ദ്രീകരണം, ഏതൊരു സംയുക്ത ഭരണ സംവിധാനത്തിന്റെയും പ്രധാന തത്വമാണ്. ഇന്ത്യൻ ഭരണഘടന സമഗ്രമായ വികസന പദ്ധ തികളിൽ രണ്ടുതലത്തിലുള്ള സർക്കാരുകൾക്കി ടയിൽ അധികാരങ്ങളെ വിനിയോഗം ചെയ്യുന്നു. അമേരിക്കൻ ഭരണഘടനയുടെ ശ്രേഷ്ഠമായ സംയുക്ത ഭരണ സംവിധാനത്തിൽ നിന്നും വ്യത്യ സ്തമായി; അധികാര വിനിയോഗത്തിന് മൂന്ന് പട്ടികകൾ നമ്മുടെ ഭരണഘടനയിൽ വിഭാവന ചെയ്തിരിക്കുന്നു. അമേരിക്കയിൽ ഒരു വിതരണ രീതി മാത്രമേയുള്ളൂ.

4. ദ്വിമാന ഭരണം

സംയുക്ത ഭരണഘടന ദ്വിമാനഭരണ സംവി ധാനത്തിന് വ്യവസ്ഥ ചെയ്യുന്നു. ഇത് പാർലമെ ന്റിന് രണ്ട് സഭകൾ നിർദ്ദേശിക്കുന്നു. രണ്ട് സഭകൾ ഉള്ളതിനാൽ ഇന്ത്യൻ പാർലമെന്റ് ദ്വിമാന സംവി ധാനമാണ്. ഉപരിസഭയെ രാജ്യസഭ അല്ലെങ്കിൽ സംസ്ഥാനസഭ (കൗൺസിൽ ഓഫ് സ്റ്റേറ്റ്സ്) എന്ന് വിളിക്കുന്നു. കീഴ്സഭയെ ലോക്സഭ സംസ്ഥാനങ്ങ ളുടെ അവകാശങ്ങളുടെ അല്ലെങ്കിൽ ജനസഭ

ഹൗസ് ഓഫ് ദി പീപ്പൾ എന്നറിയപ്പെടുന്നു സംരക്ഷകരാണ് സംസ്ഥാന കൗൺസിൽ, അതിൽ സംസ്ഥാന പ്രതിനിധികൾ ഉൾപ്പെടുന്നു. ലോകമെമ്പാടുമുള്ള ഉപരിസഭകൾ സംസ്ഥാന അവകാശങ്ങളുടെയും താല്പര്യങ്ങളുടെയും സംരക്ഷകനായി കണക്കാക്കപ്പെടുന്നു.

5. കർക്കശമായ ഭരണഘടന

ഭരണഘടനാ വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ ഒരു പ്രത്യേക നിയമനിർമ്മാണ പ്രക്രിയയിലൂടെയോ അല്ലെങ്കിൽ ഒരു പ്രത്യേക നിയമ നിർമ്മാണ സമിതിയിലൂടെയോ സാധിക്കുകയുള്ളൂ എങ്കിൽ അത്തരം ഭരണഘടനയെ കർക്കശമായ ഭരണഘടന എന്നു പറയുന്നു. സാധാരണ നിയമം നിർമ്മാണ പ്രക്രിയകളിലൂടെ ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ സംയുക്ത ഭരണഘടനകൾ അനുവദിക്കുന്നില്ല. മഹത്തായ ഭൂരിപക്ഷത്തോടൊപ്പം കർശനവും കർക്കശവുമായ ഭേദഗതി പ്രക്രിയയാണ് അവർ നിർദ്ദേശിക്കുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുള്ള ആഗ്രഹമാണ് ഈ കാർക്കശ്യത്തിനു പിന്നിലെ യുക്തി. ഇന്ത്യൻ ഭരണഘടനയിലെ ഇരുപതാം ഭാഗം; ആർട്ടിക്കിൾ 368 പ്രകാരം ഭരണഘടനാ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിന് പ്രത്യേക നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്നു. അതിനാൽ നമ്മുടെ ഭരണഘടന കർക്കശവും ഒരു പരിധിവരെ സംസ്ഥാനങ്ങളെ സംരക്ഷിക്കുന്നതുമാണ്

6. സുപ്രീം കോടതി

ഇന്ത്യൻ സുപ്രീം കോടതി സംയുക്ത ഭരണ സംവിധാനത്തിന്റെ മദ്ധ്യസ്ഥനായും ഭരണഘടനയുടെ സംരക്ഷകനായും പ്രവർത്തിക്കുന്നു. വിധി പ്രസ്താവിക്കുന്നതിനും, വ്യാഖ്യാനിക്കുന്നതിനും ഉള്ള അധികാരം സുപ്രീംകോടതിക്കുണ്ട്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കിടയിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമോ, വൈരുദ്ധ്യമോ ഉണ്ടായാൽ സുപ്രീം കോടതി അവ പരിഹരിക്കും. ഭരണഘടന സുപ്രീം കോടതിക്ക് യഥാർത്ഥ അധികാര പരിധി നൽകിയിരിക്കുന്നു. ഇതിനർത്ഥം കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുകളും തമ്മിലുള്ള ഏതെങ്കിലും അധികാര തർക്കം പരിഹരിക്കാനുള്ള പ്രത്യേക അധികാരങ്ങൾ സുപ്രീം കോടതിക്ക് മാത്രമാണെന്നാണ്. തമിഴ്നാടും കേന്ദ്രസർക്കാരും തമ്മിൽ, അല്ലെങ്കിൽ തമിഴ്നാട്ടിനും മറ്റേതെങ്കിലും സംസ്ഥാനത്തിനുമിടയിൽ ഒരു പ്രശ്നം ഉണ്ടായാൽ അത് പരിഹരിക്കാൻ സുപ്രീം കോടതിക്ക് മാത്രമേ അധികാരമുള്ളൂ.

മേൽപ്പറഞ്ഞ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഭരണഘടന ഒരു സംയുക്തഭരണ കൂടമാണെന്ന് വിശേഷിപ്പിക്കപ്പെടുന്നു



ഇൻഡ്യൻ പ്രവിശ്യകൾ

നിങ്ങൾക്ക് അറിയാമോ?

യൂണിയൻ സംസ്ഥാനങ്ങളും ഇൻഡ്യൻ പ്രവിശ്യകളും തമ്മിൽ പ്രധാനപ്പെട്ട വ്യത്യാസങ്ങൾഉണ്ട്. ഐക്യ രാഷ്ട്രം എന്നത് 20 സംസ്ഥാനങ്ങളെയും 9 കേന്ദ്ര ഭരണ പ്രദേശങ്ങളെയും ഉൾകൊള്ളിച്ചിട്ടുള്ളതാണ്. പ്രവിശ്യകൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്:

1. ഇരുപത്തി എട്ട് സംസ്ഥാനങ്ങൾ
2. എട്ട് കേന്ദ്ര ഭരണ പ്രദേശങ്ങൾ
3. ഇന്ത്യ ഏറ്റെടുക്കപ്പെട്ട പ്രവിശ്യകൾ (ഉദാഹരണമായി പുതുശ്ശേരി, ഡാമൻ ഡ്യൂ പോലുള്ളവഇൻഡ്യയുടെഭാഗമായിട്ട്ചേരുന്നതിനു മുമ്പ് യൂണിയൻ പ്രവിശ്യകൾ ഉൾപ്പെട്ടതായിരുന്നു.)

ഫെഡറൽ സംവിധാനം ഇല്ലാത്ത ഇന്ത്യൻ ഭരണകൂടത്തിന്റെ സവിശേഷതകൾ

അമേരിക്കൻ ഐക്യനാടുകൾ പോലുള്ള ഫെഡറൽ ഭരണഘടനയെ പിന്തുടരുന്ന ഫെഡറിലസം എന്ന ആശയത്തിൽ നിന്ന് ഇന്ത്യൻ ഭരണഘടന വളരെയധികം വ്യത്യസ്തമായിരിക്കുന്നു.

1. ഏക ഭരണഘടന

കേന്ദ്രത്തിലും, സംസ്ഥാനങ്ങളിലും ഭരണപരമായ ആവശ്യങ്ങൾ നിറവേറ്റുന്ന ഒരു ഭരണഘടന മാത്രമാണ് ഇന്ത്യയിലുള്ളത്. അമേരിക്കൻ ഐക്യനാടുകളെപ്പോലെ ദേശീയ ഭരണഘടനയ്ക്ക് പുറമേ സംസ്ഥാനങ്ങൾക്ക് സ്വന്തമായിട്ട് അവരുടെ വ്യക്തിഗത ഭരണഘടന ഇല്ല.

2. ഏക പൗരത്വം

ഇന്ത്യയിൽ നിലവിൽ ഉള്ളത് ഏകപൗരത്വമാണ് അതായത് ദേശീയ പൗരത്വം. അമേരിക്കൻ ഐക്യ നാടുകളിൽ ദേശീയ പൗരത്വം, സംസ്ഥാന പൗരത്വം എന്നിങ്ങനെ രണ്ടുപൗരത്വങ്ങളും നിലവിലിരിക്കുന്നു.

3. ഭരണഘടനയുടെ വഴക്കം

ഇന്ത്യയിൽഭരണഘടനഭാഗികമായിട്ട്വഴങ്ങപ്പെടുന്നതാണ്. ഭരണഘടനയിലെ ചില വ്യവസ്ഥകൾ പാർലമെന്റിൽ അവതരിപ്പിക്കുന്ന വേളയിൽ കേവല ഭൂരിപക്ഷത്തോടു കൂടി നടപ്പിലാക്കുന്നു.

4. സംസ്ഥാനങ്ങൾക്ക് സ്വതന്ത്രമായി നില നില്ക്കാനുള്ള അവകാശമില്ല

സംസ്ഥാനങ്ങൾക്ക്പേരിടാനുംനിലനിൽക്കാനും ഉള്ള അവകാശം നമ്മുടെ ഭരണഘടന അംഗീകരിക്കുന്നില്ല. ഒരു സാധാരണ നിയമത്തിലൂടെ സംസ്ഥാനങ്ങളുടെ നാമകരണവും, പ്രദേശത്വവും മാറ്റാൻ യൂണിയൻ പാർലമെന്റിന് കഴിയുന്നതാണ്. മൂന്നാമത്തെ ആർട്ടിക്കിളിലും, നാലാമത്തെ ആർട്ടിക്കിളിലും പുതിയ സംസ്ഥാനങ്ങളെ രൂപീകരിക്കുന്നതിനും നിലവിലുള്ള സംസ്ഥാനങ്ങളെ നിറുത്തലാക്കുന്നതിനും ഉള്ള നടപടിക്രമങ്ങൾ നല്കുന്നു. രാഷ്ട്രപതിയുടെ ശുപാർശപ്രകാരം പാർലമെന്റ് സഭയിൽ ബില്ല് അവതരിപ്പിച്ച് പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനുള്ള അനുമതി നല്കുന്നു. പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനുള്ള ബില്ല് പാർലമെന്റിൽ ചർച്ച ചെയ്ത് പാസാക്കുകയും ചെയ്യുന്നു. പുതിയസംസ്ഥാനങ്ങളെ കണ്ടെത്തി അതിന്റെ സമഗ്രമായവളർച്ചയ്ക്കു വേണ്ടി ഉതകുന്ന വിധത്തിൽ പാർലമെന്റിൽ കേവല ഭൂരിപക്ഷം നേടിയിരിക്കേണ്ടതാണ്.

പ്രവർത്തനം

സിക്കിമിനെ ഒരു കാലത്ത് ഇന്ത്യയോട് ചേർന്നിരുന്ന സംസ്ഥാനമെന്ന് വിളിച്ചിരുന്നു എന്ന് നിങ്ങൾക്കറിയാമോ?.

5. രാജ്യങ്ങളുടെ ഫെഡറൽ വിരുദ്ധ സ്വഭാവം

സംസ്ഥാനങ്ങളുടെ അവകാശങ്ങളക്ക് ഫെഡറൽ മനോഭാവത്തിന് എതിരാണെന്ന് വിമർശകർ ഉന്നയിക്കുന്ന 3 കാരണങ്ങളുണ്ട്.

സംസ്ഥാനങ്ങളുടെ സമിതികൾ പ്രതിനിധി വിതരണത്തിൽതുല്യതാതത്വംപാലിക്കപ്പെടുന്നില്ല. വ്യക്തിഗത സംസ്ഥാനങ്ങളുടെ ജനസംഖ്യാനുപാതികമായിട്ടാണ് രാജ്യസഭാസീറ്റുകൾ വിതരണം ചെയ്യുന്നത്. ഏറ്റവും ജനസംഖ്യം കൂടിയ സംസ്ഥാനമായ ഉത്തർപ്രദേശിൽ നിന്നും 31 ജനപ്രതിനിധികളെയും നാഗാലാൻഡ് പോലുള്ള ചെറിയ സംസ്ഥാനങ്ങളിൽ നിന്ന് ഒരു ജനപ്രതിനിധിയേയും തിരഞ്ഞെടുക്കപ്പെടുന്നു. എന്നാൽ അനുയോജ്യമായ ഏതൊരു ഫെഡറലിസത്തിലും ഉപരിസഭയിലേക്ക് തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾക്ക് വിതരണത്തിന്റെ തുല്യത ഉണ്ടായിരിക്കും. അമേരി

ക്കയിൽ കോൺഗ്രസ് (പാർലമെന്റ്) സെനറ്റിലേക്ക് 50 സംസ്ഥാനങ്ങൾക്കും രണ്ടുസീറ്റുകൾ മാത്രമാണ് നല്കിയിട്ടുള്ളൂ.

തമിഴ്നാട് സംസ്ഥാനത്തിൽ 18 രാജ്യസഭാ പ്രതിനിധികളാണുള്ളത്

ആർട്ടിക്കിൾ 249 ാം പ്രകാരം ദേശീയ താത്പര്യത്തിന്റെ അടിസ്ഥാനത്തിൽ പാർലമെന്റ് നിയമനിർമ്മാണത്തിനായി ഒരു വിഷയം സംസ്ഥാന പട്ടികയിൽ നിന്ന് കേന്ദ്ര പട്ടികയിലേക്ക് കൈമാറ്റം ചെയ്യാൻ രാജ്യസഭയെ പ്രാപ്തമാക്കുന്നു.

6. അസന്തുലിത അധികാര വിനിയോഗം



കേന്ദ്ര സർക്കാരിന് അളവിലും ഗുണനിലവാരത്തിലും താരതമ്യേനവലിയ അധികാരങ്ങളുണ്ട്. ലാഭകരമായ വരുമാന സ്രോതസ്സുകളിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാരിന് അനുവദിക്കുകയും, സംസ്ഥാനങ്ങളെ സാമ്പത്തികമായിട്ട് ദുർബലമാക്കുകയും എല്ലായ്പ്പോഴും കേന്ദ്ര സർക്കാരിനെ ആശ്രയിക്കേണ്ടതായും വരുന്ന സന്ദർഭങ്ങൾ ഉണ്ടാകുന്നു. യൂണിയൻ പട്ടികയിൽ, സംസ്ഥാന പട്ടികയിലുള്ള വിഷയങ്ങളെക്കാൾ കൂടുതലായിട്ട് ഉൾപ്പെടുത്തിയിരിക്കുന്നു. ഇവ കൂടാതെ ഒരേ സമയത്തിലുള്ള പട്ടികയിലുള്ള (കൺകറന്റ് ലിസ്റ്റ്) വിഷയങ്ങൾ അത്യന്തികമായി സംസ്ഥാനങ്ങളുടെ മേലുള്ള യൂണിയൻ അധികാരം നിലനിൽക്കുന്നതാണ്. ഈ രണ്ടു പട്ടികകളിലും ഇല്ലാത്ത അധികാരങ്ങൾ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. അമേരിക്ക ഐക്യനാടുകൾ പോലുള്ള ഫെഡറൽ രാജ്യങ്ങളിലെന്ന പോലെ സംസ്ഥാനങ്ങൾക്കായിട്ട് അധികാരങ്ങൾ നല്കുന്നില്ല

7. അടിയന്തിര സാഹചര്യങ്ങളിൽ നൽകുന്ന അധികാരം

നമ്മുടെ ഭരണഘടനയിൽ XVIII-ാം ഭാഗത്തിൽ ആർട്ടിക്കിൾ 352 മുതൽ ആർട്ടിക്കിൾ 360 വരെയുള്ള വകുപ്പുകളിൽ മൂന്നുതരത്തിലുള്ള അടിയന്തിരസാഹചര്യങ്ങളിൽ നല്കപ്പെടുന്ന അധികാരത്തെ കുറിച്ച് വിവരിച്ചിരിക്കുന്നു. ഭരണഘടനയിലുള്ള ആർട്ടിക്കിൾ 352 ാം വകുപ്പു പ്രകാരം ദേശീയ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയും. ഭരണഘടനയുടെ 356 ാം വകുപ്പു പ്രകാരം ഏതു സംസ്ഥാനത്തും ഭരണനിർവ്വഹണത്തിൽ സ്തംഭനാവസ്ഥ ഏർപ്പെടുമ്പോൾ രാഷ്ട്രപതിക്ക് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാൻ കഴിയും. ഭരണഘടനയിലുള്ള ആർട്ടിക്കിൾ 360 ാം വകുപ്പു പ്രകാരം രാഷ്ട്രപതിക്ക് രാജ്യത്തിൽ സാമ്പത്തിക ഭദ്രതയ്ക്ക് തകർച്ച നേരിടുമ്പോൾ സാമ്പത്തിക അടിയന്തിരാവസ്ഥയെ പ്രഖ്യാപിക്കാനുള്ള അധികാരവും നല്കപ്പെടുന്നു

8. സംയോജിതമായ നീതിന്യായ വ്യവസ്ഥ

ഇന്ത്യ ഏകവും, സംയോജിത ശ്രേണിപരമായതുമായ ഒരു നീതിന്യായ വ്യവസ്ഥയെ സ്ഥാപിച്ചിരിക്കുന്നു. വിവിധ ഹൈകോടതികളും അതിനു കീഴിൽ പ്രവർത്തിക്കുന്ന മറ്റു കീഴ്കോടതികളും സുപ്രീം കോടതിയുടെ അധികാരത്തിനു കീഴിൽ വളരെയേറെ ആർജ്ജവത്തോടു കൂടിയുള്ള മേൽ നോട്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനുവിരുദ്ധമായി അമേരിക്കൻ ഐക്യനാടുകളിൽ നീതിന്യായ വകുപ്പ് ശ്രേഷ്ഠമായ ഫെഡറിലസ വ്യവസ്ഥിയിലാണ് പ്രവർത്തിക്കുന്നത്.

9. ദേശീയ തിരഞ്ഞെടുപ്പ് കമ്മിഷൻ

ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ പാർലമെന്റ് തിരഞ്ഞെടുപ്പു മാത്രമല്ല എല്ലാ സംസ്ഥാന തിരഞ്ഞെടുപ്പ് പ്രക്രിയയെയും വളരെയേറെ സുഗമമായും സുതാര്യമായും നടത്തുന്നു. പാർലമെന്റ് തിരഞ്ഞെടുപ്പിനെയും, വിവിധ നിയമസഭാ തിരഞ്ഞെടുപ്പിനെയും ഏകീകൃത സ്വഭാവത്തോടെ ഭരണ സംവിധാന നടപടിക്രമം പാലിച്ച് ശക്തമായ സുരക്ഷയോടെ തിരഞ്ഞെടുപ്പ് പ്രക്രിയയെ നടത്തുന്നു. നമ്മുടെ രാജ്യത്തിന്റെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷന്റെ അധികാര നിയന്ത്രണത്തിനു കീഴിലും മേൽ നോട്ടത്തിലും അതാതു സംസ്ഥാന തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നിയമസഭാ തിരഞ്ഞെടുപ്പും നടത്തുന്നു. അനുയോജ്യമായ ഫെഡറൽ സംവിധാനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് നടത്തുന്നതിന് പ്രത്യേക തിരഞ്ഞെടുപ്പ് സംവിധാനങ്ങളുണ്ട്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷൻ

നിങ്ങൾക്ക് അറിയാമോ?

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ത്യയിലെ ഫെഡറൽ സംവിധാനത്തിന്റെ ഭാഗമാകുന്നില്ല. ഭരണഘടനയിലുള്ള 73 ാംമത്തെയും 74 ാംമത്തെയും ഭേദഗതികൾക്കനുസരിച്ച് ഏകതദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളായ പഞ്ചായത്തുകളിലും നഗര സഭകളിലും കോർപ്പറേഷനുകളിലും തിരഞ്ഞെടുപ്പ് നടത്തുന്നു.

10. ഏകീകൃതമായ കണക്ക് പരിശോധിക്കൽ

ഇന്ത്യയിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾക്കായിട്ട് ഒരു ഏകീകൃത കണക്കുകൾ പരിശോധിക്കുന്ന സംവിധാനം പിൻതുടർന്നുവരുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 148 ാം വകുപ്പിൽ സൂചിപ്പിക്കുന്നതു പോലെ രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിലുള്ള ഭരണവ്യവസ്ഥയെ നിയന്ത്രിക്കുന്നത് കംപ്ട്രോളറും കണക്കുകൾ പരിശോധിക്കുന്ന മേധാവിയും (ഓഡിറ്റർ ജനറൽ) ആകുന്നു.

5.2. കേന്ദ്രസംസ്ഥാന ബന്ധങ്ങൾ

കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ എന്നാൽ കേന്ദ്രവുംസംസ്ഥാനങ്ങളുംതമ്മിലുള്ളഅധികാരവിനിയോഗത്തിന്റെപരിധിയിലുള്ളതാണ്. അധികാരങ്ങളുടെ വിനിയോഗം എന്നത് ഫെഡറലിസത്തിന്റെ അടിസ്ഥാന സവിശേഷതയാണ്. ഭരണഘടനയിൽ മൂന്നു തരം വിനിയോഗ വിഭാഗങ്ങൾ ഉണ്ട്.:

1. നിയമനിർമ്മാണ അധികാര വികേന്ദ്രീകരണം
2. നിർവ്വഹണ അധികാര വികേന്ദ്രീകരണം
3. സാമ്പത്തിക അധികാര വികേന്ദ്രീകരണം

5.2.1 നിയമനിർമ്മാണ ബന്ധങ്ങൾ

നമ്മുടെഭരണഘടനയിൽകേന്ദ്രവും,സംസ്ഥാനങ്ങളും തമ്മിലുള്ള നിയമനിർമ്മാണ അധികാരങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അവ

a) ഭൂപ്രദേശങ്ങളുടെ അധികാര വിതരണം

b) വിഷയങ്ങളുടെ വിതരണം

a) ഭൂപ്രദേശങ്ങളുടെ അധികാര വിതരണം

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കിടയിൽ പ്രാദേശികമായി അധികാര വിനിയോഗം ചെയ്യപ്പെടുന്നു. ഇന്ത്യയുടെ ഭരണനിർവഹണത്തിലുള്ള എല്ലാ പ്രദേശങ്ങളിലും കേന്ദ്ര സർക്കാരിന് മേൽനോട്ടംവഹിക്കാൻഅധികാരമുണ്ട്. എന്നാൽഅതാതു സംസ്ഥാനങ്ങൾക്ക് അവരുടെ സ്വതന്ത്രമായ അധികാരം ഉൾപ്പെട്ടിരിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന് കൂടുതലായി പ്രവിശ്യകളുടെ മേൽ നോട്ടം വഹിക്കാൻ അധികാരമുള്ളതായിരിക്കും. അതിനർത്ഥം ഇന്ത്യയ്ക്കുള്ളിലെ വ്യക്തികളെയും സ്വത്തുക്കളെയും മാത്രമല്ല ഇന്ത്യയിലുള്ള എല്ലാ പൗരൻമാരെയും ലോകത്തിന്റെ ഏതു കോണിലും കേന്ദ്രീകരിച്ചിരിക്കുന്ന സ്വത്തുക്കളെയും നിയന്ത്രിക്കുന്നു. അതേ സമയം സംസ്ഥാന നിയമസഭയ്ക്ക് സ്വന്തം പ്രദേശത്തിന് പുറത്ത് നിയമാധികാരം ഇല്ല.

b) വിഷയ വിതരണം

കേന്ദ്രസർക്കാരുംസംസ്ഥാനങ്ങളുംതമ്മിലുള്ള നിയമനിർമ്മാണ വിഷയങ്ങളെ ഭരണഘടന വിപുലമായ രീതിയിൽ വിഭജനം ചെയ്യുന്നു. വിതരണത്തിന് മൂന്നുതരം പട്ടികകൾ ഉണ്ട്.

പട്ടിക I (യൂണിയൻ പട്ടിക) കേന്ദ്ര പാർലമെന്റിന് മാത്രമായി അനുവദിച്ചിട്ടുള്ള വിഷയങ്ങളും, അധികാരങ്ങളും ഉൾകൊള്ളുന്നു. പ്രതിരോധം വിദേശ കാര്യങ്ങൾ, ബാംങ്കിംഗ് മേഖല, കറൻസി, ഉൾപ്പെട്ട 100 വിഷയങ്ങൾ ഇതിലുണ്ട്.

പട്ടികII (സംസ്ഥാന പട്ടിക) സംസ്ഥാന സർക്കാരുകൾക്ക് മാത്രമായി അനുവദിച്ചിരിക്കുന്ന വിഷയങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അവ പൊതുജനങ്ങൾക്കുള്ള ഉത്തരവ്, ക്രമസമാധാന പരിപാലനം, പൊതുജനാരോഗ്യം, പ്രാദേശിക സർക്കാർ, കൃഷി, വനങ്ങളും, വനസമ്പത്തും, മത്സ്യബന്ധനം തുടങ്ങിയവ

പട്ടിക III (സമകാലവർത്തിയായ പട്ടിക) ക്രിമിനൽ നിയമവും സിവിൽ നടപടിക്രമവും, വിവാഹം, വിദ്യാഭ്യാസം എന്നിവയുൾപ്പെടെ ഏകദേശം 59 വിഭാഗങ്ങൾ അടങ്ങിയിരിക്കുന്നു. ഈ പട്ടികയെ ഒരേ സമയത്തിലുള്ള പട്ടിക എന്നു പറയുന്നു. ഈ വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് അധികാരമുണ്ട്. എന്നാൽ കേന്ദ്രവും സംസ്ഥാന സർക്കാരുകളും തമ്മിൽ അഭിപ്രായഭിന്നത ഉണ്ടാകുന്ന സന്ദർഭത്തിൽ പാർലമെന്റിന്റെ നിയമം നിലനിൽക്കുന്നതാണ്.

റെസിഡ്യൂറി അധികാരങ്ങൾ എന്ന മറ്റൊരു വിഭാഗവുമുണ്ട്. മേൽപ്പറഞ്ഞ മൂന്നു പട്ടികകളിലും പരാമർശിച്ചിട്ടില്ലാത്ത വിഷയവും സ്വപ്രേരിതമായി കേന്ദ്ര സർക്കാരിന്റെ അധികാര പരിധിയിൽ വരും ബ്രിട്ടീഷ് കോളനി ഭരണ കാലഘട്ടത്തിൽ നടപ്പിലാക്കിയ 1935 ലെ ഇന്ത്യൻ സർക്കാർ നിയമം നൽകിയിട്ടുള്ള അധികാരങ്ങളുടെ നിയമനിർമ്മാണ വിതരണത്തെ നമ്മുടെ ഭരണഘടന വിശാലതയോടെ പിൻതുടരുന്നു.

ഒഴിവാക്കലുകൾ

മേല്പറഞ്ഞ നിയമനിർമ്മാണ അധികാര വിതരണ വ്യവസ്ഥയെ സാധാരണയായി പിന്തുടരുന്നു. എന്നാൽ അസാധാരണമായ സാഹചര്യങ്ങളിൽ ഈ വ്യവസ്ഥകളെ താല്ക്കാലികമായി

നിറുത്തിവയ്ക്കും. കേന്ദ്രപാർലമെന്റ് അധികാരം വിപുലീകരിക്കുകയും സംസ്ഥാന നിയമസഭാ അധികാരങ്ങൾ കുറയുകയും ചെയ്യുന്നു.

a) ദേശീയ അടിയന്തരാവസ്ഥ

ഇന്ത്യൻ രാഷ്ട്രപതി ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ സംസ്ഥാന പട്ടികയിലെ വിഷയങ്ങളിൽ നിയമനിർമ്മാണ അധികാരം യൂണിയൻ പാർലമെന്റ് സ്വന്തമാക്കുന്നു. നമ്മുടെ രാഷ്ട്രത്തിന്റെ നിലനില്പിന് അപകടം സൃഷ്ടിക്കുന്ന യുദ്ധം, ബാഹ്യമായ ആക്രമണം, സായുധ കലാപം തുടങ്ങിയ പ്രശ്നങ്ങളെ പരിഹരിക്കാനാണ് രാഷ്ട്രപതി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നത് വെല്ലുവിളികളെ വിജയകരമായിട്ട് കൈകാര്യം ചെയ്യുന്നതിനും, ഫലപ്രദമാക്കുന്നതിനും കേന്ദ്രസർക്കാർ സംസ്ഥാന നിയമസഭാ അധികാരങ്ങളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തുന്നു.

b) സംസ്ഥാനങ്ങൾ തമ്മിലുള്ള കരാർ

ഒരു പ്രത്യേക വിഷയത്തിൽ പൊതുവായ നിയമമുണ്ടെങ്കിൽ രണ്ടോ അതിലധികമോ സംസ്ഥാനങ്ങൾ തങ്ങളുടെ പരസ്പര താല്പര്യങ്ങൾ മികച്ച രീതിയിൽ കൈമാറാമെന്ന് സമ്മതിക്കുകയും അതിന് ആവശ്യമായ നിയമം നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്യുമ്പോൾ പാർലമെന്റിന് ആ വിഷയത്തിൽ ആഗ്രഹിക്കുന്ന സംസ്ഥാനങ്ങൾക്ക് ഒരു പൊതു നിയമം നടപ്പിലാക്കാൻ കഴിയും. അത് പട്ടിക II ൽ (സംസ്ഥാന പട്ടിക) ഉൾപ്പെടുന്നു.

c) അന്താരാഷ്ട്ര കരാർ

ഒരു അന്തർദേശീയ കരാർ നടപ്പിലാക്കുന്നതിനായി, പാർലമെന്റിന് ഒരു സംസ്ഥാന വിഷയം നടപ്പാക്കാനുള്ള നിയമ നിർമ്മാണ അധികാരം ഉപയോഗിക്കാം.

d) ആർട്ടിക്കിൾ 356 അടിയന്തരാവസ്ഥ

ഭരണഘടന 356 ാം വകുപ്പുപ്രകാരം ഒരു സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചുകഴിഞ്ഞാൽ, ആ സംസ്ഥാന വിഷയങ്ങളിൽ നിയമം പാസാക്കാനുള്ള അധികാരം രാഷ്ട്രപതി പാർലമെന്റിനു നൽകുന്നു.

5.2.2 ഭരണ നിർവ്വഹണ ബന്ധം

നമ്മുടെ ഭരണഘടന കേന്ദ്രസംസ്ഥാന സർക്കാരുകൾ തമ്മിലുള്ള ഭരണനിർവ്വഹണ അധികാരങ്ങള വിതരണം ചെയ്യുന്നു. ഈ നിയമ നിർമ്മാണ വിതരണം അധികാര വിതരണവുമായി വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. അതായത്, ഒന്നാമത്തെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ ഭരണനിർവ്വഹണം നടത്താനുള്ള അധികാരങ്ങൾ കേന്ദ്ര സർക്കാരിനുണ്ട്. പട്ടിക രണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാനങ്ങൾക്ക് ഭരണനിർവ്വഹണ അധികാരമുണ്ട്. കേന്ദ്ര സർക്കാരിന്റെ ഭരണനിർവ്വഹണ അധികാരം ഇന്ത്യൻ പ്രദേശങ്ങളിലും വ്യാപിക്കുന്നു. അതേസമയം സംസ്ഥാന സർക്കാരുകളുടെ ഭരണ നിർവ്വഹണ അധികാരം സ്വയം വ്യാപിപ്പിക്കുകയും ചെയ്യുന്നു

യോജിപ്പുള്ള വിഷയങ്ങളിൽ ഭരണ നിർവ്വഹണ അധികാരം സാധാരണ, സംസ്ഥാന സർക്കാരുകളിലാണ് നിഷിപ്തമായിരിക്കുന്നത് എന്നിരുന്നാലും ഭരണ നിർവ്വഹണ പ്രവർത്തനങ്ങൾ സാധാരണ സമയങ്ങളിലും അടിയന്തര ഘട്ടങ്ങളിലും നിർവ്വഹിക്കുന്നതിന് സംസ്ഥാന സർക്കാരുകൾക്ക് നിർദ്ദേശങ്ങൾ നൽകാനുള്ള അധികാരം കേന്ദ്ര സർക്കാർ നിലനിർത്തുന്നു.

ഭരണഘടനയിലെ ഭരണനിർവ്വഹണ അധികാര വിതരണ വ്യവസ്ഥ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പരസ്പര ചുമതലയുമായി ബന്ധപ്പെട്ടതാണ്. ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടെ കേന്ദ്രസർക്കാരിന് അതിന്റെ പ്രവർത്തനങ്ങളെ അതാത് സംസ്ഥാന സർക്കാരിനെ ഏൽപ്പിക്കാൻ കഴിയും. ചില ഘട്ടങ്ങളിൽ അതിനു വിപരീതമായിട്ടും കേന്ദ്രസർക്കാരിന്റെ സമ്മതത്തോടെ സംസ്ഥാന സർക്കാരിന് അതിന്റെ ഭരണ നിർവ്വഹണ പ്രവർത്തനത്തെ ഏൽപ്പിക്കാനും ബാധ്യതയുണ്ട്. മാത്രമല്ല ബന്ധപ്പെട്ട സംസ്ഥാന സർക്കാരിന്റെ സമ്മതം കൂടാതെ തന്നെ കേന്ദ്ര സർക്കാരിന് അതിന്റെ ഭരണ നിർവ്വഹണ പ്രവർത്തനം പാർലമെന്റിന്റെ അംഗീകാരത്തോടെ സംസ്ഥാന സർക്കാരിനെ ഏല്പിക്കാൻ കഴിയും.

5.2.3 ധനകാര്യ ബന്ധങ്ങൾ

സംയുക്തഭരണവ്യവസ്ഥിതിയുടെ വിജയകരമായ പ്രവർത്തനത്തിന് സാമ്പത്തിക ശക്തിയുടെ വിഭജനം നിർണായകമാണ്. 1935 ലെ ഇന്ത്യൻ സർക്കാർ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ക്രമീകരണത്തിലൂടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കിടയിൽ ഇന്ത്യൻ ഭരണഘടന വിപുലമായ സാമ്പത്തിക അധികാരങ്ങൾ വിതരണം

ചെയ്യുന്നു. നികുതിവരുമാനം നികുതി വരുമാനം നികുതിയേതര വരുമാനം എന്നിങ്ങനെ ഭരണഘടന വിതരണം ചെയ്യുന്ന രണ്ട് വരുമാന സ്രോതസ്സുകളുണ്ട്.

A) നികുതി വരുമാന വിതരണം

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കിടയിൽ നികുതി വരുമാനം വിതരണം ചെയ്യുന്നതിന് 5 പ്രധാനപ്പെട്ട മാർഗ്ഗങ്ങൾ അവലംബിച്ചിരിക്കുന്നു.

1. കസ്റ്റംസ്, കോർപ്പറേഷൻ തുടങ്ങിയ വകുപ്പുകളിൽ നിന്നും കിട്ടേണ്ട നികുതികൾ കേന്ദ്രസർക്കാരിനു മാത്രമായി അനുവദിച്ചിരിക്കുന്നു.



2. വിൽപ്പന നികുതി പോലുള്ള ചില നികുതികൾ സംസ്ഥാനത്തിന് മാത്രമായി അനുവദിച്ചിരിക്കുന്നു

3. ചില വകുപ്പുകളിൽ നിന്നും കിട്ടേണ്ട നികുതികളെ കേന്ദ്രം ഈടാക്കിയെങ്കിലും ബന്ധപ്പെട്ട സംസ്ഥാനങ്ങൾ സ്വീകരിച്ച് അവ സ്വായത്തമാക്കുകയും ചെയ്യുന്നു. ഉദാഹരണമായി ബില്ലുകൾ കൈമാറ്റം, മദ്യ വില്പനയിലൂടെ കിട്ടുന്ന എക്സൈസ് തീരുവ

4. മറ്റു ചില നികുതികൾ കേന്ദ്ര സർക്കാർ ഈടാക്കുന്നു. എന്നാൽ വരുമാനത്തെ അതാതു സംസ്ഥാനങ്ങൾക്കായിട്ട് അനുപാത അടിസ്ഥാനത്തിൽ തിരികെ നൽകപ്പെടുന്നു. ഉദാഹരണത്തിന് പത്ര പരസ്യങ്ങളിൽ നിന്നും കിട്ടുന്ന നികുതി.

5. ചില നികുതികൾ കേന്ദ്ര സർക്കാർ ഈടാക്കുകയും അവ അതാതു സംസ്ഥാനങ്ങൾക്ക് ഒരു നിശ്ചിത അനുപാതത്തിൽ വിതരണം ചെയ്യുകയും ചെയ്യുന്നു. ഉദാഹരണത്തിന് കൃഷി ഒഴികെയുള്ള വരുമാനത്തിനുള്ള നികുതിയെ സർക്കാർ നേരിട്ട് സ്വായത്തമാക്കി

B) നികുതിയേതര വരുമാന വിതരണം

കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് നികുതിയേതര വരുമാന സ്രോതസ്സുകൾ നൽകിയിട്ടുണ്ട്. വൻകിട തൊഴിൽ സ്ഥാപനങ്ങൾ പോലുള്ള ബന്ധപ്പെട്ട വാണിജ്യ വ്യാവസായിക സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്നതാണ് കേന്ദ്രസർക്കാരിന്റെ ആകെ വരുമാനം. അതുകൂടാതെ റെയിൽവേ ഗതാഗതം തപാൽ നിലയങ്ങൾ, വാർത്താ വിനിമയ സ്ഥാപനങ്ങൾ, പ്രക്ഷേപണ നിലയങ്ങൾ എന്നിവയിൽ നിന്നും വരുമാനം ലഭിക്കുന്നു.

സംസ്ഥാന സർക്കാരുകൾക്ക് വാണിജ്യ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കൂടി വരുമാനം ലഭിക്കുന്നു. വനങ്ങൾ, ജലസേചനം, വൈദ്യുതി, റോഡു ഗതാഗതം, എന്നിവയാണ് മറ്റുചില വരുമാന സ്രോതസ്സുകൾ

സാമ്പത്തിക ബാധ്യത ആവശ്യപ്പെടുന്ന സംസ്ഥാനങ്ങൾക്ക് ഭരണഘടന വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾ നല്കി വരുന്നു. ആയതിനാൽ 275 അനുഛേദം പ്രകാരം ആസാം പോലുള്ള സംസ്ഥാനങ്ങൾക്ക് ആദിവാസി ജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടി സർക്കാർ പദ്ധതികൾക്ക് ധനസഹായം നൽകാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നു.

ധനകാര്യ കമ്മിഷൻ

5 വർഷത്തിലൊരിക്കൽ ഭാരതത്തിന്റെ രാഷ്ട്രപതി ഒരു ധനകാര്യ കമ്മിഷനെ നിയമിക്കുന്നു. ഭരണഘടനയുടെ 280ാം വകുപ്പ് പ്രകാരം ധനകാര്യ കമ്മീഷന്റെ ഘടനയെ കുറിച്ച് വിവരിക്കുന്നു. ഈ കമ്മിഷന് ഒരു ചെയർമാനും മറ്റു നാല് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ചെയർമാൻ പൊതുകാര്യങ്ങളിൽ പരിചയസമ്പന്നരും, അംഗങ്ങൾക്ക് സാമ്പത്തിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അറിവ്, സാമ്പത്തിക ശാസ്ത്രത്തെ കുറിച്ചുള്ള അറിവ്, ധനകാര്യ വിനിമയത്തെ കുറിച്ചുള്ള അറിവ്, പൊതുവായ സാമ്പത്തിക പരിജ്ഞാനം, സർക്കാർ ധനകാര്യത്തെ കുറിച്ചുള്ള അറിവ് എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഈ കമ്മീഷനിൽ ഒരു അംഗത്തിന് ഹൈക്കോടതി ജഡ്ജിയ്ക്കുള്ള യോഗ്യതയും നേടിയിരിക്കേണ്ടതാണ്.

ധനകാര്യ കമ്മീഷൻ ഇനിപ്പറയുന്ന രീതിയിൽ ശുപാർശകൾ നൽകുന്നു:

1. കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള നികുതിയുടെ ആകെ വരുമാനം വിതരണം ചെയ്യുന്നതിന്
2. ധനസഹായം നിയന്ത്രിക്കുന്ന തത്ത്വങ്ങൾ
3. പഞ്ചായത്ത് സംവിധാനങ്ങളുടെ വിഭവങ്ങൾക്ക് അനുസരിച്ച് ഇന്ത്യയുടെയോ സംസ്ഥാനങ്ങളുടെയോ ഏകീകൃത ഫണ്ട് വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ
4. നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിഭവങ്ങൾക്ക് അനുബന്ധമായിട്ട് ഭാരത്തതിന്റേയോ, സംസ്ഥാനങ്ങളുടേയോ ഏകീകൃത ഫണ്ട് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ
5. രാഷ്ട്രപതിയാൽ പരാമർശിക്കപ്പെട്ട മറ്റേതൊരു കാര്യവും

ഓരോ 5 വർഷത്തിലൊരിക്കൽ ധനകാര്യ കമ്മീഷനെ നിയമിക്കുന്നു. ഇതുവരെയായി 14 ധനകാര്യ കമ്മിഷനെ രൂപവത്കരിക്കപ്പെട്ടിട്ടുണ്ട്.

5.3 സഹകരണ സംയുക്ത ഭരണം

ഭാരത്തിന്റെഭരണഘടനയെകുറിച്ച്പ്രശസ്ത പണ്ഡിതനായ ഗ്രാൻവില്ലെ ഓസ്റ്റിൻ ഇപ്രകാരം വിവരിക്കുന്നു. (ഇന്ത്യൻഭരണഘടനയുടെപ്രശസ്ത പണ്ഡിതനായ ഗ്രാൽവില്ലെ ഓസ്റ്റിൻ വിവരിച്ചത്). കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള സഹകരണം പ്രോൽസാഹിപ്പിക്കുന്നതിനായി രൂപകല്പന ചെയ്തതാണ് ഇന്ത്യൻ സഹകരണസംയുക്തഭരണ സംവിധാനം സഹകരണ സംയുക്ത ഭരണവ്യവസ്ഥിതിയുടെ ആശയങ്ങൾ അമേരിക്കൻ ഐക്യനാടുകൾ പോലുള്ള സംയുക്ത ഭരണ സർക്കാരുകൾ നടപ്പിലാക്കുന്നു. അവിടെ സംസ്ഥാനങ്ങൾക്ക് കൂടുതൽ അല്ലെങ്കിൽ ആവശ്യമുള്ള അധികാരങ്ങൾ ഉള്ളതിനാൽ സഹകരണ സംവിധാനം പ്രോൽസാഹിപ്പിക്കുന്നു. യൂണിയന്റെ രൂപീകരണം അവഗണിക്കാനാവാത്തസംസ്ഥാനങ്ങൾഉൾകൊള്ളുന്നഅവിഭാജ്യ യൂണിയനെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇന്ത്യയെ പോലുള്ള അർദ്ധഫെഡറൽ രാഷ്ട്രത്തിൽ കേന്ദ്ര സർക്കാരുമായി സഹകരണമില്ലാത്തതോ അല്ലെങ്കിൽ അനുസരിക്കാത്തതോ ആയ ഏതൊരു ഭരണഘടനയേയും കേന്ദ്ര സർക്കാരിന് വളരെഎളുപ്പത്തിൽപിൻവലിക്കാൻകഴിയുംപ്രത്യേകിച്ചുംഭരണഘടനവ്യവസ്ഥകളിലൂടെഭരണഘടന രാഷ്ട്രപതിക്ക് നൽകിയിട്ടുള്ള അടിയന്തിരഅധികാരങ്ങളിലൂടെ ഭരണഘടന ഒരു കാരണവശാലും കേന്ദ്രത്തോട് വിയോജിച്ച് പ്രവർത്തിക്കുന്നതിന് അനുകൂലിക്കുന്നില്ല.

ഇന്ത്യയിലെ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സഹകരണ പ്രവർത്തനം പ്രോൽസാഹിപ്പിക്കുന്നതിനായി ഇന്ത്യൻ രാഷ്ട്രീയ വ്യവസ്ഥിതിയിൽനിരവധിവ്യവസ്ഥകളുംസ്ഥാപനങ്ങളുംസൃഷ്ടിച്ചിട്ടുണ്ട്. അവയെ ഭരണഘടനാപരവും, നിയമപരവുമായരാഷ്ട്രീയസ്ഥാപനങ്ങളായുംവ്യവസ്ഥകളായും തിരിക്കാം.

ഭരണഘടന വ്യവസ്ഥകളും സ്ഥാപനങ്ങളും

സർക്കാരിന്റെ നിയന്ത്രണത്തിലുള്ള വിവിധ സംഘടനകളെ സൃഷ്ടിക്കുകയും സഹകരണ സംയുക്ത ഭരണ വ്യവസ്ഥിതിയിലുള്ള സംവിധാനത്തെ പിന്തുണയ്ക്കുകയും ചെയ്യുന്നു.

I) അന്തർസംസ്ഥാന സമിതി

ഭരണഘടനയുടെ 263 ാം വകുപ്പ് പ്രകാരം പൊതുതാൽപ്പര്യങ്ങൾനിറവേറ്റുന്നതിനായിഇന്ത്യൻ രാഷ്ട്രപതിയ്ക്ക് അന്തർ സംസ്ഥാന സമിതിയെ സ്ഥാപിക്കാൻ കഴിയും. അന്തർസംസ്ഥാന സമിതിയ്ക്ക് പ്രധാനപ്പെട്ട മൂന്നു കർത്തവ്യങ്ങളും ചുമതലകളും നൽകിയിട്ടുണ്ട്.

a) സംസ്ഥാനങ്ങൾ തമ്മിലുള്ള തർക്കങ്ങളെ അന്വേഷിക്കുന്നതിനും ഉപദേശിക്കുന്നതിനും

b) കേന്ദ്രഭരണ പ്രദേശങ്ങൾക്കും, സംസ്ഥാന സർക്കാരുകൾക്കും പൊതുവായ വിഷയങ്ങളെ ചർച്ചചെയ്യാനും അന്വേഷിക്കാനും

c) സംസ്ഥാന സർക്കാരുകൾക്കിടയിൽ ഏതെങ്കിലും പ്രത്യേക വിഷയങ്ങളിൽ മികച്ച ഏകോപനത്തിനായി രാഷ്ട്രപതിയ്ക്കുള്ള ശുപാർശകൾ നൽകുന്നതിന്.

അന്തർ സംസ്ഥാന സഹകരണം മെച്ചപ്പെടുത്തുന്നതിനു വേണ്ടി നിരവധി സമിതികളെ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര ആരോഗ്യ മന്ത്രാലയ സമിതി, ഗതാഗത വികസന സമിതി, സ്വയം ഭരണ കേന്ദ്ര സമിതി എന്നിവ ഉദാഹരണങ്ങളാണ്.

സർക്കാരിയ സമിതിയുടെ നിർദ്ദേശ പ്രകാരം 1990 കളിൽ സംയുക്ത ഭരണ വ്യവസ്ഥിതിയിലുള്ള എല്ലാ വകുപ്പുകളിലും പരസ്പര സഹകരണം വർദ്ധിപ്പിക്കാൻ സംസ്ഥാനങ്ങൾക്കിടയിൽ ഒരു സമിതിയെ രൂപീകരിച്ചു. പ്രധാനമന്ത്രിയാണ് ഈ സമിതിയുടെ ചെയർമാൻ എല്ലാ സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ കേന്ദ്രഭരണ പ്രദേശങ്ങളിലെ മുഖ്യമന്ത്രിമാർ, കേന്ദ്ര കാബിനറ്റ് കമ്മിറ്റികൾ, കേന്ദ്രഭരണ പ്രദേശങ്ങളുടെ ഭരണ നിർവ്വഹണ മേധാവികൾ, രാഷ്ട്രപതിയുടെ ഭരണത്തിലുള്ളസംസ്ഥാനഗവർണ്ണർഎന്നിവരടങ്ങുന്നതാണ് ഈ സമിതി സംസ്ഥാനങ്ങൾ തമ്മിൽ മെച്ചപ്പെട്ട സഹകരണം വർദ്ധിപ്പിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ നേതൃത്വത്തിൽ ഒരു സ്റ്റാൻഡിംഗ് കമ്മിറ്റിയും രൂപീകരിക്കുന്നു. ഫെഡറൽ വ്യവസ്ഥിതിയിലുള്ള സംവിധാനത്തിലെ അംഗങ്ങൾക്കിടയിൽ സഹകരണം പ്രോൽസാഹിപ്പിക്കുന്നതിന് മന്ത്രിമാരും 9 മുഖ്യമന്ത്രിമാരും അന്തർ സംസ്ഥാന സമിതിയുടെ ഭാഗമായിട്ട് പ്രവർത്തിക്കുന്നു.

II) നിയമാനുസൃത സ്ഥാപനങ്ങൾ

പാർലമെന്റിന്റെ നിയമത്തിലൂടെ സൃഷ്ടിക്കപ്പെട്ട ചിലസംഘടനകളുണ്ട്. എന്നാൽ സഹകരണ സംയുക്ത ഭരണ വ്യവസ്ഥിതിയെ പ്രോൽസാഹിപ്പിക്കുന്നതിനെ കുറിച്ച് ഭരണഘടനയിൽ പരാമർശിച്ചിട്ടില്ല.

1. മേഖലാ സമിതികൾ

സംസ്ഥാനങ്ങൾതമ്മിലുള്ളസഹകരണവും ഏകോപനവും നേടുന്നതിനായി 1956 ൽ സംസ്ഥാനപുനഃസംഘടനനിയമപ്രകാരംമേഖലാ സമിതികൾരൂപീകരിച്ചു. ഇന്ത്യയുടെഭാഷാടിസ്ഥാനത്തിലുള്ള സംഘടനയുടെ പശ്ചാത്തലത്തിലാണ് അവ സൃഷ്ടിക്കപ്പെട്ടത്. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽനെഹ്റുപ്രസ്താവിക്കുന്നത്സഹകരണപ്രവർത്തന ശീലം വളർത്തിയെടുക്കുക എന്നതിൽ പ്രകാരമാണ്. പിന്നീട് ഇത് അഞ്ച് മേഖലാ സമിതികളായിട്ട് രൂപീകരിക്കപ്പെടുകയും ചെയ്തു.



1971 ൽ വടക്കു കിഴക്ക് സംസ്ഥാനങ്ങൾക്കായിട്ട് ഒരു പ്രത്യേക മേഖല രൂപീകരിക്കപ്പെട്ടു.

1. വടക്കു മേഖലാസമിതി

2. തെക്ക് മേഖലാസമിതി

3. കിഴക്ക് മേഖലാസമിതി

4. പടിഞ്ഞാറ് മേഖലാസമിതി

5. മദ്ധ്യ മേഖലാസമിതി

6. വടക്ക് കിഴക്ക് മേഖലാ സമിതി

എല്ലാമേഖലാസമിതികളുടെയുംഅദ്ധ്യക്ഷൻ കേന്ദ്ര ആഭ്യന്തര മന്ത്രിയാണ്. കൂടാതെ ഓരോ മേഖലാ സമിതിയിൽ മുഖ്യമന്ത്രിയും അതാതു സംസ്ഥാനങ്ങൾക്കായിട്ടുള്ള മറ്റു രണ്ടു മന്ത്രിമാരും, കേന്ദ്രഭരണ സംസ്ഥാനത്തിൽ അതാതു ഭരണാധികാരികളും ഉൾപ്പെട്ടിരിക്കുന്നു.

സാമ്പത്തിക, സാമൂഹിക ആസൂത്രണം, അതിർത്തിതർക്കങ്ങൾ, സംസ്ഥാനാന്തരഗതാഗതസംവിധാനങ്ങൾഇവയെക്കുറിച്ചുംമേഖലകൾതമ്മിലുള്ള സഹകരണം പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങളെ കുറിച്ചും ചർച്ചചെയ്യുകയും നിർദ്ദേശിക്കുകയും ചെയ്യുന്നു.

2. നദീജല സമിതി

അന്തർസംസ്ഥാന നദീജല നിയന്ത്രണത്തിനായി ബന്ധപ്പെട്ട സർക്കാരുകൾക്ക് 1956 ലെ നദീജല നിയമം പ്രകാരം നദീജല സമിതി രൂപീകരിച്ചു.

3. ജലതർക്ക കോടതി

1956 ലെ അന്തർസംസ്ഥാന ജലതർക്ക നിയമംഭരണഘടനയുടെ 262ാംവകുപ്പ്പ്രകാരമാണ്നടപ്പിലാക്കിയത്. എല്ലാ അന്തർ സംസ്ഥാന നദീജല തർക്കങ്ങളെ ചർച്ച ചെയ്ത് പരിഹരിക്കപ്പെടേണ്ടതാണ്. എന്ന് ഈ നിയമം ഉത്തരവിട്ടു. ആവർത്തിച്ചിട്ടുള്ള ചർച്ചകൾ പ്രശ്നം പരിഹരിക്കുന്നതിൽ നിരർഥകമാണെന്ന് ബോധ്യമായാൽ അത് പരിഹരിക്കുന്നതിനു വേണ്ടി ഒരു താൽക്കാലിക നീതിന്യായ കോടതി രൂപീകരിക്കുന്നതിന് ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

രാഷ്ട്രീയം അല്ലെങ്കിൽ പ്രമേയ സ്വയം ഭരണ സ്ഥാപനം

നിധി ആയോഗ്

കേന്ദ്ര സർക്കാർ 2015 ജനുവരിയിൽ നിധി ആയോഗ് എന്ന ഒരു പുതിയ ദേശീയ ആസൂത്രണ സമിതി രൂപീകരിച്ചു. ഇത് 65 വർഷം പഴക്കമുള്ള കേന്ദ്ര കമ്മിഷനെ പിരിച്ചു വിട്ടശേഷം ഇന്ത്യയുടെ മാറ്റത്തിന് വേണ്ടിസൃഷ്ടിച്ചദേശീയസമിതിയാണ്. മുമ്പ് നിലവിലിരുന്ന പദ്ധതിയ്ക്കു പകരമാണ് ഈ പുതിയ സമിതിയെ രൂപീകരിച്ചത്. പ്രധാന മന്ത്രിയാണ് ഈ സമിതിയുടെ അധ്യക്ഷൻ. കൂടാതെ അതാതുസംസ്ഥാനങ്ങളിലെമുഖ്യമന്ത്രിമാർ,യൂണിയൻ സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാർ പുതുശ്ശേരി, ന്യൂഡൽഹി, ആൻഡമാൻ നിക്കോബാർ ദ്വീപുകളിലെ ലഫ് ഗവർണ്ണർ എന്നിവരാണ് സ്ഥിരമായ അംഗങ്ങൾ. സംസ്ഥാനങ്ങൾക്കിടയിൽ തുടർച്ചയായ സഹകരണ സംയുക്ത വ്യവസ്ഥിതിയെ വളർത്തിയെടുക്കുക എന്നതാണ് ഈ സമിതിയുടെ മുഖ്യ ലക്ഷ്യം. ശക്തമായ സംസ്ഥാനങ്ങളാണ് ഒരു ശക്തമായ രാഷ്ട്രത്തെ സൃഷ്ടിക്കുന്നത് എന്ന ലക്ഷ്യം സഫലീകരിക്കപ്പെടുന്നു. ഭരണഘടനാപരമായ ചില പോരായ്മകളാലും വരുമാന സ്രോതസ്സുകളുടെ അഭാവവും കാരണവുമാണ് അതാതു സംസ്ഥാനങ്ങൾ കേന്ദ്രത്തെ ആശ്രയിക്കുന്നത്. പ്രകൃതി ദുരന്തങ്ങളെ നേരിടാൻ അവർ ഫെഡറൽ സർക്കാരിനെ ആശ്രയിച്ചിരിക്കുന്നു. ഈ അവസ്ഥയ്ക്കു മാറ്റം വരുത്തുകയാണ് ധനകാര്യ കമ്മിഷന്റെ ലക്ഷ്യം.

5.4. അന്തർ സംസ്ഥാന നദീജല തർക്കം

ഇന്ത്യൻ രാഷ്ട്രീയത്തിൽ സംയുക്ത ഭരണ സംവിധാനത്തിന്റെ പരിണാമത്തിൽ അന്തർ സംസ്ഥാന നദീജല തർക്കങ്ങൾ നിർണായക പങ്ക് വഹിക്കുന്നു. നമ്മുടെ രാജ്യത്ത് ഇത്തരം തർക്കങ്ങൾ ധാരാളമുണ്ട്. തമിഴ്നാട്, കേരളം, കർണ്ണാടക, പുതുശ്ശേരി, കേന്ദ്ര ഭരണപ്രദേശങ്ങൾ എന്നിവ ഉൾപ്പെടുന്ന കാവേരി തർക്കം ആന്ധ്രപ്രദേശുമായി ബന്ധപ്പെട്ട വംസാദര നദീജല തർക്കം, പഞ്ചാബ് ഉൾപ്പെടുന്ന സത്ലജ് നദീജലതർക്കം ഗോവ, മഹാരാഷ്ട്ര, കർണ്ണാടക എന്നിവ ഉൾപ്പെടുന്ന ഹരിയാന മഹാദായി നദീജലതർക്കങ്ങളാണ് പ്രധാനമായിട്ടുള്ളത്. ഈ നദീജല തർക്കങ്ങളെ പരിഹരിക്കുന്നതിന് ഇന്ത്യൻ ഫെഡറലിസത്തിൽ ഇനിപ്പറയുന്ന തർക്കപരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

1. ഭരണഘടനയും അന്തർ സംസ്ഥാന നദീജല തർക്കങ്ങളും

ഭരണഘടനയുടെ 262 ാം വകുപ്പ് പ്രകാരം ഏതൊരു തർക്കങ്ങളുടെയും നിയമം നടപ്പിലാക്കാൻ പാർലമെന്റിനെ അധികാരപ്പെടുത്തുന്നു. ഏതെങ്കിലും അന്തർ സംസ്ഥാന നദിയുടെയോ,

നദീതടത്തിന്റെയോ ഉപയോഗം, വിതരണം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട തർക്കം പരമോന്നത കോടതിയേയോ മറ്റേതെങ്കിലും കോടതിയേയോ അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ ഏതെങ്കിലും അധികാര പരിധി നടപ്പാക്കുന്നതിൽ നിന്ന് ഒഴിവാക്കാൻ പാർലമെന്റിന് സാധിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. ഈ ആവശ്യത്തിനായിട്ട് ഭരണഘടനയുടെ ഏതെങ്കിലും വ്യവസ്ഥയെ ലംഘിച്ച് ഒരു നിയമം നടപ്പിലാക്കാൻ പാർലമെന്റിന് അധികാരമുണ്ട്. ഈ വ്യവസ്ഥയുടെ യുക്തി അന്തർ സംസ്ഥാന നദീജല തർക്കങ്ങളിൽ ദശലക്ഷകണക്കിന് ആളുകളുടെ ജീവിതത്തെയും ബാധിക്കുന്ന വൈകാരികവും, സാമ്പത്തികവുമായ പ്രത്യാഘാതങ്ങൾ അടങ്ങിയിരിക്കുന്നു എന്നതാണ്. തർക്കങ്ങളുടെ കോടതിവിധി സാമൂഹികവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ സൃഷ്ടിച്ചേക്കാം. അതിനാൽ ചർച്ചകളിലൂടെയും നേരിട്ടുള്ള സംഭാഷണങ്ങളിലൂടെയും ഈ തർക്കങ്ങളെ പരിഹരിക്കുന്നതിനുള്ള സംവിധാനം ആവിഷ്ക്കരിക്കാനുള്ള ദേശീയ സഭയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്.

2. അന്തർ സംസ്ഥാന നദീജല തർക്ക നിയമം 1956

ഭരണഘടനയുടെ 262 ാം വകുപ്പ് പ്രകാരം പാർലമെന്റ് 1956 ൽ അന്തർ സംസ്ഥാന നദീജല തർക്കനിയമം നടപ്പിലാക്കി. ഈ നിയമം ഒരു അന്തർ സംസ്ഥാനത്തിന്റെ വിധിന്യായത്തിനായി ഒരു നീതിന്യായകോടതി സ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനെ പ്രാപ്തമാക്കുന്നു. സമാധാനപരമായ ചർച്ചകളിലൂടെ അന്തർ സംസ്ഥാന നദീതർക്കങ്ങളെ പരിഹരിക്കപ്പെടണം എന്നതാണ് ഇന്ത്യൻ ഭരണഘടനാ പരവും, നിയമപരവുമായ സമവായം ചർച്ചകളിലൂടെ ഫലപ്രദമായ തീരുമാനങ്ങളൊന്നും എടുക്കാൻ കഴിയുന്നില്ലെങ്കിൽ സംസ്ഥാനങ്ങൾക്ക് ഭരണഘടനാ അനുസൃതമായി ഒരു നീതിന്യായ കോടതിക്കു വേണ്ടി താൽക്കാലിക അടിസ്ഥാനത്തിൽ യൂണിയന് സ്ഥാപിക്കാൻ കഴിയും.

കേന്ദ്ര സർക്കാർ ഒരു നീതിന്യായ കോടതിയെ രൂപീകരിക്കാൻ തീരുമാനിക്കുമ്പോൾ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് അതിന്റെ അധ്യക്ഷനായി ഒരു വ്യക്തിയെ നാമനിർദേശം ചെയ്യുന്നു. നീതിന്യായ കോടതിയിൽ എല്ലായ്പ്പോഴും ഒരു വ്യക്തിയെ മാത്രം ഉൾകൊള്ളുന്നു. എന്നാൽ ഈ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയതിനു ശേഷം കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തേണ്ടതാണ്. സുപ്രീം കോടതിയിലെയോ, ഹൈകോടതിയിലേയോ സേവനം അനുഷ്ടിക്കുന്ന അല്ലെങ്കിൽ വിരമിച്ച ജഡ്ജിയെ തിരഞ്ഞെടുത്ത തീരുമാനം ഔദ്യോഗിക വിജ്ഞാപനത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതിനു ശേഷം ആ തീരുമാനം അന്തിമവും തർക്കവുമായി ബന്ധപ്പെട്ട കക്ഷികളുമായും ബന്ധപ്പെട്ടിരിക്കുന്നു. ഈ നിയമം പ്രകാരം നീതിന്യായ കോടതിയെ പരാമർശിക്കുന്ന അന്തർസംസ്ഥാന ജലതർക്കങ്ങൾ സുപ്രീം കോടതിയ്ക്കോ, മറ്റേതെങ്കിലും കോടതിയ്ക്കോ അധികാര പരിധി ഉണ്ടായിരിക്കില്ല. നദീജല ബോർഡ് നിയമം 1956 പ്രകാരം വ്യവഹാരത്തിനായി സ്ഥാപിച്ചിട്ടുള്ള ഏതെങ്കിലും തർക്കത്തിന് ഒരു നീതിന്യായ കോടതിയെ രൂപീകരിക്കാൻ സാദ്ധ്യമല്ല.

ചുരുങ്ങിയ സമയത്തിനുള്ളിൽ നമ്മുടെ വിവിധ ഭരണഘടനാ നിയമം രാഷ്ട്രീയ തന്ത്രം അന്തർ സംസ്ഥാന നദീജല തർക്കങ്ങളെ പരിഹരിക്കുന്നതിനുള്ള ഇരട്ട തന്ത്രത്തെ വാദിക്കുന്നുവെന്ന് നമുക്ക് പറയാൻ കഴിയും. പ്രശ്നങ്ങളെ പരിഹരിക്കുന്നതിൽ ചർച്ചകൾ പരാജയപ്പെട്ടാൽ ഒരു താൽക്കാലിക നീതിന്യായ കോടതിയെ അടിസ്ഥാനമാക്കിയുള്ള വിധിന്യായം സ്ഥാപിക്കേണ്ടതാണ്.

5.5 ഇന്ത്യൻ സംയുക്ത ഭരണ വ്യവസ്ഥയിലെ പ്രശ്നങ്ങളും ആവശ്യങ്ങളും

ഇന്ത്യൻ ഫെഡറൽ സംവിധാനത്തിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങളിൽ അസ്വസ്ഥതകൾ സൃഷ്ടിക്കുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ഈ വിഭാഗത്തിലെ പ്രധാന പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാം.

ഗവർണ്ണറുടെ നിയമനവും ചുമതലകളും


അറിഞ്ജർ അണ്ണാദുരൈ
സംസ്ഥാനഅവകാശങ്ങളുടെ
സംരക്ഷകൻ

സംസ്ഥാന സർക്കാർ ഭരണകൂടത്തെ നിരീക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഒരു മദ്ധ്യസ്ഥൻ എന്ന നിലയിൽ ഗവർണ്ണറെ നിയമിക്കുന്നു. ഗവർണ്ണർ ചില സന്ദർഭങ്ങളിൽ ഭരണ നിർവ്വഹണത്തിൽ ഇടപെട്ട് സംസ്ഥാനങ്ങളുടെ അധികാരങ്ങളെ ദുർബലമാക്കുന്നു. രാജമന്നാർ സമിതിയുടെ റിപ്പോർട്ട് ഗവർണ്ണറുടെ കാര്യാലയത്തെയും ചുമതലയെയും

പ്രവർത്തനം: കാവേരി നദീജല തർക്ക സംഭാഷണം





വിദ്യാർത്ഥി: സർ, കാവേരി നദീജല തർക്കത്തെ കുറിച്ച് വിശദീകരിക്കാമോ?

അദ്ധ്യാപകൻ: കാവേരി തർക്കം ഒരു അന്തർസംസ്ഥാന നദീജല തർക്കമാണ്. ഈ തർക്കങ്ങളിൽ തമിഴ്നാട്, കർണ്ണാടക, കേരളം, കേന്ദ്ര ഭരണ പ്രദേശമായ പുതുശ്ശേരി എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെടുന്നു.

വിദ്യാർത്ഥി: ഈ വിഷയത്തിന്റെ ചരിത്രപരമായ പ്രശ്നം എന്താണ്?

അദ്ധ്യാപകൻ: ഈ പ്രശ്നത്തിന്റെ ചരിത്രം വളരെ ദൈർഘ്യമേറിയതാണ്. മദ്രാസ് പ്രവിശ്യയും മൈസൂർ നാട്ടുരാജ്യവും 1924-ൽ നദീജലം പങ്കിടുന്നതിന് ഒരു കരാറിൽ ഒപ്പു വെച്ചു. ഈ കാരാർ പ്രകാരം 50 വർഷത്തോളം പ്രവർത്തനത്തിൽ ഏർപ്പെട്ട ശേഷം 1974-ൽ കരാർ അവസാനിച്ചു.

വിദ്യാർത്ഥി: അതിനുശേഷം തർക്കം ഉന്നയിക്കപ്പെട്ടിരുന്ന സംസ്ഥാന സർക്കാർ ചർച്ചക്ക് തുടക്കമിട്ടിരുന്നോ?

അദ്ധ്യാപകൻ: അതെ, രണ്ടു ദശാബ്ദങ്ങളായിട്ട് നിരവധി പ്രാവശ്യം ചർച്ചകൾ ചെയ്തെങ്കിലും പരിഹാര മുണ്ടായിട്ടില്ല നാം മുൻമ്പ് പഠിച്ചതുപോലെ നദീജല തർക്കങ്ങളെ പരിഹരിക്കുന്നതിന് ഒരു നീതിന്യായ കോടതി രൂപീകരിക്കാൻ അന്തർ സംസ്ഥാന നദീജലതർക്കനിയമം 1956-അനുവദിക്കുന്നു. അതിൻ പ്രകാരം പ്രശ്നം പരിഹരിക്കുന്നതിന് 1991-ാം ആണ്ടിൽ കാവേരി നദീജല നീതി ന്യായ കോടതി രൂപീകരിക്കപ്പെട്ടു.

വിദ്യാർത്ഥി: നീതിന്യായകോടതിയുടെ വിധി പ്രസ്താവന അനുകൂലമായിരുന്നോ? എന്താണ് വിധിന്യായത്തിന്റെ സവിശേഷതകൾ?

അദ്ധ്യാപകൻ: അതെ, 2007 ാം ആണ്ടിൽ നീതിന്യായ കോടതിയുടെ അന്തിമവിധി ന്ല്കുകയുണ്ടായി. ബിലിഗുണ്ട്ലുവിന്റെ അതിർത്തിക്കപ്പുറത്ത് കർണാടകയിൽ നിന്ന് തമിഴ്നാട്ടിലേക്ക് പ്രതിമാസം ജലം നൽകാൻ ഇത് വ്യവസ്ഥ ചെയ്യുന്നു. ഇത് കാവേരി നദിയിൽ നിന്നും ഓരോ സംസ്ഥാനത്തിന്റെയും വിഹിതം നിശ്ചയിച്ചു. മഴ ലഭ്യത കുറഞ്ഞ വർഷങ്ങളിൽ ജലം പങ്കിടുന്നതിന് ഒരു സൂത്രവാക്യം നല്കുകയുണ്ടായി.

വിദ്യാർത്ഥി: എന്താണ് കാവേരി ജലമേൽനോട്ട സമിതി?

അദ്ധ്യാപകൻ: ജലം പങ്കിടുന്ന വേളയിൽ ഉണ്ടാകുന്ന തർക്കത്തെ തന്ത്രപരമായി കൈകാര്യം ചെയ്യാൻ നീതിന്യായ കോടതി കാവേരി ജല മേൽനോട്ട സമിതിയ്ക്ക് രൂപം നൽകുകയുണ്ടായി.

വിദ്യാർത്ഥി: ഇത് രൂപീകരിക്കപ്പെട്ടതിനു ശേഷമുള്ള പ്രവർത്തനം എപ്രകാരമാണ്?

അദ്ധ്യാപകൻ: നിരവധി വർഷങ്ങളുടെ വ്യവഹാരത്തിനുശേഷം സുപ്രീംകോടതി അന്തിമവിധി പ്രസ്താവിക്കുകയും 2018 ൽ കാവേരി ജല നിയന്ത്രണ സമിതിയ്ക്ക് രൂപം

കൊടുക്കുവാനും കേന്ദ്ര സർക്കാരിനോട് നിർദ്ദേശിച്ചു. സുപ്രീംകോടതി വിധി പ്രകാരം കർണ്ണാടക സംസ്ഥാനത്തിന്റെ അതിർത്തിക്കപ്പുറത്ത് ബിലിഗുണ്ട്ലുവിൽ നിന്ന് തമിഴ്നാട്ടിലേക്ക് 177.25 ടിഎംസി ജലം ലഭിക്കുന്നതാണ്. മൊത്തം കാവേരി നദിയിൽ നിന്നും തമിഴ്നാട്ടിലേക്ക് അനുവദിക്കപ്പെട്ട ജലത്തിന്റെ അളവ് 284.25 ടിഎംസിയാണ്. കേരള സംസ്ഥാനത്ത് 30 ടിഎംസിയും, നാലാമതായിട്ട് ജലം പങ്കിടുന്നത് പോണ്ടിച്ചേരി സംസ്ഥാനത്തിന് 7 ടിഎംസി ജലവും ലഭിക്കുന്നു.

നിശിതമായി വിമർശിച്ചു. സംസ്ഥാന ഭരണ നിർവ്വഹണത്തെ വളച്ചൊടിക്കാൻ കേന്ദ്ര സർക്കാർ ശ്രമിക്കുമെന്ന് പലപ്പോഴും ചൂണ്ടി കാണിക്കപ്പെടുന്നു. ദ്രാവിഡ കക്ഷികൾ സി.എൻ. അണ്ണാദുരൈയുടെ കാലം മുതൽ, സംസ്ഥാന ഭരണ നിർവ്വഹണം, സംസ്ഥാന നിയമസഭ എന്നിവയിൽ ഇടപെടാനുള്ള ഗവർണ്ണറുടെ അധികാരം കുറച്ചുകൊണ്ടുള്ള സംസ്ഥാനങ്ങൾക്ക് യഥാർത്ഥ സ്വയം ഭരണാവകാശം ആവശ്യപ്പെടുന്നു.

രാഷ്ട്രീയമായി സജീവവും പക്ഷപാതപരവുമായി പ്രവർത്തിക്കുന്ന വ്യക്തികളെ ഗവർണ്ണർമാരായി നിയമിക്കുന്നതിനെ പ്രാദേശിക കക്ഷികൾ എതിർത്തു. സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് ഗവർണറെ നിയമിക്കണമെന്ന് അവർ തുടർച്ചയായി ആവശ്യപ്പെട്ടു. വിവിധ മേഖലകളിൽ ഇന്ത്യയുടെ വികസനത്തിന് സംഭാവന നൽകിയ പ്രമുഖരെ ഗവർണറായി നിയമിക്കണമെന്ന് രാഷ്ട്രീയ വക്താക്കളും കമ്മീഷനുകളും വാദിച്ചു.

കേന്ദ്രത്തിൽ ഭരണകക്ഷിയെ എതിർക്കുന്ന കക്ഷികൾ ഭരിക്കുന്ന സംസ്ഥാന സർക്കാരുകളോടുള്ള ഗവർണറുടെ മനോഭാവം കേന്ദ്ര സംസ്ഥാന ബന്ധങ്ങളിലെ മറ്റൊരു പിരിമുറുക്കമാണ്. ഭരണകക്ഷിയായ ഒരു രാഷ്ട്രീയ പാർട്ടിയിൽ ഭിന്നത ഉണ്ടാകുമ്പോൾ ഗവർണ്ണറുടെ പങ്ക് വളരെ നിർണ്ണായകമാവുകയും പല സന്ദർഭങ്ങളിൽ പ്രാദേശിക പ്രതിപക്ഷ പാർട്ടികൾ ഭരണാധികാരികളുടെ തീരുമാനങ്ങൾ ക്കെതിരെയും പ്രക്ഷോഭം നടത്തുകയും ചെയ്യുന്നു.

പ്രവർത്തനം

ഇന്ത്യയിലെ സംസ്ഥാന രാഷ്ട്രീയത്തിന്റെ പരിണാമത്തിൽ ഗവർണർമാരുടെ പങ്കിനെ കുറിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുക.

വിദ്യാഭ്യാസം

വിദ്യാഭ്യാസ വിഷയം അത് സ്ഥിതിചെയ്യുന്ന പട്ടികയിൽ അല്ലെങ്കിൽ സംസ്ഥാന പട്ടികയിൽ പുനഃസ്ഥാപിക്കണമെന്ന് ഒരു ജനകീയ ആവശ്യമുണ്ട്. 1976 ൽ പാർലമെന്റ് 42 ാം ഭേദഗതി പ്രകാരം ഒരു നിയമം നടപ്പിലാക്കി. അത് വിദ്യാഭ്യാസ വിഷയ പട്ടികയിലേയ്ക്കോ, അല്ലെങ്കിൽ നിലവിലുള്ള പട്ടികയിലേക്കോ മാറ്റപ്പെടുകയുണ്ടായി. സംസ്ഥാന പട്ടികയിൽ ആയിരിക്കുമ്പോൾ സംസ്ഥാന സർക്കാരുകൾക്ക് വിദ്യാഭ്യാസ വിഷയത്തിനുമേൽ പ്രത്യേക അധികാരം ഉണ്ടായിരുന്നു. പിന്നീട് കേന്ദ്ര സർക്കാർ വിദ്യാഭ്യാസ വിഷയത്തെ സംസ്ഥാന പട്ടികയിൽ നിന്ന് വേർപെടുത്തി കൺകറന്റ് പട്ടികയിൽ ഉൾപ്പെടുത്തി. ഈ പ്രതിസന്ധിമൂലം കേന്ദ്രത്തിനാണ് പൂർണ്ണമായും അധികാരം നിലനില്ക്കുന്നത്. വിദ്യാഭ്യാസം എന്ന വിഷയത്തെ സംസ്ഥാന പട്ടികയിലേയ്ക്ക് മാറ്റണമെന്ന് തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങളിലെ വിവിധ രാഷ്ട്രീയ കക്ഷികളും ആവശ്യപ്പെടുന്നു.



സംസ്ഥാന നിയമസഭയുടെ സംവരണബില്ലുകളെ രാഷ്ട്രപതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു

ഒരു സംസ്ഥാന ഗവർണറിന് സംസ്ഥാന നിയമസഭയുടെ ബില്ലിനെ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായിട്ട് സമർപ്പിക്കുമ്പോൾ തത്ക്കാലം നിറുത്തിവെയ്ക്കാനുള്ള വിവേചനാധികാരം ഉണ്ടാ

യിരിക്കുന്നതാണ്. രാഷ്ട്രപതിക്ക് അയയ്ക്കുന്ന ബില്ലിനെ അംഗീകരിക്കുകയോ, നിറുത്തിവെയ്ക്കുകയോ ചെയ്യാവുന്നതാണ്. മറ്റു ബില്ലുകളുടെ കാര്യത്തിലും അദ്ദേഹത്തിന് അംഗീകരിക്കാനും തല്ക്കാലം നിറുത്തിവെയ്ക്കാനും അധികാരമുണ്ട്. ബന്ധപ്പെട്ട ബില്ല് നിയമസഭയിലേക്ക് അയച്ച് പുനർ വിചിന്തനം ചെയ്യാൻ ഗവർണറോട് നിർദ്ദേശിക്കാം. ബില്ല് സംസ്ഥാന നിയമസഭ വീണ്ടും പാസാക്കിയാലും രാഷ്ട്രപതി തന്റേതായ സമ്മതം പ്രഖ്യാപിക്കണമെന്ന് നിർബന്ധമല്ല. ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സംരക്ഷിക്കുന്നതിനാണ് ഈ വ്യവസ്ഥയെ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ സംസ്ഥാന സർക്കാരുകളെ അടിച്ചമർത്തുന്നതിനും ഭരണ കക്ഷിയുടെയോ, സഖ്യത്തിന്റെയോ താൽപ്പര്യങ്ങൾ പ്രകടിപ്പിക്കുന്നതിനോ രാഷ്ട്രീയ പരിഗണനകളാൽ പ്രചോദനം ഉൾകൊണ്ടിട്ടുണ്ടെന്ന് ആരോപിക്കപ്പെടുന്നു. അതിനാൽ രാഷ്ട്രപതിയുടെ പരിഗണനയ്ക്കായി അയയ്ക്കപ്പെടുന്ന കൃത്യമായി പാസാക്കിയ ബില്ലിനെ തത്ക്കാലം നിറുത്തി വെയ്ക്കുന്നതു മൂലം പല സംസ്ഥാന സർക്കാരുകളും ഗവർണർമാരെ കേന്ദ്ര സർക്കാരിനാൽ വിമർശിക്കപ്പെടുന്നു.

പ്രവർത്തനം

ഇന്ത്യയിലെ സംസ്ഥാന സ്വയംഭരണ ആവശ്യങ്ങളെ കുറിച്ച് ക്ലാസിൽ ഒരു ചർച്ച സംഘടിപ്പിക്കുക

ആർട്ടിക്കിൾ 356 - ന്റെ അനുചിതമായ ഉപയോഗം

ഭരണഘടനയുടെ XVII ലെ 356-ാം വകുപ്പു പ്രകാരം ഗവർണറിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോ അല്ലെങ്കിൽ മറ്റേതെങ്കിലും ഭരണസ്തംഭനം ഏർപ്പെട്ടാലോ സംസ്ഥാനങ്ങളിൽ രാഷ്ട്രപതിക്ക് അടിയന്തരാവസ്ഥ പ്രഖ്യാപിക്കാനുള്ള അധികാരമുണ്ടായിരിക്കും. ഭരണഘടനയുടെ മേധാവിത്വവും ദേശീയൈക്യവും ഉൾകൊള്ളിച്ചിരിക്കുന്നു. എന്ന പ്രസ്തുത ആർട്ടിക്കിളിൽ ഊന്നി പറയുന്നു കേന്ദ്രത്തിലെ ഭരണകക്ഷിയുടെ പ്രതിപക്ഷ പാർട്ടികൾ ഭരണ നിർവ്വഹണം നടത്തുന്ന സർക്കാരുകൾ ഈ ആർട്ടിക്കിളിനെ ദുരുപയോഗം ചെയ്യുന്നതായിട്ടുള്ള ആരോപണം ഉന്നയിക്കുന്നു. നൂറിലധികം പ്രാവശ്യം ഈ വകുപ്പിനെ ഉപയോഗപ്പെടുത്തി പല സംസ്ഥാനങ്ങളിൽ അടിയന്തരാവസ്ഥ പ്രഖ്യാപിക്കപ്പെട്ടു രാഷ്ട്രപതിയുടെ നേരിട്ടുള്ള ഭരണത്തിനെതിരായിട്ട് അനേകം പരാതികൾ ഉന്നയിക്കപ്പെട്ടു. അനേകം രാഷ്ട്രീയ കക്ഷികൾ യോജിച്ച് പ്രസ്തുത വകുപ്പിനെ നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടു. എന്നിരുന്നാലും എസ്.ആർ.ബൊമ്മൈയുടെ ഭരണ അധികാരത്തെ ചോദ്യം ചെയ്ത സുപ്രീം കോടതി വിധിന്യായത്തിൽ രാഷ്ട്രീയ കക്ഷികൾ പരിഗണനകളെ ദുരുപയോഗം ചെയ്യാനുള്ള സാധ്യത മനസ്സിലാക്കി രാഷ്ട്രപതിയുടെ ഭരണം നടപ്പിലാക്കുന്നതിനു കാരണമായി. ഇതിൻ പ്രകാരം വിവിധ പ്രാദേശിക രാഷ്ട്രീയ കക്ഷികൾ 356 ാം വകുപ്പിനെ നിറുത്തലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

അഖിലേന്ത്യാ സേവനങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ 312 ാം വകുപ്പു പ്രകാരമാണ് കേന്ദ്രസർക്കാർ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത്. അതാതു സംസ്ഥാനങ്ങളിൽ നിയമം ചെയ്യപ്പെട്ട ഉദ്യോഗസ്ഥരെ സ്ഥലമാറ്റം ചെയ്യാനുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടെങ്കിലും അവരെ സേവനത്തിൽ നിന്നും പിരിച്ചുവിടാൻ കേന്ദ്രസർക്കാരിനു മാത്രമാണ് അധികാരംഉള്ളത്. അഖിലേന്ത്യാ സേവനങ്ങളുടെ അത്യന്തിക നിയന്ത്രണം കേന്ദ്ര സർക്കാരിന്റെ പക്കലുള്ളതിനാൽ സംസ്ഥാന സർക്കാരുകൾ ഈ വ്യവസ്ഥയിൽ മാറ്റങ്ങൾ തേടുകയും അഖിലേന്ത്യാ സേവനങ്ങളുടെ ഘടനയിലും, സ്ഥാനത്തിലും പൂർണ്ണമായ മാറ്റം വരുത്തുന്നതിനു വേണ്ടി തമിഴ്നാട് സർക്കാർ രാജമന്നാർ കമ്മിഷനെ നിർദ്ദേശിക്കുകയും ചെയ്തു.

കേന്ദ്രത്തിലെ കമ്മിഷൻ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

സംസ്ഥാനങ്ങളുടെ ബന്ധങ്ങളെ കുറിച്ച് പഠിക്കാനും ശുപാർശ നല്കാനും മുൻപ് നിരവധി കമ്മീഷനുകൾ രൂപീകരിച്ചിരുന്നു.

5.5.1 ഭരണാധികാര പരിഷ്ക്കാര കമ്മിഷൻ

രാജ്യത്തിന്റെ ഭരണ സംവിധാനത്തെ അവലോകനം ചെയ്യുന്നതിനും, പരിഷ്ക്കരിക്കുന്നതിനുമുള്ള ശുപാർശകൾ നല്കുന്നതിനും രണ്ടു ഭരണ പരിഷ്ക്കാര കമ്മീഷനുകളെ സ്ഥാപിച്ചിരുന്നു. ആദ്യത്തെ ഭരണ പരിഷ്ക്കരണ കമ്മിഷൻ 1966 ൽ പ്രധാന മന്ത്രിയായിരുന്ന മൊറാർജിദേശായിയുടെ നേതൃത്വത്തിലും അതിനുശേഷം കേ. ഹനുമന്തയ്യയുടെ നേതൃത്വത്തിലും രൂപീകരിക്കപ്പെട്ടു. ഈ കമ്മിഷന്റെ നിയന്ത്രണ അധികാരത്തിന്റെ അടിസ്ഥാനത്തിൽ വിപുലമായ നിർദ്ദേശങ്ങൾ ഉൾപ്പെടെ 20 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

രണ്ടാമത്തെ ഭരണ പരിഷ്ക്കരണ സമിതി 20005 ൽ രൂപീകരിക്കപ്പെട്ടു. ആരംഭഘട്ടത്തിൽ വീരപ്പമൊയ്ലിയും അതിനുശേഷം വി. രാമചന്ദ്രനും അധ്യക്ഷൻമാരായിരുന്നു.

കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ കുറിച്ച് പഠിച്ച കമ്മീഷനുകൾ

1. ഭരണപരിഷ്ക്കരണ കമ്മിഷൻ
2. രാജമന്നാർ കമ്മിഷൻ
3. സർക്കാരിയ കമ്മിഷൻ
4. പുൻഞ്ചി കമ്മിഷൻ
5. വെങ്കടാചലയ്യാ കമ്മിഷൻ

5.5.2 രാജമന്നാർ കമ്മിഷൻ



രാജമന്നാർ

കേന്ദ്രസംസ്ഥാന ബന്ധങ്ങളെ കുറിച്ച് പഠിക്കാനും ശുപാർശകൾ നൽകാനും തമിഴ്നാട് സർക്കാർ രാജമന്നാരുടെ അധ്യക്ഷതയിൽ ഒരു കമ്മിഷനെ നിയമിച്ചു. ഈ കമ്മിഷന്റെ ഉദ്ദേശ ലക്ഷ്യം എന്നത് ഭരണഘടനയിൽ വിഭാവനം ചെയ്യുന്ന കേന്ദ്രസംസ്ഥാന ബന്ധങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനുള്ള ശുപാർശകൾ നൽകാനാണ്. ഈ കമ്മിഷനിൽ ചെന്നൈ ഹൈക്കോടതിയിൽ നിന്നും വിരമിച്ച പി.വി. രാജമന്നാർ, ചെന്നൈ സർവ്വകലാശാലയിൽ വൈസ് ചാൻസലർ ആയിരുന്ന ഡോ. എ. ലക്ഷ്മണസ്വാമി, ആന്ധ്രാപ്രദേശിൽ ഹൈക്കോടതിയിൽ നിന്നും വിരമിച്ച ജസ്റ്റിസ് ഡോ. പി. ചന്ദ്രറെഡ്ഡി എന്നിവരാണ് മറ്റു അംഗങ്ങൾ 1971 ൽ ഈ കമ്മിഷന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഈ ശുപാർശകൾ സംസ്ഥാന സ്വയംഭരണത്തിന്റെ ചർച്ചയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികകല്ലാണ് എന്ന് അടയാളപ്പെടുത്തി ഈ കമ്മിഷന്റെ ശുപാർശയിൽ മുഖ്യമായവ കീഴെ പ്രസ്താവിച്ചിരിക്കുന്നു.

1. ഭരണഘടനയുടെ 263 ാം വകുപ്പ് പ്രകാരം അന്തർ സംസ്ഥാന ബന്ധത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന വിധത്തിൽ കമ്മിഷനെ നിയമിക്കാവുന്നതാണ്. നിർദ്ദിഷ്ട കമ്മിഷനിൽ അതാതു സംസ്ഥാനങ്ങളുടെ മുഖ്യമന്ത്രിമാരോ അല്ലെങ്കിൽ അവരുടെ അവകാശികളോ അംഗങ്ങളായിരിക്കേണ്ടതാണ്. പ്രധാന മന്ത്രിയാണ് ഈ കമ്മിഷന്റെ ചെയർമാൻ. പാർലമെന്റിന്റെ എല്ലാ ബില്ലുകളും ഒന്നോ അതിലധികമോ സംസ്ഥാനങ്ങളുടെ താൽപര്യങ്ങളെ ബാധിക്കുന്നതു കൊണ്ട് കേന്ദ്ര സർക്കാർ ചർച്ച ചെയ്ത് തീരുമാനങ്ങൾ നടപ്പിലാക്കേണ്ടതാണ്. തീരുമാന പ്രക്രിയയിൽ വിവിധ അഭിപ്രായങ്ങളെ പരിഗണിക്കേണ്ടതാണ്. പ്രതിരോധ മേഖല, വിദേശകാര്യങ്ങൾ എന്നീ രണ്ടു പ്രധാനപ്പെട്ട വിഷയങ്ങളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും അന്തർ സംസ്ഥാന സമിതിയുമായി കൂടി ആലോചിക്കേണ്ടത് നിർബന്ധമാണ്.

2. ഭരണഘടനയിൽ നിന്ന് 256, 257, 339 (2) എന്നീ ആർട്ടിക്കിളിനെ ഇല്ലാതാക്കാൻ ഈ കമ്മിഷന് ശുപാർശ ചെയ്യാം. ഈ വകുപ്പുകൾ എല്ലാം സംസ്ഥാനത്തിന്റെ അവകാശങ്ങളെ ലംഘിക്കുന്നതിനാൽ അവയെ നീക്കം ചെയ്യാനും സംസ്ഥാന അവകാശങ്ങളെ ശക്തിപ്പെടുത്താനും രാജമന്നാർ കമ്മിഷൻ ശുപാർശ ചെയ്തു

3. പട്ടികകളിൽ ഉൾപ്പെടാത്ത മറ്റു അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് കൈമാറ്റം ചെയ്യേണ്ടതാണ് നികുതി ചുമത്താനുള്ള അധികാരത്തെ കേന്ദ്രത്തിൽ നിന്നും സംസ്ഥാന സർക്കാരുകൾക്ക് കൈമാറേണ്ടതാണ്.

4. ഭരണഘടനയുടെ പാർട്ട് XVII ലെ 356 ാം വകുപ്പിനെ വളരെയേറെ ജാഗ്രതയോടെയും ശ്രദ്ധയോടെ പ്രയോഗിക്കേണ്ടതാണ്. അതാതു സംസ്ഥാനങ്ങളിൽ ഭരണഘടനാ സമ്പ്രദായം പൂർണ്ണമായിട്ട് തകർന്നാൽ മാത്രമാണ് സംയുക്ത ഭരണകൂട സർക്കാർ അവസാന ആശ്രയമായിട്ട് ഈ വകുപ്പിനെ പ്രയോഗിക്കേണ്ടത്. ക്രമസമാധാന പ്രശ്ന പരിഹാരത്തിന് കേന്ദ്ര സർക്കാർ പ്രത്യക്ഷമായി ഈ നിയമത്തെ സംസ്ഥാനങ്ങളിൽ നിർബന്ധമായിട്ട് നടപ്പിലാക്കരുത്.

മറ്റ് വ്യത്യാസങ്ങൾക്ക് പുറമേ പ്രബലമായ ഭാഷാ സമൂഹങ്ങൾ അവരുടെ പ്രത്യേക, പ്രാദേശികവും സാംസ്കാരികവുമായ ശക്തിയും സ്വത്വവും ഉറപ്പിച്ചു. ഈ പ്രത്യേക സാംസ്കാരികവും ഭാഷാപരവുമായ സ്വത്വങ്ങൾക്ക് സംസ്ഥാനത്തിന്റെ സംരക്ഷണം ലഭിച്ചു. ഇവിടെ വീണ്ടും പ്രബലരായ ജനതയുടെ ഭാഷയല്ലാതെ മറ്റ് ഭാഷകൾ സംസാരിക്കുന്ന ഭാഷാ ന്യൂനപക്ഷങ്ങളെയും ഉൾക്കൊള്ളാൻ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞു.

പ്രതീക്ഷിച്ചതുപോലെ ഭരണം, വിദ്യാഭ്യാസം, തൊഴിൽ, നീതിന്യായ വ്യവസ്ഥ, സമ്പദ്‌വ്യവസ്ഥ, സാംസ്കാരിക സ്വയം ഭരണം, വികസന പ്രശ്നങ്ങൾ, പ്രാദേശിക അസമത്വങ്ങൾ എന്നിവ പരിഹരിക്കുന്നതിന്; എല്ലാ ഭാഷാ സമൂഹങ്ങളുടെയും സമഗ്രവികസനം ഉറപ്പാക്കുന്ന ഒരു അടിസ്ഥാന കാര്യപരിപാടി സംസ്ഥാനങ്ങൾക്ക് ആസൂത്രണം ചെയ്യേണ്ടി വന്നു. ഏകരൂപത ഉറപ്പു വരുത്താൻ സർക്കാർ എത്രതന്നെ ശ്രമിച്ചിട്ടും അവസാനം വരേണ്യരും ബഹുജനങ്ങളും എന്ന രണ്ട് സംസ്കാരങ്ങൾ ഉയർന്നു വന്നു.

പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ ഉദയം

പ്രദേശങ്ങളെ അടിസ്ഥാനമാക്കിയുള്ള സ്വത്വ പ്രശ്നങ്ങളും, സ്വന്തം പ്രദേശത്തോടുള്ള വിശ്വസ്തതയും കാരണം സംസ്ഥാനങ്ങളിലുടനീളം പ്രാദേശിക പാർട്ടികൾ ഉയർന്നു വരാൻ തുടങ്ങി. മിക്ക രാഷ്ട്രീയ പാർട്ടികളും പ്രാദേശിക അധികാര കേന്ദ്രങ്ങളെ മുതലാക്കി. സാമ്പത്തിക സമത്വവും പ്രാദേശിക അസമത്വവും, വികസന വേഗത കുറയ്ക്കുകയും; ചില സന്ദർഭങ്ങളിൽ രാഷ്ട്ര പുരോഗതിയെ സ്തംഭിപ്പിക്കുകയും ചെയ്തു. പ്രാദേശിക രാഷ്ട്രീയ പാർട്ടികൾ ഉയർന്നുവരാൻ തുടങ്ങിയപ്പോൾ അത് കേന്ദ്രസർക്കാരിന് കൂടുതൽ വെല്ലുവിളിയായി; കാരണം താഴെത്തട്ടിലുള്ള പ്രശ്നങ്ങൾ രാജ്യത്താകമാനം ഒന്നായിരുന്നില്ല.

സംസ്ഥാനങ്ങളുടെ രൂപീകരണം

ഏതൊരു സംസ്ഥാനത്തുനിന്നും ഒരു പ്രത്യേക പ്രദേശം നീക്കം ചെയ്ത് ഒരു പുതിയ സംസ്ഥാനം രൂപീകരിക്കാൻ പാർലമെന്റിനു കഴിയും. അതിനാൽ ഒരൊറ്റ സംസ്ഥാനം തന്നെ ഒന്നിലധികം സംസ്ഥാനങ്ങളാകാനുള്ള സാധ്യതയുണ്ട്. അതേസമയം, ഒരു പ്രത്യേക സംസ്ഥാനത്തിനായി അനുവദിക്കേണ്ട ഭൂപ്രദേശം കൂട്ടാനോ കുറയ്ക്കാനോ പാർലമെന്റിന് അധികാരമുണ്ട്. സംസ്ഥാനത്തിന്റെ അതിർത്തി മാറ്റവും പേരു മാറ്റവും പാർലമെന്റിന്റെ അധികാരങ്ങളിൽ ഉൾപ്പെടുന്നു. എന്നിരുന്നാലും ഈ മാറ്റങ്ങളെല്ലാം നടപ്പിലാക്കുന്നതിന് ഒരു ബില്ല് തയ്യാറാക്കി രാഷ്ട്രപതിയുടെ അംഗീകാരം നേടണം. അതിനായി ആ ബില്ല് ചോദ്യം ചെയ്യപ്പെടുന്ന സംസ്ഥാന നിയമസഭയുടെ പരിഗണനക്ക് അയക്കുന്നു. സംസ്ഥാന സർക്കാർ അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ സംസ്ഥാന നിയമസഭയ്ക്ക് ഒരു നിശ്ചിത കാലയളവ് അനുവദിക്കുകയും തുടർന്ന് പ്രമേയം നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്യുന്നു.

പ്രവർത്തനം ടി ചാർട്ട് (ഗ്രാഫിക് ഓർഗനൈസർ)

ടി ചാർട്ടുകൾ ഒരുതരം ഗ്രാഫിക് ഓർഗനൈസറാണ്; അതിൽ ഒരു വിദ്യാർത്ഥി ഒരു വിഷയത്തിന്റെ രണ്ട് വശങ്ങൾ പട്ടികപ്പെടുത്തുകയും പരിശോധിക്കുകയും ചെയ്യുന്നു. അവയുടെ നേട്ടങ്ങൾ, കോട്ടങ്ങൾ, ഗുണ ദോഷങ്ങൾ, വസ്തുതകൾക്കെതിരായ വ്യത്യസ്ത അഭിപ്രായങ്ങൾ മുതലായവ ചർച്ച ചെയ്യുന്നു.



കടപ്പാട്: ദി ഹിന്ദു 19.02.2014.

വിഷയം : ആന്ധ്രാപ്രദേശിനെ 2014 ജൂൺ 2 ന് പാർലമെന്റ് നിയമ പ്രകാരം ഔദ്യോഗികമായി വിഭ ജിച്ചു. ഒരു പ്രത്യേക സംസ്ഥാനം ആവശ്യപ്പെട്ടുകൊണ്ടുള്ള പതി റ്റാണ്ടുകൾ പഴക്കമുള്ള പ്രക്ഷോ ഭത്തിന്റെ അവസാനമാണ് ഈ സംഭവം.

❖ തെലുങ്കാനയുടെ വിജയത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നു.

നേട്ടങ്ങൾ (നന്മകൾ)	കോട്ടങ്ങൾ (തിന്മകൾ)

പ്രവർത്തനം : സംഘ ചർച്ച

വിഷയം : വിവരാവകാശം, വിദ്യാഭ്യാസ അവകാശം എന്നീ നിയമങ്ങൾക്കുശേഷം; നമ്മുടെ രാജ്യത്തെ പൊതുജനാരോഗ്യ സംരക്ഷണത്തിന് അടിസ്ഥാന സൗകര്യങ്ങളുടെ മോശമായ അവസ്ഥ കണക്കിലെടുത്ത്, ആരോഗ്യ സംരക്ഷണ നിയമ നിർമ്മാണത്തിനുള്ള അവകാശം വന്നതായി നിങ്ങൾ കരുതുന്നുണ്ടോ?

സംസ്ഥാന നിമസഭ ബില്ല് പാസാക്കിയാൽ പാർലമെന്റിൽ പ്രത്യേക ബിൽ അവതരിപ്പിക്കാൻ രാഷ്ട്രപതി ശുപാർശ ചെയ്യുന്നു. പാർലമെന്റ് ബില്ല് പാസാക്കിയാൽ രാഷ്ട്രപതി അത് അംഗീകരിക്കുകയും ഒരു പുതിയ സംസ്ഥാനം നിലവിൽ വരുകയും ചെയ്യുന്നു.

പ്രവർത്തനം



ഒരു രാഷ്ട്രീയ പാർട്ടി രൂപീകരിക്കുന്നത്

ഗ്രൂപ്പുകൾ സംഘടിപ്പിച്ച് ഇന്ത്യൻ ഭരണ ഘടനയുടെ നിയമങ്ങൾ പാലിക്കുന്ന രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കാൻ ആവശ്യപ്പെടുക. ഒരു പാർട്ടി രൂപീകരണം, തെരഞ്ഞെടുപ്പ് കമ്മീഷനിൽ രജിസ്റ്റർ ചെയ്യാൻ, തെരഞ്ഞെടുപ്പു മത്സരം വരെയുള്ള നടപടിക്രമങ്ങൾ പര്യവേക്ഷണം ചെയ്യുക.

7.4. രാഷ്ട്ര നിർമ്മാണത്തിൽ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ വെല്ലുവിളികൾ

ഒരു രാഷ്ട്രവും, ദേശവും തമ്മിലുള്ള വ്യത്യാസം ആദ്യം പരിശോധിക്കണം.

രാഷ്ട്രം: ഒരു പ്രദേശം, ഒരു ജനത, ഒരു സർക്കാർ, പരമാധികാരം എന്നിവ ഉൾക്കൊണ്ടതാണ് ഒരു രാഷ്ട്രം. അതിന് ദേശീയതയോ, ജനങ്ങൾക്കിടയിൽ നാമെല്ലാം ഒന്നാണെന്ന ഐക്യബോധമോ ഇല്ലായിരിക്കാം. എന്നാലും അത് ഒരു രാഷ്ട്രമായിത്തന്നെ തുടരുന്നു. രാഷ്ട്രത്തിലെ ജനങ്ങൾക്ക് എല്ലാപേരും ഒന്നാണെന്ന ഐക്യബോധമുണ്ടാകുമ്പോൾ മറ്റ് വ്യത്യാസങ്ങളെല്ലാം അപ്രത്യക്ഷമാകുന്നു. പൊതു നന്മയാണ് പ്രധാനമെന്നുള്ള അവസ്ഥ ഏർപ്പെടുകയും ചെയ്യുന്നു.

ദേശം: ദേശം എന്ന വാക്ക് ലാറ്റിൻ ഭാഷയിൽ നിന്നാണ് വന്നത്. ഇത് സാധാരണ രക്തബന്ധങ്ങളെക്കുറിക്കുന്ന അർത്ഥത്തിലാണ് ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. ഇത് ജനനം എന്ന അർത്ഥമുള്ള 'നാസ്സി' എന്ന ക്രിയയുടെ മുൻ പങ്കാളിത്തത്തിൽ നിന്നാണ് ഉരുത്തിരിഞ്ഞത്. അതിനാൽ ലാറ്റിൻ നാമമായ 'ദേശം' എന്നത് ഇനത്തെ അഥവാ വംശത്തെ സൂചിപ്പിക്കുന്നു. 'ദേശം' എന്ന പദം അവിടത്തെ ജനങ്ങൾക്കിടയിൽ ഐക്യബോധത്തെ ഊന്നിപ്പറയുന്നു. പഴയ കാഴ്ചപ്പാടനുസരിച്ച് ഒരു ദേശം ഒരു രാഷ്ട്രമായിരിക്കണമെന്നില്ല.

പ്രവർത്തനം
ചിന്തിക്കുക - രണ്ടുപേർ - പങ്കിടുക



വിഷയം: ഇന്ത്യയിൽ 'ദേശം' എന്ന ആശയം സൃഷ്ടിക്കുന്നതിൽ സംസ്കാരം ഒരു പ്രധാന പങ്ക് വഹിക്കുന്നു.

ദേശീയത

ദേശീയതയെക്കുറിച്ചുള്ള ആശയം നിർവ്വചിക്കുന്നത് എളുപ്പമല്ല; അത് കാരണം കണ്ടെത്താൻ കഴിയുന്ന ഒരു ഘടകവുമല്ല. മറിച്ച് വംശം, ഭാഷ, സമൂഹം, ഭൂമിശാസ്ത്രപരമായ ഐക്യം, മതം, പൊതുവായ രാഷ്ട്രീയ അഭിലാഷങ്ങൾ എല്ലാത്തിനുമുപരിയായി ചരിത്രപരമായ വികസനം തുടങ്ങിയ പല ശക്തികളുടെയും ഫലമായുള്ള ഐക്യത്തിന്റെ വികാരമാണ്..

നിരവധി ഘടകങ്ങൾ, പ്രത്യേകിച്ച് സാമ്പത്തിക ജീവിതം, ഭാഷ, പ്രദേശം തുടങ്ങിയവ ഒത്തു ചേരുമ്പോഴാണ് ഒരു ദേശം നിലവിൽ വരുന്നത്, എന്നാണ് ഏണസ്റ്റ് റെനാന്റെ അഭിപ്രായം. "ഒരു ദേശം, ഒരു ആത്മാവാണ്; ആത്മീയ തത്വമാണ്. രണ്ട് കാര്യങ്ങൾ മാത്രമാണ് ഈ ആത്മാവിനെ ഉൾക്കൊള്ളുന്നത്. ഒന്ന് ഭൂതകാലത്തേതും മറ്റൊന്ന് വർത്തമാന കാലത്തേതുമാണ്. ഒന്ന് സമ്പന്നമായ ഓർമ്മകളുടെ പാരമ്പര്യവും, മറ്റൊന്ന് യഥാർത്ഥ സമ്മതവുമാണ്. ഒരുമിച്ച് ജീവിക്കാനുള്ള ആഗ്രഹം, പൊതുവായി നിലനിൽക്കുന്ന പൈതൃകത്തെ, തുടർന്നും വിലമതിക്കാനുള്ള ഇച്ഛാശക്തി എന്നിവ ദേശീയതയുടെ വികാരത്തിന് കാരണമാകുന്നു." എന്നും അദ്ദേഹം പറയുന്നു.

വെല്ലുവിളികൾ

അറിയുക - എങ്ങനെ: ഉത്പാദനം വർദ്ധിപ്പിക്കുക മാത്രമല്ല, അസമത്വം കുറയ്ക്കുകയുമായിരുന്നു പ്രധാന പ്രശ്നം. ജനാധിപത്യപരവും സംയുക്താടിസ്ഥാനപരവുമായ വിട്ടുവീഴ്ച ചെയ്യാതെ ഇന്ത്യയെ ഒരു സ്വാശ്രയ ആധുനിക രാഷ്ട്രമാക്കി മാറ്റാൻ ആസൂത്രിതവും സമ്മിശ്രവുമായ സമ്പദ് വ്യവസ്ഥയാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു തിരഞ്ഞെടുത്തത്. പഞ്ചവത്സര പദ്ധതികൾ, ധാരാളം ജലസേചന പദ്ധതികൾ ഉറപ്പുവരുത്തി. വ്യവസായ സ്ഥാപനങ്ങൾ, വേഗ വൈദ്യുതീകരണം, അടിസ്ഥാന സൗകര്യങ്ങളുടെ വിപുലീകരണം എന്നിവ ഉറപ്പുവരുത്തി. മലേറിയ പോലുള്ള രോഗങ്ങളെ ഇല്ലാതാക്കാനും ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത ഉറപ്പുവരുത്താനും ആധുനിക ശാസ്ത്ര സാങ്കേതിക വിധ്യകളുടെ വികസനം ത്വരിതപ്പെടുത്താനും ഇന്ത്യക്ക് കഴിഞ്ഞു. എന്നിരുന്നാലും 60 കളുടെ അവസാനവും 70 കളുടെ ആരംഭത്തിലും സാമ്പത്തിക മാന്ദ്യത്തിന്റെ ലക്ഷണങ്ങൾ ഉണ്ടായിരുന്നു. ഇത് രാഷ്ട്രീയ അസ്വസ്ഥതകളിലേക്ക് നയിച്ചു.

1952 ൽ എവറസ്റ്റ് ആരോഹണത്തിന്റെ വിജയത്തെ തുടർന്ന് ദേശീയതയെക്കുറിച്ച് മുഖ്യമന്ത്രിമാർക്ക് നെഹ്റു എഴുതിയ കത്ത്.



എവറസ്റ്റ് ആരോഹണം ഒരു വലിയ നേട്ടമാണ്. നാമെല്ലാം അതിൽ അഭിമാനിക്കണം. ഇവിടെ ചിലർ നിസ്സാരവും ഇടുങ്ങിയതുമായ ദേശീയ കാഴ്ചപ്പാടുകൾ ഉള്ളവരാണ്.

ടെൻസിംഗ് ആണോ ഹിലാരിയാണോ ആദ്യം അവിടെ എത്തിയത് എന്നും, ടെൻസിംഗ് ഒരു നേപ്പാൾ സ്വദേശിയാണോ, ഇന്ത്യൻ പൗരനാണോ എന്നും ചോദ്യം ചെയ്യപ്പെടുന്നു. അത് ചെറിയ വ്യത്യാസമൊന്നുമല്ല വരുത്തുന്നില്ല മറ്റൊരാളുടെ സഹായമില്ലാതെ ഇരുവർക്കും അങ്ങനെ ചെയ്യാൻ കഴിയുമായിരുന്നില്ല.

സത്യത്തിൽ എവറസ്റ്റിന്റെ മുകളിലെത്താൻ പരിശ്രമിച്ച അവരുടെ മുൻഗാമികളുടെ അനുഭവവും അദ്ധ്വാനവും ത്യാഗവും അനുഭവിച്ച; മുഴുവൻ ആളുകളുടെയും സഹായമില്ലാതെ അങ്ങനെ ചെയ്യാൻ കഴിയില്ല.

മഹത്തായ മനുഷ്യ നേട്ടങ്ങൾ; എപ്പോഴും നിരവധി ആളുകളുടെ പരിശ്രമങ്ങൾ സംയോജിപ്പിച്ചതിന്റെ ഫലമാണ്. ഒരു വ്യക്തി അവസാനിപ്പിക്കുന്ന നടപടി മറ്റ് വ്യക്തികൾ തുടങ്ങി വെച്ചതാകാം എന്ന കാര്യം മറക്കാൻ പറ്റില്ല.

ഇടുങ്ങിയതും നിന്ദ്യവുമായ ഒരു ദേശീയത കാണിക്കൽ അത്തരം കാര്യങ്ങളിൽ നമ്മുടെ രാഷ്ട്രത്തിന്റെ ബഹുമതി കൂട്ടുകയില്ല. മറിച്ച് ഏതെങ്കിലും തരത്തിലുള്ള അപകർഷതാ ബോധത്താൽ തങ്ങൾ നിസ്സാരന്മാരാണെന്ന് ചിന്തിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കും."

ചൈനയും പാകിസ്ഥാനുമായുള്ള യുദ്ധങ്ങൾ സാമ്പത്തിക ദുരിതങ്ങൾക്ക് ആക്കം കൂട്ടി. ഇന്ദിരാഗാന്ധി ഏർപ്പെടുത്തിയ ബാങ്ക് ദേശാസൽക്കരണം, രാജീവ് ഗാന്ധി അവതരിപ്പിച്ച ഇലക്ട്രോണിക് വിപ്ലവങ്ങൾ എന്നിവ ചില നല്ല മാറ്റങ്ങൾക്ക് കാരണമായി. 1990 ആയപ്പോഴേക്കും ഇന്ത്യ, വിപണിയിലധിഷ്ഠിതമായ പുതിയ സാമ്പത്തിക നയം സ്വീകരിക്കാൻ മുന്നോട്ടു വന്നു. അങ്ങനെ ഇന്ത്യയിൽ എൽ പി ജി (ലിബറലൈസേഷൻ പ്രൈവറ്റൈസേഷൻ, ഗ്ലോബലൈസേഷൻ (ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം ആഗോളവൽക്കരണം) ആരംഭിച്ചു.

കൃഷി: 1990 ന്റെ മദ്ധ്യത്തിൽ തുടങ്ങി കാർഷിക മേഖല ചുരുങ്ങി വരികയായിരുന്നു. നിരവധി കർഷകർ ആത്മഹത്യ ചെയ്തു. 1990 കളിൽ കയറ്റുമതി അധിഷ്ഠിത കർഷകരെ; പ്രത്യേകിച്ച്, മഹാരാഷ്ട്രയിലെ വിദർഭ മേഖലയിലെ പരുത്തി കൃഷിക്കാരെ നശിപ്പിച്ചു.

60 ശതമാനത്തിലധികം ജനങ്ങളുള്ള ഇന്ത്യൻ കാർഷിക മേഖല 1996 - 97 നും 2004 - 05 നും ഇടയിൽ 1.65 ശതമാനം വളർച്ച നേടി. ഇത് ഇന്ത്യയുടെ രണ്ടാമത്തെ കാർഷിക പ്രതിസന്ധിക്ക് കാരണമായേക്കാമെന്ന ആശങ്കയുണ്ടാക്കി. (ആദ്യത്തേത് 1960 കളുടെ തുടക്കത്തിലായിരുന്നു.) സമ്പന്ന, ഇടത്തരം വരുമാനമുള്ള കർഷകർക്ക് സൗജന്യ വൈദ്യുതി, വില പിന്തുണ, സൗജന്യ ജലം, സൗജന്യ വളം തുടങ്ങിയ സബ്സിഡികൾ കുറച്ചില്ല. എന്നാൽ എല്ലാവരെയും അഭിവൃദ്ധിപ്പെടുത്തുന്ന പൊതു നിക്ഷേപം കുറയുകയും ചെയ്തു.

2008 - 09 ലെ പോപ്പുലിസ്റ്റ് യൂണിയൻ ബഡ്ജറ്റിൽ കർഷകർക്കായി പ്രഖ്യാപിച്ച 15 ബില്യൺ യു എസ് ഡോളർ വായ്പ എഴുതിത്തള്ളൽ; ഭൂരിപക്ഷം കർഷകരെയും ബാധിച്ചില്ല. നാമമാത്ര കർഷകരിൽ 80 ശതമാനത്തിനും ഔപചാരിക

വായ്പ ലഭിക്കുന്നില്ല. വരൾച്ച ബാധിച്ച 60 ദശ ലക്ഷം ഹെക്ടർ കൃഷിയോഗ്യമായ ഭൂമിയിൽ അതേതുക ഉപേക്ഷിച്ചാൽ കൂടുതൽ ഫലങ്ങൾ ഉളവാകുമായിരിന്നു.

വിദ്യാഭ്യാസ, തൊഴിൽ മേഖലകളിൽ മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കായി സംവരണം നടത്താൻ മണ്ഡൽ കമ്മീഷൻ ശുപാർശ ചെയ്തു.

വ്യവസായം: വ്യാവസായിക തർക്ക നിയമം ഇന്ത്യയിലെ 10 ശതമാനം തൊഴിലാളികളെ മാത്രമേ സംരക്ഷിക്കുന്നുള്ളു. അതായത്, 90 ശതമാനത്തിലധികം തൊഴിലാളികളും അസംഘടിത മേഖലയിലാണ്. പൊതുമേഖല തൊഴിലാളികൾ കൂടുതൽ വിലപേശൽ ശക്തിയുള്ള യൂണിയനുകൾ സംഘടിപ്പിട്ടുണ്ട്. സ്വകാര്യ മേഖല തൊഴിലാളികളെ ഏതെങ്കിലും യൂണിയനിൽ ചേരുന്നതിൽ നിന്നും തൊഴിൽ പ്രശ്നങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയപ്പെടുന്നു. ഇന്ത്യൻ വ്യവസായം ഔപചാരികമായി തീവ്ര മൂലധന നന്മയെ പിൻതുടരുന്നതിനാൽ അത് ഉയർന്ന തൊഴിലില്ലായ്മക്ക് കാരണമാകുന്നു. അതിനാൽ അനൗപചാരിക തൊഴിൽ വൽക്കരണവും തൊഴിൽ ആകസ്മികത്വവും ക്രമാനുഗതമായി വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്.

പ്രവർത്തനം

വിവരാവകാശ നിയമത്തെ കുറിച്ചുള്ള ചർച്ച

ഗോത്രവർഗ്ഗജരുടെ (ആദിവാസികളുടെ) ഭൂമി ഏറ്റെടുക്കലും അവരെ മാറ്റി പാർപ്പിക്കലും ഒരു പ്രധാന പ്രശ്നമായി മാറിയിരിക്കുന്നു. ഇന്ത്യയുടെ വ്യവസായിക വൽക്കരണത്തിനായി; ഭൂമി ഏറ്റെടുക്കൽ പ്രദേശവാസികളുടെ സമ്മതത്തെ അടിസ്ഥാനമാക്കിയായിരിക്കണം. വ്യാവസായിക ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനെ വികസന ശ്രമമായി കണക്കാക്കി നഷ്ടപരിഹാരവും ക്ഷേമ നടനടികളും ഭൂമി ഏറ്റെടുക്കുന്നതിനു മുമ്പുതന്നെ നൽകേണ്ടതാണ്. നിലവിലെ നിയമങ്ങൾ സർക്കാരിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഗണ്യമായ അധികാരം നൽകുന്നു. സർക്കാർ നിർബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നത് ഇന്ത്യയുടെ ചിലഭാഗങ്ങളിൽ അക്രമാസക്തമായ അശാന്തിക്ക് കാരണമായി.

രാഷ്ട്രീയ വെല്ലുവിളികൾ: 1991 ന് ശേഷം അന്തർസംസ്ഥാന അസമത്വങ്ങൾ വർദ്ധിച്ചു. സംസ്ഥാന സർക്കാരുകൾക്ക് ധനസഹായം നൽകുന്നതിൽ കേന്ദ്രസർക്കാരിന്റെ പങ്ക് കുറവായതിനാൽ സംസ്ഥാനങ്ങൾക്ക് സ്വകാര്യ നിക്ഷേപം ആകർഷിക്കേണ്ടതായി വന്നു. ചില സംസ്ഥാനങ്ങൾ തങ്ങളെ വിദേശ നിക്ഷേപത്തിന്റെ കേന്ദ്രമാക്കി മാറ്റി; ചിലതിന് അത് നടന്നില്ല. ഇത് സംസ്ഥാനങ്ങളുടെ അസമമായ വികസനത്തിന് കാരണമായി.

കേന്ദ്ര-സംസ്ഥാന ബന്ധം: ഇന്ത്യയിൽ കൂടുതൽ സംസ്ഥാനങ്ങൾ പ്രാദേശിക പാർട്ടികളുടെ സ്വാധീനത്തിൽ വന്നതോടെ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾക്ക് ഉലച്ചിൽ സംഭവിച്ചു. നേരത്തെ കേന്ദ്രത്തിലെയും മിക്ക സംസ്ഥാനങ്ങളിലെയും പാർട്ടികൾ ഒന്നായിരുന്നു. ഇപ്പോൾ സംസ്ഥാനങ്ങളെ ഭരിക്കുന്ന രാഷ്ട്രീയ കക്ഷികൾ വ്യത്യസ്തമാണ്. പ്രാദേശിക പാർട്ടികൾ കൂടുതൽ സംസ്ഥാന സ്വയം ഭരണവും; അന്തർ സംസ്ഥാന കൗൺസിലിന് വലിയ പങ്കും ആവശ്യപ്പെടുന്നു. കേന്ദ്രത്തിൽ നിന്ന് കൂടുതൽ ധനസഹായവും അവർ ആവശ്യപ്പെടുന്നു. (സംസ്ഥാനത്തിന്റെ സാമ്പത്തിക ബന്ധം പരിമിതമാണ്).

സമ്പദ് വ്യവസ്ഥയിലെ വെല്ലുവിളികൾ: ദാരിദ്ര്യത്തിന്റെ വ്യാപ്തിയെക്കുറിച്ച് കാര്യമായ ചർച്ചകൾ നടക്കുന്നുണ്ടെങ്കിലും ഒരു ദിവസം ഒരു ഡോളറിനു താഴെയുള്ള വരുമാനംകൊണ്ടു ജീവിക്കുന്ന ഇന്ത്യാക്കാരുടെ എണ്ണം കുറഞ്ഞുവെന്ന് 'ഡീറ്റണും' 'ഡ്രീംസും' ചൂണ്ടിക്കാണിക്കുന്നു. വ്യാപകമായിഉദ്ധരിച്ച ഒരു കണക്കനുസരിച്ച്, 1993 - 94 നും 1999 - 2000 നും ഇടയിൽ, ഒരു ദിവസം ഒരു ഡോളറിനു താഴെ മാത്രം വരുമാനം കൊണ്ട് ജീവിക്കുന്ന ഇന്ത്യാക്കാരുടെ എണ്ണം 36 ശതമാനത്തിൽ നിന്ന് 26 ശതമാനമായികുറഞ്ഞു. ഇന്ത്യയിൽ ഏകദേശം 270 ദശലക്ഷം ദരിദ്രരുണ്ടായിരുന്നപ്പോൾ ചൈനയിൽ 110 ദശലക്ഷം ദരിദ്രരാണുണ്ടായിരുന്നത്.

പ്രാഥമിക വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ മനുഷ്യ വികസനം വളരെയധികം നിറവേറേണ്ടിയിരിക്കുന്നു. ദാരിദ്ര്യത്തിന് താഴെയുള്ളവരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിലും അതിന്റെ ഫലമായി, സമഗ്രമായ വളർച്ചയുടെ തന്ത്രഞ്ജത ദാരിദ്ര്യ നിർമ്മാജ്ജനത്തെ ത്വരിത

പ്പെടുത്തുമായിരുന്നു.

1990 മുതൽ എൽ പി ജി (LPG) യിലേക്കുള്ള മാറ്റം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായ സമൂഹിക - രാഷ്ട്രീയ അസ്വസ്ഥതകളിലേക്ക് നയിച്ച അസമത്വം വർദ്ധിച്ചു. സാമൂഹിക സമന്വയവും ദേശീയ ഐക്യവും ഉറപ്പാക്കുന്നതിന് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നേക്ക സമുദായങ്ങൾക്കും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്..

സാമൂഹിക വെല്ലുവിളികൾ: പരിഷ്കരണ കാലഘട്ടത്തിൽ ഇന്ത്യയുടെ പൊതുജനാരോഗ്യ രംഗം ഒരു മോശമായ രേഖാചിത്രം അവതരിപ്പിക്കുന്നു. 1980 കളിൽ ശിശു മരണ നിരക്ക് 30 ശതമാനമായിരുന്നത് 1990 കളിൽ 12.5 ശതമാനമായി കുറഞ്ഞു. 1990 ൽ ഇന്ത്യയിലെ (80/1000) ശിശുമരണ നിരക്ക് ബംഗ്ലാദേശിനെക്കാൾ (91/1000) കുറവായിരുന്നു. 1999 ൽ ഇന്ത്യയിലെ (71/1000) ശിശുമരണ നിരക്ക് ബംഗ്ലാദേശിനെ (61/1000) മറികടന്നു.

വർഗ്ഗീയത: വിഭജന കാലഘട്ടം മുതൽ ഇന്ത്യ വർഗ്ഗീയ അക്രമങ്ങൾക്ക് സാക്ഷ്യം വഹിച്ചു. രാഷ്ട്രീയ പാർട്ടികൾ; അടിസ്ഥാനപരമായ ലക്ഷ്യങ്ങളുള്ള പ്രസ്ഥാനങ്ങൾ, മൗലികവാദികൾ തുടങ്ങിയവർ സമുദായങ്ങൾക്കിടയിൽ വിദ്വേഷത്തിന്റെ കഥകൾ പ്രചരിപ്പിക്കുന്നു. ഈ വിഭാഗങ്ങൾ പ്രചരിപ്പിച്ച 'വിദ്വേഷത്തിന്റെ വിവരങ്ങളാണ്' സാമുദായിക സംഘട്ടനത്തിന് കാരണമാകുന്നത്. പലപ്പോഴും ന്യൂനപക്ഷങ്ങൾ സാമുദായിക സംഘട്ടനത്തിന് ഇരയാകുന്നു; അവരുടെ സ്വത്തും ഉപജീവനവും ബാധിക്കപ്പെടുന്നു.

ജാതി ലിംഗ വിവേചനം: ജാതി സംഘർഷങ്ങളും ജാതി വിവേചനവും രാഷ്ട്ര നിർമ്മാണത്തിന് വെല്ലുവിളിയായി തുടരുന്നു. തീണ്ടായ്മക്കെതിരെ കർശന നിയമങ്ങൾ പാസാക്കിയിട്ടും, ജാതി വ്യവസ്ഥപാലിക്കുന്ന സ്ഥലങ്ങളിൽ ഈ രീതി തുടരുന്നു. 'ദയാവധം' ഇന്ത്യയിലെ മിശ്രവിവാഹങ്ങൾക്ക് കനത്ത പ്രഹരമാണ്.

സ്ത്രീകളെ പുരുഷൻമാർക്ക് തുല്യമായി പരിഗണിക്കുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്; രാഷ്ട്രീയത്തിൽ അവരുടെ പ്രാധിനിത്യം വളരെ കുറവാണ്. സ്ത്രീകൾക്കെതിരായ അതിക്രമം (VAW) വർദ്ധിച്ചു കൊണ്ടിരിക്കുന്നു. പാർലമെന്റിലെയും നിയമസഭയിലെയും സീറ്റുകളിൽ 33 ശതമാനം സംവരണം നടപ്പിലാക്കിയിട്ടില്ല.

സമഗ്ര വികസനം പ്രാവർത്തികമാക്കുകയാണ് ഇന്ത്യയുടെ അഭിവൃദ്ധിക്കുള്ള പ്രധാന വെല്ലുവിളി. ഈ വളർച്ച ഇന്ത്യയിലെ ദാരിദ്ര്യം കുറയ്ക്കുകയും മനുഷ്യാവസ്ഥയെ മെച്ചപ്പെടുത്തുകയും ചെയ്തു. എന്നിരുന്നാലും ഇടത്തരം, സമ്പന്ന വിഭാഗങ്ങൾക്ക് ലഭിച്ച നേട്ടം സമൂഹത്തിലെ ദരിദ്രവിഭാഗങ്ങൾക്ക് ലഭിച്ചതിനേക്കാൾ കൂടുതലാണ്. ടെലികമ്മ്യൂണിക്കേഷൻ (വാർത്താവിനിമയം), ബാങ്കുകൾ, സ്റ്റോക്ക് മാർക്കറ്റുകൾ, എയർ ലൈൻസ്, വ്യാപാരം, വ്യാവസായികം തുടങ്ങിയ മേഖലകളിൽ പരിഷ്കാരങ്ങൾ, കാർഷിക, മാനവ വികസനവുമായി പൊരുത്തപ്പെടുന്നില്ല എന്ന വസ്തുതയിൽ നിന്ന് ഇത് വ്യക്തമാണ്. വ്യവസായവൽക്കരണ മൂലധനവും വിജ്ഞാന ശക്തിയും തുടർന്ന് വർദ്ധിച്ചു വരുന്ന ഇന്ത്യയിൽ പ്രതിദിനം 250 ദശലക്ഷത്തോളം ആളുകൾ ഒരു ഡോളറിനു താഴെ മാത്രം വരുമാനം കൊണ്ട് ജീവിക്കുന്നവരാണ്. ഇന്ത്യയുടെ വളർച്ച ഈ രീതിയിലാണെങ്കിൽ ദാരിദ്ര്യം, നിരക്ഷരത, പോഷകാഹാരക്കുറവ് എന്നിവ ഇല്ലാതാക്കാൻ വളരെ സമയമെടുക്കും. മാത്രമല്ല വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലകളിലെ മനുഷ്യ വികസനത്തിന്റെ മന്ദഗതിയിലുള്ള പുരോഗതി ദീർഘകാലാടിസ്ഥാനത്തിൽ ഇന്ത്യയുടെ വളർച്ചയെ കൂടുതൽ പ്രയാസമാക്കും.

മുകളിൽ പറഞ്ഞ സാമൂഹിക - സാമ്പത്തിക രാഷ്ട്രീയ വെല്ലുവിളികളാണ് രാഷ്ട്ര നിർമ്മാണത്തിന് അഭിമുഖീകരിക്കേണ്ടി വരുന്ന പ്രധാന വെല്ലുവിളികൾ.



പ്രവർത്തനം

വികസന പദ്ധതികൾ

രാഷ്ട്ര നിർദ്ദിഷ്ടമായ 4 വികസന പദ്ധതികൾ പട്ടികപ്പെടുത്തുക. രണ്ട് വികസന പദ്ധതികൾ ഗ്രാമ പ്രദേശങ്ങളെയും രണ്ട് വികസന പദ്ധതികൾ നഗര പ്രദേശങ്ങളെയും ലക്ഷ്യം വയ്ക്കണം.

7.5 ദി മദ്രാസ് പ്രസിഡൻസി



1802 ൽ വെല്ലസ്ലി പ്രഭു മദ്രാസ് പ്രസിഡൻസി രൂപികരിച്ചു. 18-ാം നൂറ്റാണ്ടിന്റെ മദ്ധ്യകാലഘട്ടം വരെ വ്യത്യസ്ത നാട്ടുരാജാക്കന്മാരാണ് തെക്കേ ഇന്ത്യയിൽ ഭരണം നടത്തിയിരുന്നത്. ബ്രിട്ടീഷ് ആക്രമണത്തെ തുടർന്ന് ദക്ഷിണേന്ത്യയിലെ വിവിധ നാട്ടു രാജ്യങ്ങളെ ഒന്നായി സംയോജി

പ്പിച്ചു. മദ്രാസ് പ്രസിഡൻസി ബ്രിട്ടീഷ് ഇന്ത്യയുടെ ഒരു ഉപഭരണ വിഭാഗമായിരുന്നു. ഈ വിഭാഗത്തിൽ ഇന്നത്തെ തമിഴ്നാട്, ആന്ധ്രാപ്രദേശ്, ഒഡീഷയുടെ ചില ഭാഗങ്ങൾ, കേരളം, കർണ്ണാടക, ലക്ഷദ്വീപ് എന്നിവ ഉൾപ്പെടുന്നു. സ്വാതന്ത്ര്യാനന്തരം മദ്രാസ് പ്രസിഡൻസി മദ്രാസ് സംസ്ഥാനമായി. 1956 നവംബർ ഒന്നിന് ഇന്ത്യൻ സംസ്ഥാനങ്ങളെ ഭാഷാപരമായി പുനഃസംഘടിപ്പിച്ചപ്പോൾ; തമിഴർക്കായി പുതിയ പ്രത്യേക സംസ്ഥാനം രൂപികരിക്കപ്പെട്ടു. അത് മുമ്പ് മദ്രാസ് സംസ്ഥാനം എന്നറിയപ്പെട്ടിരുന്നു. തമിഴ് ജനതയുടെ വൻ രാഷ്ട്രീയ സമരത്തെ തുടർന്നാണ് മദ്രാസ് സംസ്ഥാനത്തിന്റെ പേര് 'തമിഴ്നാട്' എന്ന് പുനർനാമകരണം ചെയ്യപ്പെട്ടത്.

ഭാഷാപരമായ ദേശീയതയുടെ ആവിർഭാവം

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയ അവബോധത്തോടൊപ്പം, പ്രാദേശിക ഭാഷാബോധവും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്നത്, പ്രാദേശിക മാദ്ധ്യമങ്ങളുടെയും പ്രാദേശിക രാഷ്ട്രീയ സമാജങ്ങളുടെയും സ്വാധീനത്തിലാണ്. ദേശീയ പ്രസ്ഥാനത്തിന്റെ പ്രമുഖ സംഘടനയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ് സങ്കല്പിച്ച 'ഇന്ത്യൻ ദേശീയം' നിരവധി പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നു. ദേശീയ ഭാഷ എന്ന ബഹുമതി 'ഹിന്ദി' ക്ക് നൽകിയതാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. ഇത് ഇരുപതാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ തമിഴ് ഭാഷാ ഉപ - ദേശീയതയുടെ ആവിർഭാവത്തിന് വഴിയൊരുക്കി. മാത്രമല്ല ദേശീയത, ജാതി സംഘർഷം, ഭാഷാപരമായ സങ്കീർണ്ണ പ്രശ്നമാവുകയും ബ്രാഹ്മണേതര പ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് സാക്ഷ്യം വഹിക്കുകയും ചെയ്തു. റ്റി. മാധവൻ, ത്യാഗരാജൻ, മറ്റ് പ്രമുഖ ബ്രാഹ്മണേതര നേതാക്കൾ എന്നിവർ ചേർന്ന് 'ദക്ഷിണേന്ത്യൻ ലിബറൽ ഫെഡറേഷൻ' എന്ന സംഘടന രൂപികരിച്ചു.



ത്യാഗരാജൻ



റ്റി. മാധവൻ



പെരിയാർ
ഇ. വി രാമസ്വാമി



ഭക്തവത്സലം

പിൽക്കാലത്ത് ഇത് 'ജസ്റ്റിസ് പാർട്ടി' എന്ന് അറിയപ്പെടാൻ തുടങ്ങി. 1920 ൽ മദ്രാസിലെ പ്രവിശ്യാ തെരഞ്ഞെടുപ്പിൽ മത്സരിച്ച ജസ്റ്റിസ് പാർട്ടി വിജയിക്കുകയും സർക്കാർ രൂപീകരിക്കുകയും ചെയ്തു. 1920 മുതൽ 1937 വരെ നടന്ന അഞ്ച് തിരഞ്ഞെടുപ്പിൽ നാല് തവണ വിജയിച്ച് മന്ത്രിസഭ രൂപീകരിച്ചു. അവസാനമായി 1937 ലെ തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സിനോട് പരാജയപ്പെട്ടു. പിന്നൊരിക്കലും അത് വീണ്ടെടുക്കാനായില്ല. പിന്നീട് അത് ഇ. വി. പെരിയാർ രാമസ്വാമിയുടെ നേതൃത്വത്തിലുള്ള 'ആത്മാഭിമാന' പ്രസ്ഥാനമായി മാറി. ഈ പ്രസ്ഥാനങ്ങൾ തമിഴ് ജനതയുടെ സാംസ്കാരിക രാഷ്ട്രീയ ജീവിതത്തിൽ വലിയ സ്വാധീനം ഏർപ്പെടുത്തുകയും ദക്ഷിണേന്ത്യയിൽ തമിഴ് ദേശീയത ഉയർന്നു വരാൻ കാരണമാകുകയും ചെയ്തു.

ദ്രാവിഡ നാട് എന്ന ആശയം

നിസ്സഹകരണ പ്രസ്ഥാനത്തിലൂടെ ഇന്ത്യൻ ദേശീയ കോൺഗ്രസ് തമിഴ് നാട്ടിൽ തങ്ങളുടെ സംഘടനയെ ശക്തിപ്പെടുത്തി. 1937 ൽ മദ്രാസ്



അച്ച്യുത മേനോൻ



എൻ. ശ്രീകണ്ഠൻ

നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിക്കുകയും രാജാജി മുഖ്യമന്ത്രിയാവുകയും ചെയ്തു. അതിനു ശേഷം അദ്ദേഹം രണ്ട് പൊതു നയങ്ങൾക്ക് മുൻഗണന നൽകുകയും നടപ്പാക്കുകയും ചെയ്തു. ആദ്യത്തേത് തീണ്ടായ്മ ഇല്ലാതാക്കുക, രണ്ടാമത്തേത് 'ഹിന്ദി'യെ ദേശീയ ഭാഷയായി സ്വീകരിക്കുക. സ്കൂളിൽ 'ഹിന്ദി' നിർബന്ധിത



മറൈമലൈ അടികൾ



തിരു. വി. കല്യാണ സുന്ദരം

വിഷയമാക്കണമെന്ന രാജാജിയുടെ പ്രഖ്യാപനം ബാഹ്മണേതര ദ്രാവിഡ / തമിഴരുടെ ആത്മാഭിമാനത്തെ അപമാനിക്കുന്നതാണെന്ന് കരുതപ്പെട്ടു. ഇ. വി. പെരിയാറും മറ്റ് ആത്മാഭിമാന പ്രസ്ഥാന അംഗങ്ങളും ജാഥകളും വിപുലമായ ഹിന്ദി വിരുദ്ധ സമ്മേളനങ്ങളും സംഘടിപ്പിച്ചു. (ഷിഗാമിവാക്കോ,കറാഷിമ നോബൊരു. 2014 എഡിഷൻ) തമിഴ് പണ്ഡിതന്മാരായ മറൈമലൈ അടികൾ, തിരു. വി. കല്യാണസുന്ദരം തുടങ്ങിയവർ ധാരാളം പൊതുയോഗങ്ങളിലൂടെ ഹിന്ദി നിർബന്ധിതമാക്കുന്നതിനെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ചു. ഈ പ്രക്ഷേഭത്തിന് ഇ. വി. ആർ പെരിയാർ പൂർണ്ണ പിന്തുണ നൽകി. അദ്ദേഹം 'തമിഴ്നാട് തമിഴരുക്കേ' എന്ന മുദ്രാവാക്യം പോലും മുഴക്കി. 1939 ൽ അദ്ദേഹം ദ്രാവിഡ നാട് എന്ന സമ്മേളനം സംഘടിപ്പിക്കുകയും പ്രത്യേക സ്വതന്ത്ര ദ്രാവിഡനാട് ആവശ്യപ്പെടുകയും ചെയ്തു.

കാമരാജും രാജാജിയും

ഈ പ്രധിഷേധത്തിന്റെ ഫലമായി ബ്രാഹ്മണേതര ജനതയ്ക്കായി പ്രത്യേക രാഷ്ട്രം ആവശ്യപ്പെട്ടിരുന്നു. അതിൽ തമിഴർ, തെലുങ്കർ, കന്നഡർ, മലയാളികൾ എന്നിവർ ഉൾപ്പെടുന്നു. 1944 ൽ ഇ. വി. രാമസ്വാമി; സാമൂഹ്യ ലക്ഷ്യത്തിനും, തമിഴരുടെ ഉന്നമനത്തിനുമായി; തമിഴരുടെ ശബ്ദം സുതാര്യമാക്കാൻ സേലം സമ്മേളനത്തിൽ വച്ച് 'ജസ്റ്റിസ് പാർട്ടി' യെ 'ദ്രാവിഡർ കഴക' മായി പുനർസംഘടിപ്പിച്ചു. പെരിയാരുടെ സേലം സമ്മേളനം സമര തീവ്രതക്കും ബഹുജന ഉത്തേജനത്തിനും പേരുകേട്ടതാണ്. അപ്പോൾ, ദ്രാവിഡ കഴകത്തിന്റെ ലക്ഷ്യം ഒരു പരമാധികാര സ്വതന്ത്ര ദ്രാവിഡ ജനാധിപത്യം പ്രഖ്യാപിക്കുക എന്നതായിരുന്നു. അത്, ഭാഷാപരമായി യോജിപ്പുള്ള നാല് ഘടകങ്ങളുടെ സംയുക്ത സ്വഭാവമുള്ള ഏകീകരണമായിരിക്കും. ഓരോന്നിനും സവിശേഷ അധികാരങ്ങളും ആഭ്യന്തര ഭരണത്തിന്റെ സ്വയംഭരണാവകാശവുമുണ്ട്. എന്നിരുന്നാലും ദ്രാവിഡ നാടിനു വേണ്ടിയുള്ള സമരത്തിന് തമിഴ് സംസാരിക്കുന്ന പ്രദേശത്തിനു പുറത്ത് പിന്തുണ നേടാനായില്ല.

ദക്ഷിണ പ്രദേശ് എന്ന സംസ്ഥാനത്തിന്റെ ആശയം

ദക്ഷിണേന്ത്യയിൽ 'ദക്ഷിണപ്രദേശ്' എന്ന പുതിയ ആശയം സൃഷ്ടിക്കാൻ രാജാജി തുടക്കമിട്ടു. ഇത് ദ്രാവിഡ പ്രസ്ഥാനത്തെ ചെറുക്കുന്നതിന് വേണ്ടിയായിരുന്നു. 'ദക്ഷിണപ്രദേശ്' എന്നാൽ തമിഴ്നാടിന്റെയും കേരളത്തിന്റെയും സംയോജനമാണ്. തന്റെ അനുയായികളായ സി. സുബ്രഹ്മണ്യം, ഭക്തവത്സലം എന്നിവരിലൂടെ അദ്ദേഹം തന്റെ പ്രത്യയശാസ്ത്രം പ്രചരിപ്പിച്ചു. രാജാജിയുടെ രാഷ്ട്രീയ ആശയത്തെ ദക്ഷിണേന്ത്യയിലെ മിക്ക രാഷ്ട്രീയ പാർട്ടികളും എതിർത്തു. വിപ്ലവ സോഷ്യലിസ്റ്റ് പാർട്ടിയുടെ ശ്രീകണ്ഠൻ, കൊച്ചി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അച്ചുതമേനോൻ, തിരുവിതാംകൂർ കമ്മ്യൂണിസ്റ്റ്

പാർട്ടിയുടെ നേതാവ് എ.കെ. ഗോപാലൻ എന്നിവരാണ് ദക്ഷിണപ്രദേശത്തിന്റെ ആശയത്തെ ശക്തമായി എതിർത്തത്. ഇ.വി. രാമസ്വാമി 'വിടുതലൈ' പത്രത്തിൽ ഒരു എഡിറ്റോറിയൽ കോളം എഴുതി, ദക്ഷിണപ്രദേശ് രൂപീകരണത്തിനെതിരെ ടെലിഗ്രാം അയയ്ക്കാൻ എല്ലാ തമിഴരോടും അദ്യർത്ഥിച്ചു. അതേ സമയം, രാജാജിയുടെ ആശയത്തെ കർണാടകയിലെ ജനങ്ങളും എതിർത്തിരുന്നു. പ്രത്യേകിച്ച് കർണാടക പ്യൂപ്പിൾസ് പാർട്ടിയിലെ ശരന ഗൗഡ, എന്നിരുന്നാലും 1956-ൽ നടന്ന അമൃത്സർ കോൺഗ്രസ്സ് സമ്മേളനത്തിൽ രാജാജിയും അനുയായികളും ദക്ഷിണപ്രദേശ് എന്ന ആശയം വീണ്ടും ഉന്നയിച്ചു. എന്നാൽ അവിടെ വച്ച് മദ്രാസ് സംസ്ഥാന മുഖ്യമന്ത്രിയായ കെ. കാമരാജ് ജനങ്ങളുടെ പ്രതിഷേധം പ്രതിഫലിപ്പിക്കുകയും ദക്ഷിണ പ്രദേശിനെതിരെ നിലകൊള്ളുകയും ചെയ്തു. അദ്ദേഹം എല്ലാ പൊതുയോഗങ്ങളിലും ദക്ഷിണപ്രദേശ് എന്ന സങ്കൽപ്പത്തെ എതിർക്കുകയും ചെയ്തു. ദക്ഷിണപ്രദേശ് എന്ന ആശയത്തിനെതിരെ പോരാടാൻ തയ്യാറായ തമിഴരിൽ അത് വലിയ ആവേശം ജനിപ്പിക്കുകയും ചെയ്തു.



കെ. കാമരാജ്



രാജാജി

സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഭാഷാപരമായ പുനഃസംഘടന

ഇന്ത്യ സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ ആവശ്യം വികസിപ്പിച്ചെടുത്തു. സ്വാതന്ത്ര്യാനന്തരം 1947-നും 1956-നും ഇടയിൽ രാഷ്ട്ര നിർമ്മാണത്തിന്റെ ആദ്യ 10 വർഷങ്ങളിൽ ഈ വിഷയം വീണ്ടും നിർണ്ണായക പങ്ക് വഹിക്കുകയും രണ്ട് പ്രധാന നയനിർദ്ദേശങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഒന്ന് ഔദ്യോഗിക ഭാഷാനയവും മറ്റൊന്ന് സംസ്ഥാനങ്ങളുടെ പുനഃസംഘടനയും; അതായത് സംയുക്ത ഭരണ പുനഃസംഘടന. ദേശീയ ഏകീകരണത്തിന്റെയും സമന്വയത്തിന്റെയും പ്രധാന വശമായ ഭാഷയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങളുടെ പുനഃസംഘടനയും സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഉടൻതന്നെ പ്രാബല്യത്തിൽ വന്നു.

1947-ന് മുമ്പുള്ള പ്രവിശ്യകളുടെ അതിരുകൾ ഒരു അസ്വാഭാവികതയോടെ നിർണ്ണയിച്ചിരുന്നു. കാരണം ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയിട്ട് ഏകദേശം നൂറ് വർഷമായി. അവർ ഭാഷാപരമോ സാംസ്ക്കാരികമോ ആയ സമന്വയത്തിന് ഒരു ശ്രദ്ധയും നൽകിയില്ല. അതിനാൽ മിക്ക പ്രവിശ്യകളും ബഹുഭാഷയും വ്യത്യസ്ത സംസ്ക്കാരമുള്ളവയുമായിരുന്നു. ഭരണഘടനകളിൽ സംസ്ഥാനങ്ങളുടെ ഭാഷാസംസ്ഥാനങ്ങളുടെ കാര്യം ശക്തമായിരുന്നു. ഭാഷയ്ക്ക് സംസ്ക്കാരവുമായി വളരെ അടുത്ത ബന്ധം ഉള്ളതിനാൽ ജനങ്ങളുടെ ആചാരങ്ങളുമായി അത് ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ, വിദ്യാഭ്യാസത്തിന്റെ പരിപൂർണ്ണമായ വ്യാപനവും ബഹുജന സാക്ഷരതയുടെ വളർച്ചയും മാതൃഭാഷാ മാധ്യമത്തിലൂടെ സംഭവിക്കുന്നു. അത്തരമൊരു പ്രബലമായ ഭാഷയുടെ അടിസ്ഥാനത്തിൽ ഒരു സംസ്ഥാനം രൂപീകരിക്കപ്പെടുന്നില്ലെങ്കിൽ രാഷ്ട്രീയവും ഭരണവും നീതിന്യായ പ്രവർത്തനവും ഉള്ളപ്പോൾ മാത്രമേ സാധാരണക്കാർക്ക് ജനാധിപത്യം യാഥാർത്ഥ്യമാകുകയുള്ളൂ.

തമിഴ്നാടിന്റെ രൂപീകരണം

പ്രധാനമായും രാഷ്ട്രീയ പ്രവണതകളെ അടിസ്ഥാനമാക്കിയുള്ളതും ഭാഷാപരമായ പദവി; പുനഃസംഘടനകൾക്കു ശേഷം ആവിഷ്ക്കരിച്ചതുമായ തമിഴ്നാടിന്റെ രൂപീകരണം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഒരു ഭാഗമായി ഉയർന്നു വന്നു. ഭാഷാപ്രസ്ഥാനത്തെ അടിസ്ഥാനമക്കിയുള്ള മദ്രാസിലെ സാമൂഹിക-രാഷ്ട്രീയ രംഗത്തെ പ്രവണതകളും വികാസവും കണക്കിലെടുത്ത് 1955-ൽ സംസ്ഥാന പുനഃസംഘടനാ കമ്മീഷൻ അന്തിമറിപ്പോർട്ട് സമർപ്പിച്ചു. ഇത് മദ്രാസ്, മൈസൂർ, കേരളം എന്നീ സംസ്ഥാനങ്ങൾ സൃഷ്ടിക്കാൻ ശുപാർശ ചെയ്തു. സംസ്ഥാന പുനഃസംഘടനാ

കമ്മീഷൻ പറഞ്ഞതനുസരിച്ച് 1956 നവംബർ ഒന്നു മുതൽ പുതിയ മദ്രാസ് സംസ്ഥാനം നിലവിൽ വന്നു. 1956-ലെ സംസ്ഥാന പുനഃസംഘടനാ നിയമം, ഇന്ത്യയുടെ സംസ്ഥാനങ്ങളുടെയും പ്രദേശങ്ങളുടെയും അതിർത്തികളുടെ നിർണ്ണയത്തിൽ ഒരു പ്രധാന പരിഷ്ക്കാരമായിരുന്നു. അവ ഭാഷാപരമായ രീതിയിൽ പുനഃസംഘടിപ്പിച്ചു. തമിഴ് സംസാരിക്കുന്ന ജനങ്ങളുടെ ശതമാനത്തിന്റെ അടിസ്ഥാനത്തിൽ, അഗസ്തീശ്വരം, തോവാള, കൽകുളം, വിളവങ്കോട് എന്നീ നാല് താലൂക്കുകളെ തിരുവിതാംകൂർ സംസ്ഥാനത്തിൽ നിന്ന് മാറ്റി തമിഴ്നാട്ടിനോട് ചേർത്തു. അതേടൊപ്പം ചെങ്കോട്ട താലൂക്കും തമിഴ് നാട്ടിനോട് ചേർത്തു. എന്നിരുന്നാലും; ദേവികുളം, പീരുമേട് (ഇടുക്കി) എന്നുവയുടെ പ്രശ്നം വന്നപ്പോൾ അവിടെ ഭൂരിപക്ഷം ജനങ്ങളും തമിഴ് സംസാരിക്കുന്നവരും, സംസ്ഥാന നിയമസഭയിലെ പ്രതിനിധികളും തമിഴരാണെങ്കിലും ഒരു വ്യത്യസ്തമായ സമീപനമാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടത്. അതായത് ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ തിരുവിതാംകൂർ-കൊച്ചി (തിരുക്കൊച്ചി) സംസ്ഥാനത്തിൽ തന്നെ ഈ പ്രദേശങ്ങൾ തുടരണമെന്ന് കമ്മീഷൻ ശുപാർശ ചെയ്തു അങ്ങനെ ചരിത്രത്തിൽ ആദ്യമായി; തമിഴ്നാട് ഒരു പ്രത്യേക ഭാഷാസംസ്ഥാനമായി സൃഷ്ടിക്കപ്പെട്ടു.



മ. പോ. ശിവജ്ഞാനം



ജീവാനന്തം

മദ്രാസ് സംസ്ഥാനത്തിന്റെ പേര് തമിഴ്നാട് എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള സമരം

തമിഴർക്ക് പ്രത്യേക സംസ്ഥാനം ലഭിച്ചിട്ടും സംസ്ഥാനത്തിന്റെ പേര് 'മദ്രാസ്' എന്നത് മാറ്റി 'തമിഴ്നാട്' എന്ന് ആക്കണമെന്ന് അവരുടെ ആഗ്രഹം സാധിക്കാത്തതിനാൽ അവർക്ക് പൂർണ്ണ തൃപ്തി ഉണ്ടായില്ല. മദ്രാസ് സംസ്ഥാനത്തിന്റെ പേര് തമിഴ്നാട് എന്ന് പുനർനാമകരണം ചെയ്യുന്നതിനുള്ള സമരം ഒരു ദശകത്തിലേറെയായി തുടർന്നു. പുനഃസംഘടിപ്പിച്ച മദ്രാസ് സംസ്ഥാനത്തിന് തമിഴ്നാട് എന്ന പേര് നൽകാൻ സംസ്ഥാന പുനഃസംഘടന കമ്മീഷൻ ശുപാർശ ചെയ്തിട്ടില്ല. മാ പോ ശിവജ്ഞാനത്തിന്റെ അശ്രാന്ത പരിശ്രമത്താൽ 1956 ജനുവരി 27-ന് അദ്ദേഹം ഒരു സഖ്യകക്ഷി സമ്മേളനം വിളിച്ചുകൂട്ടി; 1956 ഫെബ്രുവരി 20-ന് ഒരു പൊതു ഹർത്താലിന് ആഹ്വാനം ചെയ്തു. മദ്രാസ് സംസ്ഥാനത്ത് നിരവധി പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും നടന്നു. സ്വാതന്ത്ര്യസമര സേനാനിയും വിരുതു നഗറിൽ നിന്നുള്ള; ഗാന്ധി ശിഷ്യന്മാരിൽ ഒരാളുമായ ശങ്കരലിംഗനാർ മദ്രാസ് സംസ്ഥാനത്തെ തമിഴ്നാട് എന്ന് പുനർനാമകരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടു. 1956 ജൂലൈ 27 മുതൽ 1956 ഒക്ടോബർ 13-ന് അദ്ദേഹത്തിന്റെ അവസാന ശ്വാസം വരെ അദ്ദേഹം നിരാഹാരമനുഷ്ഠിച്ചു. ശങ്കരലിംഗനാരുടെ മരണം മദ്രാസ് സംസ്ഥാനത്ത് ഒരു ബഹുജന സമരം സൃഷ്ടിച്ചു. കോളേജ് വിദ്യാർത്ഥികളും തൊഴിലാളികളും വിവിധ സംഘടനകളിലും പ്രസ്ഥാനങ്ങളിലും പരസ്യമായി പങ്കെടുത്തു. ഇത് മദ്രാസ് സംസ്ഥാനത്തിന്റെ രാഷ്ട്രീയത്തെ സാരമായി ബാധിച്ചു. ഈ പ്രസ്ഥാനങ്ങളുടെ സ്വാധീനം കാരണം കോൺഗ്രസിന് ജനങ്ങൾക്കിടയിലുള്ള പ്രശസ്തി നഷ്ടപ്പെട്ടു. അവസാനമായി 1967-ലെ പൊതു തെരഞ്ഞെടുപ്പിൽ അത് പ്രതിഫലിച്ചു. ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് തമിഴ്നാട്ടിൽ നിന്നും പൂർണ്ണമായും ഒഴിഞ്ഞുമാറുകയും ദ്രാവിഡ കഴകം (ഡി. എം. കെ) രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുകയും ചെയ്തപ്പോൾ ഡി.എം.കെ സർക്കാർ മദ്രാസ് സംസ്ഥാനത്തിന്റെ പേര് തമിഴ്നാട് എന്ന് പുനർ നാമകരണം ചെയ്തു.

പ്രവർത്തനം

സംസ്ഥാന രൂപീകരണ സമയത്ത് തമിഴ്നാട്ടിലെവിവിധ നഗരങ്ങളിലെ വ്യത്യസ്തനീക്കങ്ങൾ കണ്ടെത്തുക. പാഠത്തിൽ പരാമർശിക്കപ്പെടാത്ത, തമിഴ്നാട്ടിലുടനീളം സംഘടിപ്പിച്ച വ്യത്യസ്ത റാലികളും പ്രതിഷേധങ്ങളും എന്തെല്ലാമായിരുന്നു?

തമിഴ്നാട് രാഷ്ട്രീയ ഭൂപടം



ബഹുതര സാംസ്ക്കാരിക വൈവിധ്യവും രാഷ്ട്രനിർമ്മാണ പ്രക്രിയയും

കലാപശേഷം കോളനി ഭരണ കാലഘട്ട ത്തിൽ ദേശീയ പ്രസ്ഥാനത്തിലൂടെ പുതിയ ഇന്ത്യൻ രാഷ്ട്രീയം രൂപപ്പെട്ടു ഈ ദേശീയ പ്ര സ്ഥാനം; ജനാധിപത്യം, സ്വാതന്ത്ര്യം, ഐക്യം എന്നിവയുടെ മുൻകാല അനുഭവങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടിരുന്നു. രാജവാഴ്ചയുടെ യുഗം എന്നെന്നേയ്ക്കുമായി ഇല്ലാതായി. മതരാ ഷ്ട്രങ്ങളുടെ യുഗവും ഇല്ലാതായി. സ്വതന്ത്ര ജനാ ധിപത്യത്തിന്റെ ഒരു യുഗത്തിൽ ജനങ്ങളുടെ ഇച്ഛ, അവകാശങ്ങൾ, അവരുടെ ഭാഷാപരമായ സാസ്ക്കാരിക സ്വത്വങ്ങൾ, സാമ്പത്തിക വികസനം എന്നിവ രാഷ്ട്ര നിർമ്മാണത്തിന്റെ അടിസ്ഥാന മായിരിക്കണം. മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു തുടങ്ങിയ ആധുനിക കാലത്തെ മഹ ത്തായ രാഷ്ട്ര നിർമ്മാതാക്കൾ മതപരമോ (ഹിന്ദു ദേശീയത, മുസ്ലീം ദേശിയത അല്ലെങ്കിൽ ദ്വി രാഷ്ട്ര സംവിധാനം) സാസ്ക്കാരികപരമോ ആയ ദേശീയതയ്ക്ക് എതിരായിരുന്നു. വളർന്നു വരുന്ന പുതിയ ഇന്ത്യയുടെ വിവിധ സാമൂഹ്യ അടിത്തറ അവർ അംഗീകരിച്ചു. അതിനാൽ ഒരു ഐക്യ ജനാധിപത്യ സ്വതന്ത്ര ഇന്ത്യക്കായി വാദി ച്ചു. എന്നിരുന്നാലും പുതിയ ഇന്ത്യയുടെ ഭരണ ഘടന; ഇന്ത്യയെ സംസ്ഥാന ഘടകങ്ങളുടെ ഏകീകരണമെന്ന് വിളിക്കുന്നതിലൂടെ; സംസ്ഥാ നങ്ങൾക്ക് മതിയായ സാമ്പത്തിക, രാഷ്ട്രീയ അധി കാരങ്ങൾ ഭരണഘടന നൽകിയിട്ടില്ലെന്ന് പല ചിന്തകരും ചൂണ്ടിക്കാട്ടി. അമിത കേന്ദ്രീകരണവും ഔദ്യോഗിക ഭാഷയായിരുന്ന ഇംഗ്ലീഷിനെ മാറ്റി യിട്ട് ഹിന്ദിയെ ദേശീയ ഔദ്യോഗിക ഭാഷയായി മാറ്റിയത് സംസ്ഥാനങ്ങളുടെ സാസ്ക്കാരികവും ഭാഷാപരവുമായ സ്വത്വത്തെ ഇല്ലാതാക്കുന്ന വിധ ത്തിലായി തീർന്നു. ഇംഗ്ലീഷിനെ മാറ്റി ഹിന്ദിയെ ഔദ്യോഗിക ഭാഷയാക്കുന്നതിലെ അപകടങ്ങൾ ജവഹർലാൽ നെഹ്റുവിന് കാണാൻ കഴിഞ്ഞു. അതിനാൽ ഹിന്ദി ഇതര ജനങ്ങൾ ആഗ്രഹിക്കു ന്നിടത്തോളം കാലം ഇംഗ്ലീഷിന്റെ തുടർച്ചയെ ക്കുറിച്ച് ഉറപ്പു നൽകി.

പ്രവർത്തനം

സംസ്ഥാന രൂപീകരണ സമയത്ത് തമിഴ്നാട്ടി ലെ വിവിധ നഗരങ്ങളിലെ വ്യത്യസ്ത നീക്ക ങ്ങൾ കണ്ടെത്തുക. പാഠത്തിൽ പരാമർശിക്ക പ്പെടാത്ത തമിഴ്നാടിലൂടനീളം സംഘടിപ്പിച്ച വ്യത്യസ്ത റാലികളും പ്രതിക്ഷേധങ്ങളും എന്തെല്ലാമായിരുന്നു?

വിവരണം

- **ബ്രിട്ടീഷ് കോമൺവെൽത്ത്:** യുണൈറ്റഡ് കിംഗ്ഡം (ബ്രിട്ടൺ) ഉൾപ്പെടുന്ന രാജ്യങ്ങളു ടെ കൂട്ടായ്മയും പിന്നീട് സ്വതന്ത്ര രാജ്യങ്ങ ളായിമാറിയ ബ്രിട്ടീഷ് കോളനികളും ബ്രിട്ടീഷ് കിരീടത്തോട് കൂറ് പുലർത്തുന്നത് തുടരുന്ന താണ് ബ്രിട്ടീഷ് കോമൺ വെൽത്ത്.

- **സാംസ്ക്കാരിക ഏകത :** ഒരു ഏകീകൃത സമൂഹം സ്ഥാപിക്കുക എന്ന അനുമാനത്തെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളെ പരസ് പരം ബന്ധിപ്പിക്കുന്ന സാംസ്ക്കാരിക നിലവാ രത്തെ പ്രോത്സാഹിപ്പിക്കുന്നതാണ് സാംസ് ക്കാരിക ഏകത.

- **ഭരണഘടനാ അസംബ്ലി :** ഒരു ഭരണഘടന സൃഷ്ടിക്കുക, മാറ്റുക അല്ലെങ്കിൽ കരട് തയ്യാ റാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ വോട്ടി ലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധിക ളുടെ സംഘം, അതായത് ഒരു സർക്കാരിന്റെ അടിസ്ഥാന രാഷ്ട്രീയ തത്വങ്ങൾ നിർണ്ണയി ക്കുന്ന ഒരു നിയമ വ്യവസ്ഥയാണ് ഭരണഘ ടനാ അസംബ്ലി.

- **ആധിപത്യം:** ബ്രിട്ടീഷ് കോമൺവെൽത്തിലെ ഒരു സ്വയംഭരണ രാഷ്ട്രമാണ് ഡൊമീനിയൻ.

- **ദ്രാവിഡ കഴകം :** സാമൂഹ്യ ലക്ഷ്യത്തോടെ തമിഴരുടെ ഉന്നമനത്തിനും അവരുടെ ശബ്ദം കാര്യക്ഷമമാക്കാനും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പ്രസ്ഥാനമാണ് ദ്രാവിഡ കഴകം.

- **പ്രജാ സഭ :** യുണൈറ്റഡ് കിംഗ്ഡത്തിലെ (ബ്രിട്ടൺ) പാർലമെന്റിന്റെ കീഴ് സഭ. ഇതിലെ അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണ്. ഈ അംഗങ്ങൾ പാർലമെന്റ് അംഗങ്ങൾ എന്നറിയപ്പെടുന്നു.

❖ **അന്തർ സംസ്ഥാന കൗൺസിൽ :** ഇന്ത്യയിലെ അന്തർ സംസ്ഥാന ഏകോപനവും സഹകരണവും മെച്ചപ്പെടുത്തുന്നതിനായി കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള ഒരു പിൻതുണാ സംവിധാനം വികസിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച ഒരു ഭരണഘടനാ സമിതിയാണ് അന്തർ സംസ്ഥാന കൗൺസിൽ.

❖ **രാജവാഴ്ച:** രാജാവോ രാജ്ഞിയോ ഭരിക്കുന്ന ഒരു രാജ്യമോ സാമ്രാജ്യമോ രാജവാഴ്ചയാണ്. എന്നിരുന്നാലും, ഒരു ഭരണഘടനാപരമായ രാജവാഴ്ചയിൽ, രാജാവിന്റെ അധികാരങ്ങൾ അനന്തമാണ്.

❖ **പ്രസിഡൻസി:** ബ്രിട്ടീഷ് കോളനി ഭരണത്തിൻ കീഴിലുള്ള ഒരു വലിയ ഭരണ വിഭാഗത്തെ പ്രസിഡൻസി എന്നു വിളിക്കുന്നു. ഗവർണർ ജനറൽ അഥവാ വൈസ്രോയിയാണ് ഇതിനെ ഭരിച്ചിരുന്നത്. ബോംബേ പ്രസിഡൻസി, കൊൽക്കത്ത പ്രസിഡൻസി, മദ്രാസ് പ്രസിഡൻസി എന്നിവയാണ് ബ്രിട്ടീഷ് ഭരണത്തിൻ കീഴിലുള്ള മൂന്ന് പ്രസിഡൻസികൾ.

❖ **രാജഭരണം :** സ്വദേശ ഭരണം എന്ന് അറിയപ്പെടുന്ന ഒരു നാട്ടുരാജ്യം ഒരു വലിയ ഭരണ പ്രവിശ്യയിലെ രാഷ്ട്രീയ വിഭാഗമാണ്. അത് ഒന്നുകിൽ രാജഭരണത്തിൻ കീഴിൽ (ഇന്ത്യൻ രാജകുടുംബം) നേരിട്ട് ഭരിക്കപ്പെടുന്നു. അതല്ലെങ്കിൽ ശക്തരായ ഭരണാധികാരികളുമായി (കോളനി ഭരണാധികാരികൾ) സഖ്യതയിൽ പ്രവർത്തിക്കുന്നു.

❖ **പ്രവിശ്യകൾ:** ബ്രിട്ടീഷ് കോളനി ഭരണത്തിൻ കീഴിലുള്ള പ്രസിഡൻസിയെക്കാൾ ചെറിയ ഒരു ഭരണവിഭാഗത്തെ പ്രവിശ്യ എന്നു വിളിക്കുന്നു.

❖ **താലൂക്ക്:** ചിലദക്ഷിണേന്ത്യൻ രാജ്യങ്ങളിലെ നികുതി അഥവാ ഭരണ ജില്ല ഒരു താലൂക്കാണ്.

❖ **കേന്ദ്ര ബഡ്ജറ്റ്:** ഇന്ത്യാ ഗവൺമെന്റിന്റെ ധനകാര്യ അക്കൗണ്ട് അല്ലെങ്കിൽ കണക്കാക്കലാണ് 'വാർഷിക ധനകാര്യ പ്രസ്താവന' എന്നറിയപ്പെടുന്ന കേന്ദ്ര ബഡ്ജറ്റ്. അതായത് സാമ്പത്തിക വർഷത്തേക്കുള്ള വരവും ചെലവും. സാമ്പത്തിക വർഷം ഒരു വർഷത്തിലെ ഏപ്രിൽ ഒന്നുമുതൽ അടുത്ത വർഷത്തെ മാർച്ച് 31വരെയാണ്. കേന്ദ്ര ബഡ്ജറ്റ് രണ്ടു വിധത്തിലാണ്. ഒന്ന് റവന്യൂ ബഡ്ജറ്റ് മറ്റൊന്ന് മൂലധന ബഡ്ജറ്റ്.

❖ **കേന്ദ്ര ഭരണ പ്രദേശങ്ങൾ:** കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഒരു ഭരണ വിഭാഗമാണ് കേന്ദ്ര ഭരണ പ്രദേശം. സംസ്ഥാനങ്ങളുടെ പുനഃസംഘടനയ്ക്കിടെ, ചിലഭരണ വിഭാഗങ്ങൾ വളരെ ദുർബലമായിരുന്നു. അല്ലെങ്കിൽ ഒരു സംസ്ഥാനമായി പ്രഖ്യാപിക്കാൻ സാധിക്കാത്തത്രയും ചെറിയ ഭൂപ്രദേശമായിരുന്നു. സാമ്പത്തിക അസ്ഥിരതയുംഉണ്ടായിരുന്നു. അതിനാൽ ഈ പ്രദേശങ്ങളെ കേന്ദ്ര ഭരണ പ്രദേശങ്ങളായി പ്രഖ്യാപിച്ചു.

❖ **വൈസ്രോയി:** രാജാവിന്റെയോ കോളനിയുടെയോ പ്രവിശ്യയുടെയോ ഒരു ഉദ്യോഗസ്ഥനാണ് വൈസ്രോയി. രാജാവിന്റെ അഥവാ ഭരണാധികാരിയുടെ പ്രതിനിധി.

I. ശരിയായ ഉത്തരം തെരഞ്ഞെടുക്കുക:

1. കോളനി ഭരണകാലഘട്ടത്തിൽ ഒരു രാജകിയ അംഗത്തിന് നൽകിയിരുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ 21 തോക്ക് സല്യൂട്ട് എന്താണ് സൂചിപ്പിന്നുന്നത്?
   a. രാജഭരണത്തിന് ഏറ്റവും ശക്തമായ സായുധ സേനയുണ്ട്
   b. രാജകുടുംബാംഗവും ഏറ്റവും വലിയ നാട്ടുരാജ്യത്തിന്റെ ഭരണാധികാരിയുമാണ്
   c. നാട്ടുരാജ്യം ഈസ്റ്റ്ന്ത്യാ കമ്പനിയുമായി സജീവമായി സഹകരിക്കുന്നു

2. "ഇന്ത്യയുടെ സ്വാതന്ത്ര്യ സമരം" എന്ന കൃതിയുടെ രചയിതാവ് ആരാണ്?
   a. ഹൃദയനാഥ് കുൻസ്രു
   b. പ്രൊഫ. ബിവാൻ ചന്ദ്ര
   c. പട്ടാഭി സീതാരാമയ്യ

3. 1956-ൽ സംസ്ഥാന പുനഃസംഘടന നിയമം പാർലമെന്റ് പാസ്സാക്കിയ ശേഷം രൂപീകരിച്ച സംസ്ഥാനങ്ങൾ തെരഞ്ഞെടുക്കുക.
   a. ആന്ധ്രാപ്രദേശ്, പഞ്ചാബ്, മണിപ്പൂർ, ത്രിപുര.
   b. ആന്ധ്രാപ്രദേശ്, പശ്ചിമ ബംഗാൾ, മദ്ധ്യപ്രദേശ്, ബീഹാർ
   c. ആന്ധ്രാപ്രദേശ്, ലക്ഷദ്വീപ്, ഒഡീഷ, പശ്ചിമ ബംഗാൾ, ബീഹാർ, ഗോവ
   d. ആന്ധ്രാപ്രദേശ്, ത്രിപുര, പശ്ചിമ ബംഗാൾ, മദ്രാസ്

4. വ്യാവസായിക ഭൂമി ഏറ്റെടുക്കലും നഷ്ട പരിഹാരം നൽകുന്നതും എപ്രകാരമാണ് പ്രാവർത്തിക മാക്കേണ്ടത്?
   a. i. പ്രദേശ വാസികളുടെ സമ്മതം നേടുക.
      ii. ക്ഷേമ നടപടികൾക്ക് പരിഹാരം നൽകുക
   b. i. സർക്കാരിൽ നിന്ന് അനുമതി നേടുക
      ii. കുടിയൊഴിപ്പിക്കപ്പെട്ട ആദിവാസി ജനങ്ങൾക്ക് നഷ്ടപരിഹാരം നൽകുക
   c. i. വ്യവസായം ആരംഭിക്കുന്നതിന് സർക്കാരിൽ നിന്ന് സമ്മതം വാങ്ങുക
      ii. വ്യവസായം സ്ഥാപിക്കാൻ ഭൂമി നൽകിയതിന് സർക്കാരിന് നഷ്ടപരിഹാരം നൽകുക

5. പെരിയാർ ഇ.വി. രാമസ്വാമിയുടെ 'ആത്മാഭിമാന പ്രസ്ഥാനം' ഇനി പറയുന്നവയിൽ ഏതാണ്:
   a. തമിഴ്നാട് സംസ്ഥാനത്തിന്റെ രൂപീകരണം
   b. മദ്രാസ് പ്രസിഡൻസി നിർത്തലാക്കൽ
   c. തമിഴ് ദ്രേശീയതാ അവബോധം വളർത്തൽ

6. സംസ്ഥാന സർക്കാരുകൾ വിദേശ അഥവാ സ്വകാര്യ നിക്ഷേപം തേടാനുള്ള കാരണം എന്താണ്?
   a. സ്വകാര്യ നിക്ഷേപം കൂടുതൽ ധനസഹായം നൽകുന്നു
   b. കേന്ദ്ര സർക്കാർ പക്ഷാഭേദത്തോടെ ധനസഹായം വിതരണം ചെയ്യുന്നത്
   c. വർദ്ധിച്ച് വരുന്ന തൊഴിലില്ലായ്മ
   d. മുകളിലുള്ളവയെല്ലാം
   e. മുകളിലുള്ളവ ഒന്നുമല്ല

7. ജനകീയ പ്രതിഷേധം അക്രമാസക്തമായ കാരണം 1956-ൽ ജവഹർലാൽ നെഹ്റു ഭാഷാടിസ്ഥാനത്തിൽ ആന്ധ്രയെ സ്വതന്ത്ര സംസ്ഥാനമായി പ്രഖ്യാപിക്കാൻ നിർബന്ധിതനായ സംഭവമേത്:
   a. ഇന്ത്യയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഹൈദ്രാബാദിലെ നിസാം വിസമ്മതിച്ചത്
   b. പോറ്റി രാമാലുവിന്റെ നിരാഹാര സമരം മൂലമുള്ള മരണം
   c. വിശാല 'ആന്ധ്രാ പ്രസ്ഥാന'ത്തിന്റെ പ്രതിഷേധം

8. 1950-ൽ എത്ര ഭാഷകൾ അംഗീകരിക്കപ്പെട്ടു?
   a. 26
   b. 22
   c. 12

II. ഇനി പറയുന്ന ചോദ്യങ്ങൾക്ക് വളരെ ചുരുക്കത്തിൽ ഉത്തരം നൽകുക:

1. തോക്ക് അഭിവാദ്യ സമ്പ്രദായം എന്താണ് സൂചിപ്പിക്കുന്നത്?
2. പ്രദേശങ്ങളും പ്രവിശ്യകളും നിർവ്വചിക്കുക.
3. ഭൂദാൻ പ്രസ്ഥാനത്തിന്റെ പ്രചോദനം വ്യക്തമാക്കുക.
4. മുൻ മദ്രാസ് പ്രസിഡൻസിയിൽ നിന്ന് ആവിർഭവിച്ച സംസ്ഥാനങ്ങൾ ഏതെല്ലാം.
5. സ്വാതന്ത്ര്യാനന്തരം ഇന്ത്യയുമായി ലയിക്കുന്നതിനെ എതിർത്ത മൂന്ന് ഭരണാധികാരികളെയും അവരുടെ നാട്ടുരാജ്യങ്ങളുടെയും പട്ടിക ഉണ്ടാക്കുക.

III. ഇനി പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കത്തിൽ ഉത്തരം നൽകുക:

1. ഒരു ദേശവും രാഷ്ട്രവും തമ്മിൽ വേർതിരിക്കുക..
2. വർഗ്ഗീയ ലഹളയ്ക്കുള്ള കാരണങ്ങൾ രേഖപ്പെടുത്തുക.
3. ഭാഷാടിസ്ഥാന പുനർ വിതരണത്തോട് 'ധാർ' കമ്മീഷൻ എങ്ങനെ പ്രതികരിച്ചു?
4. ആദ്യത്തെ ഭാഷാപരമായ സംസ്ഥാനം പ്രഖ്യാപിക്കാൻ ജവഹർലാൽ നെഹ്റു നിർബന്ധിതനായത് എന്തുകൊണ്ട്?
5. നാട്ടുരാജ്യങ്ങളെ ലയിപ്പിക്കുന്നതിൽ വി. പി. മേനോന്റെ പങ്ക് വിശദീകരിക്കുക.

IV. ഇനി പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക:

1. ഭാഷാ സംസ്ഥാനങ്ങളുടെ സൃഷ്ടിയിൽ പ്രാദേശിക രാഷ്ട്രീയ പാർട്ടികളുടെ ആവിർഭാവത്തെക്കുറിച്ച് ചർച്ച ചെയ്യുക.
2. ഭാഷാപരമായ സംസ്ഥാന പുനഃസംഘടനയിൽ ഫാസൽ കമ്മീഷന്റെ പങ്ക് വിവരിക്കുക.
3. ഇന്ത്യയിൽ രാഷ്ട്ര നിർമ്മാണ പ്രക്രിയയിലെ അഞ്ച് പ്രധാന വെല്ലുവിളികൾ തിരിച്ചറിയുക.
4. തമിഴ് സ്വത്വം രൂപപ്പെടുത്തുന്നതിൽ ആത്മാഭിമാന പ്രസ്ഥാനം എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു?

പരാമർശ ഗ്രന്ഥങ്ങൾ

- Raghavan, G. N. S. *Introducing India*. Indian Council for Cultural Relations, 1983.
- Pal, Sanchari. "The Making of A Nation: How Sardar Patel Integrated 562 Princely States." The Better India, 16 Dec. 2017
- *Reorganisation of States The Approach and Arrangements*. The Economic Weekly, 15 Oct. 1955,
- Premkumar, Heigrujam. "Tag: Reorganisation of States in India." *HEIGNOTES*,
- *Reorganisation, Then and Now*
- "The State, Economic Growth, and Development in India." *Taylor & Francis*,
- Chandra, Bipan. Mukherjee Mridula & Mukherjee, Aditya, India After Independence 1947- 2000, Penguin Books, New Delhi, 1999.
- Karashima, Noboru(Ed)., A concise history of South India; Issues and interpretations, Oxford, New Delhi, 2014.
- Rajayyan.K., History of Tamil Nadu: Past to Present, Ratna Publications, Kanjiramkulam,1995

വെബ് ലിങ്കുകൾ

- www.thebetterindia.com/124500/sardar-patel-vp-menon-integration-princely-states-india-independence/
- http://citeseerx.ist.psu.edu/viewdoc/download?doi=10.1.1.891.3691&rep = rep1&type= pdf
- selfstudyhistory.com/2015/01/30/the-linguistic-reorganisation-of-states/
- www.epw.in/system/files/pdf/1955_7/42/reorganisation_of_statesthe_approach_and_arrangements.pdf.
- heignotes.com/tag/reorganisation-of-states-in-india/
- frontline.thehindu.com/static/html/fl2626/stories/20100101262602100.htm.
- www.tandfonline.com/doi/full/10.1080/14736480802665238.

യൂണിറ്റ് 8

ആസൂത്രണവും വികസന രാഷ്ട്രീയവും



പഠന ലക്ഷ്യങ്ങൾ

- ആസൂത്രണത്തിന്റെ അർത്ഥ പരിണാമവും ലക്ഷ്യങ്ങളും മനസ്സിലാക്കാൻ.
- ഇന്ത്യൻ ആസൂത്രണ കമ്മീഷന്റെ രൂപീകരണം കണ്ടെത്തുന്നതിനും കമ്മിഷന്റെ രൂപീകരണവും പ്രവർത്തനങ്ങളും മനസ്സിലാക്കുന്നതിനും സഹായിക്കുന്നു.
- ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ആസൂത്രണ കമ്മിഷന്റെ ആശയങ്ങളുടെ പങ്ക് പരിശോധിക്കുക.
- നീതി ആയോഗ് (എൻ ഐ ടി ഐ) രൂപീകരണം ചർച്ച ചെയ്യുന്നതിനും അതിന്റെ ഘടനയും പ്രവർത്തനവും മനസ്സിലാക്കുന്നതിന്.
- ഇന്ത്യയിലെ വ്യവസായിക വൽക്കരണ പ്രക്രിയ മനസ്സിലാക്കുന്നതിനും വ്യവസായിക വികസനത്തിലും നിയന്ത്രണത്തിലും സർക്കാരിന്റെ പങ്ക് പരിശോധിക്കുക.
- ഇന്ത്യയിലെ ഭൂപരിഷ്ക്കരണ പ്രക്രിയ കണ്ടെത്തുക.
- ഇന്ത്യൻ ഹരിത വിപ്ലവത്തിന്റെ ആവിർഭാവവും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിൽ അതിന്റെ സ്വാധീനവും മനസ്സിലാക്കുക.
- ഇന്ത്യയിലെ ക്ഷീരവിപ്ലവം ചർച്ചചെയ്ത് പരിശോധിക്കുക. അതിന്റെ നേട്ടങ്ങൾ വിലയിരുത്തൽ.



8.1 ആസൂത്രണത്തിന്റെ അർത്ഥം, പരിണാമം, ലക്ഷ്യങ്ങൾ

സ്വാതന്ത്ര്യത്തിന് മുമ്പുള്ള ആസൂത്രണം

എല്ലാ സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥകളിലും ആസൂത്രണം നിലവിലുണ്ട്. ഉല്പാദന ദേശീയ ലാഭവിഹിതം, തൊഴിൽ എന്നിവ വർദ്ധിപ്പിക്കാനും ജനങ്ങളുടെ സാമൂഹിക ക്ഷേമം വർദ്ധിപ്പിക്കാനും സംസ്ഥാനം നേരിടുന്ന പ്രക്രിയയാണ് ഇത്. അത്തരമൊരു സമ്പ്രദായത്തിൽ ഒരു രാജ്യത്തെ ഉല്പാദന യൂണിറ്റുകളും എല്ലാ സമ്പദ്‌വ്യവസ്ഥകളിലും നിലനിൽക്കുന്നുണ്ട്. വികസനത്തിന്റെ കേന്ദ്ര അതോറിറ്റിയായ സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി അവരുടെ വിഭവങ്ങൾ വിനിയോഗിക്കുന്നു. ആധുനിക സംസ്ഥാനം ജനങ്ങളുടെ അനുമാനങ്ങൾ പൊതു സ്വകാര്യ സംരംഭങ്ങൾക്കായി സംസ്ഥാനം ലക്ഷ്യമിടുകയും നിയന്ത്രിക്കുകയും ചെയ്യുന്നു. എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും ജനങ്ങളുടെ ക്ഷേമത്തിനു വേണ്ടി സർക്കാർ നിയന്ത്രിക്കുന്നു.

ആധുനിക രാഷ്ട്രം ക്ഷേമ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നു. പഴയ കാലങ്ങളിൽ ജനങ്ങളുടെ ക്രമസമാധാന സുരക്ഷ മാത്രം പരിഗണിക്കുന്ന രാഷ്ട്രങ്ങൾ പോലീസ് സ്റ്റേറ്റുകൾ ആയിരുന്നപ്പോൾ ക്ഷേമ രാഷ്ടങ്ങൾക്ക് വിശാലമായ പങ്ക് വഹിക്കാനുണ്ട്. അവർ നല്ല ഭരണം നൽകുക മാത്രമല്ല, ജനങ്ങൾക്ക് സാമൂഹിക സാമ്പത്തിക നീതി ഉറപ്പാക്കുകയും ചെയ്യുന്നു. ഗവൺമെന്റിന്റെ ജനാധിപത്യരൂപം ആധുനിക രാഷ്ട്രത്തിന്റെ ക്ഷേമ രാഷ്ട്രങ്ങൾ സാക്ഷാത്ക്കരിക്കാനുള്ള അവസരങ്ങളും സാധ്യതകളും നൽകുന്നു. രാഷ്ട്ര ലക്ഷ്യങ്ങൾ അവരുടെ പിന്നോക്കാവസ്ഥ ഒഴിവാക്കാനും വികസനത്തിലേയ്ക്ക് നീങ്ങാനും കഴിയുന്ന സാമൂഹിക സാമ്പത്തിക പരിഷ്ക്കാരങ്ങൾ ഭരണകൂടം ശുപാർശ ചെയ്യു

കയും നടപ്പാക്കുകയും ചെയ്യുന്നു. ഇന്ത്യയിൽ ആസൂത്രിതമായ ഒരു ആസൂത്രണ പ്രക്രിയ നടത്തുക എന്നതാണ് ആസൂത്രണ കമ്മീഷന്റെ ലക്ഷ്യം. അങ്ങനെ രാജ്യത്തിന്റെ വിഭവങ്ങൾ ഉചിതമായ രീതിയിൽ വിനിയോഗിക്കുന്നതിനും ഇന്നത്തെ ആവശ്യങ്ങൾക്കും ഭാവി വികസനത്തിനും വേണ്ടി ശരിയായ തന്ത്രം ഉപയോഗിക്കാൻ കഴിയും.

പ്രവർത്തനം

ഗ്രൂപ്പ് ചർച്ച

ടീച്ചർക്ക് ക്ലാസിനെ അഞ്ച് ഗ്രൂപ്പുകളായി തിരിക്കാം. ഓരോ ഗ്രൂപ്പിനും മൂന്നോ അഞ്ചോ അംഗങ്ങൾ അടങ്ങിയരിക്കുന്നു. ഒപ്പം ക്ലാസിൽ ചുവടെ നൽകിയിട്ടുള്ള ഉദാഹരണങ്ങൾ ചർച്ച ചെയ്യുന്നു.

ഒന്നിന്റെ വികസനം മറ്റൊന്നിന്റെ വികസനം ആയിരിക്കില്ല. ചർച്ച ചെയ്യുക.

ഉദാഹരണം 1: ഒരു തൊഴിലാളിയുടെ അധിക വേതനം വികസനത്തിന് സഹായിക്കും എന്നാൽ അത് സംരംഭകനെതിരായി ഭവിക്കും

ഉദാഹരണം 2: ഒരു ധനികനായ കർഷകനോ വ്യാപാരിയോ ഭക്ഷ്യ ധാന്യങ്ങൾ ഉയർന്ന വിലയ്ക്ക് വിൽക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പാവപ്പെട്ട തൊഴിലാളി അത് കുറഞ്ഞ വിലയ്ക്ക് വാങ്ങാൻ ആഗ്രഹിക്കുന്നു.

ഉദാഹരണം 3: അണക്കെട്ടിന്റെ നിർമ്മാണം വളരെ വിലകുറഞ്ഞ വൈദ്യുതി നൽകുന്നു. എന്നാൽ ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനാൽ ആളുകൾ എതിർക്കും.

ഉദാഹരണം4: കൂടുതൽ വൈദ്യുതി ലഭിക്കാൻ കർഷകർക്ക് കൂടുതൽ ഡാമുകൾ ആവശ്യമായി വന്നേയ്ക്കാം. എന്നാൽ ഇത് കാർഷിക ഭൂമിയെ വെള്ളത്തിൽ മുക്കി ജനങ്ങളുടെ ജീവിതത്തെ തകർക്കാം. ഈ സാഹചര്യത്തിൽ സുസ്ഥിര വികസനം എന്ന ആശയം അനുയോജ്യമാണ്.

സാമ്പത്തിക ആസൂത്രണത്തിന്റെ ആവശ്യകത സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ ഇന്ത്യയിൽ യഥാർത്ഥ്യമായി. 1936-ൽ എം. വിശ്വേശരയ്യ "പ്ലാൻഡ് എക്കണോമി ഫോർ ഇന്ത്യാ" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. ഇത് ഇന്ത്യയിലെ സാമ്പത്തിക ആസൂത്രണത്തിലെ ഇത് പയനീർ ആയി കണക്കാക്കപ്പെടുന്നു. 1938-ൽ ദേശീയ ആസൂത്രണ സമിതി അഖിലേന്ത്യാ കോൺഗ്രസ്സിനുള്ളിൽ സുബാഷ് ചന്ദ്രബോസ് ആരംഭിച്ചു. രാജ്യത്തിന് ഒരു സാമ്പത്തിക ഭദ്രത തയ്യാറാക്കുക എന്നതായിരുന്നു ലക്ഷ്യം. അതിലൂടെ രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാനാകും. രണ്ടാം ലോകമഹായുദ്ധം പൊട്ടിപുറപ്പെട്ട് ചില ദേശീയ നേതാക്കളെ ജയിലിൽ അടച്ചതു കാരണം കമ്മിറ്റിക്ക് അതിന്റെ ചുമതല പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1944-ൽ ഇന്ത്യൻ വ്യവസായിയായ എം.എൻ. റോയ് സാമ്പത്തിക വികസനത്തിനായി ബോംബേ പദ്ധതി തയ്യാറാക്കി. കാർഷിക മേഖലയ്ക്കും ചെറുകിട വ്യവസായങ്ങൾക്കും കൂടുതൽ പ്രാധാന്യം നൽകുന്ന പ്യൂപ്പിൾസ് പ്ലാൻ എന്നു വിളിക്കുന്ന ഒരു പദ്ധതി അദ്ദേഹം നിർദ്ദേശിച്ചു. പിന്നീട് ഗാന്ധിയൻ പദ്ധതി ശ്രീമാൻ നാരായണ അഗർവാൾ 1944-ൽ മുന്നോട്ട് വയ്ക്കുകയും 1950-ൽ ജയപ്രകാശ് നാരായണൻ സർവ്വോദയ പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഈ പദ്ധതികളെല്ലാം രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ലക്ഷ്യമിട്ടു.


വിശ്വേശരയ്യ


ജവഹർലാൽ നെഹ്റു


നേതാജി സുബാഷ് ചന്ദ്രബോസ്


എം. എൻ. റോയ്


ശ്രീമാൻ നാരായണൻ അഗർവാൾ


ജയപ്രകാശ് നാരായണൻ

സ്വാതന്ത്ര്യാനന്തരം ആസൂത്രണം ചെയ്യുക

ജനങ്ങൾക്ക് സാമൂഹിക സാമ്പത്തിക നീതി ഉറപ്പു വരുത്തുന്നതിനായി ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽ സംസ്ഥാന നയത്തിന്റെ നിർദ്ദേശ തത്വങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക നീതി ഉറപ്പ് നൽകുന്നതിനൊപ്പം സാമ്പ

ത്തിക വികസനത്തിന്റെ പ്രാധാന്യവും ഭരണ ഘടന നിർമ്മാതാക്കൾ മനസ്സിലാക്കി. അങ്ങനെ ദീർഘകാല വികസനത്തിന് ആസൂത്രണം അനിവാര്യമാണെന്ന് കണക്കാക്കപ്പെട്ടു. അതിനനുസരിച്ച് സാമ്പത്തിക വികസനം വളർത്തുന്നതിനുള്ള ഒരു മാർഗ്ഗമായി സർക്കാർ ഇന്ത്യൻ ആസൂത്രണം സ്വീകരിച്ചു. ഉല്പാദനം എന്ന ലക്ഷ്യത്തോടെയാണ് ആസൂത്രണ കമ്മീഷൻ രൂപീകരിച്ചത്. അങ്ങനെ ഉയർന്ന തരത്തിലുള്ള ദേശീയ പ്രതിശീർഷ വരുമാനം കൈവരിക്കാൻ കഴിയും. അതിലൂടെ തൊഴിൽ ഉറപ്പു നൽകുന്നതും ധനികരും ദരിദ്രരും തമ്മിലുള്ള അന്തരം കുറയ്ക്കുന്നതും ലക്ഷ്യമിട്ടു. സാമൂഹിക-സാമ്പത്തിക നീതിയുടെ ലക്ഷ്യം ഉറപ്പു നൽകുന്നതിനും സാമ്പത്തിക വികസനം സാക്ഷാത്ക്കരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തിന് വിശാലമായ പങ്ക് നൽകികൊണ്ട് ഒരു സമത്വ സമൂഹം സ്ഥാപിക്കുക എന്നതും ഇത് ലക്ഷ്യമിടുന്നു.

8.2 ആസൂത്രണ കമ്മീഷൻ

രാജ്യത്തിന്റെ വിഭവങ്ങളുടെ ഏറ്റവും ഫലപ്രദവും സന്തുലിതവുമായ വിനിയോഗത്തിനായി ഒരു പദ്ധതി തയ്യാറാക്കുന്നതിനായി ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ അദ്ധ്യക്ഷതയിൽ 1950 മാർച്ചിൽ ഇന്ത്യൻ ആസൂത്രണ കമ്മീഷൻ രൂപീകരിച്ചു. പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ആസൂത്രണ കമ്മീഷൻ ഒരു പ്രധാന പങ്ക് വഹിച്ചു. ആസൂത്രണ പരിപാടികൾ നടപ്പാക്കേണ്ടത് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കടമയായിരുന്നു.

പ്രവർത്തനം

ആസൂത്രണ കമ്മീഷന്റെ 12 പഞ്ചവത്സര പദ്ധതികളിലെ ഓരോന്നിന്റെയും നിർദ്ദിഷ്ട ലക്ഷ്യവും നേട്ടവും തിരിച്ചറിയുക.

ആസൂത്രണ കമ്മീഷന്റെ ചുമതലകൾ

രാജ്യത്തിന്റെ ഭാവി ആവശ്യങ്ങൾക്കും അവ വികസിപ്പിക്കുന്നതിനുമായി രാജ്യത്തിന്റെ വിഭവങ്ങൾ വിലയിരുത്തുന്നതിനുള്ള പ്രവർത്തനം ആസൂത്രണ കമ്മീഷന് ഉണ്ടായിരുന്നു. ഇതിൽ സാധനങ്ങൾ, മൂലധനം മാനവ വിഭവ ശേഷി എന്നിവ ഉൾപ്പെടുന്നു. ഈ വിഭവങ്ങൾ ഫലപ്രദവും സന്തുലിതവുമായ രീതിയിൽ ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടത് കമ്മീഷന്റെ പ്രാഥമിക കടമയായിരുന്നു. മുൻഗണനകൾ അനുസരിച്ച് വിഭവങ്ങൾ വിവിധ മേഖലകൾക്കിടയിൽ അനുവദിക്കേണ്ടതുണ്ട്. പുരോഗതിയുടെയും പദ്ധതികളുടെയും ഘട്ടങ്ങൾ കമ്മീഷന് നൽകണം. വികസനത്തിന് തടസ്സമാകുന്ന വ്യവസ്ഥകളും പ്രശ്നങ്ങളും കമ്മീഷൻ തിരിച്ചറിയേണ്ടതുണ്ട്.

പ്രവർത്തനം

തിങ്ക് - പെയർ - ഷെയർ

വിഷയം 1 : മനുഷ്യ വികസനമാണ് സാമൂഹിക വികസനത്തിന്റെ സാരം

വിഷയം 2 : ഒരാൾക്ക് നന്നായി ജീവിക്കാൻ ആവശ്യമായ എല്ലാ നല്ല സേവനങ്ങളും വാങ്ങാൻ പണത്തിന് കഴിയില്ല.

രാജ്യത്തിന്റെ നിലവിലുള്ള സാഹചര്യങ്ങളിൽ പദ്ധതി ഫലപ്രദമായി നടപ്പാക്കാനുള്ള വഴികൾ പരിശോധിക്കേണ്ടതുണ്ട്. പദ്ധതിയുടെ വിവിധ ഘട്ടങ്ങൾ നിർവ്വഹണത്തിലൂടെ നിർണ്ണയിച്ചു. ആസൂത്രണ പ്രക്രിയ ഇടയ്ക്കിടെ വിലയിരുത്തേണ്ടതിനാൽ പദ്ധതികൾ നടപ്പിലാക്കാൻ ശരിയായ തന്ത്രങ്ങൾ ഉപയോഗിക്കാം. ഈ പ്രക്രിയയിൽ ആസൂത്രണത്തിന്റെ ഉചിതമായ തന്ത്രങ്ങൾ സംബന്ധിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകളെ ഉപദേശിക്കാൻ ആസൂത്രണ കമ്മീഷന് അനുമതി ഉണ്ടായിരുന്നു. കമ്മീഷന് ചില പ്രത്യേക പ്രശ്നങ്ങളിൽ സർക്കാരിനെ ഉപദേശിക്കേണ്ട ജോലിയും ചെയ്യണം. ഓരോ മേഖലയിലേയും ഘടനയും സംഘടനയുമായുള്ള പദ്ധതി കാലയളവിലെ ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന സമ്പദ്വ്യവസ്ഥയുടെ വളർച്ചാ നിരക്ക് നിർണ്ണയിക്കേണ്ടത് കമ്മീഷന്റെ ജോലിയായിരുന്നു.

ഘടനയും സംഘടനയും

ആസൂത്രിത കമ്മീഷനിൽ പ്രധാനമന്ത്രിയും നാല് മുഴുവൻ സമയ അംഗങ്ങളും, കാബിനറ്റ് റാങ്കിലുള്ള കുറച്ച് പാർട്ട് ടൈം അംഗങ്ങളും ഉൾക്കൊള്ളുന്നു. സാങ്കേതിക മേഖല,

സമ്പദ്‌വ്യവസ്ഥ, ഭരണ നിർവ്വഹണം എന്നിവയിൽ മികവ് പുലർത്തിയ വ്യക്തികളായിരുന്നു മുഴുവൻ സമയ അംഗങ്ങൾ. കമ്മീഷന്റെ പ്രവർത്തനങ്ങളുടെ ഏകോപനം പ്രാപ്തമാക്കുന്ന ആസൂത്രണ കമ്മീഷൻ ചെയർമാനാണ് പ്രധാനമന്ത്രി.

അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മീഷന്റെ ശുപാർശകൾ അനുസരിച്ച് കമ്മീഷന്റെ ഘടനയിൽ മാറ്റങ്ങൾ വരുത്തി. കമ്മീഷന്റെ യോഗങ്ങളുടെ അദ്ധ്യക്ഷത വഹിക്കുന്ന ചെയർമാനായി പ്രധാനമന്ത്രിയെ ഉൾപ്പെടുത്തി, ഡപ്യൂട്ടി ചെയർമാനും പദ്ധതിയുടെ കരട് കേന്ദ്ര മന്ത്രിസഭയ്ക്ക് രൂപീകരിക്കുന്നതിന്റെ ഉത്തരവാദിത്തമുള്ള ഒരു സെക്രട്ടറിയും, നാല് പേർ മുഴുവൻ സമയാംഗങ്ങളും ചില കാബിനറ്റ് മന്ത്രിമാർ പാർടൈം അംഗങ്ങളുമാണ്. ധനമന്ത്രിയും ആസൂത്രണ മന്ത്രിയും, ആസൂത്രണ കമ്മീഷന്റെ എക്സ്-ഒഫിഷ്യോ അംഗങ്ങളാണ് സാധാരണയായി മുതിർന്ന ഐ.എ.എസ്സ് ഉദ്യോഗസ്ഥനായ ഒരു അംഗ സെക്രട്ടറിയും കമ്മീഷന്റെ ഭാഗമാണ്. അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം അഡീഷണൽ സെക്രട്ടറിയാണ് ഏകോപിപ്പിക്കുന്നത്. ഡെപ്യൂട്ടി സെക്രട്ടറിയുടെയും അണ്ടർ സെക്രട്ടറിമാരുടെയും റാങ്കിലുള്ള മുതിർന്ന ഉദ്യോഗസ്ഥർ പരിപാടിയുടെ പുരോഗതി നിരീക്ഷിക്കേണ്ടതുണ്ട്. ഇതിൽ സംസ്ഥാന സർക്കാരിൽ നിന്ന് പ്രതിനിധികളാരും ഉണ്ടായിരുന്നില്ല. അതൊരു കേന്ദ്ര സ്ഥാപനമായിരുന്നു. കൂട്ടായ ഉത്തരവാദിത്വത്തിന്റെ തത്വത്തിൽ ഇന്ത്യൻ ആസൂത്രണ കമ്മീഷൻ പ്രവർത്തിച്ചു. ഇതിന് ജനറൽ ഡിവിഷൻ, സബ്ജക്ട് ഡിവിഷൻ, അഡ്മിനിസ്ട്രേറ്റീവ് ഡിവിഷൻ എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളുണ്ട്.

ജനറൽ ഡിവിഷൻ സമ്പദ്‌വ്യവസ്ഥയുമായി ബന്ധപ്പെട്ടതാണ്. കൃഷി, വൈദ്യുത, ജലസേചനം, ഗതാഗതം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടതാണ് സബ്ജക്ട് ഡിവിഷൻ. ഈ കമ്മീഷനിൽ ജനറൽ അഡ്മിനിസ്ട്രേഷൻ ബ്രാഞ്ച്, ഇവാലുവേഷൻ ഡിവിഷനുകളും ഉൾപ്പെടുന്നു. ഇവയ്ക്കൊപ്പം മറ്റ് വിവിധ സ്ഥാപനങ്ങളും പദ്ധതികൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനുമായി ആസൂത്രണ കമ്മീഷനുമായി ചേർന്ന് പ്രവർത്തിച്ചു. അവ

i) ദേശീയ ആസൂത്രണ സമിതി

ദേശീയ ആസൂത്രണ സമിതി 1965 ൽ നാലാം പദ്ധതിയിൽ ദേശീയ ആസൂത്രണ കൗൺസിൽ രൂപികരിച്ചു. ശാസ്ത്ര വിദഗ്ധർ അതിൽ ഉൾപ്പെട്ടിരുന്നു. എഞ്ചിനീയറിംഗ്, സാമ്പത്തിക ശാസ്ത്രം, കൃഷി, ഭൂപരിഷ്കരണം, ജലസേചനം, വ്യവസായം, വ്യാപാരം, മാനേജ്മെന്റ് കുടുംബാസൂത്രണം, സാമൂഹയക്ഷേമം, പ്രകൃതി വിഭവങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, ഗതാഗതം, അന്താരാഷ്ട്ര വ്യാപാരം എന്നിവ ഉൾപ്പെടുന്ന മേഖലകളിൽ പ്രവർത്തിച്ചു. ഓരോ മേഖലയുടെയും ആവശ്യങ്ങൾ വിശദമായി പഠിക്കുകയും ഡാറ്റ ആസൂത്രണ കമ്മീഷന് നൽകുകയും ചെയ്യേണ്ടത് ഈ ഒരോ ഗ്രൂപ്പുകളുടെയും ഉത്തരവാദിത്വമായിരുന്നു.

ii) ദേശീയ വികസന സമിതി (NDC)

ദേശീയ വികസന സമിതിയിൽ എല്ലാ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരെ അംഗങ്ങളായും പ്രധാനമന്ത്രിയെ അതിന്റെ ചെയർമാനായും ഉൾപ്പെടുത്തി. സംസ്ഥാനങ്ങളെ ഉൾപ്പെടുത്തുന്നത് അതാത് സംസ്ഥാനങ്ങളിൽ പദ്ധതികൾ നടപ്പാക്കാൻ പ്രാപ്തരാക്കുന്നു. എൻ ഡി സി ചർച്ചയ്ക്കിടെ കേന്ദ്രസർക്കാരിലെ ചില കാബിനറ്റ് മന്ത്രിമാരും ഹാജരാകണം. പദ്ധതികൾ നടപ്പാക്കുന്നതിനും അനുകാലികമായി അവലോകനം ചെയ്യുന്നതിനും സംസ്ഥാനത്തിന്റെ വികസനവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും എൻ ഡി സി ക്ക് അധികാരം ഉണ്ട്. പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിന് ഇത് ശുപാർശകൾ നൽകുകയും പദ്ധതി നടപ്പാക്കലിൽ ജനങ്ങളുടെ പങ്കാളിത്തവും പിന്തുണയും ഉറപ്പാക്കുകയും ചെയ്യുന്നു. ഇത് ഫലപ്രദമായ അഡ്മിനിസ്ട്രേറ്റീവ് സേവനങ്ങൾക്കായി പ്രവർത്തിക്കുകയും ഭാവി വികസനത്തിന് അത്യാവശ്യമായ വിഭവങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു.



പ്രവർത്തനം

കാർട്ടൂണിന്റെ വ്യാഖ്യാനം

സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് കൊണ്ടുപോകുന്നതിന് എപ്രകാരം സമ്പത്ത് ചെലവഴിക്കണമെന്ന് നമ്മുടെ പൗരന്മാരെ എങ്ങനെ പ്രോത്സാഹിപ്പിക്കുമെന്ന് ഞാൻ ചിന്തിക്കുന്നു.



ക്ലാസിൽ ഇനിപ്പറയുന്ന വിഷയങ്ങളെക്കുറിച്ച് നിങ്ങൾക്ക് ഇതിനകം അറിയാവുന്നതോ ചിന്തിക്കാവുന്നതോ ആയ കാര്യങ്ങളെ ചർച്ച ചെയ്യുക. :

1. രാഷ്ട്രത്തിന്റെ സാമ്പത്തിക പ്രവർത്തനങ്ങൾ
2. ജനങ്ങളുടെ സാമൂഹിക ക്ഷേമം
3. സാമ്പത്തിക വികസനത്തിന്റെ പ്രാധാന്യം.
4. സാമൂഹിക സാമ്പത്തിക നീതി.
5. തൊഴിൽ.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ശ്രമങ്ങൾ

ഇന്ത്യയുടെ ഒരു പ്രധാന പ്രശ്നം ദാരിദ്ര്യമായിരുന്നു. പ്രതിശീർഷ വരുമാനം വർദ്ധിപ്പിക്കുക മാത്രമല്ല ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയുമാണ് ആസൂത്രണ കമ്മീഷൻ ലക്ഷ്യമിട്ടത്. സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയിൽ എല്ലാ മേഖലകളെയും ഉൾപ്പെടുത്തേണ്ടതുണ്ട്. സാധാരണക്കാരുടെ ജീവിത നിലവാരം പരസ്പര ബന്ധിതമായ സാമ്പത്തിക സാഹചര്യങ്ങളാണെന്നും മനസ്സിലാക്കി. അതിനാൽ അത് ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയ്ക്ക് അടുത്തുള്ള വിദ്യാഭ്യാസത്തിനും ആരോഗ്യ പരിരക്ഷയ്ക്കും ഉചിതമായ പ്രവേശനത്തോടൊപ്പം ജനങ്ങൾക്ക് മാന്യമായ ജീവിത നിലവാരം ഉറപ്പ് നൽകേണ്ടത് പ്രധാനമാണെന്ന് തിരിച്ചറിഞ്ഞു. എന്നാൽ രാഷ്ട്രത്തിന് സാമ്പത്തിക വളർച്ചയും ദാരിദ്ര്യവും കുറയ്ക്കുന്നതുമായി എല്ലായിപ്പോഴും ബന്ധമില്ല എന്നതാണ് പ്രധാന വെല്ലുവിളി. നാലാം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ ഈ വിഷയത്തിൽ ശ്രദ്ധിക്കുകയും ഗരീബി ഹട്ടാവോ പദ്ധതിയിൽ 1970 കാലഘട്ടങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്തു.

തൊഴിലിനു പ്രാധാന്യം നൽകി ദാരിദ്ര്യം കുറയ്ക്കുന്നതിനുള്ള നടപടികളിലൊന്നായി കണക്കാക്കപ്പെടുന്നു. തൊഴിലില്ലായ്മ കാരണം നിരവധി പ്രശ്നങ്ങൾ ഉണ്ടായിരുന്നു. പഞ്ചവത്സര പദ്ധതികളിൽ തൊഴിൽ വികസനത്തിന് ഊന്നൽ നൽകി.

സാമൂഹ്യ നീതി ഉറപ്പാക്കൽ

ആർട്ടിക്കിൾ 38 (2) ഇങ്ങനെ പറയുന്നു. അവർ പ്രത്യേകമായി പറയുന്ന സംസ്ഥാനം വരുമാനത്തിലെ അസമത്വം കുറയ്ക്കുന്നതിന് ശ്രമിക്കുന്നു. കൂടാതെ വ്യക്തികൾക്കിടയിൽ മാത്രമല്ല, വിവിധ പ്രദേശങ്ങളിൽ താമസിക്കുന്നവരോ വ്യത്യസ്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുമായ ആളുകൾ, പദവികൾ, സൗകര്യങ്ങൾ, അവസരങ്ങൾ എന്നിവയിലെ അസമത്വം ഇല്ലാതാക്കാൻ ശ്രമിക്കുന്നു. ഇതാകുന്നു ഓരോ പദ്ധതികളും രൂപപ്പെടുത്തുന്നതിൽ ആസൂത്രകർ മനസ്സിൽ കരുതേണ്ടത്.

സാമൂഹ്യ നീതി ഉറപ്പാക്കുന്നത് സാമ്പത്തിക ആസൂത്രണവുമായി കൈകോർത്ത് വികസനത്തിന്റെ നടപടികളോടൊപ്പം വിദ്യാഭ്യാസ

ത്തിനും തൊഴിലിനും തുല്യ അവസരങ്ങൾ നൽകേണ്ടത് പ്രധാനമാണ്. സമൂഹത്തിന്റെ ഒരു സോഷ്യലിസ്റ്റ് പാറ്റേൺ സ്ഥാപിക്കുന്നത് കുറച്ചു പേരുടെ കൈകളിൽ സമ്പത്തിന്റെ കേന്ദ്രീകരണം ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തിയാണ്. അങ്ങനെ ചൂക്ഷണവും അടിച്ചമർത്തലും അവസാനിപ്പിക്കാൻ കഴിയും.

ചരിത്രപരമായ, ഇന്ത്യൻ സമൂഹം മറ്റൊരാളുടെ ചൂക്ഷണവും അടിച്ചമർത്തലും വളർത്തിയെടുത്തു. ഈ പരമ്പരാഗത ശക്തികളേയും സാമൂഹിക തിന്മകളേയും നേരിടാൻ ഭരണഘടനാ നിർമ്മാതാക്കൾക്ക് ഒരു വെല്ലുവിളി ആയിരുന്നു. ആയതിനാൽ സാമൂഹികവും സാമ്പത്തികവുമായ നീതി സാക്ഷാത്ക്കരിക്കാനാകും. മൗലികാവകാശങ്ങൾ കൈകാര്യം ചെയ്യുന്ന ഭരണഘടനയുടെ ഭാഗമായ, ന്യായമായ അവകാശങ്ങൾ സമ്പൂർണ്ണ ജീവിതം നയിക്കാൻ ആവശ്യമായ എല്ലാ അവകാശങ്ങൾക്കും സംരക്ഷണം നേടാൻ പൗരന്മാരെ പ്രാപ്തരാക്കുന്നു. സംസ്ഥാന നയത്തിന്റെ ഡയറക്റ്റീവ് തത്വങ്ങളെക്കുറിച്ചുള്ള പാർട്ട് IV പ്രകാരമുള്ള നീതീകരിക്കാനാവാത്ത അവകാശങ്ങൾ, ജനങ്ങൾക്കിടയിലെ വരുമാനത്തിന്റെ അസമത്വം കുറയ്ക്കുകയും സമത്വ സമൂഹം സ്ഥാപിക്കുകയും ചെയ്യുന്ന തരത്തിൽ പദ്ധതി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നു.

സ്വമേധയാലുള്ള തോട്ടിപ്പണി





മാനുവൽ തോട്ടിപ്പണിക്കാരെ സംസ്ഥാനം ശ്രദ്ധിക്കണം, അവർക്ക് ഹെൽമെറ്റ്, ഗ്ലൗസ്, മാസ്ക്ക് ഇവ നൽകണം എന്ന് ഏഴ് വർഷം മുമ്പ് സുപ്രീം കോടതി വിധി. മാനുവൽ തോട്ടിപ്പണിപോലുള്ള അപകടകരമായ ജോലികൾ ഏറ്റെടുക്കാൻ ആവശ്യപ്പെടുന്ന വ്യക്തികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള ഭരണഘടനാപരമായ ബാദ്ധ്യതയിലാണ് സംസ്ഥാന ഉപകരണങ്ങളും അവർ ഏർപ്പെട്ടിരിക്കുന്ന കരാറുകളും എന്ന് ഏഴ് വർഷം മുമ്പ് സുപ്രധാനമായ വിധിന്യായത്തിൽ സുപ്രീം കോടതി പറഞ്ഞു. പക്ഷേ പല നഗരങ്ങളിലും മനുഷ്യർ മാനുവൽ സ്കാവഞ്ചറായി തുടരുന്നു.

2018-ലെ ആഗോള മൾട്ടി-ഡൈമൻഷണൽ ദാരിദ്ര്യ സൂചിക (MPI)

സുസ്ഥിര വികസനത്തിനായുള്ള ദാരിദ്ര്യ നിർമാർജനത്തിനായുള്ള ബഹുമുഖസമീപനങ്ങളുടെ പ്രാധാന്യം കെട്ടി ഉറപ്പിച്ചു. എല്ലാ തരത്തിലുള്ള ദാരിദ്രത്തെ അവസാനിപ്പിക്കുന്നതിനുള്ള സുസ്ഥിര വികസന ലക്ഷ്യം. ത്തിനെതിരായ പുരോഗതി മികച്ച രീതിയിൽ അളക്കാനുള്ള ആഹ്വാനത്തിന് 2018 എം പി ഐ ഉത്തരം നൽകുന്നു. ഒപ്പം ദാരിദ്ര്യം-അതിന്റെ എല്ലാ തലങ്ങളിലും-എങ്ങനെ മാറുന്നു എന്നതിലേയ്ക്ക് ഒരു പുതിയ ജാലകം തുറക്കുന്നു.

2018-ലെ കണക്കനുസരിച്ച്, 105 രാജ്യങ്ങളിലെ എം പി ഐ മൾട്ടി-ഡൈമൻഷണൽ ഡിപ്രിവേഷൻ ആഗോള ജനസംഖ്യയുടെ 77 ശതമാനം ഉൾക്കൊള്ളുന്നു.

2018 എം പി ഐ കണക്കാക്കുന്നത് (ദശലക്ഷം)



2018 എം പി ഐ: അളവുകൾ, സൂചകങ്ങൾ, ഉയർച്ചയും താഴ്ചയും, കട്ടാഫുകൾ കൂടാതെ തൂക്കങ്ങൾ

ഒരേ സമയം ആളുകൾ, ദാരിദ്ര്യം എങ്ങനെ അനുഭവിക്കുന്നുവെന്ന് മനസ്സിലാക്കാൻ എം പി ഐ വരുമാനത്തിനപ്പുറത്തേയ്ക്ക് നോക്കുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ജീവിത നിലവാരം, എന്നിങ്ങനെ മൂന്ന് പ്രധാന തലങ്ങളിലുള്ള 10 സൂചകങ്ങളിൽ ജനങ്ങളെ എങ്ങനെ പിന്നിലാക്കുന്നു. ഇത് തിരിച്ചറിയുന്നു. ഈ സൂചകങ്ങളിൽ മൂന്നിലൊന്നെങ്കിലും ആളുകൾക്ക് ദാരിദ്ര്യം അനുഭവപ്പെടുന്നു.

ദാരിദ്ര്യത്തിന്റെ അളവുകൾ	സൂചകം	ഓരോ വീട്ടിലും ദാരിദ്രത്തിന്റെതായ കാരണം	തൂക്കം
ആരോഗ്യം	പോക്ഷകാഹാരം	70 വയസ്സിന് താഴെയുള്ള ഒരു മുതിർന്നയാൾ അല്ലെങ്കിൽ ഒരു കുട്ടി പോക്ഷകാഹാര കുറവുള്ള ആളാണ്.	1/6
	കുട്ടികളുടെ മരണ നിരക്ക് കുടുംബത്തിൽ	സർവ്വേക്ക് മുമ്പുള്ള 5 വർഷത്തെ കാലയളവിൽ ഏതെങ്കിലും കുട്ടി മരിച്ചിട്ടുണ്ടോ.	1/6
വിദ്യാഭ്യാസം	സ്കൂൾ വർഷങ്ങൾ	10 വയസ്സോ അതിൽ കൂടുതൽ പ്രായമുള്ള ഗാർഹിക അംഗം സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടില്ല.	1/6
	സ്കൂൾ ഹാജർ	ഏതെങ്കിലും സ്കൂൾ പ്രായത്തിലുള്ള കുട്ടി അവൻ / അവൾ എട്ടാം ക്ലാസ് പൂർത്തിയാക്കുന്ന പ്രായം വരെ സ്കൂളിൽ പോകുന്നില്ല.	1/6
ജീവിത നിലവാരം	പാചക ഇന്ധനം	വീട്ടുകാർ ചാണകം, മരം, കരി അല്ലെങ്കിൽ കൽക്കരി എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നു.	1/18
ഡയസ്പോറ എന്നത് യഥാർത്ഥ ജന്മ നാട്ടിൽ നിന്നുള്ള ചലനത്തെ സൂചിപ്പിക്കുന്നു. അതായത് ഒരു രാജ്യത്തിന്റെ സ്വദേശികൾ മറ്റേതെങ്കിലും മാതൃരാജ്യത്തിലേയ്ക്ക് മാറുന്നു. സമ്പദ്വ്യവസ്ഥ, ഉപജീവനമാർഗ്ഗം, രാഷ്ട്രീയ സാഹചര്യങ്ങൾ, മറ്റ് സാമൂഹിക അവസ്ഥകൾ എന്നിങ്ങനെയുള്ള നിരവധികാരണങ്ങളാൽ ഒരു സംസ്കാരമുള്ള അല്ലെങ്കിൽ ഒരേ രാജ്യത്ത് നിന്നുള്ള ഒരുകൂട്ടം ആളുകൾ അവരുടെ യഥാർത്ഥ ജന്മദേശം ഉപേക്ഷിച്ച് മറ്റേതെങ്കിലും രാജ്യത്തേയ്ക്കോ ഒരു മാതൃരാജ്യത്തിലേയ്ക്കോ താമസം മാറ്റാം. ചിലപ്പോൾ ആളുകൾ അവരുടെ ജന്മദേശം വിട്ട് മറ്റെവിടെയെങ്കിലും താമസിക്കാൻ പോലുംതിരഞ്ഞെടുക്കപ്പെടുന്നു. ആഘാതകരമായ സംഭവങ്ങൾ, യുദ്ധങ്ങൾ, കൊളോണിയലൈസേഷൻ, അടിമത്തം അല്ലെങ്കിൽ പ്രകൃതി ദുരന്തങ്ങൾ എന്നിവ കാരണം ജനങ്ങളുടെ അത്തരം ചലനംഅല്ലെങ്കിൽസ്ഥലംമാറ്റംസ്വമേധയാഅല്ലെങ്കിൽ നിർബന്ധിതമാക്കാം. നിർബന്ധിത പ്രവാസികളിലെആളുകൾക്കിടയിൽപീഡനം,നഷ്ടം,നാട്ടിലേക്ക് മടങ്ങാനുള്ള ആഗ്രഹം എന്നിവ സാധാരണമാണ്. സ്വമേധയാ ഉള്ള പ്രവാസികളിൽ ഒരു കൂട്ടം ആളുകൾ ഉൾപ്പെടുന്നു. മെച്ചപ്പെട്ട സാമ്പത്തിക അവസരങ്ങൾക്കായി അവരുടെ ജന്മദേശം വിട്ട്, ഉദാഹരണത്തിന്, 1800 കളുടെ അവസാനത്തിൽ യൂറോപ്പിലെ വിഷാദ പ്രദേശങ്ങളിൽ നിന്ന് അമേരിക്കയിലേക്കുള്ള ആളുകളുടെ ഭീമാകാരമായ കുടിയേറ്റം. നിർബന്ധിത പ്രവാസികളിൽ നിന്ന് വ്യത്യസ്തമായി, സ്വമേധയാഉള്ളപ്രവാസികളിൽനിന്നുള്ള ആളുകൾ അവരുടെ പങ്കിട്ട അനുഭവത്തിൽ വളരെയധികം അഭിമാനിക്കുന്നു, ഒപ്പം സാമൂഹികമായും രാഷ്ട്രീയമായും സംഖ്യകളുടെ കരുത്ത് ബോധ്യപ്പെടുന്നു.

മാതൃരാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ പ്രവാസികൾക്ക് വലിയ പങ്കുണ്ട്. പണമയക്കുന്നവരായും അവർ പ്രവർത്തിക്കുന്നു. അവർ വ്യാപാരത്തെയും എഫ് ഡി ഐ എ യും പ്രോത്സാഹിപ്പിക്കുന്നു. സംരംഭകത്വം സൃഷ്ടിക്കുകയും പരിപോഷിപ്പിക്കുകയും പുതിയ അറിവും നൈപുണ്യവും കൈമാറാൻ സഹായിക്കുകയും ചെയ്യുന്നു.

ഇന്ത്യൻറിപ്പബ്ലിക്കിന്റെഅധികാരപരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നിന്നും സംസ്ഥാനങ്ങളിൽ നിന്നുംകുടിയേറിയ ആളുകളെപ്രതിനിധീകരിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു സാധാരണ പദമാണ് പ്രവാസികൾ. ലോകമെമ്പാടുമുള്ള എൻ ആർ ഐ കളും (പ്രവാസി ഇന്ത്യാക്കാർ), ഇ ഐ ഒ കളും (ഇന്ത്യൻ വംശജരായ വ്യക്തികൾ) ഉൾപ്പെടുന്ന ഈ പ്രവാസികൾ ഇപ്പോൾ 30 ദശലക്ഷത്തിലധികം വരും.



ലോകമെമ്പാടും വ്യാപിച്ചു കിടക്കുന്ന ഇന്ത്യൻപ്രവാസികളുടെഭാഗമാണ്ഇന്ത്യൻജനനത്തിലോ വംശത്തിലോ ഉള്ള 31 ദശലക്ഷത്തിലധികം ആളുകൾ. അവയിൽ 3.1ദശലക്ഷം അല്ലെങ്കിൽ 10 ശതമാനം, യു എസി ൽ താമസിക്കുന്ന ഇന്ത്യൻ - അമേരിക്കക്കാരാണ്. ഇന്ത്യൻ -അമേരിക്കൻ പ്രവാസികൾ ഇന്ത്യയുടെ സാമ്പത്തിക,രാഷ്ട്രീയസാമൂഹികവികസനത്തിന്ഒരു പ്രധാന വിഭവമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യൻ പ്രവാസികളെ ഇങ്ങനെ തരം തിരിക്കുന്നു:

- എൻ ആർ ഐ - ഏത് ആവശ്യത്തിനായി അനിശ്ചിതകാലത്തേക്ക് വിദേശത്ത് താമസിക്കുന്ന ഇന്ത്യൻ പൗരൻമാർ.
- പി ഐ ഒ മറ്റൊരു രാജ്യത്തിന്റെ പൗരത്വം അവകാശപ്പെടുകയും അവിടെ സ്ഥിരതാമസം ആക്കുകയും ചെയ്ത വിദേശ ഇന്ത്യാക്കാർ

12th_Mal_Political Science_Unit_9.indd 204 2/28/2023 1:05:01 PM

❖ എസ് പി ഐ ഒ - ഇന്ത്യാക്കാരായി തങ്ങളുടെ ഉത്ഭവം തെളിയിക്കാൻ രേഖകളില്ലാത്ത പൗരൻമാർ.

സാമ്പത്തിക, ആഗോള അംഗീകാരങ്ങൾ കൊണ്ടുവരുന്നതിന് ഇന്ത്യൻ പ്രവാസിയുടെ പ്രാധാന്യം ഇന്ത്യൻ സർക്കാർ അംഗീകരിക്കുന്നു. ഈ പൗരൻമാർ ഇന്ത്യയിൽ നിന്ന് അകലെയാണെങ്കിലും ഇന്ത്യയെ ആഗോള രംഗത്ത് തിളങ്ങാൻ ശ്രമിക്കുകയണ്.

ഇന്ത്യ സ്വതന്ത്രമായതിനു ശേഷം, പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു ഇന്ത്യൻ പ്രവാസികളിൽ നിന്ന് സജീവമായ വിച്ഛേദിക്കൽ നയം പിൻതുടർന്നു. ആതിഥേയ രാജ്യങ്ങളുടെ പരമാധികാരത്തെ ബാധിക്കുന്ന ഈ പ്രവാസിയുമായി ബന്ധപ്പെടുന്നതിനും വാദിക്കുന്നതിലും അദ്ദേഹം ആശങ്കാകുലനായിരുന്നു. രാജീവ്ഗാന്ധിയുടെ ഭരണത്തിൻ കീഴിലാണ് പ്രവാസി നയത്തിന് ഉത്തേജനം ലഭിച്ചത്. 1986-ലെ ഫിജി ഇന്ത്യൻ പ്രതിസന്ധിക്ക് അദ്ദേഹം പിന്തുണ വാഗ്ദാനം ചെയ്തു. കൂടാതെ, ഇന്ത്യൻ പ്രവാസികളെ തന്ത്രപരമായ സ്വത്തായി തിരിച്ചറിഞ്ഞതിന് പുറമെ, 1984-ൽ ഇന്ത്യൻ ഓവർസീസ് ഡിപ്പാർട്ട്മെന്റ് സ്ഥാപിക്കുന്നതിന് അദ്ദേഹം ഭരണപരമായ നടപടികൾ സ്വീകരിച്ചു.

അടൽ ബിഹാരി വാജ്പേയിയുടെ നേതൃത്വത്തിലാണ് ഇന്ത്യൻ പ്രവാസികളുമായി ബന്ധപ്പെടാനുള്ള നയം ആരംഭിച്ചത്. പ്രധാനമന്ത്രിയായിരിക്കെ 2003-ലാണ് പ്രവാസി ഭാരതീയ ദിവസ് ആദ്യമായി സമാരംഭിച്ചത്. ജനുവരി 9-നാണ് മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ നിന്ന് ഇന്ത്യയിലെക്ക് മടങ്ങിയ ദിവസം ആഘോഷിക്കുന്നത്. ഇന്ത്യൻ പ്രവാസികളിലെ പ്രമുഖർക്ക് അവാർഡുകൾ നൽകുന്നതുൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിച്ച് വർഷം തോറും ഇത് ആഘോഷിക്കാൻ സർക്കാർ പദ്ധതിയിട്ടു. കഴിഞ്ഞ രണ്ട് ദശകങ്ങളിൽ ഇന്ത്യൻ സർക്കാർ ഏറ്റെടുത്ത സംരംഭങ്ങൾ ആഗോളനിക്ഷേപം, സഹായങ്ങൾ, സാങ്കേതിക വിദ്യ എന്നിവ ആകർഷിക്കുന്നതിനൊപ്പം രാജ്യത്തിന്റെ വികസനത്തിന് ഇന്ത്യൻ പ്രവാസി സമൂഹത്തിന്റെ പങ്കും പ്രാധാന്യവും വർദ്ധിപ്പിച്ചു. ഇന്ത്യയുടെ പ്രവാസികൾ 79 ബില്യൺ ഡോളർ നാട്ടിലേക്ക് തിരിച്ചയച്ചു. ലോകത്ത് ഏറ്റവും കൂടുതൽ പണമടയ്ക്കൽ സ്വീകർത്താവ് എന്ന സ്ഥാനം നിലനിർത്തി.

തമിഴ് പ്രവാസികൾ

തമിഴ്നാട്, പുതുച്ചേരി, ശ്രീലങ്ക എന്നിവടങ്ങളിൽ നിന്ന് ജന്മനാട്ടിൽ നിന്ന് കുടിയേറിയ ആളുകളെയാണ് തമിഴ് പ്രവാസികൾ എന്ന് സൂചിപ്പിക്കുന്നത്. തെക്ക് കിഴക്കൻ ഏഷ്യ, ഓഷ്യാനിയ, അമേരിക്ക, കരീബിയൻ, യൂറോപ്പ്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിൽ ലോകമെമ്പാടുമുള്ള അമ്പത് രാജ്യങ്ങളിലായി ഇവ വ്യാപിച്ചിരിക്കുന്നു. പുരാതന ചരിത്രത്തിലുടനീളം, തമിഴർ തങ്ങളുടെ ദേശത്തിനപ്പുറത്തേക്ക് പര്യവേക്ഷണം നടത്താൻ ശക്തമായ താല്പര്യമുള്ള കടൽ യാത്രക്കാരാണ്. തമിഴർക്ക് വിദേശ കുടിയേറ്റത്തിന്റെ നീണ്ട ചരിത്രമുണ്ട്.

മൗറീഷ്യസ്, ജമൈക്ക, ട്രിനിഡാഡ്, ടൊബാഗോ, സുരിനാം, ഗയാന, മലേഷ്യയിലെ റബ്ബർ എസ്റ്റേറ്റുകൾ, റെയിൽവേകൾ, ശ്രീലങ്കയിലെ കോഫി, തേയിലത്തോട്ടങ്ങൾ കരീബിയൻ തോട്ടങ്ങൾ എന്നിവിടങ്ങളിൽ തമിഴരുടെ ആദ്യകാല വാസസ്ഥലങ്ങൾ കണ്ടെത്താനാകും. തൊഴിലാളികളായി സ്വീകരിക്കുന്നതിനു പുറമേ, ക്ലറിക്കൽ, അഡ്മിനിസ്ട്രേറ്റീവ്, സൈനിക ചുമതലകൾ ഏറ്റെടുക്കുന്ന സ്വമേധയാ കുടിയേറ്റക്കാരും ഉണ്ടായിരുന്നു. തെക്ക് കിഴക്കൻ ഏഷ്യയിൽ, പ്രത്യേകിച്ച് മ്യാൻമാർ, സിംഗപ്പൂർ, മലേഷ്യ, ദക്ഷിണാഫ്രിക്ക എന്നിവിടങ്ങളിൽ വ്യാപാരം, ധനകാര്യം എന്നിവയിൽ ക്രമേണ ആധിപത്യം സ്ഥാപിച്ചത് ഈ കുടിയേറ്റക്കാരാണ്.

ലോകമെമ്പാടുമുള്ള തമിഴരുടെ അവസ്ഥ

നിങ്ങൾക്ക് അറിയാമോ?

1. സിംഗപ്പൂർ, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ തമിഴ് ഔദ്യോഗിക ഭാഷയാണ്.
2. കാനഡ, മലേഷ്യ, മൗറീഷ്യസ്, സീഷെൽസ്, ദക്ഷിണാഫ്രിക്ക, റീയൂണിയൻ, ഫ്രാൻസ് എന്നിവയാണ് തമിഴിനെ ന്യൂനപക്ഷ ഭാഷയായി അംഗീകരിക്കുന്ന രാജ്യങ്ങൾ.

സിംഗപ്പൂർ, യുണൈറ്റഡ് കിംഗ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവയുൾപ്പെടെ ലോകമെമ്പാടുമുള്ള നിരവധി രാജ്യങ്ങളിലെക്ക് വിദഗ്ധരായ പ്രൊഫഷണലുകളായി സ്വമേധയാ കുടിയേറിയ 3.5 ദശലക്ഷം ആളുകൾ ആധുനിക തമിഴ് പ്രവാസികളാണ്. ഭാഷയുടെ ഉന്നമനത്തിനായി സിംഗപ്പൂരിൽ ഒരു പ്രത്യേക തമിഴ് പത്രം, തമിഴ് ടി വി ചാനൽ റേഡിയോ എന്നിവയുണ്ട്. ലോകമെമ്പാടുമുള്ള നിരവധി തമിഴ് പ്രവാസികൾ വാർഷിക

12th_Mal_Political Science_Unit_9.indd 205 2/28/2023 1:05:01 PM

പ്രവാസി ഭാരതീയ ദിവാസ് ഉത്സവത്തിൽ പങ്കെടുക്കുന്നു. ജന്മനാട്ടിൽ നിന്ന് മാറിയിട്ടും, അവർ സാംസ്കാരികമായി ഇടപഴകുകയും ലോകമെമ്പാടും ഇന്ത്യൻ, തമിഴ് സംസ്കാരം വ്യാപിപ്പിക്കുന്നതിന് സംഭാവന നൽകുകയും ചെയ്യുന്നു.

ഗ്ലോസറി

ശീതയുദ്ധം: റഷ്യയും യു എസ് എ യും തമ്മിലുള്ള പ്രത്യായശാസ്ത്രയുദ്ധം.

എൻ എ സി: ഇന്ത്യയും ചൈനയും തമ്മിലുള്ള യഥാർത്ഥ നിയന്ത്രണ രേഖ.

അക്സായി ചിൻ: ലഡാക്ക് മേഖലയിലെ ഇന്ത്യൻ പ്രദേശം ചൈന അവകാശപ്പെടുന്നു.

സാംസ്കാരിക വിപ്ലവം: മാവോയുടെ നേതൃത്വത്തിൽ 1966-76 കാലഘട്ടത്തിൽ ചൈനയിൽ സംഭവിച്ചു.

കമ്മ്യൂണിസം: തൊഴിലാളികളുടെ സമത്വവുമായിബന്ധപ്പെട്ട പ്രത്യായശാസ്ത്രം. 1917-91കാലഘട്ടത്തിൽ യു എസ് എസ് ആർ പിന്തുടർന്നു.

ക്യൂബൻ പ്രതിസന്ധി: യു എസ് എ യും യു എസ് എസ് ആറും തമ്മിലുള്ള ഏറ്റവും അടുത്ത ആണവ ഏറ്റുമുട്ടൽ.

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തിരഞ്ഞെടുക്കുക

1. ന്റെ സ്ഥാപക അംഗമാണ് ഇന്ത്യ. _____.
   a) യു എൻ b) ആസിയാൻ c) ഒ എ സി d) ഒ പി ഇ സി
2. ഇന്ത്യയും റഷ്യയും തമ്മിൽ 2010 ൽ ഒപ്പുവച്ച ഇനിപ്പറയുന്ന കരാറുകളിൽ ഏതാണ്?
   a) സമാധാന ഉടമ്പടി, സഹൃദം, സഹകരണം
   b) പുതിയ സൗഹൃദ ഉടമ്പടി.
   c) തന്ത്രപരമായ പങ്കാളിത്ത പ്രഖ്യാപനം
   d) പ്രത്യേകവും പ്രിവിലേജ്ഡ് സ്ട്രാറ്റജിക് പാർട്ടണർഷിപ്പ്.
3. ആഫ്രിക്കയിൽ ഇന്ത്യ-ജപ്പാൻ ചേരുന്ന സഹകരണത്തിന്റെ പേര്?
   a) ഇന്ത്യ-ആഫ്രിക്ക ഫോറം ഉച്ചകോടി. b) അലൈൻമെന്റ് പ്രസ്ഥാനം.
   c) ഏഷ്യ,ആഫ്രിക്ക വളർച്ചാ ഇടനാഴി. d) അസി
4. ഏത് നഗരത്തിലാണ് സാർക്ക് ചാർട്ടർ ഒപ്പിട്ടത്?
   a) ന്യൂഡൽഹി b) കൊളംബോ c) ഇസ്ലാമാബാദ്. d) ധാക്ക
5. _____ തമ്മിൽ പാൻഷീൽ തത്വം അംഗികരിച്ചു.
   a) ഇന്ത്യ-ചൈന b) ഇന്ത്യ-പാകിസ്ഥാൻ c) ഇന്ത്യ-ശ്രീലങ്ക d) എല്ലാം
6. ആരാണ് നാമത്തിന് തുടക്കമിട്ടത്?
   a) നെഹ്റു b) ടിറ്റോ c) നാസർ d) എല്ലാം.
7. 123 കരാർ ഇതിനിടയിലാണ്.
   a) ഇന്തോ-റഷ്യ. b) ഇന്തോ-അമേരിക്ക c) ഇന്തോ-പാകിസ്ഥാൻ d) ഇന്തോ-ആഫ്രിക്ക
8. ഇനിപ്പറയുന്നവയുമായി പൊരുത്തപ്പെടുത്തുക:

1. എസ് സി ഒ	a) 2015
2. സാർക്ക്	b) 2001
3. പുതിയ വികസന ബാങ്ക്	c) 1985
4. പ്രവാസി ഭാരതീയ ദിവസിന്റെ സമാരംഭം	d) 2003

1) b c a d 2) b d a c
3) c b a d 4) a d b c

12th_Mal_Political Science_Unit_9.indd 206 2/28/2023 1:05:01 PM

9. _____ നും ഇടയിൽ 1962 ലെ യുദ്ധം.

a) ഇന്ത്യ-ചൈന b) ഇന്ത്യ-റഷ്യ. c) ഇന്ത്യ-ശ്രീലങ്ക. d) ഇന്ത്യ-പാകിസ്ഥാൻ.

10. ഇനിപ്പറയുന്നവ പരിഗണിക്കുക.:

I. ദക്ഷിണേഷ്യയിലെ ജനങ്ങളുടെ ക്ഷേമം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഗുണ നിലവാരം ഉയർത്തുന്നതിനും ജീവതത്തിന്റെ;

II. രാജ്യങ്ങൾക്കിടയിൽ കൂട്ടായ സ്വാത്രന്ത്യം പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തു കയും ചെയ്യുക. ദക്ഷിണാഫ്രിക്ക;

III. അന്താരാഷ്ട്ര വേദികളിൽ പരസ്പരം സഹകരണം ശക്തിപ്പെടുത്തുന്നതിന് പൊതു താല്പര്യങ്ങളുടെ കാര്യങ്ങൾ.

മുകളിലുള്ള പ്രസ്താവനകളിൽ സാർക്ക് ചാർട്ടറിം അതിന്റെ പ്രധാന ശ്രദ്ധാകേന്ദ്രവും ഉൾപ്പെടുന്നു?

a. ഞാൻ മാത്രം ശരിയാണ്. b. 2 മാത്രം ശരിയാണ്.

c. ഞാനും 3 ഉം ശരിയാണ്. d. 1, 2, 3 എന്നിവ ശരിയാണ്.

II. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക

1. നോൺ-അലൈൻമെന്റ് പ്രസ്ഥാനം വിശദീകരിക്കുക.
2. ഡയസ്പോറ നിർവചിക്കുക.
3. എന്താണ് ഉദാരവൽക്കരണം, സ്വകാര്യവൽക്കരണം, ആഗോളവൽക്കരണം?
4. ഇന്ത്യയുടെ വിദേശനയത്തിന്റെ സിദ്ധാന്തങ്ങൾ എന്തൊക്കെയാണ്?
5. ഇന്ത്യൻ പ്രവാസികളെ എങ്ങനെയാണ് തരംതിരിക്കുന്നത്?
6. ബ്രിക്സിന്റെ ലക്ഷ്യങ്ങൾ വിശദീകരിക്കുക.

III. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

1. ഇന്ത്യ-യു എസ് എ ആണവ കരാറിനെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
2. ലോകമെമ്പാടുമുള്ള തമിഴ് പ്രവാസികളെക്കുറിച്ച് എഴുതുക.
3. ഇന്ത്യ-ഇ യു ബന്ധങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
4. ഇന്ത്യ-ജപ്പാൻ ബന്ധങ്ങളെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.
5. എൻ എ എം രൂപീകരിക്കുന്നതിൽ ആഫ്രിക്കയുടെ പങ്ക് എന്താണ്?

IV. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായി ഉത്തരം നൽകുക

1. സാർക്കിനെക്കുറിച്ച് ഒരു ഉപന്യാസം എഴുതുക.
2. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ഇന്ത്യ-അമേരിക്കൻ ബന്ധങ്ങൾ വിലയിരുത്തുക
3. ഇന്ത്യയും ആസിയാനും തമ്മിലുള്ള ബന്ധത്തെ വിമർശനാത്മകമായി പരിശോധിക്കുക.
4. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യയുടെ വിദേശനയം എങ്ങനെ വികസിച്ചു?

പരാമർശഗ്രന്ഥങ്ങൾ

- Jain, Dinesh Kumar, Amb. "India's Foreign Policy." Ministry of External Affairs, Government of India. February 25, 2014. Accessed July 25, 2019.
- Sharma, JC, Amb. "India's Foreign Policy, National Security and Development." Ministry of External Affairs, Government of India. December 03, 2013. Accessed July 25, 2019.

ശൃംഖലാബന്ധങ്ങൾ

- https://mea.gov.in/Portal/ForeignRelation/India_US_brief.pdf
- https://shodhganga.inflibnet.ac.in/bitstream/10603/52023/7/07_chapter%201.pdf

12th_Mal_Political Science_Unit_9.indd 207 2/28/2023 1:05:01 PM

യൂണിറ്റ് 10

ഇന്ത്യയും അയൽരാജ്യങ്ങളും



പഠന ലക്ഷ്യങ്ങൾ

- ഇന്ത്യയുടെ സംസ്ഥാനങ്ങളെക്കുറിച്ചും ആധുനിക ലോകത്തിലെ പങ്കിനെക്കുറിച്ചും മനസ്സിലാക്കൽ.
- ഇന്ത്യയ്ക്കുവേണ്ടി സ്വീകരിക്കപ്പെട്ട വിവിധ സമാധാന സംരംഭങ്ങളെക്കുറിച്ച് അറിയുന്നതിന്.
- അയൽ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധത്തെക്കുറിച്ച് അറിയുന്നതിന്.
- സമാധാന കാംക്ഷിയായ രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ ചലനാത്മക പങ്കിനെക്കുറിച്ച് കൂടുതൽ അറിയുക.
- ഇന്ത്യയുടെ ആണവ സ്ഥിതിയെ കുറിച്ച് പരിചിന്തിക്കുക.
- സാമ്പത്തിക വാണിജ്യ ബന്ധങ്ങളെ കുറിച്ച് അറിയുക.
- ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഇന്ത്യ ഒരു വൻശക്തിയായി മാറുന്നത് പരിശോധിക്കുക.

മുഖവുര



ഇന്ത്യയ്ക്ക് ഒരു ദൈർഘ്യമേറിയ അതിർത്തി പ്രദേശവും തീരദേശങ്ങളും ഉണ്ട്. അഫ്ഗാനിസ്ഥാൻ, ഭൂട്ടാൻ, ചൈന, മ്യാൻമ്മാർ (ബർമ്മ), നേപ്പാൾ, ശ്രീലങ്ക എന്നീ നാടുകളുമായി ഇന്ത്യ അതിർത്തി പങ്കിടുന്നു. നിഷ്പക്ഷത, ഇടപെടാതിരിക്കൽ എന്നിവ ഇന്ത്യയുടെ വിദേശ നയങ്ങളാണ്.

ഇന്ത്യ വിവിധ ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അയൽ രാജ്യങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധം ഉയർച്ച താഴ്ചയോടു കൂടിയത.ണ്. ഇന്ത്യയോടുള്ള പൗരസ്ത്യ വിദേശ നയങ്ങളും, നിലപാടും ഇന്ത്യയുടെ വിദേശനയത്തിന്റെ രൂപീകരണത്തിൽ അഗാധമായി സ്വാധീനിച്ചിട്ടുണ്ട്. ഈ രാജ്യങ്ങളുമായി സൗഹാർദ്ദപരമായ ബന്ധം നിലനിർത്താൻ ഇന്ത്യ ശ്രമിച്ചുവെങ്കിലും ചില അയൽരാജ്യങ്ങളുമായിട്ട് ഇഴപഴകുന്നതിൽ ഗണ്യമായ പ്രയാസങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. പലപ്പോഴും ഇന്ത്യയോട് അവർ ശത്രുതാപരമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്.

അയൽ രാജ്യങ്ങളുമായുള്ള ബന്ധത്തിൽ ഇന്ത്യ പ്രശസ്ത പഞ്ചശീല തത്വങ്ങൾ പിന്തുടരുന്നു.

10.1 ഇന്ത്യ അഫ്ഗാനിസ്ഥാൻ ബന്ധങ്ങൾ



12th_MAI_Political Science_Unit_10.indd 208 2/28/2023 1:06:21 PM

1947 ൽ സ്വാതന്ത്ര്യം ലഭിച്ചതുമുതൽ ഇന്ത്യ അഫ്ഗാനിസ്ഥാനുമായി തങ്ങളുടെ ബന്ധം സ്ഥാപിക്കാൻ ശ്രമിച്ചു. 1950 ൽ അഫ്ഗാനിസ്ഥാനും, ഇന്ത്യയും ഒരു സൗഹൃദ ഉടമ്പടിയിൽ ഒപ്പുവെച്ചു

സാഹിർഷാ രാജാവിന്റെ ഭരണകാലത്ത് ഇന്ത്യയ്ക്ക് അഫ്ഗാനിസ്ഥാനുമായി ശക്തിമത്തായ ഒരു ബന്ധം ഉണ്ടായിരുന്നു. 1979 ലെ സോവിയറ്റ് ആക്രമണത്തിനു മുമ്പ് കാബൂളിലെ വിവിധ സോവിയറ്റ് യൂണിയൻ അനുകൂല ഭരണകൂടങ്ങളുമായി ഇന്ത്യ ഒരു ഔപചാരിക കരാറുകളും നടപടിക്രമങ്ങളും നടത്തിയിരുന്നു. 1979 നും 1989 നും ഇടയിൽ സോവിയറ്റ് വിരുദ്ധ ജിഹാദിയുടെ അഫ്ഗാനിസ്ഥാനിൽ സാഹിർഷാ രാജാവിന്റെ അധികാരം പരിമിതപ്പെടുത്തിയപ്പോൾ വ്യവസായിക ജലസേചന ജലവൈദ്യുത പദ്ധതികളിൽ ശ്രദ്ധ ചെലുത്തിക്കൊണ്ട് ഇന്ത്യ അഫ്ഗാനിസ്ഥാനിൽ വികസന പ്രവർത്തനങ്ങളെ വിപുലീകരിച്ചു


സാഹിർഷാ രാജാവ്

1990 കളുടെ മധ്യകാലഘട്ടങ്ങളിൽ താലിബാൻ അഫ്ഗാനിസ്ഥാനുമായുള്ള ബന്ധം ശക്തിപ്പെടുത്തിയതിനുശേഷം ഇന്ത്യ തങ്ങളുടെ സാന്നിധ്യം നിലനിർത്തുന്നതിനും താലിബാൻ വിരുദ്ധ സേനയെ പിന്തുണയ്ക്കുന്നതിനും ശ്രമം നടത്തുകയുണ്ടായി. എന്തിരുന്നാലും അഫ്ഗാനിസ്ഥാനിലെ ഇന്ത്യയുടെ ലക്ഷ്യം എന്നത് അഫ്ഗാനിസ്ഥാനിലെ താലിബാൻ സേനയുടെ ശക്തിയെ ദുർബലപ്പെടുത്തുക എന്നതാണ്. പ്രധാനമായിട്ട് മറ്റു പ്രാദേശിക നേതാക്കളുമായി ഒന്നിനു പുറകെ ഒന്നായി ചേർന്ന് വടക്കൻ സഖ്യത്തെ പിന്തുണച്ചുകൊണ്ട്, ഇറാൻ, റഷ്യ, താജിക്കിസ്ഥാൻ എന്നീ രാജ്യങ്ങളുമായി ചേർന്ന് സുപ്രധാന വിഭവശേഷി നൽകികൊണ്ട് അഫ്ഗാനിസ്ഥാന്റെ താലിബാൻ സേനയോട് അർത്ഥവത്തായ ഒരു വെല്ലുവിളി നടത്തി. 2001 മുതൽ ഇന്ത്യ വികസന പദ്ധതികൾക്കും, മറ്റു മാനുഷികമായ സഹായങ്ങൾക്കും വിശ്വാസപൂർവ്വം അഫ്ഗാനിസ്ഥാനെ ആശ്രയിച്ചിരുന്നു. അഫ്ഗാൻ സിവിലിയൻ ഉദ്യോഗസ്ഥരുടെ ഇന്ത്യൻ പരിശീലനം, വികസന പദ്ധതികൾ, വിപുലമായ സാമ്പത്തിക ബന്ധങ്ങൾ എന്നിവയിലൂടെ അഫ്ഗാനിൽ ഇന്ത്യയുടെ സാന്നിദ്ധ്യം വർദ്ധിപ്പിച്ചിരുന്നു. അഫ്ഗാനിലെ ഇന്ത്യയുടെയും പാകിസ്ഥാന്റെയും മത്സരത്തെ ഒരു പുതിയ 'മഹത്തായ കളിയായിട്ട്' കാണുന്നു.





നിങ്ങൾക്ക് അറിയാമോ?

2005 ൽ ഇന്ത്യ സാർക്ക് എന്ന സംഘടനയിൽ അഫ്ഗാനിസ്ഥാനെ ഉൾപ്പെടുത്താൻ നിർദ്ദേശിക്കുകയും 2007 ഏപ്രിൽ 3-ാം തീയതി സാർക്ക് എന്ന സംഘടനയിൽ അംഗത്വമാവുകയും ചെയ്തു.

ഇന്ത്യ - അഫ്ഗാനിസ്ഥാൻ തന്ത്രപരമായ താല്പര്യങ്ങൾ

അഫ്ഗാനിസ്താൻ ഇന്ത്യയുടെ പ്രകൃത്യാ ഉള്ള ബന്ധുരാജ്യമാണ്. അഫ്ഗാനിസ്ഥാനെ ഒരു സൗഹൃദ രാഷ്ട്രമായി നിലനിറുത്തി പോരുന്നതു

12th_MAI_Political Science_Unit_10.indd 209 2/28/2023 1:06:23 PM

കൊണ്ട് ഇന്ത്യയ്ക്ക് പാകിസ്ഥാനെ നിരീക്ഷിക്കാനും അവിടത്തെ ആസ്തി പോക്ഷിപ്പിക്കാനും പാകിസ്ഥാന്റെ പ്രവർത്തനങ്ങളിൽ സ്വാധീനം ചെലുത്താനും ഇന്ത്യക്ക് പ്രാപ്തിയുണ്ട്. അഫ്ഗാനിസ്ഥാനുമായി ഒരു സുപ്രധാന പങ്കാളിത്തം വളരെ ശ്രദ്ധയോടെ പോഷിപ്പിക്കാൻ ഇന്ത്യ താല്പര്യപ്പെടുമ്പോൾ പാകിസ്ഥാൻ ഇന്ത്യക്ക് അത്തരം അവസരങ്ങളെ നിഷേധിക്കാൻ ശ്രമിക്കുന്നു.

അഫ്ഗാനിസ്ഥാനോടുള്ള ഇന്ത്യയുടെ താല്പര്യം പാകിസ്ഥാൻ കേന്ദ്രീകൃതത്തെക്കാൾ വലുതും അതിനെ ഒരു പ്രാദേശിക ശക്തിയായി വളർന്നു കാണുന്നതിലുള്ള അതിയായ ആഗ്രഹത്തെയും പ്രതിഫലിക്കുന്നു. പാകിസ്ഥാനിലെയും അഫ്ഗാനിസ്ഥാനിലെയും ഇസ്ലാമിക മൗലികവാദം ഇന്ത്യയുടെ ആഭ്യന്തര സാമൂഹിക ബന്ധത്തിന് അപകടകരമായ ഫലങ്ങൾ ഉളവാക്കുന്നു.

ഇന്ത്യ - അഫ്ഗാനിസ്ഥാൻ സാമ്പത്തിക താത്പര്യങ്ങൾ

അഫ്ഗാനിസ്ഥാനിൽ ഏകദേശം ഒന്നു മുതൽ മൂന്നു വരെ ട്രില്യൺ അമേരിക്കൻ ഡോളർ വിലപിടിപ്പുള്ള ഇരുമ്പ്, അയിര്, ലീഥിയം, ക്രോമിയം, പ്രകൃതി വാതകം, പെട്രോളിയം തുടങ്ങിയുള്ള ധാതു സമ്പത്തുകൾ ഉണ്ട്. അഫ്ഗാനിസ്ഥാനിലെ ഇന്ത്യൻ നിക്ഷേപങ്ങളും ഉദ്യോഗസ്ഥരെയും സംരക്ഷിക്കുക എന്നത് ഇന്തയെ സംബന്ധിച്ചിടത്തോളം തികച്ചും അനിവാര്യമാണ്. കാരണം അഫ്ഗാനിസ്ഥാനിലെ ഇന്ത്യൻ നിക്ഷേപം ഏകദേശം 3 ബില്യൺ അമേരിക്കൻ ഡോളറാണ്.

ഇന്ത്യയിൽ നിന്ന് കയറ്റി അയക്കപ്പെടുന്ന പ്രധാന ചരക്കുകളിൽ മനുഷ്യ നിർമ്മിതമായ നാരുകൾ, ധാന്യങ്ങൾ, പുകയില, ഇലക്ട്രിക് യന്ത്രങ്ങൾ, പാലുല്പന്നങ്ങൾ, മരുന്നുവകകൾ, മുട്ട, വസ്ത്രങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ ഉൾപ്പെടുന്നു. അതേസമയം ഇറക്കുമതി ചെയ്യപ്പെടുന്നവയിൽ പ്രധാനമായും പുതിയ പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ ഉണക്കമുന്തിരി, കശുവണ്ടി പരിപ്പ്, എണ്ണവിത്തുകൾ, മുഴുവനായോ ഭാഗികമായോ അമൂല്യമായ കല്ലുകൾ തുടങ്ങിയവ ഉൾപ്പെടുന്നു. വ്യാപാര സാധ്യതകൾ നേടുന്നതിന് ഇന്ത്യയും അഫ്ഗാനിസ്ഥാനും 2003 മാർച്ചിൽ ഒരു ചുങ്ക ഇളവ് വ്യാപാര കരാർ ഒപ്പു വയ്ക്കുകയുണ്ടായി. അതിൻപ്രകാരം ഉണങ്ങിയ പഴവർഗ്ഗങ്ങളുടെ 50 ശതമാനം മുതൽ 100 ശതമാനം വരെ ചില ഇനങ്ങളിൽ (38 ഇനങ്ങളിൽ) ഇളവുകൾ അനുവദിച്ചിട്ടുണ്ട്. 2011 നവംബർ മാസത്തിൽ അഫ്ഗാനിസ്ഥാന്റെ അടിസ്ഥാന തിരുവ സമ്പ്രദായം എല്ലാ ഉത്പന്നങ്ങളിൽ നിന്നും ഒഴിവാക്കിക്കൊണ്ട് (പുകയില, മദ്യം ഒഴികെ) ഇന്ത്യൻ മാർക്കറ്റുകളിൽ സ്വതന്ത്രമായ വ്യാപാരം നടത്താനുള്ള അനുമതി കൊടുത്തു. അഫഗാൻ ചരക്കുകളുടെ പ്രധാന കയറ്റുമതി ലക്ഷ്യസ്ഥാനങ്ങളിലൊന്നാണ് ഇന്ത്യ.



ഇറാനിലെ ഛബഹർ തുറമുഖത്തിന്റെ പ്രവർത്തനം അഫ്ഗാനിസ്ഥാന്റെ കയറ്റുമതിയെ ഗണ്യമായി വർദ്ധിപ്പിക്കുകയും അത് ഇന്ത്യയുമായും ലോക രാജ്യങ്ങളുമായും അഫ്ഗാന്റെ വ്യാപാര ബന്ധത്തിന് ഒരു പുതിയ സഞ്ചാരപഥം ഒരുക്കിക്കൊടുക്കുകയും ചെയ്തു. ഈ അടുത്തകാലത്തായിട്ട് ഇന്ത്യാ ഗവൺമെന്റ് ഇറാനിലെ ഛബഹാർ തുറമുഖത്തിന്റെ ശേഷി ഉയർത്തുന്നതിന് 85 ദശ ലക്ഷം അമേരിക്കൻ ഡോളർ അഫ്ഗാനിസ്ഥാന് അനുവദിച്ചുകൊണ്ട് മറ്റൊരു പുതിയ സഞ്ചാരപഥത്തിന് വഴിയൊരുക്കി

ഇന്ത്യൻ - അഫ്ഗാനിസ്ഥാൻ സുരക്ഷാ തത്പര്യങ്ങൾ

1990 കളിൽ ഇന്ത്യ അഫ്ഗാനിസ്ഥാന് താലിബാനിൽ നിന്നും നിരവധി സുരക്ഷാ വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. പാകിസ്ഥാനിലുള്ള നിരവധി തീവ്രവാദ സംഘടനകളായ ലഷ്കർ -ഇ-തൊയ്ബ, ഹർക്കത്-ഉൽ,മുജാഹിദീൻ/ ഹർക്കത്-ഉൽ-അൻസർ, ഹർക്കത്-ഉൽ-ജിഹാദ്, അൽഇസ്ലാമി എന്നിവ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സംഘടനകളിൽപ്പെടുന്നു. ഇവയെല്ലാംതന്നെ അൽ-ക്വയ്ദയാൽ വിപുലീകരിക്കപ്പെട്ട അഫ്ഗാനിസ്ഥാനിൽ പരിശീലനം ലഭിച്ച പലതരത്തിലുള്ള താലിബാൻ ബന്ധമുള്ള സംഘടനകളാണ്. അങ്ങനെ അഫ്ഗാനിസ്ഥാൻ തീവ്രവാദികളുടെ ഒരു സുരക്ഷാ അഭയകേന്ദ്രമായി മാറരുതെന്ന് ഇന്ത്യക്ക് വ്യക്തമായ ധാരണയുണ്ട്. മൗലിക ആശയവാദികളും ഭീകരപ്രവർത്തന വ്യാപനം നടത്തുന്നവരും ഈ ദേശങ്ങളിൽ കാണുന്നത് ഇന്ത്യക്ക് ഒരു സുരക്ഷാ ഭീക്ഷണിയായി മാറിയിരിക്കുന്നു.

പാകിസ്ഥാൻ അഫ്ഗാനിസ്ഥാനോട് ചേർന്ന് തന്ത്രപരമായ കാര്യങ്ങളിൽ ആക്കം കൂട്ടുമ്പോൾ അത് ഇന്ത്യക്ക് വിപരീത നേട്ടമാണുണ്ടാക്കുന്നത്. അഫ്ഗാനിസ്ഥാനിലെ ലോയപക്ഷീയ പോലുള്ള ഇടങ്ങളിൽ പലതരത്തിലുള്ള ഇന്ത്യാ വിരുദ്ധ സംഘടനകൾ പാകിസ്ഥാൻ നടത്തി വരുന്നു. ഇറാൻ,

12th_MAI_Political Science_Unit_10.indd 210 2/28/2023 1:06:24 PM

അഫഗാൻ, പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്ന സുവർണ്ണകല ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആശങ്കാജനകമാണ്. ഇറാക്കിന്റെയും സിറിയയുടെയും ശക്തമായ സമ്മർദ്ദത്താൽ പ്രത്യേകിച്ച് പഞ്ചാബിലെ ലഹരിവസ്തുക്കളുമായി ബന്ധപ്പെട്ട് ഏഷ്യയിലെ ഔട്ട്പോസ്റ്റായി ഇസ്ലാമിക് രാജ്യങ്ങൾ അഫ്ഗാനെ ഉപയോഗിക്കുന്നു.

അഫ്ഗാനിസ്ഥാനോടുള്ള ഇന്ത്യൻ നയം

2011 അഫ്ഗാനിസ്ഥാൻ തന്ത്രപരമായ പങ്കാളിത്ത കരാറിൽ ഒപ്പുവച്ച ആദ്യത്തെ രാജ്യമാണ് ഇന്ത്യ. അതുവരെ അഫ്ഗാനിസ്ഥാനുമായുള്ള ഇന്ത്യയുടെ പരിമിതമായ സഹകരണം ആവശ്യമാണെന്ന അമേരിക്കയുടെ നിർദ്ദേശം ഇന്ത്യ പിന്തുടരുകയുണ്ടായി. പാകിസ്ഥാനിൽ നിന്ന് അഫ്ഗാനിസ്ഥാൻ സ്വതന്ത്രമായി പ്രവർത്തിക്കണമെന്ന് ഇന്ത്യ ആവർത്തിച്ച് ആവശ്യപ്പെട്ടു. ഇന്ത്യ, പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ എന്നീ രാജ്യങ്ങൾ തമ്മിലുള്ള ത്രിരാഷ്ട്ര സൗഹൃദബന്ധം പരസ്പരം സ്വതന്ത്രമാണെന്ന് ഇന്ത്യ ഉറപ്പിക്കുന്നു. 1965-ാം ആണ്ടിലും 1971-ാം ആണ്ടിലും സംഭവിച്ച യുദ്ധത്തിൽ അഫ്ഗാനിസ്ഥാന് പ്രതിജ്ഞാബദ്ധത ഇല്ലെന്നും ഇന്ത്യയെ പിന്തുണച്ചിട്ടില്ലെന്നും നമുക്കറിയാം. കാശ്മീർ വിഷയത്തിൽ അഫ്ഗാനിസ്ഥാൻ ഇന്ത്യയെ പരസ്യമായി പിന്തുണച്ചിട്ടില്ല. ഡ്യൂറന്റ് അതിർത്തി രേഖയിൽ ഇന്ത്യ നേരിട്ട് തർക്കവിഷയത്തിൽ കടന്നിട്ടുമില്ല.

അഫഗാനിസ്ഥാന് ഒരു സ്ഥിരത ഉണ്ടാവണമെങ്കിൽ ആ രാജ്യത്തിന്റെ മുഖ്യ പ്രവർത്തനങ്ങളിലും സ്ഥിരത, വളർച്ച, ക്ഷേമം എന്നീ കാര്യങ്ങളിൽ വ്യക്തിഗതമായ ഒരു നിക്ഷിപ്ത താത്പര്യം ഉണ്ടായിരിക്കണമെന്നും ഇന്ത്യ മനസ്സിലാക്കുന്നു. അഫ്ഗാനിസ്ഥാനിലേക്ക് പ്രാദേശികവും പ്രാദേശികത്തിനപ്പുറവുമുള്ള നിക്ഷേപം ആകർഷിക്കാനുള്ള ശ്രമങ്ങളും ഇന്ത്യ നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഫലമായി 2012-ാം ആണ്ടിൽ ജൂൺ മാസം അഫ്ഗാനിസ്ഥാനിൽ ദില്ലി നിക്ഷേപ ഉച്ചകോടി സമ്മേളനം പോലുള്ള പരിപാടികൾക്ക് തുടക്കമിട്ടുകൊണ്ട് ജനങ്ങൾക്ക് തൊഴിൽ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു. അഫ്ഗാനിസ്ഥാനിൽ നിന്നുമാണ് സമാധാനത്തിന്റെ ഉറവിടം എന്ന് തിരിച്ചറിഞ്ഞ ഇന്ത്യ, അഫ്ഗാനിസ്ഥാനിലുള്ള വിവിധ മേഖലകളിൽ വ്യാപാര വാണിജ്യ ബന്ധം പുനസ്ഥാപിക്കാനുള്ള നടപടികൾക്ക് നേതൃത്വം നൽകുന്നു. അഫ്ഗാനിസ്ഥാൻ-ഇന്ത്യ-അമേരിക്കൻ ഐക്യനാടുകൾ എന്ന ത്രികക്ഷിയും, അഫ്ഗാനിസ്ഥാൻ - ഇന്ത്യ - ഇറാൻ ത്രിരാഷ്ട്രം തുടങ്ങിയ സ്ഥിരവും ദൃഢവുമായ ഒരു പുതിയ ബന്ധത്തിനു വേണ്ടി സംഭാഷണം ആരംഭിക്കാൻ സഹായിച്ചു. അഫ്ഗാനിസ്ഥാനിൽ സമാധാനവും സമൃദ്ധിയും സംരക്ഷിക്കുകയെന്ന പൊതു ലക്ഷ്യത്തിനായി അന്താരാഷ്ട്ര പങ്കാളികളെ വ്യത്യസ്ത ലോക വീക്ഷണങ്ങളുമായി ഒരുമിച്ചുകൊണ്ടുവരാൻ ശ്രമിക്കുന്നു. ഐക്യരാഷ്ട്ര സഭയിൽ അഫ്ഗാനിസ്ഥാന്റെ ഭാവി വളർച്ചയെ കേന്ദ്രീകരിച്ചുള്ള വിവിധ അന്താരാഷ്ട്ര സമ്മേളനങ്ങളിലും ഇന്ത്യ ആവർത്തിച്ച് പിന്തുണ പ്രഖ്യാപിക്കുന്നു. 2012-ാം ആണ്ടിൽ ജൂലൈയിൽ നടന്ന ടോക്കിയോ വികസന സമ്മേളനവും 2014-ാം ആണ്ട് ഡിസംബറിൽ നടന്ന ലണ്ടൻ സമ്മേളനവും ഉൾപ്പടെ.

നിങ്ങൾക്ക് അറിയാമോ?

1999 ൽ പാകിസ്ഥാൻ ഇന്ത്യൻ എയർലൈൻസ് യാത്രാവിമാനം ഐ സി: 814 നെ താലിബാൻ ഭരണകാലത്ത് അഫ്ഗാനിസ്ഥാനിലുള്ള കണ്ഡഹാർ എന്ന വിമാനത്താവളത്തിലേക്ക് തട്ടിക്കൊണ്ടു പോയി

2015ൽ ഇന്ത്യ കാബൂളിലേക്കുള്ള ആദ്യ സൈനിക ആക്രമണ വേളയിൽ മൂന്ന് മിഗ്-25 യുദ്ധ ഹെലികോപ്റ്ററുകൾ സമ്മാനിച്ചു. പാകിസ്ഥാന്റെ ശക്തമായ എതിർപ്പിനെ തുടർന്ന് ഇന്ത്യ ആദ്യമായി ആക്രമണ സ്വഭാവത്തോടുള്ള പോരാട്ടവീര്യം അഫ്ഗാനിസ്ഥാനിലേക്ക് സമ്മാനിച്ചതായി രേഖപ്പെടുത്തുന്നു. കരാർ പ്രകാരം ഇന്ത്യ അഫ്ഗാനിസ്ഥാനിലെ പ്രതിരോധ മേഖലയിലുള്ള ഉദ്യോഗസ്ഥർക്ക് മതിയായ പ്രവർത്തന പരിശീലനവും കൊടുത്തു.

ഇന്ത്യയുടെ വികസന സമീപനം

അഫ്ഗാൻ ജനതയിൽ ഇന്ത്യൻ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിൽ വളരെയധികം സൗഹാർദ്ദം അവർക്കിടയിൽ നിന്ന് ലഭിച്ചിട്ടുണ്ട്. എന്നിരുന്നാലും "മൃദു അധികാര"ത്തിന് ചില തന്ത്രപരമായ പരിമിതികളുണ്ട്. മൃദു അധികാര ശക്തി തുടരുന്നതിനോ അല്ലെങ്കിൽ ആക്രമണാത്മകമായി മുന്നോട്ടു പോകുന്നതിനോ ഉള്ള പ്രതിസന്ധിയിലാണ് ഇന്ത്യ.

അഫ്ഗാൻ സർക്കാരുമായി ഇടപഴകുന്നതുവരെ താലിബാൻ എന്ന തീവ്രവാദ സംഘടനയുമായി നേരിട്ടോ പരസ്യമായിട്ടോ സംസാരിക്കുകയില്ലെന്ന തത്വാധിഷ്ഠിത നിലപാടാണ് ഇന്ത്യയ്ക്കുള്ളത്. ഇന്ത്യ എല്ലാ ചർച്ചകളിൽ നിന്നും വിട്ടുനിൽക്കേണ്ടതും പരിഹാരപ്രക്രിയയിൽ സ്വാധീനം ചെലുത്തേണ്ടതും ആവശ്യമാണ്. ഇന്ത്യൻ രഹസ്യാന്വേഷണ ഏജൻസികളും, അഫ്ഗാനിസ്ഥാനിൽ പ്രവർത്തിക്കുന്ന താലിബാൻ തീവ്രവാദ സംഘടനകൾ ഉൾപ്പെടുന്ന എല്ലാ പ്രധാനപ്പെട്ട സംഘടനകളും തമ്മിൽ ശക്തമായ ബന്ധം സ്ഥാപിച്ചിട്ടുണ്ട് എന്ന് പ്രതീക്ഷിക്കുന്നു. ഇതിൻപ്രകാരം ഇന്ത്യയുടെ താത്പര്യ

12th_MAI_Political Science_Unit_10.indd 211 2/28/2023 1:06:24 PM

അഫ്ഗാനിസ്ഥാനിലെ ഇന്ത്യൻ വികസന പദ്ധതികൾ

- പട്ടണത്തിൽ സ്ഥിതിചെയ്യുന്ന പുരാതന കൊട്ടാരത്തിന്റെ പുനരുദ്ധാരണത്തിനു വേണ്ടി.
- തലസ്ഥാനത്തുള്ള ഹബീബിയ ഹൈസ്കൂളിന്റെ പുനർനിർമ്മാണവും ധനസഹായം നൽകുകയും.
- കണ്ഡഹാറിൽ അഫ്ഗാൻ ദേശീയ കൃഷി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (എ എൻ എ എസ് യു) സ്ഥാപിക്കുന്നതിന് ധനസഹായം നൽകുകയും വിവിധ മാർഗ്ഗങ്ങളിൽ സഹായിക്കുകയും
- കാബൂളിൽ ചിംതല വൈദ്യുത ഉപനിലയം സ്ഥാപിക്കൽ.
- കാണ്ഡഹാറിൽഒരുക്രിക്കറ്റ്സ്റ്റേഡിയംസ്ഥാപിച്ച് അഫ്ഗാനിസ്ഥാന്റെ ദേശീയ ക്രിക്കറ്റ് ടീമിനെ സ്വന്തം മൈതാനമായി ഉപയോഗിക്കാൻ അനുവദിക്കൽ.
- കാണ്ഡഹാറിൽ ഒരു ശീതീകരണ പണ്ടകശാല നിർമ്മിക്കൽ.
- അഫ്ഗാനിസ്ഥാനിലുള്ള ചിലപ്രവിശ്യകളിൽ ടെലിഫോൺ എക്സ്ചേഞ്ചുകൾ നവീകരിക്കൽ.
- ദേശീയ ദൂരദർശ കേന്ദ്ര പ്രക്ഷേപണ ശൃംഖല വികസിപ്പിക്കൽ.
- ചില പ്രവശ്യകളിൽ കുഴൽകിണർ കുഴിക്കൽ.
- അഫ്ഗാനിസ്ഥാനിൽ ബസ്സുകൾ, ഹെലികോപ്റ്ററുകൾ, ആംബുലൻസ് എന്നിവ ഇന്ത്യൻ സർക്കാർ സംഭാവന നൽകുന്നു..

ങ്ങൾ വികസന പദ്ധതിയിലൂടെ അവിടത്തെ പൗരന്മാർക്ക് പൂർണ്ണ സംരക്ഷണം നൽകുന്നുണ്ട്.

അഫ്ഗാനിസ്ഥാൻ ജനതയ്ക്കിടയിൽ ആസ്വദിക്കുന്ന സൗഹാർദ്ദത്തിനെ ഇന്ത്യ പ്രയോജനപ്പെടുത്തേണ്ടതാണ്. പ്രാദേശിക ആഗോള പങ്കാളികളുമായുള്ള സംഭാഷണത്തിന് തുടക്കം കുറിക്കാൻ ഇന്ത്യ ശക്തമായിട്ട് പോരിടണം. മുമ്പുള്ള രണ്ടു ദശകങ്ങളിൽ അഫ്ഗാനിസ്താനിൽ ജനങ്ങളുടെ കഠിനമായ പ്രയത്നത്തിന്റെ ഫലമായി നേടിയിട്ടുള്ള വിജയം താലിബാൻ തീവ്രവാദ സംഘടനകളുമായുള്ള സംഭാഷണത്തിന് തടസ്സം ഉണ്ടാവരുതെന്ന് അവരെ ബോധ്യപ്പെടുത്തണം. ഭരണഘടനാപരമായ ജനാധിപത്യവും, നിയമവാഴ്ചയും സ്ഥാപിക്കുന്നതിനും സ്ത്രീകളുടെയും ന്യൂന പക്ഷങ്ങളുടെയും അവകാശങ്ങൾ നേടിയെടുക്കുന്നതിനും താലിബാൻ തീവ്രവാദ സംഘടനയെയും ഉൾപ്പെടുത്തുകയും അവരുടെ താത്പര്യങ്ങളെയും സുരക്ഷിതമാക്കാൻ ഇന്ത്യ ഏർപ്പെടേണ്ട സമയമാണിത്.

10.2 ഇന്ത്യ - പാകിസ്ഥാൻ ബന്ധങ്ങൾ



ഏഴു പതിറ്റാണ്ടിലേറെക്കാലം ഭൂമിശാസ്ത്രം, സംസ്കാരം, മതം, ഭാഷ തുടങ്ങി പുരാതന നാഗരികത നിലനിർത്തിയിരുന്ന ജീവിതത്തിന്റെ ധാർമ്മികത തത്വചിന്ത എന്നിവ പങ്കിട്ട രണ്ട് അയൽവാസികളാണ് ഇന്ത്യയും പാകിസ്ഥാനും. ഇന്ത്യ - പാകിസ്ഥാൻ കയ്പേറിയ വിഭജനം ഭീകരമായ ആക്രമണങ്ങൾക്കിടയിൽ വൻതോതിലുള്ള കുടിയേറ്റത്തിന് കാരണമായി. മുസ്ലീങ്ങൾ പാകിസ്ഥാനിലേക്കും ദശലക്ഷക്കണക്കിന് ഹിന്ദുക്കളും സിക്കുകാരും ഇന്ത്യയിലേയ്ക്കും പാലായനം ആരംഭിച്ച കാരണം ഇരുരാജ്യങ്ങളും നടത്തിയ യുദ്ധങ്ങളിലും ഇരുരാജ്യങ്ങളും ഇരകളായ ഭീകരതയുടെ ഭീക്ഷണികളിലും ഇന്നും പ്രാബല്യത്തിൽ തുടരുന്നു.

കാശ്മീർ സ്ഥിതിവിശേഷം

ഈ രണ്ടു രാജ്യങ്ങളും തമ്മിലുള്ള ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കാശ്മീർ. 1947-ലെ സ്വാതന്ത്ര്യത്തിനു ശേഷം നടന്ന മൂന്ന് യുദ്ധങ്ങളിൽ രണ്ടു യുദ്ധങ്ങൾക്കും പ്രധാന കാരണം മുകളിൽ പറഞ്ഞവയാണ്. ഇന്ത്യൻ സ്വാതന്ത്ര്യ നിയമപ്രകാരം സ്വീകരിക്കപ്പെട്ട നയപരമായ തീരുമാന വിഭജന പദ്ധതി പ്രകാരം കാശ്മീർ ഇന്ത്യയോടോ പാകിസ്ഥാനോടോ ചേരുന്നതിന് പൂർണ്ണ സ്വാതന്ത്ര്യം നേടി. തുടക്കത്തിൽ ഒരു സ്വതന്ത്ര രാഷ്ട്രമാകാൻ ആഗ്രഹിച്ചിരുന്ന കാശ്മീരിലെ മഹാരാജാ ഹരിസംഗ് 1947 ഒക്ടോബറിൽ ഗോത്രവർഗ്ഗങ്ങളുടെ ആക്രമണങ്ങളെ തുടർന്ന്

12th_MAI_Political Science_Unit_10.indd 212 2/28/2023 1:06:24 PM

ഇന്ത്യയോട് ചേരാൻ സമ്മതിച്ചു. ആ സമയത്ത് ഒരു യുദ്ധം പൊട്ടിപ്പുറപ്പെട്ടു. ഇടപെടാൻ ആവശ്യപ്പെട്ട് ഇന്ത്യ ഐക്യരാഷ്ട്രസഭയെ സമീപിച്ചു.

പ്രവർത്തനം

ഇന്ത്യയുടെ ഏറ്റവും വലിയ വ്യാപാര പങ്കാളിയാകാൻ ചൈനയ്ക്ക് കഴിയുമെങ്കിൽ എന്തുകൊണ്ട് ഇന്ത്യ-പാകിസ്ഥാനോട് മൂലധനത്തിന്റെയും ജനങ്ങളുടെ സ്വാതന്ത്ര്യ മുന്നേറ്റത്തിലൂടെയും കാശ്മീർ പ്രശ്നം പരിഹരിച്ചു കൂടാത്തത് ചർച്ച ചെയ്യുക.



കടപ്പാട് : ദി ഹിന്ദു കാർട്ടൂൺ

1949 ജനുവരി ഒന്നിന് ഐക്യരാഷ്ട്രസഭയുടെ ഇടപെടലും ഐക്യരാഷ്ട്രസഭയുടെ സമാധാന സേനയുടെ പിന്തുണയോടെ വെടി നിർത്തലും അവസാനിപ്പിച്ചു. ഇത് കാശ്മീരിനെതിരെ ഏറ്റവും ദൈർഘ്യമേറിയ യുദ്ധമായിരുന്നു, എന്നാൽ ഇരുഭാഗവും ഉപയോഗിച്ച ആയുധ സാമഗ്രികൾ തികച്ചും പരിമിതമാണ്. വെടിനിർത്തൽ കരാറിന്റെ ഫലമായി കാശ്മീരിൽ യുദ്ധം അവസാനിക്കുകയും, രണ്ടു സൈന്യങ്ങൾക്കുമിടയിൽ ഒരു നിയന്ത്രണരേഖ നിലവിൽ വരുകയും ചെയ്തു. ഇത് പാകിസ്ഥാൻ അതിർത്തിയുടെ മൂന്നു ഭാഗത്തും രൂപീകരിച്ചു.


മഹാരാജ് ഹരിസിങ്

ഇന്ത്യ അല്ലെങ്കിൽ പാകിസ്ഥാൻ എന്നീ രാജ്യങ്ങൾ ഐക്യരാഷ്ട്രസഭയിൽ അംഗമാകുമോ എന്ന ചോദ്യത്തിന് പൊതുജനാഭിപ്രായം നേടാൻ ഐക്യരാഷ്ട്രസഭ ശുപാർശ ചെയ്തു. എന്നിരുന്നാലും നടപടിക്രമം നടക്കുന്നതിനു മുമ്പ് ഈ പ്രദേശം സൈന്യകവൽക്കരിക്കാനുള്ള ഒരു കരാറിനെ ഇരു രാജ്യങ്ങൾക്കും അംഗീകരിക്കാൻ കഴിഞ്ഞില്ല. 1949-ാം ആണ്ട് ജൂലൈയിൽ ഇന്ത്യയും പാകിസ്ഥാനും ഐക്യരാഷ്ട്ര സംഘടന ശുപാർശ ചെയ്ത വെടിനിർത്തൽ സ്ഥാപിക്കുന്നതിന് നാലു കരാറിൽ ഒപ്പു വച്ചു. പ്രദേശം വിഭജിക്കപ്പെട്ടു. 1965-ാം ആണ്ടിൽ രണ്ടാമത്തെ യുദ്ധം നടന്നു. 1971-ൽ പാകിസ്ഥാനും ഇന്ത്യയും തമ്മിലുള്ള ഒരു പ്രഖ്യാപിത യുദ്ധമായിരുന്നു അത്. പിന്നീടുള്ള യുദ്ധങ്ങളെല്ലാം അതിർത്തിയെ ചൊല്ലിയുള്ള ഏറ്റുമുട്ടലുകളായിരുന്നു, പ്രഖ്യാപിത യുദ്ധമല്ല. ഇരുരാജ്യങ്ങളും സ്വാതന്ത്ര്യം ലഭിച്ച കാല മുതൽ പരസ്പരം മാപ്പ് നൽകിയിരുന്നത് ഇരുകൂട്ടരും സമാധാനത്തിന് വേണ്ടി നിലകൊള്ളും, മറിച്ച് യുദ്ധത്തിന് വേണ്ടിയല്ല എന്നായിരുന്നു.


ഇന്ത്യാ-പാകിസ്ഥാൻ യുദ്ധം 1971

(ലഫ്റ്റനന്റ് ജനറൽ എ.എ.കെ. നിയാസി കീഴടങ്ങലിന്റെ രേഖ ലഫ്റ്റനന്റ് ജനറൽ ജഗത് സിംഗ് അറോറയുടെ സാന്നിദ്ധ്യത്തിൽ ഒപ്പു വയ്ക്കുന്നു.

ഇന്ത്യയും പാകിസ്ഥാനും സ്വയം ആണവശക്തികളാണെന്ന് പ്രഖ്യാപനം നടത്തിയ 1999-ാം ആണ്ടിൽ പാകിസ്ഥാന്റെ പിന്തുണയോടെ വിഘടനവാദികൾ ഇന്ത്യൻ ഭരണത്തിനെതിരെ കലാപം ആരംഭിച്ചു. പ്രസ്തുത യുദ്ധത്തിനെ കാർഗിൽ യുദ്ധം എന്നു വിളിക്കുന്നു. ഈ സമയത്ത് ഇരു രാജ്യങ്ങളും സംയുക്തമായി ആണവ രാജ്യങ്ങളെന്ന് പ്രഖ്യാപിക്കുകയുണ്ടായി. 1989-ൽ പാകിസ്ഥാന്റെ പിന്തുണയോടെ വിഘടനവാദികൾ ഇന്ത്യൻ ഭരണത്തിനെതിരെ കലാപം ആരംഭിച്ചു. അതിനു ശേഷം തീവ്രവാദംമൂലം പതിനായിരക്കണക്കിന് സൈന്യകർ കൊല്ലപ്പെടുകയും ചെയ്തു..


നെഹ്റു ജിന്നയോടൊപ്പം


പാകിസ്ഥാനിൽ നിന്നും ഇന്ത്യയിലേയ്ക്കും ഇന്ത്യയിൽ നിന്ന് പാകിസ്ഥാനിലേയ്ക്കും ദേശാന്തര ഗമനം നടത്തുന്നവർ.

12th_MAI_Political Science_Unit_10.indd 213 2/28/2023 1:06:25 PM

സിംല കരാർ 1972

ഇന്ത്യയും പാകിസ്ഥാനും തമ്മിൽ 1972 ജൂലൈ രണ്ടാം തീയതി ഇന്ത്യൻ സംസ്ഥാനമായ ഹിമാചൽ പ്രദേശിന്റെ തലസ്ഥാനമായ സിംലയിൽ വച്ച് കരാറിൽ ഒപ്പുവയ്ക്കുകയുണ്ടായി. ഇതെതുടർന്ന് 1971-ൽ ബംഗ്ലാദേശ് വിമോചനയുദ്ധം ഉണ്ടാവുകയും അത് ബംഗ്ലാദേശിനെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുകയും ചെയ്തു. അതിനു മുമ്പ് കിഴക്കൻ പാകിസ്ഥാൻ എന്നറിയപ്പെട്ടിരുന്ന ഈ പ്രദേശം പാകിസ്ഥാന്റെ ഭൂപ്രദേശങ്ങളിൽ ഉൾപ്പെട്ടതായിരുന്നു. ഇന്ത്യ യുദ്ധത്തിൽ പ്രവേശിക്കുമ്പോൾ ബംഗ്ലാദേശ് ഇന്ത്യയുടെ ഒരു സഖ്യകക്ഷി ആയിരുന്നെങ്കിലും പിന്നീടത് 1971-ാം ആണ്ടിലെ ഇന്തോ-പാകിസ്ഥാൻ യുദ്ധമായി പരിണമിച്ചു. ഈ കരാറിനെ ഇരു രാജ്യങ്ങളുടെയും പാർലമെന്റുകൾ ഒരേ വർഷം അംഗീകരിക്കപ്പെട്ടിരിക്കുന്നു. പാകിസ്ഥാൻ പ്രസിഡന്റായി രുന്ന സുൾഫിക്കർ അലി ഭൂട്ടോയും, ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധിയും ചേർന്നാണ് സിംല കരാർ ഒപ്പുവയ്ക്കപ്പെട്ടത്. ഈ കരാർ പ്രകാരം പാകിസ്ഥാന്റെ നയപരമായ അംഗീകാരം ബംഗ്ലാദേശിന് ലഭിക്കുന്നതിന് വഴിയൊരുക്കി.



സുൽഫിക്കർ അലിബുട്ടോയും ഇന്ദിരാഗാന്ധിയും

ഇന്ന് ഇന്ത്യയും പാകിസ്ഥാനുമായിട്ടുള്ള ബന്ധം മൂന്ന് പ്രശ്നങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. അവ കാശ്മീർ, തീവ്രവാദം, സാമ്പത്തിക ബന്ധം, എന്നിവയാണ്. ഈ വിഷയങ്ങളെല്ലാം പരസ്പര പൂരകങ്ങളാണെങ്കിലും സ്വയം മനസ്സിലാക്കേണ്ടത് പ്രധാനമാണ്. ദക്ഷിണ ഏഷ്യയിലെ സമാധാനത്തെ സംബന്ധിച്ച് ഈ വിഷയങ്ങളെല്ലാം പ്രധാന ഉത്കണ്ഠ ഉളവാക്കുന്നു. 1971-ാം ആണ്ടിൽ ഇന്ത്യയുടെ ഇടപെടൽമൂലം കാശ്മീർ വിഷയം പരിഹരിക്കാൻ കഴിഞ്ഞതിനാൽ കിഴക്കൻ പാകിസ്ഥാനെ (ഇപ്പോഴത്തെ ബംഗ്ലാദേശ്) നഷ്ടപ്പെട്ട കാരണത്താലും പാകിസ്ഥാൻ ഭീകരതയെ പിന്തുണച്ച് ഇന്ത്യയെ എല്ലായ്പ്പോഴും അസ്ഥിരപ്പെടുത്താൻ ശ്രമിച്ചുകൊണ്ടിരുന്നു.

ആർട്ടിക്കിൾ 370-നെ നീക്കം ചെയ്യുക.

2019-ാം ആണ്ട് ആഗസ്റ്റ് മാസം 5-ാം തീയതി ഇന്ത്യൻ രാഷ്ട്രപതി ഭരണഘടനയുടെ 370(1 വകുപ്പ് പ്രകാരം പുറപ്പെടുവിച്ച ഭരണഘടന (ജമ്മു കാശ്മീരിന്റെ സംസ്ഥാനത്തിലേക്കുള്ള അപേക്ഷ) ഉത്തരവിന് 2019-ാം ആണ്ടിൽ കേന്ദ്ര സർക്കാർ അനുമതി നൽകി. വകുപ്പ് 370(1) പ്രകാരം അധികാരത്തെ പ്രയോഗിക്കുമ്പോൾ ആർട്ടിക്കിൾ 370-ലെ എല്ലാ ഉപവാക്യങ്ങളും രാഷ്ട്രപതി നീക്കം ചെയ്തു. എന്നാലും ആർട്ടിക്കിൾ 370(1) പ്രകാരം ചില പരിഷ്കാരങ്ങളോടുകൂടി വിപുലീകരിക്കപ്പെട്ടു. ഇതനുസരിച്ച് ഇന്ത്യൻ ഭരണഘടനയുടെ എല്ലാ വ്യവസ്ഥകളും ജമ്മു കാശ്മീർ സംസ്ഥാനത്തിന് ബാധകമാകുന്നു.

ഇന്ത്യൻ പാകിസ്ഥാന ബന്ധത്തിലെ പ്രധാന പ്രശ്നങ്ങൾ:

1. സിയാച്ചിൻ തർക്കം:



1984 മുതൽ ലോകത്തിലെ ഏറ്റവും ഉയർന്ന പർവ്വതശിഖരമായ കാരക്കോറം പർവ്വതനിരയിലെ സിയാച്ചിൻ ഹിമാനിയുടെ മുകളിലുള്ള പർവ്വതങ്ങളിൽ ഇന്ത്യയുടെയും പാകിസ്ഥാന്റെയും സൈന്യങ്ങൾ പരസ്പരം ഏറ്റുമുട്ടുന്നു. സൈന്യങ്ങളെ പിൻവലിക്കുന്നതിനുള്ള പരിഹാരം കണ്ടെത്താൻ ഇരു പക്ഷവും ശ്രമിക്കുന്നുണ്ടെങ്കിലും നാളിതുവരെ ഒട്ടും പരിഹരിക്കാൻ സാധിച്ചിട്ടില്ല.



12th_MAI_Political Science_Unit_10.indd 214 2/28/2023 1:06:26 PM

കൃത്യമായ ആക്രമണം

അതിർത്തിയിലും നമ്മുടെ രാജ്യത്തിന്റെ നിയന്ത്രണ രേഖയിലുടനീളവും പാകിസ്ഥാൻ നിരന്തരം പ്രകോപിപ്പിക്കുന്ന സാഹചര്യങ്ങളിൽ ഇന്ത്യ ആക്രമണം നടത്തിയതിനെയാണ് കൃത്യമായ ആക്രമണം എന്നു പറയുന്നത്.

എന്താണ് കൃത്യമായ ആക്രമണം?

- കൃത്യമായ ആക്രമണം എന്നാൽ പ്രത്യേകമായി ശത്രു സൈന്യങ്ങളുടെ ഉറവിടത്തെ ലക്ഷ്യം കേന്ദ്രമാക്കിയുള്ള ആക്രമണം ആണ്.
- ഈ ആക്രമണം ലക്ഷ്യമാക്കുന്നത് പൊതുജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളിലും, അതിനു ചുറ്റുമുള്ള കെട്ടിടങ്ങളിലും ചെറിയ തോതിൽ മാത്രമാണ് നാശനഷ്ടം ഉണ്ടാക്കുന്നത്.
- സാധാരണക്കാരന്റെ ജീവന് വിലകൊടുക്കുന്നത് എന്നുപറഞ്ഞാൽ ആർക്കും ആളപായം സംഭവിക്കാത്ത ആക്രമണമാണ് ഇതു കൊണ്ട് ലക്ഷ്യമിടുന്നത്.

2.രണ്ട് ജലം പങ്കിടുന്നതിലുള്ള പ്രശ്നങ്ങൾ

കാശ്മീർ സംസ്ഥാനത്തിൽ നിന്നും ആവിർഭവിച്ച് സിന്ധുനദീതടംവഴി പാകിസ്ഥാനിലെത്തിച്ചേരുന്ന ജലത്തിന്റെ ഉപയോഗത്തിൽ ഇരു രാജ്യങ്ങൾക്കും വിയോജിപ്പാണുള്ളത്. 1960-ാം ആണ്ടിലെ സിന്ധു നദീജല ഉടമ്പടിയാണ് ഇത് നിയന്ത്രിക്കുന്നത്. ആ ഉടമ്പടിപ്രകാരം കിഴക്ക് ദിശയിലേയ്ക്ക് ഒഴുകുന്ന മൂന്ന് നദികൾ ഇന്ത്യയിലും, പടിഞ്ഞാറ് ദിശയിലേക്ക് ഒഴുകുന്ന മൂന്ന് നദികൾ പാകിസ്ഥാനിലും ഉപയോഗപ്പെടുത്താമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ ജലപ്രവാഹം നിയന്ത്രിക്കാൻ ഇന്ത്യ അണക്കെട്ട് നിർമ്മിക്കുന്നു എന്ന് പാകിസ്ഥാൻ ആരോപിക്കുമ്പോൾ ഇന്ത്യ പ്രസ്തുത തർക്കവിഷയത്തിനെ നിഷേധിക്കുന്നു.

3. സർക്രീക്ക് തർക്കം



അതിർത്തി നിർണ്ണയിക്കപ്പെട്ടത് 1968-ാം ആണ്ടിലെ ട്രൈബൂണൽ അവാർഡ് പ്രകാരമാണ്. ഈ അതിർത്തി തർക്ക വിഷയമല്ല സർക്രീക്ക് എന്നത് ഒരു ചെറിയ ജലസ്രോതസ്സ് ആയിരിക്കാം. എന്നാൽ ഇന്ത്യയും, പാകിസ്ഥാനും വളരെയധികം സാമ്പത്തിക പ്രാധാന്യമുള്ളതാണ്. ഇന്ത്യ അവകാശപ്പെടുന്നതും എന്നാൽ പാകിസ്ഥാൻ ഉന്നയിക്കുന്നതുമായ അതിർത്തിയാണ്.ചുവന്ന അതിർത്തി എന്നത് ഇന്ത്യയുടെ അധികാര അവകാശത്തിന്റെ ഭാഗമാണ്. എന്നാൽ പാകിസ്ഥാൻ ഇതിനെ എതിർക്കുന്നു. സക്രീക്കിന്റെ മധ്യത്തിലാണ് ഇത് സ്ഥിതിചെയ്യുന്നത്. പാകിസ്ഥാൻ പച്ചനിറത്തിലുള്ള രേഖയെയാണ് അതിർത്തിയായി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ ഇന്ത്യ തർക്കവിഷയത്തിനെ ഉന്നയിക്കുന്നു. ഗുജറാത്തിലുള്ള കിഴക്കൻ തീരത്തായിട്ട് ക്രീക്ക് അതിർത്തി സ്ഥിതി ചെയ്യുന്നു.

നൂറ്റാണ്ടുകളായുള്ള തർക്കം

1908
- ഗ്രീക്ക് പ്രദേശത്ത് നിന്ന് വിറക് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് കച്ച് മേഖലയിലെ റാവു ഭരണാധികാരികൾക്കും സിന്ധ് പ്രവിശ്യയുടെ സർക്കാരിനുമിടയിൽ സംഘർഷം ഉടലെടുത്തു

1914
- മുംബൈ സർക്കാരിന്റെ പ്രമേയപ്രകാരം അനുസരിച്ച് ഗ്രീക്കിന്റെ കിഴക്കൻ തീരമാണ് അതിർത്തിയായി നിർണ്ണയിക്കപ്പെടുന്നത്. എന്നാൽ 10 വർഷത്തെ ഖണ്ഡിക പ്രകാരം കനാലിന്റെ മധ്യഭാഗമാണ് അതിർത്തിയായി കണക്കാക്കുന്നത് എന്നാൽ എല്ലാ പ്രദേശങ്ങളും മുംബൈ പ്രവിശ്യയുടെ പരിധിയിൽ ഉൾപ്പെട്ടതായിരുന്നു

1965 ഏപ്രിൽ മേയ്
- ഇന്ത്യാ പാകിസ്ഥാൻ സൈനികർ റാണാകച്ച് പ്രദേശത്ത് സൈനിക ആക്രമണം നടത്തി



1968 ഫെബ്രുവരി
- ഫെബ്രുവരി ഇന്ത്യാപാകിസ്ഥാൻ കച്ച് അതിർത്തിയിൽ ട്രൈബ്യൂണൽ അവാർഡ് നൽകുന്നു. ഇതിൽ ഇന്ത്യാക്കാർ 90 ശതമാനം അവകാശവാദം ഉന്നയിക്കുന്നു. എന്നാൽ ഇത് സർ ഗ്രീക്കിനെ ഉൾക്കൊള്ളുന്നില്ല

1997
- ഇന്ത്യയും പാകിസ്ഥാനും സംയോജിത സംഭാഷണം പുനരാരംഭിക്കുന്നു. അവരുടെ പ്രശ്നങ്ങളിൽ ന്യൂഡൽഹിയിലെ സർ ക്രീക്ക് തർക്കത്തിന്റെ പരിഹാരമാണ് നില നിൽക്കുന്നത്.

2005-2007
- ഇന്ത്യാ പാകിസ്ഥാൻ സംയുക്ത സംഗം സംയുക്തസംഘം സാർക്ക് പ്രദേശങ്ങളിൽ രണ്ട് പ്രാവശ്യം ഒത്ത് കൂടി അതിർത്തി തീരുമാനിച്ചു

2008
- ഇസ്ലാമാബാദിൽ നടന്ന സംയുക്ത സംഭാഷണത്തിന്റെ നാലാം റൗണ്ടിൽ ഒരു സർവ്വേയിലൂടെ സംയുക്തമായൊരു ഭൂപടം തയ്യാറാക്കി അംഗീകരിച്ചു.

2012 ജൂൺ
- ന്യൂഡൽഹിയിലെ സർ ക്രീക്ക് വിഷയത്തിൽ സംഭാഷണം പുനരാരംഭിച്ച ശേഷം ഇരു പക്ഷവും സുസ്ഥിരമായ സംഭാഷണത്തിലൂടെ പ്രശ്നത്തിന്റെ രമ്യമായ പരിഹാരം കണ്ടെത്താനുള്ള അവരുടെ ആഗ്രഹം അറിയിച്ചു

മുഖ്യമായ കലാപ ആക്രമണങ്ങളുടെ പട്ടിക

- ജമ്മു കാശ്മീർ ആസ്ഥാനത്തിന്റെ നിയമസഭ മന്ദിരത്തിനു നേരെ കലാപകാരികളുടെ ആക്രമണം: 2001-ൽ ഒക്ടോബർ 1-ാം തീയതി ജമ്മു കാശ്മീർ സംസ്ഥാന നിയമസഭാമന്ദിരത്തിന് സമീപം ഒരു കാർ ബോംബ് പൊട്ടിത്തെറിച്ച് 27 പേർ തൽക്ഷണം മരിക്കാനിടയായി. ഇത് കാശ്മീരി തീവ്രവാദികളെ കുറ്റപ്പെടുത്തിയ ആക്രമണമായിരുന്നു. 2001 ഡിസംബറിൽ ഇന്ത്യൻ പാർലമെന്റിനെതിരായ ആക്രമണത്തിനു പുറമേ ഇന്ത്യയ്ക്കെതിരായ ഏറ്റവും പ്രധാനപ്പെട്ട നിഷ്ഠൂരമായ ആക്രമണമാണിത്.
- അബ്ദുൾ ഘാനി ലോണിന്റെ വധം: അബ്ദുൾ ഘാനി ലോൺ ഒരു പ്രമുഖ സർവ്വകക്ഷി ഹൂറിയത്ത് സംഘടനയുടെ നേതാവാണ്. ശ്രീനഗറിൽ നടന്ന അനുസ്മരണ റാലിക്കിടെ അജ്ഞാതനായ തോക്കുധാരികൾ കൊലപ്പെടുത്തി. ഈ കൊലപാതകത്തിനെതിരെ വ്യാപകമായ പ്രകടനങ്ങൾ നടന്നു. ലോണിന് മതിയായ സുരക്ഷ നൽകുന്നതിൽ വീഴ്ച സംഭവിച്ചതായി കരുതിയാണ് പ്രകടനം.

12th_MAI_Political Science_Unit_10.indd 215 2/28/2023 1:06:28 PM

കാലനിർണ്ണയ രേഖഇന്ത്യ-പാകിസ്ഥാൻ ബന്ധങ്ങൾ ആണവായുധ സജ്ജരായ ര≠ ദക്ഷിണേഷ്യൻ അയൽരാജ്യങ്ങളുടെ ദൃഢമായ ബന്ധം കാലനിർണ്ണയ പട്ടികയിലൂടെ

S. No.	വർഷം	പ്രധാന സംഭവങ്ങൾ
1.	1947	ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്ന് പിൻമാറുന്നതിന്റെ ഭാഗമായി ബ്രിട്ടൺ യഥാക്രമം ആഗസ്റ്റ് 14-ഉം 15-ഉം തീയതികളിൽ മതേതര (എന്നാൽ പ്രധാനമായും ഹിന്ദു) ഇന്ത്യ, മുസ്ലീം പാകിസ്ഥാൻ എന്നീ രണ്ടു രാജ്യങ്ങളായിട്ട് വിഭജിക്കുന്നു.
2.	1947/48	ആദ്യത്തെ ഇന്ത്യൻ പാകിസ്ഥാൻ യുദ്ധം നടന്നപ്പോൾ സായുധരായ (ലഷ്ക്കർ) ഗോത്രവർഗ്ഗക്കാർ പാകിസ്ഥാന്റെ വടക്കുപടിഞ്ഞാറെൻ മുന്നണി പ്രവിശ്യയിൽ നിന്ന് (ഇപ്പോഴത്തെ ബൈർ-പഖ്തുൻക) വിവാദ ഭൂപ്രദേശത്ത് 1947-ാം ആണ്ട് ഒക്ടോബറിൽ നുഴഞ്ഞ്കയറി.
3.	1954	ജമ്മു കാശ്മീർ ഇന്ത്യയിലേയ്ക്ക് ലയിപ്പിക്കുന്നതിന് ഘടകസഭ അംഗീകരിച്ചു.
4.	1963	1962-ലെ ചൈന-ഇന്ത്യൻ യുദ്ധത്തെ തുടർന്ന് ഇന്ത്യയിലെയും പാകിസ്ഥാനിലെയു വിദേശകാര്യ മന്ത്രിമാരായ സ്വരൺ സിംഗ്, സുൽഫിക്കർ അലി ബൂട്ടോ എന്നിവർ കാശ്മീർ തർക്കം സംബന്ധിച്ച് ബ്രിട്ടീഷ്കാരുടെയും അമേരിക്കക്കാരുടെയും ആഭിമുഖ്യത്തിൽ ചർച്ച നടത്തുന്നു.
5.	1964	1963-ലെ ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് പാകിസ്ഥാൻ-കാശ്മീർ കേസ് ഐക്യരാഷ്ട്രസഭാ സുരക്ഷാസമിതിയിൽ പരാമർശിക്കുന്നു.
6.	1965	ഇന്ത്യയും പാകിസ്ഥാനും രണ്ടാമത്തെ പ്രാവശ്യം യുദ്ധം ചെയ്യുന്നു.
7.	1966	1966 ജനുവരി 10-ാം തീയതി ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും പാകിസ്ഥാൻ പ്രസിഡന്റ് അയൂബ് ഖാനും താഷ്ക്കന്റിൽ (ഇപ്പോൾ ഉസ്ബസ്ക്കിസ്ഥാൻ) വച്ച് കരാറിൽ ഒപ്പിട്ടു. ഇതിൽ ആഗസ്റ്റിനു മുമ്പുള്ള രേഖകൾ പിൻവലിക്കാമെന്നും സാമ്പത്തിക നയതന്ത്ര ബന്ധം പുനഃസ്ഥാപിക്കാമെന്നും സമ്മതിച്ചു.
8.	1971	ഇന്ത്യയും-പാകിസ്ഥാനും മൂന്നാം പ്രാവശ്യം യുദ്ധത്തിന് തയ്യാറാകുന്നു. ഇപ്രാവശ്യം കിഴക്കൻ പാകിസ്ഥാനിൽ.
9.	1972	പാകിസ്ഥാൻ പ്രധാനമന്ത്രി സുൽഫിക്കർ അലി ഭൂട്ടോയും ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയും ഇന്ത്യൻ പട്ടണമായ സിംലയിൽ വച്ച് കരാറിൽ ഒപ്പിടുന്നു.
10.	1974	കാശ്മീർ സംസ്ഥാന സർക്കാരിന്റെ ''ഐക്യ ഇന്ത്യയുടെ ഘടകമാണ് കാശ്മീർ'' എന്ന പ്രസ്താവനയെ പാകിസ്ഥാൻ സർക്കാർ നിരസിക്കുന്നു.
11.	1988	കാശ്മിർ താഴ്വരയിലെ സായുധ പ്രതിരോധം ആണവ പ്രതിരോധ സ്ഥാപനങ്ങളെ ആക്രമിക്കില്ലെന്ന കരാറിൽ രണ്ടു രാജ്യങ്ങളും ഒപ്പുവച്ചു.
12.	1989	കാശ്മീർ താഴ്വരയിലെ സായുധ പ്രതിരോധം ആരംഭിക്കുന്നു.
13.	1992	രാസായുധം ഉപയോഗിക്കുന്നത് നിരോധിക്കുന്ന സംയുക്ത പ്രഖ്യാപനം ന്യൂഡൽഹിയിൽ ഒപ്പുവച്ചു.
14.	1998	ഇന്ത്യ അഞ്ച് ആണവായുധ പരീക്ഷണങ്ങൾ പൊഖ്റാനിൽ നടത്തിയപ്പോൾ പാകിസ്ഥാൻ അവരുടെതായ ആറ് ആണവായുധ പരീക്ഷണങ്ങൾ നടത്തിയതായി പറയുന്നു.
15.	1999	ലാഹോറിൽ ഇന്ത്യൻ പ്രധാനമന്ത്രി അടൽബിഹാരി വാജ്പേയിയും പാകിസ്ഥാൻ പ്രസിഡന്റ് നവാസ് ഷെരീഫും കൂടിക്കാഴ്ച നടത്തിയ അതേവർഷം ഇന്ത്യയും പാകിസ്ഥാനും തമ്മിൽ കാർഗിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു.
16.	2001	രാജ്യാതിർത്തിയായ നിയന്ത്രണ രേഖയിൽ സംഘർഷങ്ങൾ രൂപംകൊണ്ട സാഹചര്യത്തിൽ കാശ്മീർ ആക്രമണം വീണ്ടും ഉണ്ടായി. ഏക ദേശം 38 സൈന്യകർ കൊല്ലപ്പെട്ടു.
17.	2007	ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ട്രെയിൻ ഗതാഗതത്തിൽ (സംജ്യോതാ എക്സ്പ്രസ്സ്) ന്യൂഡൽഹിയുടെ വടക്ക് പ്രദേശമായ പാനിപ്പെട്ട് എന്ന സ്ഥലത്ത് സ്പോടനം നടത്തിയതിന്റെ ഫലമായി ഏകദേശം 68 നിരപരാധികളായ യാത്രാക്കാർ കൊല്ലപ്പെടുകയും കുറെ യാത്രക്കാർക്ക് പരിക്കേൽക്കുകയും ചെയ്തു.
18.	2012	ഇന്ത്യയുടെ സാമ്പത്തിക തലസ്ഥാനമായ മുംബൈയിൽ നടന്ന ഭീകര ആക്രമണത്തിൽ 160 നിരപരാധികളെ കൊന്ന ഭീകര തീവ്രവാദിയായ കസബിനെ ഇന്ത്യ വധിച്ചു. പ്രസ്തുത ആക്രമണത്തിന്റെ നാലാം വാർഷികത്തിന് ദിവസങ്ങൾക്കു മുമ്പാണ് കസബിനെ തൂക്കിലേറ്റിയത്.
19.	2016	ഇന്ത്യൻ സൈനിക താവളത്തിന് നേരെ ഉണ്ടായ ആക്രമണത്തിൽ ഏകദേശം 19 ധീര സൈനികർ കൊല്ലപ്പെട്ടു. അതിനു പകരമായി സെപ്റ്റംബർ മാസത്തിൽ പാകിസ്ഥാൻ അധിനിവേശ കാശ്മീരിൽ തീവ്രവാദ പ്രവർത്തനം നടത്തുന്ന കേന്ദ്രത്തിൽ ഒരു കൃത്യമായ ആക്രമണം നടത്തപ്പെട്ടു.
20.	2019	ഫെബ്രുവരി 26-ാം തീയതി പുലർച്ചെ പാകിസ്ഥാൻ ആസ്ഥാനമായുള്ള തീവ്രവാദ വിമത സംഘടനയിലുള്ള ജയ്ഷെ-ഇ-മുഹമ്മദ് (ജെ ഇ മു) നയിച്ചിരുന്ന ഏറ്റവും വലിയ പരിശീലന കേന്ദ്രത്തെ ലക്ഷ്യമിട്ട് ആക്രമണം നടത്തി. ഈ ആക്രമണത്തിൽ അനേകം തീവ്രവാദികൾ കൊല്ലപ്പെട്ടു.

❖ 2008-ാം ആണ്ടിലെ മുംബൈ ആക്രമണങ്ങൾ (26/2011) ൽ നടന്ന ഭീകര ആക്രമണത്തെ സൂചിപ്പിക്കുന്നു. ഇത് തീവ്രവാദി ആക്രമണ പാരമ്പര്യ തുടർച്ചയായ 2008 നവംബറിൽ ന

ടന്ന ഭീകര ആക്രമണത്തെക്കുറിച്ച്:- പാകിസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇസ്ലാമിക ഭീകര സംഘടനയായ ലഷ്കർ-ഇ-തോയ്ബയിലെ 10 അംഗങ്ങൾ മുംബൈയിൽ ഉടനീളം 12 സ്ഥലങ്ങളിലായി ഏകോപി

12th_MAI_Political Science_Unit_10.indd 216 2/28/2023 1:06:28 PM

ച്ച് വെടിവയ്പ്പും, ബോംബാക്രമണവും നടത്തി. ഈ ഭീകര ആക്രമണത്തെ ലോക രാജ്യങ്ങളെല്ലാം ശക്തമായിട്ട് അപലപിച്ചു. ഈ ഭീകര ആക്രമണം നവംബർ 26-ാം തീയതി ആരംഭിച്ച് 2008 നവംബർ മാസം 28-ാം തീയതി ശനിയാഴ്ച വരെ നീണ്ടു നിന്നു. 9 ആക്രമണകാരികളടക്കം ഏകദേശം 174 പേർ കൊല്ലപ്പെടുകയും ഏകദേശം 300 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

- 2016 ഉറി ആക്രമണം:- ഇന്ത്യൻ സംസ്ഥാനമായ ജമ്മു കാശ്മീരിലെ ഉറി എന്ന പട്ടണത്തിന് സമീപം 2016-ാം ആണ്ടിൽ സെപ്റ്റംബർ 18 ന് ആയുധധാരികളായ 4 തീവ്രവാദികൾ നടത്തിയ ഭീകരാക്രമണത്തിൽ ഏകദേശം 18 പേർ കൊല്ലപ്പെടുകയും 20-ൽപ്പരം ആളുകൾക്ക് പരിക്കേൽക്കുകയും ചെയ്തു. രണ്ടു ദശകത്തിനിടെ കാശ്മീരിലെ സുരക്ഷാ സേനയ്ക്കെതിരായ ഏറ്റവും ഭീകരമായ ആക്രമണം എന്നാണ് റിപ്പോർട്ട്.

- 2019-പുൽവാമ ആക്രമണം:- 2019 ഫെബ്രുവരി 14-ാം തീയതി ജമ്മു ശ്രീനഗർ ദേശീയ പാതയിൽ സുരക്ഷാ ഉദ്യോഗസ്ഥരുമായി പോകുന്ന വാഹനങ്ങളുടെ ഒരു സംഘത്തെ ജമ്മു കാശ്മീർ സംസ്ഥാനത്ത് പുൽവാമ ജില്ലയിലെ അവന്തിപുരയ്ക്കടുത്ത് ലെത്പോരയിൽ വച്ച് ചാവേർ സംഘത്തിന്റെ വാഹനമോടിച്ച് ബോംബെറിഞ്ഞ് ആക്രമണം നടത്തുകയുണ്ടായി. ഈ ആക്രമണത്തിൽ ഏകദേശം കേന്ദ്രസേനയുടെ പൊലീസ് വിഭാഗത്തിലുള്ള 38 സൈനികർ (സി ആർ പി എഫ്) കൊല്ലപ്പെട്ടു. പാകിസ്ഥാൻ ആസ്ഥാനമായുള്ള ജയ്ഷ്-ഇ-മുഹമ്മദ് എന്ന ഇസ്ലാമിക തീവ്രവാദ സംഘടനയാണ് ഈ ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തത്.

10.3 ഇന്ത്യ-ബംഗ്ലാദേശ് ബന്ധങ്ങൾ



ഇന്ത്യയുടെ ഏറ്റവും പ്രധാനപ്പെട്ട അയൽ രാജ്യങ്ങളിൽ ഒന്നാണ് ബംഗ്ലാദേശ്. ദഷിണേഷ്യൻ മേഖലയിലെ ഇന്ത്യയുടെ പ്രധാന പങ്കാളി കൂടിയാണ്. ഇത് കിഴക്കൻ മേഖലയുടെ വടക്കു ഭാഗത്തും തെക്ക്-കിഴക്കൻ ഏഷ്യയിലേയ്ക്കുമുള്ള ഒരു പാലമായി സ്ഥിരത കൈവരിക്കുന്നു. ഇന്ത്യയുടെ 'ലുക്ക്' ഈസ്റ്റ് നയത്തിന്റെ പ്രധാന ലിഞ്ച്പിൻ ആണ്.

1970 ബംഗാളി അവാമി ലീഗ് എന്ന രാഷ്ട്രീയ കക്ഷിയാണ് പാകിസ്ഥാൻ ദേശീയ തിരഞ്ഞെടുപ്പിൽ വിജയിച്ചത്. എന്നാൽ പശ്ചിമ പാകിസ്ഥാൻ ഈ തിരഞ്ഞെടുപ്പ് ഫലത്തെ അംഗീകരിക്കാതെ അവാമി-ലീഗ് കക്ഷി പ്രക്ഷോഭം നടത്തി. ഈ പ്രക്ഷോഭത്തെ അടിച്ചമർത്താൻ ക്രൂരമായ ബലപ്രയോഗം നടത്തുകയും ചെയ്തു. ഈ സാഹചര്യം യുദ്ധ സന്നാഹത്തിലേക്ക് നയിക്കപ്പെട്ടു. സായുധരായ കിഴക്കൻ ബംഗാളികൾ ചേർന്ന് മുക്തിബാഹി (സ്വാതന്ത്ര്യ സേന) രൂപീകരിച്ചു. പരിശീലനത്തിലൂടെയും ആയുധ വിതരണത്തിലൂടെയും മുക്തിസാഹിനിയ്ക്ക് ഇന്ത്യ നൽകിയ പിന്തുണ അവർക്ക് കൂടുതൽ ഉത്തേജനം ലഭിച്ചു. ഇന്ത്യയ്ക്കെതിരെ പാകിസ്ഥാന്റെ മുൻകൂട്ടിയുള്ള പണിമുടക്ക് കിഴക്കൻ സൈന്യമായ പാകിസ്ഥാനെ ആക്രമിക്കാൻ ആവശ്യമായ ന്യായീകരണം നൽകി. 1971 ഡിസംബറോടെ ബംഗ്ലാദേശ് ഒരു പ്രത്യേക സ്വതന്ത്ര രാഷ്ട്രമായി ഉയർന്നു.



രവീന്ദ്രനാഥ ടാഗോർ

1947-ാം ആണ്ടിനു മുമ്പുള്ള ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ആശയവുമായി പിന്തുടർന്നാൽ ബംഗ്ലാദേശുമായുള്ള ചരിത്രപരമായ ബന്ധം കണ്ടെത്താൻ കഴിയുന്നതാണ്. ഇരു രാജ്യങ്ങളിലേയും ജനങ്ങൾ സാമൂഹികം, സാംസ്ക്കാരികം, മതം, ഭാഷ എന്നീ കാര്യങ്ങളിൽ പരസ്പര ബന്ധം ഉള്ളതായി കാണാം. എന്തിനധികം, ഒരേ കവിയായ രവീന്ദ്രനാഥ ടാഗോർ എഴുതിയ ദേശീയഗാനം ആലപിച്ചതിന്റെ ബഹുമതിയും ഇരു രാജ്യങ്ങൾക്കും അവകാശപ്പെട്ടതാണ്. ഇന്ത്യയുടെ പിന്തുണയോടെ ബംഗ്ലാദേശ് രൂപീകരിച്ചത് ദക്ഷിണേന്ത്യയുടെ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ്.

12th_MAI_Political Science_Unit_10.indd 217 2/28/2023 1:06:28 PM

ഇന്ത്യക്ക് ഒരു സൗഹൃദ അയൽക്കാരനാകാൻ പുതിയ സംസ്ഥാനത്തിന്റെ നിയമനം അവസരമൊരുക്കി. 1972 ജനുവരിയിൽ മുജിബുർ റഹ്മാൻ ബംഗ്ലാദേശ് പ്രധാനമന്ത്രിയായി അധികാരമേറ്റു. അദ്ദേഹത്തിന്റെ ഭരണകാലഘട്ടം ഇന്ത്യ-ബംഗ്ലാദേശ് ബന്ധത്തിലെ ഏറ്റവും മികച്ച കാലഘട്ടമായി കണക്കാക്കുന്നു. മാത്രവുമല്ല അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഇന്തോ-ബംഗ്ലാദേശ് സൗഹൃദ ഉടമ്പടി ഒപ്പുവയ്ക്കലിന് സാക്ഷ്യം വഹിച്ചത്.


ഷേക് ഹസീനയും ബീഗം ഖാലിദ സിയായും

ഇന്തോ ബംഗ്ലാദേശ്ബന്ധങ്ങളിലെ പ്രശ്നങ്ങൾ

1. ഫറാക്ക ബാരേജ്: ഇന്തോ-ബംഗ്ലാദേശ് ബന്ധം വഷളാക്കാൻ കാരണമായ വിവിധ പ്രശ്നങ്ങളിൽ ഒന്ന് ബംഗ്ലാദേശ് അതിർത്തിയിൽ നിന്ന് 11 മൈൽ അകലെയുള്ള പശ്ചിമ ബംഗാളിലെ ഫറാക്ക എന്ന സ്ഥലത്ത് ഒരു അണക്കെട്ട് നിർമ്മിക്കപ്പെട്ടതാണ്. ഈ അണക്കെട്ട് അന്താരാഷ്ട്ര ശ്രദ്ധ നേടി. ഹൂഗ്ലി നദി സുഗമമായി ഒഴുകുന്നതിനും മലിനജലം പ്രത്യേക പാതകളിൽ കൂടി ഒഴുകുന്നതിനും കൊൽക്കത്ത തുറമുഖം പ്രവർത്തനക്ഷമമാക്കുന്നതിനും വ്യാവസായിക ഗാർഹിക ആവശ്യങ്ങൾക്കും കൊൽക്കത്തയിൽ നിന്നുള്ള ആവശ്യം നിറവേറ്റുന്നതിനും മറ്റു ജലസേചന ആവശ്യങ്ങൾക്കും ബാരാഷ് അണക്കെട്ട് ആവശ്യമാണെന്ന് ഇന്ത്യയെ പ്രേരിപ്പിച്ചു. 1970 മുതൽ പ്രാദേശിക അന്തർദേശീയ തലങ്ങളിൽ ചർച്ചകൾ നടന്നിട്ടും ശരിയായ പരിഹാരവുമായി അനുരഞ്ജനത്തിലെത്താൻ ഇരുരാജ്യങ്ങൾക്കും ഇതുവരെ കഴിഞ്ഞിട്ടില്ല.

2. ടീസ്റ്റാ ജലം പങ്കിടൽ : ടീസ്റ്റാ നദി ഏകദേശം 7068 മീറ്റർ (23,189 അടി) ഉയരത്തിൽ നിന്ന് ടീസ്റ്റാ കാങ്സെ ഹിമാനികളിലൂടെ തെക്ക് ദിക്കിലേക്ക് സിക്കിം, ബംഗ്ലാദേശ്, പശ്ചിമ ബംഗാൾ എന്നിവിടങ്ങളിലേക്ക് ഒഴുകുന്നു. ഈ നദി ബംഗ്ലാദേശിൽ പ്രവേശിച്ച് ബ്രഹ്മപുത്ര നദിയുമായി ലയിച്ച് ബംഗാൾ ഉൾക്കടലിലേക്ക് പതിക്കുന്നു. പ്രധാനമായി ജലസേചന ആവശ്യങ്ങൾക്കായി പശ്ചിമ ബംഗാൾ സർക്കാർ 1979 ൽ നദിയിൽ അണക്കെട്ടുകൾ നിർമ്മിക്കാൻ തുടങ്ങിയപ്പോഴാണ് തർക്കം ആരംഭിച്ചത്. ബംഗ്ലാദേശ് സമരക്കാൻ ഇതിനെ എതിർത്തു. ബംഗ്ലാദേശിലെ പ്രധാന നെല്ലുല്പാദന പ്രദേശങ്ങൾ പ്രത്യേകിച്ച് 'അരിസംഭരണം' ഉൾക്കൊണ്ട രംഗ്പൂർ പ്രദേശം ടീസ്റ്റ,ബ്രഹ്മപുത്രനദീതടത്തിലാണ് സ്ഥിതി ചെയ്യുന്നത്. 1983 ൽ ഒരു അഡ്ഹോക് (പ്രത്യേക കാര്യത്തിനായുള്ള) കരാർ രണ്ടു രാജ്യങ്ങൾക്കും വെള്ളം പങ്കിടലിനെ സംബന്ധിച്ച്-ഒപ്പിട്ടു. എന്നിട്ടും ഒരു നദീതീര ഉടമയായ ഇന്ത്യയ്ക്ക് വാഗ്ദാനം ചെയ്യപ്പെട്ട വെള്ളം നൽകാൻ കഴിഞ്ഞില്ല. രാഷ്ട്രീയമായി നദീജല വിതരണം ഇരു രാജ്യങ്ങളെയും ഇപ്പോഴും വേട്ടയാടിക്കൊണ്ടിരിക്കുന്നു

3. ന്യൂമൂർ ദ്വീപ് അല്ലെങ്കിൽ തെക്കൻ തൽപ്പാട്ടി

ഗംഗ, ബ്രഹ്മപുത്ര, ഡെൽറ്റാ മേഖലയുടെ തീരത്തുള്ള ബംഗാൾ ഉൾക്കടലിൽ ജനവാസമില്ലാത്ത ഒരു ചെറിയ മണൽത്തിട്ട രൂപത്തിലുള്ള കടൽത്തീരമാണ്. 1970 ൽ ഉണ്ടായ ഭോല ചുഴലിക്കാറ്റിനെ തുടർന്ന് ബംഗാൾ ഉൾക്കടലിൽ ഇത് ഉയർന്നു വന്നു. പിന്നീട് ചില സമയങ്ങളിൽ ഇത് അപ്രത്യക്ഷമായി. ഏകദേശം 30 വർഷക്കാലമായി ഇന്ത്യയും ബംഗ്ലാദേശും ബംഗാൾ ഉൾക്കടലിലെ ഒരു ചെറിയ പാറ ദ്വീപിന്റെ നിയന്ത്രണത്തെക്കുറിച്ചു തർക്കത്തിലാണ്. പിന്നീട് 2010 ൽ സമുദ്ര നിരപ്പ് ഉയർന്ന് ദ്വീപ് വെള്ളത്തിൽ മുങ്ങിത്താണു. സുന്ദർബന്നിലെ ന്യൂമൂർ ദ്വീപ് പൂർണ്ണമായി വെള്ളത്തിൽ മുങ്ങുകയും അതിന്റെ തിരോധനം ഉപഗ്രഹ ചിത്രങ്ങൾ വഴിയും കടൽ പട്രോളിംഗ് വഴിയും സ്ഥിരികരിക്കപ്പെട്ടു. ടീസ്റ്റാ ബംഗാൾ ഉൾക്കടലിൽ കഴിഞ്ഞ ദശകത്തിൽ സമുദ്ര നിരപ്പ് ഉയർന്ന തോതിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെന്ന് സമുദ്ര പഠന ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ദ്വീപിൽ ജനവാസമില്ലാത്തതും സ്ഥിരതാമസക്കാരായ ആരും തന്നെ ഇല്ലാത്തതിനാലും ഇരു രാജ്യങ്ങളും ദ്വീപിനുമേലുള്ള അവകാശം ഉന്നയിക്കപ്പെട്ടു, കാരണം അവിടെ പ്രകൃതി വാതകവും എണ്ണസമ്പത്തും ധാരാളം ഉള്ളതുകൊണ്ടുതന്നെയാണ്.

12th_MAI_Political Science_Unit_10.indd 218 2/28/2023 1:06:28 PM

പ്രമേയം : 2014 ജൂലൈയിൽ പി എ സി കോടതിയിൽ പ്രസ്തുത തർക്കത്തിന് വിരാമമിട്ടു കൊണ്ട് ബംഗ്ലാദേശിന് അനുകൂലമായ ഒരു തീർപ്പ് ഉണ്ടായി. ബംഗാൾ ഉൾക്കടലിൽ ഇന്ത്യയുമായി 25,000 കി.മീ ദൈർഘ്യമുള്ള തർക്കപ്രദേശത്ത് 19,467 കി.മീ. ബംഗ്ലാദേശിന് പി എ സി കോടതി വിധിച്ചു. എന്നിരുന്നാലും, ബംഗാൾ ഉൾക്കടലിന്റെ ഭാഗമായ ന്യൂമൂർ ദ്വീപ് മുങ്ങിത്താഴ്ന്നു.



ഇന്ത്യാ-ബംഗ്ലാദേശ് അതിർത്തി

ഇന്ത്യയ്ക്കും ബംഗ്ലാദേശിനും ഏകദേശം 2,979 കി. മീ. കരഭാഗ അതിർത്തിയും 1116 കിലോമീറ്റർ നദീ തീര അതിർത്തിയുമുണ്ട്. ബ്രഹ്മപുത്ര നദി ഉൾപ്പെടെ 54 സാധാരണ നദികളും ഇവ പങ്കിടുന്നു. ഇന്ത്യയുടെ പശ്ചിമ ബംഗാൾ, മേഘാലയ, മിസോറാം, ആസാം, ത്രിപുര എന്നീ സംസ്ഥാനങ്ങൾ ബംഗ്ലാദേശുമായി 4096 കി.മീ. അതിർത്തി പങ്കിടുന്നു. ത്രിപുരയും മറ്റു വടക്കു കിഴക്കൻ ഭാഗങ്ങളിലും ബംഗ്ലാദേശ് ചുറ്റപ്പെട്ടു കിടക്കുന്നു. മ്യാൻമർ, ഭൂട്ടാൻ, ചൈന എന്നീ രാജ്യങ്ങളിലേക്കുള്ള ഏക മാർഗ്ഗം ഇന്ത്യയ്ക്കുള്ളിൽ നിന്ന് ആസാമിലൂടെയും പശ്ചിമ ബംഗാളിലൂടെയും സിലഗുരി അല്ലെങ്കിൽ കോഴിക്കഴുത്ത് ആകൃതിയിലുള്ള ഇടനാഴിയിൽ കൂടിയുള്ള മാർഗ്ഗമാണ്.

4. ചക്മാസ് അഭയാർത്ഥി പ്രശ്നം: ചിറ്റഗോങ് മലയോര പ്രദേശങ്ങളിൽ താമസിക്കുന്ന ചക്മകളും ഹജോങ്ങളും 1964-1965 കാലഘട്ടങ്ങളിൽ കിഴക്കൻ പാകിസ്ഥാനിൽ നിന്ന് പാലായനം ചെയ്തു. കാരണം അവർക്ക് കർണഫൂലി നദിക്കരയിലുള്ള ഭൂമി നഷ്ടപ്പെടുകയും കപ്തായ് അണക്കെട്ടിന്റെ വികസനത്തിൽ മതപരമായ പീഡനങ്ങളാലും നേരിടേണ്ടതായി വന്നിട്ടുണ്ട്. അമുസ്ലിങ്ങളായ അവർ ബംഗാളി ഭാഷ സംസാരിച്ചിരുന്നില്ല എന്നതും ഒരു കാരണങ്ങളിൽപ്പെടുന്നു. അവർ ഇന്ത്യയിൽ അഭയം തേടി. ഇന്ത്യൻ സർക്കാർ അരുണാചൽ പ്രദേശിൽ അവർക്ക് ക്യാമ്പുകൾ സ്ഥാപിച്ചു കൊടുത്തു. അവരിൽ ഭൂരിഭാഗവും അഞ്ചു പതിറ്റാണ്ടുകൾ പിന്നിട്ടിട്ടും അതേ സ്ഥലത്തുതന്നെയാണ് താമസിക്കുന്നത്. 2011 -ലെ ജനസംഖ്യ കണക്കെടുപ്പനുസരിച്ച് ഏകദേശം 47471 ചക്മകൾ അരുണാചൽ പ്രദേശിൽ മാത്രം താമസിക്കുന്നു.

5. അതിർത്തി പ്രശ്നം: പശ്ചിമ ബംഗാൾ, അസം, മേഘാലയ, ത്രിപുര, മിസോറാം എന്നീ 5 സംസ്ഥാനങ്ങളിലൂടെ ഏകദേശം 4096 കി.മീ ദൈർഘ്യമുള്ള അതിർത്തി ഇന്ത്യയും ബംഗ്ലാദേശും പങ്കിടുന്നു. ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ 162 പ്രവേശന കവാടങ്ങളുണ്ട്. അതിർത്തിക്കപ്പുറത്ത് താമസിക്കുന്ന കള്ളക്കടത്തുകാർ, മനുഷ്യക്കടത്തുകാർ, തീവ്രവാദ കലാപകാരികൾ എന്നിവരുടെ പ്രധാന നുഴഞ്ഞുകയറ്റ കേന്ദ്രമായി അതിർത്തി പ്രദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. അതിനാൽ അതിർത്തി നിർവ്വഹണം ഇരുരാജ്യങ്ങൾക്കും വലിയ വെല്ലുവിളിയായി മാറിയിരിക്കുന്നു.

ഇന്ത്യയും ബംഗ്ലാദേശും തമ്മിലുള്ള ചർച്ചയിലൂടെ 50 പ്രവേശന കവാടങ്ങൾ ഇന്ത്യയിലേയ്ക്കും 111 കവാടങ്ങൾ ബംഗ്ലാദേശിലേയ്ക്കും മാറ്റി സ്ഥാപിച്ചു. അതിർത്തി പ്രശ്നം ഒരു പരിധിവരെ തരംതിരിക്കപ്പെടുമ്പോൾ അനധികൃത ആയുധക്കടത്ത്, മനുഷ്യക്കടുത്ത്, മയക്കുമരുന്ന് കടത്ത്, അതിർത്തി കടന്നുള്ള ഭീകരത തുടങ്ങിയ അനുബന്ധ പ്രശ്നങ്ങളിലൂടെ ഇന്ത്യയേയും ബംഗ്ലാദേശിനെയും നിരന്തരം വേട്ടയാടിക്കൊണ്ടിരിക്കുന്നു.

വ്യാപാരവും സംയോജിക്കലും

- കഴിഞ്ഞ 5 വർഷത്തിനിടയിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള വ്യാപാരം ഏകദേശം 17 ശതമാനത്തോളം വളർന്നിരിക്കുന്നു.
- കൊൽക്കത്തക്കും ധാക്കക്കും ഇടയിൽ ഒരു ബസ് സർവ്വീസും തീവണ്ടി സർവ്വീസും ആരംഭിച്ചു.
- ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനായി അഷുഗഞ്ച്-സാകിഗഞ്ച് കുഷിയാര നദിയുടെയും സിരാജ്ഗഞ്ച്-ധൈക്കാവ ജമുന നദിയുടെയും വികസനത്തെക്കുറിച്ച് ഒരു ധാരണാ പത്രത്തിൽ ഒപ്പുവച്ചു. ഇത് ചരക്ക് നീക്കൽ ചെലവ് കുറയ്ക്കുവാൻ സഹായിക്കുന്നു. വടക്കു കിഴക്കു ഇന്ത്യയിലേയ്ക്കുള്ള സഞ്ചാരം സിലിഗുരിയുടെ കോഴിക്കഴുത്ത് ഇട

12th_MAI_Political Science_Unit_10.indd 219 2/28/2023 1:06:29 PM

നാഴിയിലൂടെയുള്ള തിരക്ക് കുറയ്ക്കുകയും ചെയ്യുന്നു.

- യാത്രാവണ്ടി, ചരക്കു തീവണ്ടി തുടങ്ങിയുള്ള സംരംഭങ്ങൾ ബംഗ്ലാദേശിനും വടക്കു കിഴക്കൻ ഇന്ത്യക്കും പ്രയോജനകരമാകുന്നതിനാൽ കൂട്ടിയോജിപ്പിക്കൽ പരസ്പരം താൽപ്പര്യമുള്ള പ്രശ്നമാണ്.
- ഭൂട്ടാൻ, ബർമ്മ, ഇന്ത്യ, നേപ്പാൾ എന്നിവയുമായുള്ള ഉപ-പ്രാദേശിക സഹകരണത്തിന്റെ ഭാവിയെ രൂപപ്പെടുത്തുന്നതിലും ധാക്ക തലസ്ഥാന പട്ടണത്തിന് മുഖ്യപങ്കുണ്ട്. കിഴക്ക് ഏഷ്യയിലേയ്ക്കുള്ള ഒരു കരപാലം ഭാവിയിൽ ബംഗാൾ ഉൾക്കടലിന്റെ കൂട്ടായ്മയാണ്..
- എന്നിരുന്നാലും സമകാലീന ഏഷ്യൻ ഭൗതിക രാഷ്ട്രതന്ത്രതത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം പ്രവേശന കവാടവും കൂട്ടിയോജിപ്പിക്കലുമാണ്. 2016-ൽ ചൈനീസ് പ്രസിഡന്റ് ഷിങ് ജിങ് പിങ് ബംഗ്ലാദേശ് സന്ദർശിച്ചപ്പോൾ ബൽറ്റ് റോഡ് സംഘടനയിൽ (ബി ആർ ഐ) ചേരാൻ സമ്മതിച്ചു.
- ചിറ്റഗോംഗിലെ ആഴക്കടൽ തുറമുഖം ഉൾപ്പെടെ രാജ്യത്ത് നിരവധി അടിസ്ഥാന പദ്ധതികളിൽ ഇതിനകം നിക്ഷേപം നടത്തിയിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ വിഷയങ്ങൾ ബി ആർ ഐ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാദ്ധ്യതയുണ്ട്.

ഊർജ്ജ സഹകരണം

- 2013 മുതൽ പശ്ചിമ ബംഗാളിൽ നിന്ന് 500 മെഗാവാട്ട് വൈദ്യുതിക്ക് പുറമേ ബംഗ്ലാദേശിലേയ്ക്ക് 160 മെഗാവാട്ട് വൈദ്യുതി വിതരണം ചെയ്യുന്ന ഇന്ത്യൻ സംസ്ഥാനമായ ത്രിപുരയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ഊർജ്ജ സഹകരണം വളരെയധികം അനുകൂലമാണ്.
- ബംഗ്ലാദേശിൽ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ഇന്ത്യയിൽ നിന്ന് 100 മെഗാവാട്ട് അധിക വൈദ്യുതി ലഭ്യമാക്കുന്നത് ചർച്ചയുടെ ഘട്ടത്തിലായിരിക്കുന്നു.

പ്രതിരോധ സഹകരണം

- ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ ഒരു പ്രതിരോധ ഉടമ്പടി ഒപ്പുവയ്ക്കുമെന്ന് ചർച്ചകൾ നടക്കുന്നുണ്ട്. ഇത് ദീർഘകാല പ്രതിരോധ കരാർ ആയിരിക്കും. ഇത് പ്രതിരോധ സഹകരണം, വിവരങ്ങൾ പങ്കിടൽ, സംയുക്ത പരിശീലനങ്ങൾ തുടങ്ങിയവയാണ്. എന്നിരുന്നാലും ബംഗ്ലാദേശിന്റെ ഏറ്റവും വലിയ പ്രതിരോധ പങ്കാളി ചൈനയാണെന്ന് കണക്കിലെടുത്ത് സുരക്ഷാ ആശങ്കകൾ എവിടെ നിന്ന് പരിഹരിക്കാമെന്ന് ഇന്ത്യ കണ്ടെത്തേണ്ടതുണ്ട്.
- ഇന്ത്യയുമായുള്ള സുരക്ഷാ സഹകരണം വികസിപ്പിക്കുന്നത് ധാക്കയുടെ ആഗോള ലാഭം വർദ്ധിപ്പിക്കാനാണ് സാദ്ധ്യത. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ബംഗ്ലാദേശുമായുള്ള ശക്തമായ പങ്കാളിത്തം കിഴക്കൻ ഉപഭൂഖണ്ഡത്തിലെ സമാധാനത്തിന്റെയും സമൃദ്ധിയുടെയും സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കും.
- പരമാധികാര തുല്യതയുടെയും ഭൗമരാഷ്ട്രീയ യഥാർത്ഥ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ കരാർ നമുക്ക് വളരെയധികം മുന്നോട്ട് പോകും

ഇന്ത്യ-ബംഗ്ലാദേശ് ബന്ധം മൂന്ന് T എന്ന അക്ഷരത്തിൽ തുടങ്ങുന്ന പദങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നതായി സംഗ്രഹിക്കാം. 1. തീവ്രവാദം പരിഹരിക്കൽ 2. വ്യാപാരം + പരിവർത്തനം 3. ടീസ്റ്റ ഉടമ്പടി ഇവയെല്ലാം പരിഹരിക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതിനാർ ദില്ലിയും ധാക്കയും തമ്മിലുള്ള പരസ്പര വിശ്വാസവും രാഷ്ട്രീയ ആശ്വാസവും പ്രശ്നങ്ങൾക്ക് കാരണമാവുകയും ഇന്ത്യയുടെ വടക്ക് കിഴക്ക് മേഖലയെ മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുന്നു. ഇത് ദീർഘകാല പരിണത ഫലമാണ്.

10.4 ഇന്ത്യ-ചൈന ബന്ധങ്ങൾ



1949-ാം ആണ്ടിനു ശേഷമാണ് ഇന്ത്യ-ചൈന ബന്ധങ്ങളുടെ ആധുനിക കാലഘട്ടത്തിലുള്ള ഊഷ്മളമായ ബന്ധം ആരംഭിക്കുന്നത്. ചൈന ഒരു കമ്മ്യൂണിസ്റ്റ് രാജ്യമായപ്പോൾ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈന എന്ന പുതിയ സർക്കാരിനെ അംഗീകരിച്ച ആദ്യത്തെ രാജ്യമാണ് ഇന്ത്യ. എന്നാലും ചൈനയുടെ സൈന്യം ടിബറ്റിനെ ആക്രമിച്ചു കീഴടക്കിയപ്പോൾ ചൈനയുടെ ഉദ്ദേശ്യം സംശയാസ്പദമാക്കിയെന്ന് വീക്ഷിച്ചത് പ്രാരംഭത്തിൽ നിലനിന്നിരുന്ന ബന്ധം അധികകാലം നീണ്ടുനിന്നില്ല. (ഇന്ത്യാക്കാരും ചൈനാക്കാരും സഹോദരങ്ങളാകുന്നു) 1950 കളിൽ

12th_MAI_Political Science_Unit_10.indd 220 2/28/2023 1:06:29 PM

കാണപ്പെട്ട ഊഷ്മള ബന്ധത്തിന് ക്രമേണ ഉലച്ചിൽ തട്ടുകയും അത് തനത് ആശയ ചിന്താശക്തികളെ ഇല്ലാതാക്കുകയും ചെയ്തു. യഥാമസമയം സംഭവിച്ച ഈ മാറ്റത്തോടെ 1963 ൽ ഇന്ത്യയും ചൈനയും തമ്മിൽ യുദ്ധമുണ്ടായി. ഇന്ത്യാ-ചൈന ബന്ധങ്ങളെ പ്രത്യേകിച്ച് മൂന്നു ലക്ഷ്യങ്ങളെ പട്ടികയിൽ ഉൾപ്പെടുത്തി വേർതിരിക്കാവുന്നതാണ്. അതിർത്തി പ്രശ്നം, സാമ്പത്തിക താത്പര്യങ്ങൾ, അന്തർദേശീയ പ്രശ്നങ്ങളിലുള്ള സഹകരണം

ഇന്ത്യയും ചൈനയും വളരെ ദൈർഘ്യമേറിയ ചരിത്ര പൈതൃക പാരമ്പര്യങ്ങളുള്ള നാഗരിക ശക്തികളാണ്. വിശിഷ്ടമായ സംസ്കാരവും ഉയർന്ന മൂല്യങ്ങളുമുള്ള തത്വാധിഷ്ഠിത പാഠങ്ങളും ഇന്ത്യയിൽ നിന്നും ചൈനയിലേക്ക് ബുദ്ധമതത്തോടൊപ്പം അവിടെ എത്തിച്ചേർന്നു. പുരാതന ഇന്ത്യ സന്ദർശിച്ച രണ്ടു ചൈനാ സഞ്ചാരികളാണ് പാഹിയാനും ഹുയാങ്സാംഗും. സാംസ്കാരിക ബന്ധം കൂടാതെ പുരാതന സിൽക്ക് റോഡ് വളരെ അടുത്ത ഒരു സാമ്പത്തിക ബന്ധത്തിനും വഴിയൊരുക്കി.

അതിർത്തി പ്രശ്നം



ഇന്ത്യയും ചൈനയും ഏകദേശം 4056 കി.മീ. ദൈർഘ്യം അതിർത്തി പങ്കിടുന്നു. ഇതിനെ മൂന്നു പിരിവുകളായി തരംതിരിച്ചിരിക്കുന്നു. ഭൂട്ടാന്റെ കിഴക്കു ഭാഗത്തെ അതിർത്തിയും ഉത്തർ പ്രദേശ്, പഞ്ചാബ്, ഹിമാചൽ പ്രദേശ് എന്നീ പ്രദേശങ്ങളിലൂടെ കടന്നു പോകുന്ന മധ്യ അതിർത്തിയും ജമ്മു കാശ്മീരിനെ വേർതിരിക്കുന്ന ചൈനയിൽ നിന്നുള്ള സിങ്കിയാങ്ങിന്റെയും തിബത്തിന്റെയും പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അതിർത്തിയും.



ബ്രിട്ടീഷ് സർക്കാരിന്റെ മന്ത്രിസഭയിൽ ഇന്ത്യൻ സ്റ്റേറ്റ് സെക്രട്ടറിയായിരുന്ന മേക് മോഹന്റെ സ്മരണാർത്ഥം ഇന്ത്യ-ചൈന അതിർത്തി അറിയപ്പെടുന്നത് മേക് മോഹൻ അതിർത്തി എന്നാണ്. 1914-ൽ ബ്രിട്ടീഷ് ഇന്ത്യയുടെ പ്രതിനിധി സമ്മേളനത്തിലാണ് അതിർത്തിയെ നിർണ്ണയിക്കുന്ന തീരുമാനമെടുത്തത്. ഈ സമ്മേളനത്തിൽ തിബറ്റ്, ചൈന എന്നീ രാജ്യങ്ങളുടെ പ്രതിനിധികൾ ഷിംലയിൽ ഒത്തുചേർന്നു. വടക്ക് ടിബറ്റൻ പീഠഭൂമിയിലൂടെയും തെക്ക് ഇന്ത്യൻ കുന്നുകളിലൂടെയും കടന്നുപോകുമ്പോൾ പ്രകൃത്യാ ഉള്ള അതിർത്തിയെ കണക്കിലെടുത്താണ് അതിർത്തി രേഖ വരയ്ക്കപ്പെട്ടിട്ടുള്ളത്. ഈ അതിർത്തി രേഖ എല്ലാ പ്രതിനിധികളും അംഗീകരിച്ചു. എന്നാൽ പിൽക്കാലത്ത് ചൈന ഇതിനെ ഒരു സാമ്രാജ്യത്വ രേഖയായി അപലപിച്ചു. ഇന്ത്യ ഈ രേഖയെ ചൈനയുമായുള്ള അതിർത്തിയായി അംഗീകരിച്ച് തുടർന്ന് വരുന്നു.



1949 ലെ ദൈർഘ്യമേറിയ ആഭ്യന്തര യുദ്ധത്തിന്റെ അവസാനത്തിൽ ചൈനയിൽ കമ്യൂണിസ്റ്റ് ഭരണം സ്ഥാപിക്കപ്പെട്ടു. ചൈന എല്ലായിപ്പോഴും ടിബറ്റിനെ പ്രവിശ്യയായി കാണുകയും അവരിൽ നിന്ന് കപ്പം ശേഖരിക്കുകയും ചെയ്തിരുന്നു. കമ്യൂണിസ്റ്റ് ഭരണവും ടിബറ്റിനെ സ്വയംഭരണാവകാശമുള്ള ഒരു പ്രവിശ്യയായി കണക്കാക്കിയിരിക്കുന്നു. പക്ഷേ മതാധിഷ്ഠിത ഭരണത്തിലുള്ള ടിബറ്റിനെ സോഷ്യലിസ്റ്റ് രാജ്യമായ ചൈനയുമായി അനുരഞ്ജനത്തിന് കഴിഞ്ഞില്ല. ടിബറ്റൻ പ്രശ്നത്തിൽ പ്രത്യേകിച്ച് ടിബറ്റൻ ആത്മീയ നേതാവ് ദലൈലാമയ്ക്കും അദ്ദേഹത്തിന്റെ ജനങ്ങൾക്കും അഭയം നൽകുന്നത് ഇരുരാജ്യങ്ങളും തമ്മിലുള്ള വിള്ളലിന് കാരണമായി.

ചൈന ടിബറ്റിനെ കീഴടക്കിയതിനെക്കുറിച്ച് സംസാരിക്കാതെ ഇന്ത്യ-ചൈന അതിർത്തി പ്രശ്നം മനസ്സിലാക്കാൻ കഴിയില്ല. ഇന്ത്യ-ചൈന അതിർത്തി പ്രശ്നങ്ങളുടെ വേരുകൾക്ക് നൂറ്റാണ്ടുകൾ പഴക്കമുണ്ടെങ്കിലും ഈ പ്രശ്നങ്ങൾക്ക് പെട്ടെന്നുള്ള കാരണമായി ബന്ധപ്പെട്ടു നിൽക്കുന്നത് 1950-ലെ ചൈനയുടെ ടിബറ്റ് ആക്രമണമാണ്. ഇതിനുള്ള കാരണങ്ങൾ അടിസ്ഥാനമാക്കുന്നത് ചരിത്രപരമായ ബന്ധവും ആശയപരമായ ആവേശവുമാണ്.

ചൈന ടിബറ്റിനെ കൈവശപ്പെടുത്തിയതുമുതൽ ഇന്ത്യയുടെ പല പ്രദേശങ്ങളും തങ്ങളുടെതാണെന്ന് അവകാശപ്പെടുന്നു. 1950 മുതൽ ഇരു രാജ്യങ്ങളും നടത്തിയ ചർച്ചകൾക്കിടയിലും അതിർത്തികൾ വ്യക്തമായി വേർതിരിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. എന്നിരുന്നാലും അതിർത്തി കടന്നുള്ള അടിക്കടിയുള്ള നുഴഞ്ഞുകയറ്റത്തെ സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരുന്നു. 1961 ഓടുകൂടി അതിർത്തി നിർണ്ണയം ഉറ

12th_MAI_Political Science_Unit_10.indd 221 2/28/2023 1:06:30 PM

പ്പിച്ചുകൊണ്ടുള്ള ഒരു മുന്നോട്ടുള്ള നയം നടപ്പിലാക്കി. അതിനായി തർക്ക പ്രദേശങ്ങളിൽ സൈനിക തസ്തികകൾ നിയമിച്ചു. ചൈനയുമായിട്ടുള്ള ഇന്ത്യയുടെ തുടർ നടപടികൾ ശരിയായ മാർഗ്ഗത്തിൽ നീങ്ങിയില്ല. 1962 ഒക്ടോബർ മാസം 20 ന് അരുണാചൽ പ്രദേശ്, ലഡാക്ക് എന്നീ സ്ഥലങ്ങളിൽ കനത്ത ആക്രമണം നടത്തി. വെറും 31 ദിവസം മാത്രമേ ആ ആക്രമണം നീണ്ടു നിന്നുള്ളുവെങ്കിലും അതുണ്ടാക്കിയ അപമാനത്തിന്റെ ആഘാതം വളരെ വലുതാണ്.

ഇന്ത്യ-ചൈന യുദ്ധം 1962

- ചൈന, ടിബറ്റിനെ പിടിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ച ഉടനെ ടിബറ്റ് വിഷയത്തിൽ ചർച്ചകൾ നിർദ്ദേശിച്ച് ഇന്ത്യ പ്രതിഷേധകത്തയച്ചു. അതേസമയം അക്സായിചിൻ അതിർത്തിയിൽ സൈന്യത്തെ വിന്യസിക്കുന്നതിൽ ചൈന കൂടുതൽ സജീവമായിരുന്നു.
- 1954-ൽ ഇന്ത്യയും ചൈനയും സമാധാനപരമായ സഹവർത്തിത്വത്തിന്റെ 5 തത്വങ്ങളെ അംഗീകരിക്കപ്പെട്ടു. ടിബറ്റിലെ ചൈനീസ് ഭരണനിർവ്വഹണത്തെ ഇന്ത്യ അംഗീകരിച്ചു.
- എല്ലാ അതിർത്തികളിലും കൃത്യമായ അതിർവരമ്പുകൾ കാണിക്കുന്നതിനായി 1954 ജൂലൈയിൽ ഭൂപടങ്ങളിൽ ഒരു പുനരവലോകനം നിർദ്ദേശിച്ച് നെഹ്റു ഒരു നിവേദനം തയ്യാറാക്കി സമർപ്പിക്കുകയുണ്ടായി. എന്നിരുന്നാലും ചൈനീസ് ഭൂപടപ്രകാരം ഏകദേശം 120,000 ചതുരശ്ര കി.മീ. ദൈർഘ്യമുള്ള ഇന്ത്യൻ പ്രദേശങ്ങൾ ചൈനയുടെ ഭൂപടത്തിൽ ഉൾപ്പെടുത്തിയാണ് ഭൂപടം തയ്യാറാക്കിയിരിക്കുന്നത്. ഇത് ചോദ്യംചെയ്തപ്പോൾ, പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ആദ്യത്തെ പ്രധാനമന്ത്രി ഷൂഎൻലായ് ഭൂപടത്തിൽ ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്ന മറുപടിയാണ് നൽകിയത്.
- 1959 മാർച്ച് മാസം ആത്മീയ ഗുരുവായ ദലൈലാമ ഒളിച്ചോടി ഇന്ത്യയിലെത്തിയപ്പോൾ ലഭിച്ച സ്വീകരണത്തിൽ പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ നേതാവ് മാവോസെതൂങിന് അപമാനം തോന്നി. ടിബറ്റിലെ ലാസ കലാപം സൃഷ്ടിക്കുന്നത് ഇന്ത്യക്കാരാണെന്ന് മാവോ കുറ്റം ആരോപിച്ചപ്പോൾ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടുകയും അതുമൂലം പിരിമുറുക്കം വർദ്ധിക്കുകയും ചെയ്തു.
- ഇന്ത്യയാണ് ടിബറ്റ് ഭരണത്തിന് ഭീഷണിയായി നിലകൊള്ളുന്നത് എന്നു ചൈന വീക്ഷിക്കുന്നു. ഇത് സിനോ-ഇന്ത്യൻ യുദ്ധത്തിന്റെ പ്രധാന കാരണങ്ങളിലൊന്നായി അറിയപ്പെടുന്നു.
- 1959 ഒക്ടോബറിൽ 9 ഇന്ത്യൻ പോലീസുകാർ കൊല്ലപ്പെട്ട കോങ്ക മലമ്പാത രണ്ട് സൈന്യങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലിനു ശേഷം യുദ്ധത്തിന് സജ്ജമായില്ല എന്ന് ഇന്ത്യ തിരിച്ചറിഞ്ഞു ഈ യുദ്ധത്തിന്റെ അനന്തരഫലമായി രാജ്യാതിർത്തിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കുകയും തർക്കപ്രദേശങ്ങളിൽ നിന്ന് സുരക്ഷാ ഭടൻമാരെ പിൻവലിക്കുകയും ചെയ്തു.
- 1962 ഒക്ടോബർ 20 ന് ചൈനയുടെ പീപ്പിൾസ് ലിബറേഷൻ ആർമി ഇന്ത്യയുടെ ലഡാക്കിൽ അതിക്രമിച്ച് കടന്ന് അന്നത്തെ വടക്കു കിഴക്കൻ മുന്നണി പ്രവർത്തന സംഘത്തിലായിരുന്ന മാക് മോഹൻ രേഖ മറികടന്നു.
- യുദ്ധം തുടങ്ങുന്നതുവരെ ഇന്ത്യൻ പക്ഷം യുദ്ധം ആരംഭിക്കില്ലെന്ന് ഉറപ്പിച്ചിരുന്നു. അതിനാൽ വളരെ കുറച്ച് തയ്യാറെടുപ്പുകൾ മാത്രം നടത്തിയിരുന്നു. സംഘർഷ മേഖലയിൽ ഇന്ത്യ രണ്ടു ഡിവിഷൻ സൈന്യകരെ വിന്യസിച്ചപ്പോൾ ചൈന മൂന്ന് റെജിമെന്റ് സൈന്യങ്ങളെ തയ്യാറാക്കിയിരുന്നു.
- 1962-ൽ ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രണ്ടു രാഷ്ട്രങ്ങളായ ഇന്ത്യയും ചൈനയും യുദ്ധത്തിനൊരുങ്ങി. സിനോ-ഇന്ത്യൻ യുദ്ധത്തിൽ 2000 ത്തോളം പേർക്ക് ജീവഹാനി സംഭവിച്ചു. ഈ യുദ്ധം നടന്നത് സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 4270 മീറ്റർ (1400 അടി) ഉയരത്തിലുള്ള കാരക്കോറം പർവ്വതനിരകളിലാണ്.
- നൂറുകണക്കിനു മരണങ്ങൾക്കു ശേഷം അമേരിക്ക ഇന്ത്യക്കുവേണ്ടി ഇടപെടും എന്ന ഭീഷണി ഉണ്ടായപ്പോൾ 1962 നവംബർ 19-ന് ഇരുപക്ഷവും ഔദ്യോഗിക വെടിനിർത്തൽ പ്രഖ്യാപിച്ചു.
- തങ്ങളുടെ നിലവിലെ സ്ഥാനത്തു നിന്നും മാക് മോഹൻ രേഖയുടെ വടക്കുഭാഗത്തേക്ക് സൈന്യത്തെ പിൻവലിക്കാമെന്ന് ചൈന അറിയിച്ചു. അപ്രകാരം 1962-ൽ ഇന്ത്യ-ചൈന യുദ്ധം അവസാനിച്ചു. ഇരുപക്ഷത്തിന്റെയും തർക്കം പരിഹരിക്കാൻ ചേരി ചേരാ നാടുകളിലെ പ്രവർത്തകർ കൊളംബോ സമ്മേളനത്തിൽ സൗഹൃദമായ പരിഹാരം ഉണ്ടാക്കാമെന്ന് ഉറപ്പിച്ചു.



ഇന്ത്യ-ചൈന യുദ്ധം 1962

12th_MAI_Political Science_Unit_10.indd 222 2/28/2023 1:06:30 PM

ആറ്-രാഷ്ട്ര കൊളംബോ സമ്മേളനം (ഡിസംബർ 10, 1962)

ഇന്ത്യയും ചൈനയും തമ്മിൽ വർദ്ധിച്ചു വരുന്ന പിരിമുറുക്കത്തിനും യുദ്ധത്തിനും പരിഹാരമായി ശ്രീമതി. സിരിമാവോ ഭണ്ഡാരനായകെ കൊളംബോ സമ്മേളനം എന്നറിയപ്പെടുന്ന യോഗം വിളിച്ചുകൂട്ടി. ബർമ്മ, കംബോഡിയ, ഈജിപ്റ്റ്, ഘാന, ഇന്തോനേഷ്യ എന്നീ രാജ്യങ്ങളുടെ നേതാക്കൻമാരുടെ മദ്ധ്യസ്ഥതയിൽ സാധ്യമായ പരിഹാരത്തിൽ എത്തിച്ചേരാനും ഏഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ തീർക്കാനും അവർ മുൻകൈയെടുത്തു. ഇന്ത്യ കൊളംബോ സമ്മേളനത്തിലെ തത്വങ്ങളെ പൂർണ്ണമായി അംഗീകരിച്ചപ്പോൾ ചൈന ചർച്ചയ്ക്ക് വേണ്ടിയുള്ള അടിസ്ഥാനമായി മാത്രം ആ തത്വങ്ങളെ അംഗീകരിച്ചു.

ഇപ്പോൾ പോലും 1962-ാം ആണ്ടിലെ സിനോ-ഇന്ത്യൻ യുദ്ധം വ്യാപകമായ ചർച്ച ചെയ്യപ്പെടുന്ന ഒരു വിഷയമാണ്. യുദ്ധത്തിനൊടുവിൽ ഇന്ത്യക്കും ചൈനക്കുമിടയിൽ യഥാർത്ഥ അതിർത്തി നിയന്ത്രണ രേഖ (എൽ എ സി) എന്നറിയപ്പെടുന്ന ഒരു അതിർത്തി രേഖ നിർണ്ണയിച്ചു. 1993-ാം ആണ്ടിൽ പ്രധാനമന്ത്രിയായിരുന്ന ശ്രീ. നരസിംഹറാവുന്റെ ചൈനാ സന്ദർശന വേളയിൽ ഇന്ത്യ ചൈന അതിർത്തി പ്രദേശങ്ങളിലെ യഥാർത്ഥ അതിർത്തി നിർണ്ണയ രേഖയിൽ (എൽ എ സി) സമാധാനം നിലനിർത്തുവാനുള്ള കരാറിൽ ഒപ്പുവയ്ക്കപ്പെട്ടു. എന്നാൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രകോപനം ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

സാമ്പത്തിക താൽപ്പര്യങ്ങൾ:

1980-കളുടെ മധ്യത്തിൽ ഇന്ത്യയും ചൈനയും തമ്മിൽ ഉഭയകക്ഷി സാമ്പത്തിക ബന്ധം ആരംഭിച്ചു. ഇരുരാജ്യങ്ങളിലെയും സർക്കാരുകൾ ആരംഭിച്ച സംഭാഷണ പ്രക്രിയ പൊതു വ്യാപാര താൽപ്പര്യങ്ങൾ തിരിച്ചറിയാൻ സാധിച്ചു. 1984-ാം ആണ്ടിൽ ഇന്ത്യയും ചൈനയും ഒരു വ്യാപാര കരാറിൽ ഒപ്പുവയ്ക്കപ്പെട്ടു. അത് അവർക്ക് ഏറ്റവും അനുകൂലമായ ദേശം (എം എഫ് എൻ) എന്ന അംഗീകാരം നേടികൊടുത്തു. 1992-ാം ആണ്ടു മുതൽ ഇന്ത്യയും ചൈനയും സമ്പൂർണ്ണ ഉഭയകക്ഷി ബന്ധത്തിലേർപ്പെടുന്നു..

ചൈനയുടെ ഉൽപ്പന്നങ്ങളെ കയറ്റുമതി ചെയ്യുന്ന ഏഴാമത്തെ വലിയ രാജ്യവും ചൈനയിലേയ്ക്ക് കയറ്റുമതിചെയ്യുന്ന 27-ാം മത്തെ വലിയ രാജ്യവുമാണ് ഇന്ത്യ. വജ്രം, പരുത്തി, നൂൽ, ഇരുമ്പയിർ, ചെമ്പ്, ജൈവരാസവസ്തുക്കൾ എന്നിവയാണ് ഇന്ത്യയിൽ നിന്നും ചൈനയിലേയ്ക്ക് കയറ്റുമതി ചെയ്യുന്ന വസ്തുക്കൾ. ചൈനയിൽ നിന്നും ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന വിലപിടിപ്പുള്ള വസ്തുക്കൾ, വൈദ്യുതി യന്ത്രങ്ങൾ, രാസവളങ്ങൾ, രോഗപ്രതിരോധ മരുന്നുകൾ, ജൈവരാസവസ്തുക്കൾ എന്നിവയാണ്. 2017-ാം ആണ്ട് മാർച്ച് വരെ ഇന്ത്യയിലെ മൊത്തം ചൈനയുടെ നിക്ഷേപം 4.91 ബില്യൺ അമേരിക്കൻ ഡോളറാണ്. 2017-ാം ആണ്ട് മാർച്ച് മാസം വരെ ചൈനയിൽ ഇന്ത്യയുടെ നിക്ഷേപം 705 മില്യൺ അമേരിക്കൻ ഡോളറാണ്.

പ്രവർത്തനം



ഭാരതം ചൈന



പഠനസഹായിമൂലം ചർച്ചചെയ്യുക: അദ്ധ്യാപകൻ ക്ലാസിലുള്ള വിദ്യാർത്ഥികളെ രണ്ട് സംഘങ്ങളായിട്ട് വിഭജിച്ച് ഒരു സംഘത്തിന് ഹിന്ദുദിനപത്രത്തിന് (27.01.2018) വായിക്കാൻ അനുവദിക്കുന്നു. മറ്റൊരു സംഘത്തിന് ഇന്ത്യൻ എക്സ്പ്രസ്സ് എന്ന ദിനപത്രത്തിനെ (28.08.2018 - ഡോക്‌ലോം കലഹം കഴിഞ്ഞ് ഒരു വർഷത്തിന് ശേഷം) ഈ രണ്ട് പത്രങ്ങളിലും എഴുതിയിട്ടുള്ള ലേഖനങ്ങളിൽ വിദ്യാർത്ഥികൾ വായിച്ചതിനുശേഷം അദ്ധ്യാപകൻ ക്ലാസുമുറിയിൽ വച്ച് ഒരു ചർച്ച സംഘടിപ്പിക്കുന്നു.

1. ഡോക്‌ലാം പ്രശ്നം എന്നത് എന്തിനെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്?
2. ഈ കലഹം സംഭവിക്കാനിടയായ സാഹചര്യമെന്താണ്?
3. എന്തുകൊണ്ട് ഈ കലഹത്തിനെ രൂക്ഷമായ പ്രശ്നമാക്കുന്നു?
4. ഭൂട്ടാൻ ചൈനയുമായി ചേർന്ന് ഈ സാഹചര്യത്തിനെ വളർത്തിയതാണോ?
5. എപ്പോൾ, എന്തുകൊണ്ട് മുഖാമുഖമായിരിക്കുന്ന സന്ദർഭം ആരംഭിച്ചത്?
6. ഇന്ത്യയുടെ ആശങ്കകൾ എന്തായിരുന്നു?
7. എപ്പോഴാണ് ഇന്ത്യയും ചൈനയുമായുള്ള പ്രതിസന്ധികൾ പരിഹരിക്കാനുള്ള ചർച്ചകൾ ആരംഭിച്ചത്?
8. ഈ ചർച്ചയിൽ ഇന്ത്യ ഏതു വാദമാണ് മുന്നിൽ വയ്ക്കപ്പെട്ടത്?
9. ഏതാണ് ഒരു വഴിത്തിരിവിലേയ്ക്ക് നയിച്ചത്?
10. ചൈന മുമ്പ് ഡോക്‌ലോം എന്ന തർക്കമുള്ള സ്ഥലത്ത് പ്രവേശിച്ചിരുന്നോ?

12th_MAI_Political Science_Unit_10.indd 223 2/28/2023 1:06:30 PM

അന്താരാഷ്ട്രപ്രശ്നങ്ങളിൽ സഹകരണം

അന്താരാഷ്ട്ര രംഗത്ത് ഇന്ത്യയും ചൈനയും വിഭവങ്ങളുടെ ലഭ്യതയിൽ ശത്രുക്കളാണ്. ഇന്ത്യയുടെയും ചൈനയുടെയും വർദ്ധിച്ചു വരുന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഈ രണ്ടു രാജ്യങ്ങളും ഏഷ്യ ഭൂഖണ്ഡത്തിലുള്ള വികസ്വര രാജ്യങ്ങളിൽ സാമ്പത്തിക നിക്ഷേപം നടത്തുന്നു. വ്യാപകമായ മത്സരം ഉണ്ടായിരുന്നിട്ടും ഇന്ത്യയും ചൈനയും താൽപ്പര്യങ്ങളുടെ യഥാർത്ഥ ഒത്തുചേരൽ കണ്ടെത്തി. ഇരു രാജ്യങ്ങളും ബഹുമുഖ ലോകക്രമത്തെ പിന്തുണയ്ക്കുകയും പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്ന് പ്രത്യേകിച്ച് അമേരിക്കൻ ഐക്യ നാടുകളിൽ നിന്നും ഉയർന്നുവരുന്ന ഇടപെടൽ വിദേശനയ സിദ്ധാന്തങ്ങളെ അംഗീകരിക്കുകയും ചെയ്യുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനം, വ്യാപാര ചർച്ചകൾ, ഊർജ്ജസംരക്ഷണം, ആഗോള സാമ്പത്തിക പ്രതിസന്ധി എന്നിവയെക്കുറിച്ചുള്ള ആശങ്കകളും ഇന്ത്യയും ചൈനയും സംയുക്തമായി പങ്കിടുന്നു. വികസിത രാജ്യങ്ങളെ അപേക്ഷിച്ച് വികസ്വര രാജ്യങ്ങൾക്ക് മെച്ചപ്പെട്ട നേട്ടം കൈവരിക്കാമെന്ന പ്രതീക്ഷയിൽ ഇന്ത്യയും ചൈനയും ലോകാരോഗ്യ സംഘടനയിലും വ്യാപാര ചർച്ചകളിലും പ്രധാന പങ്ക് വഹിക്കുന്നു.

ഈ സുപ്രധാന പങ്ക് കൂടാതെ ഇന്ത്യയും ചൈനയും പ്രധാന അന്താരാഷ്ട്ര സംഘടനയായ ബ്രിക്സ് (ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, ദക്ഷിണ ആഫ്രിക്ക), ആസിയാൻ (തെക്ക് കിഴക്ക് ഏഷ്യൻ രാജ്യങ്ങളുടെ സംഘടന) ഇ എ എസ് (കിഴക്ക് ഏഷ്യൻ ഉച്ചകോടി സമ്മേളനം) (ഷാങ് ഗായ് സഹകരണ സംഘടന) എന്നീ അന്താരാഷ്ട്ര സംഘടനകളിലും കൂടി അംഗത്വം വഹിക്കുന്നു.

10.5 ഇന്ത്യ-ശ്രീലങ്ക ബന്ധങ്ങൾ



1947-ൽ ഭാരതവും 1948-ൽ ശ്രീലങ്കയും സ്വാതന്ത്ര്യം നേടിയതിനു ശേഷം പരസ്പരം സൗഹൃദബന്ധം പുലർത്തിയിരുന്നു. ഈ ബന്ധങ്ങൾ ഉണ്ടായിരുന്നിട്ടും ശ്രീലങ്കയിലെ ആഭ്യന്തര സംഭവ വികാസങ്ങൾ എല്ലായിപ്പോഴും പരസ്പരബന്ധത്തിന് പ്രതികൂലമായിട്ടുള്ള സാഹചര്യം സൃഷ്ടിക്കാനിടയായി. ഈ പ്രതികൂല പ്രത്യാഘാതത്തിന്റെ പ്രധാന കാരണം തമിഴരും, സിംഹളരും തമ്മിലുള്ള വംശീയ പ്രതിസന്ധികളും, പ്രസ്തുത വിഷയത്തെ ചൊല്ലിയുള്ള ഇന്ത്യയുടെ പ്രതികരണവുമാണ്. സുരക്ഷാ താൽപ്പര്യങ്ങളും, ദക്ഷിണേന്ത്യയിലും, വടക്കു കിഴക്ക് ശ്രീലങ്കയിൽ താമസിക്കുന്ന തമിഴരുടെ പങ്കിട്ട വംശീയതയും ആണ് ഇന്തോ ശ്രീലങ്കൻ ബന്ധങ്ങളുടെ രണ്ടു പ്രധാന ഘടകങ്ങൾ.

വംശീയ ഘടന

1921-ാം ആണ്ടിലെ ജനസംഖ്യാ കണക്കെടുപ്പു പ്രകാരം പത്തിലധികം മനുഷ്യ വംശങ്ങളെ കണ്ടെത്തുകയുണ്ടായി. അവയിൽ മൂന്നെണ്ണം ശ്രീലങ്കയിലെ വംശീയ ഉപവിഭാഗങ്ങളായി വിഭജിക്കപ്പെട്ടു. (ശ്രീലങ്കയുടെ പേര് മുമ്പ് സിലോൺ എന്നായിരുന്നു) ഇവയിൽ മൂന്നെണ്ണം മുഖ്യ വംശങ്ങളാണ്. അവകീഴ്നാടുംകണ്ടിയൻസിംഹളരും, സിലോണും ഇന്ത്യൻ തമിഴരും, സിലോണും ഇന്ത്യൻ വൂർസും. ശേഷിച്ച നാല് വർഗ്ഗങ്ങൾ ബർഗ്ഗേഴ്സ്, യുറാനിയൻസ്, മലയ്സ്, വേദാസ് എന്നിവയാണ്.

പ്രധാന ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗം സിംഹളരും, ബുദ്ധമതക്കാരും, സിംഹള ഭാഷ സംസാരിക്കുന്നവരുമായിരുന്നു.

ശ്രീലങ്കയിലെ ഇന്ത്യൻ തമിഴരിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. മുഖ്യ തമിഴ് വംശജരായ മുസ്ലീങ്ങൾ തമിഴ് ഭാഷയും സിംഹള ഭാഷയും സംസാരിക്കുന്നവരാണ്.

ഇന്ത്യ-ശ്രീലങ്ക ബന്ധത്തിലെ പ്രധാന പ്രശ്നങ്ങൾ

ഇന്ത്യയും, ശ്രീലങ്കയും തമ്മിലുള്ള ആദ്യത്തെ പ്രശ്നങ്ങളിലൊന്ന് 1948-ാം ആണ്ടിലെ സിലോൺ പൗരത്വ നിയമം എന്ന വിഷയത്തിൽ നിന്നാണ് ആരംഭിച്ചത്. അവിടെ തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തമിഴരുടെയും മലയാഹ തമിഴരുടെയും പൗരത്വം നഷ്ടപ്പെട്ടു.

12th_MAI_Political Science_Unit_10.indd 224 2/28/2023 1:06:31 PM

ശ്രീലങ്കയിലെ വംശീയ പ്രതിസന്ധി ഇന്ത്യ-ശ്രീലങ്ക ബന്ധത്തെ വളരെയധികം സ്വാധീനിക്കുന്നു. അതുപോലെ തന്നെ തെക്കൻ ശ്രീലങ്കയിലെ തമിഴ് സംസാരിക്കുന്ന ജനസംഖ്യയിൽ തമിഴരുമായുള്ള ഇന്ത്യയുടെ സ്വാധീനം സന്തുലിതമാക്കാനുള്ള ശ്രീലങ്കയുടെ ശ്രമങ്ങളും, ഭൗമ തന്ത്രപരമായ സമ്മർദ്ദത്താൽ ശ്രീലങ്കയിലെ തമിഴരെ ഇന്ത്യ സ്വാധീനം ചെലുത്തിയിരുന്നു. ഇന്ത്യയുടെ തീരദേശ സുരക്ഷയ്ക്കും ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ താൽപ്പര്യങ്ങൾക്കും ശ്രീലങ്കയും, പശ്ചിമ ചൈനയും നിർണ്ണായകമാണ്. ബാഹ്യ ശക്തികളുടെ ഏതൊരു സാന്നിധ്യവും അതിന്റെ പ്രതിരോധത്തെ ബാധിക്കുകയും ചെയ്യുന്നു.

നാലാം ഘട്ടം യുദ്ധം അവസാനിച്ചതു മുതൽ ഇന്ത്യാ ശ്രീലങ്കൻ ബന്ധം കൂടുതൽ ക്രിയാത്മകമാണ്. അടുത്ത കാലത്ത് ഉഭയകക്ഷി വ്യാപാരം പലമടങ്ങ് വർദ്ധിച്ചു. എന്നിരുന്നാലും രണ്ടു രാജ്യങ്ങളും പ്രധാന ആശങ്കകൾ പരിഹരിക്കേണ്ടതുണ്ട്.

ശ്രീലങ്കൻ അഭയാർത്ഥികളുടെ തിരിച്ചുവരവ് ആശങ്കാജനകമാണ്. ശ്രീലങ്കയിൽ അനുകൂലമായ ര.ഷ്ട്രീയ സാഹചര്യങ്ങളില്ലെങ്കിൽ അഭയാർത്ഥികൾ ശ്രീലങ്കൻ തമിഴ് അഭയാർത്ഥികളുടെ മാതൃരാജ്യത്തിലേക്ക് മടങ്ങിവരില്ല.

ഇന്ത്യൻ മത്സ്യതൊഴിലാളികൾക്കെതിരായ ആക്രമണം ഈ പ്രതിസന്ധിയെ പരിഹരിക്കുന്നതിന് നിരവധി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആഴക്കടൽ മത്സ്യബന്ധനം, കട്ടച്ചദ്വീപിനെ പാട്ടത്തിനെടുക്കുക, ഇന്ത്യൻ ശ്രീലങ്കൻ മത്സ്യ തൊഴിലാളികളുടെ ഇതര ദിവസത്തെ മത്സ്യബന്ധനം മുതലായവ പ്രയോജനപ്പെടുത്തുക. എന്നാൽ ഖേദകരമെന്നു പറയട്ടെ, ഈ നിർദ്ദേശങ്ങളൊന്നും ഇതുവരെയായിട്ടും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീലങ്കൻ തമിഴ് അഭയാർത്ഥികളുടെ പ്രശ്നം

1948 ൽ സ്വാതന്ത്ര്യത്തിനു തൊട്ടുപിന്നാലെ ശ്രീലങ്കൻ പാർലമെന്റിൽ സിലോൺ പൗരത്വ നിയമം എന്ന പേരിൽ ഒരു വിവാദപരമായ നിയമം അവതരിപ്പിച്ച് നടപ്പിലാക്കി. ഈ നിയമം ദക്ഷിണേന്ത്യൻ വംശജരായ തമിഴരോട് വിവേചനം കാണിച്ചു. പലനൂറ്റാണ്ടുകളായി ശ്രീലങ്കയിൽ പൂർവ്വികരായി ജീവിച്ചു വന്നിരുന്ന തമിഴരുടെ പൗരത്വം നിഷേധിക്കപ്പെട്ടു. ഈ നിയമം അവർക്ക് പൗരത്വം നേടുന്നതിൽ അസാധ്യമാക്കി. 7,00,000 ത്തിലധികം തമിഴരെ (രാജ്യത്തെ മൊത്തം ജനസംഖ്യയുടെ 11 ശതമാനം വരെ ഇതിൽ ഉൾപ്പെടുന്നു) സ്വരാജ്യമില്ലാത്തവരാക്കി. അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയും, ബണ്ഡാരനായകയും ചേർന്ന് 1964-ാം ആണ്ടിൽ ഒരു ഉടമ്പടിയിൽ ഒപ്പിട്ടു. സ്വരാജ്യം ഇല്ലാത്ത തമിഴ് ജനതയെ അവരുടെ സ്വന്തം രാജ്യത്തിലേക്ക് തിരിച്ചു കൊണ്ടു വരുന്നതായിരുന്നു ഉടമ്പടി ലക്ഷ്യമിടുന്നത്. അടുത്ത 30 വർഷത്തിനു ശേഷം ഭരണത്തിൽ വന്നിരുന്ന ശ്രീലങ്കൻ സർക്കാർ 30,000 തമിഴ് ജനതയെ തിരിച്ച് ഇന്ത്യയിലേക്ക് കൊണ്ടു വരുന്നതിൽ സജീവമായി പ്രവർത്തിച്ചിരുന്നു. 2003-ാം ആണ്ടിൽ വരെ സംസ്ഥാനം ഒരു ഉദാരമായി നടത്തിയ ഒരു പരിപാടിക്കുശേഷം തമിഴർക്കെതിരെ തീർത്തും ഒരു ആഭ്യന്തര യുദ്ധം ഒഴിവാക്കി. ഇന്ത്യൻ തമിഴർക്ക് പൗരത്വം അനുവദിച്ചു കൊണ്ടുള്ള അവകാശം അനുവദിച്ചിരുന്നില്ല. പക്ഷേ ഈ സമയം കൊണ്ടുതന്നെ രാജ്യത്തിൽ തമിഴ് ജനതയുടെ ജനസംഖ്യ 5 ശതമാനമായി കുറഞ്ഞിരുന്നു. തമിഴരെ അവരുടെ സ്വന്തം രാജ്യത്തേക്ക് ഇന്ത്യൻ പൗരത്വം നേടിയതിനുശേഷം ജനസംഖ്യാനുപാതകമായി തിരിച്ചയക്കപ്പെട്ടു.

ഇപ്രകാരം ഏതാണ്ട് 62,000 അഭയാർത്ഥികൾ തമിഴ്നാട്ടിലുടനീളം 107 ക്യാമ്പുകളിലായിട്ട് കേന്ദ്രത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും പലതരത്തിലുള്ള ആശ്വാസ നിധികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇതുകൂടാതെ അടുത്ത കാലങ്ങളായി തമിഴ്നാട് സർക്കാർ അഭയാർത്ഥി വിഭാഗത്തിലെ ചെറുപ്പക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും തൊഴിലധിഷ്ഠിത പഠനത്തിൽ പ്രത്യേകിച്ച് ഇഞ്ചിനീയറിംഗ് വിഭാഗത്തിൽ പഠിക്കാൻ പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇന്ന് ക്യാമ്പുകളിലില്ലാത്ത അഭയാർത്ഥി വിഭാഗത്തിലെ സംസ്ഥാനത്തെ ഏതാനും 6,800 അഭയാർത്ഥികൾക്കു കൂടി പ്രയോജനപ്പെടുന്നു.

നിലവിൽ ഉള്ളമാറ്റം

നിലവിൽ ഇന്ത്യക്കു ശ്രീലങ്കക്കും അഭയാർത്ഥികളെ തിരിച്ചയക്കുന്നതിനെ മുൻഗണന നൽകേണ്ടതാണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശ്രീലങ്കൻ തമിഴ് അഭയാർത്ഥികളുള്ളത് തമിഴ്നാട്ടിലാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിന് ഇരു രാജ്യങ്ങളും താൽപ്പര്യമായിരിക്കണം. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒരു ദീർഘകാല പ്രശ്നം പരിഹരിക്കപ്പെടുമ്പോൾ ശ്രീലങ്കയ്ക്ക് വംശീയ പ്രശ്നം പരിഹരിക്കാനാണ് താൽപ്പര്യം.

12th_MAI_Political Science_Unit_10.indd 225 2/28/2023 1:06:31 PM

അഭയാർത്ഥി സമൂഹത്തിന്റെ പ്രതിനിധികൾ തമിഴ്നാട് സർക്കാർ, ശ്രീലങ്കയുടെ വടക്കൻ പ്രവിശ്യ കൗൺസിലർ എന്നിവരെ ഉൾപ്പെടുത്തി സ്വമേധയാ സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിനെക്കുറിച്ചുള്ള സമഗ്രമായൊരു പദ്ധതി രണ്ടു സർക്കാരുകൾക്കും നടപ്പിലാക്കാൻ കഴിയും.

സ്വദേശത്തേക്ക് പോകാൻ ആഗ്രഹിക്കുന്ന അഭയാർത്ഥികൾക്ക് പാകിസ്ഥാനിൽ നിന്നും, അഫ്ഗാനിസ്ഥാനിൽ നിന്നുമുള്ള അഭയാർത്ഥികൾക്ക് ചെയ്തത് പോലെ അവർക്ക് പൗരത്വം നൽകുന്നതിൽ ഇന്ത്യക്ക് പരിഗണിക്കാൻ കഴിയുന്നതാണ്. തമിഴ്നാട്ടിലെ അഭയാർത്ഥി ക്യാമ്പുകൾ അടച്ചിടുകയാണെങ്കിൽ സാമൂഹിക രാഷ്ട്രീയ വിരുദ്ധ പ്രശ്നങ്ങളെല്ലാം പരിഹരിക്കപ്പെടും. എന്തെന്നാൽ അഭയാർത്ഥി പ്രശ്നമെന്നത് ആഭ്യന്തരയുദ്ധത്തെക്കാൾ കൂടുതൽ കാലം നീണ്ടു നിൽക്കുന്ന ഒരു വെല്ലുവിളിയാണ്.

കട്ച്ച ദ്വീപ്:

കട്ച്ച ദ്വീപ് യഥാർത്ഥത്തിൽ രാമനാദപുരം രാജാക്കന്മാരുടെ അധീനതയിലായിരുന്നു. ശ്രീലങ്ക രാജ്യത്തിന്റെ ഭൂപടത്തിൽ ഈ ഭൂപ്രദേശത്തെക്കുറിച്ച് ഒരു സ്ഥാന നിർണ്ണയം രേഖപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ശ്രീലങ്കൻ സർക്കാർ ഈ തന്ത്രപ്രധാനമായ സ്ഥലത്തെക്കുറിച്ച് അവകാശം ഉന്നയിക്കാൻ തുടങ്ങി. ഇന്ത്യൻ-ശ്രീലങ്കൻ നേതാക്കൾ തമ്മിലുള്ള കൂടിക്കാഴ്ചയിൽ ഈ തർക്കവിഷയത്തെ നിരവധി പ്രാവശ്യം ചർച്ച ചെയ്യപ്പെട്ടു. എന്നിരുന്നാലും 1974-ാം ആണ്ടിൽ ഭാരതത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ശ്രീമതി. ഇന്ദിരാഗാന്ധി ഒരു കരാറിൽ ഒപ്പുവച്ചു. ഇതിൻ പ്രകാരം കട്ച്ച ദ്വീപിനെ ശ്രീലങ്കയ്ക്ക് നൽക്കുകയുണ്ടായി. മന്നാർ ഉൾക്കടലിൽ ഇന്ത്യക്കും ശ്രീലങ്കയ്ക്കുമിടയിൽ ഏകദേശം 285 ഏക്കർ വിസ്തൃതിയിൽ ജനവാസമില്ലാത്ത ഒരു ദ്വീപാണ് കട്ച്ച ദ്വീപ്. ഈ നിശ്ചിത സ്ഥലത്തെ, ശ്രീലങ്കൻ സർക്കാർ ഒരു ആരാധനാ സ്ഥലമായിട്ട് പ്രഖ്യാപിച്ചു. ഇരു രാജ്യങ്ങളിലേയും ഭക്തജനങ്ങളെ ഈ ക്ഷേത്രം ആകർഷിക്കുന്നു. 1974-ാം ആണ്ടിൽ പ്രസ്തുത കരാർ പ്രകാരം ഇന്ത്യൻ മത്സ്യതൊഴിലാളികളുടെ വലകളെ ഉണക്കുന്നതിലേയ്ക്കും, ക്രിസ്തീയ ദേവാലയത്തെ മതപരമായ ചടങ്ങുകളോടും ഉപയോഗിക്കാനും അവകാശമുണ്ട്. എന്നാൽ ഐക്യരാഷ്ട്രസംഘടനയുടെ ആവശ്യം പരിഗണിച്ച് സർവ്വദേശീയ സമുദ്രാതിർത്തി രേഖ നിർണ്ണയിക്കപ്പെട്ടു. ഇതിനെ പിന്നീട് ഒഴിവാക്കുകയും ചെയ്തു. ഇതിൻപ്രകാരം ഇന്ത്യൻ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വല ഉണക്കുന്നതിനും ദേവാലയത്തിൽ പ്രവേശിക്കുന്നതുപോലും അവകാശമില്ല: കാരണം 1976-ാം ആണ്ടിലെ കരാർ പ്രകാരമുള്ള നിയമം അതുസരിച്ച് 1974-ാം ആണ്ടിലുള്ള കരാറിലുള്ള വ്യവസ്ഥകളെ ലംഘിച്ചാണ് ഇപ്പോഴത്തെ കരാർ നിലവിൽ വന്നത്. അതിനു ശേഷം നമ്മുടെ മത്സ്യതൊഴിലാളികൾ അവരുടെ ദൈനംദിന ജോലിക്കിടയിൽ നിരവധി പ്രാവശ്യം ക്ലേശകരമായ സംഭവങ്ങളെയും പ്രശ്നങ്ങളെയും നേരിട്ട് അനുഭവിച്ചുകൊണ്ടിരിക്കുന്നു.



ജവഹർലാൽ നെഹ്റു കോട്ടേലവാല ഉടമ്പടി (1954)



നെഹ്റു കോട്ടേലവാല ഉടമ്പടി എന്നത് 1954-ാം ആണ്ടിൽ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ശ്രീലങ്കൻ പ്രധാനമന്ത്രി ജോൺ കോട്ടേലവാലയും തമ്മിലുള്ള ഒരു കരാറായിരുന്നു. ഇത് സിലോണിലെ ഇന്ത്യൻ വംശജരായ ജനങ്ങളുടെ പദവിയേയും, ഭാവിയേയും കുറിച്ചുള്ള കരാർ വ്യവസ്ഥകളായിരുന്നു. ഈ ജനവിഭാഗങ്ങൾ ബ്രിട്ടീഷ് സിലോൺ പ്രവിശ്യകളിലെ കാപ്പിത്തോട്ടങ്ങളിലും, നാളികേരത്തോട്ടങ്ങളിലും ജോലി ചെയ്യുന്നതിനുവേണ്ടി ബ്രിട്ടീഷ് ഇന്ത്യയിലെ മദ്രാസ് പ്രസിഡൻസി പ്രവിശ്യകളിൽ നിന്ന് ബ്രിട്ടീഷ് അധികാരികൾ കൊണ്ടുവന്നവരായിരുന്നു.

ഉടമ്പടി പ്രകാരം സിലോണിലെ ഇന്ത്യൻ വംശജരെ ഇന്ത്യയിലേയ്ക്ക് മടക്കികൊണ്ടുവരാമെന്നുള്ള ആശയത്തെ ഇന്ത്യ തത്വത്തിൽ അംഗീകരിച്ചിരുന്നു. പക്ഷേ ജവഹർലാൽനെഹ്റു പിന്തുണച്ചത്, ഈ ജനതയിൽ ഇന്ത്യൻ പൗരത്വം സ്വീകരിച്ച് സ്വമനസ്സാലെ ഇന്ത്യയിലേയ്ക്ക് തിരിച്ചുവരാൻ സന്നദ്ധരായവരെ മാത്രമായിരുന്നു. ശ്രീലങ്കൻ പൗരത്വം ലഭിക്കുന്നതിൽ പരാജിതരായ ഈ ജനവിഭാഗത്തിൽപ്പെട്ട എല്ലാപേർക്കും ഇന്ത്യൻ പൗരത്വം നൽക്കണമെന്ന ശ്രീലങ്കൻ സർക്കാരിന്റെ നിലപാടിനെ ഇന്ത്യ മുഴുവനായിട്ട് നിരാകരിക്കുകയും ചെയ്തു.

12th_MAI_Political Science_Unit_10.indd 226 2/28/2023 1:06:31 PM

മത്സ്യതൊഴിലാളികളുടെ പ്രശ്നങ്ങൾ

- ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് ഓൺഫിഷറീസ് (JWGF) ഡേറ്റപ്രകാരം, തമിഴ്നാട് മത്സ്യ തൊഴിലാളികളുടെ 111 ബോട്ടുകളും 51 ഇന്ത്യൻ മത്സ്യത്തൊഴിലാളികളും 2019 ൽ ശ്രീലങ്കയുടെ വടക്കൻ പ്രവിശ്യയിൽ അറസ്റ്റിലാവുകയോ തടവിൽ വയ്ക്കുകയോ ചെയ്തിരുന്നു.
- കച്ചത്തീവ് ദ്വീപിന്റെ പ്രാദേശിക അവകാശങ്ങളെച്ചൊല്ലിയുള്ള അഭിപ്രായ വ്യത്യാസവും ട്രോളിംഗിന്റെ സാമ്പത്തികവും പാരിസ്ഥിതികവുമായ പ്രത്യാഘാതങ്ങളും കാരണങ്ങളിൽ ഉൾപ്പെടുന്നു.

ലാൽബഹദൂർ ശാസ്ത്രി - സിരിമാവോ ഉടമ്പടി 1964



1964-ാം ആണ്ടിൽ ശ്രീലങ്കൻ പ്രസിഡന്റായിരുന്ന സിരിമാവോ പണ്ഡാരനായകെ ഇന്ത്യയിൽ സന്ദർശിക്കുകയുണ്ടായി. തദവസരത്തിൽ ശ്രീ. ശാസ്ത്രിയുമായി നടത്തിയ ദീർനേര സന്ധിസംഭാഷണങ്ങൾക്കൊടുവിൽ ഇരുവരും ഒരു കരാറിൽ ഒപ്പുവയ്ക്കുകയുണ്ടായി.

- ഈ കരാർ പ്രകാരം ശ്രീലങ്കയിലുള്ള 9,75,000 ജനങ്ങൾക്ക് താഴെക്കാണുന്ന പദ്ധതിപ്രകാരം പ്രശ്ന പരിഹാരം ആവശ്യപ്പെട്ടു.:
- 3 ലക്ഷം ജനതയ്ക്ക് ശ്രീലങ്കൻ പൗരത്വം ലഭിക്കുന്നതാണ്.
- 5,25,000 ജനതയ്ക്ക് ഇന്ത്യൻ പൗരത്വം ലഭിക്കുകയും അവരെല്ലാം 15 വർഷത്തിനുള്ളിൽ ഇന്ത്യയിലേയ്ക്ക് തിരിച്ചു പോവുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.
- ബാക്കിയുള്ള 1.50 ലക്ഷം ജനതയുടെ ഭാവി പിന്നീട് തീരുമാനിക്കപ്പെടും.

- ബഹുദിന മത്സ്യബന്ധനോപകരണങ്ങളുടെ അപര്യാപ്തത കാരണം ഇന്ത്യൻ മത്സ്യബന്ധനത്തൊഴിലാളികൾക്ക് അവരുടെ മത്സ്യബന്ധന പരിശ്രമങ്ങൾ പാക് കടലിടുക്കു മേഖലകളിൽ നിന്നും ദൂരക്കടൽ മേഖലകളിലേക്ക് പോകാൻ കഴിയാതെ വരുന്നു.
- മാത്രവുമല്ല ഇന്ത്യൻ സമുദ്രാതിർത്തിയിലെ മത്സ്യസമ്പത്ത് ക്രമേണ കുറഞ്ഞു വരുന്നതിനാൽ ഇന്ത്യൻ മത്സ്യബന്ധന തൊഴിലാളികൾ ശ്രീലങ്കൻ സമുദ്രാതിർത്തികളിലേക്ക് പ്രവേശിക്കക്കാൻ നിർബന്ധിതരാവുകയും ചെയ്യുന്നു.
- 2016 നവംബർ മാസം രാജ്യാന്തര മന്ത്രിതല സംഘം ഒരു സംയോജിത കർമപദ്ധതി വ്യവസ്ഥകളെക്കുറിച്ച് ചർച്ചചെയ്യുകയുണ്ടായി. പക്ഷെ, ഇന്ത്യാഗവൺമെന്റിന്റെ സഹായത്തോടെ ആഴക്കടൽ മത്സ്യബന്ധന സമ്പ്രദായത്തിൽ നിന്നും മത്സ്യബന്ധന തൊഴിലാളികളെ മറ്റൊരു ഫലവത്തായ ജീവസന്ധാരണ മാർഗ്ഗത്തിലേക്ക് മാറുന്നതിനായുള്ള മൂന്നുകൊല്ലക്കാല സമയത്തിന്റെ ആനുകൂല്യം ശ്രീലങ്കൻ പ്രതിനിധി സംഘം നിരാകരിച്ചു.

രാജീവ്-ജയവർദ്ധനെ ഉടമ്പടി (ഇന്തോ-ശ്രീലങ്കാ ഒത്തുതീർപ്പ് കരാർ), 1987



വർഗ്ഗീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഇന്ത്യൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയും, ശ്രീലങ്കൻ പ്രധാനമന്ത്രി ജെ. ആർ. ജയവർദ്ധനെയും തമ്മിലുള്ള നയതന്ത്ര ഉടമ്പടിയിൽ ഒപ്പുവയ്ക്കൽ.

- തമിഴ് വംശജരുടെ ജനസഞ്ചയം കൂടുതലുള്ള കിഴക്കും പടിഞ്ഞാറും പ്രവിശ്യകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പ്രാദേശിക സ്വയംഭരണസമിതി രൂപീകരിക്കണം.
- പ്രാദേശിക സ്വയംഭരണ സമിതികളുടെ തിരഞ്ഞെടുപ്പ് ഇന്ത്യൻ നീരീക്ഷകരുടെ സാന്നിദ്ധ്യത്തിൽ ഡിസംബർ 31, 1987-ാം ആണ്ടിനുള്ളിൽ പൂർത്തീകരിക്കണം
- കിഴക്കും, പടിഞ്ഞാറും പ്രവിശ്യകളിൽ നിന്ന് അടിയന്തരാവസ്ഥ നീക്കം ചെയ്യണം.
- സിംഹള ഭാഷയ്ക്കും, ഇംഗ്ലീഷ് ഭാഷയ്ക്കും ഒപ്പം തമിഴ് ഭാഷയും ഔദ്യോഗിക ഭാഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.
- ശ്രീലങ്കൻ സൈന്യത്തിനും തമിഴ് തീവ്രവാദികൾക്കുമിടയിലുള്ള ശത്രുതാമനോഭാവം നിർത്തലാക്കുന്നതിനും വേണ്ടി ഇന്ത്യൻ സമാധാന സുക്ഷിര സൈന്യ (ഐ പി കെ എഫ്) ത്തിന്റെ വിന്യാസം ഉറപ്പ് വരുത്തണം.

ഈ ഉടമ്പടിയിലുള്ള വ്യവസ്ഥകളെ ശ്രീലങ്കക്കാർ തീക്ഷണമായി എതിർക്കുകയും മാത്രമല്ല രാജീവ് ഗാന്ധിയുടെ ശ്രീലങ്കൻ സന്ദർശനവേളയിൽ കൊളംബോ വിമാനതാവളത്തിൽ വച്ച് ഒരു ഗാർഡ് ഓഫ് ഓണർ സ്വീകരിക്കുന്ന സമയത്തിൽ അദ്ദേഹത്തെ ആക്രമിക്കുവാൻ ശ്രമിക്കുകയും ചെയ്തു.

12th_MAI_Political Science_Unit_10.indd 227 2/28/2023 1:06:31 PM

ശ്രീലങ്കൻ അഭയാർത്ഥികൾക്കുള്ള ഇന്ത്യയുടെ പുനരധിവാസ നടപടികൾ

ശ്രീലങ്കൻ രാഷ്ട്രപതി മഹിന്ദ്ര രാജപക്സെയുടെ സംസ്ഥാന സന്ദർശന വേളയിൽ ഭാരതപ്രധാനമന്ത്രിയായ ശ്രീ. മൻമോഹൻ സിംഗ് പ്രഖ്യാപിച്ച ഏകദേശം 50,000 വീടുകൾ നിർമ്മിക്കാനുള്ള ഒരു സമഗ്ര പദ്ധതിയുടെ ഭാഗമായാണ് വടക്കു കിഴക്കൻ പ്രവിശ്യകളിൽ പുനരധിവാസത്തിനും 43,000 വീടുകളുടെ നിർമ്മാണ ഘട്ടത്തിൽ, 2010-ാം ആണ്ടിൽ ജൂണിൽ ഏകദേശം 47,000 വീടുകളെയും ശേഷിച്ചവയെ 2010-ാം ആണ്ടുവരെ നിർമ്മിച്ച് പൂർത്തിയാക്കുകയും ചെയ്തു. ഈ പുനരധിവാസ പദ്ധതി പ്രകാരം ഇന്ത്യൻ സർക്കാർ വാഗ്ദാനം നൽകിയ ഏറ്റവും വലിയ ധനസഹായ നിധിയായ ഏകദേശം 350 ദശലക്ഷം അമേരിക്കൻ ഡോളർ നൽകി സഹായിക്കുകയുണ്ടായി. വടക്കു പടിഞ്ഞാറൻ ശ്രീലങ്കൻ പട്ടണമായ തലൈമന്നാർ എന്ന സ്ഥലത്ത് ഇന്ത്യൻ പ്രധാനമന്ത്രി ഒരു തീവണ്ടി യാത്രാ സേവനത്തെയും ഉത്ഘാടനം ചെയ്തു. ഇന്ത്യയുടെ ഏറ്റവും സമീപത്തായി സ്ഥിതി ചെയ്യുന്ന രാജ്യം പതിറ്റാണ്ടുകളുടെ ആഭ്യന്തര യുദ്ധത്തിനു ശേഷം പുനസ്ഥാപിക്കപ്പെടുകയുണ്ടായി. വടക്കൻ പ്രവിശ്യ റയിൽവേപാതയുടെ പുനർനിർമ്മാണത്തെയും പൂർത്തിയാക്കപ്പെട്ടു. ശ്രീലങ്കയിലുള്ള തലൈമന്നാറിൽ 1650 അടി ദൈർഘ്യമേറിയ റയിൽവേസ്റ്റേഷനിൽ പ്രസിഡന്റ് മൈത്രി പാലസിരിസേനയോട് ചേർന്ന് ഭാരതപ്രധാനമന്ത്രിയായ ശ്രീ. നരേന്ദ്ര മോഡി അവർകൾ പ്രദർശനഫലകത്തെ അനാശ്ചാദനം ചെയ്യപ്പെട്ടു. പുതിയതായി നിർമ്മിച്ച 63 കിലോമീറ്റർ നീളമുള്ള റയിൽപാത, നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 265 കിലോമീറ്റർ നീളമുള്ള പാതയുടെ അവസാന വിഭാഗമാണ്.

ഇന്ത്യൻ സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായ ഐ ആർ കോൺ എന്ന അന്തർദേശീയ സ്ഥാപനം നിർവ്വഹിക്കുന്ന അഭിമാനകരമായ വടക്കു മേഖലയിലുള്ള തീവണ്ടിപാതയുടെ പുനർ നിർമ്മാണ പദ്ധതിയെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നു.

ലാൽ ബഹദൂർ ശാസ്ത്രിയുടെ ഭരണകാലഘട്ടത്തിൽ ഇന്ത്യൻ വംശജരായ തമിഴരുടെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിന് ഇരു രാജ്യങ്ങളും തമ്മിൽ ധാരണയിൽ എത്തി.

ഇന്ത്യൻ വംശജരിൽ മൂന്നിൽ രണ്ടു ഭാഗം ജനങ്ങൾക്കും പൗരത്വം നൽക്കുന്നതിൽ സമ്മതം പ്രകടിപ്പിച്ചു. എന്നാൽ സ്വദേശികളായ തമിഴരും (തമിഴ് ഈഴർ), സിംഹളരും തമ്മിലുള്ള വംശീയ സംഘർഷം നീണ്ടു നിന്ന ഒരു ആഭ്യന്തരയുദ്ധമായി പൊട്ടിപ്പുറപ്പെട്ടു. തമിഴ് അഭയാർത്ഥികൾ ഇന്ത്യയിലേയ്ക്ക് കൂടുതലായിട്ട് തിരിച്ചെത്തി.

വികസന സമീപനം

- സ്ഥിരമായി പാട്ടത്തിന് അല്ലെങ്കിൽ ചർച്ചകളിലൂടെ കുറഞ്ഞത് കട്ച്ച ദ്വീപിനെ വീണ്ടും തിരികെ അവകാശമായിട്ട് കൊണ്ടുവരാൻ ശ്രമിക്കാവുന്നതാണ്.
- ഇന്ത്യൻ മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകുക
- ഇന്ത്യൻ സർക്കാർ ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനത്തെ സ്ഥാപനവൽക്കരിക്കുന്നുണ്ട്. അതിനാൽ മറ്റ് ഉപജീവനമാർഗ്ഗങ്ങളുടെ ആവശ്യകതയെ വ്യക്തമാക്കുന്നുണ്ട്.
- ഇന്ത്യൻ മത്സ്യ തൊഴിലാളികൾ കൂടുതലായിട്ട് ആശ്രയിക്കുന്നത് പാക് ഉൾക്കടലിലുള്ള മീൻ പിടിത്തത്തെയാണ്. അതിനാൽ ഇതു കുറയ്ക്കുന്നതിന് ഭാരത സർക്കാർ പ്രയോജനകരമായ ഒരു സമഗ്ര പദ്ധതി തയ്യാറാക്കേണ്ടതുണ്ട്.

ഈ സാമൂഹ്യ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയണമെങ്കിൽ ഇന്ത്യയ്ക്കും, ശ്രീലങ്കയ്ക്കും പ്രാദേശിക രാഷ്ട്രീയത്തിൽ പ്രധാന പങ്കാളികളാകാം.

10.6 ഭാരത നേപ്പാൾ ബന്ധങ്ങൾ



ഭരതം നേപ്പാൾ എന്നീ രണ്ടു രാജ്യങ്ങളും ഭൂമിശാസ്ത്രപരമായി പരസ്പരം തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന അയൽ രാജ്യങ്ങളാണ്. നേപ്പാളിലെ താഴ്ന്ന പ്രദേശങ്ങളിൽ ഏറിയ പങ്കും ഗംഗാ സമതലത്തിന്റെ ഭാഗമാണ്. ഇത് ഹിമാലയൻ താഴ്വരകളുടെയും, പർവ്വതങ്ങളുടെ മധ്യത്തിലുള്ള ഭാഗവും, ചൈനയ്ക്കും ദക്ഷിണേഷ്യയ്ക്കും ഇടയിൽ വ്യാപിച്ചിരിക്കുന്നു. ഭാരതവും നേപ്പാളും ഏകദേശം 1850 കിലോ മീറ്റർ ദൈർഘ്യത്തിൽ കിഴക്ക്, തെക്ക്, പടിഞ്ഞാറ് എന്നീ ദിക്കുകളിലായിട്ട് അതിർത്തി പങ്കിടുന്നു. ഈ അതിർത്തി ഭാരതത്തിലുള്ള സിക്കിം, പശ്ചിമ ബംഗാൾ, ബീഹാർ, ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ് എന്നീ 5 സംസ്ഥാനങ്ങളിലായി പങ്കിടുന്നു. മുമ്പ് നേപ്പാൾ ലോകത്തിലെ ഏക ഹിന്ദു രാഷ്ട്രമായിരുന്നു. എന്നിരുന്നാലും നേപ്പാളിലെ ജനസംഖ്യയുടെ എട്ടിലൊന്ന് ഭാഗം ബുദ്ധമത വിശ്വാസികളാണ്. ഈ രാജ്യത്ത് മുസ്ലീംങ്ങളും, ക്രൈസ്തവരും വളരെ കുറവാണ്.

എല്ലായ്പ്പോഴും നേപ്പാൾ രാജ്യത്തിനെ നെഹ്റു ഒരു പരമാധികാര രാജ്യമായിട്ടാണ് കണക്കാക്കിയിരുന്നത്. അതേസമയം ഒരു അവിഭാജ്യ സുരക്ഷാ സംവിധാനമായിട്ടും കണക്കാക്കുന്നു. 1951-ാം ആണ്ടിൽ ചൈന ടിബറ്റിലേക്കുള്ള അധിനിവേശത്താൽ കൂടു

12th_MAI_Political Science_Unit_10.indd 228 2/28/2023 1:06:31 PM

തലായിട്ടുള്ള സുരക്ഷാ കവചം ഇന്ത്യയ്ക്കു നേടി കൊടുക്കുകയും, നേപ്പാളിന്റെ പ്രാധാന്യം സ്ഥിരീക രിക്കുകയും ചെയ്തു. അത് ഒരിക്കലും നേപ്പാളിൽ നിന്നുള്ള ഭീഷണിയല്ല, മറിച്ച് നേപ്പാളിലേക്കുള്ള ഭീഷ ണിയായിരുന്നു. അത്തരമൊരു ഉത്തരവ് സ്ഥാപിക്കു ന്നതിനുള്ള ഒരു സുപ്രധാന ഘട്ടം 1950-ാം ആണ്ടിൽ ജൂലൈ മാസം 31 ന് ഇന്ത്യയും നേപ്പാൾ രാജ്യവും തമ്മിലുള്ള സമാധാന സൗഹൃദ ഉടമ്പടിയിൽ ഒപ്പു വച്ചതാണ്.

ഇന്ത്യ നേപ്പാളുമായി നടത്തിയ പരാമർശങ്ങ ളിൽ സുരക്ഷാ താൽപ്പര്യത്തെ മറികടക്കുകയാണ് ചെയ്തത്. സമാധാനവും സൗഹൃദ ഉടമ്പടിയും ഒപ്പു വയ്ക്കപ്പെട്ട അതേ ദിവസത്തിൽ ഇരു രാജ്യങ്ങൾ വാണിജ്യ കരാറിലും കൂടി ഒപ്പുവയ്ക്കപ്പെട്ടിരുന്നു. ഈ കരാർ പ്രകാരം ഇന്ത്യയും നേപ്പാളും തമ്മിലുള്ള ദൃഢ മായ സാമ്പത്തിക ബന്ധത്തിന്റെ ഒരു അടയാളമായിട്ട് മാറുകയും ചെയ്തു.

രാഷ്ട്രീയ ബന്ധങ്ങൾ

ഇരു രാജ്യങ്ങളുടെയും സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം നേപ്പാളുമായുള്ള ഇന്ത്യയുടെ ബന്ധം രാജാ വും റാണയും തമ്മിലുള്ള രാഷ്ട്രീയ പോരാട്ടത്തെ ആശ്രയിച്ചിട്ടുള്ളതാണ്. (നേപ്പാളിലെ പ്രധാനമന്ത്രി പദത്തിനർഹരായ വംശജർ) 1950-ാം ആണ്ടിലെ ഉട മ്പടിയിൽ ചർച്ച നടത്തുന്ന വേളയിൽ നേപ്പാളിലെ റാണാ ഭരണാധികളെ ജനാധിപത്യപരമായ രാഷ്ട്രീയ അവകാശങ്ങളെയും സ്വാതന്ത്ര്യത്തെയും നേടിക്കൊ ടുക്കുന്ന ജനസംഖ്യയുടെ ഒരു വിഭാഗത്തെ അംഗിക രിക്കുക എന്നതാണ് മുഖ്യ ലക്ഷ്യം. എന്നിരുന്നാലും അവരുടെ രാഷ്ട്രീയ വ്യവസ്ഥയെ സ്വാധീനിക്കുന്ന തിനും പടിഞ്ഞാറ് ദിശയിലൂടെയുള്ള പ്രദേശത്തെ അതിർത്തിയായി കണക്കാക്കുന്നതിനും റാണകളെ വളരെയധികം പ്രേരിപ്പിക്കുന്നു. തത്ഫലമായി സജീ വമായ നിലപാട് സ്വാംശീകരിക്കാനും നേപ്പാൾ രാജ്യ ത്തിൽ ഇടപെടാനും ന്യൂഡൽഹിയെ വളരെയേറെ സഹായിച്ചു. ജവഹർലാൽ നെഹ്റുവിന്റെ മരണശേ ഷം നേപ്പാളുമായുള്ള ഇന്ത്യയുടെ സമീപനം ദൃഢമാ യിരുന്നു. അതിനുശേഷം ഭരണം നടത്തിയിരുന്ന പ്ര ധാന മന്ത്രിമാരായ ലാൽ ബഹദൂർ ശാസ്ത്രി, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി വി.പി. സിംഗ്, ചന്ദ്രശേഖർ എന്നിവരും നേപ്പാളുമായുള്ള നയങ്ങളെ പിൻതുടർന്നു വന്നിരുന്നു. ഊഷ്മളമായ ബന്ധം മെച്ചപ്പെടുത്തുന്ന തിനായി ഇരു രാജ്യങ്ങളിലെയും പ്രധാന മന്ത്രിമാർ നിരവധി തവണ ഉഭയകക്ഷി സന്ദർശനങ്ങളും നടത്തി യിട്ടുണ്ട്.


ലാൽ ബഹദൂർ ശാസ്ത്രി


ശ്രീമതി. ഇന്ദിരാ ഗാന്ധി,


രാജീവ് ഗാന്ധി


വി. പി. സിംഗ്


ചന്ദ്രശേഖർ


2008-ാം ആണ്ടിൽ പൊട്ടിപ്പുറപ്പെട്ട നേപ്പാൾ വിപ്ലവം

1990-ാം ആണ്ടിനു ശേഷമുള്ള ഭരണം ബഹുകക്ഷി സമ്പ്രദായ രീതി പ്രകാരം പുനഃസ്ഥാപിച്ചതിനു ശേഷം ഒരു ഇരട്ടസ്തംഭമായ ഒരു നയത്തെയാണ് പിൻതുടർന്നു വരുന്നത്. ഈ സ്തംഭങ്ങൾ ഭരണഘടനയ്ക്കു വിധേ യമായ രാജാവിനെയും, രാഷ്ട്രീയ കക്ഷികളിലെ ജനാധിപത്യത്തെയും ഏകോപിച്ച് നിലനിർത്തുന്നു. എന്നാൽ ഈ നയം പുതിയ സഹസ്രാബ്ദത്തിന്റെ ആരംഭത്തോടെ രണ്ടു കാരണങ്ങളാൽ സമ്മർദ്ദം അനുഭവിക്കാൻ തുടങ്ങി. അതായത് രാജവാഴ്ചയുടെ മാറുന്ന സ്വഭാവവും മാവോയിസ്റ്റ് കലാപത്തിന്റെ വർദ്ധിച്ചു വരുന്ന തീവ്രതയുമാണ്.

നിങ്ങൾക്ക് അറിയാമോ?

ഔപചാരികമായിട്ട് കോളനിവത്ക്കരി ക്കാത്ത ഏക ദക്ഷിണേഷ്യ രാജ്യമായ നേപ്പാൾ സ്ഥിതിചെയ്യുന്നത് ഇന്ത്യക്കും ചൈനയക്കുമിട യിലാണ്, ഇവ രണ്ടും വികസ്വര രാഷ്ട്രങ്ങളും വൻതോതിൽ മത്സരിക്കുന്ന സമ്പദ്വ്യവസ്ഥക ളുമാണ്. ഓരോ രാഷ്ട്രത്തിനും ഹിമാലയൻ പ്ര വിശ്യയുമായി അഭേദ്യമായ ബന്ധമുണ്ട്.

ഇന്ത്യ, നേപ്പാൾ ബന്ധങ്ങളുടെ നില വിലിരിക്കുന്ന പ്രശ്നങ്ങൾ

ഉള്ളടക്കം

- നേപ്പാൾ, ചൈന എന്നീ രണ്ടു രാജ്യങ്ങളുടെ ഗതാഗതം, ഗതാഗത ഇടപാടിന്റെ നടപടിക്രമങ്ങ ളിലുള്ള അന്തിമ തീരുമാനത്തിന് രൂപം നൽകി.
- ഇന്ത്യ ആതിഥേയത്വം വഹിക്കുന്ന 'ബിംസ്ടെക്' എന്ന സൈന്യക അഭ്യാസ പരിശീലനത്തിൽ പ ങ്കെടുക്കാൻ നേപ്പാൾ വിസമ്മതിച്ചു..

12th_MAI_Political Science_Unit_10.indd 229 2/28/2023 1:06:33 PM

ഇരു രാജ്യങ്ങളുടെയും ബന്ധത്തിന്റെ സംക്ഷിപ്ത പശ്ചാത്തലം

- ഇന്ത്യ, നേപ്പാൾ എന്നീ രാജ്യങ്ങൾ പരസ്പരം വളരെയേറെ പ്രത്യേക ബന്ധം പങ്കിടുന്നു. ഹിമാലയത്തിന്റെ തെക്കൻ പ്രദേശത്തുള്ള സംസ്ക്കാരത്തേയും, ഭൂപ്രദേശത്തേയും പങ്കിടുന്നു. ഭാഷകൾക്കും, മതസംബന്ധമായ ചടങ്ങുകളിലും, വിവാഹം, ആത്മീയകാര്യങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തിയ നാഗരിക സംസ്ക്കാരത്തെ ഇരു രാജ്യങ്ങളിലും പരസ്പരം ഐക്യത്തോടെ പ്രവർത്തിക്കുന്നു.
- ജനങ്ങളുമായുള്ള സമ്പർക്കം എന്നു പറയുന്നത് ഇന്ത്യയും, മറ്റേതൊരു രാജ്യവും തമ്മിലുള്ള ബന്ധത്തെക്കാൾ കൂടുതൽ അടുപ്പം ഇന്ത്യയും നേപ്പാളും തമ്മിലുള്ള ബന്ധത്തിലാണുള്ളത്.
- റിപ്പബ്ലിക് ഓഫ് നേപ്പാളും, 1950-ാം ആണ്ടിലെ ഇന്ത്യയും നേപ്പാളും തമ്മിലുള്ള സമാധാനവും സൗഹൃദ ഉടമ്പടിയുമായി ഒരു ഔദ്യോഗിക ബന്ധം സ്ഥാപിച്ചു. ഈ ഉടമ്പടിയാണ് നേപ്പാൾ രാഷ്ട്രവുമായുള്ള ഭാരതത്തിന്റെ നിലവിലുള്ള ബന്ധത്തിന്റെ ഉറവിടമായി കരുതുന്നത്.

നേപ്പാളിന്റെ തന്ത്രപരമായ ബന്ധങ്ങളുടെ പ്രാധാന്യം

- ഇന്ത്യയ്ക്കും ചൈനയ്ക്കുമിടയിലെ പ്രകൃത്യാലുള്ള ഒരു നിഷ്പക്ഷ രാജ്യമെന്നത് നേപ്പാളിന്റെ ഭൂപ്രകൃതിയിലുള്ള ഒരു പ്രത്യേകതയാണ്.
- നേപ്പാൾ ഭൂപ്രദേശം പ്രാദേശികമായി അടയ്ക്കപ്പെട്ട രാജ്യമായതിനാൽ പുറംലോകവുമായുള്ള ആശയവിനിമയത്തിന് ഇത് ഇന്ത്യയെ വളരെയധികം ആശ്രയിക്കുന്നു.

നിങ്ങൾക്ക് അറിയാമോ?

ഭാരതപ്രധാനമന്ത്രി ശ്രീ. നരേന്ദ്രമോദി 2018-ാം ആണ്ടിൽ മേയ് മാസത്തിൽ നേപ്പാൾ സന്ദരശനവേളയിൽ ഇന്ത്യ-നേപ്പാൾ ബന്ധത്തിന് ഒരു പുതിയ സൂത്രവാക്യം പ്രസ്ഥാവിക്കുകയുണ്ടായി. അവ പാരമ്പര്യം, വ്യാപാരം, വിനോദയാത്ര, സാങ്കേതിക വിദ്യ, ഗതാഗതം എന്നിവയാണ്.

രാഷ്ട്രീയ ബന്ധങ്ങൾ

- നേപ്പാളിന് ഇന്ത്യയുമായി ഒരു ചരിത്രപരമായ ബന്ധമാണുള്ളത്.
- 1950-ാം ആണ്ടു മുതൽ ഇന്ത്യക്ക് നേപ്പാൾ രാഷ്ട്രവുമായി സമാധാന സൗഹൃദ ഉടമ്പടി ഉണ്ട്.
- ഈ ഉടമ്പടി പ്രകാരം ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത സഹകരണത്തിന് സഹായകരമാണ്.
- ഇന്ത്യ എല്ലായിപ്പോഴും ദക്ഷിണേഷ്യയെ അതിന്റെ സ്വാധീന മേഖലയായിട്ട് കണക്കാക്കുന്നു.

സാമ്പത്തിക ബന്ധങ്ങൾ

- ഇന്ത്യയും, നേപ്പാൾ രാഷ്ട്രവും ഒരു പൊതുവായ സാസ്ക്കാരിക ബന്ധത്തെ പങ്കിടുന്നു. അതിനോടൊപ്പം ഇരു രാഷ്ട്രങ്ങളിലുള്ള ജനതയുമായിട്ട് ദൈർഘ്യമേറിയ ചരിത്രമാണുള്ളത്.
- ആത്മീയ തീർത്ഥാടനത്തിനായി നേപ്പാളിലെ ജനങ്ങളും ഇന്ത്യയിലെ ജനങ്ങളും പരസ്പരം ബഹുമാനത്തോടെ രാജ്യങ്ങളെ സന്ദർശിക്കുന്നു. പശുപതിയും ജനക്പൂറും നേപ്പാളിലെ പരമ്പരാഗത ആത്മീയ കേന്ദ്രങ്ങളാണ്. അതേസമയം വാരണാസിയിൽ നാലു ധാവുകളും ഇന്ത്യയിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങളാണ്.
- നേപ്പാൾ ഭൂപ്രദേശം പ്രാദേശികമായി അടയ്ക്കപ്പെട്ട രാജ്യമായതിനാൽ പുറംലോകവുമായുള്ള ആശയ വിനിമയത്തിന് ഇത് ഇന്ത്യയെ വളരെയധികം ആശ്രയിച്ചിരിക്കുന്നു.
- ഇന്ത്യക്കും നേപ്പാളിനും റൊട്ടി-ബേട്ടികാ റിസ്താ (ഭക്ഷണവും കുടുംബവും തമ്മിലുള്ള ബന്ധം) ഉണ്ടെന്ന് അറിയപ്പെടുന്നു.

ഇന്ത്യ-നേപ്പാൾ സമാധാനവും സൗഹൃദ ഉടമ്പടിയും - 1950

ഇന്ത്യാ നേപ്പാൾ സമാധാനവും, സൗഹൃദ ഉടമ്പടിയും എന്നത് നേപ്പാൾ സർക്കാരും, ഇന്ത്യൻ സർക്കാരും തമ്മിലുള്ള ഒരു ഉഭയകക്ഷി കരാറാണ്. ദക്ഷിണേഷ്യൻ അയൽരാജ്യങ്ങൾ തമ്മിൽ അടുത്ത തന്ത്രപരമായ ബന്ധം സ്ഥാപിക്കുന്നു. ഈ കരാറിൽ 1950-ാം ആണ്ടിൽ ജൂലൈ 31-ന് കാഠ്മണ്ഡുവിൽ വച്ച് അന്നത്തെ നേപ്പാൾ പ്രധാനമന്ത്രി മോഹൻ ഷംഷർ ജംഗ് ബഹദൂർ റാണയും, നേപ്പാളിലെ അന്നത്തെ ഇന്ത്യ നയതന്ത്രജ്ഞനായ ചന്ദ്രേശ്വർ നായൺസിംഗാണ് സംയുക്തമായി ഒപ്പുവയ്ക്കപ്പെട്ടത്. ഇരു രാജ്യങ്ങളും തമ്മിലുള്ള ജനങ്ങളുടെയും, അവശ്യ സാധനങ്ങളുടെയും സ്വതന്ത്രമായ നീക്കത്തിനും, പ്രതിരോധ വിദേശ കാര്യങ്ങളുമായി അടുത്ത ബന്ധവും, സഹകരണവും ഉടമ്പടി പ്രകാരം അനുവദിക്കുന്നു.

സഹകരണ മേഖലകൾ

1. വ്യാപാരവും, സാമ്പത്തികവും

- നേപ്പാൾ രാഷ്ട്രത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വ്യാപാര പങ്കാളിയും, വിദേശ നിക്ഷേപത്തിന്റെ ഏറ്റവും വലിയ സ്രോതസ്സുമാണ് ഇന്ത്യ, കൂടാതെ മറ്റു രാജ്യങ്ങളുമായി നേപ്പാൾ രാഷ്ട്രം ചെയ്തുകൊണ്ടിരിക്കുന്ന മുഴുവൻ വ്യാപാരത്തിനും, ഗതാഗതസൗകര്യത്തിനും സംവിധാനം ഏർപ്പെടുത്തുന്നു

2. നേപ്പാൾ രാജ്യത്തിലെ ഇന്ത്യൻ നിക്ഷേപം

- നേപ്പാൾ രാജ്യത്തിലെ വ്യാപാര നിക്ഷേപകരിൽ മുന്നിട്ട് നിൽക്കുന്നത് ഇന്ത്യൻ കമ്പനികളാണ്. അതിൽ മൊത്തമായി അംഗീകൃത വിദേശ നിക്ഷേപത്തിലെ വ്യാപാരത്തിൽ 40 ശതമാനവും നിക്ഷേപം നടത്തുന്നു.

12th_MAI_Political Science_Unit_10.indd 230 2/28/2023 1:06:33 PM

3. ജല വിഭവങ്ങളും ഊർജ്ജ സംരക്ഷണവും

- ജല വൈദ്യുതിയുടെയും, ജലലഭ്യത സ്രോതസ്സുകളുടെയും നവീകരണവുമായി ബന്ധപ്പെട്ട എല്ലാ ഉഭയകക്ഷി പ്രശ്നങ്ങളെയും ചർച്ചചെയ്യുന്നതിനായി, 2008-ാം ആണ്ടിൽ സ്ഥാപിതമായ ഒരു ത്രിതല സംവിധാനമാണ്.
- നേപ്പാൾ രാജ്യത്തിൽ അതിവേഗത്തിൽ ഒഴുകുന്ന നിരവധി നദികൾ കാണപ്പെടുന്നു. അവിടത്തെ ഭൂപ്രദേശം ജലവൈദ്യുതഉൽപ്പാദനത്തിന് ഏറ്റവും അനുയോജ്യമാണ്. ഏകദേശം 80,000 മെഗാവാട്ടിൽ കൂടുതലായി ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള നേപ്പാളിന്റെ ജലവൈദ്യുത ഉൽപ്പാദനം 700 മെഗാവാട്ടിൽ കുറവാണ്..
- 900 മെഗാവാട്ട് ജലവൈദ്യുത പദ്ധതിയായ അരുൺ 111 സമീപകാലത്തിൽ ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിരിക്കുന്നു.
- വൈദ്യുതി ഊജ്ജ വ്യാപാരം, വൈദ്യുതി ഉർജ്ജപ്രവർത്തനത്തെ വൈദ്യുതിപ്രസരണം നടത്തുന്ന ഇടനാഴികൾ എന്നിവയുമായി 2014 -ാം ആണ്ടിൽ ഇന്ത്യയും നേപ്പാൾ രാഷ്ട്രവും തമ്മിൽ ഒപ്പുവയ്ക്കുകയുണ്ടായി.
- 2013-ാം ആണ്ടുവരെയുള്ള വൈദ്യുതി പദ്ധതികൾക്കായിട്ട് അത് ഉൾക്കൊള്ളുന്ന ഒരു ദീർഘകാല സംയോജിത പ്രവർത്തന പദ്ധതിയെ തയ്യാറാക്കുന്നതിനായിട്ട് ഒരു സംയുക്ത സാങ്കേതിക വിഭാഗത്തിന് (ജെ റ്റി റ്റി) യെ രൂപീകരിച്ചു.

4. പ്രതിരോധ നവീകരണം

- ഇന്ത്യൻ സൈന്യത്തിന്റെ വിഭാഗമായ ഗൂർഖ റജിമെന്റുകൾ നേപ്പാളിലെ മലയോരജില്ലകളിൽ നിന്നുള്ള നിയമനത്തിലൂടെയാണ് കര സൈന്യത്തിന് കൂടുതൽ ബലം ഉണ്ടാക്കുന്നത്.
- 1950-ാം ആണ്ടിൽ നിന്നുമാണ് ഇന്ത്യയും നേപ്പാൾ രാഷ്ട്രവും അതിൽ കരസേനാമേധാവികൾക്ക് പരസ്പരം ബഹുമാനസൂചകമായി ജനറൽ പദവി നൽകി ആദരിക്കപ്പെടുന്നത്.
- ഉഭയകക്ഷി ബന്ധം പ്രതിരോധ സഹകരണത്തിന്റെ ഭാഗമായി നേപ്പാൾ സൈന്യത്തിന് നവീകരണത്തിന് വേണ്ട ആവശ്യമായ അത്യാധുനിക ഉപകരണങ്ങളും പരിശീലനവും നൽകുന്ന സഹായം ഉൾപ്പെടുന്നു.
- വിവിധ ഇന്ത്യൻ സൈന്യ പരിശീലന സ്ഥാപനങ്ങളിൽ നേപ്പാൾ കരസൈന്യ ഉദ്യോഗസ്ഥനും പരിശീലിപ്പിക്കുന്നതിനായി പ്രതിവർഷം 250 തിൽപ്പരം പരിശീലന സംഘത്തെ നൽകപ്പെടുന്നു.
- ഈ വർഷം ഉത്തരഖാണ്ഡിൽ മേയ്മാസം 30-ാം തീയതി മുതൽ ജൂൺ മാസം 12-ാം തീയതി വരെ സംഘടിപ്പിക്കുന്ന സൂര്യകിരൺ എന്ന സംയുക്ത സൈന്യക അഭ്യാസത്തിൽ ഭരണവും നേപ്പാൾ രാഷ്ട്രവും പങ്കെടുന്നുന്നു.

5. അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെടുത്തലും

- സമീപകാലത്ത് റക്സോൾ കാഠ്മണ്ഡു റെയിൽ വേപാതവികസനപദ്ധതിയുടെധാരണാപത്രത്തിൽ ഒപ്പിട്ടു. ഒരു തപാൽ സംവിധാന സമാന്തര മാർഗ്ഗ പദ്ധതിയേയും ഏറ്റെടുക്കുന്നു.
- ഇന്ത്യാനേപ്പാൾഎന്നീഇരുരാജ്യങ്ങളുംഉൾനാടൻ ജലപാത ബന്ധത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

6. ജനങ്ങളിൽ നിന്നും ജനങ്ങളിലേയ്ക്കുള്ള നവീകരണം

- കാഠ്മണ്ഡു-വാരണാസി, ലുംബിനി-ബോധിഗയാ, ജനക്പകർ-അയോധ്യ എന്നീ മൂന്നു സഹോദരീ ബന്ധമുള്ള മഹാനഗരങ്ങളെ പരസ്പരം ഒന്നിപ്പിക്കുന്ന കരാറിൽ ഭാരത സർക്കാരും നേപ്പാൾ രാജ്യവും ചേർന്ന് ഒപ്പിട്ടു. സ്വദേശ്ദർഗൻ പദ്ധതിപ്രകാരം ഇതിഹാസകാവ്യമായ രാമായണകഥയുടെശൃംഖലയെ സംയോജിപ്പിച്ച് ജനക്പൂരിനും അയോധ്യയ്ക്കും ഇടയിൽ നേരിട്ടുള്ള ബസ്സ് യാത്ര സേവനം ആരംഭിക്കപ്പെട്ടു.
- നേപ്പാൾ രാഷ്ട്രവും, ഭാരതവും ഹിന്ദു, ബുദ്ധമത പൈതൃക സംരക്ഷണത്തെ നിലനിർത്തുന്നതിന് പരസ്പരം പങ്കിടുന്നു. ശ്രീബുദ്ധന്റെ ജന്മസ്ഥലമായ ലുംബിനി, നേപ്പാൾ രാഷ്ട്രത്തിലാണെങ്കിൽ ബോധോദയം നേടിയ ബോധ ഗയ ഇന്ത്യയിലാണ് സ്ഥിതിചെയ്യുന്നത്. അതുപോലെ ഹിന്ദു തീർത്ഥാടന കേന്ദ്രങ്ങളും ഇരു രാജ്യങ്ങളിലായിട്ട് വ്യാപിച്ചിരിക്കുന്നു.

പ്രവർത്തനം



ഹിന്ദു ദിനപത്രത്തിൽ വന്ന കാർട്ടൂൺ

ഹിന്ദു ദിനപത്രത്തിലെ കാർട്ടൂൺ സർവ്വാധികാര സ്വേച്ഛാധിപത്യത്തിൽ നിന്നും രാജഭരണത്തിൽ നിന്നും ജനാധിപത്യ സമത്വമായ ഭരണമാറ്റത്തെ അംഗീകരിക്കാൻ ജ്ഞാനേന്ദ്ര രാജാവ് വിസമ്മതിച്ചതിന് രണ്ടു കാരണങ്ങൾ നൽകുക.

വെല്ലുവിളികൾ

1. അതിർത്തി തർക്കങ്ങൾ:

- സുസ്ത, കാലാപാനി, ഇന്ത്യ, ചൈന, നേപ്പാൾ എന്നീ (ത്രിരാഷ്ട്രസംഗമസ്ഥാനം) എന്നപ്രത്യേക സ്ഥലത്തുള്ള തർക്കപ്രദേശത്തിന്റെ രണ്ടുപ്രധാന മേഖലകൾ.
- തർക്ക പ്രദേശങ്ങളെക്കുറിച്ചുള്ള പ്രശ്നത്തെ പരി

12th_MAI_Political Science_Unit_10.indd 231 2/28/2023 1:06:33 PM

ഹരിക്കുന്നതിനായി സെക്രട്ടറിതലത്തിൽ നിന്ന് ചർച്ച ആരംഭിക്കാൻ ത്രിരാഷ്ട്രങ്ങൾ സമ്മതിച്ചു. എന്നിരുന്നാലും 2015-ാം ആണ്ടിൽ ഒരു പ്രാവശ്യമാണ് സെക്രട്ടറി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചർച്ച സംഘടിപ്പിച്ചത്.

2. ആഭ്യന്തര സുരക്ഷ

- ഇന്ത്യ, നേപ്പാൾ എന്നീരണ്ടുരാജ്യങ്ങൾക്കുംതമ്മിൽ ഒരുതുറസ്സായദൈർഘ്യമേറിയഅതിർത്തിയാണുള്ളത്. ഇത് ഇരു രാജ്യങ്ങളിലുള്ള അനധികൃത കുടിയേറ്റത്തിനും മനുഷ്യകടത്തിനും കാരണമാകുന്നു.
- ഇന്ത്യൻ നേപ്പാൾ അതിർത്തിയെ മാവോയിസ്റ്റ്, തീവ്രവാദ, ലഹരിവസ്തുക്കൾ, കള്ളക്കടത്തുകൾ എന്നിവർ മുഖ്യ കവാടമായി ഉപയോഗിക്കുന്നു.

3. വ്യാപാരം

- ഇറക്കുമതി തുടർച്ചയായി ഉയരുന്നതും, കയറ്റുമതി മന്ദഗതിയിലായതുമായ ഇന്ത്യയുമായിട്ടുള്ള വ്യാപാര കുറവ് സമീപകാലത്തായിട്ട് ഉയർന്ന സാഹചര്യമാണുള്ളത്.
- ഇൻഡ്യ, നേപ്പാൾ എന്നീ ഇരു രാജ്യങ്ങളി ലുള്ള വ്യാപാരം ഇൻഡ്യയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടു.

4. സമാധാനവും സൗഹൃദ ഉടമ്പടിയും

- 1950ാം ആണ്ടിലെഇൻഡ്യ നേപ്പാൾഉടമ്പടിഎന്നത് നേപ്പാൾ രാഷ്ട്രത്തിന്റെ രാഷ്ട്രീയ വരേണ്യ വംശത്തെ അസമമായി ഒന്നായി വിമർശിക്കപ്പെട്ടു.
- മൂന്നാം ലോക രാജ്യങ്ങളിൽ നിന്നും സൈനിക ആവശ്യത്തിനായിവാങ്ങിക്കുന്നഅനുബന്ധഅത്യന്താധുനിക സാങ്കേതിക ഉപകരണങ്ങളെ വാങ്ങുമ്പോൾഇന്ത്യയെഅറിയിക്കാനുംസമ്മതംനേടാനും ഉള്ള ഉടമ്പടിയെ അംഗീകരിക്കാനും നേപ്പാളിനെ നിർബന്ധിച്ചു.
- ഉഭയകക്ഷിബന്ധം എങ്ങനെ പുനരുജ്ജീവിപ്പിക്കാം എന്നതിനെ കുറിച്ച് ഒരു സമഗ്രമായ റിപ്പോർട്ട് ഇരു സർക്കാരുകൾക്ക് സമർപ്പിക്കുന്നതായി നേപ്പാൾഇൻഡ്യ സർക്കാരുകളുടെവിദഗ്ധരായവ്യക്തികളുടെ സംഘടനയാൽ എല്ലാ ഉഭയകക്ഷി ബന്ധത്തിനെയും പുനഃസജ്ജമാക്കുകയും ചെയ്യുന്നു.

5. നേപ്പാൾ രാജ്യത്തിന് ചൈനയോടുള്ള സമീപനം

- ചൈനയുമായി എത്തിച്ചേരുന്നതിലൂടെ ഇന്ത്യയുടെ അടുത്തുള്ള സാനിധ്യത്തെ സന്തുലിതമാക്കുന്നു. ഇത്തരം നടപടികൾ ഇൻഡ്യയുടെ സുരക്ഷാ ആശങ്കകൾ ഉയർത്തുന്നു.
- ടിബറ്റർ രാജ്യത്തിന്റെ ഭാഗത്തുനിന്നും നേപ്പാളിലേക്ക് ചൈനക്കാർ നിരവധി റോഡുകൾ നിർമ്മിക്കുന്നുണ്ട്. നേപ്പാൾ രാഷ്ട്രത്തിലൂടെ സഞ്ചരിക്കുന്ന കിഴക്ക് പടിഞ്ഞാറൻ ഹൈവേയിലേക്കുള്ള എല്ലാ വഴികളും ഉൾപ്പെടെ
- ഏതാനുംവർഷങ്ങൾക്കുള്ളിൽടിബസ്റ്റ്രാജ്യത്തിന്റെ തീവണ്ടിപാത അതിർത്തിയ്ക്കപ്പുറത്തു നിന്നും നേപ്പാളിന്റെ തലസ്ഥാന നഗരമായ കാഠ്മണ്ഡു വിലേക്ക് വ്യാപിപ്പിക്കുവാൻ ചൈന ഒരു പദ്ധതി ആവിഷ്ക്കരിക്കുന്നു
- വർഷങ്ങൾക്ക് മുമ്പ് നേപ്പാൾ രാഷ്ട്രം ചൈനയുമായി ബെൽറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് പ്രവർത്തനം രൂപഘടനയ്ക്കുള്ള ഒരു കരാറിൽ ഒപ്പു വെയ്ക്കപ്പെട്ടു.
- നേപ്പാൾ രാഷ്ട്രങ്ങൾ ചൈനയുടെ താൽപ്പര്യങ്ങളെ മുന്നോട്ടു നയിക്കാൻ കഴിയുന്ന പ്രാദേശിക താൽപ്പര്യ സംഘടനയെ വളർത്തിയെടുത്ത് ഇൻന്ത്യൻ താൽപ്പര്യങ്ങളുമായി മത്സരിക്കാൻ ശ്രമിക്കുകയാണ്.



ഗതാഗത, ഗതാഗത ഇടപാട്

- നേപ്പാൾ, ഇൻഡ്യ എന്നീ ഇരു രാജ്യങ്ങളും ഗതാഗത ഇടപാടിന് അന്തിമരൂപം നൽകി. കരാർ പ്രകാരം നേപ്പാൾ രാജ്യത്തിലുള്ള ദുർബലമായ തുറമുഖങ്ങളെ വ്യാപാരത്തിനായി ഉപയോഗിക്കാൻ വഴിയൊരുക്കുന്നു. എല്ലായ്പ്പോഴും വ്യാപാര ത്തിനു വേണ്ടി ഇൻഡ്യയെ ആശ്രയിക്കുന്ന പ്രവണതയെ കുറയ്ക്കാവുന്നതാണ്.
- ഇവ കൂടാതെ ചൈന, ഇൻഡ്യ എന്നീ ഇരു രാജ്യങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റു റോഡുകളും റെയിൽവേ പദ്ധതികളും ചൈനാ ഇൻഡ്യൻ അതിർത്തിയിലെ മറ്റൊരു ഭാഗത്തായിട്ട് ഇന്ത്യയ്ക്കെതിരെ വൈദ്യുത ഉത്പ്പാദന പദ്ധതി പ്രവർത്തനത്തിന് ആസൂത്രണം ചെയ്യാൻ ചൈനയെ അനുവദിക്കുന്നതാണ്.

12th_MAI_Political Science_Unit_10.indd 232 2/28/2023 1:06:33 PM

എന്തുകൊണ്ടാണ് ചൈനയെ നേപ്പാളിൽ നിന്ന് മാറ്റി സ്ഥാപിക്കാൻ കഴിയാത്തത്?

- ഇൻഡ്യയ്ക്ക് ഭൂമിശാസ്ത്രപരമായി അനുകൂലമായ ചില മാർഗ്ഗങ്ങൾ കാണപ്പെടുന്നു. എന്നാൽ ചൈനയുടെ റെയിൽപാത തുറമുഖങ്ങളെ സംയോജിപ്പിക്കുത് എന്നത് ഭൂപ്രദേശത്തിന്റെ ദുർഘടത കാരണം ചൈനയുടെ പദ്ധതികൾ വളരെ പ്രായോഗികമല്ല.
- ഏറ്റവും സമീപത്ത് സ്ഥിതി ചെയ്യുന്ന ചൈനയുടെ തുറമുഖങ്ങൾ ഏകദേശം 3000 കിലോമീറ്റർ ദൂരത്തിലായിരിക്കുന്നു. അതേ സമയംഇൻഡ്യയിലുള്ള കൊൽക്കത്ത, വിശാഖപട്ടണം എന്നീ തുറമുഖങ്ങൾ അടുത്ത് സ്ഥിതി ചെയ്യുന്നതു മൂലം നേപ്പാളിന് വളരെയേറെ ഉപയോഗപ്രദമായിരിക്കുന്നു.

10.7 ഇന്ത്യ ഭൂട്ടാൻ ബന്ധം



ഇന്ത്യ ഭൂട്ടാനുമായി ഒരു പ്രത്യേകബന്ധം പങ്കിടുന്നു. ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന രാജ്യമായ ഭൂട്ടാൻ അതിന്റെ മിക്ക ഉൽപ്പന്നങ്ങൾക്കും സാമ്പത്തിക സഹായത്തിനും ഇന്ത്യയെ ആശ്രയിച്ചിരിക്കുന്നു. ഇത് അയൽരാജ്യവുമായുള്ള നല്ല ബന്ധത്തിന് ഉത്തമ ഉദാഹരണമാണ്



ജിഗ്മി വാങ്ചക് രാജാവും അദ്ദേഹത്തിന്റെ പിതാവുമായ ഉഗിയൻ വാങ്ചക്കും

സംഭവങ്ങളുടെ സമയരേഖ:

1. **പുനരക്ഷ ഉടമ്പടി** (1910): ഭൂട്ടാൻ ബ്രിട്ടീഷ് ഇന്ത്യയുടെ സംരക്ഷിത സംസ്ഥാനമായി. ഭൂട്ടാന് ആന്തരികസ്വയംഭരണാധികാരംഉണ്ടെന്നുംബാഹ്യ സ്വയംഭരണാധികാരം ഇല്ലെന്നും ഇതിനർത്ഥം
2. **സൗഹൃദ സഹകരണ ഉടമ്പടി(1949) :** ഇന്ത്യയും ഭൂട്ടാനും സമാധാന സൗഹൃദ ഉടമ്പടി 1949 ആഗസ്റ്റ് 8 ന് ഡാർജിലിംഗിൽ ഒപ്പുവച്ചു.

- 1910 ലെ ആംഗ്ലോ ഭൂട്ടാൻ ഉടമ്പടിയുടെ തുടർച്ചയായാണ് ഈ കരാറിനെ വിശേഷിപ്പിക്കുന്നത്. ഇന്ത്യൻ സുരക്ഷയുടെ രക്ഷാകവാചവുമായി ഹിമാലയത്തെ കണക്കാക്കുന്നു.
- ഇന്തോ ഭൂട്ടാൻ ഉടമ്പടിയെ ഭൂട്ടാന്റെ വിദേശ നയത്തിന്റെ ആണിക്കല്ലായി വിളിക്കുന്നു.

ഇന്ത്യയും ഭൂട്ടാനും തമ്മിലുള്ള നയതന്ത്ര ബന്ധം 1968 ൽ തിമ്പുവിൽ ഇന്ത്യയുടെ റസിഡന്റ് പ്രതിനിധിയെ നിയമിച്ചതോടെ സ്ഥാപിതമായി. ഇതിന് മുൻമ്പ് ഭൂട്ടാനുമായുള്ള ഇന്ത്യയുടെ ബന്ധംസിക്കിമിലെപൊളിറ്റിക്കൽ ഓഫീസർപരിപാലിച്ചിരുന്നു.

ഇന്ത്യ മുൻക്കൈ എടുത്ത് ഭൂട്ടാനെ 1965 ൽ കൊളംബോ പദ്ധതിയിൽ അംഗമാക്കി. 1969 ൽ യൂണിവേഴ്സൻ പോസ്റ്റൽ സർവ്വീസിൽ ചേർന്നു. ഒടുവിൽ ഇന്ത്യ 1971 ൽ ഭൂട്ടാന്റെ അംഗത്വം സ്പോൺസർ ചെയ്തു. ഭൂട്ടാൻ (നോൺ അലൈൻമെന്റ് മൂവ്മെന്റ്) രാജ്യങ്ങളുമായുള്ള ബന്ധം ഇന്ത്യയുടെ മറ്റൊരു സംരംഭമാണ്

	ഭൂട്ടാൻ – 1949
ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാത്തത്	ആർട്ടിക്കിൾ 2 വിദേശനയം ഇന്ത്യയുടെ ഉപദേശ പ്രകാരം നയിക്കപ്പെടും
പ്രതിരോധം	ആർട്ടിക്കിൾ 6 ഇന്ത്യക്കെതിരെ ലക്ഷ്യമിടാത്തതോ ഇന്ത്യയിലേക്ക് കയറ്റുമതി ചെയ്യുന്നതോ അല്ലാത്ത കാലത്തോളം ഇറക്കുമതി ചെയ്യുന്നു
വിദേശ ബന്ധങ്ങൾ	ആർട്ടിക്കിൾ 2

പുതുക്കിയ ഉടമ്പടി (2007)

- ഭൂട്ടാന്റെഅഭ്യർത്ഥനമാനിച്ച്,ഇന്ത്യ സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും ഉമ്പടി പുതുക്കി
- പുതുക്കിയ ഉടമ്പടി അനുസരിച്ച് പങ്കാളിയെ ഒരു ഉറ്റ സുഹൃത്തും തുല്യ പങ്കാളിയുമായി ഇന്ത്യ കരുതുന്നു.
- പുതുക്കിയ മാനദണ്ഡങ്ങൾ അനുസരിച്ച് ഭൂട്ടാന് ആയുധങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ഇന്ത്യയുടെ അനുവാദം ആവശ്യമില്ല.

12th_MAI_Political Science_Unit_10.indd 233 2/28/2023 1:06:33 PM

- മറ്റു രാജ്യങ്ങളുമായി ബന്ധപ്പെടുന്നതിന് ഭൂട്ടാന് പരിമിതികൾ ഒന്നുമില്ല. പക്ഷേ ഇന്ത്യയുടെ സുരക്ഷാ ഭീഷണിയെ അതിജീവിക്കുന്ന പ്രവർത്തനങ്ങൾക്ക് അതിന്റെ പ്രദേശം ഉപയോഗിക്കാൻ കഴിയില്ല.

3. **ഇന്ത്യാ ഭൂട്ടാൻ വാണിജ്യ ഗതാഗത കരാർ (1972):** മൂന്നാം രാജ്യങ്ങളിലേക്കുള്ള ഭൂട്ടാന്റെ കയറ്റുമതിക്ക് നികുതിയിളവ് ഇതിൽ വ്യവസ്ഥ ചെയ്യുന്നു.

- **ജലഊർജ്ജപെരുമാറ്റച്ചട്ടഉടമ്പടി(2006):** ഇതനുസരിച്ച്കുറഞ്ഞത് 10,000മെഗാവാട്ട്ജലവൈദ്യുതി വികസിപ്പിക്കുന്നതിന് ഭൂട്ടാൻ സർക്കാരിനെ സഹായിക്കാനും 2020 ഓടെ മികച്ച വൈദ്യുതി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്യാനും ഇന്ത്യ സമ്മതിച്ചിട്ടുണ്ട്.

സഹകരണ മേഖലകൾ

ജലവൈദ്യുത സഹകരണം

- ഭൂട്ടാനിൽ 1416 മെഗാവാട്ട് ജലവൈദ്യുതി ഉല്പാദിപ്പിക്കുന്ന മൂന്ന് ജലവൈദ്യുത പദ്ധതികൾ (HEPs) ഇന്ത്യ നിർമ്മിച്ചു.
- ഭൂട്ടാന്റെ ആഭ്യന്തര വരുമാനത്തിന്റെ 40 ശതമാനത്തിലധികം ജലവൈദ്യുതി കയറ്റുമതി ചെയ്യുന്നു ഇത് GDP യുടെ 25% വരും.
- നിലവിൽ ഗവൺമെന്റ് മൂന്ന് അന്തർ നിർമ്മിത പദ്ധതികളുടെ ഘട്ടത്തിലാണ്

സുരക്ഷാസഹകരണം

- കലാപരിപാടികൾക്കെതിരെ ഇരു രാജ്യങ്ങളും സംയുക്ത നടപടി നടത്തിയിട്ടുണ്ട്. ഇതിൽ ഏറ്റവും ശ്രദ്ധേയമായത് 2004 ൽ റോയൽ ഭൂട്ടാൻ സൈന്യം ലിബറേഷൻ ഫ്രണ്ട് ഓഫ് അസാമിനെതിരെ പ്രവർത്തനം നടത്തിയപ്പോഴാണ്.

നയതന്ത്ര സഹകരണം

- ഇരു രാജ്യങ്ങളിലെയും ഉന്നതതല സർക്കാർ പ്രവർത്തകർ തമ്മിലുള്ള പതിവ് സന്ദർശനങ്ങൾ ഒരു പാരമ്പര്യമായി മാറിയിരിക്കുന്നു. ഉദാഹരണത്തിന് 2014 ൽ നമ്മുടെ പ്രധാനമന്ത്രി ഭൂട്ടാന് ആദ്യമായി സന്ദർശിക്കുന്ന വിദേശ രാജ്യമായി തെരഞ്ഞെടുത്തു.
- നല്ല നയതന്ത്രബന്ധം നിലനിർത്തുന്നതിനായി ഇന്ത്യ വിദേശ സേവന ഉദ്യോഗസ്ഥരെ ഭൂട്ടാനിലേക്ക് അയയ്ക്കുന്നു.
- സൗത്ത് ഏഷ്യൻ അസോസിയേഷൻ ഫോർ റീജിണൽ കോർപ്പറേഷന്റെ (SAARC). സ്ഥാപക അംഗമാണ് ഭൂട്ടാൻ. ബിംസ്ടെക് BIMSTEC, ലോകബാങ്ക് എന്നിവയിലും അംഗമാണ്.

സാമ്പത്തിക സഹകരണം



- ഭൂട്ടാന്റെ നാണയമായ ന്യുഗൽട്രം ഇന്ത്യൻ രൂപയ്ക്ക് തുല്യമായി ഔദ്യോഗികമായി കണക്കാക്കുന്നു.
- ഭൂട്ടാന്റെ ഏറ്റവും വലിയ വ്യാപാര പങ്കാളിയായി ഇന്ത്യ തുടരുന്നു.
- 2016 ൽ ഒരു പുതിയ വ്യാപാര കരാർ ഒപ്പിട്ടു. വ്യാപാരവുമായി ബന്ധപ്പെട്ട ആധാര രേഖകൾ വെട്ടിക്കുറയ്ക്കുന്നതിനും ഭൂട്ടാനിൽ കച്ചവട സ്ഥാപനങ്ങൾ തുടങ്ങുന്നതിനും ഈ കരാർ ലക്ഷ്യമിടുന്നു.
- മൂന്നാം രാജ്യങ്ങളുമായുള്ള വ്യാപരത്തിനായി ഭൂട്ടാനിലേക്ക് നികുതി ഇളവും ഇന്ത്യ വാഗ്ദാനം ചെയ്തു

വിദ്യാഭ്യാസ സാംസ്ക്കാരിക സഹകരണം

- സ്വയം ധനകാര്യ അടിസ്ഥാനത്തിൽ നിരവധി ഭൂട്ടാൻ വിദ്യാർത്ഥികൾ ഇന്ത്യൻ സർവ്വകലാശാലകളിൽ ബിരുദ കോഴ്സുകളിൽ പഠിച്ചുവരുന്നു.
- സംസ്ക്കാരം, വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം എന്നീ മേഖലകളിൽ ജനങ്ങളുടെ സഹകരണം മെച്ചപ്പെടുത്തുന്നതിനായി 2003 ൽ ഇന്ത്യ ഭൂട്ടാൻ ഫൗണ്ടേഷൻ ആരംഭിച്ചു.



മൊത്ത രാഷ്ട്രങ്ങളുടെ സന്തോഷം

ഭൂട്ടാനിലെ നാലാമത്തെ രാജാവായ ജിഗ്മി സിംഗി വാങ്ചക്ക് 1972 ൽ മൊത്ത രാഷ്ട്രങ്ങളുടെ സന്തോഷം എന്ന വാചകം ആവിഷ്ക്കരിച്ചു. ഇത് GDP യെക്കാൾ പ്രധാനമാണെന്ന് പ്രഖ്യാപിച്ചു.

തർക്ക മേഖലകൾ

- ബംഗ്ലാദേശ്, ഭൂട്ടാൻ, ഇന്ത്യ, നേപ്പാൾ (BBIN) എന്നിവയുമായി 2015 ൽ ഒപ്പുവച്ച മോട്ടോർ വാഹനകരാർ പാരിസ്ഥിതിക ആശങ്കകൾ ചൂണ്ടിക്കാട്ടി ഭൂട്ടാന്റെ ഉപരിസഭ തടഞ്ഞു.

12th_MAI_Political Science_Unit_10.indd 234 2/28/2023 1:06:34 PM

- വളരുന്നതും സുസ്ഥിരമല്ലാത്തതുമായ വ്യാപാര അസന്തുലിതാവസ്ഥ ഇന്ത്യയ്ക്ക് അനുകൂലമാണെന്ന് ഇന്ത്യയുടെ ഗുഡ് ആന്റ് സർവ്വീസ് ടാക്സ് (GST) ഭൂട്ടാനിലേക്കുള്ള വില കുറഞ്ഞതും ഭൂട്ടാനിൽ നിന്നുള്ള ഇറക്കുമതി കൂടുതൽ ചിലവേറിയതും ആയതിനാൽ ഭൂട്ടാന്റെ വ്യാപാരക്കുറവ് കൂടുതൽ വഷളാക്കുന്നു
- ഉൽപ്പാദന ചിലവിനെക്കാൾ കുറവായതിനാൽ ഇന്ത്യയിലേക്കുള്ള കയറ്റുമതിച്ചുങ്കവിഹിതം കൂട്ടാൻ ഭൂട്ടാൻ ആഗ്രഹിക്കുന്നു.
- നാഷണൽ ഡെമോക്രാറ്റിക് ഫ്രണ്ട് ഫോർ ബോഡോലാന്റ് (എൻ ഡി എഫ് ബി) യുണൈറ്റഡ് ലിബറേഷൻ ഫണ്ട് ഓഫ് അസം (ഉലഫ) തീവ്രവാദികൾ, കംതാപൂർ ലിബറേഷൻ ഓർഗനൈസേഷൻ (കെ എൽ ഒ) തുടങ്ങിയ കലാപകാരികളാണ് ഭൂട്ടാനെ സുരക്ഷിത താവളമായി കണക്കാക്കുന്നത്

ഡോക്ലോം പ്രശ്നം

ഇന്ത്യയും ഭൂട്ടാനും ചൈനയും തമ്മിലുള്ള ത്രിരാഷ്ട്ര സ്ഥലത്ത് ഒരു പീഠഭൂമിയും താഴ്വരയും ഉൾപ്പെടുന്ന 100 ചതുരശ്ര കിലോമീറ്ററിൻ താഴെ വിസ്തൃതിയുള്ള പ്രദേശമാണ് ഡോക്ലോം അഥവാ ചൈനയിലെ ഡോങ്ലാംഗ് ഇത് ടിബറ്റിലെ ചുംബി താഴ്വര, ഭൂട്ടാന്റെ ഹാമാലി, സിക്കിം എന്നിവയാൽ ചുറ്റപ്പെട്ടിരിക്കുന്നു.

ചൈനയും ഭൂട്ടാനും തമ്മിൽ പലതവണ ചർച്ച നടന്നെങ്കിലും ഡോക്ലോമിനെ കുറിച്ചുള്ള തർക്കം ഇരുവരും പരിഹരിച്ചിട്ടില്ല. 2017 ൽ ചൈനക്കാർ ഈ പ്രദേശത്ത് ഒരു റോഡ് നിർമ്മിക്കാൻ ശ്രമിക്കുമ്പോൾ അത് പൊട്ടിത്തെറിച്ചു ഇന്ത്യൻ സൈനീകർ ഭൂട്ടാൻ സൈനീകരുടെ സഹായത്തോടെ അതിനെ എതിർത്തു. ഇന്ത്യയെ വടക്ക് കിഴക്കൻ മേഖലയുമായി ബന്ധിപ്പിക്കുന്ന സിലിഗുരു ഇടനാഴിക്ക് സമീപമാണ് ഡോക്ലോം സ്ഥിതി ചെയ്യുന്നത്. ചിക്കൻസ് നെക്ക് എന്നും അറിയപ്പെടുന്ന ഇടനാഴി ഇന്ത്യയെ ബാധിക്കുന്ന ഒരു സ്ഥലമാണ്. എന്നിരുന്നാലും അടുത്ത കാലത്തായി ചുംബി താഴ്വരയിൽ ചൈന തങ്ങളുടെ സൈനിക സാന്നിദ്ധ്യം വർദ്ധിപ്പിക്കുകയാണെന്ന്. അവിടെ ചൈനക്കാർ സൈനീകമായി വലിയ പോരായ്മയിലാണ്. ഇന്ത്യൻ, ഭൂട്ടാൻ സൈനീകർ താഴ്വരയ്ക്ക് ചുറ്റും നിലകൊള്ളുന്നത്.



ജലവൈദ്യുത പദ്ധതികളുമായുള്ള പ്രശ്നം

- ഭൂട്ടാൻ വളരെ കുറഞ്ഞ നിരക്കിൽ ഇന്ത്യക്ക് വൈദ്യുതി നൽകുന്നു.
- ഭൂട്ടാനിലെ സംയുക്ത സംരംഭ ജലവൈദ്യുത പദ്ധതികളിൽ കൂടുതൽ പങ്ക് വഹിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നു എന്ന് ഭൂട്ടാൻ ആരോപിച്ചു.
- ഊർജ്ജ മന്ത്രാലയം പുറപ്പെടുവിക്കുന്ന ക്രോസ് ബോർഡർ ട്രേഡ് ഓഫ് ഇലക്ട്രിസിറ്റി (CBTE) ഭൂട്ടാന്റെ ഏക വൈദ്യുത വിപണിയായി ഇന്ത്യയുടെ കുത്തക സ്ഥാപിക്കും. ഭൂട്ടാനിൽ നടത്താവുന്ന ജലവൈദ്യുത നിക്ഷേപത്തെ ഇത് നിയന്ത്രിക്കുന്നു.
- ജലവൈദ്യുത നിലയങ്ങളും ചില പാരിസ്ഥിതിക ആശങ്കകളുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

ബന്ധം ഉയർത്താൻ സ്വീകരിച്ച നടപടികൾ

- ഉഭയകക്ഷി ബന്ധം ഉയർത്തുന്നതിനായി രാഷ്ട്ര മേധാവികളുടെ പതിവ് സന്ദർശനമുണ്ട്.
- ഭൂട്ടാനിലെ 20 ജില്ലകളെയും ഉൾക്കൊള്ളുന്ന ഒരു ഇ പ്രോജക്റ്റ് സ്ഥാപിക്കുന്നതിന് ഇന്ത്യ സഹായം പ്രഖ്യാപിച്ചു.
- ഫലപ്രദവും പുതുക്കിയതുമായ ഉദയകക്ഷിബന്ധം വളർത്തി എടുക്കുന്നതിന് ബി2ബി ഭാരത്ടു ഭൂട്ടാൻ എന്ന ആശയം പ്രധാനമന്ത്രി അവതരിപ്പിച്ചു.
- ഭൂട്ടാൻ അടുത്തിടെ ഇന്ത്യയുടെ വിദേശസഹായത്തിന്റെ ഏറ്റവും വലിയ ഗുണഭോക്താവായി.

12th_MAI_Political Science_Unit_10.indd 235 2/28/2023 1:06:35 PM

❖ പരിശീലനം നേടിയ ആയിരം ശക്തരായ ഇന്ത്യൻ പട്ടാളക്കാർ പടിഞ്ഞാറൻ ഭൂട്ടാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന റോയൽ ഭൂട്ടാൻ ആർമിയാണ് (IMTRAT) മറ്റ് യൂണിറ്റുകൾ പതിവായി റോയൽ ഭൂട്ടാൻ ആർമിയുമായി സഹകരിക്കുന്നു.

മുന്നോട്ടുള്ള വഴി

1. ഇന്ത്യ ഭൂട്ടാൻ ബന്ധം പാലും വെള്ളവും പോലെയാണ് അവയെ വേർതിരിക്കാൻ ആകില്ല. അതിനാൽ ഭൂട്ടാനുമായി നല്ല ബന്ധം പുലർത്താൻ ഇന്ത്യ ശ്രമിക്കുന്നു.
2. ഫണ്ടിന്റെ അഭാവം മൂലം കാലതാമസം നേരിട്ട ചില വൈദ്യുത പദ്ധതികൾ ഇന്ത്യ പൂർത്തിയാക്കേണ്ടതുണ്ട്.
3. ഭൂട്ടാനുമായി ഇന്ത്യയ്ക്ക് നല്ല ബന്ധമുണ്ട്. അതേ സമയം ചൈനയ്ക്ക് ഭൂട്ടാനുമായി അതിർത്തി തർക്കങ്ങൾ ഉണ്ട്. ഭൂട്ടാൻ മേഖലയിലെ ചൈനയുടെ തന്ത്രപരമായ കണക്കുകൂട്ടലുകളെ പ്രതിരോധിക്കാൻ ഈ ബന്ധവും സൗഹൃദവും നിലനിർത്തണം.
4. പ്രദേശത്തിന്റെ സാമ്പത്തിക വികസനത്തിനായി ഭൂട്ടാൻ വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവയുടെ ബന്ധം വർദ്ധിപ്പിക്കേതുണ്ട്.
5. ഭൂട്ടാന്റെ മൊത്തം ദേശീയ സന്തോഷത്തെ ഇന്ത്യയുമായി സംയോജിപ്പിക്കേതുണ്ട്.

10.8 ഇന്ത്യാ മ്യാൻമാർ ബന്ധം



ബർമ്മയിലെ ഓരോ ബുദ്ധമതസ്ഥരുടെയും ആഗ്രഹം അവരുടെ ജീവിതത്തിൽ ഒരിക്കലെങ്കിലും ഇന്ത്യയിൽ വന്ന് ബോധ്ഗയയിൽ പ്രാർത്ഥന നടത്തണം എന്നതാണ്. വളരെ മുൻമ്പ് തന്നെ ഇരു രാജ്യങ്ങളും സ്വതന്ത്ര രാഷ്ട്രങ്ങളായി മാറി. അതിർത്തി പ്രദേശങ്ങളിൽ താമസിക്കുന്ന വൈവിധ്യമാർന്ന തദ്ദേശീയമായ ജനസംഖ്യ മിസോസ്, നാഗാസ്, കുക്കീസ്, തങ്ഖുൽ, പൈറ്റ് എന്നിവ കുടുംബപരവും ഭാഷാപരവും മതപരവും സാംസ്ക്കാരികവുമായ ബന്ധങ്ങൾ ആസ്വദിച്ചിരുന്നു. ബ്രിട്ടീഷുകാരുടെ വരവിന് ശേഷമാണ് അതിർത്തികൾ വേർതിരിച്ച രണ്ട് വ്യത്യസ്ത രാജ്യങ്ങളായി മാറിയത്

ഇന്ത്യ മ്യാൻമാർ (മുൻമ്പ് ബർമ്മ എന്ന് അറിയപ്പെട്ടിരുന്നു.) ബന്ധം 2500 വർഷങ്ങൾ പഴക്കമുള്ളതാണ്. ബർവിയെ സംബന്ധിച്ചടത്തോളം ബുദ്ധമത ബന്ധങ്ങൾ ഇന്ത്യയെയും ബർമയെയും തമ്മിൽ ബന്ധിപ്പിക്കുന്നു. ശ്വോദഗോൺ പഗോഡയുടെ ഐതിഹ്യമനുസരിച്ച് രണ്ട് ബർമ്മീസ് വ്യാപാരികൾക്ക് സമ്മാനിച്ച ബുദ്ധന്റെ മുടിയുടെ കുഴിച്ചിട്ട സരണികളിലാണ് ക്ഷേത്രത്തിന്റെ ഹൃദയം. ഈ വിശ്വാസമാണ് അശോക രാജാവിനെ ബർമ്മയിൽ ബുദ്ധമത ക്ഷേത്രങ്ങൾ നിർമ്മിക്കാനും ബുദ്ധമതത്തിന്റെ വ്യാപനത്തിനും പ്രേരിപ്പിച്ചത്

വംശീയ ഘടന



ബർമ്മയുടെ പ്രതിരോധം വാസ്തവത്തിൽ ഇന്ത്യയുടെ പ്രതിരോധമാണ്. ബർമ്മയുടെ അതിർവരമ്പുകൾ അതിനു കടന്നതായി കാണുന്നത് ഇന്ത്യയുടെ പ്രധാന ആശങ്കയാണ്. വാസ്തവത്തിൽ മ്യാൻമ്മാറിനെ പ്രതിരോധിക്കുക എന്ന ചോദ്യത്തിന് ഒരു ഉത്തരവാദിത്ത്വവും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഭാരമായി കണക്കാക്കാനാകില്ല.

- കെ.എം. നണിക്കർ

ആധുനിക കാലഘട്ടം

മ്യാൻമറും ഇന്ത്യയും തമ്മിലുള്ള ചരിത്രപരമായ അടുത്ത ബന്ധം ബ്രിട്ടീഷ് ഭരണകാലം മുതൽ ഉള്ളതാണ്. ഇന്ത്യക്കാർക്ക് ബർമ്മികൾക്കിടയിൽ നീരസം നേരിടേണ്ടി വന്നപ്പോൾ ഇന്ത്യൻ സൈനീകർ (ബ്രിട്ടീഷ് സൈന്യത്തിന് കീഴിൽ) ബി എ എ (ബർമ്മ ഇൻഡിപെൻഡൻസ് ആർമി) യ്ക്കെതിരെ പോരാടിയപ്പോൾ അത് വളരെ താഴ്ന്ന നിലയിലായിരുന്നു. ഇന്ത്യൻ ഉദ്യോഗസ്ഥരും ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിന്റെ ഉപകരണങ്ങളായി പ്രവർത്തിക്കുന്നു എന്ന് ബർമ്മ എല്ലായിപ്പോഴും മനസ്സിലാക്കിയിരുന്നു.

12th_MAI_Political Science_Unit_10.indd 236 2/28/2023 1:06:35 PM

ആമുഖം

ഇന്ത്യ 1600 കിലോമീറ്ററിലധികം നീളമുള്ള അതിർത്തി മ്യാൻമാറുമായി പങ്കിടുന്നു. കൂടാതെ ബംഗാൾ ഉൾക്കടലിലെ ഒരു സമുദ്ര അതിർത്തിയും. നാല് വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ അരുണാചൽ പ്രദേശ്, നാഗാലാന്റ്, മണിപ്പൂർ, മിസോറാം, എന്നിവ മ്യാൻമാറുമായി അതിർത്തി പങ്കിടുന്നു.

ഈ ഭൗമ തന്ത്രപരമായ യാഥാർത്ഥ്യങ്ങൾ ഇന്ത്യൻ മഹാസമുദ്ര മേഖലയിലെ നമ്മുടെ വിശാലമായ താൽപ്പര്യങ്ങളെ ഉൾക്കൊള്ളുന്നു. മതപരവും ഭാഷാപരവും വംശീയവുമായ ബന്ധങ്ങളുടെ പാരമ്പര്യമാണ് ഇരുരാജ്യങ്ങളും പങ്കിടുന്നത്.

കൂടാതെ ഇന്ത്യയോട് ചേർന്നുള്ള ഏക ആസിയാൻ രാജ്യമാണ് മ്യാൻമാർ. അതിനാൽ തെക്ക് കിഴക്കൻ ഏഷ്യയിലേക്കുള്ള ഞങ്ങളുടെ കവാടം ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് ഇപ്പോൾ ആക്റ്റ് ഈസ്റ്റ് നയത്തിലൂടെ കൂടുതൽ സാമ്പത്തിക സമന്വയം തേടുന്നു. മ്യാൻമാറിലെ കുതിച്ചുയരുന്ന സമ്പദ്‌വ്യവസ്ഥയിൽ നിന്നുംഉണ്ടാകുന്ന ബിസിനസ്സ് അവസരങ്ങളും ഇടപഴകലിന് പുതിയ കാഴ്ചകൾ നൽകുന്നു.

1) ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് നയം

ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് നയം തെക്ക് കിഴക്കൻ ഏഷ്യയിലെ രാജ്യങ്ങളുമായി വിപുലമായ സാമ്പത്തികവും തന്ത്രപരവുമായ ബന്ധം വളർത്തി എടുക്കുന്നതിനുള്ള ശ്രമങ്ങളെ പ്രതിനിധീകരിക്കുന്നു. ഇതൊരു പ്രാദേശിക ശക്തി എന്ന നിലയിലും പീപ്പിൾസ് റിപ്പബ്ലിക് ഓഫ് ചൈനയുടെ തന്ത്രപരമായ സ്വാധീനത്തിനെതിരായ് നിലപാടായും കരുതുന്നു.

തെക്ക് കിഴക്കൻ ഏഷ്യൻ മേഖലയിലെ ബന്ധംമെച്ചപ്പെടുത്തുന്നതിൽ മ്യാൻമാർഉൾപ്പെടുന്ന രണ്ട് ഹൈവേകൾ പ്രധാന പങ്ക് വഹിക്കുന്നു.

2) ഇന്ത്യ മ്യാൻമാർ തായ്‌ലാന്റ് സൗഹൃദ ഹൈവേ

ഇന്ത്യയുംമ്യാൻമറുംതായ്‌ലാന്റുംതമ്മിൽബന്ധിപ്പിക്കുന്ന നാല്വരി 3200 കിലോമീറ്റർ ത്രികോണാകൃതിയിലുള്ള ദേശീയ പാതയ്ക്ക് ഇന്ത്യയും മ്യാൻമ്മറും സമ്മതിച്ചിട്ടു്. ഇന്ത്യയുടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് മ്യാൻമ്മറിലേക്ക് 1600 കിലോ മിറ്ററിലധികം റോഡുകൾ നിർമ്മിക്കുകയോ മെച്ചപ്പെടുത്തുകയോ ചെയ്യും. 2021 ഏപ്രിലിൽ ഇത് പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.



3) വടക്ക് കിഴക്ക് പ്രവേശനം



കലാഡൻ മൾട്ടിമോഡൽ ട്രാൻസിസ്റ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് കിഴക്കൻ ഇന്ത്യൻ തുറമുഖമായ കൊൽക്കത്തയെ മ്യാൻമ്മാറിലെ സിറ്റ്വെ തുറമുഖവുമായി കടൽവഴി ബന്ധിപ്പിക്കുന്നു. തുടർന്ന് സിറ്റ്വെ തുറമുഖത്തെ മ്യാൻമ്മറിലെ ലാഷിയോയിലേക്കും കാലഡൻ റിവർ ബോട്ട്റൂട്ട് വഴിയും ലാഷിയോയിൽ നിന്ന് ഇന്ത്യയിലെ മിസോറാമിലേക്കും റോഡ് ഗതാഗതം വഴി ബന്ധിപ്പിക്കും.

ഇന്ത്യൻ ബന്ധത്തിന്റെ വിവിധ വശങ്ങൾ മ്യാൻമ്മാറുമായുള്ള ബന്ധം

പ്രതിരോധവും സുരക്ഷാ സഹകരണവും

1. ഇത് വർഷങ്ങളായി ശക്തിപ്പെടുത്തി ഉയർന്ന തലത്തിലുള്ള സന്ദർശനങ്ങളിലൂടെകൈമാറ്റംഅതിർത്തി സഹകരണത്തെ കുറിച്ചുള്ള ധാരണാപത്രം ഒപ്പിടൽ, സൈനീക പരിശീലനം വ്യോമ നാവിക പരിശീലനം എന്നിവ ഇതിൽ ഉൾപ്പെടുന്നു.
2. ആവശ്യമായ നടപടി സ്വീകരിക്കുന്നതിൽ ഇന്ത്യയുമായി സഹകരിക്കുമെന്ന് മ്യാൻമാർ ഉയർന്ന തലങ്ങളിൽ ഉറപ്പ് നൽകിയിട്ട്. ഇന്ത്യാ വിരുദ്ധ

12th_MAI_Political Science_Unit_10.indd 237 2/28/2023 1:06:36 PM

പ്രവർത്തനത്തിനായി മ്യാൻമാർ പ്രദേശം ഉപയോഗിക്കുന്നത് തടയുമെന്ന് ഉറപ്പ് നൽകിയിട്ടു്.

വാണിജ്യ സഹകരണം

1. 1970 ൽ ഉഭയകക്ഷി വ്യാപാരക്കാരാർ ഒപ്പു വച്ചു.
2. ഇന്ത്യ മ്യാൻമാറിന്റെ അഞ്ചാമത്തെ വലിയ വ്യാപാര പങ്കാളിയാണ് എന്നാൽ വ്യാപാര സാധ്യത കുറവാണ്.
3. മ്യാൻമാറിലേക്കുള്ള കയറ്റുമതിയിൽ പഞ്ചസാര, മരുന്നുകൾ എന്നിവ ഉൾപ്പെടുന്നു.
4. നിലവിൽ US$ 740.64 ദശലക്ഷം നിക്ഷേപമുള്ള പത്താമത്തെ വലിയ നിക്ഷേപകനാണ് ഇന്ത്യ.
5. ഇന്ത്യയുടെ ഭൂരിഭാഗം നിക്ഷേപങ്ങളും എണ്ണ, വാതക മേഖലയിലാണ്. ഇന്ത്യൻ കമ്പനികൾ മ്യാൻമ്മറിൽ നിക്ഷേപിക്കാൻ താല്പര്യം പ്രകടിപ്പിക്കുകയും പ്രധാന കരാറുകൾ ഇന്ത്യൻ കമ്പനികൾ നേടുകയും ചെയ്തു.
6. സാധാരണ കച്ചവടത്തിന് പുറമേ അതിർത്തിക്ക് പുറത്തുള്ള വ്യാപാരം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ഇരുപക്ഷവും സ്വീകരിച്ചിട്ടു്. നിക്ഷേപത്തിലും വ്യാപാരത്തിലും ബാങ്കിംഗ് മേഖലയിലും സഹകരണം നിർണ്ണായകമാണ്. ഉഭയകക്ഷി വ്യാപാരം സുഗമമാക്കുന്നതിന് യുണൈറ്റഡ് ബാങ്ക് ഓഫ് ഇന്ത്യ മ്യാൻമ്മറിലെ ബാങ്കുകളുമായി (MFTB, MICB, MEB, 9 സ്വകാര്യ ബാങ്കുകൾ) ഒപ്പു വച്ചു. 7 മേഖലയിലെ മറ്റു രാജ്യങ്ങളുമായുള്ള ഒരു പ്രധാന പങ്കാളിയാണ്.
7. മേഖലയിലെ മറ്റു രാജ്യങ്ങളുമായുള്ള ഊർജ്ജ വിതരണത്തിൽ മ്യാൻമ്മാർ ഒരു പ്രധാന പങ്കാളിയാണ്.

സാംസ്കാരിക ബന്ധങ്ങൾ

ഇന്ത്യയും മ്യാൻമ്മാറും തമ്മിൽ അടുത്ത സാംസ്ക്കാരിക ബന്ധവും ഇന്ത്യയുടെ ബുദ്ധ പൈതൃകം നൽകിയ ആഴത്തിലുള്ള രക്ത ബന്ധവും പങ്കിടുന്നു.

1. ബഗാനിലെ ആനന്ദക്ഷേത്രം പുനരുദ്ധാരണം ചെയ്തു
2. യാങ്കോണിലെ ശ്വേദഗോൺ പഗോഡയുടെ പരിസരത്ത് സ്ഥാപിച്ചിട്ടുള്ള സാരനാഥ് ബുദ്ധ പ്രതിമയുടെ പതിനാറ് അടി പകർപ്പ് ജി.ഒ.ഐ സംഭാവന ചെയ്തു.
3. 2017 ആഗസ്റ്റ് 6,7 തിയതികളിൽ യാങ്കോണിലെ സംവാദ് ഇന്റർഫെയിത്ത് നടന്നു.
4. ICCR ആറും സിതാഗു ഇന്റർനാഷണൽ അക്കാദമിയും ബുദ്ധ സാംസ്ക്കാരിക പൈതൃകത്തെ കുറിച്ച് ഒരു അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചു
5. മ്യാൻമാർ ഭരണാധികാരികളായ കിംഗ്മിൻഡോണും ബെയ്ഗിദാവും ചേർന്ന് നിർമ്മിച്ച ബോധഗയയിലെ ചരിത്ര പ്രാധാന്യമുള്ള രണ്ട് ക്ഷേത്രങ്ങൾ പുനർനിർമ്മിക്കുന്നതിനും പുതുക്കിപണിയുന്നതിനുമുള്ള മ്യാൻമറിന്റെ താല്പര്യത്തോട് ഇന്ത്യ പ്രതികരിച്ചു. ഉഭയ കക്ഷി സൗഹൃദ പദ്ധതിയായി ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഈ ക്ഷേത്രങ്ങളും ലിഖിതങ്ങളും ഇപ്പോൾ പുനസ്ഥാപിക്കപ്പെട്ടു.

ഇന്ത്യൻ പ്രവാസികൾ

1. 1852 ൽ ലോവർ ബർമ്മയിൽ റബിട്ടീഷ് ഭരണത്തിന്റെ ആവിർഭാവത്തോടെ 19 ാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെയാണ് മ്യാൻമറിലെ ഇന്ത്യൻ സമൂഹത്തിന്റെ ഉത്ഭവം.
2. ബ്രിട്ടീഷ് ഭരണകാലത്ത് സിവിൽ സർവ്വീസ്, വിദ്യാഭ്യാസം, വ്യാപാരം, വാണിജ്യം എന്നിവയിൽ ഇന്ത്യാക്കരുടെ സാന്നിദ്ധ്യം യാങ്കോൺ, മാലെ, എന്നീ രണ്ട് നഗരങ്ങളിൽ ഉണ്ടായിരുന്നു.

പ്രാദേശിക ഉപപ്രാദേശിക പശ്ചാത്തലത്തിൽ ഉഭയ കക്ഷി സഹകരണം

ആസിയൻ: ഇന്ത്യയുമായി കര അതിർത്തി പങ്കിടുന്ന ഏക ആസിയൻ രാജ്യം എന്ന നിലയിൽ ഇന്ത്യയും ആസിയാനും തമ്മിലുള്ള പാലമാണ് മ്യാൻമാർ.

ബിംസ്ടെക്: ബിംസ്ടെക് സ്വതന്ത്ര വ്യാപാര കരാറിൽ ഒപ്പുവെച്ചിട്ടുള്ള ഒരു രാജ്യമാണ് മ്യാൻമാർ ഊർജ്ജ മേഖലയിലെ പ്രധാന രാജ്യമാണ് മ്യാൻമാർ. ബിംസ്ടെക് മേഖലയിൽ തായ്ലാന്റ് മായും ഇന്ത്യയുമായും മ്യാൻമാർ വ്യാപാരം നടത്തുന്നു. കാർഷിക ഉൽപ്പന്നങ്ങളായ ബീൻസ്, പയറുവർഗ്ഗങ്ങൾ, ചോളം, തേക്ക് പോലുള്ള വന ഉൽപ്പന്നങ്ങളാണ് മ്യാൻമാറിന്റെ പ്രധാന കയറ്റുമതി. ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതിയിൽ രാസഉൽപ്പന്നങ്ങൾ, മരുന്നുകൾ,

12th_MAI_Political Science_Unit_10.indd 238 2/28/2023 1:06:36 PM

വൈദ്യുത ഉപകരണങ്ങൾ, ഗതാഗത ഉപകരണങ്ങൾ എന്നിവയും ഉൾപ്പെടുന്നു.

മെകോംഗ് ഗംഗാ സഹകരണം 2000 നവംബറിൽ മെകോംഗ് ഗംഗാ സഹകരണം (MGC) ആരംഭിച്ചത് മുതൽ അതിൽ അംഗമാണ് മ്യാൻമാർ. ഇത് ആറ് അംഗങ്ങൾ അടങ്ങിയ ഒരു സംരംഭമാണ്. ഇന്ത്യ ഉൾപ്പെടെ അഞ്ച് ആസിയൻ രാജ്യങ്ങൾ അതായത് കംബോഡിയ, ലാവോസ്, മ്യാൻമാർ, തായ്ലാന്റ്, വിയറ്റ്നാം എന്നിവ ഇതിൽ ഉൾപ്പെടുന്നു. ടൂറിസം, വിദ്യാഭ്യാസം, സംസ്ക്കാരം, ഗതാഗതം, ആശയവിനിമയം എന്നീ മേഖലകളിൽ MGC യുടെ അദ്ധ്യക്ഷസ്ഥാനം അംഗരാജ്യങ്ങൾ അക്ഷര മാലാക്രമത്തിൽ വഹിക്കുന്നു.

സാർക്ക് : മ്യാൻമറിന് 2008 ആഗസ്റ്റിൽ സാർക്കിൽ നിരീക്ഷണപദവി ലഭിച്ചു.

1. മ്യാൻമാർ നമ്മുടെ കിഴക്കോട്ടുള്ള കവാടമാണ് എന്ന് ഇന്ത്യാക്കാരായ ഞങ്ങൾ പലപ്പോഴും പറയാറുണ്ട്. ചുരുക്കത്തിൽ അയൽവാസികളായ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം വളരെയധികം ആഗ്രഹിക്കുന്നു. ഭൂമിശാസ്ത്രപരമായി നീണ്ട കരയും സമുദ്ര അതിർത്തിയും ഉണ്ടെങ്കിലും ഇരു രാജ്യങ്ങളും അതിനെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ല.
2. ചരിത്രപരമായി 1960കൾ വരെ ഇന്ത്യ മ്യാൻമറിന്റെ സാമൂഹിക സാമ്പത്തിക ഭൂപ്രകൃതിയിൽ ഒരു പ്രധാന പങ്ക് വഹിച്ചു. സൈനിക സേച്ചാധിപത്യത്തിന്റെ വരവും അതിന്റെ സാമ്പത്തിക നയങ്ങളും മ്യാൻമറുമായുള്ള ഇന്ത്യയുടെ ഇടപെടലിനെ കുറച്ചിരുന്നു.
3. മ്യാൻമറിലെ രാഷ്ട്രീയ പരിവർത്തനം ശക്തി പ്രാപിക്കുമ്പോൾ, സഹകരണത്തിന്റെ പുതിയ വഴികൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള മികച്ച അവസരം നൽകുന്നു.

10.9 ഇന്ത്യാ മാലിദ്വീപ് ബന്ധം



മാലിദ്വീപിലെ ദ്വീപ് സമൂഹത്തിൽ 1192 ദ്വീപുകളാണ് ഉള്ളത്. ഇതിൽ 200 ദ്വീപുകളിലായി 430,000 ജനസംഖ്യയും 80 ദ്വീപുകളിൽ ടൂറിസ്റ്റ് റിസോർട്ടുകളും ഉണ്ട്. മാലിദ്വീപിന്റെ തലസ്ഥാനം മാലിക്കാരുടെ ശക്തി കേന്ദ്രവും ഏറ്റവും ജനസംഖ്യയുള്ള ദ്വീപുമാണ്. ലിബറൽ അനുയായികളുള്ള പൂർണ്ണമായും സുന്നി മുസ്ലീം രാജ്യമാണ് ഇത്. ഇസ്ലാം ഏക സംസ്ഥാന മതമാണ്. മറ്റ് മത ആചാരങ്ങൾ വീടുകൾക്കുള്ളിൽ മാത്രമേ നടത്താവൂ.

മാലി ദ്വീപിലെ പ്രധാന മന്ത്രിയായിരുന്ന അഹമ്മദ് സാക്കി 1947 ൽ ഇന്ത്യയിൽ ഔദ്യോഗികമായി ആദ്യ സന്ദർശനം നടത്തി

1965 നവംബറിൽ മാലിദ്വീപ് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെയാണ് ഇന്ത്യ മാലിദ്വീപുമായുള്ള ഔപചാരിക ബന്ധം ആരംഭിച്ചത്. മാലിദ്വീപിനെ അംഗീകരിച്ച ആദ്യത്തെ രാജ്യമാണ് ഇന്ത്യ. അതിന് ശേഷം ഇരു രാജ്യങ്ങളിലേയും നേതാക്കൾ പതിവായി സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്. ഈ സന്ദർശനങ്ങൾ ഭൂരിഭാഗവും മാലിദ്വീപ് സാമ്പത്തികമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

പ്രസിഡന്റ് നഷീദിന്റെ ഭരണകാലത്തും ഈ സൗഹാർദ്ദപരമായ ബന്ധം തുടർന്നു അധികാരത്തിൽ വന്ന ശേഷം പ്രസിഡന്റ് നഷീദിന്റെ ആദ്യ അന്താരാഷ്ട്ര യാത്ര 2008 ൽ ഇന്ത്യയിലായിരുന്നു. ഈ സന്ദർശന വേഗയിൽ മാലിദ്വീപിലെ ടൂറിസം വ്യവസായം മെച്ചപ്പെടുത്തുന്നതിനായി 100 മില്ല്യൺ ഡോളർ വായ്പ വാഗ്ദാനം ചെയ്തു. രക്തരഹിതമായ അട്ടിമറിയിലൂടെ 2012 ൽ പ്രസിഡന്റ് നഷീദിനെ അട്ടിമറിക്കുന്നത് വരെ അവിടെയുള്ള ഉദ്യോഗസ്ഥരും പ്രസിഡന്റ് നഷീദും ഡൽഹിയിൽ പതിവ് സന്ദർശനം നടത്തിയിരുന്നു.



മുഹമ്മദ് നൗഷീദ്

ഇന്ത്യയ്ക്ക് മാലിദ്വീപുകളുടെ പ്രാധാന്യം സുരക്ഷ

- തന്ത്രപരമായ ലക്ഷദ്വീപ് ശൃംഖലയിൽ നിന്ന് 700 കിലോമീറ്ററും ഇന്ത്യൻ പ്രധാന ഭൂപ്രദേശത്ത് നിന്ന് 1200 കിലോ മീറ്ററും അകലെയായി മാലിദ്വീപ് സ്ഥിതി ചെയ്യുന്നു. ദ്വീപ് സമൂഹത്തിൽ വർദ്ധിച്ച് വരുന്ന ചൈനീസ് സാനിദ്ധ്യം ഗുരുതരമായ സുരക്ഷാ പ്രത്യാഘാതങ്ങൾ ഉാക്കുന്നു.

12th_MAI_Political Science_Unit_10.indd 239 2/28/2023 1:06:37 PM



- **ഇന്ത്യൻ മഹാസമുദ്രമേഖലയിലെ മേധാവിത്വം :** മാലിദ്വീപിലെ ചൈനീസ് സാനിദ്ധ്യം ഇന്ത്യൻ മഹാസമുദ്രമേഖലയെ സ്വാധീനിക്കാനും നിയന്ത്രിക്കാനും ചൈനയ്ക്ക് അവസരവും അടിത്തറയും നൽകുമായിരുന്നു. ഇന്ത്യയിലേക്ക് വരുന്ന ഊർജ്ജ വിതരണവും ഈ മേഖലയിലൂടെ കടന്നു പോകുന്നു.
- **പ്രാദേശിക അസന്തുലിതാവസ്ഥ :** മാലിദ്വീപ് സീഷെൽസ്, മൗറീഷ്യസ് എന്നിവ ഉൾപ്പെടെ ഇന്ത്യൻ മഹാസമുദ്ര രാഷ്ട്രങ്ങളിൽ സമാനതകളില്ലാത്ത പ്രവേശനവും സ്വാധീനവും ചൈനയെ സംബന്ധിച്ചടത്തോളം ഒരു പ്രശ്നമാണ്. ചൈനാ മാലിദ്വീപ് സൗഹൃദം ഈ മേഖലയിലെ ഇന്ത്യൻ സ്വാധീനത്തെ നേരിടാൻ കഴിയും.

സാമ്പത്തിക ബന്ധങ്ങൾ

- **ഇന്ത്യൻ പ്രവാസികൾ:** മാലിദ്വീപിൽ 25000 ഓളം ഇന്ത്യൻ പ്രദേശങ്ങളുണ്ട്. അവർ നിരവധി ജോലികളിൽ ഏർപ്പെടുന്നു. അവരുടെ സുരക്ഷ ഇന്ത്യയെ സംബന്ധിച്ചിടത്തോളം പ്രധാനമാണ്.
- **നീല സമ്പദ്വ്യവസ്ഥ:** സമുദ്ര വിഭവങ്ങളുടെ സുരക്ഷയ്ക്കും സുസ്ഥിര വികസനത്തിനും ഒരു സംഭാവനയായി ഇന്ത്യൻ മഹാസമുദ്രത്തിന്റെ നീല സമ്പദ്വ്യവസ്ഥയുടെ സാധ്യതകൾ തിരിച്ചറിയുന്നതിൽ മാലിദ്വീപിന് ഒരു പ്രധാന പങ്കുണ്ട്.
- **വിനോദ സഞ്ചാരം:** ഇന്ത്യയും മാലിദ്വീപും തമ്മിൽ പതിവായി വിനോദ സഞ്ചാര സന്ദർശനങ്ങൾ നടക്കുന്നുണ്ട്. ഇന്ത്യൻ വിനോദ സഞ്ചാരികളിൽ 6% പേർ മാലിദ്വീപ് സന്ദർശിക്കുന്നുണ്ട്.
- **ആരോഗ്യം:** ആരോഗ്യ സേവനങ്ങൾ തേടുന്ന മാലിദ്വീപ് പൗരൻമാർക്ക് ഇന്ത്യ ഇഷ്ടപ്പെടുന്ന സ്ഥലമാണ്. ഇത് ഇന്ത്യൻ ആരോഗ്യ സംരക്ഷണ മേഖലയെ ഉയർത്തുന്നു.

രാഷ്ട്രീയ ബന്ധങ്ങൾ

- **രാഷ്ട്രീയ അനിശ്ചിതത്വം:** മാലിദ്വീപുകൾ തീവ്രവാദത്തിനും മതമൗലിക വാദത്തിനും ഫലഭൂയിഷ്ടമായ ഒരു കേന്ദ്രമാണ്. കള്ളക്കടത്ത്, മയക്കുമരുന്ന് കടത്ത്, ഇസ്ലാമിക സ്റ്റേറ്റ് (IS) ലഷ്കർ ഇതായ്ബ എന്നിവയും മാലിദ്വീപിൽ താവസങ്ങൾ സ്ഥാപിച്ചതായി റിപ്പോർട്ടുകൾ ഉണ്ട്

12th_MAI_Political Science_Unit_10.indd 240 2/28/2023 1:06:37 PM

സാർക്ക് ഘടകം

- സാർക്ക് ഇന്ത്യയ്ക്ക് ഒരു പ്രത്യേക പ്രാധാന്യമുണ്ട്. കാരണം അതിൽ ഇന്ത്യയുടെ എല്ലാ അയൽരാജ്യങ്ങളുംചൈനയുംഉണ്ട്.ചൈനയുടെ സാർക്ക് രാജ്യങ്ങളിലേക്കുള്ള കടന്നുകയറ്റം കാരണം ഇന്ത്യയുടെ സ്വാധീനം കുറയുകയാണ്. ഉദാഹരണത്തിന് പാക്കിസ്ഥാന്റെCPEC,ചൈനയുടെ ഹംബന്റോട്ട തുറമുഖം തുടങ്ങിയവ മാലിദ്വീപുകളാണ്. ചൈനയുടെ അടുത്ത ലക്ഷ്യം.

സമീപകാലത്തെ ഇന്ത്യ മാലിദ്വീപ് ബന്ധങ്ങളിലെ വികസനം: ഇരു രാജ്യങ്ങളിലെയും മാറി കൊണ്ടിരിക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളും ചില ബാഹ്യഘടകങ്ങളും മൂലം ഇന്ത്യയും മാലിദ്വീപ് ബന്ധവും വളരെയധികം ഉയർച്ചകൾ കണ്ടു. 2013 ലെ മാലിദ്വീപ് പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അബ്ദുല്ല യമാൻ മുഹമ്മദ് നഷീദിനെ പരാജയപ്പെടുത്തി രാഷ്ട്രപതിയായി യമിന്റെ ഭരണകാലത്ത് ഇന്ത്യയുമായുള്ള മാലിദ്വീപ് ബന്ധം വഷളായപ്പോൾ ചൈനയുമായുള്ള അടുപ്പം വർദ്ധിച്ചു. ഇത് എടുത്തു കാണിക്കുന്നത്:

- GMR പദ്ധതി റദ്ദാക്കൽ 2012 മാലിക്ക് സമീപം ഒരു ആധുനിക അന്താരാഷ്ട്ര വിമാനത്താവളം വികസിപ്പിക്കുന്നതിനായി GMR ഗ്രൂപ്പുമായുള്ള 500 മില്യൻ ഡോളർ കരാർ മാലി ദ്വീപ് റദ്ദാക്കി. അത് ഒരു ചെനീസ് കമ്പനിക്ക് നൽകി.
- ഇന്ത്യൻ പ്രധാനമന്ത്രിയുടെ യാത്ര റദ്ദാക്കൽ 2015 മാലിദ്വീപില പ്രക്ഷുദ്ധമായ രാഷ്ട്രീയ സാഹചര്യം കാരണം ഇന്ത്യൻ പ്രധാനമന്ത്രി മാലിദ്വീപിലേക്കുള്ള യാത്ര റദ്ദാക്കി.
- ചൈന മാലിദ്വീപ് FTA, 2017: ഇന്ത്യയും മാലിദ്വീപും തമ്മിൽ FTA, ഇല്ലാതായപ്പോൾ, ചൈനയും മാലിദ്വീപും തമ്മിൽ FTA യിൽ ഒപ്പുവച്ചു. പാക്കിസ്ഥാനുശേഷം ദക്ഷിണഷ്യൻ രാജ്യവുമായുള്ള ചൈനയുടെ രണ്ടാമത്തെ FTA ആണ്.
- പാക്കിസ്ഥാനുമായുള്ള സംയുക്ത പെട്രോളിംഗ് 2018 പാക്കിസ്ഥാൻ ആർമി ചീഫിന്റെ സന്ദർശന വേളയിൽ മാലിദ്വീപ്, അനുവാപ്രവേശനമില്ലാത്ത സാമ്പത്തിക വലയത്തിന് കാവൽ ഏർപ്പെടുത്താൻ പാക്നേവിയുമായി സംയുക്ത പെട്രോളിംഗ് പ്രഖ്യാപിച്ചു.

മാലിദ്വീപിലെ ഈ നിഷേധാത്മകമായ സംഭവവികാസങ്ങൾക്കിടയിലും ഇന്ത്യ ക്ഷമയോടും സംതൃപ്തിയോടും കൂടി പ്രതികരിച്ചു. നയതന്ത്രപരമായി ബന്ധം പുനരുജ്ജീവിപ്പിക്കാൻ ശ്രമിച്ചു. എന്നിരുന്നാലും 2018 ൽ മാലിദ്വീപിന്റെ പുതിയ പ്രസിഡന്റായി സോളിഹിന്റെ തെരഞ്ഞെടുപ്പ് ഇന്ത്യാ മാലിദ്വീപ് ബന്ധത്തിൽ മാറ്റം വരുത്താൻ കാരണമായിട്ടുള്ളതായി കണക്കാക്കാം:

- ഇന്ത്യൻ ഓഷ്യൻ റിം അസോസിയേഷന്റെ എതിർപ്പ് വകവയ്ക്കാതെ, മുതിർന്ന IORA കമ്മറ്റിയിൽ മാലിയെ ഇന്ത്യ ഉൾപ്പെടുത്തി. ഇതിനെ തുടർന്ന് മാലിദ്വീപിനെ IORA യുടെ ഏറ്റവും പുതിയ അംഗമായി ഉൾപ്പെടുത്തി.
- മാലിദ്വീപ് ഒരു ഡോർനിയർ പോർ വിമാനം ഇന്ത്യയോട് ആവശ്യപ്പെടുകയും MEA യുടെ അഭ്യർത്ഥനയോട് ക്രയാത്മകമായി പ്രതികരിക്കുകയും ചെയ്തു.
- (FTA) യുടെ ഏകപക്ഷിയമായ സ്വഭാവം മനസ്സിലാക്കി മാലിദ്വീപിന്റെ പുതിയ സർക്കാർ ചൈനയുമായുള്ള നയതന്ത്ര വ്യാപാര കരാറിൽ നിന്ന് FTA പിൻമറാറാൻ തീരുമാനിച്ചു.

ഇന്ത്യയും മാലിദ്വീപും തമ്മിലുള്ള ആശങ്കകൾ

- **ചൈനീസ് കടന്നു കയറ്റം:** മാലിദ്വീപിലെ ചൈനീസ് ഇൻഫ്രാസ്ട്രെക്ചർ പദ്ധതികൾ ഇന്ത്യൻ ഇൻഫ്രാസ്ട്രെക്ചർ കമ്പനികളുടെ ബിസിനസ് സാധ്യതകളുമായി നേരിട്ട് മത്സരിക്കുന്നു.
- **ചൈന മാലിദ്വീപ് FTA:** മാലിദ്വീപിലൂടെ ചൈനീസ ഉൽപ്പന്നങ്ങൾ ഇന്ത്യയിലേക്ക് തിരിച്ചു വിടുന്നFTA യിൽഉന്നയിക്കുമായിരുന്നു. ചൈനയുമായി ആഴത്തിൽ ഇടപഴകുന്നത് തുടരുന്നതിനാൽ ഭാവിയിലെ ചൈനീസ് നിക്ഷേപങ്ങളെ കുറിച്ച് മാലി സർക്കാർ ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ല.
- **കുറഞ്ഞ ഉഭയകക്ഷി വ്യാപാരം:** ഇരുവരും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം പ്രതിവർഷം 200 മില്യൺ യു.എസ്. ഡോളറാണ്. ഇത് വളരെ കുറവാണ്.

2018 ലെ രാഷ്ട്രപതി തെരഞ്ഞെടുപ്പോടെ മാലിദ്വീ പുമായുള്ള ഇന്ത്യയുടെ ബന്ധം മെച്ചപ്പെട്ടു തുടങ്ങി. ഇബ്രാഹിം സോളിഹിന്റെ തെരഞ്ഞെടുപ്പ് വിജയം ഇന്ത്യ മാലിദ്വീപ് ബന്ധത്തിൽ ഒരു പുതിയ അദ്ധ്യായം തുറന്നു. പ്രധാനമന്ത്രി മോദി സോളിഹിന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കുകയും മാലി ദ്വീപു സൗഹൃദവും സമാധാനവും നിലനിറുത്തുക യും ചെയ്തു. മാലിദ്വീപ് റിപ്പബ്ലിക്

12th_MAI_Political Science_Unit_10.indd 241 2/28/2023 1:06:37 PM

പ്രസിഡന്റ് എച്ച്.ഇ. ഇബ്രാഹിം മുഹമ്മദ് സോളിംഗ് 2018 ഡിസംബർ 16 മുതൽ 18 വരെ ഇന്ത്യ സന്ദർശിച്ചു. ഇത് ഇന്ത്യയുമാ യുള്ള ആദ്യ നയം നിലനിർത്തുന്നതിനും ഇരു രാജ്യങ്ങൾക്കുമിടയിൽ അടുത്ത ബന്ധം പുലർത്തുന്നതിനുമുള്ള മറ്റൊരു അവസരമാണ്. ഇരു രാജ്യങ്ങളും തമ്മിലുള്ള അടുത്ത ബന്ധം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള ആദ്യ പടിയായി ദ്വീപു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിനായി 1.4 ബില്ല്യൺ ഡോളർ സാമ്പത്തിക സഹായപാക്കേജ് ഇന്ത്യ വാഗ്ദാനം ചെയ്തു.

മുന്നോട്ടുള്ള വഴി: സമ്പദ്വ്യവസ്ഥയെ പുന രുജ്ജീവിപ്പിക്കാൻ മാലിദ്വീപിനെ സഹായിച്ച് കൊണ്ട് ഇരുവരും തമ്മിലുള്ള ഉഭയ കക്ഷി ബന്ധം പുനർ നിർമ്മിക്കാനുള്ള ഉചിതമായ ഒരു നിമിഷമാണ് മാലിദ്വീപ് സർക്കാരിന്റെ മനോഭാവത്തിലെ സമീപ കാല മാറ്റം. ആത്മ വിശ്വാസം വളർത്തുന്നതിനുള്ള മേഖലകൾ

- എല്ലാ ഓഹരി ഉടമകളെയും നയിക്കാൻ ഒരു ഉപദേശക ഘടകം സ്ഥാപിച്ചു കൊണ്ട് മാലിദ്വീപു മായുള്ള നിക്ഷേപ സഹകരണം വർദ്ധിപ്പിക്കണം അതായത് വിദേശ ഇന്ത്യൻ ദൗത്യങ്ങൾക്കും ഭാവി യിലെ ഇന്ത്യൻ നിക്ഷേപകർക്കും, പ്രാദേശിക സാഹചര്യങ്ങളെ കുറിച്ച് പൂർണ്ണമായ അറിവോ ടെ സ്പർശിക്കുന്ന മേഖലകളും അപകടസാധ്യത യുള്ള നിക്ഷേപങ്ങളും വിശദീകരിക്കാൻ.
- മാലിദ്വീപിലെ ചൈനീസ് വൻകിടവായ്പാ നിക്ഷേപം നികത്താൻ ഇന്ത്യ ആഗ്രഹിക്കുന്നു ണ്ടെങ്കിൽ മാലിദ്വീപിലുള്ള ഫ്രീ പഴ്സ് നയം ആവശ്യമാണ്.
- ഇന്ത്യ തീവ്രവാദവിരുദ്ധ സഹകരണം വർദ്ധിപ്പി ക്കുകയും മാലിദ്വീപ് ദേശീയ പ്രതിരോധ സേന യുടെയും മാലിദ്വീപ് പോലീസ് സേനയുടെയും പരിശീലനശേഷി വർദ്ധിപ്പിക്കൽ എന്നീ മേഖല കളിൽ സഹകരണം ശക്തമാക്കണം.
- സുരക്ഷാ സഹകരണത്തിന്റെ വ്യാപ്തി വർദ്ധിപ്പി ക്കുന്നതിന് ഇരു പക്ഷത്തെയും ഉദ്യോഗസ്ഥർ ക്കിടയിൽ പതിവായി ഉഭയ കക്ഷി സുരക്ഷാ സംഭാ ഷണം ഏർപ്പെടുത്തണം. ഇത് ട്രാക്, ട്രാക്ക് 1.5 ഡയ ലോഗ് എന്നിവ അനുബന്ധമായി നൽകണം.
- മാലിദ്വീപ് പോലുള്ള ചെറിയ അയൽക്കാരുമായി ഇടപെടുമ്പോൾ ഇന്ത്യ കൂടുതൽ ഗംഭീരമായി തീരേണ്ടതുണ്ട്. സ്വന്തം ഗുജ്റാൽ ഉപദേശത്തിന് അനുസൃതമായി നിലകൊള്ളുന്നതിലൂടെ കൂടുതൽ ആത്മവിശ്വാസം സൃഷ്ടിക്കുന്നു.
- നിലനിൽക്കുന്ന ആശങ്ക പരിഹരിക്കുന്നതിന് ഒരു വേദിനൽകാൻ SAARC നും IORA ക്കും കഴിയും. മാത്രമല്ല ഇന്ത്യ, മാലിദ്വീപ്, ശ്രീലങ്ക എന്നിവയ്ക്ക് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ത്രിരാ ഷ്ട്ര സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള വഴി കൾ പര്യവേഷണം ചെയ്യാൻ കഴിയും.

ലഘു നിഘണ്ടു



- **MOU:** ധാരണാപത്രം രണ്ടോ അതിലധികമോ രാജ്യങ്ങൾ തമ്മിൽ സാമ്പത്തിക സാംസ്കാരിക അല്ലെങ്കിൽ മറ്റ് ബന്ധങ്ങളെ ശക്തിപ്പെടുത്തുന്ന തിനു വേണ്ടിയുള്ളത്.
- **NWFP:** ബ്രിട്ടീഷ് ഭരണ കാലത്ത് ഇന്ത്യയിൽ സംഘ രാജ്യഭരണം നടത്തി.
- **നയതന്ത്രം:** ഇത് രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധ ത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു സ്ഥാപനമോ ആശയമോ ആണ്.
- **WTO:** ലോക രാജ്യങ്ങൾക്കിടയിൽ സാമ്പത്തിക വാണിജ്യ നയങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഒരു വ്യാപാര സംഘടനയാണ്. വേൾഡ് ട്രേഡ് ഓർഗനൈസേഷൻ.
- **SAARC:** ദക്ഷിണേന്ത്യൻ രാജ്യങ്ങളുടെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു പ്രാദേശിക സംഘടനയാണ് സൗത്ത് ഏഷ്യൻ ഫോർ റീജിയണൽ കോർപ്പറേഷൻ.
- **ട്രസ്റ്റ് ഡെഫിസിറ്റ്:** രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധത്തെ ബാധിക്കുന്ന നയതന്ത്ര ഘടകം.
- **NAM:** നിഷ്പക്ഷത പാലിക്കാൻ മൂന്നാം ലോക രാജ്യങ്ങൾ സ്ഥാപിച്ച ഒരു സംഘടനയാണ്. നോൺ അലൈൻഡ് മൂവ്മെന്റ്.
- **SPDC:** ബർമയിലെ മിലിട്ടറി ഗവൺമെന്റിന്റെ ഔദ്യോഗിക നാമമാണ് സ്റ്റേറ്റ് പീസ് ആൻഡ് ഡെവലപ്മെന്റ് കൗൺസിൽ.
- **റബിട്ടൺ വുഡ്സ് സിസ്റ്റം:** ലോകമെമ്പാ ടുമുള്ള വാണിജ്യ സാമ്പത്തിക ബന്ധങ്ങൾ ക്കുള്ള നിയമങ്ങൾ സ്ഥാപിച്ചു.
- **സൂപ്പർ പവർ:** സൂപ്പർ പവർ രാജ്യങ്ങൾ സാമ്പ ത്തികമായും സൈനികമായും മുന്നേറുന്നു.

12th_MAI_Political Science_Unit_10.indd 242 2/28/2023 1:06:37 PM

ഓപ്പറേഷൻ ഇന്ത്യ മാലിദ്വീപ് സംരക്ഷിച്ചു

1988 ൽ ഏകദേശം 80,200 ഗ്രൂപ്പ് പീപ്പിൾസ് ലിബറേഷൻ (PLOTE), പട്ടാളക്കാർ മാലി തലസ്ഥാനത്ത് നുഴഞ്ഞുകയറി ഈ തീവ്രവാദികൾ അന്നത്തെ പ്രസിഡന്റ് അബ്ദുൾ ഗയൂമിനെ അട്ടിമറിക്കാനുള്ള ശ്രമത്തിൽ നഗരത്തിലെ പ്രധാന പ്രദേശങ്ങൾ പിടിച്ചെടുത്തു. ദേശീയ സുരക്ഷാ സേവന ആസ്ഥാനത്ത് അഭയം തേടിഗായും രക്ഷപ്പെട്ടു.

ഇന്ത്യ, പാക്കിസ്ഥാൻ അമേരിക്ക, ബ്രിട്ടൻ, മലേഷ്യ, ശ്രീലങ്ക, തുടങ്ങിയ നിരവധി രാജ്യങ്ങളോട് അബ്ദുൽഗയ സഹായം അഭ്യർത്ഥിച്ചു. അമേരിക്കയും റബിട്ടനും ചർച്ചക്ക് ശേഷം നേരിട്ട് ഇടപെടില്ലെന്ന് തീരുമാനിച്ചെങ്കിലും ഇന്ത്യയുടെ തീരുമാനത്തിന് വിടുകയും ചെയ്തു. അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധിയുടെ നിർദ്ദേശപ്രകാരം ഇന്ത്യ അതിവേഗത്തിലും കാര്യക്ഷമമായും പ്രതികരിച്ചു.

പ്രസിഡന്റ് ഗയൂമിൽ നിന്ന് സന്ദേശം ലഭിച്ച് മണിക്കൂറുകൾക്കകം ഇന്ത്യൻ സൈന്യം മാലിദ്വീപിൽ എത്തി. 1988 നവംബർ 3 ന് 15.30 മണിക്കൂൽ മാലിദ്വീപിലേക്ക് സൈനികരെ വിന്യസിക്കാൻ ഇന്ത്യ അനുമതി നൽകി. ഒരു സ്വിഫ്റ്റ് മോഷനിൽ സൈനികരെ വിന്യസിച്ചു. പ്രസിഡന്റ് ഗയൂമിന്റെ എസ്.ഒ.എസ്. കോൾ കഴിഞ്ഞ് 16 മണിക്കൂറിനുള്ളിൽ ഇന്തയൻ പാരാട്രൂപ്പർമാർ അവിടെയെത്തി. ആഗ്ര എയർഫോഴ്സ് സ്റ്റേഷനിൽ നിന്ന് ഒരു ല്യൂഷിൻ 11, 76 വിമാനത്തിൽ 2500 കിലോമിറ്ററിലധികം ദൂരം സഞ്ചരിച്ച് ശേഷം ഇന്ത്യൻ വ്യോമസേനയുടെ 44 സ്കാഡ്രന്റെ വിമാനം ഹുൽഹുലൈ വിമാനത്താവളത്തിൽ എത്തി. പിടിച്ചെടുക്കപ്പെട്ട തലസ്ഥാപത്ത് നിന്ന് ഒരു കിലോമീറ്റർ അകലെയുള്ള ഇന്ത്യൻ സൈനികർ തലസ്ഥാനത്തേക്ക് അതിവേഗം മുന്നേറാൻ തുടങ്ങി.

എന്നാൽ PLOTE പട്ടാളക്കാർ നഗരത്തിലെ പല പ്രധാന സ്ഥലങ്ങളും പിടിച്ചെടുത്തു. അവർ ശ്രദ്ധിക്കാൻ മറന്നു പോയ ഒരു പ്രദേശം പുൽഹുലെ വിമാനത്താവളം ആയിരുന്നു. ഈ പ്രവേശനത്തെ കുറിച്ച് ആരും ശ്രദ്ധിക്കാതെ ഇന്ത്യൻ സൈനികർ വന്നിറങ്ങി. വിമാനത്താവളത്തിന്റെ നിയന്ത്രണം വേഗത്തിൽ ഏറ്റെടുത്തു. കമാൻഡർ ബോട്ടുകൾ ഉപയോഗിച്ച് തലസ്ഥാനത്തേക്ക് കടന്ന അവർ പ്രസിഡന്റ് ഗയൂമിനെ രക്ഷപ്പെടുത്തി തീവ്രവാദികളെ തുരത്തി.

ഇന്ത്യൻ ഭാഗത്ത് നിന്ന് ഒരു നാശനഷ്ടവുമില്ലാതെയാണ് ദൗത്യം അവസാനിപ്പിച്ചത്. ഏഷ്യായിൽ സുരക്ഷ ഉറപ്പാക്കുന്നതിൽ ഇന്ത്യയ്ക്ക് ഒരു പങ്ക് വഹിക്കാമെന്നതിന്റെ തെളിവായിരുന്നു. ഓപ്പറേഷൻ കാക്റ്റസ്, യു.എസ്. പ്രസിഡന്റ് മറൊണാൾഡ് റീഗൻ മുതൽ മാർഗരറ്റ് താച്ചർ വരെയുള്ള അന്താരാഷ്ട്ര സമൂഹം ഇന്ത്യയുടെ വേഗത ഏറിയതും നിർണായകവുമായ നടപടിയെ പ്രശംസിച്ചു.



12th_MAI_Political Science_Unit_10.indd 243 2/28/2023 1:06:38 PM

10.10 വിദേശ നയത്തിലെ സമീപകാല കണ്ടുപിടിത്തങ്ങൾ

ഗുജറാൾ പരസ്പര സഹകരണ സിദ്ധാന്തം


ഐ.കെ ഗുജ്റാൾ

ഇന്ത്യയുടെ അടുത്തുള്ള അയൽ രാജ്യങ്ങളുമായി വിദേശബന്ധം നടത്തുന്നതിന് വഴികാട്ടുന്ന അഞ്ച് തത്വങ്ങളുടെ ഒരു കൂട്ടമാണ് ഗുജ്റാൾ പ്രമാണം. എൽ.കെ. ഗുജ്റാൾ ആദ്യം ഇന്ത്യയുടെ വിദേശമന്ത്രിയും പിന്നീട് പ്രധാന മന്ത്രിയും ആയി. ഇന്ത്യയുടെ ഉയർച്ചയും ശക്തിയും അയൽക്കാരുമായുള്ള ബന്ധം ഉപേക്ഷിക്കുന്നതിലൂടെ സാധ്യമല്ല എന്ന വിശ്വാസത്തിലാണ് ഈ തത്വം ഉടലെടുത്തിട്ടുള്ളത്. ഇത് ഓർമ്മിപ്പിക്കുന്നത് പരമോന്നതവും സൗഹാർദ്ദപരവുമായ ബന്ധത്തെയാണ് ഈ തത്വങ്ങൾ ഇവയാണ്:

- ഒന്നാമതായി ബംഗ്ലാദേശ്, ഭൂട്ടാൻ, മാലിദ്വീപ് നേപ്പാൾ, ശ്രീലങ്ക തുടങ്ങിയ രാജ്യങ്ങളുമായി ഇന്ത്യ പരസ്പര സഹകരണം ആവശ്യപ്പെടുന്നില്ല. മറിച്ച് നല്ല വിശ്വാസത്തിലും കഴിയുന്നതെല്ലാം നൽകുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു.
- രണ്ടാമതായി ഒരു ദക്ഷിണേന്ത്യൻ രാജ്യവും ഞങ്ങളുടെ പ്രദേശം മറ്റൊരു രാജ്യത്തിന്റെ താല്പര്യത്തിന് വിരുദ്ധമായി ഉപയോഗിക്കാൻ അനുവദിക്കരുത്
- മൂന്നാമതായി ഒരു രാജ്യവും മറ്റൊരാളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടരുത്
- നാലാമതായി എല്ലാ ദക്ഷിണേന്ത്യൻ രാജ്യങ്ങളും പരസ്പരം പ്രാദേശിക സമഗ്രതയെയും പരമാധികാരത്തെയും ബഹുമാനിക്കണം
- അവസാനമായി സമാധാനപരമായ ഉഭയ കക്ഷി ചർച്ചകളിലൂടെ പ്രശ്നങ്ങൾ പരിഹരിക്കണം

ഈ അഞ്ച് തത്വങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നത്, ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള തർക്കങ്ങൾ ഉൾപ്പെടെ ദക്ഷിണേന്ത്യയുടെ പ്രാദേശിക ബന്ധത്തെ സൗഹൃദപരവും സഹകരണപരവുമായ രീതിയിൽ പിനർ നിർമ്മിക്കും.

ലുക്ക് ഈസ്റ്റ് പോളിസി ആക്ട് ഈസ്റ്റ് പോളിസി എന്നിവ തമ്മിലുള്ള വ്യത്യാസങ്ങൾ

ലുക്ക് ഈസ്റ്റ് പോളിസിയുടെ ലക്ഷ്യം തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായി സാമ്പത്തിക ഏകീകരണം വർദ്ധിപ്പിക്കുക എന്നതായിരുന്നു. മാത്രമല്ല ഈ പ്രദേശം തെക്ക് കിഴക്കൻ ഏഷ്യയിൽ മാത്രം ഒതുങ്ങി. മറുവശത്ത് ആക്റ്റ് ഈസ്റ്റ് പോളിസിയുടെ കേന്ദ്രം സാമ്പത്തികവും സുരക്ഷയും സമന്വയിപ്പിക്കുന്നതും കേന്ദ്രീകൃത പ്രദേശ തെക്ക് കിഴക്കൻ ഏഷ്യയിലേയും കിഴക്കൻ ഏഷ്യയിലേക്കും വർദ്ധിച്ചു.

ആക്റ്റ് ഈസ്റ്റ് പോളിസിയുടെ ലക്ഷ്യം ഇതാണ്;

1. പ്രാദേശിക ഉഭയകക്ഷി, ബഹുമുഖ തലങ്ങളിൽ നിരന്തരമായ ഇടപെടലിലൂടെ സാമ്പത്തിക സഹകരണം, സാംസ്ക്കാരിക ബന്ധം ഏഷ്യ പെസഫിക് മേഖലയിലെ രാജ്യങ്ങളുമായി തന്ത്രപരമായ ബന്ധം വികസിപ്പിക്കുക.
2. മറ്റ് അയൽ രാജ്യങ്ങളുമായുള്ള വടക്കു കിഴക്കൻ ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഇടപെടൽ വർദ്ധിപ്പിക്കുക.
3. പരമ്പരാഗത ബിസിനസ്സ് പോലുള്ള പങ്കാളികളുടെ ഇതര മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾക്ക് പുറമേ പെസഫിക് രാജ്യങ്ങളിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

12th_MAI_Political Science_Unit_10.indd 244 2/28/2023 1:06:38 PM

ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് പോളിസി

ഇന്ത്യയുടെ ലുക്ക് ഈസ്റ്റ് പോളിസി ഓഫ് ഇന്ത്യ ഇന്ത്യയുടെ മുൻ പ്രധാന മന്ത്രി പി.വി. നരസിംഹറാവു 1991 ൽ തുടക്കം കുറിച്ചു. ഈ നയത്തിന്റെ പ്രധാന ലക്ഷ്യം രാജ്യത്തിന്റെ വ്യാപാര കേന്ദ്രം പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നും തെക്ക് കിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്ക് മാറ്റുക എന്നതായിരുന്നു. 2014 നവംബറിൽ മ്യാൻമ്മറിൽ നടന്ന ഈസ്റ്റ് ഏഷ്യൻ ഉച്ചകോടിയിൽ കേന്ദ്രത്തിലെ എൻ.ഡി.എ. സർക്കാർ ഈ നയം ആക്റ്റ് ഈസ്റ്റ് പോളിസി ആയി ഉയർത്തി

സമീപ കാലത്തിന്റെ ആദ്യ നയം

- ഇന്ത്യയുടെവിദേശ നയത്തിന്റെ ലക്ഷ്യം ഇന്ത്യയുടെ അടുത്ത അയൽക്കാരുമായുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിൽ സജീവമായി ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതാണ്. ഇത് മാധ്യമങ്ങളിൽ അയൽപക്കത്തെ ആദ്യനയം എന്ന് വിളിക്കുന്നു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ആദ്യ ഉദ്ഘാടന വേളയിൽ ദക്ഷിണേഷ്യൻ രാജ്യങ്ങളിലെ എല്ലാ രാഷ്ട്രത്തലവൻമാരെയും സർക്കാർ മേധാവികളെയും ക്ഷണിച്ചാണ് ഇത് ആരംഭിച്ചത് പിന്നീട് എല്ലാവരുമായും വ്യക്തിപരമായി ഉഭയകക്ഷി ചർച്ചകൾ നടത്തി. മിനിസാർക്ക് ഉച്ചകോടി എന്ന് വിശേഷിന്നിക്കപ്പെട്ടു.
- പ്രധാനമന്ത്രി ഭൂട്ടാനിലേക്കുള്ള ആദ്യ വിദേശ സന്ദർശനം നടത്തി.

12th_MAI_Political Science_Unit_10.indd 245 2/28/2023 1:06:38 PM

മൂല്യനിർണ്ണയം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. ആക്ട് ഈസ്റ്റ് പോളിസി ആരംഭിച്ചത്
   a) നരേന്ദ്ര മോദി
   b) ഇന്ദിരാഗാന്ധി
   c) നരസിംഹറാവു
   d) രാജീവ് ഗാന്ധി

2. ഇന്ത്യ IPKF ന് അയച്ചത്
   a) ബംഗ്ലാദേശ്
   b) മാലിദ്വീപ്
   c) ശ്രീലങ്ക
   d) മ്യാൻമാർ

3. ആധുനിക ഇന്ത്യയുടെ ആർക്കിടെക്റ്റ് ആരാണ്?
   a) എം.എൻ. റോയ്
   b) ബി.ആർ. അംബേദ്കർ
   c) ജവഹർലാൽ നെഹ്റു
   d) രാജാറാം മോഹൻ റോയ്

4. കച്ചദ്വീപു എന്നത്
   a) ശ്രീലങ്ക
   b) ബർമ്മ
   c) ഭൂട്ടാൻ
   d) മാലിദ്വീപുകൾ

5. ഇന്ത്യൻ സ്വാതന്ത്ര്യകാലത്ത് കാശ്മീർ രാജാവ് ?
   a) ഗുർമീത്സിംഗ്
   b) അമരീന്ദു സിംഗ്
   c) കരൺസിംഗ്
   d) ഹരിസിംങ്

6. ഇന്ത്യ_____എന്ന രാജ്യത്തിന്റെ പുനരധിവാസത്തിനായി പ്രവർത്തിച്ചു.
   a) അഫ്ഗാനിസ്ഥാൻ
   b) വെനിസ്വേല
   c) ക്യൂബ
   d) ചൈന

7. സിംലാ കരാർ ഒപ്പിട്ടത്_____.
   a) ഇന്ദിരാഗാന്ധി
   b) ജവഹർലാൽ നെഹ്റു
   c) ലാൽ ബഹദൂർ
   d) വി.പി. സിംഗ്

8. ഷിംല കരാർ ആരൊക്കെ തമ്മിലാണ്
   a) ഇന്ത്യ പാക്കിസ്ഥാൻ
   b) ഇന്ത്യ അമേരിക്ക
   c) ഇന്ത്യ റഷ്യ
   d) ഇതൊന്നുമല്ല

9. 9/11 ആക്രമണം എവിടെ
   a) USA
   b) പാക്കിസ്ഥാൻ
   c) ഇന്ത്യ
   d) സ്പെയിൻ

10. UN സ്ഥാപിതമായ വർഷം
   a) 1945
   b) 1946
   c) 1919
   d) 1944

12th_MAI_Political Science_Unit_10.indd 246 2/28/2023 1:06:38 PM

11. ഇനിപ്പറയുന്നവ പരിഗണിക്കുക:

1) തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുമായുള്ള സാമ്പത്തിക ഏകീകരണം വർദ്ധിപ്പിക്കുക എന്നതായിരുന്നു ലുക്ക് ഈസ്റ്റ് പോളിസിയുടെ ലക്ഷ്യം ഈ പ്രദേശം തെക്ക് കിഴക്കൻ ഏഷ്യയിൽ മാത്രം ഒതുങ്ങി.

2) മറു വശത്ത് ആക്ട് ഈസ്റ്റ് പോളിസിയുടെ കേന്ദ്രം സാമ്പത്തികവും സുരക്ഷയും സമന്വയിപ്പിക്കുന്നതും കേന്ദ്രീകൃത പ്രദേശം തെക്ക് കിഴക്കൻ ഏഷ്യയിലേക്കും കിഴക്കൻ ഏഷ്യയിലേക്കും വർദ്ധിപ്പിച്ചു.

താഴെപ്പറയുന്നവയിൽ

a) 1 മാത്രം ശരിയാണ്
b) 2 മാത്രം ശരിയാണ്
c) 1 ഉം 2 ഉം ശരിയാണ്
d) 1 ഉം 2 ഉം ശരിയല്ല

12. ചേരുംപടി ചേർക്കുക:

1. നേപ്പാളിലെ പുതിയ ഭരണഘടന	-	a) 2014
2. ആക്ട് ഈസ്റ്റ് പോളിസി	-	b) 1988
3. ഓപ്പറേഷൻ കാക്ടസ്	-	c) 2007
4. സാംജഹത്യ എക്സ്പ്രസ് ബോംബ് ആക്രമണം	-	d) 2015

1) d a b c
2) b d a c
3) c b a d
4) a d b c

II. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ചുരുക്കി ഉത്തരം എഴുതുക

1. സിയാഗെൻ പ്രശ്നത്തെക്കുറിച്ച് വിശദീകരിക്കുക.
2. ഫറക്ക ബാരേജ് പ്രശ്നം എന്താണ്?
3. ഇന്ത്യ അഫ്ഗാനിസ്ഥാൻ ബന്ധങ്ങളുടെ പ്രാധാന്യം എഴുതുക.
4. രാജീവ് ജയവർദ്ധൻ ഉടമ്പടിയെ കുറിച്ച് ഒരു കുറിപ്പ് എഴുതുക.

III. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

1. ഇന്ത്യൻ ഭൂട്ടാൻ ബന്ധത്തെക്കുറിച്ച് വിശദീകരിക്കുക.
2. ഓപ്പറേഷൻ കാക്ടസ്നെ കുറിച്ച് ഒരു സംഗ്രഹം എഴുതുക.
3. ആക്ട് ഈസ്റ്റ് പോളിസിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്?

IV. ഇനിപ്പറയുന്ന ചോദ്യങ്ങൾക്ക് വിശദമായ ഉത്തരം എഴുതുക

1. ഇന്ത്യയും പാക്കിസ്ഥാനും തമ്മിലുള്ള കാശ്മീർ പ്രശ്നം വിശദീകരിക്കുക
2. ഇന്ത്യ ചൈന അതിർത്തി സംഘർഷം എന്താണ്?
3. ഇന്ത്യയും നേപ്പാളും തമ്മിലുള്ള സഹകരണ മേഖലകൾ ഏതൊക്കെ?
4. ചൈനയുടെ ബീറ്റ് ആൻഡ് റോഡ് ഇനിഷ്യേറ്റീവ് നയത്തെക്കുറിച്ച് വിശദീകരിക്കുക.
5. 21 ാം നൂറ്റാിലെ ഇൻഡോ ബംഗ്ലാദേശ് ബന്ധത്തെക്കുറിച്ച് കുറിപ്പെഴുതുക.
6. ഇന്ത്യയും മ്യാൻമ്മറും തമ്മിലുള്ള സുരക്ഷയും പ്രതിരോധവും സാംസ്കാരിക സഹകരണവും വ്യക്തമാക്കുക?

12th_MAI_Political Science_Unit_10.indd 247 2/28/2023 1:06:38 PM

റഫറൻസ് പുസ്തകങ്ങൾ

- David M. Malone, eds, The Oxford Handbook of Indian Foreign Policy, Oxford University Press, United Kingdom, 2015.
- Harsh V. Pant, Indian foreign policy: An Overview, Manchester University Press, Manchester, 2016
- David M. Malone, Does the Elephant Dance? Contemporary Indian Foreign Policy, Oxford University Press, Oxford, 2011
- V N Khanna, Foreign Policy of India, Vikas Publishing House, New Delhi, 2010
- Mohanan B Pillai and L Premashekhara, eds., Foreign Policy of India: Continuity and Change, New Century Publications, New Delhi, 2010
- J. N Dixit, Across Borders: Fifty Years of India's Foreign Policy, Picus Books, New Delhi, 1998.
- Satish Kumar, eds., India's National Security, Annual Review 2009, Routledge, New Delhi, 2010
- Satish Kumar, eds., India's National Security, Annual Review 2011, Routledge, New Delhi, 2012

വെബ് ലിങ്കുകൾ

- https://blog.forumias.com/article/india-pakistan-relations
- https://blog.forumias.com/article/india-bhutan-relations-2
- https://www.civilsdaily.com/indo-myanmar-relations/
- https://www.jagranjosh.com/general-knowledge/meaning-and-objectives-of-the-act-east-policy-of-india-1527251668-1
- https://forumias.com/portal/india-bangladesh-relations/
- https://blog.forumias.com/article/india-nepal-relation
- https://blog.forumias.com/article/india-maldives-relations-2

12th_MAI_Political Science_Unit_10.indd 248 2/28/2023 1:06:38 PM

യൂണിറ്റ് 11

അന്താരാഷ്ട്ര സംഘടനകൾ



പഠന ലക്ഷ്യങ്ങൾ





- അന്താരാഷ്ട്ര സംഘടനകളെ മനസ്സിലാക്കാൻ
- അന്താരാഷ്ട്ര സംഘടനകളുടെ ഉത്ഭവം കണ്ടെത്തൽ.
- ഐക്യരാഷ്ട്ര സഭയുടെ ഉത്ഭവത്തിന്റെ പശ്ചാത്തലം മനസ്സിലാക്കാൻ വിദ്യാർത്ഥിയെ പ്രാപ്തമാക്കുക.
- അന്തർദേശീയ സംഘടനയും അതിന്റെ പങ്കും, ഐക്യരാഷ്ട്ര സഭയും അതിന്റെ വിവിധ ശാഖകളെയും പറ്റി മനസ്സിലാക്കൽ.
- അന്താരാഷ്ട്ര ധനകാര്യ സ്ഥാപനങ്ങളും അവയുടെ പങ്കും വിദ്യാർത്ഥികൾ മനസ്സിലാക്കുന്നതിന്.
- അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടനകളുടെ പങ്കിനെ കുറിച്ചുള്ള അറിവും മനുഷ്യാവകാശത്തിന്റെ സംരക്ഷണവും, അവയുടെ പുരോഗതിയെപ്പറ്റിയും വിദ്യാർത്ഥികൾക്ക് അറിവ് നൽകുക.

11.1 ആമുഖം

അന്തർദേശീയ സംഘടനയെക്കുറിച്ച് ചിന്തിക്കുമ്പോൾ അത് ഇരുപതാം നൂറ്റാണ്ടിലെ പ്രതിഭാസമാണ്. ലീഗ് ഓഫ് നേഷൻസ് 1919-ലാണ് ആരംഭിച്ചത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ പ്രത്യേക പ്രശ്നങ്ങൾ അതിർത്തി തർക്കങ്ങൾ കൈകാര്യം ചെയ്യുന്നതിന്, രാഷ്ട്രങ്ങൾ അന്താരാഷ്ട്ര സംഘടന ആരംഭിച്ചു. അക്കൂട്ടത്തിൽ അന്തർദേശീയവാർത്താ വിനിമയ സംഘടന (ഐ റ്റി യു), 1865-ൽ സ്ഥാപിതമായി. (യഥാർത്ഥത്തിൽ ഇന്റർനാഷണൽ ടെലിഗ്രാഫ് യൂണിയൻ എന്നു വിളിക്കുന്നു.) ഒപ്പം ആഗോള തപാൽ സംഘടനയും 1874-ൽ സ്ഥാപിതമായി. ഇവ രണ്ടും ഇപ്പോൾ യുണൈറ്റഡ്സ്റ്റേറ്റ്സിന്റെ ഭാഗമാണ്. അന്താരാഷ്ട്ര സമാധാനം 1899-ൽ ഹേഗിൽ നടന്ന സമ്മേളനം ഇത് അംഗീകരിച്ചു. അന്താരാഷ്ട്ര തർക്കങ്ങളുടെ സമാധാനത്തിനുള്ള പരിഹാര കൺവെൻഷൻ സ്ഥാപിതമായി. സ്ഥിരം കോടതി മദ്ധ്യസ്ഥത (പി സി എ) 1902-ൽ പ്രവർത്തനം ആരംഭിച്ചു. ഇതിനുള്ള ആദ്യ മാധ്യമമായി പി സി എ പ്രവർത്തിച്ചു. 1914 ആഗസ്റ്റ്, ഒന്നാം ലോക മഹായുദ്ധത്തിന്റെ ഫലമായുണ്ടായ നഷ്ടത്തെ തുടർന്ന് അന്താരാഷ്ട്ര നീതിന്യായ കോടതിയുടെ പരിമിതികൾ തുറന്നുകാട്ടി. നെപ്പോളിയന്റെ ആക്രമണത്തിനുശേഷം മറ്റ് യുദ്ധങ്ങൾ ഉണ്ടാകാതെ കാത്തു സൂക്ഷിച്ചത് ഈ അന്താരാഷ്ട്ര സംഘടനയാണ് 1914 - 1918 വരെ നടന്ന 1 ാം ലോകമഹായുദ്ധം, ഏറ്റവും മോശമായ മനുഷ്യ നഷ്ടത്തിന് വസ്തു നഷ്ടത്തിനും യൂറോപ്പ് സാക്ഷ്യം വഹിച്ചു. രണ്ട് ദശലക്ഷം ആളുകൾക്ക് ജീവൻ നഷ്ടപ്പെട്ടു. സാമ്രാജ്യങ്ങളുടെ തകർച്ച (ഓട്ടോമാൻ, ഓസ്ട്രോ - ഹംഗേറി) പുതിയ ലോകക്രമം (ചെക്കോസ്ലോവാക, എസ്റ്റോണിയ) ഉയർന്നു വരാൻ സഹായിച്ചു.

11.2. സർവ്വരാഷ്ട്രസഖ്യം

പ്രസിഡന്റ് വിൽസൺന്റെ പതിനാല് പോയിന്റുകൾ (1918)



1. തുറന്ന നയതന്ത്രം
2. സമുദ്രങ്ങളുടെ സ്വാതന്ത്ര്യം.
3. സാമ്പത്തിക തടസ്സങ്ങൾ നീക്കം ചെയ്യൽ
4. നിരായുധീകരണം.
5. കൊളോണിയൽ ക്ലെയിമുകളുടെ ക്രമീകരണം
6. റഷ്യയിലെ പ്രദേശങ്ങൾ കീഴടക്കൽ
7. ബെൽജിയം പരമാധികാരം സംരക്ഷിക്കൽ
8. ഫ്രഞ്ച് പ്രദേശം പുനഃസ്ഥാപിക്കുക
9. ഇറ്റാലിയൻ അതിർത്തികളുടെ പുനർരൂപകൽപ്പന
10. ഓസ്ട്രിയ - ഹംഗറി വിഭജനം
11. ബാൽക്കൻ അതിർത്തികളുടെ പുനഃനിർണ്ണയം അധികാരങ്ങൾ
12. തുർക്കിയിലെ അധികാരങ്ങൾ പരിമിതപ്പെടുത്തുക
13. പോളണ്ടിന് സ്വാതന്ത്ര്യം നൽകുക.
14. അന്താരാഷ്ട്ര സംഘടനകളുടെ രൂപീകരണം.

പ്രസിഡന്റ് വുഡ്രോ വിൽസൺ 1918 ജനുവരിയിൽ ലീഗ് ഓഫ് നേഷനെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശയം രൂപപ്പെടുത്തി. ഇതിന് വ്യാപകമായ പിന്തുണ ലഭിച്ചു. ലോക മഹായുദ്ധം മൂലമുണ്ടായ നാശം ലീഗ് ഓഫ് നേഷന്റെ വളർച്ചക്ക് പിൻതുണയായി. സൈനിക സംഘട്ടങ്ങൾ രൂക്ഷമാകുന്നതിന് മുമ്പ് തർക്കങ്ങൾ പരിഹരിക്കാൻ അന്താരാഷ്ട്ര സംഘടന ഒരു പരിഹാരമായി. യുണൈറ്റഡ് ആണെങ്കിലും ലീഗ് ഓഫ് നേഷനിൽ ചേരുന്നതിൽ രാഷ്ട്രങ്ങൾ പരാജയപ്പെട്ടു. വെർസെൽസ് സമാധാന ഉടമ്പടി കമ്മീഷൻ പ്രസിഡന്റ് വുഡ്രോ വിൽസൺ അദ്ധ്യക്ഷത വഹിച്ചു. ഒരു അന്താരാഷ്ട്ര സ്ഥാപനം സംബന്ധിച്ച സംഘടന വിൽസൺ സംയുക്തമായി പ്രഖ്യാപിച്ചു. യു എസ് കോൺഗ്രസ്സിന്റെ അഭിപ്രായ പ്രകാരം ഇത് സമാധാനത്തിന്റെ ഒരു നിശ്ചിത ഗ്യാരണ്ടിയാണ്. ഇത് ആക്രമണത്തിനെതിരായ ഒരു കൃത്യമായ ഗ്യാരണ്ടിയാണ്. ഇത് ഒരു നിശ്ചിത ഗ്യാരണ്ടിയാണ്. ഇത് നാഗരികത നാശത്തിലേക്കുള്ള കാര്യങ്ങൾക്കെതിരെയുള്ളതാണ്. ലീഗ് ലോക സമാധാനം ഉറപ്പു വരുത്തുന്നതാണ്. ഒരു ലീഗ് ഏത് അന്തർദ്ദേശീയ സംരക്ഷണ ഉപയോഗിക്കുന്നു. ലീഗ് താൽക്കാലികമായി ലണ്ടനിൽ ആരംഭിച്ച ലീഗ് 1920-ൽ ജനീവയിലെ സ്വിറ്റ്സർലന്റിൽ സ്ഥിരപ്രവർത്തനം തുടങ്ങി. തുടക്കത്തിൽ ഇതിന് കുറച്ച് വിജയങ്ങൾ ഉണ്ടായിരുന്ന ഫിൻലാൻഡും സ്വീഡനും അലാന്റ് ദ്വീപിന് മേലുള്ള തർക്കങ്ങൾ പരിഹരിച്ചപ്പോൾ, ജർമ്മനിയും പോളണ്ടും അപ്പർ സിലേഷ്യയിൽ ഇറാക്കിനും തുർക്കിക്കും ഇടയിൽ മൊസൂളിനുമുള്ള പ്രശ്നം പരിഹരിച്ചപ്പോൾ, അന്താരാഷ്ട്ര ഓപിയം (കറുപ്പ്) വ്യാപാരത്തിനെതിരെ ലീഗ് ഒരു സംരക്ഷണക വചമായി പ്രവർത്തിച്ചു. ലീഗ് പോലുള്ള ഏജൻസികൾക്കായുള്ള ഓർഗനൈസേഷൻ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷൻ (ഐ എൽ ഒ), പെർമനന്റ് കോർട്ട് ഓഫ് ഇന്റർനാഷണൽ നിതി (അന്താരാഷ്ട്ര നീതിന്യായ കോടതി) പിന്നീട് ഒരു മാതൃകയായി. ഒന്നാം ലോക മഹായുദ്ധത്തിലെ വിജയികൾ ഫ്രാൻസും ഗ്രേറ്റ് ബ്രിട്ടനും അതുപോലെ എതിർവശത്ത് ജപ്പാനൊപ്പം ഇറ്റലിയും ലീഗ് ഓഫ് നേഷൻസിൽ ആധിപത്യം പുലർത്തി. അവിടെ ഇരുപത്തെട്ട് സ്ഥാപക അംഗങ്ങളിൽ ജനപ്രതിനിധികളിൽ കൂടുതലും യൂറോപ്പ് ലാറ്റിൻ അമേരിക്കഎന്നിവിടങ്ങളിലുള്ളവരാണ് ദി ലീഗ് ഓഫ് നേഷൻസ് യൂറോപ്യൻ ആഭിമുഖ്യത്തിൽ ആയിരുന്നു. ഫലത്തിൽ ആഫ്രിക്ക, ഏഷ്യ, മിഡിൽ ഈസ്റ്റ് എന്നിവയെല്ലാം നിയന്ത്രിച്ചത് യൂറോപ്യൻ സാമ്രാജ്യത്വ ശക്തികളാണ്. സ്വാതന്ത്ര്യത്തിനും സ്വയം ഭരണത്തിനും വേണ്ടി സ്വദേശികളെ തയ്യാറാക്കുന്നതിനുള്ള സംവിധാനം ലീഗ് സ്ഥാപിച്ചു.

സർവ്വ രാഷ്ട്ര സഖ്യത്തിന്റെ പരാജയത്തിന്റെ കാരണങ്ങൾ:

ദി ലീഗ് ഓഫ് നേഷൻസ് പരാജയപ്പെടാനുള്ള കാരണങ്ങൾ ഒന്നിലധികം ആയിരുന്നു. യുണൈറ്റഡിന്റെ അഭാവം ഒരു പ്രധാന ഘടകമായിരുന്നു. അംഗങ്ങളായ ജർമ്മനിയും സോവിയറ്റ് യൂണിയനും സംഘടനയുടെ പ്രാധാന്യത്തെ ദുർബലപ്പെടുത്തി. ജർമ്മനി 1926-ൽ ചേർന്നു. നാസികൾ അധികാരത്തിൽ വന്നതിനുശേഷം ജർമ്മനി 1933-ൽ പുറത്തായി തുടർന്ന് സോവിയറ്റ് യൂണിയൻ ലിഗിൽ പ്രവേശിച്ചു. ഫിൻലാന്റിനെതിരായ ആക്രമണത്തെ തുടർന്നാണ് സോവിയറ്റ് യൂണിയനെ പുറത്താക്കിയത്.

1933-ൽ ജപ്പാൻ മഞ്ചൂരിയ ആക്രമിച്ചു. ഇത് ലീഗ് വിമർശിച്ചതിനാൽ ജപ്പാൻ ലീഗിൽ നിന്നും പുറത്തു പോയി. എത്യോപ്യയെ ഇറ്റലി ആക്രമിച്ചതിനാൽ ഇറ്റലിക്കും പുറത്തു പോകേണ്ടി വന്നു. 1930 കളിലെ സാമ്പത്തിക പ്രതിസന്ധി കാരണം ഫ്രാൻസും ബ്രിട്ടനും ദേശീയ സുരക്ഷയുള്ള യുദ്ധങ്ങൾ നടത്തുന്നതിൽ പരാജയപ്പെട്ടു.

1938-ൽ മ്യൂണിച്ച് കോൺഫറൻസിൽ, ചെക്കോസ്ലോവാക്യയെ തകർക്കുന്നത് ബ്രിട്ടനും ഫ്രാൻസും സമ്മതിച്ചു. സ്വിറ്റ്സർലന്റിനെ ചേർക്കുന്നത് ഹിറ്റ്ലർ റീച്ച് അംഗീകരിച്ചു. ഒടുവിൽ ജർമ്മനി പോളണ്ടിനെ ആക്രമിച്ചു. 1939-ൽ സോവിയറ്റ് യൂണിയൻ ലീഗിൽ സ്ഥാപിച്ചിരുന്ന എല്ലാ പ്രതീക്ഷകളും തകർന്നു.

ലീഗ് ഓഫ് നേഷൻസ് മതിയായ സമ്മർദ്ദം ചെലുത്താൻ കഴിവുള്ളതായിരുന്നില്ല. ആക്രമണകാരികളായ രാജ്യങ്ങളിൽ സാമ്പത്തിക ഉപരോധങ്ങൾ ഏർപ്പെടുത്തുന്നതിൽ അവർ പരാജയപ്പെട്ടു. ലീഗ് ഓഫ് നേഷൻസിന് സൈനിക പരമായ ഇടപാട് ഉണ്ടായിരുന്നില്ല. അംഗങ്ങളല്ലാത്തവരുമായി വ്യാപാരം നടത്തുന്നതിനുള്ള ഉപരോധം 1930 കളിലെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായി. ലീഗിന് സ്വന്തമായി സൈന്യമില്ല. സൈനിക ഇടപെടൽ എന്നാൽ ആവശ്യവേളയിൽ സൈനികരെ അനുവദിക്കുക, പ്രത്യേകിച്ച് അംഗരാജ്യങ്ങൾക്ക് (ഫ്രാൻസും ബ്രിട്ടനും).

ചർച്ച ചെയ്യുക



വിഷയം: എന്തുകൊണ്ടാണ് ലീഗ് ഓഫ് നേഷൻസിന് ലോക സമാധാനം ഉറപ്പാക്കാൻ കഴിയാതിരുന്നത്.?

ഇനി പറയുന്ന കാര്യങ്ങൾ ചർച്ച ചെയ്യാം.

a. യൂറോപ്യൻ ജനതയുടെ ആധിപത്യം.

b. വംശീയ വിവേചനത്തെ എതിർക്കുന്നതിൽ പരാജയപ്പെടൽ.

c. ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, ജപ്പാൻ ലീഗിൽ ആധിപത്യം സ്ഥാപിച്ചു.

എന്നിരുന്നാലും,ഏഷ്യയിലോ ആഫ്രിക്കയിലോ നടന്ന സംഘർഷങ്ങളുടെ ചിലവ് ഏറ്റെടുക്കാൻ ഒരു രാജ്യവും ഉണ്ടായിരുന്നില്ല. ദി ലീഗ് 1939-ൽ സോവിയറ്റ് യൂണിയനെ പുറത്താക്കി. ലീഗ് വ്യാപകമായി അറിയപ്പെടുന്നത് വു ഡ്രോ വിൽസന്റെ സമാധാനത്തിന്റെ സ്ഥിര സംരക്ഷണം ഉറപ്പ് വരുത്തുന്നതിൽ ലിഗ് പരാജയപ്പെട്ടു. അന്താരാഷ്ട്ര സംഘടന ലോകസമാധാനം ഉറപ്പു വരുത്തുന്നതിന് ആവശ്യമാണെന്നും ഇനി ഒരു ലോക മഹായുദ്ധം ഉണ്ടാവാതിരിക്കാനും ആവശ്യമാണെന്ന് ഏകണ്ഠമായി അംഗീകരിച്ചു. ലീഗ് ഓഫ് നേഷന്റെ ആവർത്തനം അനുവദിക്കാനാവില്ല.

പ്രവർത്തനം

ചർച്ച ചെയ്ത് ആശയം പങ്കുവയ്ക്കുക.

അമേരിക്കൻ തീരുമാനം ലീഗിൽ ചേരാതിരുന്നത് വലിയ തിരിച്ചടിയായിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ?

11.3 ഐക്യരാഷ്ട്ര സഭ



സർവ്വരാഷ്ട്ര സഖ്യത്തിന് അതിന്റെ ലക്ഷ്യമായ ലോകസമാധാനം സംരക്ഷിക്കാൻ സാധിച്ചില്ല. ഒരു സാർവത്രിക സ്വപ്നത്തെ ജ്വലിപ്പിച്ചു സംരക്ഷിക്കാൻ ഓർഗനൈസേഷൻ ആരംഭിച്ചു. രണ്ടാം ലോക മഹായുദ്ധത്തിന്റെ അവസാനത്തോടെ ഏകദേശം 72 ദശലക്ഷം ആളപായങ്ങൾ, ഐക്യരാഷ്ട്ര സഭയുടെ ജനനത്തിനും സാക്ഷ്യം വഹിച്ചു. ലോക യുദ്ധം അവസാനിപ്പിക്കാൻ സഹകരിച്ച നേതാക്കൾ ഭാവിയിലെ യുദ്ധം തടയുന്നതിനും, ലോകസമാധാനം ഉറപ്പാക്കാനും ഐക്യരാഷ്ട്ര സഭയിലൂടെ മാത്രമേ സാധ്യമാകൂ എന്നും കരുതി. എല്ലാ രാജ്യങ്ങളും ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു ആഗോള സംഘടനയായ, ഐക്യരാഷ്ട്ര സഭ എന്ന സംഘടന ആരംഭിച്ചു. അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ഫ്രാങ്ക്ലിൻ ഡി റൂസ് വെൽറ്റ് 1942-ൽ ആദ്യമായി ഐക്യരാഷ്ട്ര സഭ എന്ന പേര് ഉപയോഗിച്ചു. ഇരുപത്തിയാറ് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഐക്യരാഷ്ട്രസഭയുടെ പ്രഖ്യാപനത്തിൽ ഒപ്പിട്ടു. അക്ഷശക്തികൾ സമാധാനം നേടുന്നതിനായി ഒരുമിച്ചു പ്രവർത്തിച്ചു. അങ്ങനെ ലീഗ് ഓഫ് നേഷനിൽ നിന്ന് വ്യത്യസ്തമായി, അത് ഒരു സഖ്യമായി ആരംഭിച്ചു. യുണൈറ്റഡ് സ്റ്റേറ്റിന്റെ പ്രവേശനത്തിന് തൊട്ടു പിന്നാലെ പേൾ ഹാർബർ ആക്രമണത്തെ തുടർന്നുള്ള യുദ്ധം ജപ്പാനും ജർമ്മനിയും അമേരിയ്ക്കക്കെതിരെ 1941 ഡിസംബറിൽ പ്രഖ്യാപിച്ചു. 1944 ആഗസ്റ്റിൽ ചൈന, സോവിയറ്റ് യൂണിയൻ, യുണൈറ്റഡ് കിംഡം, അമേരിക്കൻ ഐക്യനാടുകൾ ഡംബാർട്ടണിൽ ഐക്യരാഷ്ട്രസഭ പ്രതിനിധികൾ കണ്ടു മുട്ടി. ഇതിനുള്ള അടിസ്ഥാന ബ്ലൂ പ്രിന്റ് വരയക്കുന്നതിനുള്ള പുതിയ രൂപരേഖ ഒക്ടോബറിൽ അന്താരാഷ്ട്ര ഓർഗനൈസേഷനും ഐക്യരാഷ്ടസഭയും രൂപരേഖ ഉടമ്പടി തയ്യാറാക്കി.

ഐക്യരാഷ്ട്രസഭയുടെ നാല് പ്രധാന ഉദ്ദേശ്യങ്ങൾ

- സൈനിക സുരക്ഷ.
- സാമ്പത്തികവും സാമൂഹികവുമായ പുരോഗതി.
- മനുഷ്യാവകാശങ്ങൾ ഉയർത്തിപ്പിടിക്കൽ.
- അന്താരാഷ്ട്ര നീതി.

ജർമ്മനി കീഴടങ്ങിയതിനെ തുടരന്ന് 1945-ൽ നിന്നുള്ള പ്രതിനിധികൾ അമ്പത് രാജ്യങ്ങൾ സാൻ ഫ്രാൻസിസ്കോയിൽ കണ്ടുമുട്ടി. 1945 ജൂൺ 26 ന് ഉടമ്പടിയിൽ ഒപ്പിട്ടു. പസഫിക് യുദ്ധം അവസാനിച്ചതോടെ 1945 ഒക്ടോബർ 24 ന് ഐക്യരാഷ്ട്രസഭ ഔദ്യോഗികമായി നിലവിൽ വന്നു. യു എൻ ഉടമ്പടി നിർമ്മിക്കുമ്പോൾ ലീഗ് ഓഫ് നേഷൻ അഭിമുഖീകരിച്ച അതേ പ്രശ്നം ഡ്രാഫ്റ്റർമാർ (രൂപീകരണ കമ്മിറ്റി) അഭിമുഖീകരിച്ചു.

ദേശീയ പരമാധികാരത്തെയും അന്താരാഷ്ട്ര ആദർശവാദത്തെയും എങ്ങനെ സന്തുലിതമാക്കും എന്ന അടിസ്ഥാന ധർമ്മസങ്കടം മാറ്റമില്ലാതെ തുടർന്നു. ഒരു ഉടമ്പടി എങ്ങനെ ഡ്രാഫ്റ്റ് ചെയ്യാനാകും? അത് തുല്യമായി ഫലപ്രദമായ രിതിയിൽ രാജ്യങ്ങൾ കൈകാര്യം ചെയ്യുന്നത് എങ്ങനെ ഉറപ്പാക്കാനാകും?

പ്രവർത്തനം - ഗ്രൂപ്പ് ചർച്ച

ഐക്യരാഷ്ട്രസഭയുടെ പുതിയ ദിശകൾ



ബാൽ കി മൂൺ

ഇത് എല്ലാവർക്കുമുള്ള പരീക്ഷണ സമയമാണ്. എല്ലായിടത്തുമുള്ള ആളുകൾ ഉത്കണ്ഠയും ഭയവും വളർത്തുന്നു. സ്ഥാപനങ്ങളിലും നേതാ, ളിലുമുള്ള സാർവത്രിക വിശ്വാസം നഷ്ടപ്പെടുന്നു. അത്തരം അനിശ്ചിത ത്വത്തിനിടിയിൽ, നമ്മുടെ ഭാവി ഒരു ഐക്യരാഷ്ട്രസഭയെ ആശ്രയിക്കു ന്നു. അത് ലോക രാജ്യങ്ങളെ ഒന്നിച്ച് സംസാരിക്കാനും സംവാദിക്കാനും മാത്രമല്ല, അംഗികരിക്കാനും പ്രവർത്തിക്കാനും സഹായിക്കുന്നു. അത് സിവിൽ സമൂഹം, ബിസിനസ്സ്, മനുഷ്യസ്നേഹികൾ, കൂടാതെ ലോകമെ മ്പാടും നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ, ലോക സർക്കാരുകളെ സഹായിക്കാൻ, സാധാരണ പൗരന്മാർ, സമാധാനം, വികസനം, മനുഷ്യാ വകാശം, ആഗോള പൊതു നന്മ, ജനങ്ങൾക്ക് പ്രതീക്ഷ എന്നിവ നൽകുന്നു.

കടപ്പാട്: യു എന്നിനായുള്ള പുതിയ നിർദ്ദേശങ്ങൾ, മുൻ സെക്രട്ടറി ജനറലിന്റെ ലേഖനം.

ഗ്രൂപ്പ് ചർച്ചയ്ക്കുള്ള വിഷയം; ഐക്യരാഷ്ട്രസഭ എത്രത്തോളം വിജയിച്ചു?

യു എസിന്റെ (യുണൈറ്റഡ്നേഷൻസിന്റെ) തീരുമാന ങ്ങൾ രാജ്യങ്ങൾക്ക് ഇഷ്ടപ്പെട്ടില്ല. ജപ്പാൻ അത് മുൻകൂട്ടികണ്ടു. അതിനാൽ പരിഹാരമായി വീറ്റോ പവർ ഉണ്ടായിരുന്നു. വീറ്റോ പവർ (നെഗറ്റീവ് വോട്ട്) അഞ്ച് സ്ഥാപക അംഗങ്ങൾക്ക് അനു വദിച്ചു. (ചൈന, ഫ്രാൻസ്, ഗ്രേറ്റ് ബ്രിട്ടൻ, യുണൈറ്റഡ് സ്റ്റേറ്റ്, സോവിയറ്റ് യൂണിയൻ) ഈ രാജ്യങ്ങൾ സ്ഥിരം അംഗങ്ങൾ എന്നും അറിയ പ്പെടുന്നു. യു എൻ ചാർട്ടറിനും ലിഗ് ഓഫ് നേ ഷൻ ഉടമ്പടിക്കും അന്താരാഷ്ട്ര സുരക്ഷയും, തർക്കങ്ങൾ സമാധാനപരമായി പരിഹരിക്കലും പ്രധാന ലക്ഷ്യങ്ങളായിരുന്നു. എന്നിരുന്നാലും ചാർട്ടറിൽ രണ്ട് ഘടകങ്ങൾ കൂടി ഉൾപ്പെടു ത്തിയിട്ടുണ്ട്. ലീഗ് ഓഫ് നേഷൻസ് ഉടമ്പടി യുടെ ആർട്ടിക്കിൾ 23-ൽ ഇത് ഹ്രസ്വമായി പ്ര തിഫലിപ്പിച്ചിട്ടുണ്ടെങ്കിലും, യു എൻ ചാർട്ടറിൽ സാമൂഹികവും സാമ്പത്തികവുമായ പുരോഗതി അതിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി യിട്ടുണ്ട്. യുദ്ധകാലത്തെ സാമൂഹികവും സാമ്പ ത്തികവുമായ പുരോഗതിക്ക് ഊന്നൽ നൽകുന്ന വേരുകളാണ്. ഇതിന്റെ പരാജയത്തെ കുറിച്ച് യു എസിന് നല്ല ധാരണയുണ്ടായിരുന്നു. 1920 മുതൽ 1930 വരെയുള്ള ആഗോള സാമ്പത്തിക പ്രതിസന്ധിയെ തീവ്ര ദേശീയതയുടെ ഉയർച്ച യിലേക്കും രണ്ടാം ലോക മഹായുദ്ധത്തിൽ കലാ ശിച്ച ആക്രമണ പ്രവർത്തങ്ങളിലേക്കും നയിച്ച രാഷ്ട്രീയ പ്രക്ഷോഭങ്ങളുടെ മൂലകാരണമായി പലരും കണ്ടു.

11.3.1 ഐക്യരാഷ്ട്ര സംഘടന

1945-ൽ യു എൻ-ൽ ആറ് പ്രധാന അവയവ ങ്ങൾ 1) പൊതുസഭ (2) സുരക്ഷാ കൗൺസിൽ (3) സാമ്പത്തികവും സാമൂഹ്യവുമായ കൗൺസിൽ (4) ട്രസ്റ്റിഷിപ്പ് കൗൺസിൽ (5) അന്താരാഷ്ട്ര കോടതി (6) സെക്രട്ടറിയേറ്റ്.



ഈ ട്രസ്റ്റ്ഷിപ്പ് കൗൺസിൽ അവ കോള നീകരണ പ്രക്രിയക്ക് ശേഷം കാലഹരണപ്പെട്ടു. എന്നാലും യു എന്നിന്റെ പ്രധാന സംഘടനയാണ്. എല്ലാ അവയവങ്ങളും പതിവായി കണ്ടുമുട്ടുകയും അംഗങ്ങൾക്ക് വോട്ട് ചെയ്യുകയും ചെയ്യുന്നു. അവയവങ്ങളുടെ പ്രവർത്തനങ്ങൾ പരസ്പരം വ്യത്യാസപ്പെട്ടിരിക്കുന്നു. അതേസമയം ജനറൽ അസംബ്ലി യു എന്നിന്റെ പാർലമെന്റാണ്. സുരക്ഷാ കൗൺസിൽ അതിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ്. സെക്രട്ടറിയേറ്റ് യു എൻ നടത്തുന്ന ബ്യൂറോക്രസി അഥവാ ഓപ്പറേഷൻ ബോഡിയാണ്.

11.3.2 പൊതുസഭ

പൊതുവായ സമ്മേളനം അംഗരാജ്യങ്ങൾ അടങ്ങുന്ന യു എന്നിന്റെ പ്രധാന ബോധപൂർവ്വമായ അവയവമാണ്. ഈ പൊതുസഭ ഓരോരുത്തർക്കും അതിന്റെ സ്വാധീനമോ വലിപ്പമോ പരിഗണിക്കാതെ വോട്ടുണ്ട്. യു എൻ ചാർട്ടറിന് ഉണ്ടാകുന്ന പ്രശ്നങ്ങൾ, അന്താരാഷ്ട്ര സമാധാനവും സുരക്ഷയും സംബന്ധിച്ച തീരുമാനങ്ങൾ, പുതിയ അംഗരാജ്യങ്ങളും യു എൻ ബജറ്റും മൂന്നിൽ രണ്ട് ഭൂരിപക്ഷമാണ് തീരുമാനിക്കുന്നത്. ഒരു രാഷ്ട്രത്തിന് ഒരു വോട്ട് എന്ന തത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. പൊതുസഭ എടുത്ത പ്രമേയങ്ങൾ അംഗരാജ്യങ്ങൾക്കുള്ള ശുപാർശകൾ മാത്രമാണ്., എന്നാൽ അവ ലോകത്തിന്റെ ഭൂരിപക്ഷത്തിന്റെയും കാഴ ചപ്പാടുകളെ പ്രതിനിധീകരിക്കുന്നതിനാൽ, അത് വഹിക്കുന്നു. അതോടൊപ്പം കനത്ത ധാർമ്മിക ഭാരവും ഉടമ്പടികൾ, കൺവെൻഷനുകൾ എന്ന അന്താരാഷ്ട്ര കരാറുകളിൽ ചേരാൻ രാജ്യങ്ങളെ പ്രേരിപ്പിക്കുന്നു. പ്രോട്ടോക്കോളുകൾ മുതലായവ, ആത്യന്തികമായി ലോകത്തെ സ്വാധീനിക്കുന്നു. പൊതുസഭയുടെ സെഷനുകൾ സെപ്റ്റംബറിൽ ആരംഭിക്കുന്നു. എല്ലാ തീരുമാനങ്ങളും സെപ്റ്റംബർ മുതൽ ഡിസംബർ വരെയാണ്. പ്രത്യേക സെഷനുകൾക്കായുള്ള അഭ്യർത്ഥനകൾ സുരക്ഷാ കൗൺസിൽ ആരംഭിക്കാം. അല്ലെങ്കിൽ അതിലെ ഭൂരിപക്ഷം അംഗങ്ങളും അഭ്യർത്ഥന നടത്തുകയാണെങ്കിൽ, ഓരോ പതിപ്പ് സെഷന്റേയും തുടക്കത്തിൽ, ഭീകരത, യുദ്ധം, ദാരിദ്ര്യം, പട്ടിണി, രോഗം തുടങ്ങി നിരവധി വിഷയങ്ങളിൽ രാഷ്ട്രത്തലവൻമാർ തങ്ങളുടെ അഭിപ്രായങ്ങൾ അവതരിപ്പിക്കുന്ന പൊതുസമ്മേളനത്തില രണ്ടാഴ്ചത്തെ പൊതു ചർച്ചയുണ്ട്. പൊതു സഭയുടെ പ്രവർത്തനങ്ങൾ ആറ് കമ്മിറ്റികൾ ഉൾക്കൊള്ളുന്നു.:

ഐക്യരാഷ്ട്ര സഭയുടെ സമാധാന പരിപാലന പ്രവർത്തനത്തിന്റെ പട്ടിക.					
S. No	ഭൂഖണ്ഡത്തിന്റെ പേര്	പ്രവർത്തനം	പ്രദേശം	പൊരുത്തക്കേട്	വർഷം
1	ആഫ്രിക്ക	യുണൈറ്റഡ് നാഷണൽ ഓപ്പറേഷൻസ് കോംഗോ (ONUC)	ഡെമോക്രാറ്റിക് റിപ്പബ്ലിക് ഓഫ് കോംഗോ	കോംഗോ പ്രതിസന്ധി	1960-1964
2	ഏഷ്യ	ഐക്യരാഷ്ട്ര ഇന്ത്യ - പാകിസ്ഥാനൻ നിരീക്ഷണ ദൗത്യം (UNIPOM)	ഇന്ത്യ പാക്കിസ്ഥാൻ	ഇന്തോ പാക്കിസ്ഥാൻ യുദ്ധം 1965	1965-1966
3	യൂറോപ്പ്	ഐക്യരാഷ്ട്ര സഭയുടെ വിച്ഛേദനം, ഒബ്സർവർ ഫോഴ്സ് (UNDOF)	എസ്രായേൽ സിറിയ ലെബനൻ	സിറിയനും ഇസ്രായേലിയും പിന്തുടരുന്ന ശക്തികൾ യൊം കിപ്പൂർ യുദ്ധം പിൻവലിക്കാൻ സമ്മതിച്ചു	1974
4	ആഫിക്ക	സൊമാലിയിലെ ഐക്യരാഷ്ട്ര സഭയുടെ പ്രവർത്തനം I (UNOSOM I)	സൊമാലിയ	സൊമാലിയൻ ആഭ്യന്തര യുദ്ധം	1992-1993
5	ആഫിക്ക	യു എൻ മിഷൻ ഫോർ റുവാണ്ട (UNAMIR)	റുവാ	യുവാൻ ആഭ്യന്തര യുദ്ധം	1993-1996
6	അമേരിക്ക	ഹെയ്തിയിലെ ഐക്യരാഷ്ട്ര മിഷൻ (UNMIH)	Haiti	1991 ഹെയ്തിവിലെ അട്ടിമറിയും സൈനിക ഭരണവും	1993-1996
7	അമേരിക്ക	ബോസ്റ്റിയയിലെ ഐക്യരാഷ്ട്ര മിഷൻ , ഹൊസഗോവിന (UNMIBH)	ബോസ്റ്റീയ ഹെർസഗോവിന	ബോസ്റ്റിയ യുദ്ധം	1995-2002
8	യൂറോപ്പ്	ഐക്യരാഷ്ട്ര ഇടക്കാല അഡ്മിനിസ്ട്രേഷൻ മിഷൻ, ഇൻകെസോവോ(UNMIK)	കോസോവ	കോസോവോ യുദ്ധം	1999
9	ആഫിക്ക	സിറിയയിലെ ഐക്യരാഷ്ട്ര മിഷൻ, ലിയോൺ (UNAMSIL)	സിയറ, ലിയോൺ	സിയറ ലിയോൺ ആഭ്യന്തര യുദ്ധം	1999-2006
10	ആഫിക്ക	എത്യോപ്യയിലെ ഐക്യരാഷ്ട്ര മിഷൻ, എറിത്രിയ (UNMEE)	എറിത്രിയ, എത്യോപ്യ	എറിത്രിയൻ എത്യോപ്യൻ യുദ്ധം	2000-2008
11	ആഫിക്ക	യുണൈറ്റഡ് നേഷൻ മിഷൻ, സുഡാൻ(UNMIS)	സുഡാൻ	രണ്ടാം സുഡാൻ ആഭ്യന്തര യുദ്ധം	2005-2011
12	ഏഷ്യ	യു എൻ ഇന്റഗ്രേറ്റഡ് മിഷൻ ഇൻ തിമോർ, ലസ്നെ (UNMIT)	കിഴക്കൻ തിമോർ	2006 കിഴക്കൻ തിമോർ പ്രതിസന്ധി	2006-2012
13	യൂറോപ്പ്	സിറിയയിലെ ഐക്യരാഷ്ട്ര സഭയുടെ മേൽനോട്ട ദൗത്യം (UNSMIS)	സിറിയ	സിറിയൻ ആഭ്യന്തര യുദ്ധം	2012
14	അമേരിക്ക	ഐക്യരാഷ്ട്ര മിഷൻ ഫോർ ജസ്റ്റിസ് ഹെയ്തിയിലെ പിൻതുണ	ഹെയ്തി	2004 ഹെയ്തി കലാപം	2017

യു എൻ എസ് സി യിൽ സ്ഥിരം അംഗമാകാനുള്ള ഇന്ത്യയുടെ അഭിലാഷങ്ങൾ:

കൗൺസിൽ സീറ്റിനോടുള്ള ഇന്ത്യൻ തന്ത്രപരമായ താൽപര്യവും അതിന്റെ ചരിത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ് സുരക്ഷാ കൗൺസിലുമായി സംവാദിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ ആദ്യ വർഷങ്ങളിൽ കാശ്മീരിൽ പാകിസ്ഥാനുമായുള്ള സായുധ പോരാട്ടം ഇന്ത്യ ആദർശപരമാണെന്നതിന്റെ വില നൽകി. ശീതയുദ്ധകാലത്തെ യഥാർത്ഥ രാഷ്ട്രീയവുമായി പോരാടേണ്ടി വന്ന യു എൻ ലേയ്ക്കുള്ള കാശ്മീർ പ്രശ്നം, കാശ്മീർ തർക്കം യു എൻ ഇടപാടിലേയ്ക്ക് നയിക്കുന്നു. ഈ നെഗറ്റീവ് ഫലം തടയാൻ സെക്യൂരിറ്റി കൗൺസിലിലെ ഇന്ത്യൻ സാന്നിദ്ധ്യം ഇന്ത്യയെ ഉറപ്പാക്കുമെന്നാണ് പ്രതീക്ഷ. വലിയ അധികാര രാഷ്ട്രീയത്തിന്റെ ബലിപീഠത്തിൽ താൽപ്പര്യങ്ങൾ ബലിയർപ്പിക്കപ്പെടുന്നില്ല. ഏറ്റവും പ്രധാനമായി, അത് സ്തംഭിക്കും. സഖ്യകക്ഷിയായ പാകിസ്ഥാന്റെ നിർദ്ദേശ പ്രകാരം സ്ഥിരം അംഗമായ ചൈനയുടെ ഇടപെടൽ.

സെക്യൂരിറ്റി കൗൺസിലിലെ ഇന്ത്യൻ താൽപ്പര്യങ്ങൾ ഇന്ത്യയിലെ വലിയ, പല വിദേശനയ സംവാദങ്ങളിൽ നിന്നും ഒഴുകുന്നു. ഇത് ലിബറൽ മാനദണ്ഡങ്ങൾ അംഗീകരിക്കുന്ന ഒരു അന്തർദേശീയ ശക്തിയായിരിക്കുമോ അന്താരാഷ്ട്ര സംവിധാനത്തിൽ ഒരു ഉത്തരവാദിത്തമുള്ള പങ്കാളി അല്ലെങ്കിൽ സ്വയം അന്വേഷിക്കുന്ന ഒരു വിപ്ലവ ശക്തി ആകുമോ? അന്തർദേശീയ ഇടപെടലിന്റെ മാനദണ്ഡങ്ങൾ പുനർ നിർവചിക്കുന്നതിന് അന്താരാഷ്ട്ര മാനദണ്ഡങ്ങളും ആഗോളകാഴ്ചപ്പാടിന് അനുയോജ്യമായ ചട്ടകൂടുകളും ക്രമീകരിക്കാൻ ശ്രമിക്കുന്ന ഇന്ത്യ മിതമായ വിപ്ലവകാരിയായിരിക്കുന്നമെന്ന് പല പണ്ഡിറ്റുകളും സമ്മതിക്കുന്നു.

നിലവിലത്തെ അന്താരാഷ്ട്ര സംവിധാനത്തെ അട്ടിമറിക്കുക. മൂന്നാം ലോകമെന്നു വിളിക്കപ്പെടുന്ന വികസിത രാജ്യങ്ങളുടെ ഒരു ധാർമ്മിക ശക്തി എന്ന നിലയിൽ ഇന്ത്യ എല്ലായിപ്പോഴും സ്വയം ഒരു ചാമ്പ്യനായി കാണുന്നു. മുൻ സെക്രട്ടറി ജനറൽ കോഫി അന്നനെ ഉദ്ധരിച്ചു വികസ്വരരാജ്യങ്ങൾക്ക് വേണ്ടി യു എൻ അജണ്ട രൂപപ്പെടുത്തുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട വോട്ടർമാരിൽ ഒരാളാണ് ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ നടത്തിയ പ്രസംഗത്തിൽ അന്നൻ ഇങ്ങനെ പറഞ്ഞു: വികസനം, സുരക്ഷ, മനുഷ്യാവകാശം എന്നിവ ഉൾപ്പെടുന്ന വലിയ സ്വാതന്ത്ര്യത്തിന്റെ ലക്ഷ്യങ്ങൾ ബദൽ അല്ലെന്ന് മറ്റ് പല ജനങ്ങളെക്കാളും ഇന്ത്യാക്കാർക്ക് മനസ്സിലായി. അവർ നല്ല മനസ്സോടെ ബഹുസ്വര ജനാധിപത്യത്തിലൂടെ വലിയ സ്വാതന്ത്ര്യം പിൻതുടരുന്നു.

യു എൻ എസ് ലെ വീറ്റോ പവർ വിമർശനം

വീറ്റോ അധികാരം അതിന്റെ ജനാധിപത്യ സ്വഭാവത്തെ വിമർശിച്ചു. സുരക്ഷാ കൗൺസിലിന്റെ ഭൂരിപക്ഷവും നടപടിയെടുക്കുന്നത് തടയാൻ ഒരൊറ്റ രാജ്യത്തിന് കഴിയും. ഉദാഹരണത്തിന്, ഇസ്രയേലിനെ വിമർശിക്കുന്ന പ്രമേയങ്ങളുടെ ഒറ്റ വീറ്റോകളെ അമേരിക്ക പതിവായി കാസ്റ്റ് ചെയ്യുന്നു. സ്ഥിരമായ അംഗങ്ങൾ സ്വന്തം പ്രവർത്തികളെ വിമർശിക്കുന്ന വീറ്റോ പ്രമേയങ്ങളും, ക്രമിയ പിടിച്ചടക്കിയതിനെ അപലപിച്ച് 2014-ൽ റഷ്യ പ്രമേയം വീറ്റോ ചെയ്തു. സാധാരണക്കാരായ അഞ്ച് അംഗങ്ങൾ തങ്ങളുടെ വീറ്റോ ഉപയോഗിച്ച് രാഷ്ട്രീയ സ്വാർത്ഥ താൽപര്യം അല്ലെങ്കിൽ ഭൗമ രാഷ്ട്രീയ താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിന് സിവിലിയൻമാരെ സംരക്ഷിക്കുന്നതിനെക്കാൾ കൂടുതലാണെന്ന് ആംനസ്റ്റി ഇന്റർനാഷണൽ അവകാശപ്പെട്ടു.

സ്ഥിരമായ അഞ്ചിൽ മാത്രമുള്ള വീറ്റോ അധികാരം അനാക്രോണിസ്റ്റിക്, അന്യായമായ അല്ലെങ്കിൽ ഉൽപ്പാദന ക്ഷമതയുള്ളതാണെന്ന് ചില വിമർശകർ കാണുന്നു. പീറ്റർ നാദിൻ എഴുതുന്നു വീറ്റോ ഒരു അനാക്രോണിസമാണ്. 21-ാം നൂറ്റാണ്ടിൽ, വീറ്റോയെ സാർവത്രികമായി ഒരു അനുപാതമില്ലാത്ത ശക്തിയായും പ്രതിസന്ധികളിലേയ്ക്കുള്ള വിശ്വസനീയമായ അന്താരാഷ്ട്ര നടപടികൾക്ക് തടസ്സമായും കാണുന്നു. വംശഹത്യാ, അക്രമം, മനുഷ്യാവകാശം എന്നിവ തടയുന്നതിനും പ്രതികരിക്കുന്നതിനും യു എൻ ഫലപ്രദമല്ലാത്തതിന്റെ കാരണമായി വീറ്റോ അധികാരത്തിന്റെ വലിയ സ്വാധീനം ഉദ്ധരിക്കപ്പെടുന്നു. ലംഘനങ്ങൾ - പി 5 ന് പുറത്തുള്ള വിവിധ രാജ്യങ്ങളായ ചേരിചേരാ പ്രസ്ഥാനം മൂമെന്റ് ആഫ്രിക്കൻ യൂണിയൻ എന്നിവ വീറ്റോ അധികാരത്തിൽ പരിമിതികൾ നിർദ്ദേശിച്ചിട്ടുണ്ട്. വീറ്റോ അധികാരത്തിന്റെ പരിഷ്ക്കരണം പലപ്പോഴും സുരക്ഷാ സമിതിയെ പരിഷ്ക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പൊതു സഭയുടെ സമാധാനത്തിനായുള്ള ഏകീകരണ പ്രമേയം അംഗീകരിച്ചതോടെ, അന്താരാഷ്ട്ര നിയമമായി മാറുന്ന നിയമസഭയുടെ അധികാരങ്ങളുടെ വ്യാഖ്യാനങ്ങൾ നൽകിയാൽ, സുരക്ഷാ സമിതിയുടെ വീറ്റോയുടെ അധികാരം പ്രശ്നം മറികടക്കാൻ കഴിയുമെന്ന് വാദമുണ്ട്. 1990 നവംബർ 3-ന് A / RES / 377 A സ്ഥിതീകരിക്കുന്നതിലൂടെ, യു എൻ അംഗത്വ രാജ്യങ്ങളിൽ മൂന്നിൽ രണ്ട് ഭാഗവും പ്രഖ്യാപിച്ചു. യു എൻ ചാർട്ടർ അനുസരിച്ച്, യു എൻ എസ് സി യുടെ സ്ഥിരം അംഗങ്ങൾക്ക് യു എൻ ജി എ യെ എല്ലാ നടപടികളും സ്ഥിതീകരിക്കുന്നതിൽ നിന്നും തടയാനും കഴിയില്ലെന്ന് പ്രഖ്യാപിച്ചു. യു എൻ എസ് സി പരാജയപ്പെട്ട സന്ദർഭങ്ങളിൽ അന്താരാഷ്ട്ര സമാധാനവും സുരക്ഷയും പുനസ്ഥാപിക്കാൻ അത്യാവശ്യമാണ്. സമാധാനം നിലനിർത്തുന്നതിന് അതിന്റെ പ്രാഥമിക ഉത്തരവാദിത്തം പ്രയോഗിക്കുക. അത്തരമൊരു വ്യാഖ്യാനം യു എൻ ജി എ യെ അന്തിമ ഉത്തരവാദിത്വം ദ്വിതീയ ഉത്തരവാദിത്വം എന്നതിനെക്കാൾ - അന്താരാഷ്ട്ര സമാധാനവും സുരക്ഷയും സംബന്ധിച്ച കാര്യങ്ങൾ യു എൻ ചാർട്ടർ നൽകുന്നതായി കാണുന്നു. യു എൻ ജി സി ക്ക് ഏതെങ്കിലും യു എൻ എസ് സി വീറ്റോകളെ അസാധുവാക്കാനുള്ള സംവിധാനം ഒരുക്കുന്നതായി വിവിധ ഔദ്യോഗിക, അർത്ഥ ഔദ്യോഗിക റിപ്പോർട്ടുകൾ യൂണിറ്റിംഗ് ഫോർ പീസ് പ്രമേയത്തെക്കുറിച്ച് വ്യക്തമായി പരാമർശിക്കുന്നു. അങ്ങനെ അവയെ റെൻഡർ ചെയ്യുന്നു. യു എൻ നടപടിയുടെ കാലതാമസത്തെക്കാൾ അൽപ്പം കൂടുതലാണ്, നടപടി ആവശ്യമാണെന്ന് നിയമസഭയുടെ മുന്നിൽ രണ്ടുഭാഗവും സമ്മതിച്ചാൽ.

ആറ് പ്രധാന കമ്മിറ്റികൾ പൊതുയോഗം

- ആദ്യ കമ്മിറ്റി (നിരായുധീകരണവും അന്താരാഷ്ട്ര സുരക്ഷയും)
- രണ്ടാമത്തെ കമ്മിറ്റി (സാമ്പത്തികവും സാമൂഹ്യവും)
- മൂന്നാം കമ്മിറ്റി (സാമൂഹികവും, മാനുഷികവും, സാംസ്കാരികവും)
- നാലാമത്തെ കമ്മിറ്റി (പ്രത്യേക രാഷ്ട്രീയവും ഒപ്പം അപ കോളനികരണവും)
- അഞ്ചാമത്തെ കമ്മിറ്റി (അഡ്മിനിസ്ട്രേറ്റീവ് ബജറ്ററി)
- ആറാമത്തെ കമ്മിറ്റി (നിയമപരമായ).

11.3.3 സുരക്ഷാ സമിതി



യു എൻ ചാർട്ടറിന് കീഴിൽ അന്താരാഷ്ട്ര സമാധാനവും സുരക്ഷയും നിലനിർത്തേണ്ട ഉത്തരവാദിത്തം സുരക്ഷാ കൗൺസിലിന് ഉണ്ട്. പതിവ് മീറ്റിംഗുകളുള്ള പൊതു സഭയിൽ നിന്ന് വ്യത്യാസമായി, സുരക്ഷാ കൗൺസിലിന് അത്തരം മീറ്റിംഗുകൾ ഇല്ല. അന്താരാഷ്ട്ര സമാധാനത്തിന് ഭീഷണി ഉണ്ടാകുമ്പോൾ ഏത് സമയത്തും വിളിച്ച് കൂട്ടാൻ കഴിയും. സുരക്ഷാ കൗൺസിലിന്റെ തീരുമാനം നിയമപരമായി ബാധ്യസ്ഥമാക്കാൻ അംഗരാജ്യങ്ങൾ ബാധിസ്ഥരാണ്. സമാധാനത്തിന് ഒരു ഭീഷണി വരുമ്പോൾ കൗൺസിൽ, സമാധാനപരമായി ഒരു കരാറിലെത്താൻ കക്ഷികൾ യുദ്ധം പൊട്ടി പുറപ്പെടുകയാണെങ്കിൽ വെടി നിർത്തൽ ഉറപ്പാക്കാൻ കൗൺസിൽ ശ്രമിക്കുന്നു. സന്നദ്ധ ചർച്ചകൾ സാമ്പത്തിക ഉപരോധങ്ങൾ അല്ലെങ്കിൽ ബലപ്രയോഗത്തിന് അംഗീകാരം നൽകുന്നു..

ശാശ്വത സമാധാനം കെട്ടിപ്പടുക്കുന്നതിനുള്ള സമാധാന പരിപാലന പ്രവർത്തനങ്ങളെക്കുറിച്ചും കൗൺസിൽ തീരുമാനിക്കും. സുരക്ഷാ കൗൺസിൽ 15 അംഗങ്ങളുടെ അതിൽ 5 സ്ഥിര അംഗങ്ങൾ (പി.5) ഉൾപ്പെടുന്നു. മറ്റ് 10 അംഗങ്ങളെ 2 വർഷത്തേക്ക് റോട്ടേഷൻ (ചുഴറ്റൽ രീതി) അടിസ്ഥാനത്തിൽ പൊതു സഭ തെരഞ്ഞെടുക്കുന്നു. സുരക്ഷാകൗൺസിൽ ഒരു പ്രമേയം പാസാക്കുന്നതിന് 15-ൽ 9 വോട്ടുകൾ ആവശ്യമാണ്. എന്നിരുന്നാലും പി.5 അംഗങ്ങളിൽ ആരെങ്കിലും വീറ്റോ എന്നു വിളിച്ച് ഇല്ല എന്ന് വോട്ടു ചെയ്യുകയാണെങ്കിൽ പ്രമേയം പാസാകില്ല,.

11.3.4 സാമ്പത്തിക സാമൂഹിക സമിതി



തുല്യഭൂമി ശാസ്ത്രപരമായി തെരഞ്ഞെടുക്കപ്പെടുന്ന 54 അംഗങ്ങളുള്ള യു എൻ ന്റെ സാമ്പത്തിക സാമൂഹിക സമിതി, സാമ്പത്തികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ ഏകോപിപിക്കുന്നതിനുള്ള 3 വർഷത്തെ കാലാവധിയുള്ള യു എൻ ന്റെ കേന്ദ്ര സ്ഥാപനമാണ്. ജീവത നിലവാരം ഉയർത്തുന്നതിനും സമ്പൂർണ്ണ തൊഴിലിലൂടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും 70 ശതമാനത്തിലധികം യു എൻ സംവിധാനം നീക്കി വച്ചിരിക്കുന്നു. ഇത് സാമ്പത്തിക വളർച്ചയിൽ രാജ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കൗൺസിലിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ഫുഡ് ആന്റ് അഗ്രികൾച്ചർ ഓർഗനൈസേഷൻ (എഫ് എ ഒ), ലോകാരോഗ്യ സംഘടന (ഡബ്ല്യൂ എച്ച് ഒ), യു എൻ എഡ്യൂക്കേഷൻ, സയന്റിഫിക്ക് ആന്റ് കൾച്ചറൽ ഓർഗനൈസേഷൻ (യുനെസ്ക്കോ), യു എൻ ഡവലപ്മെന്റ് പ്രോഗ്രാം (യു എൻ ഡി പി), യു എൻ ചിൽഡ്രൻസ് ഫ്രണ്ട് (യൂണിസെഫ്), യു എൻ അഭയാർത്ഥികൾക്കാനുള്ള ഹൈ കമ്മീഷൻ എന്നിവ (യു എൻ എച്ച് സി ആർ) ആരംഭിച്ചു.

11.3.5 ട്രസ്റ്റിഷിപ്പ് കൗൺസിൽ



യു എൻ ചാർട്ടറിന് കീഴിൽ 11 ട്രസ്റ്റ് ടെറിട്ടറി കോളനികളുടെ ഭരണം നിരീക്ഷിക്കാൻ ട്രസ്റ്റിഷിപ്പ് കൗൺസിലിനെ ചുമതലപ്പെടുത്തി. രണ്ടാം ലോക മഹായുദ്ധം അവസാനം ഈ സമ്പ്രദായം ആശ്രിത പ്രദേശങ്ങളിലെ നിവാസികളുടെ സ്വയം ഭരണത്തിലേയ്ക്കുള്ള പുരോഗതിക്കുള്ളതാണ്.

11 ട്രസ്റ്റ് ടെറിട്ടറികളും എഴുപതിലധികം കോളോണിയൽ പ്രദേശങ്ങളും ഐക്യരാഷ്ട്ര സഭയുടെ സഹായത്തോടെ സ്വാതന്ത്ര്യം നേടി. 1994-ൽ പലാവു സ്വന്തമാക്കുന്ന അവസാന ട്രസ്റ്റ് ടെറിട്ടറിയായി മാറി. യു എൻ സുരക്ഷാ സമിതിയിൽ ചൈന, ഫ്രാൻസ്, യുണൈറ്റഡ് കിംഗ്ഡം, റഷ്യൻ ഫെഡറേഷൻ യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ ട്രസ്റ്റിഷിപ്പ് കൗൺസിൽ ഉൾകൊള്ളുന്നു. കൗൺസിലെ എല്ലാ അംഗങ്ങൾക്കും ഒരു വോട്ട് ഉണ്ട്. തീരുമാനങ്ങൾ എടുക്കുന്നത് ലളിതമായ ഭൂരിപക്ഷമാണ്. അപകോളനീകരണ പ്രക്രിയ നിലവിലുള്ള സാഹചര്യത്തിൽ ട്രസ്റ്റിഷിപ്പ് കൗൺസിൽ പ്രസക്തമല്ല

11.3.6 അന്താരാഷ്ട്ര നീതിന്യായ കോടതി

യു എൻ ന്റെ പ്രധാന ജുഡീഷ്യൽ അവയവമാണ് ഇന്റർ നാഷണൽ കോർട്ട് ഓഫ് ജസ്റ്റിസ് അത് നെതർലാന്റിലെ ഹേഗിൽ സ്ഥിതി ചെയ്യുന്നു. (ഐ സി ജെ) അല്ലെങ്കിൽ ലോക കോടതി 1945 ൽ സ്ഥാപിതമായി. അതിന്റെ മുൻഗാമിയായിരുന്നു സ്ഥിരം മദ്ധ്യസ്ഥത (പി സി എ). അന്താരാഷ്ട്ര നിയമമനുസരിച്ച് കോടതികൾ രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നു. വ്യക്തിഗത കേസുകൾ എടുക്കുന്നില്ല. അതിന്റെ തീരുമാനങ്ങൾക്ക് അനുസ്യൂതമായി പ്രവർത്തിക്കണം. 1946 മുതൽ ഐ സി ജെ 150 തിലധികം കേസുകൾ പരിശോധിക്കുകയും സാമ്പത്തികവുമായി ബന്ധപ്പെട്ടു നിരവധി വിധി ന്യായങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.



പരിസ്ഥിതി സംരക്ഷണം, കടന്നുപോകാനുള്ള അവകാശങ്ങൾ, ബലപ്രയോഗം നടത്താതിരിക്കുക, സംസ്ഥാനങ്ങളുടെ ആഭ്യന്തര അന്തരീക്ഷത്തിൽ ഇടപെടാതിരിക്കുക, നയതന്ത്ര ബന്ധം, ബന്ദികളാക്കൽ, അഭയത്തിനുള്ള അവകാശം, ദേശീയത. പൊതുസഭയും സുരക്ഷാ കൗൺസിലുകളും വ്യത്യസ്ഥ രാഷ്ട്രങ്ങളിലേക്കുള്ള ജഡ്ജിമാരെ തെരഞ്ഞെടുക്കുന്നു. കോടതിയുടെ ആസ്ഥാനം നെതർലാന്റിലെ തി ഹേഗിലാണ്. അതിന്റെ ഓഫീസുകൾ പീസ് പാലസ് കൈവശപ്പെടുത്തിയിരുന്നു. ലീഗ് ഓഫ് നേഷൻസിന് കീഴിലുള്ള സ്ഥിരം കോർട്ട് ഇന്റർനാഷണൽ ജസ്റ്റിസിന്റെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന ഈ സംഘടനയെ കാർനെഗീ ഫൗണ്ടേഷൻ നിർമ്മിച്ചത്. കെട്ടിടത്തിന്റെ ഉപയോഗത്തിനായി ഫൗണ്ടേഷന് വാർഷിക സംഭാവന യു എൻ നൽകുന്നു. യു എൻ എസ് സി കേസുകൾ ഐ സി ജെ യിലേക്ക് റഫർ ചെയ്യുന്നു.

പ്രവർത്തനം



അന്താരാഷ്ട്ര നീതിന്യായ കോടതിയിൽ പരാമർശിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കേസുകൾ കണ്ടെത്താൻ വിദ്യാർത്ഥികളോട് ആവശ്യപ്പെടുക.

11.3.7 സെക്രട്ടറിയേറ്റ്

പരിപാടികളും നയങ്ങളും യു എൻ സെക്രട്ടറിയേറ്റ് നിയന്ത്രിക്കുന്നു. സെക്രട്ടറിയേറ്റിന്റെ തലവനായ സെക്രട്ടറി ജനറൽ, ജനറൽ അസംബ്ലിയിൽ നിന്ന് സെക്യൂരിറ്റി കൗൺസിലിന്റെ ശുപാർശകൾ പ്രകാരം നിയമിക്കുന്നു. സെക്രട്ടറി ജനറലിനെ നിയമിക്കുന്നത് അഞ്ച് വർഷത്തെ കാലാവധിക്കാണ്. യു എൻ ന്റെ ചീഫ് അഡ്മിനി സ്ട്രേറ്റീവ് ആഫീസർ പ്രവർത്തനങ്ങൾ നയിക്കുന്നു.

സെക്രട്ടറി ജനറലുകളുടെ പട്ടിക

1. ട്രി ഗവ്ലീ (നോർവ) 1946 - 1952.
2. ഡാഗ് ഹമ്മർസ്ക് ജോൾഡ് (സ്വീഡൻ) 1953 - 1961
3. യു തൻഡ് (ബർമ്മ, ഇപ്പോൾ മ്യാൻമർ) 1961 - 1971.
4. കുർട്ട് വാൾഡ് ഹൈം (ഓസ്ട്രിയ) 1972 - 1981.
5. ജാവിയർ പെരെസ് ഡി കുല്ലർ (പെറു) 1982 - 1991.
6. ബൗട്ട് ട്രോസ് ബൗട്ട് ട്രോസ് ഗാലി (ഈജിപ്റ്റ്)
7. കോഫി അന്നാൻ (ഘാന), 1997-2006
8. ബാൻകിമൂൺ (റിപ്പബ്ലിക് ഓഫ് കൊറിയ), 2007- 2016
9. ആൻന്റോണിയോ ഗട്ടേർഡ് (പോർട്ടുകൾ) 2017 – തുടർച്ച

പ്രത്യേകം അംഗ രാജ്യത്തിലുള്ള നയതന്ത്രജ്ഞരിൽ നിന്ന് 193 അന്താരാഷ്ട്ര സിവിൽ സേവകർ പ്രവർത്തിക്കുന്നു. സർക്കാരുകളിൽ നിന്നല്ല, സെക്രട്ടി ജനറലിൽ നിന്നാണ് ഉത്തരവുകൾ എടുക്കുക. സെക്രട്ടറിയേറ്റിന്റെ ആസ്ഥാനം ന്യൂയോർക്കിലാണ്. ഇതിന്റെ ഓഫീസ് ജനീവ, വിയന്ന, നെയ്റോബി, അഡിസ് ബെയ്റൂട്ട്, സാന്റിയാഗോ, ബാങ്കോക്ക്. എന്നിവിടങ്ങളിലാണ്. അംഗരാജ്യങ്ങളിൽ നിന്നും 16,000 സ്റ്റാഫുകൾ ഉൾപ്പെടുന്നു. സെക്രട്ടറിയേറ്റ് അഡ്മിനിസ്ട്രേറ്റർമാർ ഓർഗനൈസേഷന്റെ ദൈനംദിന ജോലികൾ വഹിക്കുന്നു.

ഈ ചുമതലകൾ വൈവിധ്യമാർന്നതാണ് പരിധിയിലുള്ളതുമാണ്. സമാധാന പരിപാലന പ്രവർത്തനങ്ങളിൽ നിന്ന്, മധ്യസ്ഥതയിൽ അന്തർദ്ദേശീയ തർക്കങ്ങൾ, സാമൂഹ്യവും സർവേയും അടിത്തറയിടുന്നതിനുള്ള സാമ്പത്തിക പ്രവണതകൾ അന്തർദ്ദേശീയ കരാറുകളും അന്താരാഷ്ട്ര സമ്മേളനങ്ങളും സംഘടിപ്പിക്കുന്നതിന് ഇവയുടെ റോൾ ബഹുമുഖങ്ങളായ സെക്രട്ടേറിയറ്റിന് കീഴിലാണ്. രാജ്യത്തിന്റെ നിരന്തരമായ സമ്മർദ്ദം - സംസ്ഥാന അനിവാര്യതകളും സാർവ്വത്രിക ലക്ഷ്യങ്ങളുമാണ്.

സെക്യൂരിറ്റി ജനറൽ സുരക്ഷാകൗൺസിലിന്റെ കാര്യങ്ങളിൽ ശ്രദ്ധയിൽ പെട്ടേയ്ക്കാം. അത് അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അന്താരാഷ്ട്ര സമാധാനത്തിനും സുരക്ഷയ്ക്കും വിഘാതം സൃഷ്ടിച്ചേയ്ക്കാം. സംഘർഷങ്ങൾ തടയുന്നതിനോ രാഷ്ട്രങ്ങൾ തമ്മിലുള്ള തർക്കങ്ങളുടെ സമാധാനപരമായ ഒത്തുതീർപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനോ അദ്ദേഹത്തിന് തന്റെ നല്ല ഓഫീസുകൾ ഉപയോഗിക്കാൻ കഴിയും. മാനുഷ്യകമായ അല്ലെങ്കിൽ പ്രത്യേക പ്രാധാന്യം ആവശ്യമുള്ള മറ്റേതെങ്കിലും പ്രശ്നങ്ങളെ നേരിടാൻ സെക്രട്ടറി ജനറലിന് സ്വന്തം വിവേചനാധികാരത്തിൽ പ്രവർത്തിക്കാനാകും.

യു എൻ കുടുംബം വളരെ വലുതാണ്. ഈ ഓർഗനൈസേഷൻ സ്ഥാപിതമായപ്പോൾ 15 ഏജൻസികളും, നിരവധി പ്രോഗ്രാമുകളും, അംഗങ്ങളും ഉൾകൊള്ളുന്നതായിരുന്നു. ചിലത് ലീഗ് ഓഫ് നേഷന്റെ യുഗത്തിലാണ് അന്താരാഷ്ട്ര തൊഴിലാളി സംഘടന പോലുള്ള ഓർഗനൈസേഷൻ സ്ഥാപിതമായത്. അതിനു ശേഷം ഇനിയും പലതും നിർദ്ദിഷ്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സൃഷ്ടിക്കപ്പെട്ടു. 1945-ലെ പ്രശ്നങ്ങൾ പരിഹരിക്കാൻ 1945-ൽ വേറെയും

ഓർഗനൈസേഷൻ സ്ഥാപിതമായി. ഇതിന്റെ ഫലമായി യു എസിന്റെ സങ്കീർണ്ണതയ്ക്ക് കാരണമായി. പുതിയ സംഘടനകൾ ആരംഭിച്ചു. യു എൻ എച്ച് സി ആർ പോലുള്ള താൽക്കാലിക ബോഡിയും ചിലത് സ്ഥിരമായതും ആയിരുന്നു.

